# ഇസ്‌ലാം സത്യമാർഗം

എം.എം. അക്ബർ

# ഇസ്‌ലാം സത്യമാർഗം

നിച്ച് ഓഫ് ട്രൂത്ത്

islam sathyamargham
(malayalam)
author:
m.m. akbar
first edition: november 1995
second edition: june 1996
third edition: december 2002
publishers:
niche of truth,
kalabhavan road,
kochi-18.
cover page:
yoonus.k.k
type setting:
creative meida
printing:
screen offset, cochin-18

**Rs: 100**

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് -നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത്.

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

ഡയറക്ടർ

## വായനക്കു മുമ്പ്.........

പരമ കാരുണികൻെറ നാമത്തിൽ......
ഇസ്‌ലാമിനെ പൊതുവായി പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ
മലയാളത്തിൽ വിരളമല്ല.
എന്നാൽ ഒരു അമുസ്‌ലിമിന് ഇസ്‌ലാമിൻെറ സത്യതയും
ഇസ്‌ലാമിക തത്വങ്ങളുടെ യുക്തിഭദ്രതയും
വ്യക്തമാക്കിക്കൊടുക്കുവാനുതകുന്ന ഗ്രന്ഥങ്ങൾ
വളരെ കുറവാണെന്നുതന്നെ പറയണം.
അതിന്നായുള്ള ഒരു ശ്രമമാണ് ഈ പുസ്തകം.
പാകപ്പിഴവുകൾ ചൂണ്ടിക്കാണിച്ചു തരുന്നവരോട്
ഈ ലേഖകൻ കടപ്പെട്ടവനായിരിക്കും.
ഈ പുസ്തകത്തിൻെറ രചനയിൽ സഹായിക്കുകയും
കയ്യെഴുത്തു പ്രതി പരിശോധിച്ച്
ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത
ബഹുമാന്യ പണ്ഡിതൻ
ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയോടുള്ള
കടപ്പാട് അക്ഷരങ്ങളിലൊതുങ്ങുന്നതല്ല.
അദ്ദേഹത്തിന് അല്ലാഹു അനുഗ്രഹങ്ങൾ നൽകുകയും
പരിശുദ്ധ മതത്തെ സേവിക്കുവാൻ
ആരോഗ്യവും ആയുസ്സും നൽകുകയും ചെയ്യട്ടെ (ആമീൻ).
ഇതെഴുതുവാനനുഗ്രഹിച്ച അല്ലാഹുവിന് സർവ്വസ്തുതികളും.
നന്ദി പറയേണ്ടവർ ഒരുപാടാണ്.
പ്രോത്സാഹിപ്പിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത
നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടറായിരുന്ന കെ.വി. മൂസ സുല്ലമി,
എന്നെ എഴുത്തു പഠിപ്പിച്ച എൻെറ ഉപ്പ
മേലേവീട്ടിൽ അബ്ദുറഹ്മാൻ
പരേതർക്ക് അല്ലാഹു പരലോക സൗഖ്യം
പ്രദാനം ചെയ്യട്ടെ (ആമീൻ).
നാഥാ.... ഇതൊരു പ്രതിഫലാർഹമായ
പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**എം.എം. അക്ബർ**

## താളുകളിൽ...


| | | |
|---|---|---|
| 1. | മാർഗനിർദേശം തേടുന്ന മനുഷ്യൻ | 13 |
| 2. | ദൈവദൂതന്മാരുടെ സന്ദേശം | 28 |
| 3. | മഹാനായ ദൈവദൂതൻ | 41 |
| 4. | വേദഗ്രന്ഥങ്ങളിലൂടെ | 63 |
| 5. | ഖുർആൻ; നിത്യനൂതന ഗ്രന്ഥം | 73 |
| 6. | അല്ലാഹുവിലുള്ള വിശ്വാസം | 89 |
| 7. | മലക്കുകളിലുള്ള വിശ്വാസം | 116 |
| 8. | വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം | 123 |
| 9. | പ്രവാചകന്മാരിലുള്ള വിശ്വാസം | 135 |
| 10. | പരലോക വിശ്വാസം | 145 |
| 11. | വിധിവിശ്വാസം | 166 |
| 12. | സത്യസാക്ഷ്യം | 183 |
| 13. | നമസ്കാരം | 201 |
| 14. | നിർബന്ധ ദാനം | 209 |
| 15. | വ്രതാനുഷ്ഠാനം | 213 |
| 16. | ഹജ്ജ് | 217 |
| 17. | ഇസ്‌ലാമിക ജീവിതം | 222 |
| 18. | കുടുംബ ജീവിതം | 239 |
| 19. | മുസ്‌ലിം സമൂഹം | 257 |
| 20. | ഇസ്‌ലാമിക രാഷ്ട്രം | 279 |

# ഒന്ന്

## മാർഗനിർദേശം തേടുന്ന മനുഷ്യൻ

മനുഷ്യൻ ജന്മനാ ജിജ്ഞാസുവാണ്. തന്നെയും തനിക്കു ചുറ്റുമുള്ള ലോകത്തെയും കുറിച്ച അന്വേഷണം അവന്റെ കുട്ടിക്കാലം മുതൽ തന്നെ ആരംഭിക്കുന്നു. കളിപ്പാട്ടം തല്ലിയുടച്ചുകൊണ്ട് അതിനുള്ളിലുള്ളതെന്താണെന്നറിയാനുള്ള ആർത്തി പ്രകടിപ്പിക്കുന്ന കൊച്ചുകുഞ്ഞ് ലോകത്തിന്റെ യാഥാർഥ്യമറിയാനുള്ള മനുഷ്യധിഷണയുടെ ഒടുങ്ങാത്ത ആഗ്രഹത്തിന്റെ പ്രതീകമാണ്. ആകാശത്തിന്റെ അനന്തതകളിലും ആറ്റത്തിന്റെ സങ്കീർണതകളിലും കണ്ണുംനട്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാരും ഈ പ്രപഞ്ചത്തിന്റെ യാഥാർഥ്യമറിയാൻ വേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഒരു മഹാഗ്രന്ഥം പോലെ നമുക്കുമുന്നിൽ തുറന്നുവെക്കപ്പെട്ടിട്ടുള്ള ഈ പ്രപഞ്ചത്തിലെവിടെയും അതിന്റെ നിർമാതാവിന്റെ പേരെഴുതിവെച്ചിട്ടില്ല. പക്ഷേ, പ്രപഞ്ച പുസ്തകത്തിലെ ഓരോ അക്ഷരവും ഇതിന്നൊരു നിർമാതാവ് ആവശ്യമാണെന്ന് വ്യക്തമായും പ്രഖ്യാപിക്കുന്നുണ്ട്. ആ നിർമാതാവിന്റെ സ്വഭാവസവിശേഷതകളെ സംബന്ധിച്ച് ഒരു ഏകദേശ ചിത്രം ഈ പുസ്തകത്തിലെ വാക്യങ്ങൾ നൽകുന്നുണ്ടെന്നതാണ് വാസ്തവം.

അറിഞ്ഞിടത്തോളം, പ്രപഞ്ചത്തിലെ ചിന്താശക്തിയുള്ള ഏക ജീവിയാണ് മനുഷ്യൻ. ഈ ബൃഹദ്പ്രപഞ്ചത്തിന് നടുവിൽ നിൽക്കുന്ന മനുഷ്യൻ സ്വാഭാവികമായും ചോദിച്ചുപോകുന്ന കുറേ ചോദ്യങ്ങളുണ്ട്. തന്നെയും പ്രപഞ്ചത്തെയും കുറിച്ചറിയാനുള്ള മനുഷ്യധിഷണയുടെ സ്വാഭാവികമായ തേട്ടമാണ് ഈ ചോദ്യങ്ങളിലൂടെ

പ്രകടമാക്കപ്പെടുന്നത്. നിരക്ഷരരായ മനുഷ്യർ മുതൽ ശാസ്ത്രജ്ഞർ വരെ ഈ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന് എന്നു ബുദ്ധിശക്തിയും ചിന്താശക്തിയുമുണ്ടായോ അന്നുമുതൽ അവൻ ചോദിച്ചുകൊണ്ടിരിക്കുന്നതാണ് ഈ ചോദ്യങ്ങൾ. വ്യത്യസ്ത നാഗരികതകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇക്കാര്യം നമുക്ക് മനസ്സിലാകും.

മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രഥമ ചോദ്യം ഈ ബൃഹത്തായ പ്രപഞ്ചം നിർമിച്ചു നടത്തിക്കൊണ്ടിരിക്കുന്നത് ആരാണെന്നുള്ളതാണ്. പർവ്വതത്തിന്റെ ഉച്ചിയിലോ ആഴിയുടെ അഗാധതകളിലോ ആകാശത്തിന്റെ അനന്തതയിലോ ഒന്നുംതന്നെ ഇവ സൃഷ്ടിച്ച് പരിപാലിക്കുന്ന വ്യക്തിയുടെ പേരെഴുതിവെച്ചിട്ടില്ലെന്നത് സത്യമാണ്. പക്ഷേ, പർവ്വതത്തിന്റെ നിലനിൽപ്പിനെയും ആകാശത്തിന്റെ സൃഷ്ടിപ്പിനെയും സമുദ്രത്തിന്റെ നടത്തിപ്പിനെയും കുറിച്ചു പഠിക്കുമ്പോൾ ഇവയ്ക്കുപിന്നിൽ അജയ്യനായ ഒരു സ്രഷ്ടാവുണ്ടെന്ന യാഥാർഥ്യം നമുക്ക് മുന്നിൽ തെളിഞ്ഞുവരും, തീർച്ച.

നാം നമ്മെക്കുറിച്ചുതന്നെ ചിന്തിക്കുക; മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച്. പിതാവ് സ്രവിക്കുന്ന ലക്ഷക്കണക്കിന് ബീജങ്ങളിലൊന്ന് മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ച് അണ്ഡവുമായി സംയോജിച്ച് സിക്താണ്ഡമുണ്ടാകുന്നു. ഈ സിക്താണ്ഡത്തിനറിയില്ല, താൻ വളർന്ന് പുറത്തുപോകുന്ന ലോകത്തിൽ ചൂടും തണുപ്പും കാറ്റും വെളിച്ചവും ശബ്ദവും സ്വാദുമെല്ലാമുണ്ടെന്ന്. പക്ഷേ, സിക്താണ്ഡം സ്വയം തന്നെ വിഭജിച്ചുണ്ടാവുന്ന $6x10^{14}$* കോശങ്ങളാൽ ഇവയെല്ലാമറിയാവുന്ന കല (tissue) കളുണ്ടാവുന്നു. കാണുവാൻ കണ്ണും കേൾക്കുവാൻ കാതും രൂപപ്പെടുന്നു. ഹൃദയം, കരൾ, ആമാശയം തുടങ്ങിയ ആന്തരാവയവങ്ങൾ രൂപപ്പെടുന്നു. എല്ലാറ്റിലുമുപരിയായി ഇവയെ മുഴുവൻ നിയന്ത്രിക്കുന്ന, അൽഭുതങ്ങളിലൽഭുതമായ മസ്തിഷ്കം രൂപംകൊള്ളുന്നു. ഇവയ്ക്കെല്ലാം പിന്നിൽ ഒരു മഹാനായ സ്രഷ്ടാവിന്റെ ആസൂത്രിതവും സൂക്ഷ്മവുമായ പ്രവർത്തനങ്ങളാണോ, അതല്ല, കേവല യാദൃശ്ചികതയാണോ ബുദ്ധിയുള്ളവർക്ക് കാണാൻ കഴിയുന്നത്?

നമ്മുടെ ചുറ്റുപാടുകളിലേക്ക് കണ്ണോടിക്കുക. വ്യത്യസ്തങ്ങ

* $6x10^{14}$=600000000000000



ളായ ഫലങ്ങളുൽപാദിപ്പിക്കുന്ന സസ്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഭൂമിയിൽ ജന്തുക്കളുടെ ജീവിതം അസാധ്യമാകുമായിരുന്നു. മനുഷ്യനടക്കമുള്ള ജന്തുക്കൾ ഉഛ്വസിക്കുന്ന കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് ജീവികളുടെ നിശ്വാസവായുവായ ഓക്സിജൻ പുറത്തുവിടുന്നത് ഹരിതസസ്യങ്ങളാണ്. സസ്യങ്ങളില്ലെങ്കിൽ ജന്തുക്കൾക്കോ, ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ ജീവിക്കാൻ വയ്യാത്ത അവസ്ഥ. ശ്വസനത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഭക്ഷണത്തിന്റെയും രോഗപ്രതിരോധത്തിന്റെയും രംഗങ്ങളിൽ ഈ പരസ്പര സഹകരണം കാണാം.

ഒരുദാഹരണം: സസ്യങ്ങൾക്ക് പ്രത്യുൽപാദനം നടത്തണമെങ്കിൽ ആൺപൂവിലുള്ള പൂമ്പൊടി പെൺപൂവിന്റെ കേസരത്തിൽ പതിക്കണം. ജന്തുക്കളെപ്പോലെ ചലനസ്വാതന്ത്ര്യമുള്ളവയല്ലല്ലോ സസ്യങ്ങൾ. ഇതിനു സസ്യങ്ങൾ ചില ഷഡ്പദങ്ങളുടെ സഹായം തേടുന്നു. ആൺപൂവിൽ നിന്നും പൂമ്പൊടി പെൺപൂവിലെത്തിക്കുന്നത് ഈ ഷഡ്പദങ്ങളാണ്. ഷഡ്പദങ്ങളെ ആകർഷിക്കാനാണ് പുഷ്പങ്ങൾക്ക് നിറങ്ങളും മണവുമുള്ളത്. പ്രത്യുൽപാദനത്തിന് പാകമായ പൂക്കൾ പ്രകടിപ്പിക്കുന്ന നിറത്തിലും തേനിലും ആകൃഷ്ടരായെത്തുന്ന ഷഡ്പദങ്ങളുടെ കാലുകളിലൂടെ അവപോലുമറിയാതെ പരാഗണം നടക്കുന്നു. തങ്ങളുടെ പ്രത്യുൽപാദനത്തിന് സഹായിക്കുന്ന ഷഡ്പദങ്ങൾക്ക് പൂക്കൾ നൽകുന്ന സമ്മാനമാണ് തേൻ എന്നു വേണമെങ്കിൽ പറയാം. എത്ര വ്യവസ്ഥാപിതമായിട്ടാണ് കാര്യങ്ങൾ സംവിധാനിച്ചിരിക്കുന്നത്! ഇവയെല്ലാം ഒരു അജയ്യനായ സ്രഷ്ടാവിന്റെ ആസൂത്രിത പ്രവർത്തനങ്ങളായിട്ടാണോ അതല്ല, കേവലയാദൃച്ഛികതയുടെ വേലകളായിട്ടാണോ ചിന്തിക്കുന്ന മനുഷ്യൻ മനസ്സിലാക്കേണ്ടത്?

മറ്റുള്ള ജീവികളിലേക്ക് നോക്കുക: സമുദ്രത്തിലെ മൽസ്യങ്ങൾ! ആകാശത്തിലെ പറവകൾ! വന്യമൃഗങ്ങൾ! വീട്ടുമൃഗങ്ങൾ! എല്ലാത്തിനും അവയുടെ പരിതസ്ഥിതിക്കാവശ്യമായ പ്രത്യേകതകൾ നൽകപ്പെട്ടിരിക്കുന്നു. പറക്കുന്ന പക്ഷികളുടെ അസ്ഥികൾക്കിടയിലും തൂവലുകൾക്കിടയിലുമുള്ള അനേകം വായുകോശങ്ങളിൽ സദാ കാറ്റ് നിറഞ്ഞു നിൽക്കുന്നതിനാൽ അനുഭവപ്പെടുന്ന ഭാരക്കുറവ് അവയ്ക്ക് പറക്കാൻ സഹായകമായി ഭവിക്കുന്നു. എന്നാൽ, വെള്ളത്തിൽ നീന്തേണ്ട പക്ഷികൾക്ക് ഈ സവിശേഷത ഉപകാരപ്രദമല്ലാ

ത്തതിനാൽ അവയുടെ എല്ല് പൊള്ളയല്ല. പകൽ ഇരതേടുന്ന പക്ഷികൾക്ക് അതിനനുകൂലമായ ശാരീരികഘടനയുള്ളപ്പോൾ രാത്രി ഇരതേടുന്ന മൂങ്ങ, പാതിരക്കൊക്ക് മുതലായവക്ക് അതിന നുകൂലമായ ശാരീരികഘടനയാണുള്ളത്. മുട്ടയിടുന്നതിനും കുഞ്ഞുങ്ങളെ വളർത്തുന്നതിനും വേണ്ടി പക്ഷികൾ നിർമിക്കുന്ന കൂടുകൾ പരിശോധിക്കുന്ന ഏവരും അൽഭുതപ്പെട്ടുപോകും. മര ക്കൊമ്പിലിരുന്നുറങ്ങുന്ന പക്ഷിയുടെ ദേഹം കാലിൽ അമരുന്നതോ ടെ കാലുകൾ മടങ്ങുകയും ചില മാംസപേശികളും തന്തുക്കളും വളഞ്ഞുവിരലുകളെ കൊമ്പിനുചുറ്റും മുറുകിക്കിടക്കാൻ സഹായി ക്കുകയും ചെയ്യുന്നതിനാൽ മരത്തിൽ നിന്നവ വീണുപോകുന്നില്ല. പക്ഷികൾക്ക് പറക്കാനായി നൽകപ്പെട്ടിരിക്കുന്ന ചിറകുകളാണ് മറ്റൊരു അൽഭുതാവയവം. പക്ഷികളുടെ ശരാശരി വേഗം മണിക്കൂ റിൽ മുപ്പതു മുതൽ അറുപതുവരെ കിലോമീറ്ററാണെങ്കിലും നൂറ്റി മുപ്പത് മുതൽ നൂറ്റിയമ്പതുവരെ കിലോമീറ്റർ വേഗതയിൽ പറക്കുന്ന പക്ഷികളുമുണ്ട്. ആൽബട്രോസ്സിനെപ്പോലെ വളരെ ദൂരം ചിറക് അനക്കാതെ ഒഴുകിപ്പറക്കുന്ന പക്ഷികൾക്ക് വളരെ നീളംകൂടി വീതി കുറഞ്ഞ ചിറകുകളാണുള്ളതെങ്കിൽ, കാടയെപ്പോലെ പെട്ടെന്ന് പൊന്തി ഉടനെ വളരെവേഗം പറക്കേണ്ടിവരുന്ന പക്ഷികൾക്ക് വീതികൂടി നീളം കുറഞ്ഞ ചിറകുകളാണുള്ളത്.

കരജീവികളിൽ നിന്നൊരുദാഹരണം കൂടി: മരുക്കപ്പൽ എന്നറി യപ്പെടുന്ന ജീവിയാണല്ലോ ഒട്ടകം. എന്താണിങ്ങനെ വിളിക്കപ്പെ ടാനുള്ള കാരണം? മരുഭൂമിയിലൂടെ കനത്ത ഭാരം വഹിച്ചുകൊണ്ട് ജലവും ആഹാരവും കൂടാതെ ദീർഘദൂരം യാത്രചെയ്യാൻ കഴിയു ന്നതുകൊണ്ടാണ് ഒട്ടകത്തെ ഇങ്ങനെ വിളിക്കുന്നത്. അഞ്ഞൂറ് കിലോഗ്രാമിലേറെ ഭാരം വഹിച്ചുകൊണ്ട് മരുഭൂമിയിലൂടെ മണിക്കൂറിൽ പതിമൂന്നു മുതൽ പതിനാറുവരെ കിലോമീറ്റർ വേഗതയിൽ ദീർഘദൂരം സഞ്ചരിക്കാൻ അറബി ഒട്ടകങ്ങൾക്ക് കഴി യും. ഇവയുടെ നീണ്ട കാലുകൾക്ക് ഭാരമേറിയ ശരീരത്തെ താങ്ങാ നുള്ള കരുത്തുണ്ട്. ഓരോ കാലിലുമുള്ള രണ്ട് വിരലുകൾക്കിടയിലെ മൃദുവായ മാംസപിണ്ഡങ്ങൾ അതിൻെറ പാദത്തെ മണലിൽ പുത ഞ്ഞുപോകാതെ സൂക്ഷിക്കുന്നു. കാൽമുട്ടുകളിലും ഉരസിനടിയിലും കാണുന്ന കട്ടിയുള്ള ചർമാവരണം ഒട്ടകം മുട്ടുകുത്തിക്കിടക്കുമ്പോ ൾ അതിൻെറ ശരീരഭാഗങ്ങൾക്ക് ക്ഷതമേൽക്കാതിരിക്കാൻ സഹാ



യിക്കുന്നു. നല്ല കാഴ്ചശക്തിയുള്ള ഒട്ടകത്തിൻെറ കണ്ണുകൾക്കുള്ള നീണ്ട പുരികങ്ങളോടുകൂടിയ വലിയ കൺപോളകൾ ഉഗ്രമായ സൂര്യകിരണങ്ങളിൽനിന്നും മണൽക്കാറ്റുകളിൽനിന്നും കണ്ണുകളെ രക്ഷിക്കുന്നു. ഒന്നര കിലോമീറ്ററോളം ദൂരത്തുള്ള ജലം മണത്ത റിയാൻ കഴിയുന്ന ഒട്ടകങ്ങൾക്ക് മണൽകാറ്റടിക്കുമ്പോൾ മണൽതരി കൾ മൂക്കിൽ കടന്നുകൂടാതിരിക്കുന്നതിനായി ഇഷ്ടാനുസരണം നാസാരന്ധ്രങ്ങളെ അടയ്ക്കാനും തുറക്കാനും കഴിയും. ഒട്ടകത്തി ൻെറ ആഹാരങ്ങളായ മരുഭൂമിയിലെ മിക്ക ചെടികളിലും മുള്ളുകൾ ഉള്ളതിനാൽ ചുണ്ടുകൾക്ക് ക്ഷതമേൽക്കാതിരിക്കാനായി അതി ൻെറ മേൽച്ചുണ്ട് രണ്ടായി പിളർന്നിരിക്കുന്നു. ഒട്ടകത്തിൻെറ മുതുകി ലെ പൂഞ്ഞയാണ് ഏറ്റവും വലിയ അൽഭുതം. വരണ്ട മണലാരണ്യ ത്തിലൂടെ അൽപംപോലും ജലപാനംകൂടാതെ ദിവസങ്ങളോളം സഞ്ചരിക്കാൻ ഒട്ടകത്തിന് കഴിവ് നൽകുന്നത് ഈ പൂഞ്ഞയാണ്. ധാരാളം ജലവും ആഹാരങ്ങളും ലഭിക്കുമ്പോൾ പൂഞ്ഞ കൊഴുപ്പ് നിറഞ്ഞ് തടിച്ച് വലുതാകുന്നു. ജലം ലഭിക്കാത്ത അവസ്ഥയിൽ ഈ കൊഴുപ്പ് ശിഥിലീകരിക്കപ്പെടുകയും അതിൽനിന്നുണ്ടാകുന്ന ഹൈഡ്രജൻ അണുക്കൾ ശ്വസനവായുവിൽനിന്ന് ലഭിക്കുന്ന ഓക് സിജനുമായി സംയോജിച്ച് കോശങ്ങൾക്കുള്ളിൽ ജലം നിർമിക്കു കയും ശരീരത്തിൻെറ വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെ ടുത്തുകയും ചെയ്യുന്നു.

ജീവികൾ അവയുടെ ചുറ്റുപാടുകൾക്കനുയോജ്യമായ രീതിയിൽ സൃഷ്ടിക്കപ്പെട്ടതിനു പിന്നിൽ സർഗധനനായ ഒരു സ്രഷ്ടാവിൻെറ കരവിരുതോ അന്ധമായ യാദൃച്ഛികതയുടെ പ്രവർത്തനങ്ങളോ എന്താണ് യുക്തിബോധമുള്ളവർക്ക് കണാൻ കഴിയുന്നത്?

നാം ജീവിക്കുന്ന ഭൂമിയിലേക്ക് നോക്കുക. സൗരയൂഥത്തിലെ ഒരംഗമായ ഭൂമിയെ ജീവൻ സൃഷ്ടിക്കാൻ വേണ്ടി സജ്ജമാക്കപ്പെട്ട ഒരു തൊട്ടിലായിട്ടാണ് ചിന്തിക്കുന്നവർക്കെല്ലാം കാണാൻ കഴിയുക. ഭൂമി സ്വയം ഇരുപത്തിനാലു മണിക്കൂറിൽ ഒരുപ്രാവശ്യം ഭ്രമണം ചെയ്യുന്നതിനാൽ രാവും പകലും ഉണ്ടാകുന്നു. ഭൂമി സൂര്യനുചുറ്റും ദീർഘവൃത്താകാരമായ ഭ്രമണപഥത്തിൽ ശരാശരി 365.2564 ദിവസ ത്തിലൊരിക്കൽ ചുറ്റുന്നു. സ്വയം ഭ്രമണം നടക്കുന്നത് $23^0$ ചെരിഞ്ഞ നിലയിലാണ്. ഈ ചെരിവില്ലായിരുന്നുവെങ്കിൽ ഭൂമിയിലെ ഋതുഭേദങ്ങൾ ഉണ്ടാകുമായിരുന്നില്ല. ഭൗമാന്തരീക്ഷം അതിന് ഒരു

മേൽക്കൂര പണിയുകയാണ് ചെയ്യുന്നത്. സൂര്യനിൽനിന്ന് വരുന്ന മാരകങ്ങളായ അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തുകയും നിർദോഷികളും ഭൂമിയിൽ ജീവൻ നിലനിൽക്കാൻ അനിവാര്യവുമായ രശ്മികളെ കടത്തിവിടുകയുംചെയ്യുന്ന ഓസോൺ പാളി ഇല്ലായിരുന്നുവെങ്കിൽ ഭൂമിയിൽ ജീവന് നിലനിൽപുണ്ടാകുമായിരുന്നില്ല. ഭൂമിയിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന ഉൽക്കകളെ ഘർഷണംമൂലം കരിച്ചുകളഞ്ഞ് നശിപ്പിക്കുന്ന അന്തരീക്ഷം ഭൂമിയുടെ മേൽക്കൂരയല്ലെങ്കിൽ മറ്റെന്താണ്? അന്തരീക്ഷ വായു ഇല്ലായിരുന്നെങ്കിൽ പകൽസമയത്ത് ഭൂമിയിലെ ജലം തിളച്ചുമറിയുകയും രാത്രിസമയത്ത് തണുത്ത് കട്ടിയാവുകയും ചെയ്യുമായിരുന്നു. ഈ താപനില നിയന്ത്രിച്ചുകൊണ്ട് ഭൂമിയിലെ ശീതോഷ്ണാവസ്ഥയെ ക്രമപ്പെടുത്തുന്നതിൽ പ്രധാനപങ്കുള്ള കാർബൺഡയോക്സൈഡിൻെറ സന്തുലനം നിലനിർത്തപ്പെടുത്തുന്നത് ജന്തുക്കളുടെ ഉഛ്വാസവായുവിലുള്ള കാർബൺഡയോക്സൈഡിലൂടെയാണ്. ഓരോ വർഷവും ശരാശരി 500 ബില്യൺ ടൺ കാർബൺഡയോക്സൈഡ് വലിച്ചെടുക്കുന്നുണ്ട്, സസ്യങ്ങൾ. ജന്തുക്കളുടെ ഉഛ്വാസവായു ഇല്ലായിരുന്നെങ്കിൽ വെറും മൂന്നുവർഷം കൊണ്ട് ഭൂമിയിലെ കാർബൺഡയോക്സൈഡ് തീർന്നുപോകുമായിരുന്നു. അങ്ങനെ ഭൂമിയിൽ ജീവൻ അസാധ്യമാകുമായിരുന്നു.

സൗരയൂഥത്തിലെ ഊർജ്ജത്തിൻെറ ഉറവിടമായ സൂര്യൻ മറ്റൊരൽഭുതമാണ്. ഭൂമിയുടേതിൻെറ മുപ്പത്തിമൂന്ന് ലക്ഷം ഇരട്ടി ഭാരമുള്ള സൂര്യനിലെ ബാഹ്യഭാഗത്തെ ഊഷ്മാവ് $6000^0$ സെൽഷ്യസ് മുതൽ $1000000^0$ ഡിഗ്രി സെൽഷ്യസ് വരെയാണ്. സൂര്യനും സ്വയം ഭ്രമണം ചെയ്യുകയും ഗാലക്സിയുടെ കേന്ദ്രത്തിനുചുറ്റും പരിക്രമണം നടത്തുകയും ചെയ്യുന്നു. സൂര്യൻെറ താപം 13 ശതമാനം കുറഞ്ഞാൽ ഭൂമി മഞ്ഞ് പുതപ്പിനാൽ മൂടപ്പെടുകയും 30 ശതമാനം കൂടിയാൽ ഇവിടെയുള്ള എല്ലാ ജീവികളും നശിക്കുകയും ചെയ്യും. ഭൂമിയിലെ ഒരുവിധം എല്ലാ പ്രതിഭാസങ്ങൾക്കുമുള്ള കാരണം സൂര്യനാണ്. സൂര്യനില്ലായിരുന്നുവെങ്കിൽ മഞ്ഞ് ഉരുകുകയില്ല, നദി ഒഴുകുകയില്ല, മേഘങ്ങൾ ഉണ്ടാവുകയില്ല, കാറ്റടിക്കുകയില്ല, പൂക്കൾ വിടരുകയില്ല, മഴപെയ്യുകയില്ല, ജീവൻ നിലനിൽക്കുകയില്ല.

സൂര്യൻ ക്ഷീരപഥമെന്ന (milky way) താരകവ്യൂഹ (galaxy) ത്തിലെ ഒരംഗം മാത്രമാണ്. ക്ഷീരപഥത്തിൽ സൂര്യനെക്കാൾ



ചെറുതുംവലുതുമായ പതിനയ്യായിരം കോടിയോളം നക്ഷത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ താരകവ്യൂഹത്തിൻെറ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തിലേക്കുള്ള ദൂരം 1,20,000 പ്രകാശവർഷമാണ്. ഇത്തരത്തിലുള്ള പതിനായിരം കോടിയിലധികം താരകവ്യൂഹങ്ങളെ ഇതിനകം കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഇവയെല്ലാം അനുനിമിഷം അകന്നുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്നർഥം. ഈ തത്ത്വപ്രകാരം ആധുനിക പണ്ഡിതന്മാർ പറയുന്നത്, നമുക്കൊരിക്കലും കാണാൻകഴിയാത്ത പ്രകാശവേഗത്തിൽ അകന്നുകൊണ്ടിരിക്കുന്ന നക്ഷത്രവ്യൂഹങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നാണ്. ഇത് ശരിയാണെങ്കിൽ, ഭൗതികപ്രപഞ്ചത്തിൻെറ തന്നെ പല ഭാഗങ്ങളും മനുഷ്യൻ എത്ര പുരോഗമിച്ചാലും അവന്ന് അജ്ഞാതമായിതന്നെ തുടരും.

ഭൂമിയെ ജീവനനുയോജ്യമായ രീതിയിൽ സംവിധാനിച്ചതിനും നക്ഷത്രങ്ങളുടെ സൃഷ്ടിക്കും സംവിധാനത്തിനുമെല്ലാം പിന്നിൽ അതുല്യനായ ഒരു സ്രഷ്ടാവിൻെറ ശക്തിവിശേഷങ്ങളോ അതല്ല യാദൃച്ഛികതയോ എന്താണ് ചിന്തിക്കുന്നവർക്ക് കാണാൻ കഴിയുന്നത്?

ഉത്തരം വ്യക്തമാണ്. ഉത്തരവാദിത്തബോധമുള്ള ഒരു നായകൻെറ അഭാവത്തിൽ ഒരു കുടുംബതിന് നിലനിൽക്കാനാവില്ലെങ്കിൽ, ശക്തമായൊരു ഭരണസംവിധാനമില്ലാതെ ഒരു രാജ്യത്തിനും പുരോഗതി നേടാനാവില്ലെങ്കിൽ അജയ്യനും സർവശക്തനുമായ ഒരു സ്രഷ്ടാവിൻെറ ആസൂത്രണം കൂടാതെ ഈ പ്രപഞ്ചം സ്വയം ഉണ്ടാകാനോ നിലനിൽക്കാനോ സാധ്യതയില്ല.

ഇത് സാധാരണക്കാരൻമുതൽ ശാസ്ത്രജ്ഞൻവരെയുള്ളവരുടെ തത്ത്വശാസ്ത്രമാണ്. സാധാരണക്കാരൻ വേലിയേറ്റങ്ങളിലും വേലിയിറക്കത്തിലും മഹാനായ സ്രഷ്ടാവിൻെറ അസ്തിത്വം കണ്ടെത്തുമ്പോൾ ശാസ്ത്രജ്ഞൻ ഈ പ്രതിഭാസങ്ങൾക്ക് കാരണമായ ഗുരുത്വാകർഷണത്തിന് നിദാനമായ സ്ഥല-കാല നൈരന്തര്യങ്ങളുടെ നിലനിൽപിൽ അജയ്യനായ സർവശക്തൻെറ വൈഭവം കണ്ടെത്തുന്നുവെന്നുമാത്രം. രണ്ടും ഫലത്തിൽ ഒന്നുതന്നെ. ശാസ്ത്രം എത്രതന്നെ പുരോഗമിച്ചാലും ഒരു സ്രഷ്ടാവിൻെറ അസ്തിത്വം നിഷേധിക്കാൻ ആർക്കും സാധ്യമല്ലെന്നത് ഒരു വസ്തുതയാണ്. മാത്രവുമല്ല, ശാസ്ത്രത്തിൻെറ പുരോഗതി അതുല്യനായ ഒരു രക്ഷിതാവിൻെറ

കരവിരുത് ഈ പ്രപഞ്ചത്തിൻെറ നിലനിൽപിൻെറ പിന്നിലുണ്ടെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

ഇത്, മനുഷ്യജിജ്ഞാസയുടെ പ്രഥമചോദ്യത്തിൻെറ പൂർണമായ ഉത്തരമാകുന്നില്ല. ഈ പ്രപഞ്ചത്തിൻെറ സൃഷ്ടിക്കും, സ്ഥിതിക്കും പിന്നിൽ ഒരു മഹത്തായ ശക്തിയുണ്ടെന്ന് മാത്രമെ പ്രാപഞ്ചിക വസ്തുതകളെക്കുറിച്ചുള്ള പഠനത്തിൽനിന്ന് നാം മനസ്സിലാക്കിയിട്ടുള്ളൂ. അവൻ ആരാണ്? അവൻെറ സ്വഭാവസവിശേഷതകൾ എന്തൊക്കെയാണ്? അവനെക്കുറിച്ച് മനസ്സിലാക്കുവാൻ നാം എന്തൊക്കെ ചെയ്യണം? തുടങ്ങിയ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നു.

രണ്ടാമതായുള്ള മനുഷ്യൻെറ അന്വേഷണം ആരാധ്യനെക്കുറിച്ചാണ്. സ്രഷ്ടാവിനെക്കുറിച്ച അന്വേഷണംപോലെതന്നെ മനുഷ്യാസ്തിത്വത്തിൻെറ സ്വാഭാവികമായ പ്രവണതയാണ് ആരാധ്യനെക്കുറിച്ച അന്വേഷണവും. രണ്ടുതരം വികാരങ്ങളിൽനിന്നാണ് ഈ അന്വേഷണം ഉൽഭവിക്കുന്നത്; കൃതജ്ഞതയുടെയും ബലഹീനതയുടെയും വികാരങ്ങളിൽനിന്ന്.

ഈ ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ തനിക്ക് അപാരമായ അനുഗ്രഹങ്ങൾ നൽകിയ ഒരു മഹാശക്തിയുടെ അസ്തിത്വം അനുഭവിച്ചറിയുന്നു. മനുഷ്യന് ജീവിക്കുവാനാവശ്യമായ വായുവും വെള്ളവും യഥേഷ്ടം സജ്ജീകരിച്ചുവെച്ചവനോട് അവന് ആദരവ് തോന്നുന്നു. ചന്ദ്രനിലേക്ക് പോയ ബഹിരാകാശസഞ്ചാരികൾ ഏതാനും നിമിഷനേരത്തേക്ക് ശ്വസിക്കുവാനായി ലക്ഷക്കണക്കിന് രൂപയുടെ സജ്ജീകരണങ്ങളാണ് കൂടെ കൊണ്ടുപോയതെന്നറിയുക കൂടി ചെയ്യുമ്പോൾ ഈ ആദരവ് വർധിക്കുകയാണ് ചെയ്യുന്നത്. ഇഷ്ടപെട്ട രീതിയിലുള്ള ഭക്ഷണപദാർഥങ്ങൾ തനിക്ക് കൈ എത്താവുന്ന ദൂരത്തത് ഒരുക്കിവെച്ചിട്ടുള്ളവനോട് മനുഷ്യന് നന്ദി തോന്നുക സ്വാഭാവികമാണ്. ഭക്ഷണ പദാർഥങ്ങൾ തേടി മറ്റ് ഗ്രഹങ്ങളിലേക്കോ ഉപഗ്രഹങ്ങളിലേക്കോ പോകേണ്ടതില്ല മനുഷ്യന്. അവയെല്ലാം അവൻെറ ചുറ്റുമുണ്ട്- അവന് ആവശ്യമുള്ള രീതിയിൽ; അവനിഷ്ടപ്പെട്ട സ്വാദുകളിൽ. ഒരേ ചുറ്റുപാടിൽ ഒരേ വളം വലിച്ചുണ്ടാകുന്ന സസ്യങ്ങൾ തന്നെ മനുഷ്യശരീരത്തിനാവശ്യമായ വ്യത്യസ്ത ജീവകങ്ങളടങ്ങിയ ഫലങ്ങൾ ഉൽപാദിപ്പിക്കുന്നു. തക്കാളിയുടെയും നാരങ്ങയുടെയും ആപ്പിളിൻെറയും മുന്തിരിങ്ങയുടെയും അങ്ങനെ വ്യത്യസ്ത ഫലങ്ങളുടെയും വളങ്ങളിൽ അവയിലുള്ള മാംസ്യമോ ജീവകങ്ങളോ ഇല്ല. അവ വലിച്ചെടുക്കുന്ന ജലത്തിൽ നാരങ്ങയുടെ അമ്ലതയോ തക്കാളിയുടെ ചുമപ്പോ ആപ്പിളിൻെറ മധുരിമയോ ഇല്ല. പക്ഷേ, ഈ ചെടികളുടെ ഫലങ്ങളിൽ അവയെല്ലാമുണ്ടാക്കിവെച്ചത് നാം അനുഭവിക്കുന്നു. ഇതെല്ലാം ചെയ്തുകൊണ്ട് മനുഷ്യന് നിലനിൽക്കാനുള്ള സംവിധാനമൊരുക്കിയവനോട് ഭക്തിയുണ്ടാവുക സ്വാഭാവികമല്ലേ? യാതൊന്നുമില്ലാതെ ജനിക്കുന്ന മനുഷ്യന് ആവശ്യമായതെല്ലാം തൻെറ ചുറ്റുപാടുകളിൽ ഒരുക്കിവെച്ചിരിക്കുന്നത് ആരായിരുന്നാലും ആ അനുഗ്രഹദാതാവിനോട് മാന്യതയുള്ള ആർക്കും കൃതജ്ഞതയുണ്ടാവുക സ്വാഭാവികമാണ്.



സ്വന്തം ശരീരത്തിലേക്ക് നോക്കുന്ന മനുഷ്യനിൽ ഈ ആദരവ് വർധിക്കുകയാണ് ചെയ്യുന്നത്. നിസ്തുലമായ ഒരു ശരീരം ലഭിച്ചിരിക്കുന്നു മനുഷ്യന്. മനുഷ്യശരീരം ഈ രൂപത്തിലാകാൻ പാടില്ലായിരുന്നുവെന്ന് പറയുക പോയിട്ട്, ഇന്ന അവയവം വെച്ച സ്ഥാനം ശരിയായില്ലെന്ന് ചൂണ്ടിക്കാണിക്കാൻപോലും ധൈര്യമുള്ള ആരും ഇന്നുവരെ ഉണ്ടായിട്ടില്ല. മനുഷ്യന് നൽകപ്പെട്ടതിലും ഉത്തമമായ ഒരു ശരീരത്തെ വിഭാവന ചെയ്യാൻപോലും അവന് കഴിയില്ല. കണ്ണുകളും കാതുകളും മൂക്കും വായും നാക്കും പല്ലുകളും കൈകളും കാലുകളുമെല്ലാം അതതിൻെറ സ്ഥാനത്ത് തന്നെയാണ് അതിനെ സൃഷ്ടിച്ചവൻ പ്രതിഷ്ഠിച്ചിരിക്കുന്നത്. മാത്രമല്ല, മറ്റൊരു ജീവിക്കും നൽകപ്പെടാത്ത വിസ്മയകരമായ മാനസികകഴിവുകളും നൽകപ്പെട്ടിരിക്കുന്നു മനുഷ്യന്. ഈ കഴിവുകളാണ് അവനെക്കാൾ ശക്തിയുള്ള സിംഹത്തെയും വേഗതയുള്ള ചീറ്റപ്പുലിയെയും വലിപ്പമുള്ള ആനയെയും നിയന്ത്രിക്കാനവന് ശക്തി നൽകുന്നത്. സുന്ദരമായ ഒരു ശരീരവും ലോകത്തെ ചൊൽപടിക്കു നിർത്താൻ പോന്ന ബൗദ്ധിക കഴിവുകളും നൽകിയവനോട് ഭക്തിയും ആദരവും തോന്നുകയെന്നത് സ്വാഭാവികമാണ്.

ഇനി ഇതിൻെറ മറുവശം ചിന്തിക്കുക: തൻെറ ചുറ്റുപാടുകളിലേക്ക് നോക്കുന്ന മനുഷ്യൻ മനസ്സിലാക്കുന്ന ഒരു യാഥാർഥ്യമുണ്ട്. അവൻ ഈ ലോകത്ത് അങ്ങേയറ്റം അശക്തനും അവശനും നിസ്സഹായനുമാണെന്ന വസ്തുതയത്രെ അത്. തൻെറ അസ്തിത്വത്തെ നിലനിർത്തുന്ന ശക്തികളൊന്നും തൻെറ വരുതിയിലല്ലെന്നും അവ

യെയൊന്നും തനിക്ക് നിയന്ത്രിക്കാൻ സാധ്യമല്ലെന്നുമറിയുന്ന മനുഷ്യൻ താനെത്രമാത്രം നിസ്സഹായനാണെന്ന് മനസ്സിലാക്കുന്നു. ഭൂമിയുടെ സ്വയംഭ്രമണത്തിൻെറ തോത് ഒരൽപം വ്യത്യാസപ്പെട്ടാൽ മനുഷ്യനെന്നല്ല ഒരു ജീവജാലവും ഇവിടെ നിലനിൽക്കുകയില്ല. സൂര്യതാപം എല്ലായിടത്തും ചിതറിവീഴുന്ന രൂപത്തിലല്ലായിരുന്നു ഭൂമിയുടെ സ്വയംഭ്രമണമെങ്കിൽ പകൽ ജീവജാലങ്ങളെല്ലാം വെന്തുരുകയും രാത്രി തണുത്ത് മരവിക്കുകയും ചെയ്തേനെ. ഭൂമിയുടെ ചരിവ് 23 ഡിഗ്രിയിൽ നിന്നും അൽപം വ്യത്യാസപ്പെട്ടിരുന്നുവെങ്കിൽ സസ്യജാലങ്ങളുടെ നിലനിൽപിന് അനിവാര്യമായ ഋതുഭേദങ്ങൾ ഉണ്ടാവുകയില്ലായിരുന്നു. അന്തരീക്ഷത്തിൻെറ ഓസോൺപാളി നീക്കംചെയ്യപ്പെട്ടാൽ ഭൂമിയിൽ പിന്നെ ഒരു നിമിഷംപോലും മനുഷ്യസമൂഹം നിലനിൽക്കുകയില്ല. ഭൂമിയൊന്ന് കുലുങ്ങിയാൽ, ഇടിമിന്നലിൻെറ ശക്തമായ പ്രഹരത്തിന് വിധേയമായാൽ എല്ലാം തന്റെ ജീവിതം അവസാനിക്കുമെന്നും ഇവയൊന്നും തനിക്ക് നിയന്ത്രിക്കാനാവില്ലെന്നും മനസ്സിലാക്കുന്ന മനുഷ്യൻെറ മനസ്സിൽ നിസ്സഹായതയുടെയും അവശതയുടെയും വികാരങ്ങൾ മുളപൊട്ടുന്നു. ഇവയെ നിയന്ത്രിക്കാൻ താൻ അശക്തനാണെന്നറിയുന്ന മനുഷ്യൻെറ കരങ്ങൾ അവയെ നിയന്ത്രിക്കാൻ സാധിക്കുന്നവൻെറ നേരെ ഉയരുകയെന്നത് സ്വാഭാവികമാണ്.

ചുറ്റുപാടുകളെ മാത്രമല്ല, സ്വശരീരത്തെപ്പോലും നിയന്ത്രിക്കാൻ താൻ അശക്തനാണെന്നറിയുന്ന മനുഷ്യൻ ഒരു ശരണത്തിനും അവലംബത്തിനുംവേണ്ടി ആഗ്രഹിക്കുന്നു. മനുഷ്യമസ്തിഷ്കത്തിലേക്കുള്ള രക്തപ്രവാഹം ഏതാനും നിമിഷങ്ങൾ തടയപ്പെട്ടാൽ മനുഷ്യനെന്ന നിലക്കുള്ള അവൻെറ എല്ലാ കഴിവുകളും നഷ്ടപ്പെടും. ഹൃദയം അൽപനേരത്തേക്ക് പണിമുടക്കിയാൽ മനുഷ്യൻെറ ശ്വാസം നിലയ്ക്കും. ശരീരത്തിലെ ഏതെങ്കിലുമൊരു വ്യവസ്ഥയ്ക്ക് ചെറിയൊരു തകരാറു വന്നാൽ ശാരീരിക സംവിധാനങ്ങളാകെ താളം തെറ്റും.

ഇതറിയുന്ന മനുഷ്യൻ ഇവയെയെല്ലാം നിയന്ത്രിക്കുന്നത് ഏതൊരുവനാണെന്ന് അന്വേഷിക്കുകയും അവനോട് ശരണംവിളി നടത്തുവാൻ പ്രചോദിതനാവുകയും ചെയ്യുന്നു. ആ നിയന്ത്രകശക്തിയെക്കുറിച്ച് കൂടുതൽ അറിയാനും അവനെ തൃപ്തിപ്പെടുത്താനും മനുഷ്യൻ ആഗ്രഹിക്കുന്നു.



തനിക്കുചുറ്റുമുള്ള, തൻെറ അസ്തിത്വത്തെ നിലനിർത്തുന്ന ശക്തികളെയോ തന്നെപ്പോലുമോ നിയന്ത്രിക്കാൻ തനിക്കാവുകയില്ലെന്ന് മനസ്സിലാക്കുന്ന മനുഷ്യൻ അവയെ നിയന്ത്രിക്കാൻ കഴിയുന്നവനോട് സ്വാഭാവികമായി ശരണം വിളിക്കുന്നു. ഈ ശരണംവിളിയാണ് ആരാധന. തനിക്ക് ഒന്നിനുമാകില്ലെന്ന് മനസ്സിലാക്കുന്ന മനുഷ്യൻെറ മനസ്സിൽനിന്ന് എല്ലാറ്റിനും കഴിയുന്നവനോട് ഉയരുന്ന പ്രാർഥനയാണ് ആരാധനകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. പള്ളികളിലോ ചർച്ചുകളിലോ അമ്പലങ്ങളിലോ വെച്ചുനടക്കുന്ന ആചാരപ്രധാനമായ ആരാധനകൾ മാത്രമല്ല, പ്രത്യുത ജീവിതത്തിൻെറ ഏതുരംഗത്തും തൻെറ നിസ്സഹായത അനുഭവിച്ചറിയുമ്പോൾ മനുഷ്യമനസ്സുകൾക്കുള്ളിൽനിന്ന് ഉയരുന്ന തേട്ടംകൂടി ആരാധനകൊണ്ട് ഇവിടെ വിവക്ഷിക്കപ്പെടുന്നു.

ഈ തേട്ടം മനുഷ്യപ്രകൃതിയുടെ ശബ്ദമാണ്. നിരീശ്വരപ്രസ്ഥാനത്തിൻെറ വക്താക്കളെന്ന് അവകാശപ്പെടുന്നവർപോലും സന്ദിഗ്ധ ഘട്ടങ്ങളിൽ ദൈവത്തെ വിളിച്ച് തേടിയതിന് ചരിത്രം സാക്ഷിനിൽക്കുന്നുണ്ട്. 1942 ആഗസ്റ്റ് മാസത്തിൽ, രണ്ടാം ലോകമഹായുദ്ധത്തിൻെറ അവസരത്തിൽ ഹിറ്റ്ലർക്കെതിരെ സഖ്യകക്ഷികൾ നടപ്പാക്കാനുദ്ദേശിച്ച ടോർച്ച് രഹസ്യസേന പദ്ധതിയെക്കുറിച്ച ചർച്ചക്കിടയിൽ അന്നത്തെ കമ്യൂണിസ്റ്റ് റഷ്യയുടെ പരമോന്നതനായ ഭരണാധിപൻ ജോസഫ് സ്റ്റാലിൻപോലും ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലിനോട് “ദൈവം ഈ പദ്ധതി വിജയിപ്പിക്കട്ടെ” യെന്ന് ആശംസിച്ച സംഭവം വ്യക്തമാക്കുന്നത് പരമോന്നതശക്തിയോടുള്ള ആരാധനാ മനോഭാവം മനുഷ്യപ്രകൃതിയുടെ ശബ്ദമാണെന്നും, അത് ചിന്താപരമായ കാപട്യത്തിൻെറ തിരശ്ശീലക്കിടയിൽ ഒളിപ്പിച്ചുവെക്കാൻ എത്രതന്നെ ശ്രമിച്ചാലും സന്ദിഗ്ധഘട്ടങ്ങളിൽ മറനീക്കി പുറത്തുവരുമെന്നുമാണ്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഒട്ടനവധി സംഭവങ്ങളിൽ ഒന്നുമാത്രം. ആരാധ്യനെക്കുറിച്ച അന്വേഷണം മനുഷ്യപ്രകൃതിയുടെ വികാരമാണെന്നതിന് വേറെ തെളിവുകൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ഇവിടെയും നാം രണ്ടാമത്തെ അന്വേഷണത്തിൻെറ അന്ത്യത്തിലെത്തിയിട്ടില്ല. ഒരു ആരാധ്യനെ മനുഷ്യപ്രകൃതി തേടുന്നുവെന്നുമാത്രമാണ് നാം മനസ്സിലാക്കിയത്. ആരായിരിക്കണം ആരാധ്യൻ? എങ്ങനെയാണ് അതിനെ ആരാധിക്കേണ്ടത്? അതിനെ ആരാധിച്ച

തുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്താണ്? എന്നീ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നു.

മനുഷ്യന്റെ മൂന്നാമത്തെ അന്വേഷണം സ്വന്തത്തെക്കുറിച്ചാണ്. താൻ എവിടെനിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നുമറിയാൻ അവൻ ആഗ്രഹിക്കുന്നു. മറ്റ് മൃഗങ്ങളിൽ നിന്ന് വ്യത്യസ്തമായി സമൂഹത്തിന്റെ നിലനിൽപിനുവേണ്ടി പ്രത്യേകമായ ചില നിയമങ്ങൾ താൻ അനുസരിക്കേണ്ടതുണ്ടെന്നറിയുന്ന മനുഷ്യൻ അവ അനുസരിക്കാതെ തികച്ചും മൃഗീയമായ സർവതന്ത്ര സ്വാതന്ത്ര്യം അനുഭവിച്ചാലെന്തെന്ന് സ്വയംചോദിക്കുന്നു. തനിക്കുള്ള ആഗ്രഹാഭിലാഷങ്ങളും വികാരങ്ങളും ഈ ലോകത്തിലെ പരിമിതമായ ജീവിതത്തിനുള്ളിൽവെച്ച് ശമിപ്പിക്കാൻ കഴിയില്ലെന്ന് അറിയുന്ന മനുഷ്യൻ അവ നേടിയെടുക്കാൻ കഴിയുന്ന ജീവിതത്തിനുവേണ്ടി കാംക്ഷിക്കുന്നു.

ഈ പ്രപഞ്ചത്തിലേക്ക് കണ്ണോടിക്കുന്ന നാം മനുഷ്യന് തുല്യമായ ഒരു അസ്തിത്വത്തെ എവിടെയും കാണുന്നില്ല. പ്രപഞ്ചത്തിലെ പരമോത്തമസൃഷ്ടി മനുഷ്യനാണ്. കോടാനുകോടി സംവൽസരങ്ങളായുള്ള പ്രപഞ്ചത്തിന്റെ പരിണാമത്തിനിടയിൽ മനുഷ്യനെന്ന പരമോൽകൃഷ്ടസൃഷ്ടി പ്രത്യക്ഷീഭവിച്ചിട്ട് ഏതാനും സഹസ്രാബ്ദങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ഭൂമി ആകമാനം ഒന്നു കുലുങ്ങിയാൽ ആ സൃഷ്ടിയുടെ അസ്തിത്വം അവസാനിക്കുകയുംചെയ്യും. നമ്മുടെ ശരീരം ഏതേതു ഭൗതികഘടകങ്ങൾ ചേർന്നുണ്ടായതാണോ അതിന്റെയെല്ലാം വയസ്സ് കോടാനുകോടി കൊല്ലം നീണ്ടുനിൽക്കുന്നു. നാം ഉയിരെടുക്കുന്നതിനുമുമ്പേ അവ ഇവിടെയുണ്ടായിരുന്നു. എന്നാൽ ഈ പ്രപഞ്ചത്തിലെ സർവോൽകൃഷ്ടമായ അസ്തിത്വം ഏതാനും വർഷങ്ങൾ മാത്രം ജീവിക്കുന്നു. ശരാശരി അറുപതോ എഴുപതോ വർഷം മാത്രം. ഇത് മനുഷ്യബുദ്ധി അംഗീകരിക്കുന്നില്ല. താൻ സർവോൽകൃഷ്ട ജീവിയെന്ന് പറയപ്പെടണമെങ്കിൽ ഈ ജീവിതത്തിനുപുറമെ മറ്റൊരു ജീവിതം അവൻ ആശിക്കുന്നു.

കുറെ ആഗ്രഹങ്ങളുള്ളവനാണ് മനുഷ്യൻ. പക്ഷേ, തന്റെ ആശകളത്രയും പൂർത്തീകരിക്കുവാൻ ഈ ലോകത്തിന് കഴിയില്ലെന്ന് അറിയുന്ന അവൻ നിരാശനാകുന്നു. പാമരനും പണ്ഡിതനും പണക്കാരനും ഇതിൽ നിന്ന് മുക്തമല്ല. നാം ആഗ്രഹിക്കുന്നത് മുഴുവൻ നേടിയെടുക്കുവാൻ പറ്റുന്ന ഒരു സംവിധാനമല്ല ഈ ലോകത്തിലുള്ളതെന്ന് മനസ്സിലാക്കുന്ന മനുഷ്യൻ അവ നേടിയെടുക്കാൻ കഴിയുമോ എന്ന് അന്വേഷിക്കുന്നു. ഈ പ്രപഞ്ചത്തിന്റെ സംവിധാനം തന്നെ തന്റെ ഇച്ഛകൾ മുഴുവൻ സഫലീകൃതമാക്കത്തക്ക രീതിയിലുള്ളതല്ലെന്നറിയുന്ന അവൻ ഈ പ്രാപഞ്ചികജീവിതത്തിൽനിന്ന് വ്യത്യസ്തമായ ഒരു ജീവിതത്തിനുവേണ്ടി ആഗ്രഹിക്കുന്നു.



നന്മ ചെയ്യുവാൻ മനുഷ്യനിൽ ജന്മനാതന്നെ ഒരു വാസനയുണ്ട്. തിന്മയോട് അവന് വെറുപ്പാണ്. പക്ഷേ, എന്താണ് നന്മയെന്നും എന്താണ് തിന്മയെന്നും വ്യക്തമായി നിർവചിക്കാൻ മനുഷ്യന് സാധിക്കുന്നില്ല. അവൻ തിന്മയാണെന്ന് മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്ന വ്യക്തികളിൽ പലരും ഇഹലോകത്ത് സുഖസൗകര്യങ്ങൾ അനുഭവിക്കുന്നതായും നന്മ ചെയ്യുന്നവരിൽ പലരും കഷ്ടപ്പെടുന്നതായും കാണപ്പെടുന്നു. നന്മക്കും തിന്മക്കും തക്കതായ പ്രതിഫലം നൽകുവാൻ ഈ ലോകത്തിന്റെ ഘടനക്ക് സാധ്യമല്ലെന്ന് അറിയുമ്പോൾ അത്തരം ഒരു പ്രതിഫലവേദി ആവശ്യമാണെന്ന് അവന് തോന്നുന്നു. ഭൗതിക നീതിന്യായകോടതികൾക്കൊന്നുംതന്നെ നന്മക്കോ തിന്മക്കോ വ്യക്തമായ കൂലികൾ കൊടുക്കുവാൻ കഴിയില്ലെന്നറിയുമ്പോൾ 'പ്രതിഫലവേദി' ഈ ജീവിതത്തിലായിക്കൂടെന്ന് അവൻ വിധിക്കുന്നു.

ഒരു പ്രതിഫലവേദിക്കുവേണ്ടിയുള്ള തേട്ടവും മനുഷ്യാസ്തിത്വത്തിന്റെ സ്വാഭാവികമായ പ്രവണതയാണ്. പരലോകത്തെയും മരണാനന്തര ജീവിതത്തെയും അവ കാണുന്നില്ലെന്ന കാരണത്താൽ മാത്രം നിഷേധിച്ച പലർക്കും പറയേണ്ടിവന്നിട്ടുള്ളത് 'പരലോകം എന്നൊന്ന് ഉണ്ടെങ്കിൽ വളരെ നന്നായിരുന്നു. പക്ഷേ, അതില്ലല്ലോ...' എന്നായിരുന്നു.

മനുഷ്യജിജ്ഞാസയുടെ അടിസ്ഥാനപരമായ അന്വേഷണങ്ങളെക്കുറിച്ചാണ് നാം ചർച്ച ചെയ്തത്. സ്രഷ്ടാവിനെക്കുറിച്ചും ആരാധ്യനെക്കുറിച്ചും പ്രതിഫലനാളിനെക്കുറിച്ചും അവൻ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾക്കുള്ള വ്യക്തമായ ഉത്തരം നൽകാൻ സ്വന്തം ചിന്താശക്തി തീരെ അപര്യാപ്തമാണെന്ന് അവൻ മനസ്സിലാക്കുന്നു.

സ്രഷ്ടാവിനെ സംബന്ധിച്ച അന്വേഷണം അവന്റെ അസ്തിത്വമംഗീകരിക്കുന്നതിൽ മാത്രമേ മനുഷ്യനെ എത്തിച്ചിട്ടുള്ളൂ. ആരാധ്യനെക്കുറിച്ച അന്വേഷണം അവന്റെ അനിവാര്യത വ്യക്തമാക്കുക

മാത്രമേ ചെയ്തിട്ടുള്ളൂ. പ്രതിഫലവേദി ആവശ്യമാണെന്ന അഭിപ്രായത്തിൽ മാത്രമേ അതിനെക്കുറിച്ചുള്ള അന്വേഷണം എത്തിച്ചിട്ടുള്ളൂ. ആര്? എങ്ങനെ? എവിടെ? തുടങ്ങിയ സുപ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിച്ചുകഴിഞ്ഞിട്ടില്ല. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനുവേണ്ടിയാണ് മനുഷ്യൻ ആദ്യകാലം മുതൽക്കേ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്; ചരിത്രാതീതകാലം മുതൽക്കുതന്നെ.

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ഭൗതികമായ പരീക്ഷണ നിരീക്ഷണങ്ങളിൽനിന്ന് നമുക്ക് ലഭ്യമാവുകയില്ല. ഏതെങ്കിലും മൈക്രോസ്കോപ്പിൽവെച്ച് സ്രഷ്ടാവിൻെറ സത്തയെയോ ടെസ്റ്റ്യൂബിൽ വെച്ച് ആരാധ്യന്റെ അസ്തിത്വത്തെയോ ടെലസ്കോപ്പിലൂടെ പ്രതിഫലവേദിയുടെ രൂപത്തെയോ ദർശിക്കുവാൻ കഴിയുകയില്ല. കാരണം ഇവയെല്ലാം ഭൗതികപരീക്ഷണങ്ങൾക്കതീതമാണെന്നതാണ്.

സകല പ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിക്കുന്നവൻ എന്നാണ് സ്രഷ്ടാവ് എന്നു പറയുമ്പോൾ നാം വിവക്ഷിക്കുന്നത്. പ്രപഞ്ചത്തെയും പദാർഥത്തെയും സൃഷ്ടിച്ച അവൻ പ്രപഞ്ചത്തിനും പദാർഥത്തിനുമതീതനായിരിക്കുമെന്ന് നമ്മുടെ സാമാന്യബുദ്ധി തന്നെ സമർഥിക്കുന്നു. പദാർഥത്തിൻെറ പെരുമാറ്റരീതിയാണ് മനുഷ്യരുടെ പരീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും പ്രമേയം, പദാർഥാതീതമായ ഒന്നിനെക്കുറിച്ചു സങ്കൽപിക്കുവാൻ പോലും സ്ഥലകാല നൈരന്തര്യത്തിൻെറ ബന്ധനത്തിലുള്ള മനുഷ്യധിഷണക്ക് കഴിയില്ല. പക്ഷേ, അങ്ങനെയൊരു അസ്തിത്വമുണ്ടെന്ന് അവൻെറ മനസ്സ് അവനോട് മന്ത്രിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ പരീക്ഷണനിരീക്ഷണങ്ങളിലൂടെ സ്രഷ്ടാവിൻെറ സത്തയെയോ സ്വഭാവത്തെയോകുറിച്ച് അറിയാൻ കഴിയില്ല. ആരാധ്യനെയും പ്രതിഫലനാളിനെയും കുറിച്ച അന്വേഷണത്തിൻെറ അവസ്ഥയും ഇതുതന്നെയാണ്. പിന്നെ ഇവയെക്കുറിച്ചറിയാനുള്ള മാർഗമെന്താണ്?

അത് സ്രഷ്ടാവ് നമുക്ക് അറിയിച്ചുതരികതന്നെ വേണം. അതല്ലാതെ മറ്റ് മാർഗങ്ങളില്ല. അതെങ്ങനെ സാധിക്കും? സ്ഥലത്തിനും കാലത്തിനും അതീതനായ സ്രഷ്ടാവ് സ്വയംപ്രത്യക്ഷപ്പെട്ടുകൊണ്ട് ഈ കാര്യങ്ങൾ പറഞ്ഞുതരാനായി മനുഷ്യർക്കിടയിലേക്ക് ഇറങ്ങിയാൽ സ്ഥലകാലബന്ധത്തിൽ അകപ്പെട്ടിരിക്കുന്ന മനുഷ്യമസ്തിഷ്കത്തിന് ഉൾക്കൊള്ളാൻ കഴിയില്ല. സ്രഷ്ടാവിൽനിന്ന് മറ്റേതെങ്കിലും വഴിക്ക് മനുഷ്യർക്ക് ജ്ഞാനം ലഭിക്കുകയേ നിർവാഹമുള്ളൂ.



അങ്ങനെ വല്ല ജ്ഞാനവും മനുഷ്യന് വന്നുകിട്ടിയിട്ടുണ്ടോ? സ്രഷ്ടാവിനെയും ആരാധ്യനെയും പ്രതിഫലനാളിനെയും കുറിച്ച് വല്ല ബോധവും മാനവരാശിക്ക് അവതരിക്കപ്പെട്ടിട്ടുണ്ടോ?

-നമുക്ക് പരിശോധിക്കാം-

# രണ്ട്

## ദൈവദൂതന്മാരുടെ സന്ദേശം

സ്രഷ്ടാവിനെയും ആരാധ്യനെയും പ്രതിഫലവേദിയെയും കുറിച്ച് നിരന്തരമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന മാനവരാശിക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് ഒരു മനുഷ്യൻ പറയുന്നു:

"നിങ്ങൾ അറിയാനാഗ്രഹിക്കുന്ന വസ്തുതകളെക്കുറിച്ച് എനിക്ക് ജ്ഞാനം നൽകപ്പെട്ടിരിക്കുന്നു. ഈ ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവമാണ് എനിക്ക് ജ്ഞാനം നൽകിയിരിക്കുന്നത്. നിങ്ങൾ ആരാധിക്കേണ്ടത് സർവലോകരക്ഷിതാവായ ആ ദൈവത്തെ മാത്രമാകുന്നു. ദൈവത്തിൻെറ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുകയാണ് മനുഷ്യസമുദായത്തിൻെറ രക്ഷാമാർഗം. മനുഷ്യൻ മരണപ്പെടുന്നതോടുകൂടി അവൻെറ ജീവിതമവസാനിക്കുന്നില്ല. ശാശ്വതമായ ഒരു പരലോക ജീവിതം വരാനിരിക്കുന്നേയുള്ളൂ. സത്യവിശ്വാസികളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതീക്ഷകളും സങ്കൽപങ്ങളും സാക്ഷാത്കരിക്കപ്പെടുന്നത് ആ ലോകത്തിൽ വെച്ചായിരിക്കും. നന്മകൾക്കും തിന്മകൾക്കും ആ വേദിയിൽ വെച്ച് തക്കതായ പ്രതിഫലം നൽകപ്പെടുന്നതായിരിക്കും. അതിനാൽ ദൈവത്തിൻെറ വിധിവിലക്കുകൾ അനുസരിച്ച് ജീവിച്ചുകൊണ്ട് വരാനിരിക്കുന്ന ശാശ്വതസൗഭാഗ്യം അനുഭവിക്കുവാൻ സജ്ജരാവുക"

ഇതായിരുന്നു മുഴുവൻ ദൈവദൂതന്മാരും പറഞ്ഞത്. ദൈവദൂതന്മാരുടെ ഈ വചനങ്ങൾ യാഥാർഥ്യമാണോ? നാം അവയിൽ വിശ്വസിക്കേണ്ടതുണ്ടോ?

ഒരു കാര്യമുറപ്പാണ്, മനുഷ്യജിജ്ഞാസയുടെ സ്വാഭാവിക ചോദ്യ



ങ്ങൾക്ക് ഇതല്ലാതെ മറ്റൊരുത്തരം നൽകപ്പെട്ടിട്ടില്ല. സ്രഷ്ടാവ് അറിയിച്ചുതരികയല്ലാതെ ഈ പ്രശ്നങ്ങൾക്കുള്ള ഉത്തരം കണ്ടെത്താനായി മറ്റൊരു മാർഗവുമില്ലെന്ന് നമുക്കറിയാം. എങ്കിൽ ഈ ഉത്തരം വാസ്തവമാണോയെന്ന് പരിശോധക്കേണ്ട ബാധ്യത നമുക്കെല്ലാം ഇല്ലേ? തീർച്ചയായും!

ആദ്യമായി പരിശോധിക്കേണ്ടത് നമ്മളോടിക്കാര്യം പറഞ്ഞ ദൈവദൂതൻെറ വ്യക്തിത്വക്കുറിച്ചാണ്. അയാൾ കളവു പറയുന്നവനാണോ? ജനവഞ്ചകനാണോ? സ്വാർഥിയാണോ? ദൈവദൂതന്മാരുടെ ജീവിതം പരിശോധിക്കുന്ന ഏവർക്കും ബോധ്യപ്പെടുന്ന ഒരു വസ്തുതയുണ്ട്. അവരെ എതിർക്കുകയും നാട്ടിൽനിന്ന് ആട്ടിപ്പുറത്താക്കുകയും കൊലപ്പെടുത്താൻ തന്ത്രങ്ങളാവിഷ്കരിക്കുകയും ചെയ്തവർ തന്നെ അവരുടെ ജീവിതത്തിൻെറ പരിശുദ്ധി അംഗീകരിക്കുന്നവരായിരുന്നുവെന്നതാണത്. അവരുടെയെല്ലാം മുഴുവൻ ജീവിതവും സത്യസന്ധത, ശ്രേഷ്ഠചിന്ത, സന്മാർഗനിഷ്ഠ, പരിശുദ്ധപ്രകൃതി, ഉൽകൃഷ്ടാദർശം, ഉയർന്ന മനുഷ്യത്വം എന്നിവക്ക് ഉദാത്തമാതൃകയായിരുന്നു. അവരുടെ ജീവിതത്തിൻെറ വിവിധ രംഗങ്ങളിലെവിടെയെങ്കിലും ഒരു ന്യൂനത കണ്ടുപിടിക്കാൻ സമ കാലികരായ പ്രതിയോഗികൾക്കൊന്നും കഴിഞ്ഞില്ലെന്ന വസ്തുത തന്നെ അവർ എത്രമാത്രം പരിശുദ്ധരായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്.

ദൈവദൂതന്മാരാരും തന്നെ സ്വാർഥികളായിരുന്നില്ല. അവരുടെ വാക്കുകളിലോ പ്രവർത്തനങ്ങളിലോ ഒന്നും സ്വാർഥതയുടെ അംശംപോലും കണ്ടെത്താനാർക്കും കഴിഞ്ഞിരുന്നില്ല. അവർ സ്വയം കഷ്ടനഷ്ടങ്ങൾ സഹിച്ചും അന്യരുടെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി യത്നിച്ചവരായിരുന്നു. അവരുടെ പ്രബോധനചരിത്രം തന്നെ ഇതിനുള്ള തെളിവാണ്. അവർ കഷ്ടനഷ്ടങ്ങൾ സഹിച്ചതും, നാട്ടിൽ നിന്നോടിക്കപ്പെട്ടതും കൂട്ടുകുടുംബാദികളാൽ ത്യജിക്കപ്പെട്ടതും പീഡനങ്ങൾക്ക് വിധേയമാക്കപ്പെടതുമെല്ലാം എന്തിനുവേണ്ടിയായിരുന്നു? ആ സമൂഹം നന്നാകുവാൻ വേണ്ടി. അവർ ശാശ്വതവിജയം നേടുന്നതിന്നുവേണ്ടി. അവരിൽനിന്ന് ദൈവദൂതന്മാർക്ക് ഭൗതികമായി ഒന്നും ലഭിച്ചിരുന്നില്ല. മാത്രവുമല്ല സമൂഹത്തിൻെറ പാരമ്പര്യ വിശ്വാസങ്ങൾക്കെതിരെയുള്ള അവരുടെ പ്രബോധനം നിർത്തിയാൽ-നിർത്തിയാൽ മാത്രം-ഭൗതികമായ പലവിധനേട്ടങ്ങളും അവർ

ക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. രാജ്യത്തിൻെറ അധികാരം. സുന്ദരികളായ സ്ത്രീകൾ. ഇഷ്ടംപോലെ സമ്പത്ത്. ഇതെല്ലാം ത്യജിച്ചുകൊണ്ട് മുൾക്കിരീടത്തിൻെറ മാർഗം തെരഞ്ഞെടുത്ത പ്രവാചകന്മാർ സ്വാർത്ഥികളായിരുന്നുവെന്ന് ചരിത്രകാരന്മാരാരും തന്നെ ഇന്നുവരെ പറഞ്ഞിട്ടില്ല. സ്വന്തമായ എല്ലാം വലിച്ചെറിഞ്ഞുകൊണ്ട് സമൂഹത്തിൻെറ ശാശ്വതവിജയത്തിന്നുവേണ്ടി പ്രവർത്തിച്ചവരായിരുന്നു അവർ എന്നർഥം.

ദൈവദൂതന്മാരാരും തന്നെ, സമൂഹത്തിലെ ആരെയെങ്കിലും വഞ്ചിച്ചതായി ചരിത്രം പഠിപ്പിക്കുന്നില്ല. അവർ വാഗ്ദാനപാലകരും സത്യം പറയുന്നവരുമായിരുന്നു. അവരുടെ പ്രകൃതി പരിശുദ്ധമായിരുന്നു. എല്ലാ പ്രശ്നങ്ങളിലും സമീപനങ്ങളിലും ഋജുവും ശ്രേഷ്ഠവും സംശയരഹിതവുമായ മാർഗമായിരുന്നു അവർ സ്വീകരിച്ചിരുന്നത്. സമൂഹത്തിന് സാരോപദേശങ്ങൾ നൽകുക മാത്രമല്ല, അവ സ്വജീവിതത്തിൽ പകർത്തിക്കാണിച്ചുകൊടുക്കുക കൂടി ചെയ്തിരുന്നു അവർ.

ഈ സ്വഭാവവൈശിഷ്ടിങ്ങളെല്ലാം തന്നെ, അവർ പറയുന്നത് അസത്യമാകാൻ സാധ്യതയില്ലെന്ന് വ്യക്തമാക്കാൻ പോന്നതായിരുന്നു. സ്വന്തമായി കള്ളമോ വഞ്ചനയോ സ്വാർഥതയോ ശീലിച്ചിട്ടില്ലാത്ത ഒരാൾ ത്യാഗങ്ങൾ സഹിച്ചുകൊണ്ട് സമൂഹത്തിൽ ഒരു 'പച്ചക്കള്ളം' പ്രചരിപ്പിക്കാനുള്ള സാധ്യത എത്രമാത്രം വിദൂരമാണ്!

ഇതിലുപരി പ്രവാചകന്മാരാണെന്നതിന് വ്യക്തമായ അമാനുഷികദൃഷ്ടാന്തങ്ങളും അവർക്ക് നൽകപ്പെട്ടിരുന്നു. സമൂഹത്തിൻെറ ബുദ്ധിപരവും വൈജ്ഞാനികവുമായ കഴിവുകളെ വെല്ലുവിളിക്കുന്നതായിരുന്നു പ്രസ്തുത അമാനുഷികദൃഷ്ടാന്തങ്ങൾ. അവയ്ക്കു മുന്നിൽ സമൂഹം മുട്ടുകുത്തി. മോശെ പ്രവാചകൻെറ, ദൈവകൽപന പ്രകാരം നിലത്തിട്ടാൽ പാമ്പാകുന്ന വടിക്കുമുന്നിൽ അന്നത്തെ സകലവിധ ജാലവിദ്യക്കാരും തോൽവി സമ്മതിച്ചു. യേശു കാണിച്ച മരിച്ചവരെ ഉയർത്തുക തുടങ്ങിയ അമാനുഷിക കഴിവുകൾക്കുമുന്നിൽ അന്നത്തെ സകലവിധ ചികിൽസകന്മാരും തോൽവി സമ്മതിച്ചു മുട്ടുമടക്കി. ഇങ്ങനെ വിവിധ സമൂഹങ്ങളിലേക്ക് നിയുക്തരായ പ്രവാചകന്മാർക്ക് സമൂഹത്തിൻെറ വളർച്ചക്കനുസരിച്ച ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടു. തങ്ങൾ സ്രഷ്ടാവും സർവശക്തനുമായ ദൈവത്തിൻെറ പ്രവാചകന്മാരാണെന്നതിനുള്ള വ്യക്തമായ തെളിവുകളായിരുന്നു അവ.



ഈ പ്രവാചകപരമ്പരക്ക് മാനവസമുദായത്തിൻെറ ഉൽപത്തി മുതൽ തന്നെ തുടക്കം കുറിക്കപ്പെട്ടിട്ടുണ്ട്. ദൈവം മണ്ണിൽ നിന്ന് മനുഷ്യനെയും അവനിൽനിന്ന് തൻെറ ഇണയേയും സൃഷ്ടിച്ചു. ദൈവത്തിൻെറ വിലക്കുകൾ പാലിക്കാതെ പിശാചിൻെറ ദുർബോധനങ്ങൾക്ക് വശംവദരായി വിലക്കപ്പെട്ട കനി തിന്നതിനാൽ സ്വർഗലോകത്തിൽ നിന്നും പുറത്താക്കപ്പെട്ട ആദ്യദമ്പതികൾ ചെയ്ത കുറ്റം അവരുടെ പശ്ചാത്താപം കൊണ്ട് ദൈവം പൊറുത്തുകൊടുത്തു. അതിന്നുശേഷം ഭൂമിയിലേക്കയക്കപ്പെട്ട അവരുടെ സന്തതികൾക്ക് ഉദ്ബോധനം നടത്താനുള്ള ബാധ്യത ആദിമനുഷ്യനായ ആദമിൽ ഭരമേൽപിക്കപ്പെട്ടു. അദ്ദേഹം തൻെറ സന്തതികളോട് "ഈ സമസ്ത പ്രപഞ്ചത്തിൻെറയും സ്രഷ്ടാവ് ഏകനായ ദൈവമാണെന്നും അവൻ മാത്രമാണ് ആരാധനകൾക്കർഹനെന്നും അവൻെറ വിധിവിലക്കുകൾ പാലിക്കുന്നവർക്ക് മരണാനന്തരജീവിതത്തിൽ രക്ഷയുണ്ടെന്നും അനുസരിക്കാത്തവർക്ക് ശിക്ഷ ലഭിക്കുമെന്നും" പഠിപ്പിച്ചു. ഇതാണ് പ്രവാചകത്വത്തിൻെറ തുടക്കം.

ആദമിൻെറ സന്തതികൾ പെരുകി. പലരും തങ്ങളുടെ പിതാവായ ആദമിൻെറ മാർഗം പിന്തുടർന്നു. ഏകനായ ദൈവത്തെ മാത്രം ആരാധിച്ചു അവൻെറ വിധിവിലക്കുകളെ അനുസരിച്ചു. കാലക്രമത്തിൽ അവസ്ഥ മാറി. വീരാരാധനയിൽ നിന്നാണ് സമൂഹത്തിൻെറ വഴികേടിന് തുടക്കം കുറിക്കപ്പെട്ടത്. സമൂഹത്തിലെ ഉന്നതന്മാരും സദ്‌വൃത്തരുമായ പിതാക്കളോടുള്ള ബഹുമാനം അവരെ പൂജിക്കുന്നതിലേക്കും അവരോട് സഹായങ്ങളർഥിക്കുന്നതിലേക്കും അങ്ങനെ അവരെയെല്ലാം ആരാധ്യന്മാരായി പ്രതിഷ്ഠിക്കുന്നതിലേക്കും മനുഷ്യരെ എത്തിച്ചു. ഇതോടൊപ്പം തന്നെ പ്രകൃതിശക്തികളോടുള്ള ആരാധനാ മനോഭാവവും വളർന്നുവന്നിരുന്നു. സൂര്യചന്ദ്രനക്ഷത്രങ്ങളെയും കാറ്റ്, ഇടിമിന്നൽ, സമുദ്രം എന്നിവയെയും മരങ്ങളെയും മൃഗങ്ങളെയും പോലും ആരാധിക്കുന്ന അവസ്ഥയുണ്ടായി. പ്രകൃതി ശക്തികൾക്കെല്ലാം പിന്നിൽ പ്രത്യേകം പ്രത്യേകം ദൈവങ്ങളെ സങ്കൽപിച്ചു. വീരാരാധനയും പ്രകൃതിപൂജയും സൃഷ്ടിച്ച വൈരുധ്യങ്ങൾ സമൂഹത്തിൽ വിള്ളലുകളുണ്ടാക്കി. ഒട്ടനവധി ആരാധ്യന്മാരും ആരാധനാ സമ്പ്രദായങ്ങളുമുണ്ടായി. സമൂഹം ഭിന്നിച്ചു. വ്യത്യസ്ത മതങ്ങളുണ്ടായി. ആദമിൻെറ സന്തതികൾ വ്യത്യ

സ്ത ദേശങ്ങളിലേക്ക് കുടിയേറി. അവിടങ്ങളിലെല്ലാം രാഷ്ട്രങ്ങളുണ്ടായി. ഒരൊറ്റ മാതാപിതാക്കളുടെ മക്കൾ തന്നെ വിവിധ രാഷ്ട്രങ്ങളും സമുദായങ്ങളുമായി രൂപാന്തരപ്പെട്ടു. ഓരോ സമുദായത്തിനും പ്രത്യേക മതവും ആരാധാനാസമ്പ്രദായങ്ങളുമുണ്ടായി. ആരാധ്യന്മാർ ഏറെയുണ്ടായപ്പോൾ യഥാർഥത്തിലുള്ള ആരാധ്യനായ ഏകദൈവത്തെ അവർ മറന്നു. അതോടൊപ്പം തന്നെ സ്വാഭാവികമായും ദൈവത്തിൻെറ വിധിവിലക്കുകൾ ശ്രദ്ധിക്കാനവർക്ക് സമയമില്ലാതെയായി. സമൂഹം ദുർവൃത്തികളിലും ദുരാചാരങ്ങളിലും പെട്ടുനട്ടം തിരിഞ്ഞു.

ഇത്തരം അവസ്ഥകളിൽ ദൈവം ഓരോ സമൂഹത്തിലേക്കും സത്യത്തെ പ്രബോധനംചെയ്യാൻ വേണ്ടി ദൂതന്മാരെ അയച്ചു. തങ്ങളുടെ സമൂഹത്തിൻെറ വഴികേടിനെക്കുറിച്ച് അവർ സ്വസമുദായത്തെ ബോധവാന്മാരാക്കി. സകല പ്രപഞ്ചത്തിൻെറയും സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്തെ മാത്രമെ ആരാധിക്കാൻ പാടുള്ളൂവെന്നും മറ്റു വസ്തുക്കളെല്ലാം ദൈവത്തിൻെറ സൃഷ്ടികളാണെന്നും അവർ സമൂഹത്തെ ഉദ്ബോധിപ്പിച്ചു. ദുർവൃത്തികളിൽ നിന്നും ദുരാചാരങ്ങളിൽനിന്നും അവർ സമൂഹത്തെ തടഞ്ഞു. ദൈവപ്രീതി ലക്ഷ്യമാക്കി ജീവിക്കാൻ അവർ ജനങ്ങളോടാഹ്വാനം ചെയ്തു. മരണാനന്തര ജീവിതത്തെക്കുറിച്ച് അവർ സമൂഹത്തിന് മുന്നറിയിപ്പ് നൽകി. ദൈവത്തിൻെറ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് ജീവിക്കുന്നവർക്ക് പരലോകത്തുവെച്ച് സുഖസമ്പൂർണമായ ജീവിതവും അവ അവഗണിക്കുന്നവർക്ക് കാഠിന്യമേറിയ ശിക്ഷയുമുണ്ടെന്ന് അവർ മാനവരാശിയെ അറിയിച്ചു.

ലോകത്ത് എവിടെയെല്ലാം മനുഷ്യരുണ്ടോ അവിടെയെല്ലാം മുന്നറിയിപ്പുകാരനായ ദൈവദൂതൻെറ ആഗമനവും നടന്നിട്ടുണ്ട്. ദൈവദൂതൻെറ നിയോഗമില്ലാത്ത ഒരൊറ്റ സമൂഹവും കഴിഞ്ഞുപോയിട്ടില്ല. സെമിറ്റിക് വംശങ്ങളിൽ മാത്രമല്ല ഇന്ത്യക്കാർക്കിടയിലും ആഫ്രിക്കക്കാർക്കിടയിലുമെല്ലാം ദൈവദൂതന്മാർ നിയുക്തരായിട്ടുണ്ട്. ഇവരെല്ലാവരും പ്രബോധനംചെയ്ത തത്ത്വം അടിസ്ഥാനപരമായി ഒന്നുതന്നെയായിരുന്നു-ഏകദൈവാരാധനയും ദിവ്യസന്ദേശ പരികൽപനയും പരലോവിശ്വാസവും-ഇവരെല്ലാവരും പ്രബോധനം ചെയ്ത മതമാണ് ഇസ്‌ലാം. നോഹയും അബ്രഹാമും യാക്കോബും യോനായും മോശെയും യേശുവും മുഹമ്മദും മാത്രമല്ല ലോകത്തി



ലേക്ക് വന്ന പ്രവാചകന്മാർ മുഴുവൻ മാനവരാശിയെ പഠിപ്പിച്ചത് എന്താണോ അതാണ് ഏകദൈവരാധാനയും അവന്നുള്ള സമർപ്പണവും അഥവാ ഇസ്‌ലാം. അടിസ്ഥാനപരമായി ഒരേ തത്ത്വങ്ങൾ തന്നെയാണ് പ്രവാചകന്മാർ പഠിപ്പിച്ചിരുന്നത്. എന്നാൽ, കർമപരിപാടികൾക്ക് കാലഘട്ടത്തിനും സാമൂഹികസാഹചര്യത്തിനും അനുസൃതമായി അൽപസ്വൽപം വ്യത്യാസങ്ങളുണ്ടായിരുന്നു. എങ്കിലും അവയുടെയെല്ലാം ആത്മാവ് ഒന്നുതന്നെയായിരുന്നു. ഏകദൈവാരാധനയിലധിഷ്ഠിതമായിരുന്നു അവയെല്ലാം തന്നെ. ജനങ്ങളിൽ സത്യസന്ധതയും ആത്മാർത്ഥതയും വളർത്തി പരലോകത്തിലെ ശിക്ഷയിൽനിന്ന് അവരെ മോചിപ്പിക്കുകയും രക്ഷയ്ക്കുവേണ്ടി പ്രാപ്തരാക്കുകയും ചെയ്യുകയായിരുന്നു ഈ നിയമനിർദേശങ്ങളുടെയും കർമപരിപാടികളുടെയുമെല്ലാം ലക്ഷ്യം.

ജനങ്ങളുടെ മോചനത്തിൻെറ സന്ദേശമാണ് പ്രവാചകന്മാർ അവർക്ക് പഠിപ്പിച്ചുകൊടുത്തത്. അവരുടെ ശാശ്വതവിജയത്തിനുള്ള മാർഗമാണ് ദൈവദൂതന്മാർ കാണിച്ചുകൊടുത്തത്. അവരെ മോക്ഷത്തിലേക്ക്നയിക്കാനാണ് പ്രവാചകന്മാർ നിയുക്തരായത്. പക്ഷേ, ജനങ്ങൾ പ്രവാചകന്മാരെ പല വിധത്തിലും ഉപദ്രവിച്ചുകൊണ്ടിരുന്നു. കാരണമുണ്ടായിരുന്നു. തങ്ങളുടെ പാരമ്പര്യവിശ്വാസത്തിനെതിരായിട്ടാണ് പ്രവാചകന്മാർ രംഗത്തുവന്നിട്ടുള്ളത്. അവർക്ക് പറയാനുള്ളത് ഏകദൈവത്തെ മാത്രമാണ് ആരാധിക്കേണ്ടത് എന്നാണ്; ദൈവികമാർഗനിർദേശങ്ങൾക്കനുസരിച്ചുള്ള ജീവിതമാണ് പരലോകമോക്ഷത്തിന് നിദാനമെന്നാണ്. ഇത് കുട്ടിദൈവങ്ങളെയും കല്ലറകളെയും വ്യാജദൈവങ്ങളെയും ഇടയാളന്മാരെയും വിഗ്രഹങ്ങളെയുമെല്ലാം വെടിയുന്ന അവസ്ഥയിലേക്കാണ് ജനങ്ങളെ നയിക്കുക. അപ്പോൾ ഈ ദൈവങ്ങളുടെ സ്വന്തക്കാരായി സ്വയം അവരോധിതരാവുകയും ദൈവങ്ങളുടെ പേരിൽ മനുഷ്യരെ മാനസികമായി അടിമകളാക്കിവെക്കുകയും ചെയ്തിരുന്ന പൗരോഹിത്യത്തിന് പ്രസക്തിയുണ്ടാവുകയില്ല. ഏകനായ ദൈവത്തെമാത്രമാണ് ആരാധിക്കേണ്ടതെങ്കിൽ, അവനോട് നേരിട്ട് പ്രാർഥിക്കാമെങ്കിൽ, അവൻ സർവശക്തനുമാണെങ്കിൽ പിന്നെ പൗരോഹിത്യത്തിനും ഇടയാളന്മാർക്കുമെന്താണ് പ്രസക്തി? ഇതു മനസ്സിലാക്കിയ പൗരോഹിത്യം ജനങ്ങളെ പ്രക്ഷുബ്ധരാക്കി. പാരമ്പര്യ വിരോധികളും പൗരാണികന്മാരെ തള്ളിപ്പറയുന്നവരുമാണ് പ്രവാചകന്മാരെന്ന ധാരണയു

ണ്ടാക്കിക്കൊണ്ട് സാധാരണക്കാരെ അവർക്കെതിരെ പ്രകോപിതരാക്കി വിട്ടു. പലപ്പോഴും അധികാരവർഗവും പൗരോഹിത്യത്തിന് കൂട്ടുനിന്നു. ഏകനായ ദൈവത്തിനുമുന്നിൽ പണക്കാരനും പണിക്കാരനും അധികാരികളും പ്രജകളുമെല്ലാം സമൻമാരാണെന്നുവന്നാൽ പിന്നെ തങ്ങൾക്ക് ജന്മാവകാശമായിക്കിട്ടിയ അധികാരത്തിൻെറ ഔന്നത്യത്തിന് അർഥമുണ്ടാവുകയില്ലെന്നവർ കണക്കുകൂട്ടി. പരലോകമോക്ഷത്തിന് ദൈവദൂതന്മാർ പറയുന്ന മാർഗമാണ് ഉപയുക്തമെന്ന്വന്നാൽ തങ്ങൾ ചെയ്യുന്ന തോന്നിവാസങ്ങൾക്ക് അരു നിൽക്കുവാൻ അളെക്കിട്ടുകയില്ലെന്നവർ മനസ്സിലാക്കി. അങ്ങനെ അധികാരിവർഗവും പൗരോഹിത്യവും കൂടി പ്രവാചകന്മാരെയും അവർ പഠിപ്പിച്ച തത്വങ്ങളെയും നശിപ്പിക്കാനായി സകലവിധ തന്ത്രങ്ങളും പയറ്റി. അക്രമങ്ങളഴിച്ചുവിട്ടു. പ്രലോഭനങ്ങൾ നടത്തി. പല പ്രവാചകന്മാരും വധിക്കപ്പെട്ടു. ചിലർ ബഹിഷ്കരിക്കപ്പെട്ടു. മറ്റു ചിലർ ആട്ടിയോടിക്കപ്പെട്ടു. ജീവനോടെ നിർത്തി ഈർച്ചവാളുകൊണ്ട് നടുവെ ഛേദിച്ചതും ശരീരമാസകലം ഇരുമ്പു ചീർപ്പുകൊണ്ട് വാർന്ന് ചോരയൊലിപ്പിച്ചതുമെല്ലാം ജനങ്ങൾക്ക് മോ ചനത്തിൻെറ മാർഗം കാണിച്ചുകൊടുത്തുവെന്ന ഏകകാരണത്താലായിരുന്നുവെന്ന് മനസ്സിലാക്കുമ്പോഴാണ് സത്യമതപ്രബോധനത്തിനായി പ്രവാചകന്മാർ എത്രമാത്രം ത്യാഗങ്ങൾ സഹിച്ചുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുക.

ഈ അക്രമങ്ങളൊന്നും സത്യമാർഗത്തിൻെറ സന്ദേശപ്രചാരണത്തിൽ നിന്ന് ദൈവത്തിൻെറ ഉത്തമദാസന്മാരെ പിന്തിരിപ്പിക്കാൻ പര്യാപ്തമല്ലായിരുന്നു. ഇത്തരം പ്രതിബന്ധങ്ങളെയെല്ലാം തൃണവൽഗണിച്ചുകൊണ്ട് പ്രവാചകന്മാർ തങ്ങൾ ഏൽപിക്കപ്പെട്ട ദൗത്യം നിർവഹിച്ചുകൊണ്ടിരുന്നു. സമൂഹത്തിൻെറ എതിർപ്പ് വകവെക്കാതെ സത്യാന്വേഷികൾ കൂട്ടംകൂട്ടമായി ഈ സത്യമതത്തിൽ ചേർന്നു. വലിയവലിയ ജനസമുദായങ്ങൾ തന്നെ ദൈവികമാർഗദർശനത്തിൻെറ കൊടിക്കീഴിൽ അണിനിരന്നു. അവിടെ വ്യക്തമായ രണ്ടു ചേരികളുണ്ടായി. ഒന്ന്, സ്രഷ്ടാവായ ദൈവത്തെ മാത്രം ആരാധിക്കുകയും അവൻെറ മാർഗനിർദേശങ്ങൾ പിൻപറ്റുകയും ചെയ്യുന്നവർ. രണ്ട്, ദൈവത്തെ കൂടാതെ മറ്റു പലതിനെയും ആരാധിക്കുകയും അവൻെറ മാർഗദർശനത്തെ അവഗണിക്കുകയും ചെയ്യുന്നവർ. ഇതിൽ രണ്ടാമത്തെ ചേരി ഒന്നാമത്തെ ചേരിയെ നശിപ്പിക്കാനായി ശ്രമിച്ചപ്പോൾ ഇവ പ്രധാനപ്പെട്ട രണ്ടു സമൂഹങ്ങളായി രൂപാന്തരപ്പെട്ടു. ഒന്നാമത്തെ സമൂഹം ദൈവിക മാർഗദർശനങ്ങൾ സ്വീകരിക്കുന്നതിനാൽ അവർ സത്യമതം സ്വീകരിക്കുന്നവരായി. അഥവാ മുസ്ലിംകളായി. രണ്ടാമത്തെ സമൂഹം ദൈവിക മാർഗദർശനങ്ങൾ അവഗണിച്ചതിനാൽ അവർ സത്യനിഷേധികളായി. അഥവാ കാഫിറുകളായി.



ഇതാണ് ഇസ്ലാമിൻെറ സമുദായ സങ്കൽപം. അറബിഭാഷയിൽ ഇസ്ലാം എന്ന പദത്തിൻെറ അർഥം സമർപ്പണം, കീഴ്വണക്കം എന്നൊക്കെയാണ്. സമാധാനം, രക്ഷ എന്നീ ആശയങ്ങളും ആ പദത്തിൽ അടങ്ങിയിട്ടുണ്ട്. സർവശക്തനായ സ്രഷ്ടാവിന് സർവസ്വവും സമർപ്പിക്കുക വഴിയുള്ള സമാധാനത്തിൻെറയും രക്ഷയുടെയും പാതയിലേക്കുള്ള പ്രയാണമാണ് ഇസ്ലാം എന്ന് പറയാം. സർവശക്തൻ പ്രവാചകന്മാരിലൂടെ അവതരിപ്പിച്ച ഇസ്ലാം സ്വീകരിക്കുന്നവനാണ് മുസ്ലിം. അത് ധിക്കരിക്കുന്നവൻ ഇസ്ലാമിൻെറ വൃത്തത്തിന് പുറത്താണ്. ജന്മമല്ല വിശ്വാസവും കർമങ്ങളുമാണ് മനുഷ്യരെ മുസ്ലിമും അമുസ്ലിമുമാക്കിത്തീർക്കുന്നത്. സത്യവിശ്വാസികളായ മാതാപിതാക്കൾക്ക് ജനിക്കുന്ന കുഞ്ഞ്, ദൈവധിക്കാരത്തിൻെറ മാർഗമാണ് പിന്തുടരുന്നതെങ്കിൽ അവൻ ഇസ്ലാമിനു പുറത്താണ്. അവിശ്വാസികളായ മാതാപിതാക്കളുടെ കുട്ടി, ദൈവത്തിന് സ്വയം സമർപ്പിക്കാനും പ്രവാചകന്മാർ പഠിപ്പിച്ച പാത പിന്തുടരാനും സന്നദ്ധമാവുകയാണെങ്കിൽ ഇസ്ലാമികസമൂഹത്തിലെ അംഗമാണ്. പടച്ചതമ്പുരാന് സമ്പൂർണമായും സമർപ്പിക്കാൻ സന്നദ്ധരായ സജ്ജനങ്ങളുടെ കൂട്ടായ്മയാണ് മുസ്ലിം സമുദായം. അതല്ലാതെ മുസ്ലിം നാമങ്ങളുള്ള മാതാപിതാക്കളുടെ മക്കളായി പിറന്ന കുറെ മനുഷ്യരുടെ ഒത്തുചേരലല്ല.

പ്രവാചകന്മാർ പ്രബോധനം ചെയ്ത മതത്തിന് അവരുടെ ജീവിതകാലത്തിനുശേഷം ഏറെക്കാലം നിലനിൽപ്പുണ്ടായില്ല. അവരുടെ പിൻഗാമികൾ തന്നെ പ്രവാചകന്മാരുടെ ശിക്ഷണനിർദേശങ്ങളെ മാറ്റിമറിച്ചു. അവർ കൊണ്ടുവന്ന ദൈവികഗ്രന്ഥങ്ങളിൽ സ്വന്തം വകയായി പലതരം ആശയങ്ങൾ കടത്തിക്കൂട്ടി. ചിലർ പ്രവാചകന്മാരെ ദൈവാവതാരങ്ങളായി പ്രതിഷ്ഠിച്ചു. മറ്റു ചിലർ പ്രവാചകന്മാർ ദൈവപുത്രന്മാരാണെന്ന് വാദിച്ചു. വേറെ ചിലർ പ്രവാചകന്മാർ ദൈവികവ്യക്തിത്വത്തിലെ ആളത്വമാണെന്ന് പറഞ്ഞു.

ഇങ്ങനെ സർവശക്തനെയല്ലാതെ മറ്റാരെയും ആരാധിക്കുവാൻ പാടില്ലെന്ന് പറഞ്ഞ പ്രവാചകന്മാരെത്തന്നെ പൂജിക്കുകയെന്ന വൈരുധ്യത്തിനാണ് മനുഷ്യചരിത്രം സാക്ഷ്യം നിൽക്കുന്നത്. പ്രവാചകന്മാർ പഠിപ്പിച്ച കർമാനുഷ്ഠാനങ്ങളെയും നിയമനിർദേശങ്ങളെയും അവരുടെ 'അനുയായികൾ' തന്നെ ദുഷിപ്പിച്ചുകളഞ്ഞു. പലതരം മൂഢാചാരങ്ങളും ദുർനടപടികളും മതത്തിൻെറ പേരിൽ അവർ നിർമിച്ചു നടപ്പാക്കി. കെട്ടുകഥകളും വ്യാജേതിഹാസങ്ങളും കൂട്ടിക്കലർത്തിക്കൊണ്ട് കുറെ മിത്തുകളെ സൃഷ്ടിച്ച് അവയ്ക്കെല്ലാം ആരാധനകളർപ്പിക്കുന്ന അവസ്ഥയുണ്ടായി. അങ്ങനെ സത്യവും അസത്യവും കൂടിക്കുഴഞ്ഞ രൂപത്തിലായി. പ്രവാചകൻ പഠിപ്പിച്ച വിശ്വാസാചാരങ്ങളേതാണെന്നും പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതെന്താണെന്നും വിവേചിച്ചറിയാൻ കഴയാതെയായി. അപ്പോൾ വീണ്ടും ദൈവം ദൂതന്മാരെ നിയോഗിച്ചു. അവർ സമൂഹത്തെ ഉദ്ധരിക്കാൻ ശ്രമിച്ചു. സത്യത്തിൻെറ സന്ദേശം ജനങ്ങൾക്കെത്തിച്ചു. പലരും വെളിച്ചത്തിലേക്കുവന്നു. മോക്ഷം നേടി. മറ്റു ചിലർ അന്ധത പുൽകി അവിശ്വാസികളായി. ഈ ചക്രം ആവർത്തിച്ചുകൊണ്ടിരുന്നു.

പ്രവാചകന്മാർ എല്ലാ സമൂഹങ്ങളിലേക്കും നിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് നാം മനസ്സിലാക്കി. അവരിൽ ഓരോരുത്തരുടെയും പ്രബോധന ദൗത്യം സ്വസമുദായത്തിൽ മാത്രം ഒതുങ്ങിനിന്നു. സമുദായങ്ങൾ തമ്മിൽ ഇന്നത്തെപ്പോലുള്ള ബന്ധങ്ങളോ അടുപ്പമോ ഇല്ലാതിരുന്ന അക്കാലത്ത് അത് മാത്രമായിരുന്നു പ്രായോഗികമായ നടപടി. ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത സമൂഹങ്ങളിൽ ജീവിച്ച വ്യത്യസ്തരായ പ്രവാചകന്മാരുണ്ടായിരുന്നുവെന്ന് ചരിത്രം വ്യക്തമാക്കുന്നുണ്ട്.

പ്രവാചകന്മാരെല്ലാവരും ലോകത്തിനു മുഴുവനും സ്വീകരിക്കാൻ പറ്റുന്ന സന്ദേശങ്ങളുമായി കടന്നുവരാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച് ദീർഘദർശനം നടത്തിയിട്ടുണ്ട്. തങ്ങളുടെ ദൗത്യം ഒരു പ്രത്യേക ദേശത്തിലെയോ സമൂഹത്തിലെയോ മനുഷ്യരോട് മാത്രമാണെന്നും അന്തിമപ്രവാചകൻെറ ആഗമനത്തോടെ ലോകം ഐക്യപ്പെടുകയും ഒറ്റക്കെട്ടായി ഒരേ ആചാരങ്ങളും വിശ്വാസങ്ങളും സ്വീകരിക്കുകയും ദൈവത്തിങ്കൽ നിന്ന് മാനവസമുദായം അറിയേണ്ടതാവശ്യമായ എല്ലാ വിവരങ്ങളും അറിയിക്കപ്പെടുവാൻ



അർഹത നൽകപ്പെടുകയും ചെയ്യുമെന്ന് മുൻപ്രവാചകന്മാർ മുഴുവനും പ്രവചിച്ചതായി മനസ്സിലാക്കാം. പുതിയതും പഴയതുമായ നിയമങ്ങളിൽ മാത്രമല്ല ഹൈന്ദവ അടിസ്ഥാനഗ്രന്ഥങ്ങളിൽ വരെ ഇത്തരം പ്രവചനങ്ങളിൽ ചിലത് കാണാൻ കഴിയും.

മോശെ പ്രവാചകനോട് ദൈവം നൽകിയ വാഗ്ദാനം ഇങ്ങനെയായിരുന്നു. "അവർ പറഞ്ഞതെല്ലാം ശരിതന്നെ. നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എൻെറ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കൽപിക്കുന്നവയെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എൻെറ നാമത്തിൽ ഉച്ചരിക്കുന്ന എൻെറ വാക്കുകൾ ചെവിക്കൊള്ളാത്തവനോട് ഞാൻ തന്നെ കണക്കുചോദിക്കും. എൻെറ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സംസാരിക്കുവാൻ മുതിരുകയോ, മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും 'കർത്താവ് അരുൾചെയ്തിട്ടില്ലാത്ത വചനങ്ങൾ ഞങ്ങൾ എങ്ങനെ തിരിച്ചറിയും?' എന്നു നീ ഹൃദയത്തിൽ പറയുമായിരിക്കും. ഒരു പ്രവാചകൻ കർത്താവിൻെറ നാമത്തിൽ സംസാരിച്ചിട്ട് ആ വചനം യാഥാർഥ്യമാകാതിരിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്താൽ, ആ വചനം കർത്താവ് അരുൾ ചെയ്തതല്ല. പ്രവാചകൻ അത് തോന്ന്യാസമായി പറഞ്ഞതാണ്, നീ അയാളെ ഭയപ്പെടേണ്ടതില്ല."[1]

ആവർത്തന പുസ്തകത്തിൽ നമുക്കിങ്ങനെ കാണാം. "കർത്താവ് സീനായിൽ നിന്നുവന്നു. സേയീറിൽ വെച്ചു നമ്മുടെ മേൽ ഉദിച്ചു. പാറാൻ പർവതത്തിൽ അവൻ പ്രകാശിച്ചു. തൻെറ വലതു കയ്യിൽ അഗ്നിജ്വാലയുമായി പതിനായിരങ്ങളായ വിശുദ്ധന്മാരിൽനിന്ന് അവൻ വന്നു."[2]

യിരമ്യ്യാ ദീർഘദർശി പറഞ്ഞത് ഇങ്ങിനെയായിരുന്നു. "സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന്അറിയാം."[3]

1. ആവർത്തനം 18:18-22
2. ആവർത്തനം 33:2
3. യിരെമ്യാ 28:9

ഉൽപത്തി പുസ്തകം ഇങ്ങനെ പ്രവചിച്ചു: "അവകാശി വരുവോളം ചെങ്കോൽ യഹൂദായിൽ നിന്ന് ഒഴിഞ്ഞുപോവുകയില്ല. രാജദണ്ഡ് അയാളുടെ പാദങ്ങൾക്കിടയിൽ നിന്നു മാറുകയില്ല. ജനതകളുടെ വിധേയത്വം അയാളോടായിരിക്കും."[1]

നൂറ്റാണ്ടുകളായി ഇസ്രായീൽ ജനത ആ രക്ഷകനെ കാത്തിരിക്കുകയായിരുന്നു. മോശെക്കുശേഷം വന്ന പ്രവാചകന്മാരൊന്നും തന്നെ മോശെയെപ്പോലുള്ള പ്രവാചകനല്ലെന്നും അവരൊന്നും ഇസ്രായീല്യരുടെ സഹോദരന്മാരിൽ നിന്ന് ഉയർത്തപ്പെട്ടതല്ലെന്നും അവർ മനസ്സിലാക്കി. മോശെ മുതൽ യേശു വരെയുള്ളവരെല്ലാം ഇസ്രായീല്യരിൽ നിന്നായിരുന്നു. നിയമങ്ങളോ മറ്റോ നൽകപ്പെട്ടവരായിരുന്നില്ല യേശുവരെയുള്ള പ്രവാചകന്മാരൊന്നും തന്നെ. സീനാ പർവതത്തിൽ നിന്നുള്ള കർത്താവിൻെറ ആഗമനം മോശെയോടുകൂടി പൂർത്തിയായി. പലസ്തീനിലുള്ള സേയീർ മലയിൽ നിന്നുള്ള കർത്താവിൻെറ ഉദയം യേശുവിൻെറ വരവോടുകൂടി പൂർത്തിയാക്കപ്പെട്ടു. അറേബ്യയിലെ ഹിജാസിലുള്ള പാറാൻ പർവതത്തിൽ നിന്നുള്ള കർത്താവിൻെറ പ്രകാശിക്കൽ എന്നാണെന്ന് കാത്തുകഴിയുകയായിരുന്നു ഇസ്രായീല്യർ. മോശെക്കുശേഷം വരുന്ന പ്രവാചകന്മാരിൽ ആരാണ് സമാധാനം പ്രവചിക്കുകയെന്ന് അവർ നോക്കിയിരുന്നു. പ്രവാചകത്വത്തിൻെറ ചെങ്കോൽ യഹൂദി-ഇസ്രായീല്യർ-കളിൽനിന്ന് നീക്കിക്കളയുന്ന അവകാശിയുടെ ആഗമനം അവർ കാത്തിരുന്നു.

യേശുവിന് മുമ്പുള്ള ഇസ്രായീല്യരെല്ലാവരും തന്നെ മൂന്ന് മഹാന്മാരെ പ്രതീക്ഷിക്കുന്നവരായിരുന്നു. ഏലിയാവ്, ക്രിസ്തു, അന്തിമ പ്രവാചകൻ എന്നിവരായിരുന്നു ഈ മൂന്ന് പേർ. അവരിലേക്കുവന്ന ഓരോ പ്രവാചകന്മാരോടും അവർ ചോദിച്ചു. നിങ്ങൾ ഏലിയാവോ യേശുവോ അന്ത്യപ്രവാചകനോ ഇതിൽ ആരാണെന്ന്. യേശുവിന് മുമ്പുവന്ന യോഹന്നാൻ സ്നാപകനോടു യഹൂദികൾ ചോദിച്ചു: 'നീ ക്രിസ്തുവാണോ?' 'ഞാൻ ക്രിസ്തുവല്ല' എന്നയാൾ ഏറ്റു പറഞ്ഞു. അവർ അയാളോട് ചോദിച്ചു. 'എങ്കിൽ നീ പിന്നെ ആരാണ്? ഏലിയായോ?' അയാൾ പറഞ്ഞു 'അല്ല'. 'നീ ആ പ്രചവാകനാണോ?' അയാൾ മറുപടി പറഞ്ഞു. "അല്ല."[2] ക്രിസ്തുവിന് ശേഷവും അവർ 'ആ പ്രവാചകനെ' കാത്തിരിക്കുകയായിരുന്നു.

1. ഉൽപത്തി 49:10
2. യോഹന്നാൻ 1:20-22



ഇസ്രായീല്യരിലെ അവസാനത്തെ പ്രവാചകനായ ക്രിസ്തുവും ലോകത്തിലേക്കുവന്നു. അദ്ദേഹം ഇസ്രായീല്യരിലേക്ക് മാത്രം അയക്കപ്പെട്ട പ്രവാചകനായിരുന്നു. അദ്ദേഹം പറഞ്ഞു: "ഇസ്രായീൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് എന്നെ അയച്ചിരിക്കുന്നത്''[1] ക്രിസ്തു തൻെറ ശിഷ്യന്മാരോട് പറഞ്ഞത് ഇങ്ങിനെയായിരുന്നു. "നിങ്ങൾ വിജാതീയരുടെ ഇടയിൽ പോകരുത്; ശമര്യക്കാരുടെ പട്ടണങ്ങളിലും പ്രവേശിക്കരുത്. എന്നാൽ, ഇസ്രായീൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്ക് പോകുക".[2] അദ്ദേഹവും മോശെയെപ്പോലുള്ള പ്രവാചകനായിരുന്നില്ല. മോശെയുടെ ജനനം സാധാരണ രീതിയിലായിരുന്നു (പിതാവിൻെറയും മാതാവിൻെറയും സംഗമത്തിൽനിന്ന്). യേശു പിതാവില്ലാതെ തികച്ചും അസാധാരണ നിലയിലാണ് ജനിച്ചത്. മോശെക്ക് ഭാര്യയും മക്കളുമുണ്ടായിരുന്നെങ്കിൽ യേശുവിന് ഇവയൊന്നുമുണ്ടായിരുന്നില്ല. മോശെ പ്രവാചകൻ ഭരണാധികാരി കൂടിയായിരുന്നുവെങ്കിൽ യേശു പ്രവാചകൻ മാത്രമായിരുന്നു. മോശെ പ്രവാചകന് ന്യായപ്രമാണം നൽകപ്പെട്ടു. യേശുവാകട്ടെ മോശെയുടെ ന്യായപ്രമാണത്തെ അംഗീകരിക്കുക മാത്രമാണ് ചെയ്തത്.

യേശുവും വരാനിരിക്കുന്ന മഹാനായൊരു പ്രവാചകനെക്കുറിച്ച് ദീർഘദർശനം നടത്തി. അദ്ദേഹം പറഞ്ഞു "ഞാൻ പോകുന്നത് നിങ്ങളുടെ നന്മയ്ക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കൽ വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുത്തേക്ക് ഞാൻ അയക്കും.അവൻ വരുമ്പോൾ പാപത്തെയും നീതിയെയും ന്യായവിധിയെയും കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തും''.[3] യേശു വീണ്ടും പറഞ്ഞു: "ഇനിയും പലകാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്. എന്നാൽ, ഇപ്പോൾ നിങ്ങൾക്ക് അതു താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ, താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും".[4]

1. മത്തായി 15:24
2. മത്തായി 10:5, 6
3. യോഹന്നാൻ 16:7, 8
4. യോഹന്നാൻ 16:12-14

ഭാരതത്തിലേക്കുവന്ന പ്രവാചകന്മാരും മഹാനായ അന്ത്യപ്രവാചകൻെറ ആഗമനത്തെക്കുറിച്ച് മുൻകൂട്ടി പ്രവചിച്ചിട്ടുണ്ട്. വേദവ്യാസൻ ഇങ്ങനെ പറഞ്ഞു "അപ്പോൾ മഹാമദ് എന്ന പേരുള്ള വിദേശിയായ ലോകാചാര്യൻ തൻെറ ശിക്ഷ്യഗണങ്ങളോടുകൂടി പ്രത്യക്ഷപ്പെടും."[1] മഹാമദ് എന്ന വിശ്വാചാര്യനെക്കുറിച്ച് വേദവ്യാസൻ തുടർന്നു. "ദൈവദൂത സദൃശ്യനായ ഈ മരുഭൂനിവാസിയെ രാജാവ് ഗംഗാജലത്തിലും മറ്റു അഞ്ചുതരം ശുദ്ധീകരണ ജലങ്ങളിലും സ്നാനം ചെയ്യിച്ച് ഭക്തി വിശ്വാസ സമന്വിതം പൂജിച്ചുകൊണ്ട് ഇപ്രകാരം പ്രാർഥിക്കും. 'അല്ലയോ മനുഷ്യവർഗത്തിൻെറ അഭിമാനസ്തംഭമായി പിറന്ന മഹാനുഭാവാ! ദുഷ്ടനിഗ്രഹത്തിനുള്ള ദിവ്യശക്തിയുടെ മാഹാത്മ്യത്താൽ ശത്രുപീഢകളിൽ നിന്നും രക്ഷപ്രാപിച്ചു. പരാശക്തിയുടെ പ്രത്യക്ഷ ലക്ഷണമായി പരിലസിക്കുന്ന പുണ്യത്മാവേ! അങ്ങയുടെ പാദചരണങ്ങളിൽ അടിപണിയുന്ന ഈയുള്ളവനെ അവിടുന്ന് ഒരു അടിമയായി സ്വീകരിച്ചനുഗ്രഹിച്ചാലും."[2] ആ മഹാനായ പ്രവാചകൻെറ അനുയായികളെക്കുറിച്ചും സാംസ്കാരിക ചിഹ്ന ങ്ങളെക്കുറിച്ചും കൂടി വിവരിക്കുന്നുണ്ട് ഭവിഷ്യൽ പുരാണം."അദ്ദേ ഹത്തിൻെറ അനുയായികൾ ചേലാകർമം ചെയ്യും. അവർ കുടുമവെ ക്കുകയില്ല. അവർ താടി വളർത്തും. അവർ വിപ്ലവകാരികളായിരിക്കും. പ്രാർത്ഥനക്ക് വരാൻ അവർ ഉറക്കെ ആഹ്വാനം ചെയ്യും. പന്നി യെ ഒഴിച്ച് മറ്റു മിക്ക മൃഗങ്ങളെയും അവർ ഭക്ഷിക്കും. ശുദ്ധിചെയ്യാൻ ദർഭ ഉപയോഗിക്കുന്നതിനു പകരം സമരം ചെയ്ത് അവർ പരിശുദ്ധരാവും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നതി നാൽ മുസൈലവൻമാർ എന്നവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ ആവിർഭാവം എന്നിൽ നിന്നായിരിക്കും."[3]

3. എത സ്മിന്നന്തരേ മ്ലേഛഃ ആചാര്യേണ സമന്വിത
മഹാമദ ഇതിഖ്യാദഃ ശിഷ്യശാഖാ സമന്വിതം- ഭവിഷ്യൽ പുരാണം 3:3:3:5.
2. bid 3:3:3:6-8
3. Ibid 3:3:3:25-28

# മൂന്ന്

## മഹാനായ ദൈവദൂതൻ

പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പത്തെ അറേബ്യയുടെ ചിത്രം വളരെ ഇരുണ്ടതാണ്. ഉയർന്ന നിലയ്ക്കുള്ള യാതൊരു നാഗരികതയുമില്ലാതിരുന്ന അവിടെ പാഠശാലകളോ മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളോ ഗ്രന്ഥശാലകളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മദ്യത്തിൽ മുങ്ങിക്കിടന്നിരുന്നു അന്നത്തെ സമൂഹം. തൻെറ ശവശരീരം മുന്തിരിവള്ളിയുടെ ചുവട്ടിൽ കുഴിച്ചിട്ടാൽ ദ്രവിക്കുന്ന എല്ലുകൾക്ക് വീഞ്ഞിൻെറ മത്ത് ലഭിക്കുമല്ലോ എന്ന് പാടിയ അറേബ്യൻ കവിയുടെ വരികൾ, പ്രസ്തുത സമൂഹം എത്രത്തോളം മദ്യാസക്തരായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. നാരിമാരുടെ നഗ്നതാവിവരണമായിരുന്നു അന്നത്തെ കവിതകളുടെ പ്രധാനപ്പെട്ട ഉള്ളടക്കം. പെണ്ണിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത സമൂഹമായിരുന്നു അത്. നഗ്നതാ പ്രദർശനം നടത്തുന്നതിൽ സ്ത്രീപുരുഷ ഭേദമന്യെ യാതൊരു സങ്കോചവും അവർക്കുണ്ടായിരുന്നില്ല. കഅ്ബാലയത്തെ സ്ത്രീകളും പുരുഷന്മാരുമെല്ലാം നഗ്നരായിക്കൊണ്ടായിരുന്നു പ്രദക്ഷിണം ചെയ്തിരുന്നത്. കലഹങ്ങളും കൊലപാതകങ്ങളും ആ സമൂഹത്തിൽ സർവസാധാരണമായിരുന്നു. ഗോത്രവഴക്കുകളില്ലാത്ത ദിവസങ്ങൾ തുലോം വിരളമായിരുന്നു. മനുഷ്യർ മനുഷ്യരെ നിഷ്ഠൂരം വധിക്കുന്നതിൽ അവർ യാതൊരു തെറ്റും കണ്ടിരുന്നില്ല. ശക്തർ അശക്തരെ വധിക്കുകയും കൊള്ളയടിക്കുകയും ചെയ്യുക സാധാരണമായിരുന്നു. ഗോത്രമഹിമയിൽ അഭിമാനംകൊണ്ടിരുന്ന അറബികൾക്ക് ഗോത്രത്തിൻെറ പേരിൽ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നതിൽ യാതൊരു വൈമനസ്യവും ഉണ്ടായിരുന്നില്ല.

അവരുടെ ആരാധ്യവസ്തുക്കളാകട്ടെ ശിലാബിംബങ്ങളായിരുന്നു. സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്തിൻെറ അസ്തിത്വം അവർ അംഗീകരിച്ചിരുന്നുവെങ്കിലും അവനിലേക്ക് നേരിട്ട് അടുക്കുക അസാധ്യമായതിനാൽ ഇടയാളന്മാരെ സ്വീകരിക്കുകയെന്ന തത്ത്വമാണ് അവർ അംഗീകരിച്ചിരുന്നത്. ഈ ഇടയാളന്മാരിൽ മഹാത്മാക്കൾ മുതൽ വിഗ്രഹങ്ങൾ വരെയുണ്ടായിരുന്നു. കല്ലുകൾക്കു മുന്നിലായിരുന്നു അവർ നമസ്കരിച്ചിരുന്നത്.

ഇത്തരമൊരു സമുദായത്തിലാണ് മുഹമ്മദ് ജനിക്കുന്നത്. മക്കയിലെ ഖുറൈശ് ഗോത്രത്തിലെ ഹാഷിം കുടുംബത്തിൽ അബ്ദുല്ല-ആമിന ദമ്പതിമാരുടെ മകനായിട്ടാണ് അദ്ദേഹത്തിൻെറ ജനനം. അദ്ദേഹം ജനിക്കുന്നതിനു മുമ്പുതന്നെ പിതാവും ഏഴ് വയസ്സുള്ളപ്പോൾ മാതാവും മരണപ്പെട്ടു. അതിനാൽ തികച്ചും അനാഥനായിട്ടായിരുന്നു അദ്ദേഹം വളർന്നത്. മാതാവിൻെറ മരണശേഷം പിതാമഹനായ അബ്ദുൽ മുത്ത്വലിബ് അദ്ദേഹത്തിൻെറ സംരക്ഷണമേറ്റെടുത്തു. അൽപകാലത്തിനുശേഷം അദ്ദേഹവും മരണപ്പെട്ടതിനാൽ പിതൃസഹോദരനായ അബൂത്വാലിബിൻെറ സംരക്ഷണയിലാണ് അദ്ദേഹം വളർന്നത്. ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ അദ്ദേഹം നാൽപത്കാരിയായ ഖദീജ (റ) യെ വിവാഹം ചെയ്തു. ഇങ്ങനെ അനാഥനായി ജനിച്ച് അനാഥനായി വളർന്ന മുഹമ്മദാണ് ലോകം മുഴുവൻ കാത്തുകൊണ്ടിരുന്ന, പ്രവാചകന്മാർ മുഴുവൻ പ്രവചിച്ച മഹാനായ അന്തിമപ്രവാചകനായി തീർന്നത്. അങ്ങനെ ആവർത്തനപുസ്തകത്തിലെ പ്രവചനത്തിൻെറ പൂർത്തീകരണമായി. സീനായിൽനിന്നും വന്ന മോശയുടെയും സേയീറിൽ ഉദിച്ച യേശുവിൻെറയും പിൻഗാമിയായ ദൈവദൂതൻ പാറാൻ പർവതത്തിൻെറ നാടായ അറേബ്യയിൽനിന്നും ലോകത്തിനു മുഴുവനുമായി പ്രകാശിച്ചു.

അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് (സ), അതുകൊണ്ടുതന്നെ അദ്ദേഹം അവസാനത്തെ മനുഷ്യർ വരെയുള്ള സകലർക്കും മാതൃകയായിരിക്കണം. അതിനുവേണ്ടി അദ്ദേഹത്തിൻെറ ജീവിതം മുഴുവൻ രേഖപ്പെടുത്തപ്പെട്ടിരിക്കണം. അല്ലെങ്കിൽ അദ്ദേഹത്തിനു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് ജീവിക്കുന്ന മനുഷ്യർ മോക്ഷത്തിന്റെ മാർഗം പിൻപറ്റുന്നതെങ്ങനെ? അദ്ദേഹത്തെ പിൻതുടരുന്നതെങ്ങനെ? അൽഭുതം! മുഹമ്മദ് നബി (സ)യുടെ മുഴുജീവിതവും ആർക്കും വായിക്കാൻ പറ്റുന്ന വിധത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.



അല്ല, അദ്ദേഹത്തിൻേറതുപോലെ ജീവിതത്തിലെ ചെറുതും വലുതമായ മുഴുസംഭവങ്ങളും രേഖപ്പെടുത്തപ്പെട്ട ഒരു മനുഷ്യനും മാനവ ചരിത്രത്തിലുണ്ടായിട്ടേയില്ല. മുമ്പുള്ള പ്രവാചകന്മാരും തന്നെ രേഖപ്പെടുത്തപ്പെടുന്ന ചരിത്രത്തിൻെറ ഭാഗമായിട്ടില്ല. ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല എന്ന് പറയാൻ പലർക്കും അവസരമുണ്ടാക്കിയത് ചരിത്രത്തിൻെറ ദൃഷ്ടിയിൽ അവരുടെയെല്ലാം അസ്തിത്വം സംശയാസ്പദമായതുകൊണ്ടാണ്. എന്നാൽ, മുഹമ്മദി(സ)ൻെറ അവസ്ഥ തികച്ചും ഭിന്നമാണ്. 'മുഹമ്മദ് ചരിത്രത്തിൻെറ പൂർണമായ പ്രകാശത്തിലാണ് ജനിച്ചതെ'ന്ന ഹിറ്റിൻെറ പ്രസ്താവനതന്നെ അദ്ദേഹത്തിൻെറ ചരിത്രപരതക്കുള്ള വ്യക്തമായ അംഗീകാരമാണ്. മുഹമ്മദ് (സ) ജീവിച്ചില്ലെന്ന് പറയാൻ ആർക്കും ധൈര്യം വരാതിരിക്കുമാറ് ശക്തവും വ്യക്തവുമാണ് അദ്ദേഹത്തിൻെറ ചരിത്രം. അതുകൊണ്ടുതന്നെ അവസാനനാളുവരെയുള്ള മുഴുവൻ മനുഷ്യർക്കും മാതൃകയാകാൻ യോഗ്യതയുള്ള ഏകപ്രവാചകൻ അദ്ദേഹമാണ്.

അനാഥനായ മുഹമ്മദ് അന്ന് അറേബ്യയിൽ ലഭ്യമായിരുന്ന സംരക്ഷണങ്ങൾതന്നെ ലഭിക്കാതെയാണ് വളർന്നുവന്നത്. വിദ്യാഭ്യാസം അൽപംപോലും ലഭിക്കാത്തതിനാൽ എഴുത്തും വായനയും അറിയാത്തവനായിട്ടാണ് അദ്ദേഹം ജീവിച്ചത്. കുട്ടിക്കാലത്ത് അറബിക്കുട്ടികളോടൊപ്പം ആട് മേയ്ക്കുകയും യുവാവായപ്പോൾ കച്ചവടത്തിലേർപ്പെടുകയും ചെയ്ത മുഹമ്മദിൻെറ ജീവിതവും സഹവാസവുമെല്ലാം സാധാരണക്കാരായ അറബികളുടെ കൂടെത്തന്നെയായിരുന്നു, കള്ളുകുടിയന്മാരും പെണ്ണുപിടിയന്മാരും വിഗ്രഹാരാധകരുമായ അറബികളുടെ കൂടെ. എന്നാൽ, അവരുടെ ദുസ്സ്വഭാവങ്ങളൊന്നുതന്നെ അദ്ദേഹത്തിലുണ്ടായിരുന്നില്ല. ഒരിക്കൽപോലും വിഗ്രഹങ്ങളുടെ മുന്നിൽ അദ്ദേഹം നമ്രശിരസ്കനായിരുന്നിട്ടില്ല. കളവോ, അസഭ്യവാക്കുകളോ അദ്ദേഹത്തിൽനിന്ന് ആരും ശ്രവിച്ചിട്ടില്ല. ഒരിക്കലെങ്കിലും അദ്ദേഹം കളവോ വഞ്ചനയോ ചെയ്തതായി ആരും ആരോപിച്ചിട്ടില്ല. സ്വബോധം വന്നശേഷം അദ്ദേഹത്തെ ആരുംതന്നെ നഗ്നനായി കണ്ടിട്ടില്ല. അന്യരുടെ ഒരു കാശുപോലും അദ്ദേഹം അന്യായമായി എടുത്തുവെന്ന് ആരും പറഞ്ഞിട്ടില്ല. ദുഃഖിക്കുന്നവരോടൊപ്പം പങ്കുചേരുന്ന പ്രകൃതക്കാരനായിരുന്ന അദ്ദേഹം അനാഥകളെയും അഗതികളെയും സഹായിക്കുന്നതിൽ മുൻപന്തിയിലായിരുന്നു.

വിധവകളുടെ പ്രശ്നങ്ങളെക്കുറിച്ച് അറിഞ്ഞ് സഹായിക്കാനായി അദ്ദേഹം പ്രയത്നിച്ചുകൊണ്ടിരുന്നു. വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും യാത്രക്കാരെ ശുശ്രൂഷിക്കാനും അദ്ദേഹം ശ്രമിച്ചു. ജനങ്ങൾക്കിടയിൽ ശണ്ഠയും സംഘട്ടനങ്ങളും ഉണ്ടാകുമ്പോൾ സന്ധിക്കും യോജിപ്പിനുംവേണ്ടി അദ്ദേഹം പരിശ്രമിച്ചു. എല്ലാവിധ മാലിന്യങ്ങളുടെയും കൂത്തരങ്ങായ ആ സമൂഹത്തിൽ അത്തരം യാതൊരു മാലിന്യവും തൊട്ടുതീണ്ടാത്തവനായി അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ ഈ നല്ല സ്വഭാവങ്ങളെല്ലാം സമൂഹം അംഗീകരിച്ചു. ജനങ്ങൾ തങ്ങളുടെ വിലപിടിപ്പുള്ള സാധനങ്ങൾ കൊണ്ടുവന്ന് സൂക്ഷിക്കാൻ കൊടുക്കാൻമാത്രം അദ്ദേഹത്തിന്റെ വിശ്വസ്തതയിൽ അവർക്കെല്ലാം വലിയ മതിപ്പായിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധതക്കുള്ള അംഗീകാരമെന്നോണം ആസമൂഹം അൽ അമീൻ-വിശ്വസ്തൻ- എന്നായിരുന്നു അദ്ദേഹത്തെ വിളിച്ചിരുന്നത്.

നാൽപതാമത്തെ വയസ്സുവരെ ഈ രൂപത്തിൽ വിശിഷ്ടമായ ജീവിതം നയിച്ച മുഹമ്മദ് (സ) തന്റെ സമൂഹത്തിലുള്ള അജ്ഞതാന്ധകാരങ്ങളിൽനിന്ന് അകന്ന് ജനവാസസ്ഥലങ്ങളിൽനിന്ന് ദൂരെ നിൽക്കുന്ന ‘ഹിറാ’ എന്ന പർവതഗുഹക്കുള്ളിൽ ദിവസങ്ങളോളം താമസിക്കുന്നു. അവിടത്തെ ശാന്തവും ഏകാന്തവുമായ ചുറ്റുപാടിൽ ചിന്താമഗ്നനായി പല രാത്രികളും കഴിച്ചുകൂട്ടുന്നു. ഏകാന്ത ജീവിതം ഇഷ്ടപ്പെട്ട അദ്ദേഹം ഭക്ഷണം തയാറാക്കിക്കൊണ്ട് ഗുഹയിലെത്തുന്നു. കൈയിൽ കരുതിയ ഭക്ഷണപദാർഥങ്ങൾ തീരുമ്പോൾ വീട്ടിലെത്തി വീണ്ടും ഭക്ഷണം തയാറാക്കി മടങ്ങുന്നു. തികഞ്ഞ ഏകാന്ത ജീവിതം!

ഒരുദിവസം അദ്ദേഹത്തിന്റെ ഏകാന്തതയെ ഭഞ്ജിച്ചുകൊണ്ട് ഒരു അപരിചിതൻ പ്രത്യക്ഷപ്പെട്ടു. (അദ്ദേഹം) ആവശ്യപ്പെട്ടു: ‘ഓതുക’ മുഹമ്മദ് പ്രതിവചിച്ചു. ‘എനിക്ക് ഓതാനറിയില്ലല്ലോ’. അപരിചിതന്റെ ആഗമനവും ചോദ്യവും കേട്ട് അമ്പരന്നുനിൽക്കുന്ന മുഹമ്മദിനെ അദ്ദേഹം മാറോട് ചേർത്ത് ശക്തിയായി അമർത്തിക്കൊണ്ട് വീണ്ടും കൽപിച്ചു. ‘ഓതുക.’ മുഹമ്മദ് ആവർത്തിച്ചു ‘എനിക്ക് ഓതാനറിയില്ല’. വീണ്ടും മാറോട് ചേർത്തമർത്തിക്കൊണ്ട് ആഗതൻ പറഞ്ഞുകൊടുത്ത വചനങ്ങൾ, മുഹമ്മദ് പാരായണംചെയ്യാൻ തുടങ്ങി. ‘സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ ഓതുക, മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ ഓതുക; നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു’.[1]



അവസാനത്തെ വേദഗ്രന്ഥത്തിലേക്കായി അവതരിക്കപ്പെട്ട ആദ്യത്തെ വചനങ്ങളായിരുന്നു ഇവ. മലയിൽവെച്ച് വിദ്യ സ്വീകരിക്കുന്നവനെന്ന കൽക്കി സങ്കൽപത്തിന്റെ പൂർത്തീകരണം മുഹമ്മദ് (സ)ന് ദിവ്യബോധനം ലഭിച്ച സംഭവത്തിലാണ് കാണാൻ കഴിയുന്നത്.

മുഹമ്മദ് ദൈവത്തിന്റെ ദൂതനും അന്തിമ പ്രവാചകനുമായി നിയോഗിക്കപ്പെട്ടു. സത്യമതത്തിന്റെ പരസ്യപ്രബോധനത്തിന് തുടക്കം കുറിക്കാൻ അദ്ദേഹം കൽപിക്കപ്പെട്ടു. സഫാ മലക്ക് മുകളിൽ കയറിനിന്നുകൊണ്ട് തന്റെ ഗോത്രത്തിലെ കുടുംബശാഖകളിൽ പെട്ടവരെ അദ്ദേഹം പേരെടുത്ത് വിളിക്കാൻ തുടങ്ങി. അൽഅമീനിന്റെ വിളികേട്ട് അവരെല്ലാവരും സസന്തോഷം പാഞ്ഞെത്തി. അവരോട് അദ്ദേഹം ചോദിച്ചു. “ഈ മലയുടെ എതിർവശത്ത് ഒരുവലിയ അശ്വസേന നിങ്ങളെ ആക്രമിക്കാനായി സജ്ജരായി നിൽക്കുന്നുവെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളത് വിശ്വസിക്കുമോ?” അവർ ഒരേ സ്വരത്തിൽ ഉത്തരം പറഞ്ഞു: ‘തീർച്ചയായും. കാരണം ഇതിനുമുമ്പ് നീ കളവുപറയുന്നതായി ഞങ്ങളാരും കേട്ടിട്ടില്ലല്ലോ’. അൽ അമീൻ തുടർന്നു: ‘എങ്കിൽ മരണാനന്തരജീവിതത്തിലെ വേദനാജനകമായ ശിക്ഷയെക്കുറിച്ച് ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു. സ്രഷ്ടാവും ഏകനുമായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ. അവനെ മാത്രം നിങ്ങൾ ആരാധിക്കുകയും ബഹുദൈവാരാധനയെ വർജ്ജിക്കുകയും ചെയ്യുക.’ ജനം ഞെട്ടി. തങ്ങളുടെ പിതാക്കളുടെ വിശ്വാസങ്ങൾക്കെതിരായ സംഗതികളാണ് മുഹമ്മദ് പറയുന്നത്. തങ്ങളുടെ എല്ലാമെല്ലാമായ ദൈവങ്ങളെയെല്ലാം കൈയൊഴിക്കാനാണ് മുഹമ്മദ് ആജ്ഞാപിക്കുന്നത്. ഇന്നലെവരെ തങ്ങളുടെയെല്ലാം പ്രിയങ്കരനായിരുന്ന മുഹമ്മദിനെ ഉപേക്ഷിക്കണമോ പിതൃസമ്പത്തായി ലഭിച്ചിരിക്കുന്ന വിശ്വാസങ്ങളെ കൈയൊഴിക്കണമോ? എന്താണ് വേണ്ടതെന്ന് അവർ ചിന്തിച്ചു. എങ്ങും നിശ്ശബ്ദത. ഈ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് മുഹമ്മദി (സ) ന്റെ പിതൃവ്യരിൽ ഒരാളായ അബൂലഹബിന്റെ ശബ്ദമുയർന്നു: “നിനക്ക് നാശമുണ്ടാകട്ടെ! ഇതി

1. ഖുർആൻ 96: 1–5

നുവേണ്ടയായിരുന്നോ നീ ഞങ്ങളെ വിളിച്ചുകൂട്ടിയത്".

അന്തിമപ്രവാചകനോടുള്ള സമൂഹത്തിൻെറ എതിർപ്പിൻെറ ഉദ്ഘാടനംകൂടിയായിരുന്നു അത്. മുഹമ്മദ് (സ) ൻെറ റുഖിയ, ഉമ്മുഖുൽസൂം എന്നീ പുത്രിമാരെ വിവാഹംചെയ്തിരുന്ന അബൂലഹബിന്റെ പുത്രന്മാരായ ഉത്ബയും ഉത്തൈബയും തങ്ങളുടെ ഭാര്യമാരെ വിവാഹമോചനം ചെയ്തുകൊണ്ട് തങ്ങളുടെ പിതാവിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഇന്നലെവരെ സമൂഹത്തിൻെറ സ്നേഹാദരവുകൾക്ക് പാത്രമായിരുന്ന മുഹമ്മദിനെ പ്രപഞ്ചത്തിലെ ഏറ്റവും വലിയ യാഥാർഥ്യം പറഞ്ഞു എന്നതിൻെറ പേരിൽ നാട്ടുകാർ വെറുത്തു. സത്യസന്ധനായിരുന്ന മുഹമ്മദ്, സമൂഹത്തെ നേർവഴിയിലേക്ക് നയിക്കാൻ നിയോഗിക്കപ്പെട്ടുവെന്ന ഏകകാരണത്താൽ ഭ്രാന്തനെന്നും മാരണക്കാരനെന്നും വിളിക്കപ്പെട്ടു. അദ്ദേഹം കല്ലെടുത്തെറിയപ്പെട്ടു. മർദിക്കപ്പെട്ടു. മൃഗീയമായ ആക്രമണങ്ങൾക്ക് വിധേയമാക്കപ്പെട്ടു. അദ്ദേഹത്തെ വധിക്കാനായി ഗൂഢാലോചന നടത്തപ്പെട്ടു. അദ്ദേഹം പ്രബോധനം ചെയ്ത തത്ത്വങ്ങൾ സ്വീകരിച്ചവരിൽ പലരും മൃഗീയമായി വധിക്കപ്പെട്ടു. ചിലർ സ്വവസതികളിൽ നിന്ന് പുറത്താക്കപ്പെട്ടു. മറ്റുചിലർക്ക് ഇണകളെ നഷ്ടപ്പെട്ടു. വിശ്വാസികളുടെ സമൂഹം ബഹിഷ്കരിക്കപ്പെട്ടു. വെറും പച്ചിലകൾ മാത്രം തിന്നുകൊണ്ട് ജീവൻ നിലനിർത്തിയ ദിനരാത്രങ്ങൾ കഴിഞ്ഞുപോയി. എന്നിട്ടും സത്യമതത്തിൻെറ സന്ദേശപ്രചാരണത്തിൽനിന്ന് അദ്ദേഹം പിന്നോട്ടുപോയില്ല. അവസാനം സ്വന്തം വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി, അതനുസരിച്ച് ജീവിക്കുവാൻ അവസരം ലഭിക്കുന്നതിനുവേണ്ടി, പെറ്റുവളർന്ന നാടും വീടും വിട്ട് ദൂരദേശത്തേക്ക് പലായനം ചെയ്യേണ്ടിവന്നു, അദ്ദേഹത്തിന്.

അക്രമത്തിൻെറയും മർദനങ്ങളുടെയും മാർഗങ്ങൾ മാത്രമല്ല പ്രതിയോഗികൾ അദ്ദേഹത്തിനെതിരെ പ്രയോഗിച്ചത്. ഭീഷണികളുടെയും ഏഷണികളുടെയും മാർഗങ്ങൾ പരാജയപ്പെടുകയാണെന്ന് കണ്ട് ഖുറൈശികൾ പ്രലോഭനങ്ങളുടെയും പ്രീണനങ്ങളുടെയും പാതയും പരീക്ഷിച്ചുനോക്കി. സമൂഹത്തിലെ നേതാക്കളെല്ലാംകൂടി ഒരുദിവസം നബിയുടെ അടുക്കൽചെന്ന് അദ്ദേഹത്തെ വശീകരിക്കാനായി ശ്രമിച്ചു. അവർ പറഞ്ഞു: 'നീ സമ്പത്താണ് കൊതിക്കുന്നതെങ്കിൽ നിനക്ക് ആവശ്യമുള്ളത്ര ധനം ഞങ്ങൾ തരാം. അധികാരമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഈ പ്രദേശത്തെ രാജാവായി



നിന്നെ ഞങ്ങൾ വാഴിക്കാം. സൗന്ദര്യമാണ് മോഹിക്കുന്നതെങ്കിൽ നിനക്ക് ഇഷ്ടപ്പെട്ട സ്ത്രീയെ വിവാഹം ചെയ്യാനുള്ള അവസരം ഉണ്ടാക്കിത്തരാം.' ആരും വീണുപോകുന്ന വാക്കുകൾ! ആശിച്ചുപോകുന്ന പ്രലോഭനങ്ങൾ! ഒരൊറ്റ വാക്കു പറഞ്ഞാൽ മതി. താൻ ഈ പ്രദേശത്തെ ഏറ്റവും വലിയ ധനവാനാകും. നാട്ടാർ മുഴുവനും തൻെറ രാജധാനിയിലെത്തി തനിക്ക് പാദസേവ ചെയ്യും. സൗന്ദര്യധാമങ്ങൾ തനിക്ക് മുന്നിൽ നൃത്തമാടും. പക്ഷേ, പ്രവാചകൻ പറഞ്ഞതിങ്ങനെയാണ്: 'അധികാരമോ കവർച്ചമുതലോ എനിക്കാവശ്യമില്ല. മനുഷ്യർക്കുള്ള മുന്നറിയിപ്പുകാരനായിട്ടാണ് സ്രഷ്ടാവായ ദൈവം എന്നെ നിയോഗിച്ചിരിക്കുന്നത്. അവൻെറ സന്ദേശമാണ് ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നത്. അത് സ്വീകരിക്കുന്നവർക്ക് ഇഹലോകത്ത് സുഖവും സമാധാനവും പരലോകത്ത് ശാശ്വത വിജയവും കരസ്ഥമാക്കാം. ദൈവികസന്ദേശം സ്വീകരിക്കാത്തവർക്കിടയിൽ തീർപ്പുകൽപിക്കുന്നത് അവൻതന്നെയാണ്.

ഗോത്രത്തലവന്മാരുടെയും പൗരപ്രധാനികളുടെയും നിർബന്ധത്തിന് വഴങ്ങി തൻെറ ദൗത്യം ഉപേക്ഷിക്കാൻ ആവശ്യപ്പെട്ട സ്വന്തം പിതൃവ്യനായ അബൂത്വാലിബിനോട് അദ്ദേഹം പ്രതിവചിച്ചു. 'പ്രിയ പിതൃവ്യാ, വലതുകൈയിൽ സൂര്യനെയും ഇടതുകൈയിൽ ചന്ദ്രനെയും അവർ വെച്ചുതന്നാൽപോലും ഞാനെൻെറ ദൗത്യനിർവഹണത്തിൽ നിന്ന് പിന്മാറുകയില്ല. ഒന്നുകിൽ ഈ പരിശ്രമം സഫലമായി ദൈവികസംതൃപ്തി കരഗതമാക്കുക. അല്ലെങ്കിൽ ആ ശ്രമത്തിലേർപ്പെട്ടുകൊണ്ട് നശിച്ചുപോകുക. രണ്ടിലൊന്ന് സംഭവിക്കുന്നത്വരെ ഞാനിത് തുടരുക തന്നെ ചെയ്യും'.

പ്രലോഭനങ്ങളും പ്രീണനങ്ങളും വിലപ്പോകുകയില്ലെന്ന് മനസ്സിലാക്കിയ ഖുറൈശികൾ അക്രമത്തിൻെറയും മർദനങ്ങളുടെയും മാർഗംതന്നെ പിന്തുടരാൻ തീരുമാനിച്ചു. പക്ഷേ, സത്യമതത്തിലേക്ക് ജനം പ്രവഹിച്ചുകൊണ്ടിരുന്നു. അവരിൽ അടിമകളും ഉടമകളും ഉണ്ടായിരുന്നു; പണക്കാരും പണിക്കാരുണ്ടായിരുന്നു; കറുത്തവരും വെളുത്തവരുമുണ്ടായിരുന്നു. പൗരോഹിത്യവും പ്രമാണിത്തവും സൃഷ്ടിച്ച വേലിക്കെട്ടുകൾ ഭേദിച്ച് സത്യാന്വേഷികളെല്ലാം സത്യമാർഗത്തിലെത്തിച്ചേർന്നു. ഖുറൈശികൾക്കിടയിലെ പ്രമുഖരും പ്രഗൽഭരുമായ പലരും മാറിച്ചിന്തിക്കാൻ തുടങ്ങി. ശക്തരും ധീരരുമായ ഉമറിൻെറയും ഹംസയുടെയും ഇസ്ലാമാശ്ലേഷണം അണികളിൽ

ആവേശവും ഉണർവുമുണ്ടാക്കി. 'സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്ന' മുഹമ്മദിനെ വധിക്കുവാനായി ഊരിപ്പിടിച്ച വാളുമായി ഇറങ്ങിപ്പുറപ്പെട്ട ഉമർ, ഇസ്‌ലാംമത വിശ്വാസിയായ സ്വസഹോദരിയിൽനിന്ന് ഖുർആൻ വചനങ്ങൾ ശ്രവിച്ചപ്പോൾ 'ഇത് ദൈവവചനമല്ലാതെ മറ്റൊന്നുമല്ല' എന്ന് ആത്മഗതം ചെയ്യുകയും പ്രവാചകനെ ചെന്നു കണ്ട് ഇസ്‌ലാമാശ്ലേഷിക്കുകയുമാണുണ്ടായത്. ഉമറിൻെറയും ഹംസയുടെയും മനംമാറ്റത്തോടുകൂടി മനസ്സിൽ വിശ്വാസവുമായി കഴിഞ്ഞിരുന്ന പലരും പരസ്യമായി വിശ്വാസപ്രഖ്യാപനം നടത്താൻ സന്നദ്ധരായി: വിറളി പിടിച്ച ശത്രുക്കൾ പൂർവാധികം ശക്തിയോടെ മർദനങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരുന്നു.

മൃഗങ്ങളെപ്പോലും നാണിപ്പിക്കുന്ന നീചമായ മർദനമുറകൾ. ഇരുമ്പുപഴുപ്പിച്ച് മുൻദ്വാരത്തിലൂടെ കുത്തിക്കയറ്റികൊണ്ട് കൊലചെയ്യപ്പെട്ട ധീരവനിത സുമയ്യ (റ). തീകൊണ്ട് കരിക്കപ്പെടുകയും ഉരുകിയൊലിക്കുന്ന മുറിവുകളോടുകൂടി ചുട്ടുപൊള്ളുന്ന മണലിൽ കിടത്തുകയും പിന്നീട് എടുത്തുവെള്ളത്തിൽ മുക്കുകയും ചെയ്യപ്പെട്ടുകൊണ്ടിരുന്ന അമ്മാറുബ്നു യാസിർ (റ). കൈകാലുകൾ ചങ്ങലകളാൽ ബന്ധിപ്പെട്ട് ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ മലർത്തിക്കിടത്തി മാറത്ത് മലപോലുള്ള കല്ല് കയറ്റിവെച്ച് മർദിക്കപ്പെട്ടപ്പോഴും ദൈവം ഏകനാണെന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ച ബിലാലുബ്നു റബാഹ് (റ). ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ. സത്യമതത്തിൽ വിശ്വസിച്ചു എന്ന കാരണത്താൽ മാത്രം മർദിക്കപ്പെട്ടവരായിരുന്നു ഇവരെല്ലാംതന്നെ.

ഇതെല്ലാം എന്തിനുവേണ്ടിയായിരുന്നു? മൃഗീയമായി മർദിക്കപ്പെടാനും നാട്ടിൽനിന്നും അടിച്ചോടിക്കപ്പെടാനും മാത്രം എന്തു തെറ്റായിരുന്നു ആ പ്രവാചകൻ ചെയ്തത്? സമൂഹത്തിൽ നിന്ന് ബഹിഷ്കരിക്കപ്പെടാൻ മാത്രം എന്ത് തത്ത്വങ്ങളാണ് അദ്ദേഹം പ്രബോധനംചെയ്തത്? 'സൂര്യചന്ദ്രനക്ഷത്രാദികളും ഭൂമിയിലെ അചേതനവും സചേതനവുമായ സകലവസ്തുക്കളും സൃഷ്ടിച്ചവനായ ദൈവം ഏകനാണ്. മനുഷ്യജീവിതത്തിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും വായുവും വെള്ളവും നൽകുകയും ആഹാരങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത, ഏവരെയും ജനിപ്പിക്കുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന ആ ഏകദൈവത്തിനുമാത്രമേ ആരാധന



കളർപ്പിക്കാവൂ. നിങ്ങളാരാധിച്ചുകൊണ്ടിരിക്കുന്ന വിഗ്രഹങ്ങളും ശവകുടീകരങ്ങളും പുണ്യാത്മാക്കളുമൊന്നും തന്നെ ആരാധനക്കർഹമല്ല. അവയെ മുഴുവൻ കൈവെടിഞ്ഞ് ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ. അവൻ എന്നെ ദൂതനായി തെരഞ്ഞെടുത്തിരിക്കുന്നു. എൻെറ കടമ ദൈവികസന്ദേശം നിങ്ങൾക്കെത്തിച്ച് തരിക മാത്രമാകുന്നു. എനിക്ക് ലഭിക്കുന്ന ദൈവികബോധനങ്ങൾ അംഗീകരിക്കുക എൻെറയും നിങ്ങളുടെയും ബാധ്യതയാകുന്നു. ദൈവത്തോട് ഭയഭക്തി പ്രകടിപ്പിക്കുകയും അവനവതരിപ്പിക്കുന്ന സന്ദേശങ്ങൾ പിന്തുടരുകയും അവൻ കൽപിക്കുന്ന വിധിവിലക്കുകൾ പ്രയോഗിക്കുകയും ചെയ്യുന്നവർ വിജയിച്ചിരിക്കുന്നു. സമാധാനസമ്പൂർണമായ ഒരു ഭൗതികജീവിതം മാത്രമല്ല ശാശ്വതവും ക്ലേശലേശമില്ലാത്തതുമായ പരലോകജീവിതം കൂടി അവന്നു ലഭിക്കും. മറിച്ച്, ആരാധനകൾ ദൈവസൃഷ്ടികൾക്കർപ്പിക്കുകയും ദൈവികസന്ദേശങ്ങളെ തൃണവത്കരിക്കുകയും അവൻെറ വിധിവിലക്കുകളെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവന്ന് അത്യാർത്തിയും അരക്ഷിതബോധവും സൃഷ്ടിക്കുന്ന അസമാധാനം ഇഹലോകത്തും ശാശ്വതനരകവാസം പരലോകത്തും പ്രതിഫലമായി ലഭിക്കും. മരണാനന്തര ജീവിതം മിഥ്യയായ ഒരു സങ്കൽപമല്ല. സൃഷ്ടികർത്താവ് അറിയിച്ചുതന്നിരിക്കുന്ന അതിമഹത്തായ ഒരു യാഥാർഥ്യമത്രെ അത്. ത്രികാലജ്ഞാനിയായ സർവശക്തനായിരിക്കും ആ ലോകത്തിൻെറ വിധികർത്താവ് എന്നതിനാൽ ശുപാർശകളോ മറ്റ് പ്രലോഭനങ്ങളോ അവിടെ വിലപ്പോവുകയില്ല'.

ഇത് പറഞ്ഞതിൻെറ പേരിലായിരുന്നു മർദനങ്ങളെല്ലാം. ഈ മർദനങ്ങളിൽ പ്രവാചകൻെറ വീര്യം ചോർന്നുപോയില്ല. സത്യമതപ്രബോധനം നിർത്തിവെക്കാൻ അദ്ദേഹം തീരുമാനിച്ചില്ല. എന്തിനധികം! ഇത്രയെല്ലാം തന്നെ മർദിച്ച ആ സമൂഹത്തിൻെറ നന്മക്കുവേണ്ടിയായിരുന്നു ആ പ്രവാചകൻ പ്രാർഥിച്ചത്. അൽഭുതം! ഏതൊരു സമൂഹത്തിൻെറ ശാശ്വതമോക്ഷത്തിനുവേണ്ടി അദ്ദേഹം അക്ഷീണം പ്രവർത്തിക്കുന്നുവോ, അതേ സമൂഹംതന്നെ അദ്ദേഹ ത്തെ കല്ലെടുത്തെറിയുന്നു. അപ്പോൾ പോലും ആ കാരുണ്യത്തിന്റെ പ്രവാചകൻ തൻെറ സമുദായത്തിൻെറ നന്മക്ക്‌വേണ്ടി പ്രാർഥിക്കുകയായിരുന്നു.

മർദിക്കപ്പെടുമ്പോൾ ആ മർദിതർക്ക് നേർമാർഗം കാണിച്ചുകൊ

ടുക്കണമേ എന്ന് പ്രാർഥിക്കുന്ന കാരുണ്യത്തിന് മാനവചരിത്ര ത്തിൽ വേറെ മാതൃകയുണ്ടോ? ത്വാഇഫിൽ വെച്ചാണ് സംഭവം. പെറ്റുവളർന്ന നാട്ടിൽ, സത്യമത സന്ദേശം എത്തിച്ചു എന്നതിൻെറ പേരിൽ മർദനങ്ങൾക്ക് വിധേയമാക്കപ്പെട്ടപ്പോഴെല്ലാം അദ്ദേഹത്തിന് താങ്ങും തണലുമായി വർത്തിച്ചത് പിതൃവ്യൻ അബൂത്വാലിബും ഭാര്യ ഖദീജയുമായിരുന്നു. അവർ രണ്ടുപേരുടെയും മരണം അദ്ദേഹ ത്തിനേറ്റ കനത്തൊരു ആഘാതമായി. ഈ അവസരത്തിലാണ് കുടുംബക്കാരായ സഖീഫ് ഗോത്രത്തിൻെറ സഹായവുംതേടി അദ്ദേഹം ത്വാഇഫിലെത്തിയത്. അവഹേളനങ്ങളിൽനിന്നും അപമാ നങ്ങളിൽനിന്നും അൽപം ആശ്വാസംതേടി തങ്ങളുടെ പ്രദേശത്തെ ത്തിയ ബന്ധുവിനെ കൂടുതൽ അവഹേളിക്കുകയാണ് ത്വാഇഫു കാർ ചെയ്തത്. തൻെറ കുടുംബക്കാർ ഇളക്കിവിട്ട അങ്ങാടി പിള്ളേ രും റൗഡികളും കൂടി കൂവിവിളിച്ചും പുലഭ്യംപറഞ്ഞും പരിഹസിച്ചും അദ്ദേഹത്തെ പിൻതുടർന്നു. അദ്ദേഹത്തിൻെറ പാദങ്ങളിൽനിന്ന് മുറിവേറ്റ് ചോര വാർന്നൊഴുകി. തളർന്നു കുഴങ്ങിയ അദ്ദേഹം നീണ്ട മൂന്ന് നാഴിക ദൂരത്തെ കൂവിവിളികൾക്കും കല്ലേറുകൾക്കും ശേഷം ഉത്ബത്തുബിൻ റബീഅയുടെ തോട്ടത്തിൽ അഭയംതേടി. അവിടെ നിന്നദ്ദേഹം പ്രാർഥിച്ചു: ‘അല്ലാഹുവേ ഇവർക്ക് നീ സന്മാർഗം കാ ണിച്ചുകൊടുക്കേണമേ. ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർക്കു തന്നെ അറിയില്ല’.

അവസാനം ആദർശസുരക്ഷിതത്വത്തിനുവേണ്ടി നാടുവിടുക യല്ലാതെ ഗത്യന്തരമില്ലെന്ന അവസ്ഥയുണ്ടായി. പ്രവാചകനും അനു ചരന്മാർക്കും അഭയം നൽകാമെന്നേറ്റ യഥ്രിബിലേക്ക് ചെറുസം ഘങ്ങളായി ആദ്യം അനുയായികളാണ് യാത്രതിരിച്ചത്. മുസ്ലിം കൾ മിക്കവാറും പോയിക്കഴിഞ്ഞു. ഈ അവസരത്തിൽ ശത്രുക്കൾ ആ മഹാനായ പ്രവാചകനെ വധിക്കാനുള്ള ഗൂഢാലോചന നടത്തു കയായിരുന്നു. അദ്ദേഹത്തെ വധിക്കാനായി ശത്രുക്കൾ വീടു വളഞ്ഞു. പക്ഷേ, ദൈവസഹായത്താൽ അവരൊന്നും കാണാതെ തികച്ചും വിസ്മയാവഹമായി പ്രവാചകൻ(സ) തൻെറ സന്തതസ ഹചാരിയായ അബൂബക്കറിനോ(റ)ടൊപ്പം യഥ്രിബിലെത്തിച്ചേർ ന്നു. ഈ സംഭവത്തോടുകൂടി യഥ്രിബ് പട്ടണം മദീനത്തുറസൂൽ -ദൈവദൂതൻെറ പട്ടണം-ആയി അറിയപ്പെട്ടു. ആ പട്ടണത്തിലുണ്ടാ യിരുന്നവർ അൻസാറുകളും -സഹായികൾ-മക്കയിൽനിന്നുവന്നവർ



മുഹാജിറുകളും-പലായനംചെയ്തവർ-മായി അറിയപ്പെട്ടു. നാടും വീ ടും കുടുംബവും സമ്പാദ്യങ്ങളുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് വിശ്വാ സസംരക്ഷണത്തിനുവേണ്ടി നടത്തപ്പെട്ട ഈ മഹത്തായ പലായന- ഹിജ്റ-ത്തിൻെറ കണക്കുപിടിച്ചുകൊണ്ടാണ് ഹിജ്റവർഷമെന്ന കാലഗണനാ സമ്പ്രദായം ആരംഭിച്ചത്.

മദീനയിൽ ഒരു പുതിയ സമൂഹം രൂപംകൊള്ളുകയായിരുന്നു. മുഹാജിറുകളുയെടും അൻസാറുകളുടെയും സമ്മിശ്രമായ ഒരു പുതി യ സമൂഹം. ഈ സമൂഹത്തിന് ആതിഥ്യമൊരുക്കിയത് അൻസാറു കളായിരുന്നു. സത്യവിശ്വാസികളായതിനാൽ നാടുവിടേണ്ടിവന്ന സഹോദരന്മാരായ മുഹാജിറുകളുമായി സ്വന്തം വീടും നാടും സമ്പത്തും കുടുംബവുമെല്ലാം പങ്കുവെക്കാനവർ സന്നദ്ധരായി. ഇസ് ലാം വിഭാവനം ചെയ്യുന്ന ഒരു മാതൃകാസമൂഹത്തിൻെറ സൃഷ്ടി യായിരുന്നു അവിടെ നടന്നത്. ആ സമൂഹത്തിൽ നിന്ന് ആദ്യം ഉന്മൂ ലനം ചെയ്യപ്പെട്ടത് സൃഷ്ടികളോടുള്ള ആരാധനയായിരുന്നു. ആ സമൂഹത്തിൽ ആദ്യം വേരുറപ്പിച്ചത് അചഞ്ചലമായ ഏകദൈവവി ശ്വാസവും പരലോകബോധവുമായിരുന്നു. ഏകദൈവത്തിലുള്ള വി ശ്വാസത്തിലെത്തിച്ചേർന്ന ആ സമൂഹത്തിൽ പിന്നെയുണ്ടായ പരി വർത്തനങ്ങളെല്ലാം വളരെ പെട്ടെന്നായിരുന്നു. ഏകദൈവത്തിൻെറ മുന്നിൽ ഏവരും സമന്മാരാണെന്ന് അവർ പഠിപ്പിക്കപ്പെട്ടപ്പോൾ മക്കക്കാരനെന്നും മദീനക്കാരനെന്നുമുള്ള പ്രാദേശികത്വത്തിൻെറ വേലിക്കെട്ടുകൾ പൊളിച്ചുകൊണ്ട് അവർ രണ്ടുകൂട്ടരും സഹോദര ന്മാരായി മാറി. വിശ്വാസികൾ സഹോദരന്മാരാണെന്ന് മനസ്സിലാക്ക പ്പെട്ടപ്പോൾ അൻസാറുകൾക്കിടയിൽ നൂറ്റാണ്ടുകളായി പുകഞ്ഞു കൊണ്ടിരുന്ന ഔസ്-ഖസ്റജ് ഗോത്രവൈര്യം അവസാനിപ്പിച്ചുകൊ ണ്ട് ആലിംഗനം ചെയ്തു. സ്ത്രീകളും പുരുഷന്മാരെപ്പോലെ സ്വാ തന്ത്ര്യവും അവകാശങ്ങളും ആശകളുമെല്ലാമുള്ളവരാണെന്ന് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ആഭിജാത്യത്തിൻെറ പേരിൽ പെൺകുട്ടി കളെ കുഴിച്ചുമൂടുന്ന സമ്പ്രദായത്തിന് അറുതിവന്നു. മദ്യപാനവും ചൂതാട്ടവും ലൈംഗികദുരാചാരങ്ങളും പിശാചിൻെറ പ്രവർ ത്തനങ്ങളും അവ നരകത്തിലേക്ക് അടുപ്പിക്കുന്നവയുമാണെന്ന് പ്രസ്താവിക്കപ്പെട്ടപ്പോൾ മസ്തിഷ്കത്തെയും സമ്പത്തിനെയും വി കാരങ്ങളെയും അടിമകളാക്കി വെച്ചിരുന്ന സമ്പ്രദായങ്ങളിൽനിന്ന് ആ സമൂഹം മുക്തമായി. പലിശയും സാമ്പത്തികചൂഷണങ്ങളും

നിരോധിക്കപ്പെട്ടതോടെ ആ സമൂഹത്തിലെ സാമ്പത്തികപ്രശ്നങ്ങൾക്കുള്ള പരിഹാരമുണ്ടായി.

എത്ര പെട്ടന്നായിരുന്നുവെന്നോ ഈ മാറ്റങ്ങൾ! നിമിഷങ്ങൾകൊണ്ടാണ് പല നിയമങ്ങളും പ്രചാരത്തിൽവന്നത്. സർവശക്തനും സർവകാലജ്ഞാനിയും അതോടൊപ്പം പരമകാരുണികനുമായ ഒരു ദൈവത്തിലും അവന്ന് മാത്രം അധികാരമുള്ള മരണാനന്തരജീവിതത്തിലും അവർക്കുള്ള വിശ്വാസം രൂഢമൂലമായപ്പോൾ ആ സമൂഹത്തിൽ മാറ്റങ്ങളുണ്ടാകാൻ എളുപ്പമായിരുന്നു. മദ്യപാനികളായ, അല്ല, മദ്യത്തിൽ മുങ്ങിക്കുളിച്ചിരുന്ന അറബികളോട് 'നിങ്ങളതിൽനിന്ന് വിരമിക്കുവാനൊരുക്കമുണ്ടോ'[1] യെന്ന് ചോദിക്കേണ്ട താമസമേ ഉണ്ടായിരുന്നുള്ളൂ അവരതിൽനിന്ന് സമ്പൂർണമായി മുക്തരായി. ആ കൽപന വന്നപ്പോൾ മദീനയിലെ മദ്യമുതലാളിമാരാരും തങ്ങൾ നിർമിച്ചുവെച്ച മദ്യമെങ്കിലും വിൽക്കാൻ അനുവദിക്കണമെന്ന് നിവേദനം നൽകിയില്ല. അവിടെയുള്ള മദ്യത്തൊഴിലാളികളാരും തന്നെ തങ്ങളുടെ തൊഴിൽ നഷ്ടപ്പെട്ടുവെന്ന് മുദ്രാവാക്യം മുഴക്കിയില്ല. റവന്യൂ വരുമാനം നഷ്ടപ്പെടുമെന്ന് ആരുംതന്നെ ഗിരിപ്രഭാഷണം നടത്തിയില്ല. ദൈവികകൽപന ശ്രവിക്കേണ്ട താമസം അവിടെ മദ്യക്കുപ്പികൾ പൊട്ടിച്ചിതറി. വീപ്പകൾ മറിഞ്ഞുവീണു. മദീനയിലെ തെരുവീഥികളിലൂടെ മദ്യത്തിൻെറ ചാലുകൾ ഒഴുകി. ഇതായിരുന്നു പ്രവാചകൻ സൃഷ്ടിച്ച വിപ്ലവം. അദ്ദേഹത്തിൻെറ ആയുധങ്ങൾ വാളോ അമ്പോ വെടിയുണ്ടകളോ ആയിരുന്നില്ല. ഏകദൈവത്തിലുള്ള വിശ്വാസവും പരലോകബോധവും മാത്രം.

എല്ലാ അർഥത്തിലും പ്രവാചകനെ അനുസരിക്കുന്ന ഒരു സമൂഹം അവിടെയുണ്ടായി. അവർക്ക് പാരത്രികസൗഖ്യത്തിനുവേണ്ട ഉപദേശങ്ങൾ നൽകുക മാത്രമായിരുന്നില്ല അദ്ദേഹത്തിൻെറ കടമ. പ്രത്യുത ആ സമൂഹത്തിൻെറ നിലനിൽപിനാവശ്യമായ നിയമനിർദേശങ്ങൾ നൽകുക കൂടി അദ്ദേഹത്തിൻെറ കർത്തവ്യമായി മാറി. വിശ്വാസികളുടെ സമൂഹത്തെ നശിപ്പിക്കാനായി അവിശ്വാസികളായ മക്കക്കാർ സകലവിധ തന്ത്രങ്ങളുമാവിഷ്കരിച്ചുകൊണ്ടിരിക്കുന്നതിനാൽ ആ സമൂഹത്തിന് ശക്തമായ ഒരു ഭരണനേതൃത്വംതന്നെ ആവശ്യമായിരുന്നു. അങ്ങനെ അന്തിമപ്രവാചകൻ ആ സമൂഹത്തിൻെറ ഭരണാധിപൻ കൂടിയായി. 'നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ

1. ഖുർആൻ 5:91



സഹോദരന്മാരിൽനിന്ന് അവർക്കായി ഉയർത്തു'[1]മെന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് കർത്താവ് മോശയോട് ചെയ്ത വാഗ്ദാനം നിറവേറ്റപ്പെടുകയായിരുന്നു. മോശയും മുഹമ്മദും ജനിച്ചത് അസാധാരണമായിട്ടല്ല.[2] രണ്ടുപേർക്കും മാതാവും പിതാവുമുണ്ടായിരുന്നു. രണ്ടുപേരും വിവാഹിതരാവുകയും കുഞ്ഞുങ്ങളുണ്ടാവുകയുംചെയ്തു. ഇപ്പോഴിതാ മോശയെപ്പോലെ മുഹമ്മദും സമൂഹത്തിലെ ഭരണാധികാരിയായി മാറിയത് നാം കാണുന്നു. മോശയെപ്പോലെ മുഹമ്മദും പുതിയ നിയമങ്ങളും ജീവിതരീതികളും കൊണ്ടുവന്നിരിക്കുന്നു.[3] കർത്താവിൻെറ വാഗ്ദാനം ഒരിക്കലും പാഴായിപ്പോകില്ല. മോശയ്ക്ക് സദൃശ്യനായ ഒരു പ്രവാചകനെത്തന്നെ അവൻ അന്തിമപ്രവാചകനായി നിയോഗിച്ചു. അങ്ങനെ പ്രവാചകത്വമാകുന്ന ചെങ്കോലും രാജദണ്ഡും യഹൂദായിൽനിന്ന് ഒഴിഞ്ഞുപോകാൻ വേണ്ടിയുള്ള അവകാശിയുടെ[4] ആഗമനം ഇസ്രായീല്യരുടെ സഹോദരന്മാർക്കിടയിൽ നിന്നുതന്നെയായിരുന്നു. അബ്രഹാമിൻെറ ഇളയ പുത്രനായ ഇസ്ഹാഖിൻെറ സന്തതിപരമ്പരകളായ ഇസ്രായീല്യരുടെ സഹോദരന്മാർ, അബ്രഹാമിൻെറതന്നെ മൂത്തമകനായ ഇസ്മായീലിൻെറ സന്തതികളായ അറബികളാണെന്ന് വ്യക്തം. അറബികളിൽനിന്നും ഉയർത്തപ്പെട്ട മുഹമ്മദ് (സ) തന്നെയാണ് 'നിങ്ങളുടെ സഹോദരന്മാർക്കിടയിൽ നിന്നുയർത്തു'മെന്ന് ഇസ്രായീല്യരോട് നൽകിയ വാഗ്ദത്തത്തിൻെറ പൂർത്തീകരണവുമായി അയക്കപ്പെട്ട പ്രവാചകൻ.

മദീനയിൽ ഇസ്‌ലാമികസമൂഹം വളർന്നുവെന്നറിഞ്ഞ മക്കാമുശ്‌രിക്കുകൾക്ക് കലികയറി. തങ്ങളുടെ പിതാക്കളിൽനിന്ന് ലഭിച്ച വിശ്വാസാചാരങ്ങളുടെ സംരക്ഷണത്തിനായി പുതിയ മതത്തെ ഉന്മൂലനം ചെയ്യാനവർ തീരുമാനിച്ചു. മദീനയിലെ ജൂതന്മാരുമായി ഉപജാപത്തിലേർപ്പെട്ടും ഗൂഢാലോചനകൾ നടത്തിയും മുസ്‌ലിംസമൂഹത്തെ നശിപ്പിക്കുവാൻ അവർ പരിശ്രമിച്ചു.

നിലനിൽപിനുവേണ്ടി വാളെടുക്കുകയല്ലാതെ മറ്റൊരു മാർഗവും മുസ്‌ലിം സമൂഹത്തിൻെറ മുമ്പിലുണ്ടായിരുന്നില്ല. അങ്ങനെ അന്തിമപ്രവാചകൻെറ കാലഘട്ടത്തിലെ ആദ്യത്തെ യുദ്ധമുണ്ടായി. സർവ

1. ആവർത്തനം 18:18
2. യേശു ജനിച്ചത് തികച്ചും അസാധാരണമായിട്ടായിരുന്നു
3. യേശു പുതിയ നിയമങ്ങളൊന്നും കൊണ്ടുവന്നിട്ടില്ല. മോശെ കൊണ്ടുവന്ന ന്യായപ്രമാണത്തിലെ നിയമങ്ങളെ നിവർത്തിക്കുക മാത്രമാണ് ചെയ്തത്. (മത്തായി 5: 17-18)
4. ഉൽപത്തി 49:10

വിധ സന്നാഹങ്ങളുമായി വന്ന ആയിരത്തിൽപരം ആളുകളുണ്ടായിരുന്ന ശത്രുസൈന്യവുമായി പരിമിതമായ സജ്ജീകരണങ്ങൾ മാത്രമുണ്ടായിരുന്ന മൂന്നൂറ്റിപ്പതിമൂന്ന് പേരുള്ള വിശ്വാസികളുടെ സൈന്യം ബദറിൽവെച്ച് ഏറ്റുമുട്ടി. പ്രവാചകൻ കരളുരുകിക്കൊണ്ട് പ്രാർഥിച്ചു 'അല്ലാഹുവേ, ഈ ചെറുസംഘം ഇന്ന് നശിച്ചുപോകുകയാണെങ്കിൽ പിന്നെ നിന്നെമാത്രം ആരാധിക്കുന്നവരാരും ഭൂമുഖത്തുണ്ടാകില്ല. നീ ഞങ്ങളെ അനുഗ്രഹിക്കേണമേ'. യുദ്ധം നടന്നു. ഇസ്‌ലാമിന്റെ പ്രഥമയുദ്ധത്തിൽ മുസ്‌ലിംകൾ വിജയിച്ചു. ബദ്റിൽവെച്ച് എഴുപത് അവിശ്വാസികൾ മരണപ്പെട്ടപ്പോൾ സത്യവിശ്വാസികളിൽപ്പെട്ട പതിനാലുപേർ രക്തസാക്ഷികളായി. പിന്നെയും പ്രവാചകനും അനുയായികൾക്കും യുദ്ധംചെയ്യേണ്ടിവന്നു. ഉഹ്ദ്, ഖൻദഖ്, അഹ്സാബ്, ഖൈബർ, ഹുനൈൻ തുടങ്ങി ഏതാനും യുദ്ധങ്ങൾ. ഇവയൊന്നുംതന്നെ നാട്വെട്ടിപ്പിടിക്കാനോ സാമ്രാജ്യം വിസ്തൃതമാക്കാനോ വേണ്ടിയായിരുന്നില്ല. വിശ്വാസസംരക്ഷണത്തിനും ആദർശമനുസരിച്ച് ജീവിക്കുവാനുള്ള അവകാശത്തിനും വേണ്ടിയായിരുന്നു.

പ്രവാചകൻ ഒരു മഹത്തായ വിപ്ലവമാണ് നയിച്ചതെന്ന കാര്യത്തിൽ ചരിത്രമറിയുന്നവർക്കൊന്നും സംശയമുണ്ടാകാനിടയില്ല. തികച്ചും സംസ്കാരശൂന്യരായ ഒരു ജനതയെ ലോകത്തിനു മുഴുവൻ മാതൃകയായ ഒരു സമൂഹമായി മാറ്റിയെടുക്കുവാൻ അദ്ദേഹത്തിന് വേണ്ടിവന്നത് വെറും ഇരുപത്തിമൂന്ന് വർഷങ്ങളാണ്. ഈ ഇരുപത്തിമൂന്ന് വർഷങ്ങൾക്കുള്ളിൽ അദ്ദേഹത്തിന് നേരിടേണ്ടിവന്ന രൂപത്തിലുള്ള എതിർപ്പുകൾ എഴുതപ്പെട്ട ചരിത്രത്തിൽ ആർക്കും നേരിടേണ്ടിവന്നിട്ടില്ല. സ്വന്തം വിശ്വാസാദർശങ്ങൾ സംരക്ഷിക്കാനായി സമരം ചെയ്യേണ്ടിവന്ന നബി പങ്കെടുത്ത യുദ്ധങ്ങളിലെല്ലാം കൂടി കൊല്ലപ്പെട്ടത് കേവലം ആയിരത്തിപതിനെട്ടു പേർ മാത്രമായിരുന്നു! വിപ്ലവങ്ങളുടെ പേരിൽ ഈ ഭൂമിയിൽ ചീന്തപ്പെട്ട ചോരയുമായി താരതമ്യംചെയ്യുമ്പോൾ ഇതെത്രമാത്രം നിസ്സാരമാണ്. ഫ്രഞ്ച്വിപ്ലവത്തിൽ കൊല്ലപ്പെട്ടത് അറുപത്താറ് ലക്ഷം മനുഷ്യരാണ്. ഒരുകോടിയിലധികംപേരുടെ ചോരചിന്തിക്കൊണ്ടാണ് റഷ്യയിലെ മഹത്തായ വിപ്ലവം നടന്നത്. ഒന്നാംലോകമഹായുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ സംഖ്യ എഴുപത്തിമൂന്ന് ലക്ഷമായിരുന്നുവെങ്കിൽ രണ്ടാംലോകമഹായുദ്ധത്തിലത് നൂറ്റിയാറ് ലക്ഷമായിരുന്നു. ഈ



വിപ്ലവങ്ങളെക്കൊണ്ട് മനുഷ്യനെന്ത് നേടി? നാഗരികതയ്ക്ക് എന്തെന്ത് സംഭാവനകളാണ് ഈ വിപ്ലവങ്ങൾ നൽകിയത്? ഉത്തരം വട്ടപ്പൂജ്യമെന്നാണ്. ഇവ നയിച്ച മഹാത്മാക്കൾക്കെതിരെ ആ രാജ്യങ്ങളിലുള്ള ജനങ്ങളുടെതന്നെ രോഷം ഉയരാൻ തുടങ്ങിയിരിക്കുന്നു. കോടിക്കണക്കിന് ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ട് 'മഹത്തായ വിപ്ലവ'ത്തിലൂടെ സോഷ്യലിസ്റ്റ് സമൂഹത്തിനു ശ്രമിച്ചവരുടെ പ്രതിമകൾക്കുനേരെ കല്ലെറിഞ്ഞുകൊണ്ട് പിഞ്ചുകുഞ്ഞുങ്ങൾ അവരോടുള്ള പ്രതിഷേധം പ്രകടിപ്പിക്കുമ്പോൾ അവരുടെ സിദ്ധാന്തങ്ങൾ മാറ്റിമറിച്ചുകൊണ്ട് ഭരണാധികാരികൾ അവരോടുള്ള അവജ്ഞ അവതരിപ്പിക്കുന്നു. അപ്പോൾ ആ വിപ്ലവങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട രക്തം മുഴുവൻ വൃഥാവിലായിരുന്നുവെന്ന് നമുക്ക് ബോധ്യപ്പെടുന്നു. എന്നാൽ പ്രവാചകന്റെ വിപ്ലവമോ? വെറും ആയിരത്തിപതിനെട്ട് പേർ മാത്രം കൊല്ലപ്പെട്ടുകൊണ്ട് നടന്ന ആ മഹത്തായ സാംസ്കാരികവിപ്ലവത്തിന് തുല്യമായ ഒരു വിപ്ലവം മാനവചരിത്രത്തിലുണ്ടോ? ഇല്ല എന്നാണ് ഉത്തരം. അറേബ്യയിൽനിന്നുവരുന്ന മഹാചാര്യനായ മഹാമദ്വിപ്ലവം സൃഷ്ടിക്കുന്നവനും തീക്ഷ്ണസമരത്തിലൂടെ ശുദ്ധീകരണം ആഗ്രഹിക്കുകയും ചെയ്യുന്നവനായിരിക്കുമെന്ന ഭവിഷ്യൽപുരാണത്തിലൂടെയുള്ള വ്യാസമുനിയുടെ പ്രവചനത്തിന്റെ[1] പൂർത്തീകരണം, മഹത്തായ വിപ്ലവങ്ങൾ സൃഷ്ടിക്കുകയും സത്യമതസ്വാതന്ത്ര്യത്തിനുവേണ്ടി തീക്ഷ്ണമായി സമരംചെയ്യാൻ കൽപിക്കുകയുംചെയ്ത പ്രവാചകന്റെ ചരിത്രത്തിലാണ് നമുക്ക് കാണാൻ കഴിയുന്നത്.

മദീനയിൽ ഒരു ഇസ്‌ലാമിക സമൂഹം രൂപംകൊണ്ടു കഴിഞ്ഞിരുന്നു. അടിമകളും ഉടമകളും സമന്മാരായി മാറിയ സമൂഹം. മദ്യത്തിൽനിന്നും ചൂതാട്ടങ്ങളിൽനിന്നും തികച്ചും മുക്തമായ ഒരു സമൂഹം. അക്രമിയായ രാജാവിന്റെ മുന്നിലും സത്യം തുറന്നുപറയാൻ ധൈര്യം കാണിക്കുന്ന സമൂഹം. സർവോപരി സർവശക്തന്റെ മുന്നിൽമാത്രം ശിരസ്സ് നമിക്കുന്ന ഒരു സമൂഹം. ഈ സമൂഹത്തെ തകർക്കാനാണ് മക്കയിലെ പാരമ്പര്യ വിശ്വാസികൾ ശ്രമിച്ചുകൊണ്ടിരുന്നത്. പലതരം ആക്രമണങ്ങളും സത്യവിശ്വാസികൾ സഹിച്ചു. സന്ധിസംഭാഷണങ്ങൾക്ക് അവർ സന്നദ്ധരായി. പക്ഷെ അവിശ്വാസികൾ അവരുടെ സകലവിധ സമ്പത്തും ശക്തികളും ഇസ്‌ലാമി

1. ഭവിഷ്യൽ പുരാണം 3:3:3:25-28

കസമൂഹത്തെ നശിപ്പിക്കാൻവേണ്ടി സമാഹരിച്ചുകൊണ്ടിരുന്നു. മക്കയിലേക്ക് ഒരു പടയോട്ടം നടന്നില്ലെങ്കിൽ മദീനയിലെ മാതൃകാ സമൂഹത്തെ നാമാവശേഷമാക്കാൻ സർവസന്നാഹങ്ങളോടുംകൂടി അവിശ്വാസികൾ കടന്നുവരുമെന്ന് ഉറപ്പായിരുന്നു. അവസാനം അതു തന്നെ സംഭവിച്ചു. പ്രവാചകനും സമൂഹവും പ്രതികരിച്ചു. വിശ്വാസി കളുടെ ഒരു വൻസൈന്യം മക്കയിലേക്ക് നീങ്ങി. 'അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ' എന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ചുകൊണ്ട് ആ സേന മക്കയിലേക്ക് കടന്നു. സ്രഷ്ടാവായ ദൈവത്തെ ആരാധിക്കു വാനായി ഭൂമിയിൽ നിർമിക്കപ്പെട്ട ആദ്യത്തെ ഭവനം സ്ഥിതിചെയ്യു ന്ന പട്ടണത്തിലേക്ക്; സ്രഷ്ടാവായ ദൈവംതമ്പുരാനെ മാത്രം ആരാ ധിക്കണമെന്ന് ആവശ്യപ്പെട്ടതിൻെറ പേരിൽ പ്രവാചകനും അനുയാ യികളും പുറത്താക്കപ്പെട്ട പ്രദേശത്തേക്ക്; 'ദൈവമാകുന്നു ഏറ്റവും വലിയവൻ'-അല്ലാഹു അക്ബർ- എന്ന ശബ്ദം അന്തരീക്ഷത്തിൽ പ്രകമ്പനംകൊണ്ടു. ആ മുദ്രാവാക്യം ജീവിതത്തിൽ പ്രാവർത്തി കമാക്കിയവരായിരുന്നു അവർ. പരമ്പരാഗതമായി ആരാധിച്ചുവന്നി രുന്ന വിഗ്രഹങ്ങളെയും ശവകുടീരങ്ങളെയും വ്യാജദൈവങ്ങളെയും കൈയൊഴിച്ചവർ; ദൈവത്തെ മാത്രം ആരാധിക്കുവാനുള്ള സ്വാത ന്ത്ര്യത്തിനുവേണ്ടി പെറ്റുവളർന്ന സ്വന്തംനാടുപേക്ഷിച്ചവർ; വീടും കുടുംബവും വേണ്ടെന്നുവെച്ചവർ; ജീവിതകാലമത്രയും സമ്പാദിച്ച സ്വത്ത് മുഴുവൻ ആദർശത്തിനുവേണ്ടി ചിലവഴിച്ചവർ. അവരല്ലാതെ മറ്റാരാണ് 'അല്ലാഹു അക്ബർ' എന്ന് പറയാൻ അർഹതയുള്ളവർ? മക്കയെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് പതിനായിരത്തോളംപേർ വരുന്ന ആ സൈന്യം കൈയിൽ തീപന്തങ്ങളുമായി മക്കയുടെ പ്രാ ന്തങ്ങളിലേക്ക് പ്രവേശിച്ചു. അൽഭുതം! ആവർത്തനപുസ്തകത്തി ലെ പ്രവചനം ഇവിടെ പൂർത്തീകരിക്കപ്പെട്ടു. പാറാൻ പർവതത്തി ലെ പ്രകാശിക്കുന്ന ദൈവത്തിൻെറ അവസാനത്തെ പ്രവാചകൻ തൻെറ വലതുകൈയിൽ അഗ്നിജ്വാലയുമായി പതിനായിരക്കണക്കി ന് വിശുദ്ധന്മാരിൽനിന്ന് വരിക[1]തന്നെചെയ്തു.

സത്യവിശ്വാസികളുടേതായ ആ സൈന്യം മക്ക കീഴടക്കി. എതിർ പ്പിൻേറതായ ആരവങ്ങളോ രക്തത്തിൻെറ പ്രവാഹമോ ഇല്ലാതെ തികച്ചും ശാന്തമായിക്കൊണ്ടായിരുന്നു ലോകചരിത്രത്തിലെ അതു ല്യമായ ആ വിപ്ലവം നടന്നത്. തികച്ചും സമാധാനപരമായിരുന്നു

1. ആവർത്തനം 33:2



അത്. പ്രവാചകൻെറ സേനയുടെ നായകനായിരുന്ന സഅ്ദുബ്നു ഉബാദ (റ) ആവേശത്താൽ മക്കക്കടുത്തുനിന്ന് വിളിച്ചുപറഞ്ഞു. 'ഇത് രക്തച്ചൊരിച്ചിലിൻെറ ദിവസമാകുന്നു'. സമാധാനത്തിൻെറ പ്രവാചകൻ അത് തിരുത്തി. 'അല്ലാ ഇന്ന് അനുഗ്രഹത്തിൻെറയും കരുണയുടെയും ദിനമാകുന്നു'. മക്ക മുഴുവൻ തങ്ങളുടെ കാൽക്കീ ഴിൽ വന്നപ്പോളും സമാധാനം പ്രവചിച്ച പ്രവാചകനിൽ യിരെമ്യാ പ്രവാചകൻെറ ദീർഘദർശനത്തിൻെറ പൂർത്തീകരണം നമുക്ക് ദർ ശിക്കാം. 'സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാ കട്ടെ അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താ വ് അയച്ചതാണെന്ന് അറിയാം'.[1] സമാധാനം പ്രവചിച്ച പ്രവാ ചകൻെറ[2] വചനങ്ങളിൽ ഒന്നും അസത്യമായിട്ടില്ല. ഒരൊറ്റ വചനവും പുലരാതിരുന്നിട്ടില്ല. മക്കയിലെ ഈ വിജയംതന്നെ അദ്ദേഹത്തിലൂ ടെയുള്ള ഒരു പ്രവചനത്തിൻെറ പൂർത്തീകരണമായിരുന്നുവല്ലോ.

കാരുണ്യത്തിൻെറ പ്രവാചകനുമുന്നിൽ ഇതാ കൂറേ മനുഷ്യർ പഞ്ചപുച്ഛമടക്കി നിൽക്കുന്നു. ആരാണിവരെന്നല്ലേ? സത്യം പറ ഞ്ഞുവെന്നതിൻെറ പേരിൽ നബിയെ സ്വന്തം നാട്ടിൽനിന്ന് ആട്ടി യോടിച്ചവർ. തിരുമേനി നമസ്കരിക്കുമ്പോൾ അദ്ദേഹത്തിൻെറ കഴു ത്തിൽ ഒട്ടകത്തിൻെറ കുടൽമാലകൾ ചാർത്തിയവർ. അദ്ദേഹത്തെ എറിഞ്ഞോടിച്ചവർ. അദ്ദേഹത്തിൻെറ പിതൃവ്യനും ഇസ്‌ലാമിൻെറ സിംഹവുമായിരുന്ന ഹംസ(റ)യെ ഉഹ്ദിൽ വെച്ച് ചതിച്ചുകൊന്ന വഹ്ശി. ഹംസയുടെ ചെവിയും മൂക്കും അരിഞ്ഞെടുത്ത് മാലകോർ ത്തണിഞ്ഞ് ഇസ്‌ലാമിനോടുള്ള വൈര്യം പ്രകടിപ്പിച്ച സ്ത്രീകൾ. ഇസ്‌ലാമിൻെറ ആ സിംഹത്തിൻെറ നെഞ്ചു കുത്തിപ്പിളർത്തി കരൾ വലിച്ചെടുത്ത് അത് ചവച്ചുതുപ്പി യുദ്ധഭൂമിയിൽ അമ്മാനമാടിയ ഹിന്ദ്. സത്യവിശ്വാസികളെ കൊടുംക്രൂരതകൾക്ക് വിധേയരാക്കി യവർ. സുമയ്യ(റ)യെ മൃഗീയമായി വധിച്ചവർ. യാസറി(റ)നെ ക്രൂരമാ യി കൊന്നവർ. ബിലാലിനെ(റ)യും അമ്മാറി(റ)നെയും മർദിച്ചവർ. സത്യമതത്തെ നശിപ്പിക്കാൻ സകലവിധ തന്ത്രങ്ങളും പയറ്റി പരാ ജയപ്പെട്ടവർ. അവരുടെ കയ്യിലിന്ന് അധികാരമില്ല. ഉയരാൻ വാളു കളില്ല. മർദിക്കാൻ ചാട്ടവാറുകളില്ല. പ്രവാചകൻ എന്തുപറഞ്ഞാ ലും അനുസരിക്കാൻ സന്നദ്ധതയുള്ള, ആയിരക്കണക്കിന്

1. യിരെമ്യാ 28:9
2. 'ഇസ്‌ലാം' എന്ന പദത്തിന് സമാധാനം എന്നും അർത്ഥമുണ്ടെന്ന കാര്യം പ്രത്യേ കം പ്രസ്താവ്യമാണ്.

അംഗങ്ങളുള്ള സർവസന്നാഹങ്ങളോടും കൂടിയ സൈന്യം അവരെ പൊതിഞ്ഞ് നിൽക്കുന്നു. പ്രവാചകൻ ഒരൊറ്റ വാക്കുപറഞ്ഞാൽ ഇവരുടെയെല്ലാം തലകൾ തന്റെ കാൽക്കീഴിൽ കിടന്ന് ഉരുളും. ഇവരുടെ ഓരോരുത്തരുടെയും കരൾ കടിച്ചു തുപ്പാൻ ആയിരങ്ങൾ സന്നദ്ധരാവും. ഇവരുടെ കഴുത്തിൽ ഒട്ടകത്തിന്റെ കുടൽമാലകൾ ചാർത്തപ്പെടും. പക്ഷേ, പ്രവാചകൻ വിനയാന്വിതനായി ചോദിച്ചു: 'ഇന്ന് നിങ്ങളെന്താണ് എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നത്?' അവർ ദയനീയമായി പറഞ്ഞു: 'നന്മ, താങ്കൾ മാന്യനും മാന്യന്റെ മകനുമാകുന്നു'. കാരുണ്യത്തിന്റെ, ദയയുടെ, സ്നേഹത്തിന്റെ, അനുകമ്പയുടെയെല്ലാം ലോകം കണ്ട ഏറ്റവും വലിയ മാതൃകാപുരുഷൻ മൊഴിഞ്ഞു: 'പോവുക, നിങ്ങളെല്ലാവരും സ്വതന്ത്രരാവുന്നു'. സമാധാനത്തിന്റെ ഉത്തുംഗമായ ഉദാഹരണം! കാരുണ്യത്തിന്റെ തുല്യതയില്ലാത്ത മാതൃക. ഈ പ്രവാചകനല്ലാതെ മറ്റാരാണ് ആവർത്തന പുസ്തകത്തിൽ പറഞ്ഞ സമാധാനത്തിന്റെ പ്രവാചകനാവാൻ അർഹതയുള്ള വ്യക്തിത്വം?

പ്രവാചകൻ പൂർണനായ ഒരു മനുഷ്യനായിരുന്നു. മനുഷ്യത്വത്തിന്റെ എല്ലാവിധ ഗുണങ്ങളും അദ്ദേഹത്തിൽ സമ്പൂർണമായി പ്രകാശിച്ചിരുന്നു. പ്രസംഗങ്ങളും ഉപദേശങ്ങളും മാത്രമായിരുന്നില്ല പ്രവാചകൻ ലോകത്തിന് സംഭാവന ചെയ്തത്. സ്വന്തം ജീവിതത്തെ തന്നെ തന്റെ ആദർശങ്ങൾക്കുള്ള പ്രായോഗികമാതൃകയായി അവതരിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ വിജയം. ലാമാർട്ടിൻ എഴുതി. "തത്ത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ, നിയമനിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധസങ്കൽപങ്ങളിൽനിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതികസാമ്രാജ്യങ്ങളുടെ സ്ഥാപകൻ-അതായിരുന്നു മുഹമ്മദ്. മനുഷ്യത്വത്തിന്റെ എല്ലാ മാനദണ്ഡങ്ങളും വെച്ച് പരിഗണിക്കുമ്പോൾ നാം വ്യക്തമായും ചോദിച്ചേക്കാം: മുഹമ്മദിനെക്കാൾ മഹാനായ മറ്റു വല്ല മനുഷ്യനുമുണ്ടോ!"[1]

അദ്ദേഹത്തിന്റെ അധികാരജീവിതം പരിശോധിക്കുക. അധികാരത്തിന്റെ ഉയർന്ന വിതാനത്തിലായിരുന്നപ്പോഴും ശരീരത്തിൽ പായക്കണ്ണികൾ പാടുകളുണ്ടാക്കുമാറ് പരുപരുത്ത പനയോലപ്പായയിൽ കിടന്നുറങ്ങിയ പ്രവാചകൻ. തന്റെ പള്ളിമുറ്റത്ത് യുദ്ധമുതലുകൾ കൂമ്പാരമായി കിടക്കുമ്പോഴും കുടുംബത്തിന്റെ പട്ടിണിമാറ്റാൻ അതിൽനിന്നെടുക്കാത്ത ദൈവദൂതൻ. യുദ്ധത്തടവുകാരെ മദീനാനിവാസികൾക്ക് ദാസന്മാരായി ഏൽപിച്ചുകൊടുക്കുമ്പോഴും വെള്ളം വലിച്ച വേദനയെക്കുറിച്ച് വേവലാതിപ്പെടുന്ന സ്വന്തംപുത്രി ഫാത്വിമക്ക് ഒരു വേലക്കാരിയെ അതിൽനിന്ന് സ്വീകരിക്കാൻ അനുവാദം കൊടുക്കാത്ത റസൂൽ. അറേബ്യയുടെ അർധഭാഗത്തിന്റെയും അധികാരികയായിരിക്കുമ്പോഴും തന്റെ വീട്ടിൽ ഒരുപിടി ധാന്യവും ഒരു തുകൽപാത്രവും മാത്രം ബാക്കിവെച്ചിരുന്ന നബി. ആ ജീവിതത്തിന് അധികാരം സുഖലോലുപതയ്ക്കുള്ള ഒരു മാർഗമായിരുന്നില്ല. പ്രത്യുത നീതിനിർവഹണത്തിനുള്ള പാത മാത്രമായിരുന്നു.

അദ്ദേഹത്തിന്റെ കുടുംബജീവിതം നോക്കുക. ഭാര്യമാരോട് അദ്ദേഹം നീതി പുലർത്തിയിരുന്നു. സന്താനങ്ങളോട് അദ്ദേഹം സ്നേഹം പ്രകടിപ്പിച്ചിരുന്നു. പേരക്കുട്ടികളെ വാൽസല്യപൂർവം പരിലാളിക്കുവാൻ അദ്ദേഹം ആർത്തി കാണിച്ചിരുന്നു. മുഹമ്മദ് എന്ന ഭർത്താവിനെക്കുറിച്ച് ഒരു പരാതിയും പറയാൻ അദ്ദേഹത്തിന്റെ ഭാര്യമാർക്കുണ്ടായിരുന്നില്ല. മുഹമ്മദെന്ന പിതാവിനെക്കുറിച്ച് ഒരു കുറ്റവും പറയാൻ അദ്ദേഹത്തിന്റെ മക്കൾക്കുണ്ടായിരുന്നില്ല. തന്റെ കുടുംബക്കാരോട് അദ്ദേഹം കരുണകാണിച്ചിരുന്നു. കുടുംബബന്ധം പുലർത്തുവാൻ അദ്ദേഹത്തിന് പ്രത്യേകം താൽപര്യമുണ്ടായിരുന്നു.

സ്നേഹനിർഭരനും ദയാലുവുമായിരുന്നു പ്രവാചകൻ. സാധാരണ സഞ്ചരിക്കുന്ന വഴിയിലെ ഒരു വീട്ടിൽനിന്നൊരു ജൂതവനിത എന്നും തന്നെ തുപ്പുന്നുവെങ്കിലും പ്രവാചകൻ ഒന്നും പറയുന്നില്ല. ഒരു ദിവസം ആ വഴിയിലൂടെ നടക്കുമ്പോൾ തന്റെമേൽ തുപ്പൽ വന്നുവീഴുന്നത് കാണാത്ത അദ്ദേഹം ചോദിക്കുന്നു: 'എന്റെ സ്നേഹിത ഇന്നെവിടെപ്പോയി? അവൾ ഇന്നെന്നെ കാണാൻ വന്നില്ലല്ലോ.' അവൾ അസുഖമായി കിടക്കുകയാണെന്നറിഞ്ഞ അദ്ദേഹം അവളെ സന്ദർശിച്ച് കുശലാന്വേഷണങ്ങൾ നടത്തുന്നു. തന്നെ ഭത്സിച്ചവരെ ശപിക്കുകയോ പീഡിപ്പിച്ചവരോട് പ്രതികാരംചെയ്യുകയോ ചെയ്തില്ല, അദ്ദേഹം. തന്നെ എറിഞ്ഞോടിക്കുന്നവരുടെ നന്മക്കുവേണ്ടി അദ്ദേഹം പ്രാർഥിക്കുന്നതാണ് നാം കാണുന്നത്.

1. La Martin-Historie de la Turquie Vol II Page 277

ആ മഹാനായ വ്യക്തിത്വം ലോകത്തിനു മുഴുവൻ പ്രഭ വിതറിക്കൊണ്ട് അറുപത്തിമൂന്ന് വർഷം ജീവിച്ചു. സ്വപത്നി ആയിഷ(റ)യുടെ മടിയിൽകിടന്ന് ആ മഹാനുഭാവൻ ഇഹലോകവാസം വെടിഞ്ഞു. അതിനുമുമ്പ്, ഹിജ്റ പത്താം വർഷം ഒരുലക്ഷം അനുയായികളോടൊപ്പം അദ്ദേഹം ആദ്യത്തേതും അവസാനത്തേതുമായ ഹജ്ജു നിർവഹിച്ചു. അവിടെവെച്ച് അദ്ദേഹം ഹജ്ജത്തുൽ വിദാഇലെ പ്രസംഗമെന്ന് പ്രസിദ്ധമായ പ്രസംഗം ചെയ്തു. മഹത്തായ ഒരു മനുഷ്യാവകാശ പ്രഖ്യാപനമായിരുന്നു അത്. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനോട് കൂറും ഭക്തിയുമുള്ളവരായി വർത്തിക്കുവീൻ. നിങ്ങളുടെ രക്തവും ധനവും അഭിമാനവും പാവനമാകുന്നു. നിങ്ങളുടെ നാഥനുമായി നിങ്ങൾ കണ്ടുമുട്ടുന്ന അവസരത്തിൽ നിങ്ങളുടെ ചെയ്തികളെക്കുറിച്ചവൻ ചോദ്യംചെയ്യും. പലിശ നിരോധിച്ചിരിക്കുന്നു. അനിസ്ലാമികത്വത്തിൻേറതായ എല്ലാവിധ രക്തപ്പകകളും പ്രതികാരനടപടികളും റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു. വഴിപിഴപ്പിക്കാൻവേണ്ടി വരുന്ന പിശാചിൻെറ ദുർബോധനത്തെക്കുറിച്ച് ജാഗരൂകരായിരിക്കുക. നിങ്ങളോട് നിങ്ങളുടെ പത്നിമാർക്ക് ഒരു കടപ്പാടുള്ളതുപോലെ നിങ്ങൾക്ക് അവരോട് കടപ്പാടുണ്ട്. നിങ്ങളുടെ മുന്നിൽ രണ്ട് കാര്യങ്ങൾ വിട്ടേച്ചുകൊണ്ടാണ് ഞാൻ പോകുന്നത്. അവ മുറുകെ പിടിക്കുന്നപക്ഷം എനിക്കുശേഷം നിങ്ങൾ പിഴച്ചുപോകുകയില്ല. അല്ലാഹുവിൻെറ ഗ്രന്ഥവും അവൻെറ ദൂതൻെറ ചര്യയുമത്രെ അത്. മുസ്ലിംകൾ പരസ്പരം സഹോദരന്മാരാണ്. നിങ്ങൾ പരസ്പരം കഴുത്തറുക്കരുത്. മനുഷ്യരെ, നിങ്ങളുടെ ദൈവം ഒന്ന്, നിങ്ങളുടെ പിതാവൊന്ന്. നിങ്ങളല്ലാം ആദമിൽനിന്ന്. ആദമോ മണ്ണിൽനിന്നും. കൂടുതൽ ദൈവഭക്തിയുള്ളവനാണ് അല്ലാഹുവിങ്കൽ ശ്രേഷ്ഠൻ. അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളുമോ ഭയഭക്തികൊണ്ടല്ലാതെ യാതൊരു മഹത്വവുമില്ല. മുസ്ലിംകളേ... എനിക്കുശേഷം ഒരു പ്രവാചകനില്ല. നിങ്ങൾക്കുശേഷം ഒരു സമുദായവുമില്ല. നിങ്ങളുടെ നാഥനെ ആരാധിക്കുക. അഞ്ചുനേരം നമസ്കരിക്കുകയും വ്രതമനുഷ്ഠിക്കുകയും ഹജ്ജ് നിർവഹിക്കുകയും ചെയ്യുക. നിങ്ങളിൽനിന്നുള്ള ഭരണകർത്താക്കളെ അനുസരിക്കുക. എങ്കിൽ നിങ്ങളുടെ നാഥൻെറ സ്വർഗത്തിൽ പ്രവേശിക്കാം.

ഇനി നാം ചിന്തിക്കുക നാൽപതു വയസ്സാകുന്നതിനു മുമ്പ് ആരായിരുന്നു മുഹമ്മദ്? നിരക്ഷരനായ ഒരു ഇടയബാലൻ. സത്യസന്ധനായ ഒരു കച്ചവടക്കാരൻ. ഈ മുഹമ്മദിന് എവിടെനിന്നാണ് നാൽപതാമത്തെ വയസ്സിൽ ഈ ജ്ഞാനമെല്ലാം ലഭിച്ചത്? സർവകാലപ്രസക്തങ്ങളായ ധാർമികനിയമങ്ങളെല്ലാം അദ്ദേഹം എങ്ങനെയാണ് മെനഞ്ഞെടുത്തത്? രാഷ്ട്രീയവും സാമ്പത്തികവുമായ സിദ്ധാന്തങ്ങൾ എങ്ങനെയാണ് പടച്ചത്? ഒരിക്കലും മാറ്റത്തിരുത്തലുകൾ വേണ്ടിവന്നിട്ടില്ലാത്ത സാന്മാർഗിക തത്ത്വങ്ങൾ എവിടുന്നാണദ്ദേഹം ഉണ്ടാക്കിയത്? ഒരേയൊരു വ്യക്തിതന്നെ ഉജ്ജ്വലനായ സാമൂഹ്യപരിഷ്കർത്താവും അതിസമർഥനായ നിയമജ്ഞനും ശൂരനായ സൈന്യാധിപനും അതിശക്തനായ രാജ്യതന്ത്രജ്ഞനും അതിബുദ്ധിമാനായ തത്ത്വജ്ഞാനിയും അതിതീവ്രമായ ഭയഭക്തി ഉള്ളവനും സ്നേഹസമ്പന്നമായ ഒരു കുടുംബനാഥനും സ്നേഹിതനും എല്ലാമായിരിക്കുക. എന്നിട്ടദ്ദേഹം പറയുന്നു: 'ഇതൊന്നും തൻെറ കഴിവുകൊണ്ടല്ല, ദൈവത്തിൻെറ കഴിവുകൊണ്ട് മാത്രമാണ്. അവൻ മാനവരാശിക്ക് മാതൃകയായി എന്നെ നിയോഗിച്ചിരിക്കുന്നു. നിങ്ങൾ എന്നെ അനുസരിക്കുക. അതാണ് മോക്ഷത്തിനുള്ള മാർഗം'

അദ്ദേഹം കളവു പറഞ്ഞതായി തെളിവുണ്ടോ?

ഇല്ല,

ആ ജീവിതത്തിൽ വല്ല മഹാപാപങ്ങളും ആരെങ്കിലും ആരോപിച്ചിട്ടുണ്ടോ?

ഇല്ല.

അതുപോലെ നിസ്തുലമായൊരു മാതൃക ലോകചരിത്രത്തിൽ ആരുടേതെങ്കിലുമുണ്ടോ?

ഇല്ല.

എങ്കിൽ പിന്നെ എന്തുകൊണ്ട് നമുക്കദ്ദേഹത്തെ അനുസരിച്ചുകൂടാ? എന്തുകൊണ്ട് അദ്ദേഹം പറഞ്ഞതു വിശ്വസിച്ചുകൂടാ? എന്തുകൊണ്ടദ്ദേഹത്തെ മാതൃകയാക്കിക്കൂടാ? എന്തുകൊണ്ടദ്ദേഹത്തെ പിൻതുടർന്നുകൂടാ?

അദ്ദേഹത്തിലൂടെ അവതരിക്കപ്പെട്ട വേദഗ്രന്ഥമോ? അത്ഭുതങ്ങളുടെ അത്ഭുതവും വിജ്ഞാനസാഗരവുമാണത്. കേവലമൊരു മതഗ്രന്ഥമെന്നതിലുപരി മുഹമ്മദി(സ)ൻെറ പ്രവാചകത്വത്തിനുള്ള അമാനുഷികദൃഷ്ടാന്തം കൂടിയാണത്. ആ അമാനുഷികഗ്രന്

ഥത്തെ വെല്ലുവിളിക്കാൻ മാനവരാശിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇനിയൊട്ട് കഴിയുകയുമില്ല.

മുമ്പുള്ള വേദഗ്രന്ഥങ്ങളിലെ വരാനിരിക്കുന്ന ദൈവദൂതനെക്കുറിച്ചുള്ള മുഴുവൻ പ്രവചനങ്ങളും മുഹമ്മദ് നബിയിലൂടെ പൂർത്തീകരിക്കപ്പെട്ടത് നാം മനസ്സിലാക്കി. മാനുഷിക കരവിരുതുകൾക്ക് വിധേയമാക്കപ്പെട്ട് തെറ്റും ശരിയും സമ്മിശ്രമായി കിടക്കുന്ന വേദങ്ങളിൽ പോലും മുഹമ്മദി(സ)ൻെറ ആഗമനത്തെക്കുറിച്ച് വ്യക്തമായ പ്രവചനങ്ങൾ ബാക്കി നിൽക്കുന്നുവെങ്കിൽ ദൈവാവതീർണമായ രൂപത്തിൽ അവ ലഭ്യമായിരുന്നെങ്കിൽ അദ്ദേഹത്തെക്കുറിച്ച കൂടുതൽ പ്രവചനങ്ങൾ നമുക്കതിൽ കാണാൻകഴിയുമായിരുന്നു. മോശെയെപ്പോലുള്ള പ്രവാചകനും സകലസത്യത്തിലും നീതിയിലും വഴിനടത്താൻ വേണ്ടി യേശുവിനുശേഷം വന്ന സത്യത്തിൻെറ ആത്മാവും മഹാചാര്യനായ മരുഭൂമിയിലെ മഹാമദുമെല്ലാം അന്തിമപ്രവാചകനായ മുഹമ്മദ്(സ)യിരുന്നുവെന്ന് കാണാം. മഹാമദിൻെറ അനുയായികൾ ചേലാകർമം ചെയ്യുന്നവരും താടിവളർത്തുന്നവരും പരസ്യമായി പ്രാർഥനക്ക് ക്ഷണിക്കുന്നവരും അസാന്മാർഗ്ഗികതയെ എതിർക്കുന്നവരും പന്നിമാംസമല്ലാത്ത മറ്റു മാംസങ്ങൾ ഭക്ഷിക്കുന്നവരുമെന്ന വ്യാസമുനിയുടെ പ്രവചനം[1] എത്രത്തോളം സത്യസന്ധമായിട്ടാണ് മുഹമ്മദി(സ)ൻെറ അനുയായികളിൽ പുലർന്നിരിക്കുന്നത്!!

-നമുക്ക് വിശ്വസിക്കാം-

മുഹമ്മദ്(സ) ലോകസ്രഷ്ടാവും നിയന്താവും ആരാധ്യനുമായ ദൈവത്തിൻെറ ദൂതനാകുന്നു. സത്യസന്ധനായ പ്രവാചകൻ. മുൻ പ്രവാചകന്മാരുടെയെല്ലാം പിൻഗാമി. മനുഷ്യകുലത്തിന്ന് സ്രഷ്ടാവിലേക്കുള്ള വഴികാട്ടി.

അദ്ദേഹത്തെ നിരുപാധികം അനുസരിക്കുക. അതാണ് മോക്ഷത്തിലേക്കുള്ള മാർഗം.

1. ഭവിഷ്യൽ പുരാണം 3: 3: 3: 25-28

# നാല്

## വേദഗ്രന്ഥങ്ങളിലൂടെ

ഒരൊറ്റ സമുദായമായിരുന്ന മനുഷ്യർ, ദൈവികമാർഗം കൈവെടിഞ്ഞതിനാൽ ഭിന്നിക്കുകയും സംഘട്ടനങ്ങളിലേർപ്പെടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് പരിണമിച്ചു. ദൈവത്തിൻെറ വിധിവിലക്കുകൾ പാലിക്കാത്തതിനാൽ ഭിന്നിച്ചുപോയ അവരെ ഒന്നിപ്പിക്കുവാനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. മനുഷ്യസമുദായം ഭിന്നിച്ചിട്ടുള്ള വിഷയങ്ങളിൽ വിധി കൽപ്പിക്കുന്നതിനായി ദൈവം പ്രവാചകന്മാരിലൂടെ വേദഗ്രന്ഥവും അവതരിപ്പിച്ചു. എത്ര വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കൃത്യമായി നമുക്ക് അറിയിക്കപ്പെട്ടിട്ടില്ല.

ഏതാനും വേദഗ്രന്ഥങ്ങളുടെ നാമങ്ങൾ മാത്രമാണ് ഖുർആനിൽ പറഞ്ഞിട്ടുള്ളത്. അതിൽ അവസാനത്തെ പ്രവാചകനിലൂടെ ലോകത്തിന് നൽകപ്പെട്ട ദൈവികഗ്രന്ഥമാണ് ഖുർആൻ. മൂസാനബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്തും ദാവൂദ്നബി(അ)ക്കു അവതരിപ്പിക്കപ്പെട്ട ഇഞ്ചീലും അവയിൽ ഉൾപ്പെടുന്നു. ഇവയത്രയും ദൈവികഗ്രന്ഥങ്ങളും തെറ്റുകളില്ലാത്തതുമായിരുന്നുവെന്ന് വിശ്വസിക്കുവാൻ കടപ്പെട്ടവനാണ് മുസ്ലിം. ഈ ഗ്രന്ഥങ്ങൾ അവതരിക്കപ്പെട്ടിട്ടില്ലെന്നോ അല്ലെങ്കിൽ അവയിൽ തെറ്റുകളുണ്ടായിന്നുന്നുവെന്നോ വിശ്വസിക്കുന്നവർ ഇസ്ലാമിക വൃത്തത്തിന് പുറത്താണ്.

പക്ഷേ, ഈ ഗ്രന്ഥങ്ങളിലേതെങ്കിലുമൊന്ന് യഥാർഥരൂപത്തിൽ ഇന്ന് അവശേഷിക്കുന്നുണ്ടോ? ബൈബിളിൽ കാണുന്ന തോറയോ സങ്കീർത്തനങ്ങളോ സുവിശേഷങ്ങളോ ഈ ദൈവിക ഗ്രന്ഥങ്ങളു

ടെ ശരിപ്പകർപ്പാണോ? അതല്ല, അവ മനുഷ്യനിർമിതങ്ങളാണോ? ബൈബിൾ മുഴുവൻ ദൈവികഗ്രന്ഥമാണ് എന്ന് പറയുന്നതോ, അതല്ല, ബൈബിളിൽ മനുഷ്യനിർമിതവചനങ്ങൾക്കിടയിൽ ചില ദൈവികവചനങ്ങളുമുണ്ടെന്ന് പറയുന്നതോ? ഏതാണ് ശരി. നമുക്ക് സംക്ഷിപ്തമായി പരിശോധിക്കാം.

ബൈബിളിൻെറ ഒറിജിനൽ പ്രതി പുസ്തകശാലകളിൽ വാങ്ങാൻ കിട്ടുന്നില്ല. അറമായ ഭാഷയോ ബിബ്ലിക്കൽ ഗ്രീക്കു ഭാഷയോ ഹിബ്രുവോ ഒന്നുംതന്നെ ജീവിക്കുന്ന ഭാഷകളുമല്ല. അതുകൊണ്ടുതന്നെ ബൈബിൾ പഠനത്തിന് പരിഭാഷകളെ അവലംബിക്കുകയേ നമുക്ക് നിർവാഹമുള്ളൂ. അതിൽ മിഷനറിമാർക്കും മറിച്ചൊരഭിപ്രായമില്ല. ബൈബിളിൻെറ ഒറിജിനലിന് എന്തെങ്കിലും പ്രത്യേകതകളുള്ളതായി അവർ വിചാരിക്കുന്നില്ല. അതിലെ ആശയത്തിനാണ് പ്രാധാന്യമെന്നാണവർ പറയുന്നത്. അതുകൊണ്ടുതന്നെ ക്രിസ്ത്യാനികളിൽ ഒരു ശതമാനം പോലും ബൈബിളിൻെറ മൂലഭാഷയിൽ പ്രാഥമികജ്ഞാനമെങ്കിലും ഉള്ളവരല്ല. അവർ പാരായണം ചെയ്യുന്നതും പ്രചരിപ്പിക്കുന്നതുമെല്ലാം ബൈബിളിൻെറ വ്യത്യസ്ത ഭാഷകളിലുള്ള പതിപ്പുകളാണ്. ‘സത്യവേദ പുസ്തക’മായി ഈ പതിപ്പുകളെ അവതരിപ്പിക്കുന്നതിൽ അവർക്ക് സങ്കോചമൊന്നുമില്ല.

ദൈവിക ഗ്രന്ഥങ്ങളെക്കുറിച്ച ഇസ്‌ലാമിക വിശ്വാസവുമായി ഇത് സാരമായ ഭിന്നിപ്പ് പ്രകടിപ്പിക്കുന്നു. ദൈവികഗ്രന്ഥങ്ങൾ അവയുടെ മൂലങ്ങളോടുകൂടി സംരക്ഷിക്കപ്പെടണമെന്നും പാരായണം ചെയ്യപ്പെടണമെന്നുമാണ് മുസ്‌ലിംകൾ കരുതുന്നത്. ഇതിന് കാരണമുണ്ട്. ദൈവികഗ്രന്ഥത്തിലെ ഓരോ പദവും ദൈവികമായിരിക്കും. അതിന്ന് നാം നൽകുന്ന പരിഭാഷ എത്രതന്നെ യോജിച്ചതാണെങ്കിലും അതിന്ന് പരിമിതികളുണ്ടായിരിക്കും. അതുകൊണ്ടുതന്നെ ദൈവവാക്യം അങ്ങനെ തന്നെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ദൈവവാക്യത്തിന് നാം നൽകുന്ന പരിഭാഷ നമ്മുടേതാണ്. ദൈവത്തിൻേറതല്ല. അതുകൊണ്ടുതന്നെ അതൊരിക്കലും ദൈവികഗ്രന്ഥമായി അറിയപ്പെട്ടുകൂടാ. അതിനെ ദൈവികഗ്രന്ഥത്തിൻെറ പരിഭാഷയായി മാത്രമെ പരിഗണിക്കാവൂ.

ദൈവികഗ്രന്ഥം അവതരിപ്പിക്കുന്നത് ത്രികാലജ്ഞാനിയായ ദൈവമാണ്. അത് പ്രവാചകന്മാരിലൂടെ മാത്രമാണ് അവതരിപ്പിക്കപ്പെടുക. കാലത്തിനു അതീതനായ ദൈവത്തിൻെറ വചനങ്ങളിൽ വൈരുധ്യമുണ്ടാകുകയില്ല. അവൻ പറഞ്ഞ കാര്യങ്ങൾ പ്രാപഞ്ചിക സത്യങ്ങളുമായി വിയോജിപ്പിലായിക്കൂടാ. ഗ്രന്ഥത്തിൻെറ അവതരണോദ്ദേശ്യം ജനങ്ങളെ സന്മാർഗത്തിലേക്കു നയിക്കലാണ്. അവർക്ക് മാതൃകയാവേണ്ട പ്രവാചകന്മാരുടെ സംശുദ്ധ ജീവിതം വിവരിക്കുക കൂടി ചെയ്യുന്നു, വേദഗ്രന്ഥങ്ങൾ. അവയൊരിക്കലും മനുഷ്യരെ വൃത്തികേടുകൾ പഠിപ്പിക്കുന്നതായിക്കൂടാ. പ്രവാചകന്മാരെ നീചരായി അവതരിപ്പിക്കുന്നതായിക്കൂടാ. ഈ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ പഴയതും പുതിയതുമായ നിയമങ്ങളുടെ ലോകത്തിലേക്ക് നമുക്കൊന്ന് കടന്നുചെല്ലാം.



ഏതൊരു ഗ്രന്ഥത്തിൻെറയും കർത്താവിനെക്കുറിച്ചറിയുന്നത് ആ ഗ്രന്ഥത്തിനകുത്തുനിന്നാണ്. ഒന്നുകിൽ അതിൻെറ കർത്താവിൻെറ പേര് പുറംചട്ടയിൽ അച്ചടിച്ചിട്ടുണ്ടായിരിക്കും. അല്ലെങ്കിൽ അതിൻെറ ഉള്ളടക്കത്തിലെവിടെയെങ്കിലും ഇത് ഇന്നയാളുടെ സൃഷ്ടിയാണെന്ന് രേഖപ്പെടുത്തിയിരിക്കും. ബൈബിളിൻെറ അറുപത്തിയാറ് പുസ്തകങ്ങളിലോ അപ്പോക്രിഫാ ഗ്രന്ഥങ്ങളിലോ ഒന്നുംതന്നെ ഇത് ദൈവിക വചനമാണെന്നോ അല്ലെങ്കിൽ ദൈവം പ്രവാചകന് അറിയിച്ചുകൊടുത്ത ബോധനങ്ങളുടെ സമാഹാരമാണെന്നോ ഉള്ള പരാമർശങ്ങൾ നാം കാണുന്നില്ല. അവയെല്ലാം തന്നെ അവയുടെ രചനക്കു പിന്നിൽ മനുഷ്യകരങ്ങളാണുള്ളതെന്നാണ് ഉത്ഘോഷിക്കുന്നത്. ദൈവിക വചനങ്ങളുടെ മാത്രം സമാഹാരമാണ് ബൈബിളെന്ന് ക്രൈസ്തവർക്കുപോലും അഭിപ്രായമില്ല. പരിശുദ്ധാത്മ പ്രചോദിതരായ വിശുദ്ധന്മാരാൽ വിരചിതമായതെന്ന് ഈ ഗ്രന്ഥങ്ങളെല്ലാമെന്നാണവർ വിശ്വസിക്കുന്നത്.

ഈ പുസ്തകങ്ങൾ രചിച്ചത് വിശുദ്ധന്മാരായിരുന്നുവെന്ന് തീർത്തുപറയാൻ കഴിയുമോ? നമുക്ക് പരിശോധിക്കാം. മോശെ എഴുതിയതെന്ന് വിശ്വസിക്കപെടുന്ന ന്യായപ്രമാണ പുസ്തകങ്ങൾ-പഴയ നിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളെടുക്കുക. ഉൽപത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം എന്നീ പുസ്തകങ്ങൾ. അവയാണ് മൂസാനബിക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്തെ (തോറാ) ന്നാണ് മിഷനറിമാരിൽ ചിലർ അവകാശപ്പെടുന്നത്. മോശെ പ്രവാചകന് സീനാമലയിൽ വെച്ചു ലഭിച്ച പ്രമാണങ്ങൾക്ക് മാത്രമാണ് ‘തോറ’യെന്ന പദം ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നതെന്ന്

ക്രൈസ്തവ പണ്ഡിതന്മാർ[1] തന്നെ സമ്മതിക്കുന്നുണ്ട്. ഉൽപത്തി മുതൽ ആവർത്തനം വരെയുള്ള പുസ്തകങ്ങളിൽ ഒന്നുപോലും പൂർണമായി മോശെ എഴുതിയതല്ലെന്നും അവർ സമർഥിക്കുന്നു.[2] മോശെ എഴുതിയതെന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന ന്യാമപ്രമാണ ഗ്രന്ഥങ്ങളിലെ അവസാനത്തെ പുസ്തകമായ ആവർത്തനത്തതിലെ ഏതാനും വരികൾ ശ്രദ്ധിക്കുക. 'മോവാബ് ദേശത്തുവെച്ച് കർത്താവിൻെറ ദാസനായ മോശെ മരിച്ചു. ബേത്പെരിയോറിന്നെതിരെ മോവാബ് ദേശത്തിലെ താഴ്വരയിൽ അയാളെ സംസ്കരിച്ചു. എന്നാൽ, അയാളെ സംസ്കരിച്ച സ്ഥലം ഇന്നോളം ആർക്കും അറിഞ്ഞുകൂടാ. മരിക്കുമ്പോൾ മോശെയ്ക്ക് നൂറ്റിഇരുപതു വയസ്സായിരുന്നു. അയാളുടെ കണ്ണുകൾ മങ്ങുകയോ ശരീരം ദുർബലമാവുകയോ ചെയ്തിരുന്നില്ല. മോവാബ് സമതലത്തിൽവെച്ച് ഇസ്രായീൽകാർ മോശെക്കു വേണ്ടി മുപ്പതു ദിവസം വിലപിച്ചു. അങ്ങനെ മോശെക്കുവേണ്ടിയുള്ള വിലാപവും ദുഃഖാചരണവും കഴിഞ്ഞു[3]. ഈ വചനങ്ങൾ മോശെ എഴുതിയതായിരിക്കാൻ ഏതായാലും സാധ്യതയില്ലല്ലോ. ഈ വചനങ്ങളെഴുതിയത് അദ്ദേഹമല്ലെങ്കിൽ അതിനു മുമ്പുള്ളതും എഴുതിയത് അദ്ദേഹമാണെന്ന് ഉറപ്പിച്ച് പറയുവാൻ എങ്ങനെയാണ് കഴിയുക? കർത്താവ് ആരാണെന്നുപോലും വ്യക്തമായി പറയാൻ സാധിക്കാത്ത ഒരു ഗ്രന്ഥം ദൈവികഗ്രന്ഥമായി വിശ്വസിക്കുന്നതെങ്ങനെയാണ്?

നൂറ്റിയൻപത് അധ്യായങ്ങളിലായി പരന്നു കിടക്കുന്ന കാവ്യങ്ങളുടെ സമാഹാരമാണ് സങ്കീർത്തനങ്ങൾ. ദാവീദിന് ദൈവത്തിൽനിന്നു ലഭിച്ച സബൂർ തന്നെയാണിവയെന്നാണ് സാധാരണക്കാർ ധരിച്ചുവശായിരിക്കുന്നത്. എന്നാൽ, സങ്കീർത്തനപുസ്തകം ഏകകാലത്ത് ഏകഗ്രന്ഥകാരനാൽ ഏകഗ്രന്ഥമായി എഴുതപ്പെട്ടതല്ലെന്നും പല കാലങ്ങളിൽ പല ഗ്രന്ഥകാരന്മാരാൽ രചിക്കപ്പെട്ടതാണെന്നുമാണ് വേദപുസ്തക നിഘണ്ടു[4] തന്നെ പറയുന്നത്. ആർ, എപ്പോൾ, എവിടെവെച്ച് എഴുതിയതെന്നറിയാത്ത ഒരു പുസ്തകം ദൈവികമായി അവതരിപ്പിക്കുന്നതിൽ വല്ല അർഥവുമുണ്ടോ?

പഴയ നിയമത്തിലെ മറ്റു പുസ്തകങ്ങളുടെ അവസ്ഥയും

1. റവ. എ.സി. ക്ലേയീററൻ: വേദ പുസ്തക നിഘണ്ടു. പേജ് 213
2. Ibid Page 58, 250, 463, 532
3. ആവർത്തനം 34:5-8
4. റവ. എ.സി. ക്ലേയീററൻ: വേദ പുസ്തക നിഘണ്ടു. പേജ് 523



തഥൈവ. വേദപുസ്തക നിഘണ്ടു പരിശോധിച്ചാൽ അവയും മുൻ പറഞ്ഞ പുസ്തകങ്ങളെപ്പോലെത്തന്നെ ഗ്രന്ഥകർത്താവിനെക്കുറിച്ച വ്യക്തമായ ചിത്രം നൽകുന്നില്ലെന്ന വസ്തുത നമുക്കു മുന്നിൽ അനാവൃതമാവും. റവ: എ.സി. ക്ലേയീറ്റൻ എഴുതുന്നു: "പുരാതന ഗ്രന്ഥകർത്താക്കളിൽ ചിലർ വിശിഷ്ടമായ ഒരു ഉപദേശത്തെ പ്രതിപാദിക്കുന്നതിന് ആഗ്രഹിച്ചാൽ അവർ തങ്ങൾ പറയുന്ന ഉപദേശം ദാവീദ്, ഹനോക്ക്, യശയ്യാവ് മുതലായ മഹാന്മാർ പറയുന്നുവെന്ന് ഭാവിച്ച് വാസ്തവത്തിൽ തങ്ങൾ തന്നെ എഴുതുന്നവയെ ആ മഹാന്മാർ എഴുതിയതെന്ന് പറയുന്നത് അബദ്ധമാണെന്ന് വിചാരിച്ചിരുന്നില്ല"[1]. ഇതാണവസ്ഥ! ആരോ ചിലർ അവർക്കുതോന്നിയ പലതും എഴുതി അവ പ്രവാചകന്മാർ എഴുതിയതാണെന്ന് ആരോപിച്ചു. അവയെ ഇന്ന് വേദഗ്രന്ഥമായി പിൻപറ്റുന്നു. എത്ര വിചിത്രം!!

ഇത് കാണുക:

"ഞങ്ങൾ ജ്ഞാനികൾ യഹോവയുടെ ന്യായപ്രമാണം ഞങ്ങളുടെ പക്കൽ ഉണ്ട് എന്ന് നിങ്ങൾ പറയുന്നത് എങ്ങിനെ? ശാസ്ത്രിമാരുടെ കള്ള എഴുത്ത്കോൽ അതിനെ വ്യാജമാക്കിതീർത്തിരിക്കുന്നു"[2]. യിരെമ്യാ പ്രവാചകൻെറ വചനമാണിത്. അദ്ദേഹത്തിൻെറ കാലത്തു തന്നെ ന്യായപ്രമാണപുസ്തകത്തിൽ പുരോഹിതന്മാർ കൈകടത്തലുകൾ നടത്തിയിരുന്നുവെന്ന് ഈ വചനത്തിൽനിന്ന് സുതരാം വ്യക്തമാകുന്നു.

പുതിയ നിയമത്തിൻെറ അവസ്ഥയും മറ്റൊന്നല്ല. യേശുക്രിസ്തു സുവിശേഷം പ്രസംഗിച്ചുവെന്ന് ബൈബിളിൽ പലയിടങ്ങളിലും പറയുന്നുണ്ടെങ്കിലും[3] ക്രിസ്തുവിൻേറതായ ഒരു സുവിശേഷം നമുക്ക് കാണാൻ കഴിയുന്നില്ല. അദ്ദേഹത്തിൻേറതായ ഒരു സുവിശേഷമുണ്ടായിരുന്നുവെങ്കിൽ അത് ദൈവികഗ്രന്ഥമാകാനുള്ള സാധ്യതയെ നിഷേധിക്കാനാർക്കും കഴിയുമായിരുന്നില്ല. അങ്ങനെയൊന്നില്ല. മാത്രമല്ല, പുതിയ നിയമത്തിൻെറ നിലനിൽക്കുന്ന ഇരുപത്തിയേഴ് പുസ്തകങ്ങളിലും കൂടി പരതിയാൽ ക്രിസ്തുവിൻേറതായ വളരെ കുറച്ച് വചനങ്ങൾ മാത്രമെ നമുക്ക് ലഭിക്കൂ.

പുതിയ നിയമത്തിൻെറ പ്രധാന പ്രതിപാദ്യം ക്രിസ്തുവിൻെറ

1. Ibid Page 41
2. യിരമ്യാവു 8:8
3. മത്തായി 9: 35, മാർക്കോസ് 8: 35, ലൂക്കോസ് 20:1

ജീവിതവും മരണവുമാണല്ലോ. പ്രസ്തുത സംഭവങ്ങൾ വിവരിച്ച സുവിശേഷകർത്താക്കളോ മറ്റോ അദ്ദേഹത്തിൻെറ സമകാലികരോ ജീവിതത്തിൻെറ ദൃക്സാക്ഷികളോ ആയിരുന്നുവോ? മത്തായിയുടെ സുവിശേഷമെഴുതിയത് ക്രിസ്തു ശിഷ്യനായ മത്തായിയല്ല. മറ്റേതോ മത്തായിയാണ്. ക്രിസ്തുശിഷ്യനായ പത്രോസിൻെറ ശിഷ്യനായ മാർക്കോസ് ക്രിസ്തുവിനെ കണ്ടിട്ടുപോലുമില്ല. യേശുവിൻെറ ശിഷ്യനല്ല മൂന്നാം സുവിശേഷകർത്താവായ ലൂക്കോസ്. അദ്ദേഹം പൗലോസിൻെറ ശിക്ഷ്യനായ ഒരു വൈദ്യനായിരുന്നു. യോഹന്നാൻ സുവിശേഷം ആരാണെഴുതിയതെന്ന വിഷയത്തെച്ചൊല്ലിയുള്ള തർക്കം ഇന്നും അവസാനിച്ചിട്ടില്ല. എന്തായാലും ക്രിസ്തു ശിഷ്യനായ യോഹന്നാനല്ല അതിൻെറ കർത്താവെന്ന് ആ സുവിശേഷം ഒന്നു മനസ്സിരുത്തി വായിച്ചാൽ മനസ്സിലാകും. ലേഖനങ്ങളിൽ മിക്കവയും എഴുതിയ പൗലോസ് ക്രിസ്തുവിൻെറ ശിഷ്യനല്ല.

ബൈബിൾ ദൈവിക വചനങ്ങൾ മാത്രം ഉൾക്കൊള്ളുന്നതല്ലെന്ന് 1 കൊരിന്ത്യർ 7-ാം അധ്യായത്തിലെ 12-ാം വചനവും 25-ാം വചനവും വ്യക്തമാക്കുന്നു.

ഇനി ബൈബിളിൻെറ ഉള്ളടക്കത്തിലേക്കു നോക്കുക. മനുഷ്യരെ സന്മാർഗത്തിലേക്കു നയിക്കുവാനുതകുന്ന നിർദേശങ്ങളാണ് വേദഗ്രന്ഥത്തിൽ ഉണ്ടാവേണ്ടത്. അതിനുവേണ്ട ചരിത്രങ്ങളാണതിൽ പ്രതിപാദിക്കേണ്ടത്. സദ്വൃത്തരായിരുന്ന പ്രവാചകന്മാരെ മാതൃകയാക്കാനാണ് അവ ഉപദേശിക്കേണ്ടത്. എന്നാൽ, ബൈബിൾ വരച്ചുകാണിക്കുന്ന പ്രവാചകന്മാരുടെ ചിത്രമെന്താണ്? വീഞ്ഞു കുടിച്ച് നഗ്നനാവുകയും സ്വപുത്രിമാരോടൊപ്പം ശയിച്ച് അവർക്കു ഗർഭമുണ്ടാക്കുകയും ചെയ്ത ലോത്ത്[1], മകൻെറ ഭാര്യയായ താമാറുമായി വ്യഭിചരിക്കുന്ന യഹൂദാ[2] , പിതാവിൻെറ വെപ്പാട്ടിയുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന രൂബേൻ[3], സ്വന്തം പടയാളിയുടെ ഭാര്യയുടെ സൗന്ദര്യം കണ്ട് ഭ്രമിച്ച് അവളെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ച് വ്യഭിചരിക്കുകയും അവൾ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ അതിൻെറ ഉത്തരവാദിത്തം അവളുടെ ഭർത്താവിൽ ആരോപിക്കാനായി ശ്രമിച്ച് പരാജയപ്പെടുകയും അപ്പോൾ അദ്ദേഹത്തെ

1. ഉൽപ്പത്തി 9: 21–24
2. ഉൽപ്പത്തി 19: 30–38
3. ഉൽപ്പത്തി 38: 13–30



ചതിയിൽ വധിക്കുകയും ചെയ്ത ദാവീദ്[1], അന്യജാതിക്കാരായ സ്ത്രീകളെ വിവാഹംചെയ്തു അവരുടെ പ്രീതിക്കുവേണ്ടി വിഗ്രഹാരാധന നടത്തിയ സോളമൻ[2], ഇതെല്ലാമാണ് ബൈബിൾ നൽകുന്ന പ്രവാചകന്മാരുടെ ചിത്രം. സദ്വൃത്തരായി ജീവിക്കുവാൻ പ്രവാചകന്മാരുടെ മാതൃക തേടി ബൈബിൾ പരതുന്നവർക്ക് നിരാശ മാത്രമായിരിക്കും ലഭിക്കുക.

ബൈബിളിൻെറ അകം പരിശോധിക്കുന്നവർക്ക് കാണാൻ കഴിയുന്നൊരു വസ്തുതയുണ്ട്. ഒട്ടനവധി വൈരുധ്യങ്ങളുണ്ട് അതിലെന്നതത്രെ അത്. ഈ വൈരുധ്യങ്ങളെ നിസ്സാരമാക്കിത്തള്ളാൻ കഴിയില്ല. ദൈവികഗ്രന്ഥത്തിൽ വൈരുധ്യങ്ങളുണ്ടെന്നു വന്നാൽ അതിന്നർഥം സർവകാലജ്ഞാനിയായ ദൈവം വൈരുധ്യങ്ങൾ പറഞ്ഞുവെന്നാണല്ലോ. ദൈവം നമുക്ക് പൊറുത്തുതരട്ടെ! ഇസ്രായീലിൻെറ ജനസംഖ്യയെടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചത് കർത്താവാണെന്ന് 2 ശാമുവേൽ 24:1 ഉം സാത്താനാണെന്ന് 1 ദിനവൃത്താന്തം 21:1 ഉം പറയുന്നു. അഹസ്യാവിൻെറ രാജവാഴ്ച തുടങ്ങിയപ്പോൾ അയാൾക്ക് ഇരുപത്തിരണ്ട് വയസ്സായിരുന്നുവെന്ന് രണ്ട് രാജാക്കന്മാർ 8:26 ഉം നാൽപത്തിരണ്ട് വയസ്സായിരുന്നുവെന്ന് 2 ദിനവൃത്താന്തം 22:2 പറയുന്നു. ശൗലിൻെറ മകളായ മീഖളിന്നു മക്കളൊന്നുമുണ്ടായിരുന്നില്ലെന്ന് 2 ശാമുവേൽ 6:23 പറയുമ്പോൾ അതേ പുസ്തകത്തിൽ തന്നെ 21:8 പറയുന്നത് മീഖളിന്ന് അഞ്ചു പുത്രന്മാരുണ്ടായിരുന്നുവെന്നാണ്. യഹോയാഖീനിൻെറ വാഴ്ച തുടങ്ങിയത് പതിനെട്ടാം വയസ്സിലാണെന്നും അവൻ യറൂശലേമിൽ മൂന്നു മാസമാണ് വാണതെന്നും രണ്ട് രാജാക്കന്മാർ 24:8 പറയുമ്പോൾ, അദ്ദേഹം വാഴ്ച തുടങ്ങിയത് എട്ടാം വയസ്സിലാണെന്നും മൂന്നു മാസവും പത്ത് ദിവസവും യരൂശലേമിൽ വാണുവെന്നുമാണ് 2 ദിനവൃത്താന്തം 36:9 പറയുന്നത്.

പുതിയ നിയമത്തിൻെറ അവസ്ഥയും വ്യത്യസ്തമല്ല. മത്തായിയും ലൂക്കോസും നൽകുന്ന യേശുവിൻെറ വംശാവലിതന്നെ മതി ഇതിന്നു തെളിവായിട്ട്. മത്തായിയുടെ സുവിശേഷ പ്രകാരം ദാവീദു മുതൽ യേശുവിൻെറ പിതാവായ (?) യോസേഫ് വരെ ഇരുപത്തിയേഴ് പേരാണുള്ളതെങ്കിൽ ലൂക്കോസ് പ്രകാരം ഇത് നാൽപത്തിരണ്ടു

4. 2 ശാമുവേൽ 11: 2–27
5. രാജാക്കന്മാർ 11: 1–11

പേരാണ്. ദാവീദിൻെറ പുത്രനായ ശലമോൻെറ പിതൃപരമ്പരയിലായിരുന്നു ക്രിസ്തുവിൻെറ ജനനമെന്നു സ്ഥാപിക്കാനായി മത്തായി ശ്രമിക്കുമ്പോൾ, ദാവീദിൻെറ പുത്രനായ നാഥാനിലാണ് ക്രിസ്തുവിൻെറ പ്രപിതാമഹനെ ലൂക്കോസ് ദർശിക്കുന്നത്. മത്തായിയിൻ പ്രകാരം യേശു പിതാവായ യോസേഫിൻെറ പിതാവിൻെറ പേര് യാക്കോബാണെങ്കിൽ ലൂക്കോസിൻ പ്രകാരം അത് ഹേലിയാണ്. വൈരുധ്യങ്ങളുടെ വേലിയേറ്റം തന്നെ പ്രത്യക്ഷപ്പെടുന്നത് കാണുമ്പോൾ നിഷ്പക്ഷനായ ഒരു സത്യാന്വേഷി തീർച്ചയായും ആത്മഗതം നടത്തും: 'ഇല്ല ഇതിന്നു ദൈവികഗ്രന്ഥമാകാനുള്ള അർഹതയില്ല' എന്ന്.

ഇനി പരിശോധിക്കാനുള്ളത് ഹിന്ദുമതഗ്രന്ഥങ്ങളാണ്. ഹൈന്ദവ ഗ്രന്ഥങ്ങളുടെ പരിശോധനക്ക് സെമിറ്റിക് മതഗ്രന്ഥങ്ങളുടെ പരിശോധനക്കുപയോഗിക്കുന്ന സങ്കേതങ്ങൾ ഉപയോഗിക്കുന്നത് തികച്ചും അർഥരഹിതമാണ്. ഭാരതീയ സാഹചര്യത്തിൽ തന്നെ അവ വിലയിരുത്തപ്പെടണം. രണ്ടു വിധമാണ് ഹിന്ദുമതഗ്രന്ഥങ്ങൾ. ശ്രുതിയും, സ്മൃതിയും. വേദസംഹിതകൾ, ഉപനിഷത്തുകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ എന്നിയവാണ് ശ്രുതികൾ. ഇതിഹാസങ്ങളും പുരാണങ്ങളും സ്മൃതിഗ്രന്ഥങ്ങളുമെല്ലാം തന്നെ സ്മൃതികളുടെ കൂട്ടത്തിൽ പെടുന്നു. ശ്രുതികളാണ്, അടിസ്ഥാനപ്രമാണങ്ങൾ. ദൈവത്തിൽ നിന്നും ശ്രവിച്ചത് എന്നാണ് ശ്രുതി ശബ്ദത്തിൻെറ സാങ്കേതികമായ അർഥം. ദൈവികഗ്രന്ഥങ്ങളെന്ന നിലയിൽ ശ്രുതികൾ പരിഗണിക്കപ്പെടുമ്പോൾ സ്മൃതികളെ ഋഷിപ്രോക്ത വചനങ്ങളായി മാത്രമാണ് സ്വീകരിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ദൈവിക ഗ്രന്ഥങ്ങളെക്കുറിച്ച പരിശോധനയിൽ പരിഗണിക്കപ്പെടേണ്ടത് ശ്രുതികൾ മാത്രമാണ്.

ശ്രുതികളെക്കുറിച്ചു തന്നെ ഹിന്ദുമതപണ്ഡിതന്മാർക്കിടയിൽ തർക്കമുണ്ട്. ആര്യസമാജസ്ഥാപകനായ സ്വാമിദയാനന്ദസരസ്വതിയുടെ അഭിപ്രായത്തിൽ വേദസംഹിതമാത്രമാണ് ദൈവപ്രോക്തമായിട്ടുള്ളത്. ഉപനിഷത്തുകളുടെയും ബ്രാഹ്മണങ്ങളുടെയുമെല്ലാം പ്രാമാണികത സംശയിക്കപ്പെടേണ്ടതുണ്ട്. എന്നാൽ ചിന്മയാമിഷൻ സ്ഥാപകനായ ചിൻമയാനന്ദ സ്വാമികളുടെ വീക്ഷണപ്രകാരം ഉപനിഷത്തുകളാണ് ദൈവികമായിട്ടുള്ളത്. മലയാളത്തിൽ ഉപനിഷദ് വ്യാഖ്യാനത്തിന് പ്രസിദ്ധനായ സുകുമാർ അഴീക്കോടിൻെറ ആശയ പ്രകാരം ബ്രാഹ്മണങ്ങളെ വേദസംഹിതകളുടെയോ ഉപനിഷത്തുകളുടെയോ ഗണത്തിൽപ്പെടുത്താൻ തന്നെ പ്രയാസമാണ്. ദൈവികഗ്രന്ഥമന്വേഷിച്ചു ചെല്ലുന്ന സത്യാന്വേഷിക്ക് മുന്നിൽ ഐകകണ്ഠ്യേന സമർപ്പിക്കാൻ ഒരു ഗ്രന്ഥവുമില്ല ഹിന്ദുക്കളുടെ കൈവശമെന്നർഥം.



വേദങ്ങളോ ഉപനിഷത്തുകളോ ആരാണെഴുതിയതെന്നതിനെക്കുറിച്ച് വ്യക്തമായൊരു ചിത്രം അവ നൽകുന്നില്ല. ഒരോ മന്ത്രങ്ങളും രചിച്ച ഋഷിമാരെക്കുറിച്ച് ഇവയിലുള്ള വിവരണങ്ങളിൽ നിന്ന് ഇവയുടെ രചനക്ക് പിന്നിൽ മനുഷ്യകരങ്ങളാണ് പ്രവർത്തിച്ചതെന്ന് വ്യക്തമായും മനസ്സിലാക്കാനാവും.

വേദങ്ങളാണ് ശ്രുതികളിൽ ഏറ്റവും പ്രധാനം. അതിനെക്കുറിച്ച് തന്നെ തെറ്റുപറ്റാൻ പാടില്ലാത്തത് എന്നു പറയാൻ പറ്റില്ലെന്നാണ് പ്രമുഖ ഹൈന്ദവപണ്ഡിതന്മാരുടെയെല്ലാം അഭിപ്രായം. 'വേദങ്ങൾ തെറ്റു പറ്റാത്തതോ സർവതും ഉൾക്കൊള്ളുന്നതോ അല്ല'[1] എന്നാണ് പ്രഗൽഭനായ ഡോ. രാധാകൃഷ്ണൻ എഴുതുന്നത്. തെറ്റുപറ്റാൻ സാധ്യതയുള്ള ഗ്രന്ഥങ്ങളെങ്ങനെയാണ് ഒരു തെറ്റു പറ്റാത്ത ദൈവത്തിൻേറതാവുക?

വേദങ്ങളുടെയും ഉപനിഷത്തുകളുടെയും ബ്രാഹ്മണങ്ങളുടെയും ആരണ്യകങ്ങളുടെയുമെല്ലാം ഉള്ളടക്കം പരിശോധിക്കുന്നവർക്ക് അവയൊരിക്കലും തന്നെ ദൈവികഗ്രന്ഥങ്ങളാകാനുള്ള സാധ്യതയില്ലെന്ന് ബോധ്യപ്പെടും. സിന്ധുനദീതടത്തിലേക്കുള്ള ആര്യാഗമനവും അവർക്കനുഭവിക്കേണ്ടി വന്ന പ്രയാസങ്ങളും അവരുടെ പ്രാകൃതജീവിതരീതികളും വിശ്വാസങ്ങളുമെല്ലാം തന്നെ ഈ ഗ്രന്ഥങ്ങളിൽ നിഴലിച്ചു കാണാമെന്നല്ലാതെ ദൈവികബോധനത്തിൻെറ സാന്നിധ്യം പോലും പല ഗ്രന്ഥങ്ങളിലും നമുക്ക് കാണാൻ കഴിയില്ല. തികച്ചും പ്രാകൃതമായ പ്രകൃതിപൂജയാണ് വേദങ്ങൾ മുന്നിലേക്കു വെക്കുന്ന ആരാധനാസമ്പ്രദായം. യാഗങ്ങളും യജ്ഞങ്ങളുമാണ് ആരാധനാരീതികൾ. ആധുനിക മനുഷ്യന് അറപ്പു തോന്നിക്കുന്ന പല ആചാരങ്ങളും ഈ യാഗങ്ങൾക്കും യജ്ഞങ്ങൾക്കുമിടയിൽ ചെയ്യാനായി കൽപിക്കപ്പെട്ടിട്ടുണ്ട്.

സംസ്കൃതമായ ഒരു സമൂഹത്തിൻെറ സൃഷ്ടിക്കുവേണ്ടി ഉപയോഗിക്കപ്പെടാൻ അർഹമല്ല ഈ ഗ്രന്ഥങ്ങളൊന്നും തന്നെ. യാഗവേളയിലും യജ്ഞത്തിൻെറ അവസരങ്ങളിലും നടക്കുന്ന

1. Dr. Radha Krishnan: Indian Religions Page 22

അശ്ലീല സംസാരങ്ങൾ പച്ചയായി രേഖപ്പെടുത്തിയിട്ടുണ്ട്, അവയിൽ. പുരുഷൻെറയും സ്ത്രീയുടെയും അവയവങ്ങളുടെ വർണന നമുക്ക് ഉദ്ധരിക്കാൻ വൈമനസ്യമുണ്ടാക്കുന്നത്ര മ്ലേഛമാണ്. മുട്ടനാടിനോടും കാളയോടുമെല്ലാമുള്ള ലൈംഗിക ബന്ധങ്ങൾ പല അസുഖങ്ങൾക്കുമുള്ള പ്രതിവിധിയായി നിർദേശിക്കുന്ന വേദങ്ങളിലും അതോടു ബന്ധപ്പെട്ട ഗ്രന്ഥങ്ങളിലും നിന്നുകൊണ്ട് സംസ്കാരചിത്തരായ ഒരു ജനവിഭാഗത്തിൻെറ ഉയർച്ചക്ക് വേണ്ടി ശ്രമിക്കുന്നത് എന്തു മാത്രം വ്യർഥമാണ്? പരസ്പരവിരുദ്ധവും വിചിത്രവുമായ കുറെ ശ്ലോകങ്ങൾ വേദങ്ങളിലും ഉപനിഷത്തുകളിലുമെല്ലാം നമുക്ക് കാണാൻ കഴിയും.[1]

ഇവയൊന്നും തന്നെ ദൈവികഗ്രന്ഥമാകാൻ കൊള്ളുകയില്ലെന്ന് നാം മനസ്സിലാക്കുന്നു. മനുഷ്യർക്കിടയിൽ വിധി കൽപിക്കുവാൻ ഒരു വേദഗ്രന്ഥത്തിനുവേണ്ടി നമ്മളെല്ലാം കേഴുന്നു. ദൈവിക ഗ്രന്ഥമെന്ന പുറംചട്ടയണിഞ്ഞ ഗ്രന്ഥങ്ങളെല്ലാം നമുക്ക് നിരാശ മാത്രമാണ് സമ്മാനിക്കുന്നത്. നമ്മുടെ മനസ്സുകൾ മന്ത്രിക്കുന്നു. ദൈവിക ഗ്രന്ഥം ദൈവത്തിങ്കൽ നിന്ന് അവതരിക്കപ്പെട്ടതാണെന്ന് ഉറപ്പുണ്ടാവണം. അതിൽ തെറ്റുകളുണ്ടാവാൻ പാടില്ല. അതിൽ തിരുത്തലുകൾ വരുത്തപ്പെടാതെ മനുഷ്യൻെറ അവസാനം വരെ നിലനിൽക്കണം. അതിൽ വൈരുധ്യങ്ങളുണ്ടാവാൻ പാടില്ല. മാനവരാശിയെ സന്മാർഗത്തിലേക്ക് നയിക്കാൻ ആ ഗ്രന്ഥത്തിന് കഴിയണം.

അങ്ങനെയൊരു ഗ്രന്ഥമുണ്ടോ, ഈ ലോകത്ത്?

-നമുക്കന്വേഷിക്കാം-

1. വിശദമായ പഠനത്തിന് ഈ ലേഖകൻെറ 'ഹൈന്ദവത; ധർമവും ദർശനവും' എന്ന പുസ്തകം വായിക്കുക.

# അഞ്ച്

## ഖുർആൻ; നിത്യനൂതന ഗ്രന്ഥം

ആദ്യം ആട്ടിടയനും പിന്നെ കച്ചവടക്കാരനുമായിരുന്ന ഒരു മനുഷ്യൻ. അയാൾ എഴുത്തും വായനയും അഭ്യസിച്ചിട്ടില്ല. നാൽപതു വയസ്സുവരെ യാതൊരു സാഹിത്യാഭിരുചിയും അദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല. അദ്ദേഹം നാൽപത് വയസ്സായപ്പോൾ സുന്ദരമായ വചനങ്ങൾ ഉച്ചരിച്ചിരുന്നു. ഗദ്യവും പദ്യവുമല്ലാത്ത ശൈലിയിൽ ആരെയും വിസ്മയിപ്പിക്കുന്ന സന്ദേശങ്ങൾ മൊഴിയുന്നു. അതുവരെ നിയമ ഗ്രന്ഥങ്ങൾ കണ്ടിട്ടില്ലാത്ത അദ്ദേഹത്തിൻെറ മൊഴികളിൽ അതുല്യമായ നിയമനിർദേശങ്ങളുണ്ട്. വേദം പഠിച്ചിട്ടില്ലാത്ത അദ്ദേഹത്തിന്റെ വാക്കുകളിൽ മുൻകാലചരിത്രങ്ങളുണ്ട്. നമ്മളെന്തു മനസ്സിലാക്കണം? ഈ ഗ്രന്ഥം അദ്ദേഹത്തിൻെറ സൃഷ്ടിയാണെന്നോ? അതല്ല, സാഹിത്യവും ശാസ്ത്രവും നിയമവും ചരിത്രവുമെല്ലാം അറിയുന്ന മറ്റാരോ പറഞ്ഞുകൊടുത്തതാണെന്നോ? ഗ്രന്ഥവുമായി നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട വ്യക്തി പറയുന്നു: 'ഇത് ഞാൻ രചിച്ചതല്ല, എല്ലാവിധ വിജ്ഞാനീയങ്ങളിലും അഗാധമായ ജ്ഞാനമുള്ള ഒരു മഹാനെനിക്ക് തന്നതാണ്.' ഈ വാക്കുകൾ നമുക്ക് വിശ്വസിച്ചുകൂടെ? വിശേഷിച്ചും ആ മനുഷ്യൻ ഇതുവരെ കളവു പറഞ്ഞതായി ആരും കേട്ടിട്ടില്ലെന്ന വസ്തുത കൂടിവെച്ചുനോക്കുമ്പോൾ. തീർച്ചയായും നമുക്കദ്ദേഹത്തിൻെറ വാക്കുകൾ വിശ്വസിക്കാം' എന്ന് നമ്മുടെയെല്ലാം അന്തരംഗം മന്ത്രിക്കുന്നു.

ഇനി നമുക്ക് ചോദിക്കാം: ഏതാണീ ഗ്രന്ഥം? ആരാണ് അത് ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്.? അത് ആരുടെതാണെന്നാണ്

അദ്ദേഹം പറഞ്ഞത്?

ആ ഗ്രന്ഥം ഖുർആനാകുന്നു. മുഹമ്മദ് നബി (സ)യാണ് അത് ലോകത്തിന് മുമ്പിൽ ഓതിക്കേൾപ്പിച്ചത്. അത് അവതരിപ്പിച്ചത് സർവശക്തനായ സർവലോക സ്രഷ്ടാവാകുന്നു.

ഇന്ന് നിലനിൽക്കുന്ന വേദഗ്രന്ഥങ്ങളിൽ ഖുർആൻ മാത്രമാണ് സ്വയം ദൈവികമാണെന്ന് അവകാശപ്പെടുന്ന ഗ്രന്ഥമെന്നുള്ളതാണ് വസ്തുത. ഖുർആൻ അതിനെ സ്വയം പരിചയപ്പെടുത്തുന്നത് നോക്കുക: "ഇത് ലോകരക്ഷിതാവ് അവതരിപ്പിച്ചതാണ്. നിശ്ചയം വിശ്വസ്തനായ മലക്ക് അത് നിൻെറ ഹൃദയത്തിൽ അവതരിപ്പിച്ചു. ലോകർക്ക് നീ മുന്നറിയിപ്പ് നൽകാൻ വേണ്ടി; സുവ്യക്തമായ അറബി ഭാഷയിൽ"[1] നിശ്ചയദാർഢ്യത്തോടെയുള്ള ഖുർആനിൻെറ പ്രഖ്യാപനം ഇങ്ങനെയാണ്: "ഇതാണ് ഗ്രന്ഥം. ഇതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്"[2].

അവതരിപ്പിക്കപ്പെട്ട രൂപത്തിൽ തന്നെ ഇന്നും നിലനിൽക്കുന്ന ഏക വേദഗ്രന്ഥം ഖുർആനാണ്.പ്രവാചകൻെറ ജീവിതകാലത്തു തന്നെ അധ്യായങ്ങളും വചനങ്ങളുമെല്ലാം ഇന്നു നിലവിലുള്ള രീതിയിൽ പാരായണം ചെയ്തുകൊണ്ട് വിശുദ്ധഗ്രന്ഥത്തിൻെറ ക്രോഡീകരണവും കൂടി ലോകത്തെ അറിയിച്ചു. തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ പ്രവാചകൻെറ കാലത്ത് തന്നെ ഖുർആൻ പൂർണമായി എഴുതിവെച്ചിരുന്നു. പിന്നീട് രണ്ടു ചട്ടക്കുള്ളിൽ അവ അടുക്കി വെച്ച് ക്രോഡീകരിക്കപ്പെട്ടത് ഒന്നാം ഖലീഫ അബൂബക്കറി(റ)ൻെ കാലത്തായിരുന്നു. മൂന്നാം ഖലീഫ ഉസ്മാൻ(റ) അതിൻെറ കോപ്പികളെടുത്ത് ഇസ്ലാമിക രാഷ്ട്രത്തിൻെറ പ്രവിശ്യാതലസ്ഥാനങ്ങളിലേക്കെല്ലാം എത്തിച്ചുകൊടുത്തു. ഇതിൻെറ പ്രതികൾ ഇന്നും ലഭ്യമാണ്. ഇന്ന് ലോകത്തുടനീളം പാരായണം ചെയ്യപ്പെടുന്ന കോടിക്കണക്കിന് ഖുർആൻ കോപ്പികൾക്ക് ഈ പതിപ്പുകളുമായി ഒരക്ഷരത്തിനുപോലും വ്യത്യാസമില്ലെന്നതാണ് വസ്തുത. അത് അതിൻെറ ഒറിജിനൽ രൂപത്തിൽ തന്നെ ലോകാവസാനം വരെ നിലനിൽക്കും, തീർച്ച. അങ്ങനെ നിലനിർത്തുമെന്നത് ദൈവത്തിൻെറ വാഗ്ദത്തമാണ്. സർവശക്തൻ പറയുന്നത് നോക്കുക: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്.

1. ഖുർആൻ 26: 192–195
2. ഖുർആൻ 2: 2



തീർച്ചയായും നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്."[1]

മുമ്പുള്ള വേദഗ്രന്ഥങ്ങളെ മുഴുവൻ ശരിവെച്ചുകൊണ്ടാണ് ഖുർആനിൻെറ അവതരണം. ഈ ശരിവെക്കൽ അവയുടെ ഇന്നത്തെ രൂപത്തിനുള്ള അംഗീകാരമല്ല. വേദഗ്രന്ഥങ്ങളെന്ന പേരിൽ പ്രത്യക്ഷപ്പെടുന്ന പുസ്തകങ്ങൾ എത്രത്തോളം പ്രാമാണികങ്ങളാണെന്ന് നാം മനസ്സിലാക്കി. ദൈവത്തിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട രൂപത്തിലുള്ള വേദഗ്രന്ഥങ്ങളെയാണ് ഖുർആൻ അംഗീകരിക്കുന്നത്. മോശെക്ക് നൽകപ്പെട്ട തൗറാത്ത്, ദാവീദിന് നൽകപ്പെട്ട സബൂർ, യേശുവിന് നൽകപ്പെട്ട ഇഞ്ചീൽ തുടങ്ങിയ ഗ്രന്ഥങ്ങൾ ഇതിലുൾപ്പെടുന്നു. ഇന്നു കാണുന്ന വേദങ്ങളിൽ ഇവയിലെ ഉദ്ധരണികൾ മാത്രമാണ് കാണുന്നത്. അവതന്നെ എത്രത്തോളം വിശ്വസനീയമാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ടുതാനും. ഖുർആനിനെയും അതു നൽകപ്പെടുന്ന പ്രവാചകനെയും കുറിച്ച് വേദങ്ങളിൽ വ്യക്തമായും പരാമർശിക്കപ്പെട്ടിരുന്നു. അവയിൽ പലതും നീക്കം ചെയ്യപ്പെട്ടുവെങ്കിലും ദൈവാനുഗ്രഹത്താൽ ചിലതെങ്കിലും ഇന്ന് ബാക്കിയുണ്ട്. ഗ്രന്ഥം നൽകപ്പെട്ടവർക്ക് ഖുർആൻ ദൈവികഗ്രന്ഥമാണെന്ന യാഥാർത്ഥ്യം അറിയാമായിരുന്നു. 'നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ തങ്ങളുടെ മക്കളെ അറിയുന്നതുപോലെ അദ്ദേഹത്തെ അറിയുന്നതാണ്. നിശ്ചയമായും അവരിൽ ഒരു വിഭാഗം അവരറിഞ്ഞുകൊണ്ട് തന്നെ യഥാർഥ്യം ഒളിച്ചുവെക്കുന്നു'[2] എന്നാണ് ഖുർആൻ തന്നെ സാക്ഷ്യം വഹിക്കുന്നത്. യഹൂദരിലും ക്രൈസ്തവരിലും പെട്ട പല പണ്ഡിതന്മാരും പ്രവാചകൻെറ കാലത്തുതന്നെ ഖുർആനിനെ തിരിച്ചറിയുകയും, അതിലും അതുകൊണ്ടുവന്ന പ്രവാചകനിലും വിശ്വസിക്കുകയും ചെയ്തുവെന്നതിന്ന് ചരിത്രം സാക്ഷിയാണ്. അങ്ങനെയുള്ളവരെക്കുറിച്ച് ഖുർആൻ തന്നെ പരിചയപ്പെടുത്തുന്നത് നോക്കുക: 'ദൈവദൂതന്ന് അവതരിപിക്കപ്പെട്ടത് അവർ (ക്രിസ്ത്യാനികൾ) ശ്രവിച്ചാൽ സത്യം മനസ്സിലാക്കിയതിൻെറ പേരിൽ അവരുടെ നയനങ്ങളിൽ നിന്ന് കണ്ണുനീരൊഴുകുന്നതായി നിനക്കു കാണാം. അവർ പറയും: നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ"[3]

1. ഖുർആൻ 15: 9
2. ഖുർആൻ 2: 146
3. ഖുർആൻ 5: 83

ഖുർആനിൻെറ ഉള്ളടക്കം പരിശോധിക്കുക. അതിലുള്ള ധാർമികനിയമങ്ങൾ സാർവലൗകികങ്ങളാണ്. അവ ഏതൊരു സമൂഹത്തിലും പ്രയോഗിക്കാവുന്നതാണ്. അത് വിഭാവനം ചെയ്യുന്ന സാന്മാർഗിക സംവിധാനമാകട്ടെ, കിടയറ്റതാണ്. മഹത്തായൊരു സാമൂഹിക വിപ്ലവത്തിനുവേണ്ടി ശ്രമിക്കുന്ന ഖുർആൻ, പൂർവിക ചരിത്രങ്ങൾ മുഴുവൻ ഉദ്ധരിക്കുന്നത് ഈ വിപ്ലവത്തിനുള്ള മാതൃകയായിക്കൊണ്ടാണ്. പ്രവാചകന്മാരുടെ പ്രബോധനപ്രവർത്തനങ്ങളെയും അവർ സൃഷ്ടിച്ച സാമൂഹികമാറ്റത്തെയും കുറിച്ചു പ്രതിപാദിക്കുന്ന ഖുർആൻ, ആ മഹാത്മാക്കളെക്കുറിച്ച സംശുദ്ധമായൊരു ചിത്രമാണ് നമുക്ക് മുന്നിലവതരിപ്പിക്കുന്നത്. ഖുർആൻ വരച്ചുകാണിക്കുന്ന ലോത്തിൻെറ ചിത്രം ലൈംഗിക സദാചാരത്തിൻെറ പ്രബോധകൻെറതാണ്. സോളമനെ ഖുർആൻ പരിചയപ്പെടുത്തുന്നത്, ഏകദൈവാരാധനയുടെ കാര്യത്തിൽ സന്ധിചെയ്യാത്ത പ്രവാചകനായിട്ടാണ്. ഖുർആൻ പഠിപ്പിക്കുന്നത് സൽസ്വഭാവിയും സത്യസന്ധനുമായ ദാവീദിനെക്കുറിച്ചാണ്. ഖുർആൻ പ്രതിപാദിക്കുന്ന പ്രവാചകന്മാരെല്ലാം മാനവരാശിക്ക് ആകമാനം മാതൃകയാകാൻ യോഗ്യരാണ്.

സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതഃസ്ഥിതികളിലാണ് ഖുർആൻ അവതരിക്കപ്പെട്ടുകൊണ്ടിരുന്നത്. പക്ഷേ, അതിൽ ഭിന്നതയോ വൈരുധ്യങ്ങളോ കാണപ്പെടുന്നില്ല. ഒരേ പരിതഃസ്ഥിതിയിൽ ഇരുന്നെഴുതുന്ന മനുഷ്യകൃതികളിൽ തന്നെ വൈരുധ്യങ്ങളുണ്ടാവുക സാധാരണമാണല്ലോ. ഖുർആനിലാകട്ടെ, പ്രതിപാദ്യ വിഷയങ്ങൾ വളരെ വിപുലവും ബൃഹത്തുമാണ്. രാഷ്ട്രീയ നിയമങ്ങൾ, കുടുംബകാര്യങ്ങൾ, ദൈവികഏകത്വത്തെക്കുറിച്ച പ്രതിപാദനം, പരലോക ജീവിതത്തിലെ സംഭവങ്ങൾ, ചരിത്രപാഠങ്ങൾ, പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച വിവരണങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ അതിൽ ഉൾക്കൊള്ളുന്നു. ഇവയെല്ലാം അവതരിപ്പിക്കപ്പെടുന്നതോ, വ്യത്യസ്തമായ പരിതസ്ഥിതികളിലും അവസരങ്ങളിലും വെച്ച്. എന്നിട്ടും അവയിൽ ഒരൊറ്റ വൈരുധ്യം പോലും കാണപ്പെടുന്നില്ലെന്നത് തന്നെ ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിന്നുള്ള മതിയായ തെളിവാണ്. സർവോന്നതനായ ദൈവം പറയുന്നു: "അവർ ഖുർആനിനെക്കുറിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്ത വല്ലവരുടെയും പക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുധ്യങ്ങൾ



കണ്ടെത്തുമായിരുന്നു".[1]

ഒരു വേദഗ്രന്ഥത്തിൻെറ എല്ലാവിധ ഗുണങ്ങളും ഒന്നിച്ചു ചേർന്നിട്ടുള്ള ഖുർആൻ പ്രായോഗികമാണോ എന്നാണ് ഇനി നമുക്ക് ചിന്തിക്കുവാനുള്ളത്. ഖുർആനിൻെറ അവതരണത്തിന് മുമ്പുംപിമ്പുമുണ്ടായിരുന്ന അറേബ്യൻ സമൂഹത്തെക്കുറിച്ച് പഠിച്ചാൽ തന്നെ ഖുർആൻ എത്രത്തോളം പ്രായോഗികമാണെന്നും അതു സൃഷ്ടിച്ച വിപ്ലവം എത്രത്തോളം മഹത്തരമാണെന്നും നമുക്ക് മനസ്സിലാവും. രാഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന, നിയതമായ കൃഷിസൗകര്യങ്ങളൊന്നുമില്ലാത്തതിനാൽ കാർഷികമായി പിന്നോക്കം നിന്നിരുന്ന, വിദ്യാഭ്യാസരംഗത്ത് വട്ടപ്പൂജ്യം മാത്രമായിരുന്ന, ചികിൽസാ രംഗത്ത് ഒന്നുമല്ലായിരുന്ന, അന്ധവിശ്വാസങ്ങൾ സൃഷ്ടിച്ച അധമത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷിയിലും മയങ്ങിക്കിടന്നിരുന്ന, ഗോത്രമഹിമയുടെ പേരിൽ ചോരക്കളങ്ങൾ തന്നെ പടക്കാൻ തയറായിരുന്ന ഒരു സമൂഹം. ഇതാണ് ഖുർആനിന് മുമ്പുള്ള അറേബ്യയുടെ ചിത്രം. ഖുർആനിൻെറ അവതരണത്തിന് ശേഷമുള്ള അറേബ്യയുടെ ചിത്രം, ഇതിൽ നിന്നും വളരെ വ്യത്യസ്തമാണ്. സംസ്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിൻെറ വാഹകരെയാണ് നമുക്കവിടെ കാണാൻ കഴിയുന്നത്. ശാസ്ത്രസാങ്കേതികരംഗങ്ങളിൽ അന്നത്തെ അതികായന്മാരായ ഗ്രീക്കുകാരേക്കാൾ ആ രംഗത്ത് ഉയർന്നുനിൽക്കാനവർക്ക് കഴിഞ്ഞു. അലക്സാണ്ടറിയയേക്കാൾ വലിയ സാംസ്കാരികകേന്ദ്രമായി അറേബ്യയെ മാറ്റിയെടുക്കാനവർക്ക് സാധിച്ചു. നൂറ്റാണ്ടുകളുടെ രാഷ്ട്രീയനായകത്വമുണ്ടായിരുന്ന റോമിനെയും പേർഷ്യയെയും അവർ വിറപ്പിച്ചു. ഗോത്രകലഹങ്ങളിൽ തമ്മിൽ തല്ലിത്തകർന്നിരുന്ന അവർ ഐക്യത്തിൻെറ പതാകവാഹകരായി മാറി. ധർമവും അധർമവുമെന്താണെന്നറിയാതിരുന്ന അവർ ധാർമികതത്വങ്ങളുടെ പ്രചാരകരായി മാറി. ഇതായിരുന്നു ഖുർആൻ സൃഷ്ടിച്ച മഹത്തായ വിപ്ലവം. സാംസ്കാരികരംഗത്ത് വട്ടപ്പൂജ്യമായിരുന്ന ഒരു ജനതയെ വെറും ഇരുപത്തിമൂന്ന് വർഷങ്ങൾ കൊണ്ട് സംസ്കാരത്തിൻെറ പരമോന്നതശീർഷത്തിലെത്തിക്കാൻ കഴിഞ്ഞ ഖുർആനിന് തുല്യമായി ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിച്ച മറ്റൊരു ഗ്രന്ഥം മാനവചരിത്രത്തിലെവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ? ഇല്ല

1. ഖുർആൻ 4: 832

എന്നാണുത്തരം. എങ്കിൽ ഖുർആനിനെക്കാൾ പ്രായോഗികമായ മറ്റേത് വേദഗ്രന്ഥമാണുള്ളത്?

ഖുർആൻ ദൈവികഗ്രന്ഥമാണെന്ന് സ്വയം പ്രഖ്യാപിക്കുന്നു. അത് നൽകുന്ന ധാർമികസദാചാര നിയമങ്ങൾക്കു തുല്യമായ നിയമങ്ങൾ മറ്റേതു ഗ്രന്ഥത്തിലുമില്ല. അതു പഠിപ്പിക്കുന്ന ചരിത്രം കളങ്കരഹിതവും സത്യസന്ധവുമാണ്. അതിൽ യാതൊരു വൈരുധ്യങ്ങളുമില്ല. അവതരിപ്പിക്കപ്പെട്ട രീതിയിൽ ഇന്നും നിലനിൽക്കുന്ന ഏകവേദഗ്രന്ഥവും അതൊന്ന് മാത്രമാണ്. അത് ലോകത്തിനു മുമ്പിൽ കൊണ്ടുവന്ന വ്യക്തി ഒരിക്കലെങ്കിലും കളവു പറഞ്ഞിട്ടില്ല. അത് സൃഷ്ടിച്ച വിപ്ലവവും അതുല്യമാണ്. എങ്കിൽ എന്തുകൊണ്ട് ഖുർആൻ ദൈവികഗ്രന്ഥമായി അംഗീകരിച്ചുകൂടാ? ദൈവികഗ്രന്ഥത്തിനുണ്ടായിരിക്കണമെന്ന് നമ്മുടെ മനസ്സ് മന്ത്രിക്കുന്ന എല്ലാ സവിശേഷസ്വഭാവങ്ങളുമുള്ള ഒരൊറ്റ ഗ്രന്ഥം മാത്രമെ നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ-ഖുർആൻ. തീർച്ചയായും നമുക്കംഗീകരിക്കാം, അതൊരു ദൈവിക ഗ്രന്ഥമാണെന്ന്.

ഖുർആൻ, മുമ്പുള്ള ദൈവികഗ്രന്ഥങ്ങളെപ്പോലെ കേവലമൊരു വേദഗ്രന്ഥം മാത്രമല്ല. അത് അന്തിമപ്രവാചകനുള്ള അമാനുഷിക ദൃഷ്ടാന്തം കൂടിയാണ്. മൂസാനബിക്ക് പാമ്പാകുന്ന വടിയും ഈസാനബിക്ക് മരിച്ചവരെ ജീവിപ്പിക്കുക എന്ന ദൃഷ്ടാന്തവും നൽകിയപോലെ താൻ പ്രവാചകനാണെന്നതിനുള്ള തെളിവായി മുഹമ്മദ് നബിക്ക് നൽകപ്പെട്ട ഒരു അമാനുഷിക ദൃഷ്ടാന്തം കൂടിയാണ് ഖുർആൻ. മൂസാ(അ)യുടെ സർപ്പമാകുന്ന വടിയും യേശു(അ)വിൻെറ മരിച്ചവരെ ജീവിപ്പിക്കലുമെല്ലാം അവരുടെ വിയോഗത്തോടെ അവസാനിച്ച ദൃഷ്ടാന്തങ്ങളായിരുന്നു. എന്നാൽ അന്തിമ പ്രവാചകൻെറ അമാനുഷിക ദൃഷ്ടാന്തമാകട്ടെ, അത് അവസാനത്തെ മനുഷ്യൻ വരെയുള്ളവർക്ക് മുഴുവനും ഒരു മഹാൽഭുതമായി നിലനിൽക്കുകയാണ്.

മറ്റു പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായി എന്ത് പ്രത്യേകതയാണ് ഖുർആന്നിന്നുള്ളത്? അത് അത്ഭുതമാണെന്ന് പറയാനുള്ള കാരണമെന്താണ്?

ഖുർആനിൻെറ അവതരണം കഴിഞ്ഞിട്ട് പതിനാലു ശതാബ്ദങ്ങളായി. അറബിസാഹിത്യത്തിലെ അതികായന്മാരായിരുന്ന ആളുകൾക്കിടയിലാണ് അത് അവതരിക്കപ്പെട്ടത്. തങ്ങളുടെ സാഹിത്യപരമായ കഴിവുകളുടെ നിസ്തുലതയിൽ അഭിമാനിച്ചിരുന്നവരായിരുന്നു



അന്നത്തെ അറബികൾ. കവികളിൽ പലരും ഇസ്ലാമിൻെറ ശത്രുപക്ഷത്തായിരുന്നു. ഖുർആൻ മാരണക്കാരൻെറ മായാവചനങ്ങളാണെന്ന് വിധിയെഴുതിയവരായിരുന്നു, അവർ. അവരോട് ഖുർആൻ ഒരു വെല്ലുവിളി നടത്തി. ദൈവിക ഗ്രന്ഥമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതുപോലൊരു ഗ്രന്ഥം കൊണ്ടുവരണമെന്നായിരുന്നു വെല്ലുവിളി. ആ വെല്ലുവിളിക്ക് ഉത്തരം നൽകാൻ, അറേബ്യൻ സാഹിത്യത്തറവാട്ടിലെ ആ കാരണവന്മാർക്ക് കഴിഞ്ഞില്ല. പിന്നെയും ഖുർആൻ വെല്ലുവിളിച്ചു. ഖുർആനിനു തുല്യമായ മറ്റൊരു ഗ്രന്ഥം കൊണ്ടുവരേണ്ടതില്ല. അതിലെ അധ്യായങ്ങളിലേതിനെങ്കിലും തുല്യമായ ഒരു അധ്യായം കൊണ്ടുവന്നാൽ മതി. അറേബ്യൻ സാഹിത്യത്തിലെ അന്നത്തെ അതികായന്മാർ മുഴുവൻ ശ്രമിച്ചു. പക്ഷേ, ഖുർആനിൻെറ വശ്യമായ ശൈലിക്കും സുന്ദരമായ ഘടനക്കും മുന്നിൽ അവരുടെ ആവനാഴിയിലെ അസ്ത്രങ്ങൾ മുഴുവൻ പരാജയപ്പെട്ടു. ഖുർആനിലെ ഏറ്റവും ചെറിയ സൂറത്തിൽ-അധ്യായത്തിൽ ആകെ മൂന്ന് സൂക്തങ്ങൾ (ആയത്തുകൾ) മാത്രമാണുള്ളത്. ഈ അധ്യായത്തിന് തുല്ല്യമായൊരധ്യായം പോലും കൊണ്ടുവരാൻ അതിൻെറ വിമർശകർക്ക് കഴിഞ്ഞിട്ടില്ല. 14 നൂറ്റാണ്ടുകൾക്കു മുമ്പ് മുഴക്കി, ഇന്നും അജയ്യമായി പ്രകമ്പനം കൊണ്ടുകൊണ്ടിരിക്കുന്ന ആ വെല്ലുവിളി ഇങ്ങനെയാണ്: 'നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (ഖുർആനിനെ)പ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻെറതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക! നിങ്ങൾ സത്യവാന്മാരാണെങ്കിൽ'[1].

വെല്ലുവിളി ശ്രദ്ധിക്കുക! ദൈവമൊഴിച്ചുള്ള മുഴുവൻ സഹായികളെയും വിളിച്ചുകൊണ്ടുവന്ന് കൂടിയാലോചന നടത്തിയാൽ പോലും ഖുർആനിലെ ഏറ്റവും ചെറിയ ഒരധ്യായത്തിനു തുല്യമായ ഒരു രചനപോലും ഹാജറാക്കാൻ ആർക്കും കഴിയില്ല. അറേബ്യൻ സാഹിത്യത്തിലെ അന്നത്തെ തമ്പുരാക്കന്മാർ പാജയപ്പെട്ടു. ഇന്നും ആ വെല്ലുവിളി ലോകത്തിനു മുന്നിൽ സ്പഷ്ടമായി നിലനിൽക്കുന്നു. മാനവരാശിയുടെ കർണപുടങ്ങളിൽ ഖുർആനിൻെറ വെല്ലുവിളി അലയടിച്ചുകൊണ്ടിരിക്കുന്നു. മറ്റു വേദഗ്രന്ഥങ്ങളുടെ ഭാഷ

1. ഖുർആൻ 2:23

യെപ്പോലെ ഖുർആനിൻെറ ഭാഷ ഒരു നിർജീവഭാഷയല്ല. അത് സജീവമായൊരു സംസാരഭാഷയാണ്. അറബി സാഹിത്യകാരന്മാ രിൽ ഇന്നും ഇസ്‌ലാമിൻെറ കഠിനവിരോധികൾ ഒരുപാടുണ്ട്. അവരാരും തന്നെ ഖുർആനിൻെറ ഈ വെല്ലുവിളിക്ക് ഉത്തരം നൽകിയിട്ടില്ല.

സാഹിത്യം സാർഥകമാകുന്നത് ശ്രോതാവിൻെറ മനസ്സിൽ അത് അന്ദോളനങ്ങൾ സൃഷ്ടിക്കുമ്പോഴാണ്. കേൾക്കുന്നവൻെറ ബുദ്ധിക്ക് തൃപ്തിയും മനസ്സിന് സമാധാനവും ലഭ്യമാവുന്നതോടൊപ്പം അവൻെറ ഹൃദയത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുകയും കൂടി ചെയ്യുന്നതാണ് യഥാർഥ സാഹിത്യം. ഈ അർഥത്തിൽ ഖുർആൻ ഒരു കുറ്റമറ്റ സാഹിത്യകൃതിയാണ്. പക്ഷേ, അതൊരു കേവല സാഹിത്യ സൃഷ്ടിയോ കവിതാപുസ്തകമോ അല്ല. പ്രത്യുത ധാർമിക സിദ്ധാന്തങ്ങളും സൻമാർഗോപദേശങ്ങളുമാണതിൻെറ ഉള്ളടക്കം. മതം, ധർമം മുതലായ 'വരണ്ട'വിഷയങ്ങളെടുത്തുകൊണ്ട് രചന നിർവഹിച്ച് ഭാഷാസാഹിത്യത്തിന് ഉന്നതമായ സംഭാവനകൾ നൽകിയവർ തീരെ വിരളമാണ്. എന്നാൽ ഖുർആനാകട്ടെ ഇത്തരം വിഷയങ്ങളെടുത്തുകൊണ്ട് പ്രതിപാദിച്ചുകൊണ്ടുതന്നെ അതിൻെറ ഉന്നതമായ സാഹിത്യമൂല്യം നിലനിർത്തുന്നുവെന്നതാണ് അത്ഭുതം.

ഖുർആൻ എത്രത്തോളം മനുഷ്യമനസ്സുകളെ സ്വാധീനിച്ചിരുന്നുവെന്നതിനു ഒരു ഉദാഹരണം നോക്കുക. നബി (സ) ഒരിക്കൽ കഅ്ബയുടെ സമീപം വെച്ച് ഖുർആൻ ഓതുകയാണ്. ശ്രോതാക്കളിൽ മുസ്‌ലിംകളും അമുസ്‌ലിംകളുമെല്ലാം ഉണ്ട്. സൂറത്തുന്നജ്മിലെ സാഷ്ടാംഗത്തിൻെറ സൂക്തം ഓതിക്കൊണ്ടിരിക്കെ അല്ലാഹുവിൻെറ കൽപന പ്രകാരം നബി സാഷ്ടാംഗം (സുജൂദ്) ചെയ്തു. ഉമയ്യത്തുബ്നു ഖലഫ് എന്ന അഹങ്കാരി ഒഴികെ, ബാക്കിയെല്ലാവരും-മുസ്‌ലിംകളും അമുസ്‌ലിംകളുമെല്ലാം-സാഷ്ടാംഗം നമിച്ചുപോയി. അതാണ് ഖുർആനിൻെറ സ്വാധീനശക്തി. കഠിനവിരോധികൾ പോലും അതിൻെറ കൽപന അനുസരിച്ച് തല കുനിക്കുന്ന അവസ്ഥയുണ്ടാവുക! മനുഷ്യമനസ്സിനെ സ്വാധീനിക്കാനുള്ള ദിവ്യവചനങ്ങളുടെ കഴിവാണ് ഇവിടെ നാം ദർശിക്കുന്നത്. പ്രവാചകനെ വധിക്കാനായി വന്ന ഉമറിനെ ഇസ്‌ലാമിൻെറ അനുയായിയാക്കി മാറ്റിയത് ഖുർആനിൻെറ ഈ സ്വാധീനശക്തിയല്ലാതെ മറ്റൊന്നുമായിരുന്നില്ല. ജുബൈറ്ബ്നു മുത്ഇം എന്ന അവിശ്വാസി ഒരിക്കൽ വഴിയിലൂടെ



നടന്നുപോവുകയാണ്. ദൈവദൂതൻ മഗ്‌രിബ് നമസ്കാരത്തിൽ സൂറത്തുത്ത്വൂർ ഓതിക്കൊണ്ടിരിക്കുന്നത് അദ്ദേഹം കേട്ടു. അതിലെ ഓരോ പദവും അദ്ദേഹത്തിൻെറ ഹൃദയത്തിൽ പതിഞ്ഞു. അതിന്റെ മനോഹാരിത അദ്ദേഹത്തെ ആകർഷിച്ചു. അതിൻെറ സ്വാധീനത്തിൽ അദ്ദേഹം അതിശയിച്ചു. അവിടെവെച്ച് തന്നെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.

ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ! ഖുർആനിൻെറ വശ്യമായ ശൈലി ഇസ്‌ലാമിലേക്കെത്തിച്ച കുറേയധികം ഭാഗ്യവാന്മാരെക്കുറിച്ച് ചരിത്രം നമുക്ക് പഠിപ്പിച്ചുതരുന്നുണ്ട്.

മക്കാ മുശ്‌രിക്കുകൾ പോലും ഖുർആനിൻെറ വശ്യമായ ശൈലിയെക്കുറിച്ച് ബോധവാന്മാരായിരുന്നു. നാടുവിടാനൊരുങ്ങിയ അബൂബക്കറി(റ)നെ തിരിച്ചുകൊണ്ടുവന്ന ഇബ്നുദ്ദുഗ്നയോട് മക്കാനിവാസികൾ പറഞ്ഞത് ഇപ്രകാരമായിരുന്നു: 'അബൂബക്കർ ഖുർആൻ ഉറക്കെ ഓതുകയും ഞങ്ങളുടെ സ്ത്രീകളും കുട്ടികളും അതുകേൾക്കാൻ ഇടവരുകയും ചെയ്യരുത്. എങ്കിൽ മാത്രമേ ഇവിടെ താമസിക്കാൻ അബൂബക്കറിനെ ഞങ്ങൾ അനുവദിക്കുകയുള്ളൂ.' പ്രവാചകൻെറ ഖുർആൻ പാരായണം കേട്ട് അതിൽ ആകൃഷ്ടനായിക്കൊണ്ട് ഒന്നും ഉരിയാടാതെ സ്വവസതിയിലേക്കു മടങ്ങിയ ഖുറൈശീ നേതാവായ വലീദുബ്നു മുഗീറയോട്, മുഹമ്മദിൻെറ വചനങ്ങൾ അസത്യമാണെന്ന് പരസ്യ പ്രസ്താവന ചെയ്യണമെന്നാവശ്യപ്പെട്ട അബൂജഹ്‌ലിന് അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ്. 'ഞാനെന്താണ് പറയേണ്ടത്? ഗദ്യത്തിലും പദ്യത്തിലും ജിന്നുകളുടെ കാവ്യങ്ങളിലും അറബിഭാഷയുടെ മറ്റേതൊരു സാഹിത്യശാഖയിലും നിങ്ങളേക്കാൾ അറിവെനിക്കുണ്ട്. ദൈവമാണ് സത്യം! ഈ മനുഷ്യൻ സമർപ്പിക്കുന്ന വചനങ്ങൾ അവയിൽ ഒന്നിനോടും സാദൃശ്യമില്ല. ദൈവമാണെ, അവൻെറ വചനങ്ങൾക്ക് വിസ്മയാവഹമായൊരു മാധുര്യവും പ്രത്യേകമായൊരു ഭംഗിയുമുണ്ട്. അതിൻെറ കൊമ്പുകളും ചില്ലകളും ഫലങ്ങൾ നിറഞ്ഞതും മുരട് പശിമയാർന്ന മണ്ണിൽ ഊന്നി നിൽക്കുന്നതുമാണ്. തീർച്ചയായും അത് സർവവചനങ്ങളേക്കാളും ഉന്നതമാണ്. അതിനെ താഴ്ത്തിക്കാണിക്കാൻ മറ്റൊരു വചനത്തിനും സാദ്ധ്യമല്ല. അതിൻെറ കീഴിലകപ്പെടുന്ന സകലതിനെയും അത് തകർത്തുകളയും. തീർച്ച!'

ഖുർആൻ നടത്തിയ പ്രവചനങ്ങൾ അക്ഷരംപ്രതി പുലർന്നുവെ

ന്നതാണ് ആ വിശുദ്ധവേദഗ്രന്ഥത്തിൻെറ മറ്റൊരു അമാനുഷികാൽ ഭുതം. സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാമെന്ന യിരമ്യൊ പ്രവാചകൻെറ[1] ദീർഘദർശനത്തിൻെറ പൂർത്തീകരണം ഖുർആനിൻെറ പ്രവചനങ്ങളുടെ പൂർത്തീകരണത്തിൽ നമുക്ക് ദർശിക്കാൻ കഴിയും.

ഇസ്‌ലാമികചരിത്രത്തിലെ പ്രസിദ്ധമായൊരു സന്ധി നടക്കുകയാണ്. തങ്ങളുടെ മതകേന്ദ്രമായ കഅ്ബ സന്ദർശിക്കാനെത്തിയപ്പോൾ വഴിയിൽവെച്ച് വിശ്വാസികൾ അവിശ്വാസികളാൽ തടയപ്പെട്ടു. ഒരു സന്ധിയിലേർപ്പെടാൻ മുസ്‌ലിംകൾ നിർബന്ധിതരാവുകയും തികഞ്ഞ ഇഛാഭംഗത്തോടെ മടങ്ങിപ്പോവുകയും ചെയ്ത അവസരം. ഇനിയൊരിക്കലും തങ്ങൾക്ക് മക്കയുടെ വിശുദ്ധ ഭൂമിയിലേക്ക് പ്രവേശിക്കാൻ കഴയില്ലെന്ന് മുസ്‌ലിംകൾ കണക്കുകൂട്ടിയ സന്ദർഭം. 'അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, സമാധാനചിത്തരായിക്കൊണ്ട് തലമുണ്ഡനം ചെയ്തവരും മുടിവെട്ടിയവരും ആയിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുകതന്നെ ചെയ്യും'.[2] ഈ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു. പ്രവാചകനും അനുയായികളും കൂടി രണ്ടു വർഷങ്ങൾക്കുശേഷം സമാധാനചിത്തരായിക്കൊണ്ട് കഅ്ബയിൽ പ്രവേശിക്കുകതന്നെ ചെയ്തു.

മുസ്‌ലിംകൾ അക്രമങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് അധികാരത്തെയോ ആധിപത്യത്തെയോ കുറിച്ച് ചിന്തിക്കുവാൻ പോലും വയ്യാത്ത അവസ്ഥ. സ്വന്തം നാട്ടിൽനിന്നുപോലും അടിച്ചോടിക്കപ്പെട്ടിരുന്ന കാലം. ആ സമയത്ത് ഖുർആൻ പ്രഖ്യാപിച്ചു. 'നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയപോലെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിൻെറ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്'[3]

1. യിരെമ്യാവ് 28:9
2. ഖുർആൻ 48:27
3. ഖുർആൻ 24:55



ദൈവത്തിൻെറ മഹത്തായ ഈ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു. മക്കയിലെ മർദകരായ മുശ്‌രിക്കുകളേയും മദീനയിലെ മുനാഫിഖുകളെയും യഹൂദക്രൈസ്തവരെയും ഇസ്‌ലാമിൻെറ സകലവിധ ശത്രുക്കളെയും പരാജയപ്പെടുത്തിക്കൊണ്ട് മുസ്‌ലിംകൾക്ക് ഭരണം ലഭിക്കുകയും നിർഭയത്വത്തോടെ ജീവിക്കാനാകുമെന്ന അവസ്ഥയുണ്ടാവുകയും ചെയ്തു.

അറേബ്യൻ അർധദീപിൻെറ ചില ഭാഗങ്ങളിൽ ആധിപത്യം നേടാൻ വേണ്ടിയുള്ള പോരാട്ടം നടക്കുകയാണ്. വേദക്കാരായ ക്രിസ്ത്യാനികളും അഗ്നിആരാധകരായ പേർഷ്യക്കാരും തമ്മിലായിരുന്ന യുദ്ധം. ക്രിസ്ത്യാനികളോട് മുസ്‌ലിംകളും പേർഷ്യക്കാരോട് മുശ്‌രിക്കുകളും അനുഭാവം പ്രകടിപ്പിച്ചു. ഹിജ്റ അഞ്ചാംവർഷത്തിൽ നടന്ന ഘോരയുദ്ധത്തിൽ റോമക്കാർ പരാജയപ്പെട്ടു. ഇനിയൊരു തിരിച്ചുവരവ് അസാധ്യമാണെന്ന് തോന്നിപ്പിക്കുമാറ് അത്രയ്ക്കു ദയനീയമായിരുന്നു ക്രൈസ്തവരുടെ പരാജയം. ബഹുദൈവാരാധകർ ഇതു മുതലെടുത്തുകൊണ്ട് മുസ്‌ലിംകളെ പരിഹസിക്കുവാൻ തുടങ്ങി. ഈ അവസരത്തിൽ ഖുർആൻ പ്രഖ്യാപിച്ചു: 'അടുത്ത നാട്ടിൽ വെച്ച് റോമക്കാർ പരാജിതരാക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ പരാജയത്തിനുശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ അവർ വിജയം വരിക്കുന്നതാണ്'.[1] ഈ പ്രഖ്യാപനം തെറ്റിയില്ല. ആറുവർഷങ്ങൾ തികയുന്നതിനു മുമ്പ് വേദക്കാരായ റോമക്കാർ അഗ്നിയാരാധകരായ പേർഷ്യക്കാരെ പരാജയപ്പെടുത്തി.

ഇങ്ങനെ എത്രയെത്ര പ്രവചനങ്ങൾ! ഖുർആനിൻെറ ഒരു പ്രവചനം പോലും പൂർത്തീകരിക്കപ്പെടാതിരുന്നിട്ടില്ല. ഭൂതവും ഭാവിയും വർത്തമാനവുമറിയുന്ന മഹാനായ രക്ഷിതാവിൻെറതാണ് ഈ ഗ്രന്ഥമെന്ന യാഥാർഥ്യം ഈ പ്രവചനങ്ങളിലൂടെ നമുക്ക് തെളിഞ്ഞുകാണാം.

ഖുർആനിൻെറ അവതരണകാലത്ത് ലോകം ശാസ്ത്രസാങ്കേതികരംഗത്ത് ആധുനികവീക്ഷണത്തിലൂടെ നോക്കുമ്പോൾ വട്ടപ്പൂജ്യത്തിലായിരുന്നു. ദൂരദർശിനികളോ സൂക്ഷ്മദർശിനികളോ അന്ന് കണ്ടെത്തിയിട്ടില്ല. ആകാശത്തിലൂടെ പറക്കാനും സമുദ്രത്തിനകത്ത് ഗവേഷണം നടത്താനുമുള്ള സാങ്കേതികവിദ്യകളെക്കുറിച്ച് അക്കാ

1. ഖുർആൻ 30: 2–4

ലത്ത് ഒന്നുമറിയില്ല. അതിൻെറ അവതരണത്തിന് ശേഷമുള്ള പതിനാല് നൂറ്റാണ്ടുകൾ ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ മഹത്തായ വിപ്ലവങ്ങൾ നടന്ന നൂറ്റാണ്ടുകളാണ്. മനുഷ്യന് അറിയാത്ത പല വസ്തുതകളും അവൻ കണ്ടുപിടിച്ചു. പ്രാപഞ്ചികഗോളങ്ങളുടെ നിലനിൽപ്പിന് പിന്നിലുള്ള ശക്തിയേതാണെന്ന് അവർ മനസ്സിലാക്കി. ആകാശത്തിൻെറ അനന്തതകളിലേക്ക് അവൻെറ ദൃഷ്ടികൾ നീണ്ടു. ആറ്റത്തിൻെറ അകത്തുള്ളതെന്താണെന്നതിനെക്കുറിച്ച് അവൻ പഠിച്ചു. ജീവകോശത്തിൻെറ പ്രത്യേകതകളും പ്രവർത്തനങ്ങളുമെന്താണെന്ന് അവന് വിശദീകരിക്കാൻ കഴിഞ്ഞു. പക്ഷേ, വിശുദ്ധ ഖുർആനിൻെറ ഒരൊറ്റ വചനം പോലും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വിപ്ലവങ്ങൾക്കുമുന്നിൽ തെറ്റാണെന്നു തെളിയിക്കപ്പെട്ടിട്ടില്ല. ഖുർആൻ പറഞ്ഞ ഒരൊറ്റ സത്യംപോലും അസത്യമാണെന്ന് പറയാൻ ശാസ്ത്രത്തിന് സാധിച്ചിട്ടില്ല. മാത്രവുമല്ല, ശാസ്ത്രം പുതിയ കണ്ടെത്തലുകൾ നടത്തുമ്പോൾ ഖുർആനിൻെറ അപ്രമാദിത്വവും അജയ്യതയും കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണ് യഥാർഥത്തിൽ ചെയ്യുന്നത്. വാനശാസ്ത്രത്തിലോ ഭൂമിശാസ്ത്രത്തിലോ സമുദ്രശാസ്ത്രത്തിലോ ഭ്രൂണശാസ്ത്രത്തിലോ ഒന്നും അടിസ്ഥാന ജ്ഞാനം പോലുമില്ലാതിരുന്ന കാലത്ത് അവതരിക്കപ്പെട്ട ഖുർആനിലെ വചനങ്ങൾ പ്രസ്തുത ശാസ്ത്രശാഖകളിലെ ആധുനിക കണ്ടുപിടിത്തങ്ങളുമായി പൂർണമായും യോജിക്കുന്നുവെന്ന വസ്തുത ആ ഗ്രന്ഥത്തിൻെറ അമാനുഷികത വ്യക്തമാക്കുന്നു.

1929ൽ ബ്രിട്ടീഷ് ജ്യോതിശാസ്ത്രജ്ഞനായ എഡ്വിൻ പി. ഹബുൾ പ്രപഞ്ചം വികസിക്കുന്നുവെന്ന നിഗമനത്തിലെത്തി. ഗാലക്സികളിൽ നിന്നുള്ള പ്രകാശതരംഗങ്ങളുടെ ഫലമായി അനുഭവപ്പെടുന്ന അരുണഭ്രംശ(red shift)മാണ് ഗാലക്സികൾ അകന്നു നീങ്ങിക്കൊണ്ടിരിക്കുന്നുവെന്ന നിഗമനത്തിലെത്താൻ ഹബുളിനെ പ്രേരിപ്പിച്ചത്. ഈ അരുണഭ്രംശം യാഥാർഥ്യം തന്നെയാണെന്നും അതുകൊണ്ടുതന്നെ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്നുവെന്നും അദ്ദേഹത്തിനുശേഷവും പ്രഗൽഭരായ പലരുംഗവേഷണം ചെയ്തു കണ്ടെത്തിയിട്ടുണ്ട്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പ്രപഞ്ചം വികസിക്കുന്നുവെന്ന യാഥാർഥ്യം ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്: 'ആകാശമാകട്ടെ നാമതിനെ കരങ്ങളാൽ നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനുമാകുന്നു'[1] വെന്ന് സ്രഷ്ടാവ് ഖുർആനിലൂടെ പ്രഖ്യാപിക്കുമ്പോൾ പ്രപഞ്ചവികാസമെന്ന പ്രതിഭാസമാണ് നമുക്കു മുന്നിൽ തെളിഞ്ഞുവരുന്നത്.



പ്രപഞ്ചം വികസിക്കുന്നുവെന്ന സങ്കൽപത്തിന്മേലാണ് ആധുനിക പ്രപഞ്ചമാതൃക നിർമിക്കപ്പെട്ടിട്ടുള്ളത്. ആ മാതൃക പ്രകാരം പ്രപഞ്ചത്തിൻെറ ഉൽപത്തിയെ സംബന്ധിച്ച സിദ്ധാന്തം മഹാവിസ്ഫോടനസിദ്ധാന്ത (big bang theory)മെന്ന പേരിലാണ് അറിയപ്പെടുന്നത്. ആകാശഗോളങ്ങളും ഭൂമിയുമെല്ലാം ഒരൊറ്റ ആദിപദാർഥത്തിൻെറ ഭാഗമായിരുന്നു. അനന്തസാന്ദ്രമായ ആ 'കോസ്മിക് എഗ്ഗ്' ഒരു ഹബ്ൾ സമയത്തിനുമുമ്പ് പൊട്ടിത്തെറിച്ചുവെന്നും അതിൽ നിന്നും ആകാശഗോളങ്ങളും ഭൂമിയുമെല്ലാം ഉണ്ടായി എന്നും ഈ സിദ്ധാന്തം സമർഥിക്കുന്നു. പ്രാപഞ്ചിക വസ്തുക്കളെല്ലാം ഒന്നായിരുന്നുവെന്നും പിന്നീടാണ് അവ വേർപെടുത്തപ്പെട്ടതെന്നുമുള്ള വസ്തുത ആയിരത്തിനാനൂറ് വർഷങ്ങൾക്കു മുമ്പ് ഖുർആൻ ഇങ്ങനെയാണ് വ്യക്തമാക്കിയത്: 'ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ'.[2]

ആധുനിക പ്രപഞ്ചമാതൃക പ്രകാരം നക്ഷത്രങ്ങളുടെ സൃഷ്ടിയെ സംബന്ധിച്ച സിദ്ധാന്തം ഇങ്ങനെയാണ്: ഒരുതരം സാന്ദ്രീകരണ പ്രക്രിയയിലൂടെയാണ് നക്ഷത്രങ്ങൾ രൂപംകൊള്ളുന്നത്. നക്ഷത്രാന്തരീയ വാതകങ്ങളും പൊടിപടലങ്ങളും മറ്റും അടങ്ങിയ മേഘമാണ് നെബുല. നെബുലകളിലെ എണ്ണമറ്റ വാതകതന്മാത്രകൾക്കിടയിലും ധൂളീകണങ്ങൾക്കിടയിലും പ്രവർത്തിക്കുന്ന ഗുരുത്വാകർഷണമാണ് നക്ഷത്ര പരിണാമത്തിൻെറ പ്രഥമഘട്ടം. നെബുലയിൽ ഒരു പ്രത്യേക പ്രദേശത്ത് പദാർഥകേന്ദ്രീകരണം നടക്കുമ്പോൾ ഒരുതരം ഗുരുത്വാകർഷണമേഖല ഉരുത്തിരിയുകയും അതോടുകൂടി അവിടേക്ക് കുടുതൽ പദാർഥകേന്ദ്രീകരണം നടക്കുകയും അങ്ങനെ ധൂളികളുടെയും വാതകങ്ങളുടെയും ശേഖരമുണ്ടാവുകയും ചെയ്തുകൊണ്ടാണ് നക്ഷത്രങ്ങൾ രൂപമെടുക്കുന്നത്. ഈ വസ്തുതകൾ മുഴുവൻ കൂടി ഖുർആൻ വിവരിക്കുന്നത് ഇങ്ങനെയാണ്: "അതിനുപുറമെ അവൻ ഉപരിലോകത്തിൻെറയും സംവിധാനം

1. ഖുർആൻ 51: 47
2. ഖുർആൻ 21: 30

നടത്തി. അത് ഒരു പുകയായിരുന്നു. അതിനോടും ഭൂമിയോടും അവൻ ആജ്ഞാപിച്ചു: നിങ്ങൾ രണ്ടും അനുസരണാപൂർവമോ നിർബന്ധിതമോ ആയി വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണയുള്ളവരായി വന്നിരിക്കുന്നു".[1]

അന്തരീക്ഷം ഒരു മേൽക്കൂരയാണെന്ന് ഇന്ന് നമുക്കറിയാം. ഉൽക്കാനിപാതങ്ങളിൽ നിന്നും അൾട്രാവയലറ്റ് രശ്മിയിൽ നിന്നും ഭൂമിയെ രക്ഷിക്കുന്നത് അന്തരീക്ഷമെന്ന മേൽക്കൂരയാണ്. 'ഉപരിലോകത്തെ നാം സംരക്ഷിതമായ ഒരു മേൽക്കൂരയാക്കിയിട്ടുണ്ട്'[2] എന്ന ഖുർആനിക പരാമർശം എത്രശരി!

ഭൂകമ്പതരംഗങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് ഒരു നല്ല പങ്കു വഹിക്കുന്നത് പർവതങ്ങളാണ്. ഭൂഗോളത്തിൻെറ ആന്തരികവും ബാഹ്യവുമായ ഘടന പരിരക്ഷിക്കുന്നതിൽ പർവ്വതങ്ങൾക്ക് ഗണ്യമായ പങ്കുണ്ട്. ഭൂമിയുടെ സന്തുലിതത്വം സംരക്ഷിക്കുന്നതിൽ പർവ്വതങ്ങളുടെ സംഭാവനയെക്കുറിച്ച് മനസ്സിലായത് ചന്ദ്രഗോളത്തെക്കുറിച്ച പഠനത്തിൽനിന്നായരുന്നു. ഭൂമിയുടെ അടിയിലെ ബസാൾട്ടിൽ ചെന്നുമുട്ടുന്ന വേരുകളുണ്ട്, പർവ്വതങ്ങൾക്ക്. ഈ വേരുകളാണ് ഭൂമിയെ സന്തുലിതമായി നിലനിർത്തുന്നത്. ഭൂമിയുടെ പ്രതലത്തിൽ അടിച്ചുകയറ്റിയ ആണികളെപ്പോലെയാണ് പർവ്വതങ്ങളുടെ കിടപ്പ്. 'ഭൂമിയെ നാം ഒരു വിരിപ്പും പർവ്വതങ്ങളെ ആണികളും ആക്കിയില്ലേ'[3]യെന്നും 'ഭൂമി അവരെയും കൊണ്ട് ഇളകാതിരിക്കുവാനായി അതിൽ നാം ഉറച്ചുനിൽക്കുന്ന പർവ്വതങ്ങളുണ്ടാക്കുകയും ചെയ്തിരിക്കുന്നു'[4] വെന്നും ഖുർആൻ പ്രഖ്യാപിക്കുമ്പോൾ പർവതങ്ങളെക്കുറിച്ച് ആധുനികശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങൾ പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് ഇത്ര കൃത്യമായി പറഞ്ഞിരിക്കുന്നതെങ്ങനെയെന്ന് നാം അൽഭുതപ്പെട്ടുപോകുന്നു.

ജന്തുലോകത്തു നടക്കുന്ന പ്രത്യുൽപാദനം പൊതുവെ ലൈംഗികമാണ്. സസ്യലോകത്ത് ലൈംഗികവും അലൈംഗികവുമായ പ്രത്യുൽപാദനരീതികളുണ്ട്. ലൈംഗിക പ്രത്യുൽപാദനത്തിൽ ഇണകളുടെ അനിവാര്യത ആർക്കും ബോധ്യപ്പെടുത്തേണ്ടതില്ല. ഈ ഇണകളാണ് ജന്തു-സസ്യങ്ങളുടെ നിലനിൽപിന്നു നിദാനം. ജീവികൾ മാത്രമല്ല, അചേതനമായ പല വസ്തുക്കളും നിലനിൽക്കുന്നതും ഇണകളുടെ സംസർഗത്തിൽനിന്നാണെന്ന് ആധുനികശാസ്ത്രം സിദ്ധാന്തിക്കുന്നുണ്ട്. വൈദ്യുതിയുടെ നിലനിൽപിന് കാരണം പോസിറ്റീവ്, നെഗറ്റീവ് ചാർജുകളുടെ അസ്തിത്വമാണല്ലോ. പദാർഥത്തിൻെറ ഏറ്റവും മൗലിക കണങ്ങളായ ആറ്റത്തിനകത്തുള്ള ഇലക്ട്രോണും പ്രോട്ടോണും ഇണകളാണെന്ന് നമുക്കറിയാം. മൗലിക കണങ്ങൾ നിർമിക്കപ്പെട്ടിരിക്കുന്ന 'ക്വാർക്കുകൾ' സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും ക്വാർക്ക്-ആൻറിക്വാർക്ക് ഇണകളുടെ സംഗമത്തിൽ നിന്നാണ്. ഖുർആനിൻെറ പരാമർശം എത്രശരി! 'ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും അവരുടെ സ്വന്തം വർഗങ്ങളിലും അവർക്കറിയാത്ത വസ്തുക്കളിലുംപെട്ട എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ എത്ര പരിശുദ്ധൻ'[1]

ഭ്രൂണശാസ്ത്രത്തെക്കുറിച്ച അടിസ്ഥാനപരമായ അറിവുകൾ തന്നെ നമുക്കുണ്ടായത് ഈയടുത്ത കാലത്താണ്. ഭ്രൂണപരിണാമത്തെക്കുറിച്ച പുതിയ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ പഴയ പല വിശ്വാസങ്ങളും നിലംപരിശായി. ഫലോപ്പിയൻ നാളിയിൽ വെച്ച് അണ്ഡവും ബീജവും സംയോജിച്ച് സിക്താണ്ഡം ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ അത് സ്വയംതന്നെ ഗർഭാശയഭിത്തിയെ ലക്ഷ്യമാക്കി നീങ്ങുകയും അവിടെ ഒരു അട്ടയെ പോലെ ഒട്ടിപ്പിടിക്കുകയും ചെയ്യുന്നു. ഇവിടെനിന്നാണ് ഭ്രൂണം വളരാൻ തുടങ്ങുന്നത്. അത് വളർന്ന് നഗ്നനേത്രങ്ങൾക്ക് ഒരു മാംസപിണ്ഡമായി ദൃശ്യമാകുന്നു. പിന്നീട് ഈ പിണ്ഡത്തിനകത്ത് അസ്ഥികൾ വളരുന്നു. ഇങ്ങനെയുണ്ടാകുന്ന അസ്ഥികൾ പേശികളാൽ മറക്കപ്പെടുന്നു. അവിടെനിന്നാണ് കുഞ്ഞുണ്ടാകുന്നത്. പിന്നെ കുഞ്ഞിൻെറ വളർച്ചയാണ് നടക്കുന്നത്. ഖുർആൻ ഈ ഘട്ടങ്ങളെയെല്ലാം വളരെ വ്യക്തവും സ്ഖലിതരഹിതവുമായി വിവരിച്ചിട്ടുണ്ട്. 'പിന്നെ ആ ബീജത്തെ ഒട്ടിപ്പിടിക്കുന്ന ഭ്രൂണമായി രൂപാന്തരപ്പെടുത്തി. അനന്തരം, ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം ആ അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു'[2].

1. ഖുർആൻ 41: 11
2. ഖുർആൻ 21: 32
3. ഖുർആൻ 78: 6, 7
4. ഖുർആൻ 21: 31



1. ഖുർആൻ 36: 36
2. ഖുർആൻ 23: 14

അമ്മയുടെ ഗർഭാശയത്തിൽവെച്ചാണ് സിക്താണ്ഡം വളരുന്നത്. മൂന്ന് ആവരണങ്ങളാണ് അമ്മയുടെ വയറ്റിലുള്ളത്. അമ്മയുടെ അടിവയറിന്റെ ഭിത്തി; രണ്ട്, ഗർഭാശയഭിത്തി; മൂന്ന്, ഗർഭാശയത്തിനകത്തുള്ള നേർത്ത ആമ്നിയോകോറിയോൺ പാട. ഈ മൂന്ന് ഭിത്തികളിലെ ഇരുട്ടറക്കുള്ളിലാണ് ഭ്രൂണം വളരുന്നത്. ഈ വസ്തുത ഖുർആൻ ഇങ്ങനെ വ്യക്തമാക്കി: 'നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു; മൂന്നുതരം അന്ധകാരങ്ങളിലായി. സൃഷ്ടിയുടെ ഒരു ഘട്ടത്തിനുശേഷം മറ്റൊരുഘട്ടമായിക്കൊണ്ട്'[1].

അൽഭുതം! ഈ വചനങ്ങൾ മൊഴിയുന്നത് ആറാം നൂറ്റാണ്ടിൽ ജീവിച്ച നിരക്ഷരനായ ഒരു മനുഷ്യനാണ്. ഇരുപതാം നൂറ്റാണ്ടിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ശാസ്ത്ര വസ്തുതകൾ ഒരു തെറ്റുംപറ്റാതെ ഈ വചനങ്ങളിൽ വ്യക്തമാകുന്നു. ഇനിയും നാം ചിന്തിക്കുക. ഈ ഗ്രന്ഥം ദൈവികമല്ലേ എന്ന്. ഭൂതകാലവും ഭാവികാലവും വർത്തമാനകാലവും ശരിക്കറിയാവുന്ന, രഹസ്യവും പരസ്യവും വ്യക്താമയറിയാവുന്ന ഒരുവനല്ലാതെ ഈ ഗ്രന്ഥം രചിക്കുക സാധ്യമല്ലതന്നെ.

ഖുർആനിന്റെ പ്രഖ്യാപനം എത്രശരി. 'പറയുക. ഈ ഖുർആനിന് സമമായൊന്നു കൊണ്ടുവരാൻവേണ്ടി മനുഷ്യനും ജിന്നും ഒരുമിച്ചുചേർന്നാലും ഇതിന് സമമായത് അവർ കൊണ്ടുവരികയില്ല. അവർ തമ്മിൽതമ്മിൽ സഹായിച്ചിരുന്നാലും ശരി'.[2]

1. ഖുർആൻ 39 : 6
2. ഖുർആൻ 17: 88

# ആറ്

## അല്ലാഹുവിലുള്ള വിശ്വാസം

ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളും അതിനപ്പുറത്തുള്ള ഒരു കാരണത്തെ തേടുന്നുണ്ട്. ഓരോ വസ്തുവിനും വസ്തുതക്കുമെല്ലാം കാരണമന്വേഷിക്കുന്നവരാണ് മനുഷ്യൻ. പരമാണു മുതൽ നക്ഷത്രജാലങ്ങൾവരെയുള്ള ചെറുതും വലുതുമായ പ്രാപഞ്ചിക വസ്തുക്കളൊന്നുംതന്നെ ഇതിന്നപവാദമല്ല. ഓരോന്നിന്റെയും കാരണം കണ്ടെത്തുമ്പോൾ ആ കാരണത്തിന്റെ കാരണമന്വേഷിക്കുന്ന അവസ്ഥയുണ്ടാകുന്നു. ഈ ശൃംഖല അനന്തമായി തുടർന്നുപോകുന്നില്ല. അത് കാരണങ്ങളാവശ്യമില്ലാത്ത ഒരുവനിൽ അവസാനം എത്തിച്ചേരുകയാണ് ചെയ്യുന്നത്. അവനാകുന്നു എല്ലാ അന്വേഷണങ്ങളുടെയും അന്ത്യം. സകലവിധ അന്വേഷണങ്ങളും തേട്ടങ്ങളും ഈ പരമമായ അന്ത്യത്തിലെത്തുമ്പോൾ അവസാനിക്കുന്നു. പ്രപഞ്ചത്തിലെ ഒരൊറ്റ പ്രതിഭാസവും കാരണമാവശ്യമില്ലാത്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. വലുതും ചെറുതുമായ എല്ലാ വസ്തുക്കളും കാരണം തേടുന്നു. അപ്പോൾ കാരണങ്ങളാവശ്യമില്ലാത്ത പരാശക്തി പ്രപഞ്ചത്തിന് പുറത്തുള്ളതായിരിക്കണം. പദാർഥാതീതമായിരിക്കണം. പ്രപഞ്ചത്തിലെ വലുതും ചെറുതുമായ സകല പ്രതിഭാസങ്ങളുടെയും അടിസ്ഥാനകാരണത്തെയാണ് ഇസ്ലാം 'അല്ലാഹു' എന്ന് വിളിക്കുന്നത്.

അല്ലാഹു കേവലമായ ഒരു ശക്തിയോ ഉണ്മയില്ലാത്ത ഒരു ഊർജരൂപമോ മാത്രമാണെന്ന് ഇസ്ലാം പഠിപ്പിക്കുന്നില്ല. ദൈവികസത്ത മനുഷ്യന്റെ വിശദീകരണത്തിനതീതമാണ്. അല്ലാഹു തന്നെ

അറിയിച്ചുതന്ന ദിവ്യവെളിപാടുകളിലൂടെ മാത്രമേ അവൻെറ സ്വഭാവവിശേഷണങ്ങളെക്കുറിച്ച് നമുക്കറിയാൻ കഴിയൂ. എങ്കിലും അവൻെറ ശക്തിയാൽ നിലനിൽക്കുന്ന പ്രാപഞ്ചികശക്തികൾ അവൻെറ അസ്തിത്വത്തെയും സ്വഭാവങ്ങളെയും ഒരു പരിധിവരെ വെളിപ്പെടുത്തുന്നുവെന്ന് പറയാം.

മനുഷ്യരോട് സ്വതന്ത്രരായി ചിന്തിച്ചുകൊണ്ട് സ്രഷ്ടാവിൻെറ അസ്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുവാനാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്. 'ഒട്ടകത്തിൻെറ നേർക്ക് അവൻ നോക്കുന്നില്ലേ; അതെങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്. ആകാശത്തേക്ക്; അതെങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്ന്. പർവതങ്ങളിലേക്ക്; അതെങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നുവെന്ന്. ഭൂമിയിലേക്ക്; അതെങ്ങനെ വിതാനിക്കപ്പെട്ടിരിക്കുന്നുവെന്ന്'[1].

തൻെറ ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചുകൊണ്ട് പ്രപഞ്ചസംവിധാനത്തിനുപിന്നിലെ മഹാചൈതന്യത്തെക്കുറിച്ച് മനസ്സിലാക്കുവാനാണ് ഖുർആനിൻെറ കൽപന. സ്വതന്ത്രചിന്ത ദൈവനിഷേധത്തിലേക്ക് നയിക്കുമെന്ന മധ്യകാലചർച്ചിൻെറ വീക്ഷണം ഇസ്‌ലാമിന് തികച്ചും അന്യമാണ്. കണ്ണുകൊണ്ട് കാണുകയും കാതുകൊണ്ട് കേൾക്കുകയും ചെയ്ത് മനസ്സുപയോഗിച്ച് ചിന്തിക്കുവാനാണ് സ്രഷ്ടാവിൻെറ അസ്തിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ഖുർആൻ സൂക്തങ്ങൾ മനുഷ്യരോടാവശ്യപ്പെടുന്നത്. അന്ധമായി ദൈവവിശ്വാസിയാകുവാൻ പഠിപ്പിക്കുന്ന ഒരൊറ്റ സൂക്തം പോലും ഖുർആനിലില്ല. ഈ വിഷയത്തിൽ ഇസ്‌ലാമിനെപ്പോലെ ബുദ്ധിയെ പ്രവർത്തനക്ഷമമാക്കിയ മറ്റൊരു മതവുമില്ലെന്നതാണ് വസ്തുത. തന്നിലേക്കും തൻെറ ചുറ്റുപാടുകളിലേക്കും ദൃഷ്ടിപായിച്ച് പടച്ചവൻെറ അജയ്യതയെക്കുറിച്ച് മനസ്സിലാക്കുവാൻ മനുഷ്യരോട് ആഹ്വാനം ചെയ്യുന്ന ഖുർആൻ സൂക്തങ്ങൾ സാധാരണക്കാർ മുതൽ ശാസ്ത്രജ്ഞർവരെയുള്ളവരെ ചിന്തിപ്പിക്കുവാൻ പര്യാപ്തമാണ്.

പ്രവാചകന് ആദ്യമായി അവതരിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങൾ തന്നെ നോക്കുക. 'സൃഷ്ടിച്ചവനായ നിൻെറ നാഥൻെറ നാമത്തിൽ വായിക്കുക; മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു'.[2] മനുഷ്യരോട് സ്വന്തത്തെക്കുറിച്ച് ചിന്തിക്കുവാനാണ്

1. ഖുർആൻ 88: 17–20
2. ഖുർആൻ 96: 1, 2



ഈ സൂക്തം ആഹ്വാനംചെയ്യുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പ് നാം ഒന്നുമല്ലായിരുന്നു.

പിന്നെ പിതാവിൻെറ ശരീരത്തിലെ കോടിക്കണക്കിന് ബീജങ്ങളിലൊന്നും മാതാവിൻെറ ശരീരത്തിലെ അണ്ഡങ്ങളിലൊന്നുമായി, തികച്ചും അപരിചിതമായ രണ്ട് ഭാഗങ്ങളായിരുന്നു നാം. മാതാവിന്റെ ഗർഭപാത്രത്തിൽവെച്ച് ബീജവും അണ്ഡവു ചേർന്ന സിക്താണ്ഡമുണ്ടായി. അത് വളർന്ന് മാംസപിണ്ഡമായി. പിന്നീട് ഈ പിണ്ഡത്തിനകത്ത് അസ്ഥികൂടം രൂപപ്പെട്ടു. പ്രസ്തുത അസ്ഥികൾ പേശികളാൽ മറയ്ക്കപ്പെട്ടു. കണ്ണുകളും കാതുകളും നാക്കും മൂക്കും കൈകളും കാലുകളുമെല്ലാമുണ്ടായി. അങ്ങനെ ഒരു ദിവസം നാം ഭൂമിയിലേക്ക് വന്നു. ഇവിടത്തെ കോടിക്കണക്കിന് മനുഷ്യരിൽ ഒരാളായി നാം ജീവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ശരീരത്തിൽ വ്യത്യസ്തങ്ങളായ വ്യവസ്ഥകളുണ്ട്. പ്രസ്തുത വ്യവസ്ഥകളെല്ലാം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. അസ്ഥിവ്യൂഹവും, ചംക്രമണവ്യൂഹവും, മൂത്രവ്യൂഹവും, പ്രത്യുൽപാദനവ്യൂഹവും, അന്ത:സ്രാവവ്യൂഹവുമൊന്നും മനുഷ്യൻെറ നിയന്ത്രണത്തിലല്ല നടക്കുന്നത്. അപരിചിതങ്ങളായ ബീജത്തെയും അണ്ഡത്തെയും പരസ്പരം സംയോജിപ്പിച്ച് സിക്താണ്ഡമുണ്ടാക്കി, അതിൽ നിന്നു നമ്മെ പടിപടിയായി വളർത്തിക്കൊണ്ടുവന്നവനാരോ അവൻ തന്നെ ഈ വ്യവസ്ഥകളെ നിയന്ത്രിച്ചുനടത്തുവാനാവശ്യമായ സംവിധാനങ്ങൾ ശരീരത്തിൽ ചെയ്തുവെച്ചിരിക്കുന്നു. സ്വന്തത്തെക്കുറിച്ച് ചിന്തിക്കുന്ന സാധാരണക്കാരനും മനുഷ്യശരീരത്തെക്കുറിച്ച് ഗവേഷണം നടത്തുന്ന ശാസ്ത്രകാരനും ഒരേപോലെ സ്രഷ്ടാവിൻെറ വൈഭവം അനുഭവിച്ചറിയുന്നു: ഖുർആൻ ചോദിക്കുന്നു: 'നിങ്ങൾക്കെങ്ങനെയാണ് അല്ലാഹുവിനെ നിഷേധിക്കാൻ കഴിയുക? നിങ്ങൾ നിർജീവ വസ്തുക്കളായിരുന്ന അവസ്ഥക്ക് ശേഷം അവൻ നിങ്ങൾക്ക് ജീവൻ നൽകി'.[1]

'തീർച്ചയായും മനുഷ്യനെ കളിമണ്ണിൻെറ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത്വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ

1. ഖുർആൻ 2: 8

അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അതിനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടി കർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു'.[1]

'അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അവ സൃഷ്ടിച്ചുണ്ടാക്കുന്നത്? അതല്ല, നാമാണോ സൃഷ്ടികർത്താവ്?'[2]

പെറ്റുവീഴുന്ന കുഞ്ഞിന് ആവശ്യമായതെല്ലാം സ്രഷ്ടാവ് അവനു ചുറ്റും ഒരുക്കിവെച്ചിരിക്കുന്നു. കരയുമ്പോൾ തൊണ്ട വരളാതിരിക്കാനുള്ള സംവിധാനം. ശരീരത്തിൻെറ ഊഷ്മാവ് നിലനിർത്തുവാനുള്ള സംവിധാനം. ശരീരത്തിൻെറ ജലാംശം നിലനിർത്തുവാനുള്ള സംവിധാനം. ഓക്സിജൻ വലിച്ചെടുക്കുവാനും കാർബൺ ഡയോക്സൈഡ് ഉഛ്വസിക്കാനുമാവശ്യമായ സംവിധാനങ്ങൾ. ഇങ്ങനെ എന്തെന്ത് സംവിധാനങ്ങളാണ് സ്രഷ്ടാവ് നമുക്കായി ഒരുക്കിവെച്ചിരിക്കുന്നത്! കുഞ്ഞിന് ആവശ്യമായ സമീകൃതാഹാരം തയാർചെയ്യുന്നത് മാതാവ് തന്നെയാണ്. കുഞ്ഞിന് കൊടുക്കാൻ മുലപ്പാലിനോളം നല്ലൊരു ആഹാരവുമില്ലെന്നാണ് വാസ്തവം. കുഞ്ഞിൻെറ വളർച്ചക്കും പ്രതിരോധത്തിനുമാവശ്യമായ എല്ലാ പോഷകമൂല്യങ്ങളും മുലപ്പാലിലടങ്ങിയിരിക്കുന്നു. മുലപ്പാൽ കുടിച്ചു വളരുന്ന കുട്ടിക്ക് അൽപം പ്രായമാകുന്നതോടുകൂടി നൽകാനാവശ്യമായ പോഷകസമൃദ്ധമായ ഭക്ഷ്യവസ്തുക്കളും അവൻെറ ചുറ്റുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ആടുകളുടെയും മാടുകളുടെയും പാല്. പശുവിൻെറയും എരുമയുടെയും പാൽ കുട്ടികൾക്ക് മാത്രമല്ല, വലിയവർക്കും പോഷകം നൽകുന്ന ഗുണസമ്പുഷ്ടമായ ഒരു ആഹാരമാണ്. പശുവിൻപാലിൽ 87.2% വെള്ളവും 3.7% കൊഴുപ്പും 4.9% പഞ്ചസാരയും 3.5% പോഷകങ്ങളും മറ്റ് ഒട്ടേറെ ധാതുക്കളും ജീവകങ്ങളും അടങ്ങിയിട്ടുണ്ട്. ആടുകളുടെയും മാടുകളുടെയും ശരീരത്തിൽ മനുഷ്യനാവശ്യമായ പാൽ നിർമിക്കാൻവേണ്ട സംവിധാനങ്ങൾ ചെയ്തുവെച്ചത് ആരാണ്? അവയല്ല; നമ്മളുമല്ല. അവയെയും നമ്മെയും സൃഷ്ടിച്ച തമ്പുരാൻ തന്നെയാണെന്ന ഉത്തരമാണ് ഈ ചോദ്യത്തിന് പാൽക്കാരനും ക്ഷീരഗവേഷകനും

1. ഖുർആൻ 23: 12–14
2. ഖുർആൻ 56: 58, 59



നൽകുവാനുള്ളത്. ഖുർആൻ പറയുന്നത് നോക്കുക: 'തീർച്ചയായും നിങ്ങൾക്ക് കന്നുകാലികളിൽ ഒരു ഗുണപാഠമുണ്ട്. അവയുടെ ഉദരങ്ങളിലുള്ളതിൽനിന്ന് നിങ്ങൾക്ക് നാം കുടിക്കാൻ തരുന്നു. നിങ്ങൾക്ക് അവയിൽ ധാരാളം പ്രയോജനങ്ങളുണ്ട്. അവയിൽനിന്ന് (മാംസം) നിങ്ങൾ ഭക്ഷിക്കുകയുംചെയ്യുന്നു'.[1]

'കാലികളുടെ കാര്യത്തിൽ തീർച്ചയായും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ ഉദരങ്ങളിൽ ഉള്ളതിൽനിന്ന്-കാഷ്ടത്തിനും രക്തത്തിനുമിടയിൽനിന്ന് കുടിക്കുന്നവർക്ക് സുഖദായകമായ പാൽ നിങ്ങൾക്ക് കുടിക്കാനായി നാം നൽകുന്നു'[2].

നമ്മുടെ നിലനിൽപിനുതന്നെ ആധാരമായിട്ടുള്ള സസ്യലതാതികളെക്കുറിച്ച് ചിന്തിക്കുമ്പോഴും സ്രഷ്ടാവിൻെറ വൈഭവം നമുക്ക് ബോധ്യമാകുന്നു. പച്ചിലകളാണ് ഭൂമിയുടെ ഭക്ഷ്യനിർമാണശാല. വേരുകൾ വെള്ളവും വളവും വലിച്ചെടുക്കുന്നു. അവ കാണ്ഡത്തിലൂടെ ഇലകളിലെത്തുന്നു. അന്തരീക്ഷത്തിൽ നിന്ന് അവ കാർബൺ ഡയോക്സൈഡ് വലിച്ചെടുക്കുന്നു. ഇവയെല്ലാംകൂടി സൂര്യപ്രകാശത്തിൻെറ സാന്നിധ്യത്തിൽ ഇലകളിലെ ഹരിതകത്തിൽവെച്ച് ഗ്ലൂക്കോസായി മാറുന്നു. ഈ പ്രവർത്തനത്തെയാണ് പ്രകാശസംശ്ലേഷണം (photosynthesis) എന്നു പറയുന്നത്. പ്രകാശസംശ്ലേഷണത്തിലൂടെ നിർമിക്കപ്പെടുന്ന ഗ്ലൂക്കോസാണ് സസ്യങ്ങളുടെയും ജന്തുക്കളുടെയും അടിസ്ഥാന ഭക്ഷണം. ജന്തുക്കൾ പുറത്തുവിടുന്ന കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് പകരം ജന്തുക്കൾക്കാവശ്യമുള്ള ഓക്സിജൻ പുറത്തുവിടുകയെന്ന പ്രവർത്തനംകൂടി പ്രകാശസംശ്ലേഷണത്തോടൊപ്പം നടക്കുന്നുണ്ട്. ജന്തുക്കളുടെയും സസ്യങ്ങളുടെയും നിലനിൽപ് പരസ്പരം പൂരകമായിട്ടാണെന്നർഥം. ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ, തിരിച്ചോ നിലനിൽക്കാൻ കഴിയാത്ത അവസ്ഥ. സസ്യജാലങ്ങളുടെ നിലനിൽപിന് പിന്നിൽ കൃഷിക്കാരനും പക്ഷിശാസ്ത്രജ്ഞനും ഒരേപോലെ സ്രഷ്ടാവിൻെറ അസ്തിത്വം അനുഭവിച്ചറിയുന്നു. വിശുദ്ധ ഖുർആൻ ചോദിക്കുന്നു: 'എന്നാൽ നിങ്ങൾ കൃഷിചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ച് വളർത്തുന്നത്. അതല്ല, നാമാണോ അത് മുളപ്പിച്ച് വളർത്തുന്നവൻ?'[3].

1. ഖുർആൻ 23: 21
2. ഖുർആൻ 16: 66
3. ഖുർആൻ 56: 63, 64

വിത്ത് കുഴിച്ചിടുന്ന കൃഷിക്കാരന് അത് മുളച്ച് വളർന്ന് ഉൽപാദന ക്ഷമമാക്കുന്നതിൽ മൗലികമായ യാതൊരു പങ്കുമില്ല. വിത്തിൻെറ ബീജകോശത്തിലെ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ട വ്യവസ്ഥയനുസരിച്ചാണ് സസ്യവളർച്ച നടക്കുന്നത്. ആ വ്യവസ്ഥ തീർത്തും ദൈവികമത്രെ.

'അത് (വെള്ളം) മൂലം ധാന്യവിളകളും ഒലീവും ഈത്തപ്പനയും മുന്തിരികളും അവൻ നിങ്ങൾക്ക് മുളപ്പിച്ചുതരുന്നു. എല്ലാത്തരം ഫലവർഗങ്ങളും (അവൻ ഉൽപാദിപ്പിച്ചുതരുന്നു). ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്'.[1]

കാർഷികവിളകളുടെയും ജന്തുവർഗങ്ങളുടെയുമെല്ലാം നിലനിൽപിനാവശ്യമായ സജ്ജീകരണങ്ങൾ പ്രകൃതിയിൽ തന്നെയുണ്ട്. ഭൂമി സ്വയം ഭ്രമണംചെയ്യുന്നത് $23.5^0$ ചെരിഞ്ഞിട്ടാണ്. ഈ ചെരിവാണ് ഋതുഭേദങ്ങൾക്ക് കാരണമാകുന്നത്. ഋതുഭേദങ്ങളാണല്ലോ ഭൂമിയെ കൃഷിക്ക് പറ്റിയ ഗ്രഹമാക്കി മാറ്റുന്നത്. ഭൂമിയെ ജീവിതയോഗ്യമാക്കുന്നതിൽ മഴക്കുള്ള പങ്ക് അതിപ്രധാനമാണ്. ഭൂമിയിലെ സമുദ്രങ്ങളിൽനിന്നും ജലാശയങ്ങളിൽനിന്നും സൂര്യതാപമേറ്റ് വെള്ളം നീരാവിയായി മാറി അന്തരീക്ഷത്തിലേക്ക് ഉയരുന്നു. അന്തരീക്ഷത്തിലെ പൊടിപടലങ്ങൾക്ക് ചുറ്റും പറ്റിക്കൂടി നീരാവി ഘനീഭവിക്കുന്നു. കുറേയേറെ നീണ്ടതും സങ്കീർണവുമായ പ്രക്രിയയിലൂടെയാണ് ഇങ്ങനെ ഘനീഭവിച്ച മേഘങ്ങളിൽനിന്ന് മഴയുണ്ടാകുന്നത്. കണ്ടുപിടിക്കപ്പെട്ട ആകാശഗോളങ്ങളിൽ ഭൂമിയൊഴിച്ച് മറ്റൊന്നിലും ഈ രൂപത്തിൽ മഴയുണ്ടാകുന്നില്ല. ഭൂമിയിൽ ജീവൻ നിലനിർത്താൻവേണ്ടി സ്രഷ്ടാവുണ്ടാക്കിയ ഒരു പ്രത്യേക സംവിധാനമാണ് മഴയെന്ന വസ്തുത കാലാവസ്ഥാനിരീക്ഷകനും കർഷകനും ഒരുപോലെ മനസ്സിലാക്കാൻ കഴിയും. മഴയോടനുബന്ധിച്ചുള്ള ഇടിമിന്നൽപോലും ഭൂമിയിലെ കാർഷികവിളകൾക്ക് ഗുണദായകമാണ്. അന്തരീക്ഷത്തിലെ നൈട്രജനെ സസ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന നൈട്രജൻസംയുക്തങ്ങളാക്കി മാറ്റുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് ഇടിമിന്നലാണ്. ഇവ ഒരു വർഷത്തിൽ പത്തുകോടി ടൺ നൈട്രജൻ വളങ്ങൾ (സസ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള നൈട്രജൻ മിശ്രിതങ്ങൾ) ഉൽപാദിപ്പിക്കുന്നുണ്ടത്രെ[2].

1. ഖുർആൻ 16: 11
2. ലോകത്ത് മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന രാസവളങ്ങളുടെ പത്തിരട്ടിയാണിത്.



മഴയും ഇടിമിന്നലുമെല്ലാം പടച്ചതമ്പുരാൻെറ അസ്തിത്വത്തിനുള്ള തെളിവാണെന്നാണ് വിശുദ്ധഖുർആൻ പറയുന്നത്. 'ഭയവും ആശയും ഉളവാക്കികൊണ്ട് നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നതും ആകാശത്തുനിന്ന് വെള്ളം ചൊരിയുകയും അതുമൂലം നിങ്ങൾക്കതിൻെറ നിർജീവാവസ്ഥയ്ക്ക് ശേഷം ജീവൻ നൽകുകയുംചെയ്യുന്നത് അവൻെറ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിച്ചുമനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്'.[1]

ഭൂമിയുടെ അന്തരീക്ഷമാണ് നമുക്കെല്ലാം ഇവിടെ ജീവിക്കാൻ വേണ്ട സുരക്ഷിതത്വം പ്രദാനംചെയ്യുന്ന മറ്റൊരു ഘടകം. സൂര്യനിൽനിന്നു വരുന്ന മാരകമായ അൾട്രാവയലറ്റ് രശ്മികളെയും മറ്റും തടഞ്ഞുനിർത്തുകയും നിർദോഷികളും ഭൂമിയിൽ ജീവൻ നിലനിൽക്കാൻ ആവശ്യമുള്ളതുമായ രശ്മികളെ കടത്തിവിടുകയും ചെയ്തുകൊണ്ട് ഭൂമിക്കു മുകളിൽ അരിപ്പപോലെ പ്രവർത്തിക്കുന്ന ഓസോൺ പാളിയാണ് ഭൂമിയിൽ ജീവൻ നിലനിൽക്കുവാനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നത്. ഭൂമിയിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന ഉൽക്കകളെ ഘർഷണം മൂലം കരിച്ചുകളഞ്ഞ് നശിപ്പിക്കുന്നതും അന്തരീക്ഷംതന്നെയാണ്. അന്തരീക്ഷം എല്ലാ അർഥത്തിലും നമ്മുടെയൊരു മേൽക്കൂരതന്നെ. ഈ മേൽക്കൂരക്ക് താഴെ ജീവിക്കുന്ന നമുക്ക് നമ്മുടെ സ്രഷ്ടാവിനെ അറിയാൻ അന്തരീക്ഷത്തിൽ നമ്മുടെ നിലനിൽപിന് വേണ്ടി സംവിധാനക്കപ്പെട്ടിട്ടുള്ള കാര്യങ്ങളെക്കുറിച്ച് അൽപം ചിന്തിച്ചാൽമതി. ഖുർആൻ പഠിപ്പിക്കുന്നു: 'നിങ്ങൾക്കുവേണ്ടി ഭൂമിയെ മെത്തയും ഉപരിലോകത്തെ മേൽക്കൂരയുമാക്കുകയും ഉപരിഭാഗത്തുനിന്നുള്ള വെള്ളം ചൊരിഞ്ഞുതന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ച് തരികയും ചെയ്ത (നാഥൻ). അതിനാൽ അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്'[2].

നമുക്കുചുറ്റും ജീവിക്കുന്ന നമ്മുടെ സഹജീവികളിലോരോന്നും സ്രഷ്ടാവിൻെറ വൈഭവം വിളിച്ചോതുന്നവയാണ്. പ്രാണികളിലെ എഞ്ചിനീയർ എന്നു വിശേഷിപ്പിക്കാവുന്ന തേനീച്ചയെക്കുറിച്ച് പഠിച്ചാൽ മാത്രംമതി, ചിന്തിക്കുന്നവർക്ക് സർവശക്തൻെറ ആസ്തിക്യം ബോധ്യമാകും. കുറഞ്ഞ മെഴുകും കുറഞ്ഞ അധ്വാനവും ഉപയോ

1. ഖുർആൻ 30: 24
2. ഖുർആൻ 2: 22

ഗിച്ചുകൊണ്ട് ഉറപ്പിന് അൽപംപോലും കോട്ടംതട്ടാതെ ഏറ്റവും കൂടുതൽ അറകളുണ്ടാക്കാൻ തേനീച്ചകൾക്ക് സാധിക്കും. തേനീച്ചക്കൂടുകളുടെ ജ്യാമിതീയമായ കൃത്യത ശാസ്ത്രജ്ഞന്മാരെ അൽഭുതപ്പെടുത്തുന്നു. തേനീച്ചസമൂഹത്തിൽ കാണുന്ന തൊഴിൽ വിഭജനവും അൽഭുതാവഹമാണ്. തേൻ ശേഖരിക്കാൻ ഒരുകൂട്ടർ; പ്രത്യുൽപാദനം നടത്താൻ മറ്റൊരുകൂട്ടർ; കൂടുണ്ടാക്കാൻ ഒരുവിഭാഗം; കൂടുകാക്കാൻ മറ്റൊരു വിഭാഗം; ഇങ്ങനെയാണ് തേനീച്ചസമൂഹത്തിൻെറ തൊഴിൽ വിഭജനം. തങ്ങളുടെ ബാധ്യതകൾ ജീവൻ ബലികഴിപ്പിച്ചും നിർവഹിക്കുന്നവയാണ് തേനീച്ചകൾ. അവ തമ്മിലുള്ള ആശയവിനിമയരീതി വിസ്മയാവഹമാണ്. തേൻ തേടി പുറത്തുപോകുന്ന തേനീച്ച തിരിച്ചെത്തിയശേഷം തേനിരിക്കുന്ന സ്ഥലത്തെക്കുറിച്ച് മറ്റ് തേനീച്ചകൾക്ക് വിവരം നൽകാൻവേണ്ടി ഒരു പ്രത്യേകരീതിയിലുള്ള നൃത്തമാണ് ഉപയോഗിക്കുന്നത്. 'വിംഗ്ൾ ഡാൻസ്' എന്നറിയപ്പെടുന്ന നൃത്തത്തിൽ നിർമിക്കുന്ന വൃത്തങ്ങളുടെ ആകൃതിയും ചരിവുംകണ്ട് മറ്റ് തേനീച്ചകൾ തേനിരിക്കുന്ന സ്ഥലത്തേക്ക് എത്രദൂരമുണ്ടെന്നും ഏത് ദിശയിലാണതെന്നും മനസ്സിലാക്കുന്നു. അവ വിസർജിക്കുന്ന തേൻ സിദ്ധഔഷധമാണെന്ന കാര്യം സുവിദിതമാണല്ലോ. തേനീച്ച ഈ കഴിവുകളൊന്നും തന്നെ സ്വന്തമായി വളർത്തിയെടുത്തതല്ല. അതിൻെറ വളരെ ചെറിയ മസ്തിഷ്കമുപയോഗിച്ച് ചിന്തിച്ച് കാര്യങ്ങൾ കണ്ടുപിടിക്കാൻ തേനീച്ചകൾക്കാവുകയുമില്ല. പിന്നെ ആരാണവയ്ക്ക് ഈ കഴിവുകൾ നൽകുന്നത്? ഉത്തരം 'തേനീച്ചയെ സൃഷ്ടിച്ചവൻ' എന്നുമാത്രമാണ്. വിശുദ്ധഖുർആൻ പറഞ്ഞതെത്ര ശരി! 'നിൻെറ നാഥൻ തേനീച്ചകൾക്ക് ഇപ്രകാരം ബോധനം നൽകുകയും ചെയ്തിരിക്കുന്നു: മലകളിലും മരങ്ങളിലും മനുഷ്യൻ കെട്ടിയുയർത്തുന്നതിലും നീ പാർപ്പിടങ്ങളുണ്ടാക്കിക്കൊള്ളുക. എല്ലാത്തരം ഫലങ്ങളിൽനിന്നും ഭക്ഷിച്ചുകൊള്ളുക. എന്നിട്ട് നിന്റെ രക്ഷിതാവ് സൗകര്യപ്രദമായി ഒരുക്കിത്തന്നിട്ടുള്ള മാർഗങ്ങളിൽ നീ പ്രവേശിച്ചുകൊള്ളുക. അവയുടെ ഉദരങ്ങളിൽനിന്ന് വ്യത്യസ്ത വർണങ്ങളിലുള്ള പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്ന ആളുകൾക്ക് അതിൽ തീർച്ചയായും ദൃഷ്ടാന്തമുണ്ട്'[1].

ഏതു ജീവികളെ എടുത്താലും സ്ഥിതി ഇതുതന്നെയാണ്.

1. ഖുർആൻ 16: 68, 69



കരയിൽ ജീവിക്കുന്ന ചെറുതും വലുതുമായ ജീവികൾ; വെള്ളത്തിൽ ജീവിക്കുന്നവ; പറക്കും പറവകൾ. ഇവയെല്ലാം സ്രഷ്ടാവിൻെറ ആസ്തിക്യം നമുക്ക് വ്യക്തമാക്കിത്തരുന്നു.

'എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. അവയുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞുനടക്കുന്നവയുണ്ട്. രണ്ടുകാലിൽ നടക്കുന്നവയും അവയിലുണ്ട്. നാലുകാലിൽ നടക്കുന്നവയും അവയിലുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു.'[1]

മനുഷ്യരുടെ ദൈനംദിനജീവിതവുമായി ബന്ധപ്പെടുന്ന ആകാശഗോളങ്ങളായ സൂര്യനും ചന്ദ്രനും എന്നെന്നും മനുഷ്യരെ അൽഭുത പരതന്ത്രരാക്കിയിട്ടുണ്ട്. സൂര്യോദയവും അസ്തമയവുമായിരുന്നു പുരാതന മനുഷ്യരെ അത്ഭുതപ്പെടുത്തിയെങ്കിൽ സൂര്യനിൽ നടക്കുന്ന പ്രവർത്തനങ്ങളും അതിൻെറ സ്ഥാനവുമെല്ലാമാണ് ആധുനിക മനുഷ്യരെ അത്ഭുതപ്പെടുത്തുന്നത്. സൗരാന്തർഭാഗത്തെ ഊഷ്മാവ് ഏകദേശം 65 ലക്ഷം ഡിഗ്രി സെൽഷ്യസാണ്. ഒരു ചതുരശ്ര ഇഞ്ചിൽ ഇവിടെ അനുഭവപ്പെടുന്ന മർദം ഒരു ലക്ഷം പൗണ്ട്! സൗരവസ്തുവിൻെറ ഭാരം, ഒരു ചതുരശ്രകിലോമീറ്ററിന് 703.1 ലക്ഷം കോടി കിലോഗ്രാമാണ്. സൗരയൂഥത്തിലെ ഊർജത്തിൻെറ സ്രോതസ്സായ സൂര്യനിൽ ഊർജോൽപാദനം നടക്കുന്നത് ന്യൂക്ലിയർ ഫ്യൂഷൻ (ഹൈഡ്രജൻ ബോംബിൽ നടക്കുന്ന പ്രവർത്തനം) വഴിയാണ്. അഥവാ ഓരോ സെക്കൻറിലും ആയിരക്കണക്കിന് ഹൈഡ്രജൻ ബോംബ് സ്ഫോടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു സെക്കൻഡിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഊർജം $10^{23}$ ജൂൾ ആണ്.[2] ക്ഷീരപഥമെന്ന (milky way) താരാസമൂഹ (galaxy)ത്തിലെ അംഗമാണ് സൂര്യൻ. താരാസമൂഹത്തിൻെറ കേന്ദ്രത്തിൽനിന്ന് ഏകദേശം 32000 പ്രകാശവർഷം അകലെയാണ് സൂര്യൻ സ്ഥിതിചെയ്യുന്നത്. സൂര്യൻ അതിൻെറ താരാസമൂഹകേന്ദ്രത്തെ വൃത്താകാരമായ പഥത്തിലൂടെ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ ഭ്രമണത്തിൻെറ വേഗത സെക്കൻറിൽ 250

1. ഖുർആൻ 24: 45
2. ഇന്നത്തെ നിരക്കിൽ പതിനായിരം വർഷത്തേക്ക് ഭൂമിക്ക് മുഴുവനാവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാൻ ഒരു സെക്കൻറ് നേരം സൂര്യനിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഊർജ്ജംകൊണ്ട് സാധിക്കും.

കിലോമീറ്ററാണ്. താരാസമൂഹകേന്ദ്രത്തെ ഒരു പ്രാവശ്യം ചുറ്റാൻ സൂര്യനെടുക്കുന്ന സമയത്തിന്നാണ്-25 കോടിവർഷം-ഒരു കോസ്മിക് വർഷ(cosmic year)മെന്ന് പറയുന്നത്.ഇങ്ങനെ സൂര്യനെക്കുറിച്ച് പഠിക്കുംതോറും സർവ്വശക്തൻെറ അജയ്യത നമുക്ക് കൂടുതൽ കൂടുതൽ മനസ്സിലാകുന്നു. അവൻ കൽപിച്ചുവെച്ച കണക്കുകൾ അനുസരിച്ചാണ് സൂര്യചന്ദ്രന്മാർ ചലിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത കണക്കുകൾ ഒരിക്കലും തെറ്റുകയില്ല. ഖുർആൻ പറയുന്നത് നോക്കുക: 'സൂര്യൻ അതിന്ന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണിത്'[1]

'അവനെത്ര രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണ പഥത്തിലൂടെ നീന്തി (സഞ്ചരിച്ചു) കൊണ്ടിരിക്കുന്നു'.[2]

പ്രപഞ്ചത്തിൻെറ വിസ്തൃതിയും അതിൽ നമ്മുടെ സ്ഥാനവുമറിയുന്ന മനുഷ്യൻ തീർച്ചയായും സ്രഷ്ടാവിനു മുമ്പിൽ നമ്രശിരസ്കനായിപ്പോകും. പ്രപഞ്ചത്തിൽ ആയിരക്കണക്കിന് ക്ലസ്റ്ററുകൾ; ഓരോ ക്ലസ്റ്ററിലും ആയിരക്കണക്കിന് ഗാലക്സികൾ; ഓരോ ഗാലക്സിയിലും കോടിക്കണക്കിന് നക്ഷത്രങ്ങൾ; പൾസാറുകൾ; ക്വാസാറുകൾ; നെബുലകൾ; തമോഗർത്തങ്ങൾ. ഗാലക്സികളിലൊന്നായ ക്ഷീരപഥത്തിലെ ഒരംഗമാണ് സൂര്യൻ. വ്യാപ്തിയിൽ ഭൂമിയുടെ പതിമൂന്നര ലക്ഷം ഇരട്ടിയാണ് സൂര്യൻ. ഏകദേശം പതിമൂന്നര ലക്ഷം ഭൂമികളെ സൂര്യനുള്ളിൽ അടുക്കിവെക്കാമെന്നർഥം. സൂര്യൻെറ ലക്ഷക്കണക്കിന് ഇരട്ടി വലുപ്പമുള്ള നക്ഷത്രങ്ങളും ക്ഷീരപഥത്തിലുണ്ട്. ഒരു ഇടത്തരം നക്ഷത്രമായ സൂര്യനുചുറ്റും ചുറ്റിത്തിരിയുന്ന ഒമ്പത് ഗ്രഹങ്ങൾ. സൂര്യനെയും ഗ്രഹങ്ങളെയും കൂടാതെ ഉപഗ്രഹങ്ങൾ, ധൂമകേതുക്കൾ, ക്ഷുദ്രഗ്രഹങ്ങൾ, ഉൽക്കകൾ തുടങ്ങിയവയും സൗരയൂഥത്തിലെ അംഗങ്ങളാണ്. ഒമ്പത് ഗ്രഹങ്ങളിലൊന്നാണ് ഭൂമി. ഭൂമിയിലെ ആയിരക്കണക്കിന് ജീവജാലങ്ങളിലൊരു വർഗമാണ് നരവർഗം. മനുഷ്യവർഗത്തിലെ കോടിക്കണക്കിന് അംഗങ്ങളിൽ ഓരോരുത്തരാണ് നമ്മളെല്ലാം. ക്ലസ്റ്ററുകളെയും ഗാലക്സികളെയും നക്ഷത്രങ്ങളെയും സൂര്യനെയും ഗ്രഹങ്ങളെയും ഭൂമി

1. ഖുർആൻ 36: 38
2. ഖുർആൻ 21: 33



യെയും ജീവജാലങ്ങളെയും മനുഷ്യനെയും പരിപാലിക്കുന്ന മഹാചൈതന്യത്തിനു മുന്നിൽ നമ്മളോരോരുത്തരുടെയും കഴിവുകളും ശക്തിയും എത്രമാത്രം നിസ്സാരമാണെന്ന ബോധം അവയെക്കുറിച്ച് പഠിക്കുമ്പോൾ നമ്മളിലുണ്ടാകുന്നു. ഈ ബോധം മനുഷ്യരെ സ്രഷ്ടാവിനു മുന്നിൽ നമ്രശിരസ്കരാക്കുന്നു. വിശുദ്ധഖുർആൻ പറഞ്ഞതത്രെ ശരി. 'ആകാശ ഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകളുടെ മാറ്റത്തിലും മനുഷ്യർക്കുപകാരപ്രദമായ വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും ആകാശത്തു നിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്ക് ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നൽകിയതിലും കാറ്റുകളുടെ ഗതിക്രമത്തിലും ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച'.[1]

'ആകാശഭൂമികളുടെ ആധിപത്യരഹസ്യത്തെപ്പറ്റിയും അല്ലാഹു സൃഷ്ടിച്ച ഏതൊരു വസ്തുവെപ്പറ്റിയും അവരുടെ അവധി അടുത്തിട്ടുണ്ടായിരിക്കാം എന്നതിനെപ്പറ്റിയും അവർ ചിന്തിച്ചു നോക്കിയില്ലേ?'[2]

'ഉപരിലോകങ്ങളും ഭൂമിയും മുറപ്രകാരം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും സത്യവിശ്വാസികൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.[3]

നമുക്കു ചുറ്റുമുള്ള വസ്തുക്കളിലേക്കും നമ്മിലേക്കുതന്നെയും നോക്കിക്കൊണ്ട് സ്രഷ്ടാവിനെക്കുറിച്ചു മനസ്സിലാക്കാനാണ് ഖുർആൻ പഠിപ്പിക്കുന്നത്. അന്ധമായ വിശ്വാസത്തിന് അത് പ്രേരിപ്പിക്കുന്നില്ല. ഇസ്ലാം മനുഷ്യബുദ്ധിയോടാണ് സംസാരിക്കുന്നത്. പ്രപഞ്ചത്തിലെ ചെറുതും വലുതുമായ ഏതു വസ്തുവിനെയും ചൂഴ്ന്നു നിൽക്കുന്ന വിസ്മയകരമായ വ്യവസ്ഥ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് പ്രപഞ്ചനാഥൻെറ അസ്തിത്വക്കുറിച്ച അവബോധത്തിലേക്ക് വിശുദ്ധ ഖുർആൻ മനുഷ്യരെ നയിക്കുന്നത്.

**ഏകദൈവം:**

പ്രാപഞ്ചികപ്രതിഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സർവശക്തനായ സ്രഷ്ടാവിൻെറ അസ്തിത്വം സ്ഥാപിക്കുന്ന വിശുദ്ധ ഖുർ

1. ഖുർആൻ 2: 164
2. ഖുർആൻ 7: 185
3. ഖുർആൻ 29: 44

ആൻ ബഹുദൈവസങ്കൽപത്തിൻെറ നിരർഥകതയിലേക്കു വിരൽ ചൂണ്ടുന്നതും പ്രകൃതിയിലെ താളക്രമങ്ങളെക്കുറിച്ച് സൂചിപ്പിച്ചു കൊണ്ടാണ്. മനുഷ്യശരീരത്തിലെ ഓരോ വ്യവസ്ഥയും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. വ്യത്യസ്ത ജന്തുജാലങ്ങൾ തമ്മിലുള്ള ബന്ധം സുവിദിതമാണല്ലോ. ചെറുതും വലുതുമായ ജന്തുക്കൾ പരസ്പരം ആശ്രയിച്ചാണ് ജീവിക്കുന്നത്. ജന്തുക്കളും സസ്യങ്ങളും സ്വന്തം നിലനിൽപ്പിനുവേണ്ടി പരസ്പരം ആശ്രയിക്കുന്നു. ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ സസ്യങ്ങളില്ലെങ്കിൽ ജന്തുക്കൾക്കോ നിലനിൽക്കാൻ സാധിക്കാത്ത രീതിയിലാണ് ഭൂമി സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഓരോ ജീവികൾക്കും വ്യത്യസ്ത സ്രഷ്ടാക്കളായിരുന്നുവെങ്കിൽ അവ തമ്മിലുള്ള പാരസ്പര്യം നിലനിൽക്കുമായിരുന്നില്ല. സസ്യങ്ങളുടെ സ്രഷ്ടാവും ജന്തുക്കളുടെ സ്രഷ്ടാവും തങ്ങളിച്ഛരിക്കുന്ന രീതിയിൽ അവയെ നിയന്ത്രിച്ചിരുന്നുവെങ്കിൽ ആ രണ്ടു വിഭാഗവും നിലനിൽക്കുമായിരുന്നില്ല. ഈ വസ്തുതയിലേക്ക് ഖുർആൻ വെളിച്ചം വീശുന്നത് നോക്കുക 'അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവ വുമുണ്ടായിട്ടുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പൊയ്ക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. നിങ്ങൾപറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ'![1]

ഈ താളക്രമം പ്രാപഞ്ചികവ്യവസ്ഥയിലുടനീളം കാണപ്പെടുന്നുവെന്നതാണ് വസ്തുത. പദാർഥത്തിൻെറ ഏറ്റവും ചെറിയ കണമായ ആറ്റത്തിനകത്തെ ഇലക്ട്രോണുകളും പ്രോട്ടോണുകളും ന്യൂട്രോണുകളും മീസോണുകളും പോസിട്രോണുകളുമെല്ലാം തമ്മിലുള്ള പാരസ്പര്യം വിസ്മയാവഹമാണ്. സ്ഥൂലപ്രപഞ്ചത്തിൻെറ കാര്യത്തിലും സ്ഥിതി ഇതുതന്നെ. പ്രാപഞ്ചിക നിയമങ്ങളുടെ ഐക്യരൂപ്യം അവയെയെല്ലാം സൃഷ്ടിച്ചത് ഒരേ സ്രഷ്ടാവ് തന്നെയാണെന്ന വസ്തുത വ്യക്തമാക്കുന്നു. വ്യത്യസ്ത ദൈവങ്ങളായിരുന്നു പ്രപഞ്ചത്തിലെ വ്യത്യസ്ത പ്രതിഭാസങ്ങൾക്കു പിന്നിലെങ്കിൽ അവ തമ്മിൽ താളപ്പൊരുത്തം ഉണ്ടാവുന്നതെങ്ങനെയാണ്? സ്ഥലകാല നൈരന്തര്യത്തിൽ ദ്രവ്യമുണ്ടാക്കുന്ന വളവുകളാണ് പ്രപഞ്ചത്തിൽ ഇന്നു കാണപ്പെടുന്ന പ്രതിഭാസങ്ങളുടെയെല്ലാം അടിസ്ഥാനകാര

1. ഖുർആൻ 23: 91



ണമെന്ന ഐൻസ്റ്റയിൻെറ ആപേക്ഷികതാസിദ്ധാന്തം അംഗീകരിച്ചാൽ വ്യത്യസ്ത പ്രാപഞ്ചികവസ്തുക്കളെയെല്ലാം പ്രസ്തുത നിയമത്തിന് വിധേയനാക്കിയ ഏകനായ സ്രഷ്ടാവിൻെറ അസ്തിത്വം അംഗീകരിക്കേണ്ടിവരും. ഒരൊറ്റ പ്രാപഞ്ചികവസ്തു പോലും പ്രസ്തുത നിയമത്തിനതീതമല്ലെന്നാണല്ലോ ഐൻസ്റ്റയിൻ സിദ്ധാന്തിച്ചത്. വ്യത്യസ്ത ആകാശഗോളങ്ങൾക്ക് വ്യത്യസ്ത സ്രഷ്ടാക്കളായിരുന്നു ഉണ്ടായിരുന്നതെങ്കിൽ അവ തമ്മിൽ കൂട്ടിയിടിച്ചു എന്നോ നശിച്ചുപോകുമായിരുന്നു. പ്രപഞ്ചത്തിൻെറ ആധിപത്യത്തിൽ ഒന്നിലേറെ ശക്തികൾക്ക് പങ്കുണ്ടായിരുന്നുവെങ്കിൽ അവരുടെ താൽപര്യങ്ങൾ തമ്മിലുള്ള സംഘട്ടനംപ്രപഞ്ചത്തിൻെറയാകെ നാശത്തിന് കാരണമാകുമായിരുന്നു. ഈ വസ്തുതയിലേക്ക് വിശുദ്ധ ഖുർആൻ സൂചന നൽകുന്നത് ശ്രദ്ധിക്കുക. 'ആകാശ ഭൂമികളിൽ അല്ലാഹുവല്ലാത്ത ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിൻെറ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു!'[1]

സൂക്ഷ്മവും സ്ഥൂലവുമായ സകലമാന വസ്തുക്കളുടെയും സ്രഷ്ടാവും സംരക്ഷകനും നിയന്താവും സർവശക്തനും സർവജ്ഞനുമായവനാണ് അല്ലാഹു. ഇത് ഒരു കുലദൈവത്തിൻെറയോ ഗോത്രദൈവത്തിൻെറയോ പേരല്ല. എല്ലാ ദേശക്കാരുടെയും ഭാഷക്കാരുടെയും വർഗക്കാരുടെയും യഥാർഥമായ ദൈവത്തിൻെറ പേരാണ് അല്ലാഹു. സ്രഷ്ടാവും പ്രപഞ്ചകർത്താവുമായ ദൈവത്തിന് വ്യത്യസ്ത ഭാഷകളിൽ വ്യത്യസ്ത പേരുകളുപയോഗിച്ചതായി കാണാൻ കഴിയും. സംസ്കൃതത്തിൽ 'പരബ്രഹ്മം' എന്നും 'പരമാത്മാവ്' എന്നുമാണ് സർവശക്തനും സർവലോക സ്രഷ്ടാവുമായ ദൈവത്തിന് പറയുന്ന പേരെന്ന് ഉപനിഷത്തുകളിലെ വിവരണങ്ങൾ വായിച്ചാൽ ബോധ്യമാവും. പഴയനിയമ ബൈബിളിൽ പല പേരുകളിലും സ്രഷ്ടാവായ ദൈവം അഭിസംബോധന ചെയ്യപ്പെട്ടതായി കാണാൻ കഴിയും. ഏൽ, എലോഹിം, ഏൽശദ്ദായി, ഏൽ ഏല്യോൻ, അഡോണായി, യാഹ്, യഹോവ തുടങ്ങിയ നാമങ്ങളെല്ലാം സർവശക്തനായ ദൈവത്തിന് നൽകപ്പെട്ടിട്ടുണ്ട്. യേശുവിൻെറ ഉപദേശങ്ങളൊന്നും അദ്ദേഹത്തിൻെറ ഭാഷയായ അരമായ ഭാഷയിൽ എഴുതപ്പെടാത്ത

1. ഖുർആൻ 21: 22

തിനാൽ അദ്ദേഹം എങ്ങനെയാണ് ദൈവത്തെ സംബോധന ചെയ്തതെന്ന് മനസ്സിലാക്കാൻ നിർവാഹമില്ല. എങ്കിലും 'എലോഹി' എന്നായിരിക്കും അദ്ദേഹം ദൈവത്തെ സംബോധനചെയ്തതെന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. സർവശക്തനും സർവലോക സ്രഷ്ടാവുമായ ദൈവത്തെ വിളിക്കുവാൻ ഖുർആൻ ഉപയോഗിച്ച പദം 'അല്ലാഹു' എന്നാണ്. 'സകലവിധ ആരാധനകളും യഥാർഥത്തിൽ അർഹിക്കുന്നവൻ' എന്നാണ് 'അല്ലാഹു'വിൻെറ ധാത്വാർഥമെന്നാണ് ഭാഷാപണ്ഡിതന്മാരുടെ പക്ഷം. 'അല്ലാഹുവെന്ന പദത്തിന് തുല്യമായി മറ്റു ഭാഷകളിലൊന്നും തന്നെ ഒറ്റവാക്കുകളില്ലെന്ന് പറയുന്നവരുമുണ്ട്. അതെന്തായിരുന്നാലും 'യഥാർഥത്തിലുള്ള ദൈവം' എന്ന അർഥത്തിലാണ്. ഏതെങ്കിലും പ്രത്യേക വിഭാഗത്തിൻെറ ദൈവമെന്ന അർഥത്തിലല്ല ഖുർആൻ 'അല്ലാഹു'വെന്ന് പ്രയോഗിച്ചിരിക്കുന്നതെന്നുറപ്പാണ്.

## അല്ലാഹുവിൻെറ സത്ത:

പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പദാർഥങ്ങൾ കൊണ്ടാണ്. പദാർഥത്തിൻെറ അടിസ്ഥാന സ്വഭാവമാണ് അതിൻെറ ബഹുത്വം (multiplicty). ഏകമെന്ന് എല്ലാ അർഥത്തിലും വിശേഷിപ്പിക്കാൻ പറ്റിയ യാതൊന്നും തന്നെ പദാർഥലോകത്തില്ല. പദാർഥം പടക്കപ്പെട്ട മൗലികകണങ്ങളെ അന്വേഷിച്ച് ചെന്ന അണുഭൗതികം ഇന്നെത്തിച്ചേർന്നിരിക്കുന്നത് മൗലികകണമെന്ന് വിശേഷിപ്പിക്കാൻ പറ്റുന്ന യാതൊന്നും തന്നെയില്ലെന്ന വസ്തുതയിലാണ്. മൂലകങ്ങൾ വ്യത്യസ്ത അനുപാതത്തിൽ കൂടിച്ചേർന്നാണ് വ്യത്യസ്ത വസ്തുക്കളുണ്ടാവുന്നത്. ആറ്റങ്ങൾ കൂടിച്ചേർന്നാണ് തന്മാത്രകളുണ്ടാവുന്നത്. ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, മീസോൺ, പോസിട്രോൺ തുടങ്ങിയ കണങ്ങളാണ് ആറ്റത്തിലുള്ളത്. ഇവ മൗലികകണങ്ങളാണെന്നായിരുന്നു വിശ്വസിക്കപ്പെട്ടിരുന്നത്. എന്നാൽ, ഇവയും ക്വാർക്കുകൾ കൊണ്ടു നിർമിക്കപ്പെട്ടതാണെന്നും ക്വാർക്കുകൾക്ക് സ്വതന്ത്രമായി നിലനിൽക്കാനാവില്ലെന്നുമാണ് പുതിയ ചില ഗവേഷണങ്ങൾ കാണിക്കുന്നത്. മൗലികകണമെന്ന് വിളിക്കാവുന്ന യാതൊന്നും പദാർഥലോകത്തിലില്ലെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാകുന്നത്. അതുകൊണ്ടാണ് ആധുനിക ഭൗതികജ്ഞരിൽ ചിലർ ബഹുത്വം പദാർഥത്തിൻെറ മൗലികസ്വഭാവമാണെന്ന നിഗമനത്തിലെത്തിച്ചേർന്നിരിക്കുന്നത്.



പദാർഥത്തെയും പ്രപഞ്ചത്തെയും സൃഷ്ടിച്ച അല്ലാഹു മാത്രമാണ് എല്ലാ അർഥത്തിലും ഏകനായിട്ടുള്ളവൻ. അവൻ പദാർഥാതീതനായതിനാൽ തന്നെ പദാർഥത്തിൻെറ മൗലികസ്വഭാവമായ 'ബഹുത്വം' അവൻെറ സത്തയിൽ ഇല്ലതന്നെ. അവൻ ഏകനാണ്. ഇക്കാര്യം വിശുദ്ധ ഖുർആൻ അർഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കുന്നുണ്ട്. 'പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ ജന്മം നൽകിയിട്ടില്ല; ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരുംതന്നെ ഇല്ലതാനും'.[1]

മനുഷ്യൻെറ കഴിവുകൾക്ക് പരിമിതിയുണ്ട്. പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് നാം അറിവ് സമ്പാദിക്കുന്നത്. ഈ ഇന്ദ്രിയജ്ഞാനമുപയോഗിച്ചാണ് നമ്മുടെ മസ്തിഷ്കം കാര്യങ്ങൾ കണ്ടെത്തുന്നത്. ഇന്ദ്രിയങ്ങൾക്ക് പരിമിതികളുണ്ടെന്ന് ഇന്നെല്ലാവരും സമ്മതിക്കുന്നു. 380 മുതൽ 780 വരെ മില്ലിമൈക്രോൺ തരംഗദൈർഘ്യമുള്ള പ്രകാശം മാത്രമെ മനുഷ്യദൃഷ്ടിക്ക് ഗോചരമാവുകയുള്ളൂ. ഈ പരിധിക്കപ്പുറവും ഇപ്പുറവുമുള്ള അൾട്രാവയലറ്റ് രശ്മികളെയോ ഇൻഫ്രാറെഡ് രശ്മികളെയോ എക്സ് രശ്മികളെയോ കോസ്മിക് കിരണങ്ങളെയോ കാണാൻ നമ്മുടെ കണ്ണുകൾക്ക് കഴിവില്ല. ഇരുപത് മുതൽ ഇരുപതിനായിരം വരെ ആവൃത്തിയുള്ള ശബ്ദമാണ് നമുക്ക് കേൾക്കാൻ കഴിയുന്നത്. അൾട്രാസൗണ്ട് വീചികൾ നമ്മുടെ കാതുകളിൽ പ്രകമ്പനം സൃഷ്ടിക്കുന്നില്ല. സ്വാദിൻെറയും ഗന്ധത്തിൻെറയും അവസ്ഥയും ഇതുതന്നെ. ഇന്ദ്രിയങ്ങൾക്ക് പരിമിതികളുണ്ടെങ്കിൽ മസ്തിഷ്കത്തിനും പരിമിതികളുയിരിക്കണം. എന്താണ് മസ്തിഷ്കത്തിൻെറ പരിമിതി? പദാർഥലോകത്തെക്കുറിച്ച് ചിന്തിക്കുവാൻ മാത്രമെ മനുഷ്യമസ്തിഷ്കത്തിന് കഴിയുകയുള്ളൂ. പദാർഥാതീതമായ യാതൊന്നിനെക്കുറിച്ചും ചിന്തിക്കുവാനോ സാങ്കൽപികചിത്രങ്ങളുണ്ടാക്കുവാനോ മനുഷ്യബുദ്ധിക്കു കഴിയില്ല.

സ്രഷ്ടാവായ അല്ലാഹു പദാർഥാതീതനാണെന്നു പറഞ്ഞുവല്ലോ. അതുകൊണ്ടുതന്നെ ദൈവികസത്തയെക്കുറിച്ച് സ്വന്തമായ നിഗമനങ്ങളിലെത്താൻ മനുഷ്യബുദ്ധിക്ക് സാധ്യമല്ല. അത് അവൻെറ വിവരണങ്ങൾക്ക് അതീതമാണ്. സ്ഥലകാലബന്ധനത്തിലുള്ള മനുഷ്യമസ്തിഷ്കത്തിന് സ്ഥലത്തിനും കാലത്തിനും അതീത

1. ഖുർആൻ 112: 1–4

നായ അല്ലാഹുവിനെക്കുറിച്ച സാങ്കൽപിക ചിത്രങ്ങളുണ്ടാക്കുവാൻ കഴിയുകയില്ല. 'അവനെ ദൃഷ്ടികൾ കണ്ടെത്തുകയില്ല. അവനാകട്ടെ ദൃഷ്ടികളെ കണ്ടെത്തുകയും ചെയ്യുന്നു'[1] വെന്ന ഖുർആനിക വചനം, പദാർഥാതീതനായ അല്ലാഹുവിനെ കണ്ടെത്താൻ ഭൗതി കമായ പരീക്ഷണ നിരീക്ഷണങ്ങൾക്കു സാധിക്കുകയില്ലെന്നാണ് വ്യക്തമാക്കുന്നത്.

പ്രപഞ്ച സൃഷ്ടി കഴിഞ്ഞ് ഏഴാംദിവസത്തെ സുഖസമ്പൂർണമാ യ വിശ്രമത്തിനുശേഷം ദൈവം തുടർച്ചയായി വിശ്രമിച്ചുകൊണ്ടിരി ക്കുകയാണെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. പ്രപഞ്ചത്തിൽ ഓരോ ചലനത്തിനു പിന്നിലും അല്ലാഹുവിൻെറ അപാരമായ ശക്തിവിശേ ഷമുണ്ടെന്നാണ് ഖുർആനും നബിവചനങ്ങളും വ്യക്തമാക്കുന്നത്. 'അവൻെറ സിംഹാസനം ആകാശഭൂമികളെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന് ഭാരവാവില്ല. അവൻ അത്യുന്നതനും മഹത്വമേറിയവനുമാകുന്നു'.[2]

ദൈവത്തെ കേവലമൊരു ശക്തിയായി അവതരിപ്പിക്കുന്നവരു ണ്ട്. അത് ശരിയല്ല. ഇസ്ലാം പഠിപ്പിക്കുന്നത് അല്ലാഹു എല്ലാവിധ ശക്തികളുടെയും ഉടമസ്ഥനാണെന്നാണ്. അവൻ ഒരിക്കലും മരി ക്കാത്ത ജീവനുള്ളവനാണ്. ഖുർആൻ പറയുന്നു: 'ഒരിക്കലും മരി ക്കാത്ത ജീവിച്ചിരിക്കുന്നവനെ ഭരമേൽപിക്കുക. അവനെ സ്തുതി ക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുക'.[3]

'അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്'.[4]

## സ്രഷ്ടാവും സൃഷ്ടികളും

ഈ പ്രപഞ്ചം മിഥ്യയാണെന്ന മായാവാദം ഇസ്ലാമിലില്ല. പ്രപ ഞ്ചം യാഥാർഥ്യം തന്നെയാണ്. പക്ഷെ, അത് സൃഷ്ടിയാണ്. അതി ന്ന് ആരംഭവും അവസാനവുമുണ്ട്. നിരീക്ഷകൻെറ മനസ്സിലുണ്ടാകു ന്ന മിഥ്യാധാരണ മാത്രമാണ് പ്രപഞ്ചമെന്ന വീക്ഷണമനുസരിച്ച് അതിന്നൊരു സ്രഷ്ടാവിൻെറ ആവശ്യം തന്നെയില്ല. എന്നാൽ വിശു ദ്ധ ഖുർആൻ പറയുന്നത് പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ടെന്നും അതിലുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുക

1. ഖുർആൻ 6: 103
2. ഖുർആൻ 2: 255
3. ഖുർആൻ 25: 58
4. ഖുർആൻ 22: 6



യാണെന്നുമാണ്. 'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവ ൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു'.[1]

പ്രപഞ്ചം മിഥ്യയാണെന്ന വീക്ഷണത്തിൻെറ രണ്ടാം പതിപ്പാണ ല്ലോ പ്രകൃതിയും പടച്ചതമ്പുരാനും ഒന്നുതന്നെയാണെന്ന ധാരണ. ഈ വാദത്തിൽ യാതൊരു കഴമ്പുമില്ലെന്നാണ് ഇസ്ലാം പഠിപ്പി ക്കുന്നത്. സ്രഷ്ടാവായ അല്ലാഹുവിൻെറ സത്ത അവൻെറ സൃഷ്ടി കളിൽ നിന്ന് വേറിട്ടു നിൽക്കുന്നു. സൃഷ്ടിയിൽ ലയിച്ച് വിമുക്തനാ വാൻ കഴിയാതെ സർവത്തിലും വ്യാപിച്ചു കിടക്കുന്ന ഒരു കേവലശ ക്തിയല്ല വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്ന അല്ലാഹു. അവൻ പ്രകൃ ത്യാതീനാണ്. അവൻെറ സത്ത പ്രകൃതിയിൽ നിന്ന് വേറിട്ട് നിൽക്കു ന്നു. പക്ഷേ, അവൻെറ അറിവും കഴിവും സകലതിനെയും ചൂഴ്ന്ന് നിൽക്കുന്നു. അണുവിനുള്ളിലെ സ്പന്ദനവും താരാസമൂഹങ്ങളുടെ ചലനങ്ങളുമൊന്നും തന്നെ അവൻെറ അറിവിൻെറ പരിധിക്കു പുറ ത്തല്ല. സ്ഥലകാലപരിമിതികൾക്ക് അതീതനായ അല്ലാഹു പദാർ ഥാതീതനായിക്കൊണ്ടുതന്നെ അവൻെറ ശക്തി സ്ഥൂലവും സൂക്ഷ്മവുമായ പ്രപഞ്ചത്തെ മുഴുവൻ ചൂഴ്ന്നു നിൽക്കുന്നു. ഖുർആ ൻ പറയുന്നു: 'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു. അവൻ പ്രതാപശാലിയും അഗാധജ്ഞനുമത്രെ. ആകാശങ്ങളിലെയും ഭൂമിയിലെയും പരമാധി പത്യം അവനുള്ളതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അവനാണ് ആദിമ ൻ. അവനാണ് അന്തിമൻ. പ്രത്യക്ഷനും പരോക്ഷനുമായവനും അവ ൻ തന്നെ. അവൻ എല്ലാ കാര്യങ്ങളും പൂർണമായി അറിയുന്നവ നാണ്'.[2]

ഈ പ്രപഞ്ചത്തിലുള്ളതെല്ലാം അല്ലാഹുവിൻെറ സൃഷ്ടികളാണ്. സ്രഷ്ടാവും സൃഷ്ടിയും ഒന്നല്ല. സ്രഷ്ടാവിൽ നിന്ന് തീർത്തും അന്യമാണ് സൃഷ്ടി. ചിത്രകാരനും ചിത്രവും പോലെയാണത്. ചിത്ര കാരൻ ചിത്രമല്ല, ചിത്രം ചിത്രകാരനുമല്ല. അവ രണ്ടും എല്ലാ അർ ഥത്തിലും ഭിന്നമാണ്. വിശുദ്ധ ഖുർആൻ സൃഷ്ടികളെക്കുറിച്ച് പ്രതിപാദിക്കുന്നതിനിടയിൽ 'ദൈവേതരം' (ഗൈറുല്ലാഹി) എന്ന് പ്രതിപാദിക്കുന്നതായി കാണാൻ കഴിയും. ഇതിൽ നിന്ന് സൃഷ്ടി

1. ഖുർആൻ 57: 1
2. ഖുർആൻ 57: 1-7

കൾ ദൈവത്തിൽ നിന്ന് ഭിന്നമായ അസ്തിത്വമുള്ളവയാണെന്ന് മനസ്സിലാക്കാം. മനുഷ്യാത്മാവടക്കമുള്ള സകല സൃഷ്ടികളും അല്ലാഹുവിൻെറ സത്തയിൽ നിന്നു ഭിന്നമാണെന്നാണ് ഖുർആ നിലെ പരാമർശങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുക.

## അല്ലാഹുവിൻെറ ഗുണങ്ങൾ

ദൈവം നിർഗുണനാണെന്ന വീക്ഷണവും ഖുർആനികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു സഗുണസമ്പൂർണനാണ്. പക്ഷേ, അല്ലാഹുവിൻെറ ഗുണങ്ങൾ മാനുഷികഗുണങ്ങളുമായി താരതമ്യം ചെയ്യാവതല്ല. മനുഷ്യൻ സൃഷ്ടിയായതു കൊണ്ടുതന്നെ അവൻെറ ഗുണങ്ങൾ പരിമിതങ്ങളും സ്ഥലകാല ബന്ധനത്തിനധീനവുമാണ്. ഇതിൽ നിന്നു വ്യത്യസ്തമായി സ്ഥലകാലങ്ങളെ സൃഷ്ടിച്ച അല്ലാഹുവിൻെറ ഗുണങ്ങൾ പരിമിതികൾക്കതീതമാണ്. 'അവനു തുല്യമായി യാതൊന്നുമില്ല' എന്ന ഖുർആനിക പരാമർശം സ്രഷ്ടാവിൻെറ സത്തയെക്കുറിച്ചു മാത്രമല്ല; ഗുണങ്ങളെക്കുറിച്ചു കൂടിയുള്ളതാണ്. അല്ലാഹുവിൻെറ ഗുണങ്ങൾക്കു തുല്യമായ ഗുണങ്ങൾ സൃഷ്ടികൾക്കുണ്ടാവുകയില്ല; തീർച്ച!

പ്രപഞ്ചത്തെ ശുദ്ധശൂന്യതയിൽ നിന്നു സൃഷ്ടിച്ചവനാണ് അല്ലാഹു. ശൂന്യതയിൽ നിന്ന് ഒന്നും സൃഷ്ടിക്കുവാൻ സൃഷ്ടികൾക്ക് സാധ്യമല്ല. 'സൃഷ്ടി' ദൈവികമായ ഒരു ഗുണമാണ്. നമുക്ക് വസ്തുക്കളെ നിർമിക്കുവാനേ സാധിക്കുയുള്ളൂ. പ്രപഞ്ചത്തിൽ അല്ലാഹു സൃഷ്ടിച്ചുവെച്ച വസ്തുക്കളെ മാറ്റങ്ങൾക്കു വിധേയമാക്കുവാൻ മാത്രമെ മനുഷ്യന് കഴിയൂ. മേശ നിർമിക്കുവാൻ ആശാരിക്ക് സാധിക്കും. മേശ സൃഷ്ടിക്കുവാൻ അല്ലാഹുവിനേ കഴിയുകയുള്ളൂ. ശൂന്യതയിൽ നിന്നുള്ള സൃഷ്ടിയാണിവിടെ വിവക്ഷ. ഓക്സിജൻ വാതകവും ഹൈഡ്രജൻ വാതകവും കൂട്ടിച്ചേർത്ത് ജലം നിർമിക്കാൻ രസതന്ത്രജ്ഞന് സാധിക്കും. പക്ഷേ, ജലം സൃഷ്ടിക്കുന്നത് ദൈവം തമ്പുരാൻ മാത്രമാണ്. ഇതുതന്നെയാണ് എല്ലാ വസ്തുക്കളുടെയും അവസ്ഥ. അല്ലാഹു ഖുർആനിലൂടെ വെളിപ്പെടുത്തുന്ന തത്രെ ശരി! 'തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല'.[1]

1. ഖുർആൻ 22: 73



നമുക്കു ചുറ്റുമുള്ള ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്കളെല്ലാം അല്ലാഹുവിൻെറ ശക്തിയുടെ പ്രകടമായ ദൃഷ്ടാന്തങ്ങളാണ്. ശുദ്ധ ശൂന്യതയിൽ നിന്നുള്ള പ്രപഞ്ചത്തിൻെറ സൃഷ്ടി തന്നെ അവൻ സർവശക്തനാണെന്ന് വ്യക്തമാക്കുന്നു. ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചു കിടക്കുന്ന അല്ലാഹുവിൻെറ കഴിവിന്നതീതമായി യാതൊന്നുമില്ല. ഖുർആൻ പറയുന്നതു ശ്രദ്ധിക്കുക. 'അല്ലാഹു തന്നെയാണ് സത്യസ്വരൂപൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏതു കാര്യത്തിലും കഴിവുള്ളവനാണ്'.[1]

'ആധിപത്യം ഏതൊരുവൻെറ കൈയിലാണോ അവൻ അനുഗ്രഹപൂർണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു'[2].

അധികാരത്തിൻെറയും സ്വാധീനത്തിൻെറയും പീഠങ്ങളിലിരിക്കുന്നവർ പലപ്പോഴും തങ്ങളുടെ കഴിവുകൾ കൊണ്ട് മാത്രമാണ് ഇവ നേടിയെടുത്തതെന്ന് അഹങ്കരിക്കാറുണ്ട്. എന്നാൽ യാഥാർഥ്യമെന്താണ്? ഔന്നത്യത്തിൻെറ പാരമ്യത്തിൽ നിന്ന് ദുരന്തപൂർണ്ണമായ അധഃപതനത്തിലേക്ക് ആപതിച്ചവരെക്കുറിച്ച് നമുക്കറിയാം. വട്ടപ്പൂജ്യത്തിൽ നിന്ന് ലോകജേതാക്കളായി ഉയർന്നവരെക്കുറിച്ചും നാം മനസ്സിലാക്കിയിട്ടുണ്ട്. പ്രതാപത്തിൻെറ യഥാർഥത്തിലുള്ള ഉടമസ്ഥാവകാശം അല്ലാഹുവിനു മാത്രമാണ്. അവനാണ് മനുഷ്യനെ പ്രതാപിയും പതിതനുമാക്കുന്നത്. ഖുർആൻ പഠിപ്പിക്കുന്നത് നോക്കുക. 'പറയുക, ആധിപത്യത്തിൻെറ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തു നീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയു ചെയ്യുന്നു. നിൻെറ കൈവശമത്രെ നന്മയുള്ളത്. നശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.'[3]

അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്. അവന്ന് അറിഞ്ഞുകൂടാത്ത ഒരു അവസ്ഥ ഉണ്ടായിട്ടില്ല. അവനെ സംബന്ധനിച്ചിടത്തോളം രഹസ്യവും പരസ്യവുമില്ല. പ്രത്യക്ഷവും പരോക്ഷ

1. ഖുർആൻ 22: 6
2. ഖുർആൻ 67: 1
3. ഖുർആൻ 3: 26

വുമില്ല. സർവജ്ഞനാണ് അല്ലാഹു. ഭൂതം, ഭാവി, വർത്തമാനം തുടങ്ങിയ കാലത്തിൻെറ മൂന്നവസ്ഥകൾ

സ്ഥല-കാല ബന്ധത്തിലുള്ള ഈ ലോകത്തിലുള്ളതാണ്. സ്ഥലത്തിനും കാലത്തിനും അതീതനായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം മൂന്നു കാലങ്ങളില്ല. ത്രികാലജ്ഞാനിയാണ് അല്ലാഹു. സചേതനവും അചേതനവുമായ സകലമാന വസ്തുക്കളുടെയും സ്രഷ്ടാവായ അല്ലാഹു അവയുടെ രഹസ്യങ്ങളും നിഗൂഢതകളും വ്യക്തമായി അറിയുന്നവനാണ്. ഇക്കാര്യം വിശുദ്ധ ഖുർആൻ വ്യത്യസ്തങ്ങളായ സൂക്തങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്.

'അവൻെറ പക്കലാകുന്നു അദൃശ്യകാര്യത്തിൻെറ താക്കോലുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല."[1]

'ദൃശ്യത്തെയും അദൃശ്യത്തെയും അറിയുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ. നിങ്ങളുടെ കൂട്ടത്തിൽ നിന്ന് രഹസ്യമായി സംസാരിച്ചവനും പരസ്യമായി സംസാരിച്ചവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകൽ പുറത്തിറങ്ങി നടക്കുന്നവനുമെല്ലാം (അവനെ സംബന്ധിച്ചിടത്തോളം) സമമാകുന്നു.'[2]

'നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു. സൃഷ്ടിച്ചുണ്ടാക്കിയവൻ അറിയുകയില്ലേ? അവൻ നിഗൂഢ രഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു'.[3]

നമുക്കെല്ലാം ജീവൻ നൽകിയവനാണ് അല്ലാഹു. ജീവിതത്തിൻെറ ഉത്ഭവം അവനിൽ നിന്നാണ്. സൃഷ്ടികളുടെയെല്ലാം ജീവിതത്തിന് പരിധിയുണ്ട്. അവർ ജീവിതമാരംഭിച്ചത് ഒരു പ്രത്യേക തീയതിയിലാണ്. ഒരു ദിവസം അവർ മരിക്കും. ഉറക്കവും മയക്കവും

1. ഖുർആൻ 6: 59
2. ഖുർആൻ 13: 9, 10
3. ഖുർആൻ 6: 13, 14



ബോധക്ഷയവുമെല്ലാം അവരുടെ ജീവിതത്തിലുണ്ടാവും. ജീവിതമെന്ന ഗുണം പൂർണരൂപത്തിൽ നിലനിൽക്കുന്നത് അല്ലാഹുവിലാണ്. അവൻെറ ജീവിതത്തിന് തുടക്കമില്ല. ഒടുക്കവുമില്ല. അവൻ അനശ്വരനാണ്. അവന് നിദ്രയോ മോഹാലസ്യമോ ബാധിക്കുകയില്ല. ഖുർആൻ പറയുന്നു. 'അല്ലാഹു-അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല'[1].

മനുഷ്യൻെറയും മറ്റു ജീവികളുടെയും കേൾവിക്കും കാഴ്ചക്കുമെല്ലാം പരിധികളുണ്ടെന്ന് പറഞ്ഞുവല്ലോ. കാഴ്ചയുടെയും കേൾവിയുടെയും ദാതാവായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഈ പരിധികൾക്ക് പ്രസ്തിയില്ല. അവൻെറ കാഴ്ചയും കേൾവിയും സ്ഥലത്തിനും കാലത്തിനും അതീതമായിരിക്കുമെന്ന് കൂടി മനസ്സിലാക്കുമ്പോഴേ അവയെത്രമാത്രം സൂക്ഷ്മവും തെറ്റു പറ്റാത്തതുമായിരിക്കുമെന്ന് ബോധ്യമാകൂ. നിർഗുണനാണ് ദൈവമെന്ന് പറയുന്നവർ പലപ്പോഴും ദൈവത്തെ അന്ധനും ബധിരനുമാക്കാറുണ്ട്. എന്നാൽ, ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു പരിധികളില്ലാതെ കേൾക്കുന്നവനും കാണുന്നവനും ആണ്. 'തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.'[2]

## പരമകാരുണികൻ; കരുണാനിധി

മനുഷ്യരെയും മറ്റു ജീവജാലങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകദൈവം പരമകാരുണികനും കരുണാനിധിയുമാണെന്നാണ് ഖുർആൻ പറയുന്നത്. അല്ലാഹുവിൻെറ വിശിഷ്ടനാമങ്ങളിൽ ഏറ്റവുമധികം ആവർത്തിക്കപ്പെട്ടിട്ടുള്ളത് 'അർറഹ്മാൻ' (പരമകാരുണികൻ) എന്ന നാമമത്രെ. വിശുദ്ധ ഖുർആനിൽ 169 പ്രാവശ്യം ഈ ദൈവിക നാമം ആവർത്തിക്കപ്പെട്ടിട്ടുണ്ട്. തൻെറ സൃഷ്ടികളോട് അപാരമായ കാരുണ്യം കാണിക്കുന്നവൻ എന്നാണ് 'അർറഹ്മാൻ'കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. വിശുദ്ധഖുർആനിലെ ഓരോ അധ്യായവുമാരംഭിക്കുന്നത് 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്ന പ്രാരംഭവാചകം കൊണ്ടാണ്. എന്തൊരു സദ്‌വൃത്തി ചെയ്യാൻ തുടങ്ങുമ്പോഴും ഈ പ്രാരംഭവാചകം ചൊല്ലാൻ മുസ്‌ലിം കൽപിക്കപ്പെട്ടിരിക്കുന്നു. 'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു

1. ഖുർആൻ 2: 25
2. ഖുർആൻ 58: 1

വിൻെറ തിരുനാമത്തിൽ' എന്നാണ് ഈ വാചകത്തിൻെറ അർഥം. ഒരു മുസ്‌ലിം തൻെറ ജീവിതത്തിൽ ഏറ്റവുമധികം ആവർത്തിക്കുന്ന ദൈവികനാമങ്ങൾ 'അർറഹ്മാൻ', 'അർറഹീം' എന്നിവയായിരിക്കും.

സർവലോകസ്രഷ്ടാവായ അല്ലാഹു കാരുണ്യത്തെ തൻെറ മേലുള്ള ഒരു ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നുവെന്നാണ് ഖുർആൻ പറയുന്നത്. 'നിങ്ങളുടെ രക്ഷിതാവ് കാരുണ്യത്തെ തൻെറ മേൽ (ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു. അതായത് നിങ്ങളിലാരെങ്കിലും അവിവേകത്താൽ വല്ല തിന്മയും ചെയ്തുപോവുകയും എന്നിട്ട് അതിനുശേഷം പശ്ചാതപിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്യുന്നപക്ഷം അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.'[1]

പാപം ചെയ്തവരോട് ദൈവത്തിന് അടങ്ങാത്ത കോപവും ഒടുങ്ങാത്ത പകയും വെറുപ്പുമാണെന്നും അതുകൊണ്ടുതന്നെ പാപികൾക്ക് ദൈവത്തിലേക്ക് പിന്നീട് അടുക്കുവാൻ സാധ്യമല്ലെന്നുമുള്ള വീക്ഷണത്തെ വിശുദ്ധഖുർആൻ വിമർശിക്കുന്നു. എത്ര തന്നെ പാപം ചെയ്തയാളാണെങ്കിലും അവൻ ആത്മാർഥമായി പശ്ചാത്തപിച്ചു മടങ്ങുകയും നേർമാർഗം സ്വീകരിക്കുകയും ചെയ്താൽ പരമകാരുണികൻ അവൻെറ മുൻകാലപാപങ്ങളെല്ലാം പൊറുത്തുകൊടുക്കുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. 'പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എൻെറ ദാസന്മാരേ, അല്ലാഹുവിൻെറ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുതേ. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നു. തീർച്ചയായും അവനത്രെ പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയും. നിങ്ങളുടെ രക്ഷിതാവിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും അവന്നായി അർപ്പണം നടത്തുകയും ചെയ്യുവിൻ; നിങ്ങൾക്ക് ശിക്ഷ വരുന്നതിനു മുമ്പ്. പിന്നെ നിങ്ങൾ സഹായിക്കപ്പെടുകയില്ല.'[2]

അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. കുറ്റബോധത്തോടുകൂടി പശ്ചാത്തപിക്കുകയുംആത്മാർഥമായി ക്ഷമായാചന നടത്തുകയും തെറ്റുകളിലേക്ക് പോവാതിരിക്കാൻ പരമാവധി ശ്രമി

1. ഖുർആൻ 6: 54
2. ഖുർആൻ



ക്കുകയും ചെയ്യുന്ന മനുഷ്യരുടെ പാപങ്ങളെല്ലാം പൊറുത്തു കൊടുക്കുവാൻ പരമകാരുണികൻ സന്നദ്ധനാണ്. അതിന് ശുപാർശയുടെയോ മാധ്യസ്ഥത്തിൻെറയോ ആവശ്യമില്ല. പാപിയായ ഒരാൾ പശ്ചാത്തപിച്ച് തിരിച്ചുവരുമ്പോൾ അല്ലാഹുവിനുണ്ടാകുന്ന സന്തോഷാധിക്യം എത്രമാത്രമാണെന്ന് പ്രവാചകൻ(സ) ഒരു ഉപമയിലൂടെ വ്യക്തമാക്കുന്നത് നോക്കുക: 'മരുഭൂമിയിലെ മരത്തണലിൽ വിശ്രമിക്കുന്ന ഒരാൾ ഉറങ്ങിപ്പോകുന്നു. ഉണർന്നുനോക്കിയപ്പോൾ തൻെറ ഭക്ഷണപാനീയങ്ങളും മറ്റു വസ്തുക്കളുമെല്ലാം വഹിക്കുന്ന ഒട്ടകത്തെ കാണുന്നില്ല. ഒട്ടകത്തെ തിരഞ്ഞ് ദാഹവിവശനായി അറ്റമില്ലാത്ത മരുഭൂമിയിൽ കണ്ണുംനട്ടിരിക്കുമ്പോൾ അയാളുടെ മുമ്പിൽ തൻെറ കാണാതെ പോയ ഒട്ടകം പ്രത്യക്ഷപ്പെടുന്നു. അപ്പോൾ അയാൾക്കുണ്ടാവുന്ന സന്തോഷം എത്രയായിരിക്കും? അതിൻെറ എത്രയോ മടങ്ങാണ് പാപിയായ ദാസൻ പശ്ചാതപിക്കുമ്പോൾ അല്ലാഹുവിന്നുണ്ടാവുന്ന സന്തോഷം'.

അല്ലാഹുവിൻെറ ദയയും കാരുണ്യവും സൂചിപ്പിക്കുന്ന ഒരുപാട് വിശേഷണങ്ങൾ ഖുർആനിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് 'അർറഹ്മാൻ', 'അർറഹീം' എന്നിവ. 'സലാം' (ശാന്തിനൽകുന്നവൻ), 'ഗഫ്ഫാർ' (അധികം മാപ്പുനൽകുന്നവൻ), 'ലത്തീഫ്' (ദയാപുരസ്സരം പ്രവർത്തിക്കുന്നവൻ), 'കരീം' (അത്യുദാരൻ), 'തവ്വാബ്' (പശ്ചാത്താപം സ്വീകരിക്കുന്നവൻ), 'വദൂദ്' (ദാസന്മാരോട് വളരെ ദയയുള്ളവൻ) തുടങ്ങിയ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ദൈവനാമങ്ങൾ അല്ലാഹുവിൻെറ അറ്റമില്ലാത്ത കരുണയെയും സ്നേഹത്തെയും ദയയെയുമെല്ലാം ദ്യോതിപ്പിക്കുന്നു.

## നീതിമാൻ

സ്വതന്ത്രമായ കൈകാര്യകർതൃത്വത്തിന് സാധിക്കുന്ന ഏകജീവിയാണ് മനുഷ്യൻ. ചിന്തിച്ച് കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിയുന്നവനാണവൻ. നന്മ ചെയ്ത് ഉൽകൃഷ്ടനാവാനും തിന്മചെയ്ത് നികൃഷ്ടനാകുവാനും മനുഷ്യന് സാധിക്കും. നന്മയുടെ മാർഗം തെരഞ്ഞെടുത്ത് ഉത്തമമനുഷ്യരായി ജീവിക്കണമെന്നതാണ് ദൈവികശാസന. എങ്കിൽ മാത്രമേ മനുഷ്യസമൂഹം നിലനിൽക്കുകയുള്ളൂ. ധാർമികനിയമങ്ങൾ അനുസരിക്കപ്പെടുന്ന ഒരു സമൂഹത്തിൽ മാത്രമേ സന്തോഷവും സമാധാനവും നിലനിൽക്കൂ. അപ്പോൾ, ധാർമിക നിയമങ്ങൾ അനുസരിക്കേ

ണ്ടത് മനുഷ്യരുടെ ബാധ്യതയാണ്. പക്ഷേ, ഈ നിയമങ്ങൾ അനുസരിക്കാതിരിക്കുവാനുള്ള പൈശാചികമായ ഒരു തൃഷ്ണ മനുഷ്യരുടെയെല്ലാം അകത്തളത്തിലുണ്ട്. ഈ തൃഷ്ണയ്ക്ക് കടിഞ്ഞാണിട്ടാൽ മാത്രമേ ആഹ്ലാദഭരിതവും സമാധാനസമ്പുഷ്ടവുമായ മാനവികസമൂഹത്തിൻെറ സൃഷ്ടി സാധിക്കൂ. ചിന്താശക്തിയുള്ള മനുഷ്യരെ സൃഷ്ടിച്ച അല്ലാഹുവിൻെറ കാരുണ്യത്തിൻെറ ഭാഗം തന്നെയാണ് ഉൽകൃഷ്ടമായ ഒരു സമൂഹത്തിൻെറ സൃഷ്ടിക്കുവേണ്ട കാര്യങ്ങൾ ചെയ്യുകയെന്നത്. അതുകൊണ്ടാണ് പരമകാരുണികനായ അല്ലാഹു ഈ ഭൂമിയിൽ നന്മ ചെയ്തവർക്ക് പരലോകത്ത് നന്മയും തിന്മ ചെയ്തവർക്ക് പരലോകത്ത് തിന്മയും പ്രതിഫലമായി ലഭിക്കുമെന്ന നിയമമുണ്ടാക്കിയത്. നന്മയെയും തിന്മയെയും സത്യത്തെയും അസത്യത്തെയും നീതിയെയും അനീതിയെയുമെല്ലാം അല്ലാഹുവിൻെറ കാരുണ്യം തുല്യമായിട്ടാണ് ഗണിക്കുന്നതെങ്കിൽ പിന്നെ സത്യത്തിനും നീതിക്കും നന്മക്കുമെന്താണ് വില? അതു ശരിയല്ലെന്ന് നമ്മുടെയെല്ലാം സാമാന്യബുദ്ധി സമ്മതിക്കുന്നു. നന്മയ്ക്കും തിന്മയ്ക്കും അവയ്ക്കനുസൃതമായ പ്രതിഫലം നൽകപ്പെടണം. ഇതാണ് അല്ലാഹുവിൻെറ നീതി. പരലോകത്തുവെച്ച് ഇഹലോകത്തിലെ ചെയ്തികൾക്ക് പ്രതിഫലം നൽകപ്പെടും. തെറ്റുചെയ്ത വ്യക്തികൾക്ക് അവിടെവെച്ച് ലഭിക്കുന്ന കഠിനമായ ശിക്ഷപോലും മാനവരാശിയോടുള്ള അല്ലാഹുവിൻെറ കാരുണ്യത്തിൻെറയും സ്നേഹത്തിൻെറയും ഭാഗമാണെന്ന് അൽപം ചിന്തിച്ചാൽ ബോധ്യമാകും.

'ഞാൻ ഏറെ പൊറുക്കുന്നവനും കരുണാവാരിധിയുമാണെന്നും എൻെറ ശിക്ഷയാണ് വേദനയേറിയ ശിക്ഷയെന്നും എൻെറ ദാസന്മാരെ വിവരമറിയിക്കുക.'[1]

അല്ലാഹു ആരോടും തന്നെ അനീതി ചെയ്യുകയില്ലെന്നും പരലോകത്തുവെച്ച് ഇഹലോക ചെയ്തികൾക്കുള്ള പ്രതിഫലം നൽകുകയെന്നത് അല്ലാഹുവിൻെറ നീതിയാണെന്നും വ്യക്തമാക്കുന്ന അനേകം സൂക്തങ്ങൾ ഖുർആനിലുണ്ട്.

'ലോകരോട് ഒരു അനീതിയും കാണിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല.'[2]

1. ഖുർആൻ 15: 49, 50
2. ഖുർആൻ 3: 108



'തീർച്ചയായും അല്ലാഹു ഒരണുവോളം അനീതി കാണിക്കുകയില്ല'.[1]

'നിൻെറ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുയില്ല.'[2]

## ആരാധ്യൻ അല്ലാഹു മാത്രം

മനുഷ്യരെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് അല്ലാഹുവാണ്. അവൻ സർവലോകത്തിൻെറയും സ്രഷ്ടാവും സംരക്ഷകനുമാണ്. പരമകാരുണികനും കരുണാനിധിയുമാണ്; അദൃശ്യകാര്യങ്ങൾ അറിയുന്നവനും നീതിമാനുമാണ്. രഹസ്യങ്ങളും പരസ്യങ്ങളുമറിയാവുന്ന അല്ലാഹുവിന് മാത്രമെ ഓരോ മനുഷ്യരുടെയും മനസ്സിനകത്തുള്ളതെന്താണെന്ന് അറിയാൻ കഴിയുകയുള്ളൂ. 'നിശ്ചയം അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമത്രെ.'[3]

മനുഷ്യകഴിവന്നതീതമായ കാര്യങ്ങൾ അത്തരത്തിലുള്ള കഴിവുകളുണ്ടെന്ന് വിശ്വസിക്കപ്പെടുന്നവരോട് ചോദിക്കുന്നതിനാണല്ലോ പ്രാർഥനയെന്ന് പറയുന്നത്. അഭൗതികമായ സഹായാഭ്യർഥനായണ് പ്രാർത്ഥനയെന്നു പറയാം. പ്രാർഥനയുടെ ആത്മാവ് സ്ഥിതിചെയ്യുന്നത് പ്രാർഥിക്കുന്നവൻെറ മനസ്സിനകത്താണ്. എത്ര സുന്ദരമായ പ്രാർഥനാഗീതമായിരുന്നാലും അത് ഹൃദയത്തിൽ നിന്നു പുറത്തുവരുന്നതല്ലെങ്കിൽ കേവലം വാചാടോപമായി പരിണമിക്കുന്നു. അതിന്ന് അധരങ്ങളുമായി മാത്രമേ ബന്ധം കാണൂ. പ്രാർഥിക്കുന്നവൻെറ ഹൃദയം പ്രാർഥിക്കപ്പെടുന്നവൻെറ സഹായം കാംക്ഷിക്കുമ്പോൾ മാത്രമാണ് പ്രാർഥനയെന്ന പദം അന്വർഥമാകുന്നത്. യഥാർഥത്തിൽ പ്രാർഥനയാണ് എല്ലാവിധ ആരാധനകളുടെയും മജ്ജ. ആരാധനകളിലെ കർമങ്ങൾക്ക് ജീവനുണ്ടാകണമെങ്കിൽ പ്രാർഥനയുണ്ടായിരിക്കണമെന്നർത്ഥം.

അപ്പോൾ, മനുഷ്യർ ആരാധനകൾ അർപ്പിക്കേണ്ടത് ആർക്കാണ്? അരോടാണവർ പ്രാർഥിക്കേണ്ടത്? സകലമാന കഴിവുകളുടെയും ഉടമസ്ഥാവകാശം ആർക്കാണോ, രഹസ്യങ്ങളും പരസ്യങ്ങളുമറിയുന്നവനാരാണോ, ഹൃദയത്തിനകത്തുള്ളത് വ്യക്തമായി അറിയാവുന്നത് ആർക്കാണോ, അവന്നാണ്; അവന്നു മാത്രമാണ് ആരാധനകളർപ്പിക്കേണ്ടതെന്ന് സാമാന്യബുദ്ധി പറയുന്നു. സ്രഷ്ടാവും പരിപാ

1. ഖുർആൻ 4: 40
2. ഖുർആൻ 18: 49
3. ഖുർആൻ 31: 24

ലകനുമായ അല്ലാഹുവിന് മാത്രമേ ആരാധനകളർപ്പിക്കാവൂ എന്നാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. പ്രാർഥനാ വഴിപാടുകൾ അർപ്പിക്കപ്പെടുവാൻ അർഹൻ അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കുമ്പോൾ മാത്രമാണ് അല്ലാഹുവിലുള്ള വിശ്വാസം പൂർണമാകുന്നത്. സത്തയിലും കഴിവുകളിലും അദ്വിതീയനായ അല്ലാഹുവിന് മാത്രം ആരാധനകളർപ്പിക്കപ്പെടുമ്പോൾ മാത്രമാണ് ഇസ്‌ലാം വിവക്ഷിക്കുന്ന ഏകദൈവവിശ്വാസം പൂർണമാകുന്നത്.

ദൈവവിശ്വാസം മനുഷ്യഹൃദയത്തിൻെറ അഗാധതകളിൽ സ്വാധീനം ചെലുത്തുന്നുവെന്നാണ് സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ പക്ഷം. ഉൽകൃഷ്ട ജീവിയായ മനുഷ്യൻ തന്നെക്കാൾ താഴ്ന്ന പടിയിൽ നിൽക്കുന്ന പ്രകൃതി പ്രതിഭാസങ്ങളെ ആരാധിക്കുന്നതിലൂടെ ആത്മീയമായി അധമനായി മാറുന്നു. ജീവനുള്ളും ഇല്ലാത്തതുമായ വസ്തുക്കളിൽ പലതും അവൻെറ ഇഷ്ടദേവതകളായി മാറുമ്പോൾ മനുഷ്യൻെറ സ്വാഭാവികമായ ഉൽകൃഷ്ടതയ്ക്ക് കളങ്കമുണ്ടാവുന്നു. അജയ്യനും അന്യൂനനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലൂടെയാണ് മനുഷ്യൻ ആത്മീയമായ ഉദാത്തീകരണം സാധിക്കുന്നത്. സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന അല്ലാഹു മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നതും അവനോടു മാത്രമുള്ള ആരാധനയാണ്. അല്ലാഹു പറയുന്നത് നോക്കുക: 'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും'.[1]

സ്രഷ്ടാവും സംരക്ഷകനുമായ നാഥനുള്ള ആരാധനയാണ് മനുഷ്യരെ തെറ്റുകൾ ചെയ്യുന്നതിൽ നിന്നു തടഞ്ഞുനിർത്തുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: 'ജനങ്ങളെ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.'[2]

'അല്ലാഹു, അവനല്ലാതെ വേറെ ആരാധ്യനില്ല. ജീവനുള്ളവൻ; 'സ്വയം പര്യാപ്തനായ സർവ നിയന്താവ്; അവനെ ഒരു വിധ ഉറക്ക

1. ഖുർആൻ 51: 56-58
2. ഖുർആൻ 2: 21



വും മയക്കവും ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറതാണ്. അവൻെറയടുത്ത് ശുപാർശ ചെയ്യുന്നവൻ ആരുണ്ട്? അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവനറിയാം. അവൻെറ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ അവർ യാതൊന്നും അറിയുന്നില്ല. അവൻെറ സിംഹാസനം ആകാശഭൂമികളെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന്ന് ഭാരമല്ല. അവൻ അത്യുന്നതനും മഹത്വമേറിയവനുമാകുന്നു'.[1]

'ഗർഭാശയങ്ങളിൽ താനുദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ. അവനല്ലാതെര ഒരു ആരാധ്യനില്ല. അവൻ പ്രതാപിയും യുക്തിമാനുമത്രെ'.[2]

'താനല്ലാതെ ഒരു ആരാധ്യനുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന് സാക്ഷികളാകുന്നു) അവൻ നീതി നിർവഹിക്കുന്നവനത്രെ. പ്രതാപിയും യുക്തിമാനുമായ അവനല്ലാതെ വേറെ ആരാധ്യനില്ല'.[3]

'അല്ലാഹു-അവനല്ലാതെ ഒരു ആരാധ്യനുമില്ല. ഉയിർത്തെഴുന്നേൽപ്പിൻെറ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ച് കൂട്ടുക തന്നെ ചെയ്യും'.[4]

അല്ലാഹു അവൻെറ സത്തയിലും ഗുണങ്ങളിലും അതുല്യനാണെന്നും അവൻ മാത്രമെ ആരാധനകൾ അർഹിക്കുന്നുള്ളൂവെന്നും വിശ്വസിക്കുമ്പോൾ മാത്രമേ ഒരാൾ സത്യവിശ്വാസ (ഈമാൻ) ത്തിൻെറ വാതിലിലൂടെ കടന്ന്, വിശ്വാസികളുടെ (മുഅ്മിൻ) സമൂഹത്തിൽ അംഗമാവുകയുള്ളൂ. അല്ലാഹുവിൻെറ ഏകത്വത്തിൽ വിശ്വസിച്ചുകൊണ്ട് സത്യവിശ്വാസിയാകുന്നയാൾ അതുവരെ നയിച്ചതിൽ നിന്ന് തികച്ചും വ്യതിരിക്തമായ ഒരു ജീവിതം നയിക്കാനാരംഭിക്കുന്നു. അവൻ വിഗ്രഹങ്ങളുടെയും ശവകുടീരങ്ങളുടെയും മുമ്പിൽ നമ്രശിരസ്കരാവുന്നില്ല. അല്ലാഹുവിനു മുന്നിൽ മാത്രം പ്രാർഥനാ വഴിപാടുകൾ അർപ്പിച്ചുകൊണ്ട് അവൻെറ വിധിവിലക്കുകൾ അംഗീകരിച്ചുകൊണ്ട് തികച്ചും കളങ്കരഹിതമായ ഒരു ജീവിതമാണ് അവൻ നയിക്കുക. അങ്ങനെ അവൻ മുസ്‌ലിമായിത്തീരുന്നു; സ്രഷ്ടാവിന് സർവസ്വം സമർപ്പിച്ചവനായി മാറുന്നു.

1. ഖുർആൻ
2. ഖുർആൻ 34: 6
3. ഖുർആൻ 3: 18
4. ഖുർആൻ

# ഏഴ്

## മലക്കുകളിലുള്ള വിശ്വാസം

മനുഷ്യന് തന്റെ കണ്ണുകൾ കൊണ്ട് കാണാൻ കഴിയാത്ത ഒട്ടനവധി കാര്യങ്ങൾ ഈ ഭൂമിയിൽ തന്നെയുണ്ട്. അവയുടെ സാന്നിധ്യം പരീക്ഷണങ്ങളിലൂടെ സ്ഥിരീകരിച്ചുകൊണ്ടാണ് മനുഷ്യൻ പ്രസ്തുത വസ്തുക്കളെയും പ്രതിഭാസങ്ങളെയും കുറിച്ച് പഠിക്കുന്നത്. പഞ്ചേന്ദ്രിയങ്ങൾ കൊണ്ടൊന്നും അനുഭവവേദ്യമല്ലാത്ത പ്രതിഭാസങ്ങൾ മറ്റു വസ്തുക്കളിലുണ്ടാക്കുന്ന പ്രതികരണങ്ങൾ ശ്രദ്ധിച്ചാണ് പഠനത്തിന് വിധേയമാക്കാറുള്ളത്. പ്രകാശത്തെക്കാൾ വേഗത കൂടിയ വസ്തുക്കളെ നമുക്ക് ഒരിക്കലും കാണുവാനോ അനുഭവിക്കാനോ സാധ്യമല്ലെന്ന വസ്തുത സൈദ്ധാന്തികമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് കണ്ടുപിടിക്കാൻ ഒരിക്കലും സാധിക്കാത്ത പല പ്രതിഭാസങ്ങളും ഇവിടെയുണ്ടാകാമെന്നു സാരം.

മനുഷ്യന് തന്റെ സാധാരണ നിലയ്ക്കുള്ള ഇന്ദ്രിയജ്ഞാനം കൊണ്ട് മനസ്സിലാക്കുവാനോ അനുഭവിക്കുവാനോ സാധിക്കാത്ത ദൈവസൃഷ്ടികളാണ് മലക്കുകൾ. അവ പ്രകാശം കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പ്രവാചകൻ (സ) പറഞ്ഞു: 'മലക്കുകൾ പ്രകാശത്തിൽ നിന്നും ജിന്ന് തീജ്വാലയിൽ നിന്നും സൃഷ്ടിക്കപ്പെട്ടു'.[1] മനുഷ്യരുടെ ഇന്ദ്രിയജ്ഞാനത്തിനതീതരായ സൃഷ്ടികളെന്ന നിലയ്ക്കു ഇവയെക്കുറിച്ച് മനസ്സിലാക്കാൻ ദൈവികബോധനങ്ങളെ ആശ്രയിക്കുക മാത്രമേ നിർവാഹമുള്ളൂ. മലക്കുകളുടെ ദൗത്യ

1. സഹീഹു മുസ്ലിം



ത്തെയും നിലനിൽപിനെയും കുറിച്ച ഒരു സാമാന്യധാരണ വിശുദ്ധ ഖുർആൻ നൽകുന്നുണ്ട്. മലക്കുകളുടെ അസ്തിത്വത്തെയും അവയെക്കുറിച്ച് ഖുർആനിൽ പറയുന്ന കാര്യങ്ങളെയും കുറിച്ചുള്ള വിശ്വാസം സത്യവിശ്വാസത്തിന്റെ ഭാഗമത്രെ.

മനുഷ്യരുടേതിൽ നിന്ന് തികച്ചും വിഭിന്നമാണ് മലക്കുകളുടെ പ്രകൃതി. അവയ്ക്ക് അല്ലാഹുവിനെ ധിക്കരിക്കുവാൻ കഴിയുകയില്ല. അനുസരണം അവരുടെ അസ്തി ത്വത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നുവെന്ന് വേണമെങ്കിൽ പറയാം. അഹങ്കാരമോ അനുസരണക്കേടോ മലക്കുകളിൽ നിന്നുണ്ടാവു കയില്ല. ഖുർആനിൽ പറയുന്നതു കാണുക: 'ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമായ ഏതൊരു ജീവിയും അല്ലാഹുവിന് സാഷ്ടാംഗം നമിക്കുന്നു; മലക്കുകളും. അവർ അഹങ്കാരം നടിക്കുന്നില്ല. അവർ ക്കു മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുകയും അവർ കൽപിക്കപ്പെടുന്നതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യുന്നു.'[1]

പ്രവാചകന്മാർക്ക് ദൈവികബോധനം എത്തിച്ചുകൊടുക്കുകയാണ് മലക്കുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്ന്. ഖുർആൻ പറയുന്നത് കാണുക: 'തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരുടെ മേൽ തന്റെ കൽപനപ്രകാരം (സത്യസന്ദേശമാകുന്ന) ചൈതന്യവും കൊണ്ട് മലക്കുകളെ അവൻ ഇറക്കുന്നു. ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ നിങ്ങളെന്നെ സൂക്ഷിച്ചുകൊള്ളുവീൻ എന്ന് നിങ്ങൾ താക്കീത് നൽകുക (എന്നതത്രെ ആ സന്ദേശം).'[2]

മലക്കുകളിൽ സുപ്രധാനമായൊരു ദൗത്യനിർവാഹകനാണ് ജിബ്രീൽ (ഗബ്രിയേൽ). മുഹമ്മദ് നബിക്ക് വിശുദ്ധ ഖുർആൻ അവതരപ്പിക്കപ്പെട്ടത് ജിബ്രീലിലൂടെയാണ്. '(ഖുർആൻ എത്തിച്ചു തരുന്ന) ജിബ്രീൽ എന്ന മലക്കിനോടാണ് ആർക്കെങ്കിലും ശത്രുതയെങ്കിൽ അദ്ദേഹമത് നിന്റെ മനസ്സിൽ അവതരിപ്പിച്ചത് അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് മാത്രമാണ്.'[3]

വിശ്വസ്താത്മാവ് (റൂഹുൽ അമീൻ), പരിശുദ്ധാത്മാവ് (റൂഹുൽ

1. ഖുർആൻ 16: 49, 50
2. ഖുർആൻ 16: 2
3. ഖുർആൻ 2: 97

ഖുദുസ്) തുടങ്ങിയ നാമങ്ങളാലും ജിബ്‌രീൽ വിശേഷിപ്പിക്കപ്പെട്ടതായി കണാൻ കഴിയും. 'തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് നിൻെറ ഹൃദയത്തിൽ അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീതു നൽകുന്നവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ അത്.'[1]

'പറയുക, നിൻെറ രക്ഷിതാവിങ്കൽ നിന്ന് സത്യസന്ധമായി പരിശുദ്ധാത്മാവ് ഇത് ഇറക്കിയിരിക്കുന്നു'[2].

മനുഷ്യജീവിതത്തിന് ചൈതന്യം പകരുന്ന ദൈവിക ബോധനങ്ങളുടെ വാഹകനായതിനാലാവാം ജിബ്‌രീലിന് പരിശുദ്ധാത്മാവ്, വിശ്വസ്താത്മാവ് തുടങ്ങിയ നാമങ്ങൾ നൽകപ്പെട്ടത്. ഗബ്രിയേൽ മാലാഖയ്ക്കു തന്നെയാണ് ബൈബിളിലും പരിശുദ്ധാത്മാവ് പഠനം നടത്തിയാൽ നമുക്ക് ബോധ്യമാവുക. എന്നാൽ ക്രൈസ്തവസഭകൾ ദൈവത്തിൻെറ സൃഷ്ടിയായ പരിശുദ്ധാത്മാവിന് ദിവ്യത്വം കൽപിക്കുകയും ദൈവിക ത്രിത്വത്തിലെ ഒരു ആളത്വമായി സങ്കൽപിക്കുകയും ചെയ്തുവരുന്നു. ബൈബിൾ പഴയ നിയമത്തിലോ സുവിശേഷങ്ങളിലോ ഒന്നും തന്നെ പരിശുദ്ധാത്മാവ് ദൈവമാണെന്ന് സൂചിപ്പിക്കുന്ന ഒരു വചനം പോലും കാണുന്നില്ല. വിശുദ്ധ ഖുർആൻ പ്രയോഗിച്ചതുപോലെ പരിശുദ്ധാത്മാവ് എന്ന് ഗബ്രയേലിനെക്കുറിച്ചാണ് ബൈബിളിലും പ്രയോഗിക്കപ്പെട്ടിരിക്കുന്നതെന്നാണ് മനസ്സിലാക്കാനാവുന്നത്.

യേശുവിനെ, മറ്റു പ്രവാചകന്മാരെപോലെത്തന്നെ പരിശുദ്ധാത്മാവിനെക്കൊണ്ട് അല്ലാഹു പിന്തുണച്ചുവെന്ന് ഖുർആൻ പറയുന്നുണ്ട്. 'മർയമിൻെറ മകനായ ഈസായ്ക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും അദ്ദേഹത്തിന് നാം പരിശുദ്ധാത്മാവിൻെറ പിൻബലം നൽകുകയും ചെയ്തു.'[3]

മനുഷ്യരുടെ കർമങ്ങൾ രേഖപ്പെടുത്തിവെക്കുവാനായി മലക്കുകളെ നിയോഗിച്ചിട്ടുണ്ടെന്നു സൂചിപ്പിക്കുന്ന വാക്യങ്ങൾ ഖുർആനിലുണ്ട്. അന്ത്യനാളിൽ വിചാരണക്കുതകുന്ന വിധം കർമങ്ങൾ സൂക്ഷ്മമായി രേഖപ്പെടുത്തുകയെന്ന ദൗത്യമേൽപ്പിക്കപ്പെട്ട മലക്കുകൾ

1. ഖുർആൻ 26: 192–194
2. ഖുർആൻ 16: 102
3. ഖുർആൻ 2: 87



പ്രസ്തുത കാര്യം കൃത്യമായി നിർവഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഖുർആൻ പറയുന്നത് കാണുക: 'തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തി വെക്കുന്ന ചില മാന്യന്മാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.'[1] 'വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവൻെറ അടുത്ത് തയാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതെയിരിക്കില്ല'.[2]

മനുഷ്യരുടെ ആത്മാവുകളെ പിടിച്ചെടുക്കുന്നത് മലക്കുകളാണ്. ദൈവനിശ്ചിതമായ സമയമെടുത്താൽ ഓരോ വ്യക്തിയുടെയും മരണമുണ്ടാവും. അതിൽനിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ല. ഓരോരുത്തരുടെയും മരണത്തിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന മലക്ക് അവരുടെ ആത്മാവിനെ പിടിച്ചെടുക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും കാണിക്കുകയില്ല. ഖുർആൻ പറയുന്നത് നോക്കുക: 'പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിൻെറ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്.'[3]

സദ്‌വൃത്തരായവരുടെ ആത്മാക്കളെ സ്വീകരിക്കുവാനായി മലക്കുകൾ കടന്നുവരിക സമാധാനത്തിൻെറ ദൂതുമായിട്ടാണ്. തങ്ങളുടെ സൽകർമങ്ങൾക്ക് പ്രതിഫലമായി ലഭിക്കാനിരിക്കുന്ന സുഖസമ്പൂർണമായ സ്വർഗീയജീവിതത്തെക്കുറിച്ച് സന്തോഷവാർത്തയുമായാണ് സച്ചരിതരുടെ അടുത്തേക്ക് മലക്കുകൾ കടന്നുവരിക. അവർക്ക് മരണം സ്വർഗീയജീവിതത്തിലേക്കുള്ള കവാടമാണല്ലോ. 'നല്ലവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുന്നുവോ അവരോട് (മലക്കുകൾ) പറയും: നിങ്ങൾക്ക് സമാധാനം! നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിൻെറ ഫലമായി നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക'[4].

ജീവിതം മുഴുവൻ ദൈവത്തെ നിഷേധിച്ചുകൊണ്ട് ദുർവൃത്തികളിലേർപ്പെട്ടവരുടെയും ബഹുദൈവാരാധനയിലൂടെ ദൈവകോപത്തിന് പാത്രമായവരുടെയും ആത്മാക്കളെ മലക്കുകൾ പിടിച്ചെടുക്കുന്ന

1. ഖുർആൻ 82: 10–12
2. ഖുർആൻ 50: 17, 18
3. ഖുർആൻ 32: 11
4. ഖുർആൻ 16: 32

ത് നരകത്തെക്കുറിച്ച് ഭയവിഹ്വലരാക്കിക്കൊണ്ടും മർദനങ്ങൾക്ക് വിധേയമാക്കിക്കൊണ്ടുമായിരിക്കുമെന്നാണ് ഖുർആൻ പറയുന്നത്: 'അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചു കൊണ്ട് മരിപ്പിക്കുമ്പോൾ എന്തായിരിക്കും അവരുടെ സ്ഥിതി!'[1]

'അവരവർക്കു തന്നെ ദ്രോഹം ചെയ്തുകൊണ്ടിരിക്കെ മലക്കുക ൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുന്നുവോ അവർക്ക്. ഞങ്ങൾ യാതൊരു തിന്മയും ചെയ്തിരുന്നില്ല എന്നു പറഞ്ഞുകൊ ണ്ട് അവർ അന്നേരം കീഴ്വണക്കത്തിന് സന്നദ്ധത പ്രകടിപ്പിക്കും. അങ്ങനെയല്ല, തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റി അറിയുന്നവനാകുന്നു. അതിനാൽ നരക ത്തിൻെറ കവാടത്തിലൂടെ നിങ്ങൾ കടന്നുകൊള്ളുക. (നിങ്ങൾ) അതിൽ നിത്യവാസികളായിരിക്കും. അപ്പോൾ അഹങ്കാരികളുടെ വാസസ്ഥലം മോശം തന്നെ.'[2]

സത്യവിശ്വാസികൾക്കു വേണ്ടി മലക്കുകൾ മാപ്പിരന്നു പ്രാർഥി ച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ഖുർആൻ പറയുന്നത്: 'മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിച്ചു കൊണ്ടിരിക്കുകയും ഭൂമിയിലുള്ളവർക്ക് വേണ്ടി അവർ പാപമോച നം തേടുകയും ചെയ്യുന്നു.'[3]

ലോകാവസാനത്തോടനുബന്ധിച്ച് മലക്കുകൾ കൂട്ടംകൂട്ടമായി ഇറക്കപ്പെടും. 'ആകാശം പൊട്ടിപ്പിളർന്ന് വെൺമേഘപടലം പുറ ത്തുവരികയും മലക്കുകൾ ശക്തിയായി ഇറക്കപ്പെടുകയും ചെയ്യുന്ന ദിവസം.'[4]

പരലോകത്തുവെച്ച് സത്യവിശ്വാസികൾക്ക് നൽകപ്പെടുന്ന സ്വർ ഗത്തിലേക്ക് അവരെ സ്വീകരിച്ചാനയിക്കുവാനും അല്ലാഹുവിൻെറ പരിശുദ്ധസൃഷ്ടികളായ മലക്കുകളുണ്ടായിരിക്കും. 'സ്ഥിരവാസ ത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരുടെ പിതാക്കളിൽനിന്നും ഇണകളിൽനിന്നും സന്തതികളിൽനിന്നും സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ടു പറയും: 'നിങ്ങൾ ക്ഷമ കൈ

1. ഖുർആൻ 47: 27
2. ഖുർആൻ 16: 28, 29
3. ഖുർആൻ 42: 5
4. ഖുർആൻ 25: 25



ക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം' അപ്പോൾ ലോകത്തിൻെറ പര്യവസാനം എത്ര നല്ലത്'.[1]

ദുഷ്കർമികൾക്ക് തങ്ങളുടെ ചെയ്തികളുടെ പ്രതിഫലമായി നൽകപ്പെടുന്ന നരകത്തിൻെറ ചുമതല വഹിക്കുന്നതും മലക്കുകൾ തന്നെ. ദൈവിക നിർദേശ പ്രകാരം നരകവാസികൾ അനുഭവിക്കേ ണ്ടുന്ന ശിക്ഷ അവരെ പൂർണമായും അനുഭവിപ്പിക്കുന്ന കാര്യത്തിൽ മലക്കുകൾ അൽപംപോലും വിട്ടുവീഴ്ച കാണിക്കുകയില്ല: 'സത്യ വിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിൻെറ മേൽനോട്ടത്തിന് പരുഷസ്വ ഭാവികളും അതിശക്തരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപ്പിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേടു കാണിക്കുകയില്ല. അവരോട് കൽപ്പിക്കപ്പെടുന്നതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യും'.[2]

പരലോകത്ത് വ്യത്യസ്തങ്ങളായ ചുമതലകൾ വഹിക്കുന്ന മലക്കുകൾക്കുപോലും മനുഷ്യരെ സ്വയം അഭീഷ്ടപ്രകാരം രക്ഷി ക്കുവാൻ സാധ്യമല്ല. അല്ലാഹുവിൻെറ അനുമതിയോടുകൂടി മാത്രമെ മലക്കുകൾക്ക് പരലോകത്തുവെച്ച് ശുപാർശചെയ്യുവാൻ സാധിക്കൂ വെന്ന വസ്തുത ഖുർആൻ വ്യക്തമാക്കുന്നുണ്ട്: 'ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോ ജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തി പ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശയ്ക്ക്) അനുവാദം നൽകിയ തിൻെറ ശേഷമല്ലാതെ'[3]

മലക്കുകൾ അല്ലാഹുവിൻെറ പെൺമക്കളാണെന്ന വിശ്വാസം മക്കയിലെ ബഹുദൈവ വിശ്വാസികൾക്കിടയിൽ നിലനിന്നിരുന്നു. മാലാഖമാരെ സ്ത്രീകളായി സങ്കൽപിക്കുന്ന സമ്പ്രദായം ഇന്ന് ക്രൈസ്തവ സമൂഹത്തിൽ കാണപ്പെടുന്നുണ്ടല്ലോ. ഖുർആൻ ഈ വാദങ്ങളെ ശക്തിയുക്തം എതിർക്കുന്നു: 'പരമകാരുണികൻെറ ദാസന്മാരായ മലക്കുകളെ അവർ പെണ്ണുങ്ങളാക്കിയിരിക്കുന്നു. അവരെ (മലക്കുകളെ) സൃഷ്ടിച്ചതിന് അവർ സാക്ഷ്യം വഹിച്ചിരു

1. ഖുർആൻ 13: 24, 25
2. ഖുർആൻ 66: 6
3. ഖുർആൻ 53: 23

ന്നോ? അവരുടെ സാക്ഷ്യം രേഖപ്പെടുത്തുന്നതും അവർ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.'[1]

'തീർച്ചയായും പരലോകത്തിൽ വിശ്വസിക്കാത്തവർ മലക്കുകൾക്ക് പേരിടുന്നത് സ്ത്രീനാമങ്ങളാകുന്നു. അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല. അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്'.[2]

മലക്കുകളെ ആരാധിച്ചിരുന്ന മക്കയിലെ ബഹുദൈവ വിശ്വാസികളെ ഖുർആൻ വിമർശിക്കുന്നുണ്ട്. അല്ലാഹുവല്ലാതെ ആരുംതന്നെ ആരാധ്യനായിട്ടില്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അല്ലാഹുവിന്റെ അനുസരണശീലമുള്ള അടിമകൾ മാത്രമാണ് മലക്കുകൾ. അവരുടെ അസ്തിത്വത്തിൽ വിശ്വസിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. മലക്കുളിലുള്ള വിശ്വാസത്തിലൂടെ അല്ലാഹുവിന്റെ അജയ്യതയെക്കുറിച്ച് മനുഷ്യർ ബോധവാന്മാരാകുന്നു. അങ്ങനെ ആത്മീയോന്നതിയിലേക്ക് മനുഷ്യർ നയിക്കപ്പെടുന്നു.

1. ഖുർആൻ 43: 19
2. ഖുർആൻ 53: 27, 28

# എട്ട്

# വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

മറ്റു മൃഗങ്ങളെപ്പോലെ ജന്മവാസനകൊണ്ട് മാത്രം ജീവിക്കുവാൻ മനുഷ്യന് കഴിയില്ല. ഒരു സാമൂഹ്യജീവിയെന്ന നിലയ്ക്ക് തന്റെ ജീവിതത്തിൽ പാലിക്കേണ്ട വിധിവിലക്കുകളെക്കുറിച്ച് സ്വന്തമായി ഗവേഷണംചെയ്തു കണ്ടുപിടിക്കുവാനുള്ള കഴിവും അല്ലാഹു മനുഷ്യന് നൽകിയിട്ടില്ല. സാമൂഹ്യഘടനയ്ക്കനുസൃതമായി ധാർമികനിയമങ്ങൾ നിർമിക്കാമെന്നവകാശപ്പെടുന്നവർ ഉണ്ടാക്കിയെടുത്ത സദാചാരമൂല്യങ്ങളിലധികവും മനുഷ്യസമൂഹത്തിന് നാശവും നഷ്ടവും മാത്രമാണ് വരുത്തിവെച്ചിരിക്കുന്നത്. മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കാനാണ് പ്രവാചകന്മാർ കടന്നുവന്നത്. അവർ ദൈവികബോധനങ്ങളുടെ അടിസ്ഥാനത്തിലാണ് സംസാരിച്ചിരുന്നതെന്നതിനാലാണ് വിശ്വാസയോഗ്യരാവുന്നത്. സൃഷ്ടിച്ചു പരിപാലിക്കുന്ന പടച്ചതമ്പുരാന് മാത്രമെ മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് പറഞ്ഞുതരാൻ കഴിയൂ. അവൻ പ്രവാചകന്മാരിലൂടെ മാനവരാശിക്ക് അവതരിപ്പിച്ചുകൊടുത്ത വേദങ്ങളിൽ മനുഷ്യർക്കാവശ്യമായ മാർഗനിർദേശങ്ങളാണുണ്ടായിരുന്നത്; ഇഹപര ജീവിത വിജയത്തിനാവശ്യമായ നിയമനിർദേശങ്ങളുടെ സമാഹാരമാണ് 'വേദം' എന്നു പറയാം.

മനുഷ്യർ ഒരേ മാതാപിതാക്കളിൽ നിന്നുണ്ടായവരാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ആദമിന്റെയും ഹവ്വയുടെയും മക്കളായ മാനവരെല്ലാം ഒരൊറ്റ സമുദായത്തിലെ അംഗങ്ങളായിരുന്നു. ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയും പ്രാർഥിക്കുകയും

ചെയ്തിരുന്ന സമുദായം പിന്നീടവർ ഭിന്നിച്ചു. ദൈവിക മാർഗനിർദേശങ്ങളിൽ നിന്നുള്ള വ്യതിചലനം ഏതൊരു സമൂഹത്തിലും ഭിന്നിപ്പിനും സ്പർദ്ധയ്ക്കും മാത്രമെ നിമിത്തമാകൂ. മനുഷ്യർ ഭിന്നിച്ചപ്പോൾ ദൈവികമായ ഐക്യത്തിൻെറ പാതയിലേക്ക് അവരെ നയിക്കാൻ പ്രവാചകന്മാർ നിയോഗിക്കപ്പെട്ടു. ഭിന്നിപ്പിന് തീർപ്പു കൽപിക്കുവാനും യഥാർഥത്തിലുള്ള ദൈവികനിയമങ്ങൾ പഠിപ്പിക്കുവാനും വേണ്ടി വേദങ്ങൾ നൽകുകയും ചെയ്തു. വേദങ്ങളിൽ വിധിവിലക്കുകളനുസരിച്ച് ജീവിക്കുന്ന സമൂഹത്തിൽ ഭിന്നിപ്പുണ്ടാവുകയില്ലെന്ന് സ്പഷ്ടമാണല്ലോ. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ പിന്നീട് ഭിന്നിക്കുകയും പരസ്പരം സംഘട്ടനങ്ങളിലേർപ്പെടുകയും ചെയ്തുവെന്നതിന് ചരിത്രം സാക്ഷിയാണ്. ഇതിന് കാരണം വേദങ്ങളിലെ നിയമനിർദേശങ്ങളിൽ നിന്ന് അതിൻെറ അനുയായികളെന്നവകാശപ്പെടുന്നവർ അകന്നുപോയതും സ്വാർഥികളായ പുരോഹിതന്മാർ ജനങ്ങളെ ചൂഷണം ചെയ്യാൻ വേണ്ടി വേദതത്ത്വങ്ങളിലും വചനങ്ങളിൽ തന്നെയും മായം ചേർത്തതുമാണ്. ഖുർആൻ പറയുന്നതു നോക്കുക: ‘മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ ഭിന്നിച്ച വിഷയത്തിൽ തീർപ്പ് കൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവ ൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയ ശേഷം അതിൽ ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാൽസര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ, ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്കു അല്ലാഹു തൻെറ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴികാണിച്ചു. താനുദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു.’[1]

ഖുർആനിൽ നാലു വേദങ്ങളെക്കുറിച്ചു മാത്രമെ പേരു പറഞ്ഞു കൊണ്ടുള്ള പ്രസ്താവനയുള്ളൂവെങ്കിലും അതല്ലാതെയും വേദങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെന്നതിന് സൂചനകളുണ്ട്. വിശുദ്ധ ഖുർആനിലെ ആറാമത്തെ അധ്യായമായ സൂറത്തുൽ അൻആമിൽ നൂഹ്, ഇബ്‌റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ, സകരിയ്യാ, യഹ്‌യാ, ഈസാ,

1. ഖുർആൻ 2: 213



ഇൽയാസ്, ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്ത് തുടങ്ങി പതിനെട്ട് പ്രവാചകന്മാരുടെ പേരു പറഞ്ഞ ശേഷം അല്ലാഹു പറഞ്ഞ വരികൾ ശ്രദ്ധേയമാണ്: ‘നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അവർ’[1]. ഇതിൽ നിന്ന് മുകളിൽ പ്രസ്താവിക്കപ്പെട്ട പ്രവാചകന്മാരിൽ ചിലർക്കെങ്കിലും വേദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാണല്ലോ.

പാപ പുണ്യങ്ങളെക്കുറിച്ച ഖുർആനികവീക്ഷണം തന്നെയാണ് പൂർവപ്രവാചകന്മാർക്ക് നൽകപ്പെട്ട വേദങ്ങളിലുള്ളതെന്ന് സ്ഥാപിച്ചുകൊണ്ടുള്ള ഖുർആൻസൂക്തം ശ്രദ്ധിക്കുക: ‘തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്. അതായത് ഇബ്‌റാഹീമിൻെറയും മൂസയുടെയും ഏടുകളിൽ.’[2] ഇവയിൽ നിന്നെല്ലാം ഖുർആനിൽ പേരു പറഞ്ഞിട്ടില്ലാത്ത വേദങ്ങളും മുൻപ്രവാചകന്മാർക്ക് അവതരിപ്പിച്ചിട്ടുണ്ടെന്ന വസ്തുത വ്യക്തമാവുന്നുണ്ട്.

എല്ലാ പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ വിശ്വസിക്കേണ്ടത് സത്യവിശ്വാസികളുടെ കടമയാണ്. ഖുർആൻ പറയുന്നത് നോക്കുക: ‘സത്യവിശ്വാസികളേ, അല്ലാഹുവിലും അവൻെറ ദൂതനിലും അവൻെറ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ ഗ്രന്ഥങ്ങളിലും അവൻെറ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു.’[3]

മുൻവേദങ്ങളെയെല്ലാം ശരിവെച്ചുകൊണ്ടാണ് ഖുർആനിൻെറ അവതരണം. വേദങ്ങളെ ശരിവെക്കുകയെന്നതുകൊണ്ടുദ്ദേശിക്കുന്നത് അവ അവതരിപ്പിക്കപ്പെട്ട രൂപത്തിനുള്ള അംഗീകാരമാണ്. മുൻവേദങ്ങളെ അംഗീകരിച്ചു കൊണ്ടുള്ള ഖുർആനിക പ്രസ്താവം കാണുക. ‘(നബിയേ) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു. അതിൻെറ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.’[4]

ഓരോ പ്രവാചകനും തനിക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെ അംഗീകരിച്ചുകൊണ്ടാണ് കടന്നുവന്നത്. എല്ലാ പ്രവാചക

1. ഖുർആൻ 6: 89
2. ഖുർആൻ 87: 18, 19
3. ഖുർആൻ 4: 136
4. ഖുർആൻ 5: 48

ന്മാർക്കും ജനങ്ങൾക്കു മുന്നിൽ വെക്കാനുണ്ടായിരുന്ന സന്ദേശത്തിന്റെ ഐകഭാവം കൊണ്ടാണിത്. അവർക്കു അടിസ്ഥാനപരമായി പഠിപ്പിക്കാനുണ്ടായിരുന്നത് 'സ്രഷ്ടാവും സർവശക്തനുമായ ജഗന്നിയന്താവിനെ മാത്രം ആരാധിക്കുക' എന്ന സന്ദേശമായിരുന്നു. അതു കൊണ്ടുതന്നെ വേദങ്ങളുടെയെല്ലാം അടിസ്ഥാനാദർശങ്ങൾ ഒന്നുതന്നെയായിരുന്നു. അവ തമ്മിലുള്ള വ്യത്യാസം ഏതാനും ചില നിയമങ്ങളുടെ കാര്യത്തിൽ മാത്രമായിരുന്നു. ഇസ്രാഈല്യരിലേക്ക് അയക്കപ്പെട്ട പ്രവാചകനായ യേശു പറഞ്ഞതായി ഖുർആൻ രേഖപ്പെടുത്തുന്നത് നോക്കുക.: 'എന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചു തരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്).'[1]

ഇക്കാര്യം സുവിശേഷങ്ങളും ഉദ്ധരിക്കുന്നു. 'നിയമത്തെയോ പ്രവാചകന്മാരെയോ റദ്ദാക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ ധരിക്കേണ്ട; റദ്ദാക്കാനല്ല, നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്'[2]

ഖുർആനിൽ പേരെടുത്തു പറഞ്ഞിട്ടുള്ള മുൻവേദങ്ങൾ മൂന്നെണ്ണമാണ്. തൗറാത്ത്, സബൂർ, ഇൻജീൽ എന്നിവയാണവ. മൂസാനബിക്ക് തൗറാത്തും ദാവൂദ്നബിക്ക് സബൂറും ഇസാനബിക്ക് ഇൻജീലും വേദഗ്രന്ഥമായി നൽകിയെന്നാണ് ഖുർആൻ പറയുന്നത്. ഈ വേദഗ്രന്ഥങ്ങളിലെല്ലാം വിശ്വസിക്കേണ്ടത് വിശ്വാസികളുടെ നിർബന്ധബാധ്യതയാണെന്ന് പറഞ്ഞുവല്ലോ. പ്രവാചകന്മാർ തമ്മിൽ വിവേചനമൊന്നും കാണിക്കാൻ പാടില്ലെന്ന ഇസ്ലാമികാധ്യാപനത്തിന്റെ ഭാഗമായിട്ടാണ് അവർക്ക് അവതരിപ്പിക്കപ്പെട്ട വേദങ്ങളിൽ വിശ്വസിക്കേണ്ടത് മുസ്ലിമിന്റെ ബാധ്യതയാണെന്ന് ഖുർആൻ പഠിപ്പിക്കുന്നത്. 'പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ടതിലും മൂസായ്ക്കും ഈസായ്ക്കും മറ്റു പ്രവാചകന്മാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും നിങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല.

1. ഖുർആൻ 3: 50
2. ഖുർആൻ 5: 17



ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു.'[1]

മുൻ കഴിഞ്ഞ വേദങ്ങളെ ഖുർആൻ അംഗീകരിക്കുന്നുവെന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് പ്രസ്തുത വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ട സന്ദർഭത്തിലുള്ള അവസ്ഥയെ ഖുർആൻ അംഗീകരിക്കുന്നുവെന്നാണ്; ഇന്ന് നിലനിൽക്കുന്ന വേദഗ്രന്ഥങ്ങൾക്കുള്ള അംഗീകാരമല്ല അത്. മൂസാനബിക്ക് അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥമാണ് തൗറാത്ത്. യഹൂദന്മാരും ക്രൈസ്തവരും 'തോറാ'യായി അംഗീകരിക്കുന്ന പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ തൗറാത്തിൽ നിന്നുള്ള ഉദ്ധരണികളോ ഭാഗങ്ങളോ നിലനിൽക്കുന്നുണ്ടാവാം. തൗറാത്ത് പൂർണമായി അതുൾക്കൊള്ളുന്നില്ലെന്ന് വ്യക്തമാണ്. മോശെ പ്രവാചകന്റെ മരണത്തെയും മരണാനന്തര സംഭവങ്ങളെയും കുറിച്ച് വിവരിക്കപ്പെട്ടിരിക്കുന്ന പഞ്ചപുസ്തകങ്ങൾ എങ്ങനെയാണ് മോശെയ്ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്താവുക? സബൂറിന്റെ സ്ഥിതിയും തഥൈവ. ഇന്ന് വാങ്ങാൻ ലഭിക്കുന്ന ബൈബിളിലുള്ള സങ്കീർത്തന പുസ്തകം ദാവീദിന് ദൈവം അവതരിപ്പിച്ചു കൊടുത്ത സബൂറാണെന്ന് ക്രൈസ്തവപണ്ഡിതന്മാർക്കുതന്നെ അഭിപ്രായമില്ല. പഴയനിയമത്തിലെ പല പുസ്തകങ്ങളും പുരോഹിതന്മാരുടെ കൈകടത്തലുകൾക്ക് വിധേയമായിട്ടുണ്ടെന്ന വസ്തുതയിലേക്ക് പഴയ നിയമം തന്നെ സൂചന നൽകുന്നുണ്ട്. 'ഞങ്ങൾ ജ്ഞാനികൾ; കർത്താവിന്റെ നിയമം ഞങ്ങളുടെ പക്കലുണ്ട് എന്നു പറയാൻ നിങ്ങൾക്ക് എങ്ങനെ കഴിയും? എന്നാൽ ഇതാ വേദജ്ഞരുടെ വ്യാജതൂലിക അതിനെ അസത്യമാക്കിയിരിക്കുന്നു.'[2]

ഇക്കാര്യത്തിലേക്ക് ബൈബിൾപണ്ഡിതനായ റവ. എ.സി. ക്ലേയീറ്റൻ സൂചന നൽകുന്നതിങ്ങനെയാണ്: 'പുരാതനഗ്രന്ഥകർത്താക്കളിൽ ചിലർ വിശിഷ്ടമായ ഒരുപദേശത്തെ പ്രതിപാദിക്കുന്നതിന്ന് ആഗ്രഹിച്ചാൽ അവർ തങ്ങൾ പറയുന്ന ഉപദേശം ദാവീദ്, ഹനോക്ക്, യശയ്യാവ് മുതലായ മഹാന്മാർ പറയുന്നുവെന്ന് ഭാവിച്ച് വാസ്തവത്തിൽ തങ്ങൾ തന്നെ എഴുതുന്നവയെ ആ മഹാന്മാർ എഴുതിയതെന്ന് പറയുന്നത് അബദ്ധമാണെന്ന് വാചാരിച്ചിരുന്നില്ല.'[3]

വേദഗ്രന്ഥത്തിൽ ഇല്ലാത്തത് പലതും വേദത്തിലുള്ളതാണെന്ന്

1. ഖുർആൻ 3: 84
2. യിരെമ്യാ 8: 8
3. റവ. എ.സി. ക്ലേയീറ്റൻ: വേദപുസ്തക നിഘണ്ടു പുറം 523

വരുത്തിത്തീർക്കാൻ വേണ്ടി യഹൂദപണ്ഡിതന്മാർ ചെയ്തിരുന്ന വേലകളെ ഖുർആൻ നിശിതമായി വിമർശിക്കുന്നുണ്ട്. ‘വേദഗ്രന്ഥത്തിലെ വചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് നിങ്ങൾ ധരിക്കുവാൻ വേണ്ടിയാണത്. അത് വേദഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും; അത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിങ്കൽ നിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിൻെറ പേരിൽ കള്ളം പറയുകയാണ്.’[1]

ഇസ്രാഈല്യർക്ക് രക്ഷയുടെ മാർഗം പഠിപ്പിക്കുവാനായി പടച്ചതമ്പുരാനാൽ നിയുക്തനായ യേശുവിന് അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥമാണ് ഇൻജീൽ. ഇന്ന് പുതിയനിയമത്തിൽ കാണുന്ന പുസ്തകങ്ങൾക്കൊന്നിനും ഇൻജീലാണെന്ന് അവകാശപ്പെടാനാവില്ല. ദൈവം യേശുവിന് അവതരിപ്പിച്ചുകൊടുത്ത സുവിശേഷമാണ്-യേശുവിൻെറ സുവിശേഷം-ഇൻജീൽ. എന്നാൽ, പുതിയ നിയമത്തിലെവിടെയും യേശുവിൻെറ സുവിശേഷം നമുക്ക് കാണാൻ കഴിയുന്നില്ല. പുതിയ നിയമത്തിലുള്ള ഇരുപത്തിയേഴ് പുസ്തകങ്ങളിൽ പ്രധാനപ്പെട്ടത് ആദ്യത്തെ നാലു സുവിശേഷങ്ങളാണ്. ഇവയുടെ കർത്താക്കളെന്നു കരുതപ്പെടുന്ന മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ തുടങ്ങിയവർ ഈസാനബിയുടെ ജീവിതവും മരണവും ചിത്രീകരിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. അവയിൽ ക്രിസ്തുവിൻേറതായി ഉദ്ധരിക്കപ്പെടുന്ന വചനങ്ങൾ തുലോം പരിമിതമത്രെ. സുവിശേഷ കർത്താക്കൾ യേശുശിഷ്യന്മാരാണോ അല്ലേയെന്ന കാര്യത്തിൽ ബൈബിൾ പണ്ഡിതന്മാർക്കിടയിൽ തർക്കം നിലനിൽക്കുന്നു.[2] ഏതായിരുന്നാലും ദൈവാവതീർണമായ ഇൻജീൽ ഇന്നു ക്രൈസ്തവരുടെ കൈവശമില്ലെന്നുറപ്പാണ്. ദൈവനിവേശിതരായി വിശുദ്ധന്മാർ എഴുതിയതെന്ന് കരുതപ്പെടുന്ന ഏതാനും ഗ്രന്ഥങ്ങൾ മാത്രമാണ് ഇന്ന് അവരുടെ കൈയിലുള്ളത്. ഇത്തരത്തിലുള്ള ഇരുന്നൂറോളം സുവിശേഷങ്ങൾ ആദ്യകാല ക്രൈസ്തവ സഭയുടെ കൈവശമുണ്ടായിരുന്നുവെന്നും അവയിൽ റോമാമതവുമായി വൈരുധ്യം പുലർത്താത്ത നാലുഗ്രന്ഥങ്ങൾ മാത്രം സ്വീകരിച്ച് ബാക്കിയുള്ളവ നശിപ്പിക്കുകയാണ് ക്രിസ്താബ്ദം 325 ൽ നടന്ന

1. ഖുർആൻ 3: 78
2. റവ: എ.സി. ക്ലേയീറ്റൻെറ ‘ബൈബിൾ നിഘണ്ടു’ നോക്കുക



നിഖിയാ കൗൺസിൽ ചെയ്തതെന്നും ക്രൈസ്തവചരിത്രം പഠിച്ചാൽ മനസ്സിലാവും. അഥവാ, സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥങ്ങളെഴുതിയുണ്ടാക്കുകയും അതു ദൈവത്തിൽ നിന്നാണെന്ന് പറയുകയുമാണ് ക്രൈസ്തവ സഭ ചെയ്തിരിക്കുന്നത്.

സഭയുടെ ഈ നിലപാടിനെ വിശുദ്ധ ഖുർആൻ ശക്തമായി അപലപിക്കുന്നുണ്ട്. ‘സ്വന്തം കൈകൾക്കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം.. അതു മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം.’[1]

ദൈവാവതീർണമായ വേദഗ്രന്ഥങ്ങളെ അവഗണിച്ചുകൊണ്ട് ജനങ്ങൾക്കനുസൃതമായി നിയമങ്ങളുണ്ടാക്കുന്ന യഹൂദ-ക്രൈസ്തവപൗരോഹിത്യത്തെ ഖുർആൻ ശക്തമായ ഭാഷയിൽ വിമർശിക്കുന്നു: ‘വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തുകയും അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?’[2]

‘വേദവാക്യങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്ന് അവർ തെറ്റിക്കുന്നു. അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ ഒരു ഭാഗം അവർ മറന്നുകളയുകയും ചെയ്തു.’[3]

‘ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്നു പറഞ്ഞവരിൽ നിന്നും നാം കരാറ് വാങ്ങുകയുണ്ടായി. എന്നിട്ട് അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ നിന്ന് ഒരുഭാഗം അവർ മറന്നുകളഞ്ഞു. അതിനാൽ അവർക്കിടയിൽ ഉയിർത്തെഴുന്നേൽപ്പിൻെറ നാൾവരേക്കും ശത്രുതയും വിദ്വേഷവും നാം ഇളക്കിവിട്ടു. അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റിയെല്ലാം അല്ലാഹു പിന്നീടവരെ പറഞ്ഞറിയിക്കുന്നതാണ്’.[4]

ഖുർആനടക്കം നാലു വേദങ്ങളുടെ പേരുമാത്രമെ ഖുർആനിൽ പ്രസ്താവിച്ചിട്ടുള്ളുവെങ്കിലും അതിലധികം വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കാനുള്ള സാധ്യതയിലേക്ക് ഖുർആൻ സൂചന നൽ

1. ഖുർആൻ 2: 79
2. ഖുർആൻ 3: 71
3. ഖുർആൻ 5: 13
4. ഖുർആൻ 5: 14

കുന്നുണ്ടെന്ന കാര്യം മുമ്പു സൂചിപ്പിച്ചുവല്ലോ. 'ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരൊറ്റ സമുദായവുമില്ല'[1] എന്ന ഖുർആനിക പ്രസ്താവന പ്രകാരം പുരാതന കാലം മുതൽ തന്നെ മനുഷ്യവാസ മുണ്ടായിരുന്ന ഇന്ത്യയിലും പ്രവാചകന്മാർ കടന്നുവന്നിരിക്കണം. ചിലരെങ്കിലും വേദഗ്രന്ഥങ്ങൾ നൽകപ്പെട്ടവരായിരിക്കണം. ഹിന്ദു മതസാഹിത്യങ്ങളിൽ ഏറ്റവും പ്രാമാണികമായി ഗണിക്കപ്പെടുന്ന നാലു വേദസംഹിതകളോ അനുബന്ധഗ്രന്ഥങ്ങളോ നൂറു ശതമാനം ദൈവികമാണെന്ന് പറയാൻ അവയുടെ അനുയായികളെന്നവകാശ പ്പെടുന്നവർ പോലും സന്നദ്ധമാവില്ലെന്നുറപ്പാണ്. അവയ്ക്കകത്ത് അതിന്നു മാത്രം അന്ധവിശ്വാസങ്ങളുണ്ട്. വേദസംഹിതകളിൽ പ്രഥമഗണനീയമായ ഋഗ്വേദത്തിലെ പ്രധാനപ്പെട്ട പ്രതിപാദ്യം ഇന്ത്യ യിലെ പുരാതനനിവാസികളായ ദ്രാവിഡരും പിന്നീടിങ്ങോട്ട് കുടി യേറിയ ആര്യന്മാരും തമ്മിലുണ്ടായ സംഘട്ടനങ്ങളാണ്. യജുർവേദ ത്തിലെ പ്രതിപാദ്യം ഹോമങ്ങളും യാഗങ്ങളും മന്ത്രങ്ങളുമാണ്. സാ മവേദം ഋഗ്വേദത്തിലെ ചില സൂക്തങ്ങളുടെ ആവർത്തനമാണ്. ആഭിചാരകർമങ്ങളും മന്ത്രതന്ത്രങ്ങളുമാണ് അഥർവ്വവേദത്തിൻെറ ഉള്ളടക്കം. ഇവയെല്ലാം അവിശ്വസനീയങ്ങളായ അനവധി അന്ധവി ശ്വാസങ്ങളാൽ നിബിഢമാണ്. വേദങ്ങളിലും ഉപനിഷത്തുകളിലും മറ്റും കാണപ്പെടുന്ന ഏകദൈവവിശ്വാസം ദ്യോതിപ്പിക്കുന്ന സൂക്ത ങ്ങളിൽ ചിലവ ഭാരതീയപ്രവാചകന്മാർക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളുടെ ആശയമുൾക്കൊള്ളുന്നതാണെന്ന് ന്യായമായും നമുക്ക് അനുമാനിക്കാം.

പക്ഷേ, പ്രസ്തുത ഏകദൈവവിശ്വാസത്തെപ്പോലും നിഷ് ഫലമാക്കാനുതകുന്ന വിശ്വാസാചാരങ്ങളുടെ വിവരണങ്ങൾ വേദോ പനിഷത്തുകൾ ഉൾക്കൊള്ളുന്നതുകൊണ്ടുതന്നെ അവ പൂർണമാ യും ദൈവികമാണെന്ന് പറയുക സാധ്യമല്ല. ഇവയുടെ ദിവ്യത്വ ത്തെക്കുറിച്ച് ഹൈന്ദവ പണ്ഡിതന്മാർക്കിടയിൽ നിലനിൽക്കുന്ന തർ ക്കം ഇന്നും തുടർന്നു കൊണ്ടിരിക്കുകയുമാണ്'.[2]

ഇങ്ങനെ, മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെല്ലാം തിരു ത്തപ്പെടുകയോ മറച്ചുവെക്കപ്പെടുകയോ ചെയ്തപ്പോഴാണ് പടച്ച തമ്പുരാൻ അവസാനത്തെ വേദഗ്രന്ഥം അവതരിപ്പിച്ചത്. പുരോഹിത

1. ഖുർആൻ 35: 24
2. കൂടുതൽ പഠനത്തിന് ഈ ലേഖകൻെറ 'ഹൈന്ദവത, ധർമ്മവും ദർശനവും' വായിക്കുക



ന്മാർ മറച്ചുവെച്ച ദൈവികനിയമങ്ങൾ വെളിപ്പെടുത്തുകയും അവർ പ്രയാസപൂർണമാക്കിയ മതനിയമങ്ങൾ ലഘൂകരിക്കുകയും ചെയതു കൊണ്ടാണ് വിശുദ്ധഖുർആൻ അവതീർണമായത്. 'വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന പലതും നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ട് നമ്മുടെ ദൂതൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. പലതും അദ്ദേഹം മാപ്പാക്കുകയും ചെയ്യു ന്നു. നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക് തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു.'[1]

മുഹമ്മദ് നബിക്ക് നാൽപതു വയസ്സുള്ളപ്പോഴാണ് ഖുർആനിന്റെ അവതരണമാരംഭിച്ചത്. മക്കയിലെ ഹിറാഗുഹയിൽ അദ്ദേഹം ധ്യാന നിരതനായിരിക്കുമ്പോഴാണ് ജിബ്‌രീൽ ഖുർആനിൻെറ ആദ്യസൂക് തങ്ങൾ പ്രവാചകന്ന് മുമ്പിൽ ഓതിക്കേൾപ്പിച്ചത്. പ്രസ്തുത വചന ങ്ങളുടെ സാരമിതാണ്. 'സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേനകൊ ണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യ ന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.' വിശുദ്ധ ഖുർആനിലെ 96-ാം അധ്യായത്തിലെ ഒന്നു മുതതൽ അഞ്ചുവരെ സൂക്തങ്ങളത്രെ ഇത്.

ഖുർആനിൽ ആകെ 114 അധ്യായ(സൂറത്ത്)ങ്ങളാണുള്ളത്. മൂ ന്നോ കൂടുതലോ സൂക്ത(ആയത്ത്)ങ്ങൾ ചേർന്ന സ്വതന്ത്രഭാഗ ങ്ങളാണ് അധ്യായങ്ങൾ. ഖുർആനിലെ ഏറ്റവും വലിയ അധ്യായ മായ സൂറത്തുൽ ബഖറയിൽ 286 സൂക്തങ്ങളാണുള്ളത്. ഒരോ സൂറ ത്തിനും ഒരോ പ്രത്യേക പേരുകൾ നൽകിയിട്ടുണ്ട്. ചില അധ്യായ ങ്ങൾ ഒന്നിലേറെ പേരുകളിലും അറിയപ്പെടുന്നു. ഖുർആൻ അധ്യാ യങ്ങളെ അവയുടെ അവതരണ ക്രമത്തിൻെറ അടിസ്ഥാനത്തിൽ പ്രധാനമായും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഹിജ്റയ്ക്കു മുമ്പ് അവതരിച്ച അധ്യായങ്ങൾ മക്കി സൂറത്തുകളെന്നും ഹിജ്റക്ക് ശേഷം അവതരിച്ചവ മദനി സൂറത്തുകളെന്നും അറിയപ്പെടുന്നു.

ഇരുപത്തിമൂന്ന് സംവൽസരങ്ങൾക്കുള്ളിൽ വത്യസ്തങ്ങളായ അവസരങ്ങളിലാണ് ഖുർആനികസൂക്തങ്ങൾ അവതീർണമായത്. സന്ദർഭങ്ങൾക്കും അവസരങ്ങൾക്കുമൊത്ത് പ്രബോധിത സമൂഹ

1. ഖുർആൻ 5: 15

ത്തെ പടിപടിയായി ഉൽബുദ്ധരാക്കിക്കൊണ്ടാണ് ഖുർആനിലെ സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ടത്. അതിനാൽ അതിൻെറ നിയമനിർദേശങ്ങൾ അവ അവതരിക്കുന്ന ക്രമത്തിൽ തന്നെ പ്രായോഗികമാക്കുവാനും സാധിച്ചു. ഖുർആൻ അവതരിച്ചു കഴിഞ്ഞപ്പോൾ അതനുസരിച്ച് ജീവിതം നയിക്കുന്ന ഒരു സമൂഹം കൂടി വളർന്നുവന്നിരുന്നു. വ്യത്യസ്ത അവസരങ്ങളിൽ അവതീർണമായ സൂക്തങ്ങളുടെ സമ്പൂർണമായ സാരം മനസ്സിലാക്കണമെങ്കിൽ അവ അവതരിപ്പിക്കപ്പെട്ട അവസരം കൂടി പരിഗണിക്കണമെന്ന് പറയാനുള്ള കാരണമിതാണ്. അവതീർണമാകുന്ന സൂക്തങ്ങൾ ഏതു സൂറത്തിൽ ഏതു സ്ഥാനത്താണ് ചേർക്കേണ്ടതെന്ന് പ്രവാചകൻ അനുചരന്മാർക്ക് വ്യക്തമായ നിർദേശം നൽകിയിരുന്നു.

അവതരിപിക്കപ്പെടുന്ന ഖുർആൻ സൂക്തങ്ങൾ രേഖപ്പെടുത്താൻ നബി(സ) ഏതാനും അനുചരന്മാരെ പ്രത്യേകമായി ഏൽപിച്ചിരുന്നു. അക്കാലത്ത് എഴുതാനുപയോഗിച്ചിരന്ന പനയോല, എല്ലുകൾ, തോല്, മരപ്പലക, മിനുസമുള്ള പല്ലുകൾ എന്നിവയിലായിരുന്നു അവർ ഖുർആൻ സൂക്തങ്ങൾ എഴുതിവെച്ചിരുന്നത്. ഖുർആൻ സൂക്തങ്ങൾ അവതരിക്കുന്നതിനനുസരിച്ച് അവ മനഃപാഠമാക്കിയിരുന്ന സഹാബികളുമുണ്ടായിരുന്നു. എന്നാൽ പ്രവാചകൻെറ ജീവിതകാലത്ത് ഖുർആൻ ഗ്രന്ഥരൂപത്തിൽ സമാഹരിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ ജീവിതാന്ത്യം വരെ ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെടാൻ സാധ്യതയുണ്ടെന്ന പ്രതീക്ഷയിലായിരുന്നു അന്ന് അത് ക്രോഡീകരിക്കാതിരുന്നത്.

പ്രവാചകവിയോഗത്തിനുശേഷം, ഒന്നാം ഖലീഫയായ അബൂബക്കറി(റ)ൻെറ കാലത്ത് മതഭ്രഷ്ടരുമായി യമാമയിൽവെച്ചു നടന്ന യുദ്ധത്തിൽ ഖുർആൻ മനഃപാഠമാക്കിയിരുന്ന കുറെയേറെ മഹത്തുക്കൾ രക്തസാക്ഷികളായി. അപ്പോൾ ഉമറുബ്നുൽ ഖത്താബിൻെറ നിർദേശപ്രകാരം അബൂബക്കർ (റ) ഖുർആൻ ക്രോഡീകരിക്കാൻ തീരുമാനിച്ചു. ഖുർആൻ സൂക്ഷ്മമായും പൂർണമായും ഹൃദിസ്ഥമാക്കിയിരുന്ന സൈദുബ്നു സാബിത്തിനെയാണ് ഈ കൃത്യം അദ്ദേഹം ഏൽപിച്ചത്. സൈദ് സമാഹരിച്ച് ഒരു ഗ്രന്ഥത്തിൻെറ ചട്ടക്കൂടിൽ ഒതുക്കിയ ഖുർആനിൻെറ ആദ്യത്തെ കോപ്പി അബൂബക്കർ (റ) സൂക്ഷിച്ചു. ഇസ്‌ലാം നാനാദിക്കുകളിലേക്കും പ്രചരിച്ചപ്പോൾ വ്യത്യസ്ത പ്രദേശങ്ങളിൽ ശൈലീവ്യത്യാസത്തിനനുസരിച്ച് ഖുർആൻ



പാരായണത്തിൽ ചില സ്വരഭേദങ്ങൾ കണ്ടുതുടങ്ങി. ഇത് പരിഹരിക്കാനായി മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ (റ) നാല് പ്രമുഖന്മാരെ ഖുർആൻ പകർപ്പുകളുണ്ടാക്കാൻ ചുതലപ്പെടുത്തി. അബൂബക്കറിൻെറ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആൻ കോപ്പിയെ അവലംബമാക്കിയും അതു ചെയ്ത സൈദ്ബ്നുസാബിത്തിൻെറ മേൽനോട്ടത്തിലുമായിരുന്നു പ്രസ്തുത കോപ്പികളുടെ നിർമാണം നടന്നത്. ആ കോപ്പികളിലൊന്ന് ഉസ്മാൻ (റ) സൂക്ഷിക്കുകയും മറ്റു മൂന്നെണ്ണം കൂഫ, ബസറ, ശാം എന്നിവിടങ്ങളിലേക്ക് അയക്കുകയും ചെയ്തു. ഈ പ്രതികളിലൊന്ന് താഷ്ക്കൻറിലെ ഉസ്ബക്ക് ചരിത്ര മ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചുച്ചിട്ടുണ്ട്. പ്രസ്തുത കോപ്പിയുമായി യാതൊരു വ്യത്യാസവും പുലർത്താത്തതാണ് ഇന്നുപയോഗിക്കപ്പെടുന്ന ഖുർആൻ കോപ്പികളെല്ലാം തന്നെ.

അവതരിപ്പിക്കപ്പെട്ട രൂപത്തിൽ നിലനിൽക്കുന്ന ഏക വേദഗ്രന്ഥം ഖുർആനത്രെ. അതിൽ കൈകടത്തലുകളോ മാറ്റത്തിരുത്തലുകളോ ഉണ്ടായിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. ഖുർആനിൻെറ ആദ്യകാലം മുതൽക്കുതന്നെയുള്ള നിലനിൽപ്പ് അതിൽ എന്തെങ്കിലും രീതിയിലുള്ള കൈകടത്തലുകൾ വന്നു ഭവിക്കാതിരിക്കുവാൻ പ്രത്യേകം സംരക്ഷണമുള്ള രീതിയിലായിരുന്നു. മറ്റു വേദഗ്രന്ഥങ്ങളെപ്പോലെ ഏതാനും ചില വ്യക്തികളിൽ പരിമിതമായിരുന്നില്ല ഖുർആനിൻെറ ഉപയോഗം. മുസ്‌ലിം സമൂഹത്തിൽ വ്യാപകമായും പരസ്യമായും ഉപയോഗിക്കപ്പെട്ടിരുന്ന ഗ്രന്ഥമായിരുന്നു അത്. ദിനേനയുള്ള അഞ്ചു നമസ്കാരങ്ങളിലും രാത്രിയിലുള്ള നമസ്കാരത്തിലും ഖുർആൻ ആവർത്തിച്ചു പാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആദ്യകാലം മുതൽക്കിന്നുവരെയുള്ള മുസ്‌ലിംകളെല്ലാം തങ്ങളുടെ മതസാമൂഹ്യരംഗങ്ങളിലെ നിയമാവലിയായി സ്വീകരിക്കുന്ന ഗ്രന്ഥമാണത്. അതുകൊണ്ട് തന്നെ അതിൽ ആരെങ്കിലും വല്ല തിരുത്തലുകളും വരുത്തിയാൽ തന്നെ അതിശീഘ്രം കണ്ടുപിടിക്കപ്പെടും. ലോകാവസാനം വരെ മാറ്റത്തിരുത്തുകളൊന്നും കൂടാതെ ഖുർആനിലെ മുഴുവൻ വചനങ്ങളും സംരക്ഷിക്കുമെന്ന ബാധ്യത അല്ലാഹു ഏറ്റെടുത്തതു കൊണ്ടുതന്നെ അതിൽ എന്തെങ്കിലും രീതിയിലുള്ള തിരുത്തുകൾ വരാൻ സാധ്യതയില്ലെന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത് അല്ലാഹു പറയുന്നതായി ഖുർആൻ ഉദ്ധരിക്കുന്നത് കാണുക: ‘തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പി

ച്ചത്. തീർച്ചയായും നാം തന്നെ അതിനെ കാത്തുസൂക്ഷിക്കന്നതുമാണ്.'[1]

ഖുർആനാണ് ഇസ്‌ലാമിൻെറ ഒന്നാമത്തെ പ്രമാണം. അതിലെ നിയമസംഹിതയനുസരിച്ചാണ് മുസ്‌ലിംകൾ ജീവിക്കേണ്ടത്. ഖുർആൻ പ്രദാനംചെയ്യുന്ന നിയമങ്ങൾ സാർവകാലികവും സാർവലൗകികവുമാണ്. അന്ത്യനാൾവരെയുള്ള മുഴുവൻ മനുഷ്യർക്കുമുള്ള മാർഗദർശക ഗ്രന്ഥമത്രെ അത്. അത് ഒരു വേദഗ്രന്ഥമെന്നപോലെ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിനുള്ള ദൃഷ്ടാന്തം കൂടിയാണ്. അതിൻെറ അജയ്യതയും അത്യുന്നതിയും അത് ദൈവത്തിൽ നിന്നുള്ളതാണെന്ന് വ്യക്തമാക്കുന്നു.

മുമ്പുള്ള വേദഗ്രന്ഥങ്ങളുടെ സത്യതയിൽ വിശ്വസിക്കുന്നതോടൊപ്പം പൂർണരൂപത്തിൽ ഇന്നു നിലനിൽക്കുന്ന ഏകവേദഗ്രന്ഥമായ വിശുദ്ധഖുർആനിൻെറ വിധിവിലക്കുകൾക്കനുസരിച്ച് സ്വജീവിതം ചിട്ടപ്പെടുത്തേണ്ടത് ഓരോ വിശ്വസിയുടെയും കടമയാണ്.

1. ഖുർആൻ 15: 9

# ഒമ്പത്

## പ്രവാചകന്മാരിലുള്ള വിശ്വാസം

സാമൂഹികജീവിയായ മനുഷ്യന് അവൻെറ ജന്മവാസനയോ ആർജിതമായ അറിവോ മാത്രം അടിസ്ഥാനമാക്കി ജീവിക്കുവാൻ സാധ്യമല്ലെന്നു നമുക്കറിയാം. അവന്ന് ദൈവികമായ മാർഗനിർദേശങ്ങളാവശ്യമാണ്. നന്മയെയും തിന്മയെയും വ്യക്തമായി വ്യവഛേദിച്ചറിയാൻ മാനവരാശിയുടെ കൈവശം ദൈവികമാർഗദർശനമെന്ന അളവുകോൽ മാത്രമാണുള്ളത്. പ്രസ്തുത വിധിവിലക്കുകളുമായാണ് വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടത്. വെറുതെ വേദഗ്രന്ഥങ്ങളവതരിപ്പിക്കുക മാത്രമല്ല പടച്ചതമ്പുരാൻ ചെയ്തത്. വേദതത്ത്വങ്ങളനുസരിച്ച് എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കാൻ അവൻ പ്രവാചകന്മാരെ അയച്ചു. ദൈവിക വിധിവിലക്കുകൾ തികച്ചും പ്രായോഗികമാണെന്ന് സ്വജീവിതത്തിലൂടെ തെളിയിച്ചവരാണ് പ്രവാചകന്മാർ. പടച്ചതമ്പുരാൻെറ മാർഗനിർദേശപ്രകാരം ജീവിക്കുക ദുഷ്കരമാണെന്ന് മനുഷ്യന് പറയാനുള്ള അവസരം നൽകാത്ത വിധത്തിലാണ് പ്രവാചകന്മാരുടെ നിയോഗമുണ്ടായിട്ടുള്ളത്.

എന്നാൽ, എക്കാലത്തെയും അവിശ്വാസികൾ പ്രവാചകന്മാരെ നിഷേധിക്കുന്നതിന് തക്കതായ ന്യായം കണ്ടെത്തിയിരുന്നു.അല്ലാഹു മനുഷ്യരെ നേർമാർഗത്തിലാക്കുവാൻ വേണ്ടി പ്രവാചകനായി എന്തുകൊണ്ടൊരു മലക്കിനെ പറഞ്ഞയക്കുന്നില്ല എന്നായിരുന്നു പ്രസ്തുത ന്യായവാദങ്ങളിലൊന്ന്. അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ കാലത്തും സത്യനിഷേധികൾ പ്രസ്തുത വാദമുന്നയിക്കുകയുണ്ടായി. ഖുർആൻ പറയുന്നത് നോക്കുക: 'ഇയാളുടെ മേൽ

ഒരു മലക്ക് ഇറക്കപ്പെടത്തതെന്താണെന്നും അവർ പറയുകയുണ്ടായി. എന്നാൽ നാം മലക്കിനെ ഇറക്കിയിരുന്നുവെങ്കിൽ കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുമായിരുന്നു. പിന്നീടവർക്ക് സമയം നീട്ടിക്കിട്ടുമായിരുന്നില്ല. ഇനി നാം ഒരു മലക്കിനെ (ദൂതനായി) നിശ്ചയിക്കുകയാണെങ്കിൽ തന്നെ ആ മലക്കിനെയും നാം പുരുഷരൂപത്തിലാക്കുമായിരുന്നു. (ഇന്ന്) അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന വിഷയത്തിൽ (അപ്പോഴും) നാം അവർക്ക് സംശയമുണ്ടാക്കുന്നതാണ്'[1]

'(നബിയേ) പറയുക: ഭൂമിയിലുള്ളത് ശാന്തരായി നടന്നുപോകുന്ന മലക്കുകളായിരുന്നെങ്കിൽ അവരിലേക്ക് ആകാശത്തുനിന്ന് ഒരു മലക്കിനെത്തന്നെ നാം ദൂതനായി ഇറക്കുമായിരുന്നു.'[2] ഭൂമിയിൽ ജീവിക്കുന്നത് മനുഷ്യരാണെന്നതിനാൽ ഇവിടേക്ക് ദൈവിക വിധിവിലക്കുകൾ പഠിപ്പിക്കുവാൻ നിയുക്തരാവേണ്ടത് മനുഷ്യർ തന്നെയാണെന്ന വസ്തുത വ്യക്തമാക്കുകയാണിവിടെ ഖുർആൻ ചെയ്യുന്നത്.

മനുഷ്യരിൽ നിന്ന് തരഞ്ഞെടുത്തയച്ച പ്രവാചകന്മാരെന്ന ഇസ്ലാമികസങ്കൽപത്തിനു പകരം പടച്ചതമ്പുരാൻ തന്നെ ജഡം സ്വീകരിച്ച് ഭൂമിയിലേക്കിറങ്ങിവന്ന് മനുഷ്യരെ ധർമത്തിൽ വഴിനടത്തുകയാണ് ചെയ്യുന്നതെന്ന ഒരു വിശ്വാസവും ചില ജനവിഭാങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഹിന്ദുമതത്തിലെ അവതാരസങ്കൽപത്തിൻെറ അടിസ്ഥാനം ഈ വിശ്വാസമത്രെ. ഭഗവദ്ഗീതയിലെ സുപ്രസിദ്ധമായ കൃഷ്ണോപദേശപ്രകാരം 'ധർമത്തിന് ക്ഷയംസംഭവിക്കുകയും അധർമം പ്രബലമാവുകയും ചെയ്യുമ്പോൾ സജ്ജനങ്ങളെ രക്ഷിക്കുകയും ദുഷ്ടന്മാരെ ശിക്ഷിക്കുകയും ചെയ്തുകൊണ്ട് ധർമം സ്ഥാപിക്കുവാനായി ഭഗവാൻ മനുഷ്യരൂപം പൂണ്ടതാണ് അവതാരം.'[3] ഹിന്ദുമത പണ്ഡിതന്മാരിലൊരാളായ ശ്രീ. അരവിന്ദ മഹർഷി പറയുന്നത് 'നാം താഴെനിന്ന് എന്തായി വികസിക്കണമോ അതിനെ മുകളിൽ നിന്ന് ഐശ്വര്യ ശക്തി ആവിഷ്കരിച്ചു കാണിക്കുന്നതാണ് അവതാരം'[4] എന്നാണ്. പ്രധാനമായും പത്ത് അവതാരങ്ങളാണുള്ളതെന്നാണ് ഹിന്ദുമത വിശ്വാസം. മൽസ്യം, കൂർമം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബലരാമൻ, കൽക്കി എന്നിവരാണവ. ഇതിൽ കൽക്കിയൊഴിച്ച് ബാക്കി അവതാരങ്ങളെല്ലാം ലോകത്ത് ധർമസംസ്ഥാപനം സാധിച്ചുവെന്നും കലിയുഗത്തിൽ അവസാനത്തെ അവതാരമായ കൽക്കി കടന്നുവരുമെന്നുമാണ് ഹൈന്ദവർ വിശ്വസിക്കുന്നത്.

1. ഖുർആൻ 6: 8, 9
2. ഖുർആൻ 17: 95
3. ഭഗവത്ഗീത 4: 7, 8
4. Sri Aravind: The Message of Gita; Page 58

ദൈവത്തിൻെറ വിശുദ്ധസൃഷ്ടികളായ മലക്കുകൾ ദൈവദൂതന്മാരായി വരുമ്പോഴുള്ള അപാകത തന്നെ സ്രഷ്ടാവായ ദൈവം ജഡം രൂപം സ്വീകരിക്കുമ്പോഴുമുണ്ടാവുന്നു. ദൈവം പരിശുദ്ധനും തെറ്റുപറ്റാത്തവനും ദുർബലവികാരങ്ങൾക്ക് വശംവദനാകാത്തവനുമാണ്. വികാരങ്ങളും വിചാരങ്ങളുമുള്ള, തെറ്റും ശരിയും ചെയ്യാൻ അവസരമുള്ള, പരിശുദ്ധനും പതിതനുമാകാൻ സാധിക്കുന്ന മനുഷ്യന് ദൈവം മാതൃക കാണിക്കുന്നതെങ്ങനെയാണ്? ഒരുദാഹരണം: ദൈവത്തിന് ഭക്ഷണമാവശ്യമില്ല. മനുഷ്യന് ഭക്ഷണമില്ലാതെ ജീവിക്കുവാനാകില്ല. ദൈവപ്രീതിക്കുവേണ്ടി ഉപവസിക്കണമെന്നുപദേശിക്കുന്ന ദൈവാവതാരത്തോട് ജനങ്ങൾക്ക് തിരിച്ചു ചോദിക്കാം: 'താങ്കൾക്ക് ഭക്ഷണമില്ലാതെ എത്രകാലവും കഴിയാനാകും. ഞങ്ങൾക്കതിനാവില്ല. അതുകൊണ്ട് ഉപവസിക്കാൻ ഞങ്ങൾക്ക് കഴിയില്ല'. അവതാരസങ്കൽപത്തിൻെറ അപര്യാപ്തതയാണിവിടെ നമുക്ക് ബോധ്യമാകുന്നത്; ഇസ്ലാമിലെ പ്രവാചകസങ്കൽപത്തിൻെറ യുക്തിഭദ്രതയും.

ഇതേ വൈരുധ്യമാണ് 'ജഡത്തിലവതരിച്ച' ദൈവം തന്നെയാണ് യേശുക്രിസ്തുവെന്ന ക്രൈസ്തവവിശ്വാസത്തിനും വന്നുഭവിക്കുന്നത്. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമ്മേളിക്കുന്നുവെന്ന ക്രൈസ്തവവിശ്വാസത്തിനനുസൃതമായി സുവിശേഷങ്ങളിലെ യേശുവിൻെറ സ്വഭാവങ്ങളെ വ്യാഖ്യാനിക്കുന്നതിൽ സഭ പരാജയപ്പെടുന്നതും ഈ വൈചിത്യം കൊണ്ടാണ്. ദൈവമൊരിക്കലും മാനുഷരൂപം പൂണ്ടിട്ടില്ലെന്ന ഇസ്ലാമികവിശ്വാസത്തിൻെറ അപ്രമാദിത്വമാണ് ഇവിടെയും നമുക്ക് ബോധ്യമാകുന്നത്.

ദൈവനിയുക്തരായ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കേണ്ടത് ഓരോ സത്യവിശ്വാസിയുടെയും നിർബന്ധമായ ബാധ്യതയാണ്. ചില പ്രവാചകന്മാരിൽ മാത്രം വിശ്വസിച്ചുകൊണ്ട് മറ്റുള്ളവരെ നിഷേധിക്കുന്ന വേദക്കാരിൽ ചിലരുടെ നടപടിയെ ശക്തമായ ഭാഷയിൽ ഖുർആൻ വിമർശിക്കുന്നു. മാത്രവമല്ല സത്യവിശ്വാസികൾ

യാതൊരു കാരണവശാലും പ്രവാചകന്മാർക്കിടയിൽ വിവേചനം കൽപ്പിക്കാൻ പാടില്ലെന്ന് ഖുർആൻ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. 'നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ചുകൊടുത്തതിലും മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും സർവപ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപ്പിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്) കീഴ്പ്പെട്ട് ജീവിക്കുന്നവരുമാകുന്നു.'[1]

'അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും (വിശ്വാസകാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപ്പിക്കാനാഗ്രഹിക്കുകയും 'ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും ചിലരെ നിഷേധിക്കുകയും ചെയ്യുന്നു'വെന്ന് പറയുകയും അങ്ങനെ അതിനിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാകുന്നു യഥാർഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്'[2]

മനുഷ്യരെ നേർമാർഗത്തിലേക്ക് ക്ഷണിക്കുകയായിരുന്നു പ്രവാചകന്മാരുടെ കർത്തവ്യം. ദൈവികവിധിവിലക്കുകൾ പിൻപറ്റിക്കൊണ്ട് വിശുദ്ധമായ ജീവിതം നയിച്ചാൽ ഇഹലോകത്ത് ശാന്തിയും പരലോകത്ത് സൗഖ്യവുമുണ്ടാകുമെന്നും അവയെ അവഗണിച്ചുകൊണ്ട് തന്നിഷ്ടത്തിന്റെ പാതയിൽ സഞ്ചരിച്ചാൽ ഇഹത്തിൽ നിരാശയും മരണാനന്തരം ശാശ്വതമായ നരകശിക്ഷയുമാണ് ലഭിക്കുകയെന്നും മുന്നറിയിപ്പു നൽകുവാൻ വേണ്ടിയാണ് പ്രവാചകന്മാർ നിയുക്തരായത്. സത്യവിശ്വാസികൾക്ക് സന്തോഷവാർത്തയും സത്യനിഷേധികൾക്ക് താക്കീതും നൽകുകയായിരുന്നു പ്രവാചകനിയോഗത്തിന്റെ ലക്ഷ്യം. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക. 'മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധി

1. ഖുർആൻ 2: 136
2. ഖുർആൻ 4: 150, 151



കൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു'[1]

ദൈവികമാർഗദർശനം മാനവരാശിയുടെ മൊത്തത്തിലുള്ള ഒരു അനിവാര്യതയാണെന്നതിനാൽ തന്നെ എല്ലാ ജനസമൂഹങ്ങളിലേക്കും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ ഇക്കാര്യം ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്. 'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് പ്രബോധനം ചെയ്യുന്നതിനു വേണ്ടി'.[2] ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല'.[3]ഇസ്രായീൽ തറവാട്ടിലേക്കു മാത്രമാണ് പ്രവാചകന്മാരെല്ലാവരും കടന്നുവന്നിട്ടുള്ളതെന്ന യഹൂദന്മാരുടെ വാദത്തെ പൊളിച്ചെഴുതുകയും കൂടി ചെയ്യുകയാണിവിടെ ഖുർആൻ. വ്യത്യസ്ത സമൂഹങ്ങളിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാർക്ക് ജനങ്ങളുടെ ഭാഷയിലായിരുന്നു ദൈവികബോധനം ലഭിച്ചിരുന്നത്; ജനങ്ങളുമായി പ്രവാചകന് എളുപ്പത്തിൽ ആശയവിനിമയം നടത്താൻ ഇത് സഹായകമാകുമെന്ന് പറയേണ്ടതില്ലല്ലോ. ഖുർആൻ പറയുന്നത് നോക്കുക: 'യാതൊരു ദൈവദൂതനെയും തന്റെ ജനതയ്ക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കുന്നതിനുവേണ്ടി, അവരുടെ ഭാഷയിൽ (സന്ദേശം നൽകിക്കൊണ്ട്) അല്ലാതെ നാം നിയോഗിച്ചിട്ടില്ല.'[4]

ഇരുപത്തിയഞ്ച് പ്രവാചകന്മാരെക്കുറിച്ചാണ് ഖുർആനിൽ പരാമർശമുള്ളത്. ആദം, നൂഹ്, ഇദ്‌രീസ്, ഹൂദ്, സാലിഹ്, ഇബ്റാഹീം, ഇസ്മായീൽ, ഇസ്ഹാഖ്, ലൂത്ത്, യഅ്ഖൂബ്, ശുഐബ്, മൂസാ, ഹാറൂൻ, ഇൽയാസ്, അൽയസഅ്, ദാവൂദ്, യൂനുസ്, ദുൽകിഫ്ൽ, സുലൈമാൻ, അയ്യൂബ്, സക്കരിയ്യാ, യഹ്‌യാ, ഈസാ, മുഹമ്മദ് എന്നിവരാണത്. ഇവരിൽ ചിലരുടെ ചരിത്രം വിശദമായിത്തന്നെ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, മറ്റു ചിലരെക്കുറിച്ച് ചെറിയ പരാമർശങ്ങൾ മാത്രമാണുള്ളത്. ചില പ്രവാചകന്മാരുടെ നാമത്തിലുള്ള അധ്യായങ്ങൾ തന്നെ ഖുർആനിലുണ്ട്. ആയിരക്കണക്കിന് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതിൽനിന്ന് തിരഞ്ഞെടുത്ത ചില

1. ഖുർആൻ 2: 213
2. ഖുർആൻ 16: 36
3. ഖുർആൻ 35: 24
4. ഖുർആൻ 14: 4

ദൈവദൂതന്മാരെക്കുറിച്ച് മാത്രമെ ഖുർആൻ വിവരിക്കുന്നുള്ളൂവെന്ന വസ്തുതയിലേക്ക് ഖുർആൻ തന്നെ വിരൽചൂണ്ടുന്നത് നോക്കുക. 'നിനക്ക്മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചില രെപ്പറ്റി നാം നിനക്ക് വിവരിച്ചു തന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചു തന്നിട്ടില്ല'.[1] മനുഷ്യർക്ക് മാതൃക കാണിച്ചു കൊടുക്കുവാൻ വേണ്ടി വന്ന പ്രവാചകന്മാരെല്ലാവരും മാതൃകായോ ഗ്യമായ ജീവിതം നയിച്ചവരായിരുന്നു. സത്യസന്ധരും സന്മാർഗനിഷ് ഠരുമായിരുന്നു ദൈവദൂതന്മാർ. വഞ്ചനയോ കാപട്യമോ അവരിലു ണ്ടായിരുന്നില്ല. ഇക്കാര്യങ്ങൾ ഖുർആൻ ആവർത്തിച്ചു വ്യക്തമാ ക്കുന്നുണ്ട്. 'അവരെ (പ്രവാചകന്മാരെ)യാണ് അല്ലാഹു നേർമാർ ഗത്തിലാക്കിയിരിക്കുന്നത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്നുകൊള്ളുക.'[2]

'അവരെ നാം നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകുന്ന നായകന്മാരാക്കുകയും ചെയ്തു'.[3] 'ഒരു പ്രവാചകനും വല്ലതും വഞ്ചി ച്ചെടുക്കുകയെന്നത് ഉണ്ടാവുകയില്ല.'[4].

വിശുദ്ധ ഖുർആൻ പ്രവാചകന്മാരുടെ ചരിത്രം പ്രതിപാദിക്കുന്നത് അവരുടെ മാതൃകായോഗ്യമായ ജീവിതം വരച്ചുകാണിക്കുവാൻ വേണ്ടിയാണ്. ചരിത്ര കഥനത്തിനുവേണ്ടിയുള്ള ചരിത്ര കഥനമെന്ന ബൈബിൾശൈലി ഖുർആനിന് അപരിചിതമാണ്. അത് ചരിത്രം പറയുന്നത് ചരിത്രത്തിൽ നിന്ന് മനുഷ്യൻ പാഠമുൾക്കൊള്ളുവാൻ വേണ്ടിയാണ്. അതുകൊണ്ടുതന്നെ തങ്ങളുടെ ദുർവൃത്തികളെ ന്യാ യീകരിക്കുവാൻ വേണ്ടി പ്രവാചകന്മാരുടെ ചരിത്രത്തിൽ യഹൂദികൾ കടത്തിക്കൂട്ടിയ പ്രവാചകത്വത്തിന് തീരെ യോജിക്കാത്ത നീചവൃ ത്തികളെക്കുറിച്ച് യാതൊരു സൂചനയും ഖുർആനിലില്ല. സദോം പട്ടണത്തിലെ ജനങ്ങളെ സത്യമാർഗത്തിലേക്ക് ക്ഷണിക്കുവാൻ നിയുക്തനായ പ്രവാചകനാണ് ഖുർആനിക വീക്ഷണത്തിൽ ലൂത്ത് നബി(അ); പുത്രിമാരുമായി രമിച്ച വ്യക്തിയല്ല. ഭരണചക്രം തിരിക്കു ന്നതോടൊപ്പം തന്നെ ദൈവമാർഗത്തിൽ അടരാടിയിരുന്ന മഹാനാ യ ഒരു ദൈവദൂതനായിട്ടാണ് ഖുർആൻ ദാവൂദ് നബി(അ)യെ പരിച യപ്പെടുത്തുന്നത്; തരുണികളെ കിടപ്പറയിലെത്തിക്കാനായി ഗൂഢ

1. ഖുർആൻ 40: 78
2. ഖുർആൻ 6: 90
3. ഖുർആൻ 21: 73
4. ഖുർആൻ 3: 161



തന്ത്രങ്ങൾ പയറ്റിയ രാജാവായല്ല. പ്രവാചകന്മാരെല്ലാവരും സത്യസ ന്ധരും സന്മാർഗനിഷ്ഠരുമാണെന്ന ഇസ്ലാമിക വിശ്വാസത്തിന് പിൻബലമായ രീതിയിലാണ് പ്രവാചകന്മാരുടെ ചരിത്രം ഖുർആൻ വിവരിക്കുന്നത്.

മുൻകഴിഞ്ഞ പ്രവാചകന്മാരെല്ലാരും ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്തിലേക്കോ സമുദായത്തിലേക്കോ മാത്രമായി അയക്കപ്പെട്ട വരായിരുന്നു. മനുഷ്യർ വ്യത്യസ്ത സമൂഹങ്ങളായി ജീവിച്ചിരുന്ന, സമൂഹങ്ങൾ തമ്മിൽ ഇന്നത്തേതുപോലെയുള്ള ബന്ധങ്ങളില്ലാതി രുന്ന കാലത്ത് അതു മാത്രമായിരുന്നു പ്രായോഗികം. ഈ പ്രവാചക ന്മാരെല്ലാവരും ലോകത്തിനു മുഴുവൻ അനുഗ്രഹമായിക്കൊണ്ട് വരാ നിരിക്കുന്ന ഒരു മഹാപ്രവാചകൻെറ ആഗമനത്തെക്കുറിച്ചു പ്രവചി ച്ചിരുന്നു. 'തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖ പ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ് ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ പിൻപറ്റുന്നവർക്ക്'[1].

ഈ പ്രവചനങ്ങളിൽ ചിലവ ഇന്നുള്ള ബൈബിളിലും രേഖപ്പെട്ടു കിടക്കുന്നുണ്ട്. അവയെക്കുറിച്ച് നാം മുമ്പ് ചർച്ചചെയ്തുവല്ലോ.

ഏതെങ്കിലും ഒരു പ്രദേശത്തിനോ സമുദായത്തിനോ വേണ്ടി മാ ത്രം അയക്കപ്പെട്ട പ്രവാചകനല്ല മുഹമ്മദ് നബി (സ). അദ്ദേഹം മു ഴുവൻ ലോകത്തിൻെറയും പ്രവാചകനാണ്. അദ്ദേഹത്തിലൂടെ അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങൾ ഭൂമിയിലെ അവസാനത്തെ മനു ഷ്യർ വരെയുള്ള എല്ലാവർക്കും സ്വീകരിക്കാൻ പറ്റിയതാണ്. ദേശഭാഷാ പരിഗണനകൾക്കതീതമായി മുഴുവൻ മനുഷ്യരുടെയും പ്രവാചകനാണ് മുഹമ്മദ് നബി(സ). നബിയോട് പറയാനാഹ്വാനം ചെയ്യുന്ന ഒരു ഖുർആൻ സൂക്തം നോക്കുക: 'പറയുക, മനുഷ്യരേ തീർച്ചയായും ഞാൻ നിങ്ങൾക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാ കുന്നു'.[2]

'നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയി ക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല'.[3]

പ്രവാചകന്മാരുടെ പ്രവാചകത്വത്തിനുള്ള തെളിവായി അല്ലാഹു

1. ഖുർആൻ 7: 157
2. ഖുർആൻ 7: 158
3. ഖുർആൻ 34: 28

അവരിലൂടെ അമാനുഷികദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്താറുണ്ട്. തങ്ങൾ ദൈവനിയുക്തരാണെന്ന് പ്രബോധിതസമൂഹത്തെ ബോധ്യപ്പെടുത്തുവാനുതകുന്നവായിയിരുന്നു പ്രസ്തുത ദൃഷ്ടാന്തങ്ങൾ. മൂസാനബിക്ക് നൽകിയ സർപ്പമായി മാറുന്ന വടിയും പ്രകാശിക്കുന്ന കൈപ്പത്തിയും ഈസാനബി മുഖേന മരിച്ചവരെ ജീവിപ്പിച്ചതും അന്ധരെ സുഖപ്പെടുത്തിയതും ഇത്തരം അമാനുഷികദൃഷ്ടാന്തങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. പ്രസ്തുത ദൃഷ്ടാന്തങ്ങളൊന്നും പ്രവാചകന്മാർ തങ്ങളുടെ സ്വന്തം കഴിവുപയോഗിച്ച് ചെയ്തതായിരുന്നില്ല. അല്ലാഹു അവർക്ക് അനുമതിയും നിർദേശവും നൽകിയതുകൊണ്ട് മാത്രമാണ് അവർക്ക് അമാനുഷികദൃഷ്ടാന്തങ്ങൾ ചെയ്യാൻ കഴിഞ്ഞത്. പ്രവാചകന്മാർ പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു. 'അല്ലാഹുവിൻെറ അനുമതി പ്രകാരമല്ലാതെ നിങ്ങൾക്ക് യാതൊരു തെളിവും കൊണ്ടുവന്നു തരാൻ ഞങ്ങൾക്കാവില്ല. അല്ലാഹുവിൻെറ മേലാണ് വിശ്വാസികൾ ഭരമേൽപ്പിക്കേണ്ടത്.'[1]

അല്ലാഹു പറയുന്നത് നോക്കുക: 'നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെ നാം നിനക്ക് വിവരിച്ചു തന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചു തന്നിട്ടില്ല. യാതൊരു ദൂതനും അല്ലാഹുവിൻെറ അനുമതിയോടുകൂടിയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാനാവില്ല'[2].

ഓരോ പ്രവാചകന്നും അവരുടെ കാലഘട്ടത്തിനനുസൃതമായ അമാനുഷിക ദൃഷ്ടാന്തങ്ങളാണ് നൽകപ്പെടുകയെന്ന് പറഞ്ഞുവല്ലോ. മൂസാനബിയുടെ ജനത മായാജാലങ്ങളാൽ മുഴുകിയവരായതുകൊണ്ടാണ് സകലവിധ മായാജാലങ്ങളെയും വെല്ലുന്ന പടച്ചവൻെറ ദൃഷ്ടാന്തമായ പാമ്പാകുന്ന വടി അദ്ദേഹത്തിന് നൽകപ്പെട്ടത്. വൈദ്യശാസ്ത്ര വിദഗ്ധരായിരുന്ന ഈസാനബിയുടെ ജനതയുടെ മുമ്പിൽ അദ്ദേഹമവതരിപ്പിച്ച അമാനുഷിക ദൃഷ്ടാന്തങ്ങളായിരുന്നു മരിച്ചവരെ ജീവിപ്പിക്കലും അന്ധർക്ക് കാഴ്ച നൽകലുമെല്ലാം. പുരോഗമിച്ച ആധുനിക വൈദ്യശാസ്ത്രത്തിനുപോലും വിശദീകരിക്കാൻ സധിക്കാത്ത അൽഭുതസംഭങ്ങളാണ് അവ. മുഹമ്മദ്നബിയുടെ ജനത അറബി സാഹിത്യരംഗത്തെ അതികായന്മാരായിരുന്നു. അതുകൊണ്ടുതന്നെ സാഹിത്യകാരന്മാർക്കൊന്നും

4. ഖുർആൻ 14: 11
5. ഖുർആൻ 40: 78



അനുകരിക്കാൻ കഴിയാത്ത ഒരു മഹത്തായ അമാനുഷിക ദൃഷ്ടാന്തമാണ് അദ്ദേഹത്തിന് നൽകപ്പെട്ടത്. പ്രസ്തുത അമാനുഷിക ദൃഷ്ടാന്തമത്രെ വിശുദ്ധഖുർആൻ. ഖുർആനാണ് മുഹമ്മദ് നബിക്ക് നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തം. അജയ്യവും അന്യൂനവും പ്രമാദമുക്തവുമായ ഒരു ഗ്രന്ഥം. സാഹിത്യകാരന്മാർക്കൊന്നും അനുകരിക്കുവാൻ സാധിക്കാത്ത ശൈലിയും ഘടനയുമാണ് അതിൻെറ ഓരോ സൂക്തത്തിനുമുള്ളത്. മനുഷ്യർ മുഴുവനും ഒരുമിച്ച് ശ്രമിച്ചാൽ പോലും ഖുർആനിന്ന് തുല്യമായൊരു ഗ്രന്ഥം കൊണ്ടുവരാൻ കഴിയില്ല. 'പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ച് ചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും'.[1]

മനുഷ്യരാശിക്ക് മുഴുവനുമായി മാർഗദർശനം നൽകുവാൻ വേണ്ടി അയക്കപ്പെട്ട മുഹമ്മദ് നബി(സ) പ്രവാചക ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ്. അദ്ദേഹത്തിനു ശേഷം ഇനി പ്രവാചകന്മാർ നിയോഗിക്കപ്പെടുകയില്ല. അദ്ദേഹത്തിലൂടെ മാനവരാശിക്ക് അവതരിപ്പിക്കപ്പെട്ട ദൈവികനിയമനിർദേശങ്ങൾ സർവകാലികവും സർവജനീനവുമാണ്. ഇനി ഒരു പ്രവാചകൻെറ അനിവാര്യതയില്ലാത്ത വിധം മുഹമ്മദ്നബി(സ)യുടെ ജീവിതത്തിലെ വലുതും ചെറുതുമായ ഓരോ സംഭവവും വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അവസാന നാളുവരെയുള്ള മുഴുവൻ പേർക്കും ആ ജീവിതം മാതൃകയാക്കാൻ സാധിക്കുന്നതിനുവേണ്ടിയാണിത്. ഖുർആൻ പറയുന്നു: 'മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു.'[2]

മുഹമ്മദ്നബിയുടെ അന്തിമപ്രവാചകത്വത്തിനുള്ള വ്യക്തമായൊരു തെളിവാണ് വിശുദ്ധഖുർആൻ. മറ്റു പ്രവാചകന്മാർക്കെല്ലാം നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ അവരുടെ മരണത്തോടുകൂടി അവസാനിച്ചു. മൂസയുടെയും ഈസായുടെയും അമാനുഷിക ദൃഷ്ടാന്തങ്ങൾ ഇന്നു കേട്ടുകേൾവി മാത്രമാണ്. എന്നാൽ അന്തിമ പ്രവാചകൻെറ അമാനുഷിക ദൃഷ്ടാന്തം അവസാന നാളുവരെ നില

1. ഖുർആൻ 17: 88
2. ഖുർആൻ 33: 40

നിൽക്കുന്നു; എല്ലാ ജനങ്ങൾക്കും അതിൻെറ അമാനുഷികത അനുഭവിച്ചറിയാം; മുഹമ്മദ് നബി(സ) പ്രവാചകനാണെന്ന് അംഗീകരിക്കാം. ഇവിടെ കേട്ടുകേൾവിയുടേയോ സങ്കൽപ്പങ്ങളുടേയോ പ്രശ്നം തന്നെയുദിക്കുന്നില്ല. അന്തിമപ്രവാചകൻെറ അമാനുഷിക ദൃഷ്ടാന്തം അന്ത്യനാളുവരെ നിലനിർത്തുമെന്നത് സ്രഷ്ടാവിൻെറ ഒരു വാഗ്ദാനമാണ്. 'തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാമതിനെ കാത്തുസൂക്ഷിക്കുന്നതാണ്.'[1]

അവസാനനാളുവരെയുള്ളവർക്കെല്ലാം മാതൃകയാക്കാൻ മുഹമ്മദ് നബിയുടെ ജീവിതം മതി. അദ്ദേഹത്തിൻെറ പ്രവാചകത്വത്തിൻെറ സത്യത പരിശോധിക്കാൻ മുഹമ്മദ്നബിക്ക് നൽകപ്പെട്ട അമാനുഷികദൃഷ്ടാന്തം പര്യാപ്തമാണ്. അദ്ദേഹത്തിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാകട്ടെ തെറ്റു പറ്റാത്തതും സ്വയം പര്യാപ്തവുമാണ്. അതുകൊണ്ട് തന്നെ മുഹമ്മദ് നബിക്ക് ശേഷം ഒരു പ്രവാചകൻെറ ആവശ്യമില്ല. അദ്ദേഹം 'ഖാത്തമുന്നബിയ്യീൻ' ആണ്; അന്തിമപ്രവാചകൻ.

1. ഖുർആൻ 15: 9

# പത്ത്

## പരലോക വിശ്വാസം

ഭൂമിയിലെ നായകനാണ് മനുഷ്യൻ. സ്വതന്ത്രമായ അസ്തിത്വത്തോടു കൂടിയാണ് അവർ പിറന്നുവീഴുന്നത്. ഈ സ്വാതന്ത്ര്യം മനുഷ്യൻെറ മാത്രം പ്രത്യേകതയാണ്. മറ്റു മൃഗങ്ങളെല്ലാം പ്രകൃതിയുടെ ഭാഗങ്ങളായി നിലകൊള്ളുമ്പോൾ, പ്രകൃതിയുടെ പല ഘടകങ്ങളിലും തൻെറ സ്വാധീനമുറപ്പിക്കുവാൻ മനുഷ്യന് കഴിയുന്നത് അവൻെറ മാത്രം പ്രത്യേകമായ അസ്തിത്വത്തിൻെറ സ്വാതന്ത്ര്യം കൊണ്ടാണ്. മനുഷ്യാസ്തിത്വത്തിൻെറ സാധ്യതയുടെ രണ്ടു വിരുദ്ധധ്രുവങ്ങളാണിവ. തൻെറ ബാധ്യതകളെയും സാധ്യതകളെയും മനസ്സിലാക്കി ജീവിക്കണമെന്ന് മനുഷ്യനെ പഠിപ്പിക്കാനാണല്ലോ പ്രവാചകന്മാർ നിയുക്തരായത്. ദൈവികബോധനത്തിൻെറ അടിസ്ഥാനത്തിൽ, മനുഷ്യാസ്തിത്വത്തിൻെറ സൃഷ്ടിപരമായ സാധ്യതകൾ എന്തെല്ലാമാണെന്ന് അവർ അവരുടെ സമൂഹത്തെ പഠിപ്പിച്ചു. ദൈവികമാർഗനിർദേശങ്ങൾക്കനുസൃതമായി ജീവിക്കുന്നതിലൂടെ മാത്രമെ മനുഷ്യന് സ്രഷ്ടാവ് നൽകിയ ഉദാത്തമായ സ്ഥാനം കൈവരിക്കാൻ സാധിക്കൂ എന്നതായിരുന്നു പ്രവാചകപ്രബോധനങ്ങളുടെ കാതൽ.

മണ്ണിൽ നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ജഡത്തിൻെറ സൃഷ്ടിക്കുശേഷം ആത്മാവ് നിവേശിതമായപ്പോഴാണ് മനുഷ്യൻ ചൈതന്യമുള്ളവനും സൃഷ്ടികളിൽ ഏറ്റവും ഉദാത്തനുമായത്. അഥവാ, മണ്ണിൻെറയും ആത്മാവിൻെറയും സമന്വയമാണ് മനുഷ്യൻ. ഇവ രണ്ടിൻെറയും ഗുണങ്ങൾ അവനിൽ സമ്മേളിച്ചിരി

ക്കുന്നു. വിശപ്പും ദാഹവും കാമപൂർത്തീകരണവും മണ്ണിൻെറ ഗുണങ്ങളാണ്. സ്നേഹം, ദയ, കാരുണ്യം, സാഹോദര്യം, ധാർമികബോധം, സൽസ്വഭാവം, സന്മനസ്സ്, സേവനസന്നദ്ധത, ആത്മാർഥത തുടങ്ങിയവയെല്ലാം ആത്മാവിൻെറ ഗുണങ്ങളത്രെ. പ്രവാചകന്മാർ പഠിപ്പിച്ച പാതയിലൂടെ സഞ്ചരിക്കുന്നവർ ആത്മാവിനെ വിമലീകരിക്കുകയും അങ്ങനെ മനുഷ്യാസ്തിത്വത്തിൻെറ ഉദാത്ത ഭാവം കൈവരിക്കുകയും ചെയ്യുന്നു. പ്രവാചകപ്രബോധനങ്ങളെ അവഗണിച്ചുകൊണ്ട് തന്നിഷ്ടപ്രകാരം ജീവിക്കുന്നവനാകട്ടെ ഭക്ഷണം, പാനീയം, കാമപൂർത്തീകരണം തുടങ്ങിയ മൃഗചോദനകളിൽ മുഴുകുന്നു. അങ്ങനെ അവൻ മനുഷ്യാസ്തിത്വത്തിൻെറ ഏറ്റവും അധമമായ ഭാവം കൈവരിക്കുന്നു.

തൻെറ മൃഗീയമായ ചോദനകൾ പൂർത്തീകരിക്കുവാൻ മനുഷ്യന് ജന്മനാ തന്നെ ഒരു വാസനയുണ്ട്. ഇത് പ്രകൃതിപരമായ ഒരാവശ്യമാണ്. പക്ഷേ, ഈ ആവശ്യങ്ങൾ പൂർത്തീകരിക്കുവാൻ അവൻ പൈശാചികമായ മാർഗങ്ങൾ സ്വീകരിച്ചുകൂടാ. എന്തുകൊണ്ട് സ്വീകരിച്ചുകൂടാ? പൊതുവെ പ്രയോജനപ്രിയരായ മനുഷ്യർ സ്വാഭാവികമായും ഉന്നയിക്കുന്ന ചോദ്യമാണിത്. എന്തിനുവേണ്ടി ഞാൻ നന്മചെയ്യണം? എന്തുകൊണ്ടു തിന്മ ചെയ്തുകൂടാ? എന്തിന് ദൈവികമാർഗദർശനം സ്വീകരിക്കണം? എന്തുകൊണ്ട് തന്നിഷ്ടപ്രകാരം ജീവിച്ചുകൂടാ?

നന്മചെയ്യണമെന്നത് മനുഷ്യൻെറ സ്വാഭാവിമായ ആഗ്രഹങ്ങളിലൊന്നാണ്. തിന്മയോടവന്ന് വെറുപ്പാണ്. തൻെറ ചുറ്റുപാടുകൾ തിന്മക്ക് അനുകൂലമാകുമ്പോഴാണ് പൈശാചികമായ പ്രേരണക്ക് വശംവദനായി തിന്മചെയ്യാൻ അവൻ പ്രേരിതനാവുന്നത്. തിന്മയിലേക്കുള്ള ഒന്നാമത്തെ കാൽവെയ്പ് പലപ്പോഴും തിന്മയുടെ ലോകത്തിലേക്കുള്ള വാതായനമായി മാറാറുണ്ട്. അതുകൊണ്ട് തന്നെ തിന്മചെയ്യുന്നതിൽ നിന്ന് മനുഷ്യരെ തടഞ്ഞുനിർത്തേണ്ടത് അനിവാര്യമാണ്. പക്ഷേ, അതെങ്ങനെ സാധിക്കും? നന്മചെയ്തിട്ടും തിന്മ ചെയ്യാതിരുന്നിട്ടും ഭൗതികമായി എന്തെങ്കിലും നേട്ടങ്ങളുണ്ടാകുമെന്ന് അനുഭവത്തിൽ നിന്ന് മനുഷ്യൻ പഠിച്ചിട്ടില്ല. നന്മ ചെയ്യുന്നവരിൽ പലരും അവരവുടെ ചുറ്റുപാടുകളിൽ കഷ്ടപ്പെടുന്നതായും തിന്മ ചെയ്യുന്നവർ സുഖസൗകര്യങ്ങളനുഭവിക്കുന്നതായും മനുഷ്യൻ കാണുന്നു. നന്മയ്ക്കും തിന്മയ്ക്കും തക്കതായ പ്രതിഫലം ലഭിക്കുന്നില്ലെങ്കിൽ പിന്നെയെന്തിന് നന്മ ചെയ്യണമെന്ന ചോദ്യം സ്വാഭാവികമായും അവൻെറ ഹൃദയത്തിൽ നിന്ന് ഉയരുന്നു. നന്മയ്ക്കും തിന്മയ്ക്കും അവയ്ക്കനുസരിച്ചുള്ള പ്രതിഫലം നൽകപ്പെടുന്ന ഒരു വേദിക്കുവേണ്ടി അവൻെറ മനസ്സ് കേഴുന്നു.



മനുഷ്യസമൂഹത്തിൻെറ നിലനിൽപ്പിനുവേണ്ടി രൂപംനൽകപ്പെട്ട ഒരു സാമൂഹ്യ സംവിധാനമാണല്ലോ രാഷ്ട്രം. ഓരോ രാജ്യത്തിലെയും പൗരന്മാർ അനുസരിക്കേണ്ട ഒട്ടനവധി നിയമങ്ങളുണ്ട്. പ്രസ്തുത നിയമങ്ങളനുസരിക്കാഞ്ഞാൽ അത് കോടതിയിലെത്തുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന ബോധത്താൽ രാജ്യത്തിലെ പൗരന്മാർ അവ അനുസരിക്കുന്നു. പക്ഷേ, കോടതികൾ കൈകാര്യം ചെയ്യാനാവാത്ത പലതരം പ്രശ്നങ്ങളുണ്ട്. തെളിവുകളും സാക്ഷികളുമാണ് കോടതിക്കു മുമ്പിൽ സത്യത്തെയും അസത്യത്തെയും വേർതിരിക്കാനുള്ള അളവുകോലുകൾ. രഹസ്യമായി ചെയ്യുന്ന കുറ്റങ്ങൾക്ക് ശിക്ഷ നൽകുവാൻ സാധിക്കുകയില്ല. തെളിവുകൾ നശിപ്പിച്ചും സാക്ഷികളെ സ്വാധീനിച്ചും നിയമപാലകരെ പാട്ടിലാക്കിയും ശിക്ഷിക്കപ്പെടാതെ നടക്കുന്ന എത്രയെത്ര കുറ്റവാളികളുണ്ടീ ഭൂമിയിൽ. അന്യായമായി സമ്പാദിച്ചു കൂട്ടിയ പണംകൊണ്ട് തിന്മയുടെ സ്വർഗം വിലക്കുവാങ്ങി അവിടത്തെ ദൈവങ്ങളായി വിലസുന്നവർ. അവർ രാജാക്കന്മാരായി ജനിക്കുന്നു. രാജാക്കന്മാരായി തന്നെ മരിക്കുകയും ചെയ്യുന്നു. അവർ ചെയ്ത അക്രമങ്ങൾ! അനീതികൾ! കൊലപാതകങ്ങൾ! ഇവയെല്ലാം പ്രതികാരമർഹിക്കുന്നതല്ലേ? തീർച്ചയായും. അവർ ചെയ്ത കുറ്റങ്ങൾക്ക് ശിക്ഷ നൽകുവാൻ കഴിയണം. പക്ഷേ, ആരു നൽകും? എങ്ങനെ നൽകും? തിന്മയെ വെറുക്കുന്ന മനുഷ്യമനസ്സ് മന്ത്രിക്കുന്നു; തിന്മയുടെ രാജാക്കന്മാർക്ക് തക്കതായ ശിക്ഷനൽകുന്ന ഒരു പ്രതിഫലവേദി ആവശ്യമാണെന്ന്; പ്രസ്തുത വേദിയിൽ വെച്ച് അവർ ചെയ്ത തെറ്റുകുറ്റങ്ങൾ ഒന്നൊന്നായി എടുത്തുപറഞ്ഞു ശിക്ഷിക്കണമെന്ന്.

ഇനി ഇത്തരമൊരു സാമൂഹ്യദ്രോഹിയെ ഏതെങ്കിലുമൊരു കോടതി ശിക്ഷിച്ചുവെന്ന് വിചാരിക്കുക. കോടതിക്ക് നൽകാവുന്ന പരമാവധി ശിക്ഷയെന്തായിരിക്കും? ഒരാളെ കൊന്നവനും നൂറുപേരെ കൊന്നവനും ആയിരക്കണക്കിനാളുകളെ നിർദയം കശാപ്പുചെയ്തവനുമെല്ലാം നൽകാവുന്ന പരമാവധി ശിക്ഷയാണ് മരണശിക്ഷ. ഇതു ന്യായമല്ലെന്ന് നമ്മുടെ സാമധ്യബുദ്ധി വിധിക്കുന്നു. തങ്ങൾക്കെതി

രായവയെല്ലാം നിർദാക്ഷിണ്യം ഇഞ്ചിഞ്ചായി കൊലപ്പെടുത്തുന്ന അധോലോകനായകന്മാരെ ആയിരം വട്ടം കൊല്ലാൻ വിധിച്ചാലും അവർക്ക് മതിയായ ശിക്ഷയാവുകയില്ലെന്നതല്ലേ വാസ്തവം. പക്ഷേ, പ്രസ്തുത ശിക്ഷ നൽകാൻ ആർക്കു സാധിക്കും? ഇവിടത്തെ നീതിന്യായ കോടതികൾക്കാവില്ലെന്നുറപ്പാണ്. ആയിരം പ്രാവശ്യവും അതിലധികം പ്രാവശ്യവും കൊല്ലാൻ കഴിയുന്ന ഒരു വേദിയുണ്ടായാൽ മാത്രമാണ് അവർക്ക് തക്കതായ ശിക്ഷ നൽകാൻ സധിക്കുക.

ഇനി ഇതിൻെറ മറുവശം ചിന്തിക്കുക. നന്മയ്ക്കു തക്കതായ പ്രതിഫലം ലഭിക്കുവാനുള്ള രീതിയിലാണോ ഈ ഭൂമി സംവിധാനിക്കപ്പെട്ടിരിക്കുന്നത്? തിന്മയുടെ കേദാരമീഭൂവിൽ നന്മചെയ്യുന്നവനത്രെ ഭോഷൻ' എന്ന കവിവരികൾ ഇഹലോകത്തെക്കുറിച്ച് മാത്രം ചിന്തിക്കുമ്പോൾ എന്തുമാത്രം ശരിയാണ്! സത്യസന്ധരും, സന്മാർഗനിഷ്ഠരും, ത്യാഗികളും, നിസ്വാർഥരുമായി ജീവിച്ചയാളുകളിൽ പലർക്കും ഇവിടെവെച്ച് അനുഭവിക്കേണ്ടിവന്നിട്ടുള്ളത് യാതനകളും വേദനകളും മാത്രമാണ്. ത്യാഗങ്ങൾ സഹിച്ചുകൊണ്ട് അവർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. അവരനുഭവിച്ച ത്യാഗങ്ങളുടെയും അവർ ചെയ്ത സദ്വൃത്തികളുടെയും ഫലം അനുവഭിക്കുന്നത് അതിന്നടുത്ത തലമുറകളാണ്. അവരുടെ സ്മരണപോലും ഏതാനും വർഷങ്ങൾ കഴിഞ്ഞാൽ മാഞ്ഞുപോകുന്നു. അപ്പോൾ അവരുടെ നിസ്വാർഥമായ സേവനങ്ങൾക്ക് യാതൊരു വിലയുമില്ലെന്നോ? അവരുടെ സൽക്കർമങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നില്ലെങ്കിൽ, സൽക്കർമമനുഷ്ഠിക്കണമെന്ന് പഠിപ്പിക്കുന്നതിനെന്തു വില? സന്മാർഗികൾക്ക് തക്കതായ പ്രതിഫലം നൽകപ്പെടുന്ന ഒരു വേദി ആവശ്യമാണെന്നത് മനുഷ്യ ബുദ്ധിയുടെ വിധിയാണ്.

കോടതികളുടെ കാര്യം പറഞ്ഞല്ലോ. അവയ്ക്കു അളക്കാൻ കഴിയാത്ത കുറ്റകൃത്യങ്ങളില്ലേ? ധനനഷ്ടത്തെക്കാളും ജീവനഷ്ടത്തെക്കാളും വലുതാണ് മാനനഷ്ടമെന്ന് കരുതുന്നവരാണ് ഭൂരിപക്ഷം ജനങ്ങൾ. അന്യൻെറ അഭിമാനം ക്ഷതപ്പെടുത്താൻ ചിലർക്ക് വലിയ താൽപര്യമാണ്. അവരുടെ ചില പദപ്രയോഗങ്ങൾ മതി, മറ്റു ചിലരുടെ അഭിമാനം തകർക്കുവാൻ. അത്തരമാളുകൾക്കെതിരെ മാനനഷ്ടത്തിന് കേസുകൊടുക്കാമെന്നതു ശരിതന്നെ. പക്ഷേ, തൻെറ മനസ്സിനുണ്ടായ വേദനയെത്രയായിരുന്നുവെന്ന് വാദിക്ക് കോടതിയ്ക്കു മുമ്പിൽ തെളിയിക്കാനാവില്ല. അതുകൊണ്ടുതന്നെ



അത്തരം കേസുകളിലുണ്ടാവാറുള്ള വിധി മാനഷ്ടത്തിൻെറ ഉപഭോഗമൂല്യം നോക്കിയാണുണ്ടാവാറുള്ളത്. എത്ര വലിയ മാനസികാഘാതമാണ് വാദിയിൽ പ്രതിയുടെ പദപ്രയോഗങ്ങളോ പ്രവർത്തനങ്ങളോ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമായി അറിയാവുന്ന ന്യായാധിപന് മാത്രമെ ഇത്തരം കുറ്റങ്ങൾക്ക് ഉചിതമായ ശിക്ഷ വിധിക്കുവാൻ കഴിയൂ. അന്യരുടെ മനസ്സു വായിക്കാൻ കഴിയുന്നവർ ഈ ഭൂമിയിലില്ലല്ലോ. അതുകൊണ്ടുതന്നെ അന്യരുടെ മനസ്സു വായിക്കാൻ കഴിയുന്ന ന്യയാധിപൻെറ സാന്നിധ്യത്തിൽ ഇത്തരം കുറ്റങ്ങൾ വിചാരണചെയ്യപ്പെടണമെന്നുംന്യായം വിധിക്കപ്പെടണമെന്നും മനുഷ്യർ ആഗ്രഹിക്കുന്നു.

'ഒരു ന്യായവിധി ആവശ്യമാണ്. നന്മയെയും തിന്മയെയും വേർതിരിക്കുന്ന ന്യായവിധി. അതിന്നുശേഷം നന്മയ്ക്ക് പ്രതിഫലവും തിന്മയ്ക്ക് ശിക്ഷയും നൽകപ്പെടണം. അതിൻെറ ന്യായാധിപൻ മനുഷ്യരുടെ മനസ്സിനകത്തുള്ളതെല്ലാമറിയുന്നവനും ശുപാർശകൾക്ക് വശംവദനാകാത്തവനുമാകണം.' ഇതും നന്മയോട് താൽപര്യമുള്ള മനുഷ്യരുടെയെല്ലാം ആഗ്രഹമാണ്. ഇസ്ലാമിലെ 'പരലോക വിശ്വാസം' ഈ ആഗ്രഹത്തിൻെറ പൂർത്തീകരണത്തെക്കുറിച്ച് മാനവരാശിക്ക് പ്രത്യാശ നൽകുന്നു. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും അവിടെവെച്ച് ഇഹലോകചെയ്തികൾക്ക് തക്കതായ പ്രതിഫലം നൽകപ്പെടുമെന്നുമുള്ള കാര്യങ്ങൾ സർവലോകസ്രഷ്ടാവായ അല്ലാഹു പ്രവാചകന്മാരിലൂടെ മനുഷ്യരെ പഠിപ്പിച്ച തത്ത്വങ്ങളിലൊന്നാണ്. വിശുദ്ധ ഖുർആനിലെ നല്ലൊരു ശതമാനം സൂക്തങ്ങൾ മരണാനന്തര ജീവിതത്തെക്കുറിച്ച് പരാമർശിക്കുന്നവയാണ്.

ഒട്ടനവധി ആഗ്രഹങ്ങളുള്ളവനാണ് മനുഷ്യൻ. അവൻെറ ഈ ആഗ്രഹങ്ങളെല്ലാം പൂർത്തീകരിക്കുവാൻ പറ്റിയ രീതിയിലല്ല ഈ ഭൂമി സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഇവിടെയൊരാൾക്ക് ലഭിക്കുന്നത് ശരാശരി അറുപത്-എഴുപത് വർഷമാണ്. തൻെറ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന് ഈ കാലയളവ് തീരെ പരിമിതമത്രെ. ആശകൾ പൂവണിയുന്ന നാളെയെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ മരണത്തിനു ശേഷം ഒരു ജീവിതമാവശ്യമാണ്. അനശ്വരമായ ഒരു ജീവിതം. അങ്ങനെയൊരു ജീവിതത്തിൽ വെച്ച് മാത്രമെ മനുഷ്യരുടെ ആശകളും അഭിലാഷങ്ങളും പൂർണമായും സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

മരണാനന്തരജീവിതത്തെക്കുറിച്ച വിശ്വാസം എല്ലാം പുരാതനനാഗരികതകളിലും കാണാൻ സാധിക്കും. മെസപ്പൊട്ടോമിയൻ സംസ്കാരം മുതൽ സിന്ധുനദീതടസംസ്കാരം വരെയുള്ള നാഗരികതകളിൽ ജീവിച്ചിരുന്ന മനുഷ്യർക്ക് മരണാനന്തരജീവിതത്തിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നുവെന്നാണ് ഉൽഖനനഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. ഇഹലോകത്ത് നടക്കാതെ പോയ നീതിയുടെ സാക്ഷാത്കാരം പരലോകത്ത് നടക്കുമെന്ന വിശ്വാസത്തിന് മനുഷ്യരോളം പഴക്കമുണ്ടെന്നർഥം.

മരണാനന്തരം മനുഷ്യാത്മാവ് നശിക്കുന്നില്ലെന്നും അത് പുനർജനിക്കുമെന്നുമുള്ള വിശ്വാസത്തിൻെറ കാര്യത്തിൽ ദൈവികമെന്ന വകാശപ്പെടുന്ന മതങ്ങളെല്ലാം ഏകദേശം ഒരേ അഭിപ്രായമാണ് പ്രകടിപ്പിക്കുന്നത്. ഹിന്ദുമതത്തിലെ പുനർജന്മസിദ്ധാന്തം മാത്രമാണ് ഇവ്വിഷയകമായി അൽപം വ്യത്യസ്തത പുലർത്തുന്നത്. മനുഷ്യന്ന് ഭൂമിയിൽ തന്നെ വ്യത്യസ്ത ജന്മങ്ങളുണ്ടെന്നാണ് ഹിന്ദുക്കളുടെ വിശ്വാസം. ഓരോ ജന്മത്തിലെയും പുണ്യപാപങ്ങൾക്കനുസൃതമായിട്ടാണ് അടുത്ത ജന്മമുണ്ടാകുന്നതത്രെ. ഛാന്ദോഗ്യോപനിഷത്ത് പറയുന്നത് നോക്കുക: ‘ഇവരിൽ പുണ്യകർമികളായിട്ടുള്ളവർ ബ്രാഹ്മണയോനിയിലോ ക്ഷത്രിയയോനിയിലോ ജനിക്കുന്നു. അശുഭകർമികൾ ശീഘ്രം തന്നെ നീചയോനികളിൽ-അതായത് നായയുടേയോ പന്നിയുടെയോ ചണ്ഡാളൻെറയോ യോനിയിൽ ജനിക്കുന്നു.’[1] മനുഷ്യൻെറ സൽകർമങ്ങളുടെ ഫലമായി അടുത്ത ജന്മത്തിൽ അവൻ വേണ്ടപ്പെട്ടവനും ദുഷ്കർമങ്ങളുടെ ഫലമായി അടുത്ത ജന്മത്തിൽ വെറുക്കപ്പെട്ടവനുമായി ജനിക്കുമെന്നർഥം.

ഇതനുസരിച്ച് ഇപ്പോൾ ഉന്നതജാതിയിൽ ജീവിക്കുന്നവർ കഴിഞ്ഞ ജന്മത്തിൽ സുകൃതം ചെയ്തവരായിരിക്കും. ഇപ്പോൾ താഴ്ന്ന ജാതിക്കാരനും പട്ടിയും പന്നിയുമായി ജീവിക്കുന്നവർ ദുഷ്കൃത്യം ചെയ്തവരുമായിരിക്കും. കർമികളുടെ ആത്മാവിന് രൂപാന്തരം സംഭവിക്കുന്നില്ല. പക്ഷേ, ഇങ്ങനെ ജനിക്കുന്നവർ അവരുടെ മുജ്ജന്മത്തെപ്പറ്റി ചോദിച്ചാൽ അവർ അറിയില്ലെന്നാണ് ഉത്തരം പറയുക. പന്നിക്കോ പട്ടിക്കോ താഴ്ന്ന ജാതിക്കാരനോ തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകൾ മുമ്പുചെയ്ത പാപങ്ങളുടെ ഫലമാണെന്ന് അറിയുക പോലുമില്ല. തൻെറ ചെയ്തികൾക്ക് പ്രതിഫലം

1. ഛാന്ദോഗ്യോപനിഷത്ത് 5: 10: 7



ലഭിക്കുമ്പോൾ തൻെറ ഏതേത് പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലമാണ് ലഭിക്കുന്നതെന്ന് അറിയുന്നില്ലെങ്കിൽ ആ പ്രതിഫലത്തിന് പിന്നെയെന്തു പ്രസ്കതിയാണുള്ളത്? പുനർജന്മസിദ്ധാന്തപ്രകാരം പ്രതിഫലം നൽകപ്പെടുന്നവർ ഇതു പ്രതിഫലമാണോ എന്നുപോലും ബോധവാന്മാരല്ല. അതുകൊണ്ടുതന്നെ നന്മയ്ക്കും തിന്മയ്ക്കും തക്കതായ പ്രതിഫലം ലഭ്യമാക്കണമെന്ന മനുഷ്യപ്രകൃതിയുടെ തേട്ടത്തെ സംതൃപ്തമാക്കുവാൻ പുനർജന്മസിദ്ധാന്തത്തിന് സാധിക്കില്ല.

മാത്രവുമല്ല, സൈന്ധവനാഗരികതയിലും വേദകാലത്തും ഇന്ത്യയിൽ നിലനിന്നിരുന്നത് പരലോക ജീവിതത്തെക്കുറിച്ച വിശ്വാസമായിരുന്നുവെന്നും പിന്നീട് ചാതുർവർണ്യ വ്യവസ്ഥയ്ക്കനുസരിച്ച് വൈഷ്ണവ മതത്തെ മാറ്റിമറിക്കുന്നതിൻെറ ഭാഗമായാണ് പുനർജന്മവിശ്വാസമുണ്ടായതെന്നുമാണ് പല പണ്ഡിതന്മാരുടെയും അഭിപ്രായം.[1] ഹിന്ദുമതത്തിൻെറ മൂല ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നത് പരലോക വിശ്വാസമാണെന്നും പിന്നീട് കടത്തിക്കൂട്ടിയതാണ് പുനർജന്മ വിശ്വാസമെന്നുമർഥം.

മരണാനന്തര ജീവിതത്തെക്കുറിച്ച് സെമിറ്റിക് മതങ്ങൾക്കെല്ലാം ഏകദേശം സമാനമായ വീക്ഷണമാണുള്ളത്. മരണത്തിനുശേഷം മനുഷ്യരെല്ലാം സ്രഷ്ടാവിൻെറ സന്നിധിയിൽ പുനർജനിച്ച് ഒരുമിച്ചു കൂട്ടപ്പെടുകയും അവിടെ വെച്ച് സ്രഷ്ടാവ് ന്യായവിധി നടപ്പാക്കുകയും നന്മ ചെയ്തവരെ സ്വർഗത്തിലേക്കും തിന്മചെയ്തവരെ നരകത്തിലേക്കും പറഞ്ഞയക്കുമെന്നുമാണ് യഹൂദ- ക്രൈസ്തവ -ഇസ്ലാം മതങ്ങളുടെ പൊതുവായ വിശ്വാസം. പക്ഷേ, ബൈബിൾ പഴയനിയമത്തിലോ പുതിയനിയമത്തിലോ ഒന്നുംതന്നെ പരലോക ജീവിതത്തെക്കുറിച്ച വ്യക്തവും വിശദവുമായ പരാമർശങ്ങളില്ല. അതുകൊണ്ടുതന്നെ പരലോകത്തിലെ സ്വർഗനരകങ്ങളുടെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്ന സഭകളും ഇന്ന് ക്രൈസ്തവസമൂഹത്തിലുണ്ട്.

ഖുർആനിൻെറ സ്ഥിതി ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഏകദൈവവിശ്വാസം കഴിഞ്ഞാൽ പിന്നെ ഖുർആൻ ഏറ്റവുമധികം ഊന്നൽ നൽകിയിട്ടുള്ളത് പരലോകവിശ്വാസത്തിലാണ്. ഖുർആൻ സൂക്തങ്ങളിൽ മൂന്നിലൊരു ഭാഗം മരണാനന്തര ജീവിതത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

മരണത്തിൽ നിന്ന് ഓടിയകലാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ് മനുഷ്യൻ. എന്നാൽ, മരണത്തിൽ നിന്ന് ആർക്കും രക്ഷപ്പെടാനാവില്ല. എല്ലാവരും മരിക്കും. മരണത്തിന് ശേഷം പിന്നെയെന്ത്? അതു നമുക്കറിയില്ല. ഭൗതികപരീക്ഷണങ്ങൾ കൊണ്ടോ നിരീക്ഷണങ്ങൾ കൊണ്ടോ അതു കണ്ടുപിടിക്കാനുമാവില്ല. നമ്മെ സൃഷ്ടിച്ച തമ്പുരാൻ തന്നെ പറഞ്ഞുതരണം. അല്ലാഹു പറയുന്നു: 'തീർച്ചയായും ഏതൊരു മരണത്തിൽനിന്ന് നിങ്ങൾ ഓടിയകലുന്നുവോ തീർച്ചയായും അതു നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും ദൃശ്യവും അറിയുന്നവൻെറ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്'.[2]

'നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽപോലും.'[3]

'ഏതൊരാളും മരണത്തെ അസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും'.[4]

മനുഷ്യാത്മാവ് മരണനാന്തരം ദൈവികമായപരീക്ഷണത്തിൽ കഴിയുന്നു; അന്ത്യനാളുവരെ. സുകൃതം ചെയ്തവരുടെ ആത്മാവുകൾ തങ്ങൾക്ക് ലഭിക്കാനിരിക്കുന്ന സ്വർഗീയ സുഖത്തെക്കുറിച്ചറിഞ്ഞ് സന്തുഷ്ടരായും ദുഷ്പ്രവർത്തനങ്ങളിലൂടെ സ്വന്തത്തെ മലിനപ്പെടുത്തിയവരുടെ ആത്മാവുകൾ തങ്ങൾ അനുഭവിക്കുവാൻ പോകുന്ന നരകശിക്ഷയുടെ കാഠിന്യത്തെക്കുറിച്ചറിഞ്ഞ് പ്രയാസപ്പെട്ടും കഴിഞ്ഞുകൂടുമെന്നാണ് പ്രവാചകവചനങ്ങൾ വ്യക്തമാക്കുന്നത്; ആത്മാവിൻെറ ഈ അവസ്ഥ അന്ത്യനാളുവരെ തുടരും.

അന്ത്യനാൾ-പദാർഥലോകത്തിൻെറ പൂർണമായ നാശത്തിൻെറ ദിനമാണ്. എല്ലാ സൃഷ്ടികളും നശിക്കുന്ന ദിവസം. ആ ദിവസത്തിൻെറ ഭീകരതയെക്കുറിച്ച് ഖുർആനിൽ വന്ന പരാമർശങ്ങൾ നോക്കുക. 'കാഹളത്തിൽ ഒരു ഊത്ത് ഊതപ്പെട്ടാൽ. ഭൂമിയും പർവതങ്ങളും പൊക്കിയെടുക്കപ്പെടുകയും എന്നിട്ട് അവ രണ്ടും ഇടിച്ചു തകർക്കലിന് വിധേയമാക്കപ്പെടുകയും ചെയ്താൽ! അന്നേദിവസം

1. രാഹുൽ സാംകൃത്യായൻ: വിശ്വദർശനങ്ങൾ പുറം 550-581
2. ഖുർആൻ 62: 8
3. ഖുർആൻ 4: 78
4. ഖുർആൻ 29: 57



ആ സംഭവം സംഭവിക്കുകയായി: ആകാശം പൊട്ടിപ്പിളരുകയും ചെയ്യും. അന്ന് അത് ദുർബലമായിരിക്കും.'[1]

ആകാശം പൊട്ടിപ്പിളരുമ്പോൾ. നക്ഷത്രങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ. സമുദ്രങ്ങൾ പൊട്ടിയൊലിക്കപ്പെടുമ്പോൾ. ഖബറുകൾ ഇളക്കിമറിക്കപ്പെടുമ്പോൾ'.[2]

'മനുഷ്യന്മാർ ചിന്നിച്ചിതറിയ പാറ്റകളെപ്പോലെയും പർവതങ്ങൾ കടഞ്ഞ രോമംപോലെയും ആയിത്തീരുന്ന ദിവസം.'[3]

ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ-അതിൻെറ ഭയങ്കരമായ ആ പ്രകമ്പനം. ഭൂമി അതിൻെറ ഭാരങ്ങൾ പുറംതള്ളുകയും അതിന്ന് എന്തു പറ്റിയെന്ന് മനുഷ്യൻ പറയുകയും ചെയ്താൽ. അന്നേ ദിവസം അത് അതിൻെറ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്'.[4] 'തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അതു കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തൻെറ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം.'[5]

ഭീതിതമായ പ്രപഞ്ചനാശത്തിന് ശേഷം വീണ്ടും മനുഷ്യരെ ദൈവം പുനർജീവിപ്പിക്കും. ശവക്കല്ലറകളിൽ അടക്കം ചെയ്യപ്പെട്ട മനുഷ്യദേഹങ്ങളിൽ വീണ്ടും ആത്മാവ് സന്നിവേശിക്കപ്പെടും. മനുഷ്യരെല്ലാം പുനർജനിച്ച് സ്രഷ്ടാവിൻെറ സന്നിധിയിലേക്ക് നയിക്കപ്പെടും. ഖുർആൻ പറയുന്നത് നോക്കുക:

'കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ഖബ്റുകളിൽ നിന്ന് അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ചു ചെല്ലും'[6] 'കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ആകാശത്തിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. അതിൽ മറ്റൊരിക്കൽ ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേറ്റുനോക്കുന്നു.'[7]

1. ഖുർആൻ 69: 13-16
2. ഖുർആൻ 82: 1-4
3. ഖുർആൻ 101: 4, 5
4. ഖുർആൻ 99: 1-4
5. ഖുർആൻ 22: 1, 2
6. ഖുർആൻ 36: 51
7. ഖുർആൻ 39: 68

മരണത്തിനുശേഷമുള്ള ജീവിതത്തെ നിഷേധിക്കുന്നവർ എക്കാലത്തുമുണ്ടായിരുന്നിട്ടുണ്ട്. മരിച്ച് മണ്ണായിക്കഴിഞ്ഞശേഷം മനുഷ്യർ പുനർജനിക്കുമെന്ന് പറയുന്നത് അവിശ്വസനീയമാണെന്നാണവരുടെ വാദം. ശൂന്യതയിൽ നിന്ന് പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ബീജകണങ്ങളിൽനിന്ന് മനുഷ്യനെ പടക്കുകയും ചെയ്തവന്ന് മനുഷ്യരെ മരണശേഷം പുനഃസൃഷ്ടി നടത്താനാവില്ലെന്നു പറയുന്നത് വങ്കത്തമാണ്. പടച്ചതമ്പുരാൻ പറയുന്നത് നോക്കുക: 'മനുഷ്യരേ; ഉയിർത്തെഴുന്നേൽപിനെപ്പറ്റി നിങ്ങൾസംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക). തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തുമായ മാംസ പിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നാം നിങ്ങളെ ശിശുക്കളായി പുറത്തു കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കും വരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനു ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ട് നിർജ്ജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാത്തരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ അല്ലാഹു തന്നെയാണ് സത്യമായുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും, അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാണ്. അന്ത്യസമയം വരികതന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. ഖബ്റിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്യും.'[1]

'മനുഷ്യൻ കണ്ടില്ലേ, അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്? എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു. അവൻ നമുക്കൊരു ഉപമ എടുത്തു കാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ

1. ഖുർആൻ 22: 5-7



മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: 'എല്ലുകൾ ദ്രവിച്ചു പോയിരിക്കെ ആരാണവയ്ക്ക് ജീവൻ നൽകുന്നത്?' പറയുക. ആദ്യ തവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ. പച്ചമരത്തിൽ നിന്ന് നിങ്ങൾക്ക് തീയുണ്ടാക്കിത്തന്നവനത്രെ അവൻ. അങ്ങനെ നിങ്ങളതാ അതിൽ നിന്ന് കത്തിച്ചെടുക്കുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കുവാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും'.[1]

സകല ചരാചരങ്ങളും സൃഷ്ടിച്ച പടച്ചതമ്പുരാന് മനുഷ്യരെ പുനഃസൃഷ്ടിക്കുക പ്രയാസകരമല്ല. മനുഷ്യൻെറ മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്പിന് തെളിവായി ഖുർആൻ മേൽ സൂക്തങ്ങളിൽ ഉദ്ധരിക്കുന്നത് രണ്ടുദാഹരണങ്ങളാണ്. മണ്ണിൽ നിന്ന് തുടങ്ങി രേതസ്കണങ്ങളിലൂടെ തുടർന്ന് വ്യത്യസ്ത ഘട്ടങ്ങളിലൂടെയുള്ള മനുഷ്യൻെറ സൃഷ്ടിപ്പ്. നിർജീവമായിക്കിടക്കുന്ന ഭൂമിയിലേക്ക് പടച്ചതമ്പുരാൻ ജലമിറക്കുക വഴിയുള്ള അതിൻെറ ഉയിർത്തെഴുന്നേൽപ്പ്. ഇവ രണ്ടും സാധിക്കുന്ന അല്ലാഹുവിന് മരണാനന്തരം മനുഷ്യരെ പുനഃസൃഷ്ടിക്കുക തീരെ പ്രയാസമുള്ള കാര്യമല്ല. 'അവന്നാകുന്നു സൃഷ്ടി ആരംഭിക്കുന്നവൻ. പിന്നെ അവൻ അത് ആവർത്തിക്കുന്നു. അത് അവനെ സംബന്ധിച്ചിടത്തോളം കൂടുതൽ എളുപ്പമുള്ള കാര്യമാകുന്നു'.[2]

അന്ത്യദിനം കഴിഞ്ഞുള്ള ഉയിർത്തെഴുന്നേൽപ്പിന് ശേഷം മനുഷ്യരെല്ലാം സ്രഷ്ടാവിൻെറ സന്നിധിയിലേക്ക് പുറപ്പെടും. 'അന്നേ ദിവസം വിളിക്കുന്നവൻെറ പിന്നാലെ അവനോട് യാതൊരു വക്രതയും കാണിക്കാതെ അവർ പോകുന്നതാണ്. എല്ലാ ശബ്ദങ്ങളും പരമകാരുണികന് കീഴടങ്ങുന്നതാണ്. അതിനാൽ ഒരു നേർത്ത ശബ്ദമല്ലാതെ നീ കേൾക്കുകയില്ല'[3].

മനുഷ്യൻ വിചാരണയ്ക്കു ഹാജരാക്കപ്പെടുന്നതു പോലും തങ്ങളുടെ നന്മതിന്മകളുടെ തോതിന്നനുസൃതമായ രൂപത്തിലായിരിക്കും. ദൈവികദൃഷ്ടാന്തങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിട്ടും

1. ഖുർആൻ 36: 77-81
2. ഖുർആൻ 30: 27
3. ഖുർആൻ 20: 108

അവയിൽ വിശ്വസിക്കാതെ അഹങ്കാരം നടിച്ചുകൊണ്ട് ജീവിച്ചവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക അന്ധരായിക്കൊണ്ടായിരിക്കും. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: 'എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അവന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപ്പിച്ചുകൊണ്ടുവരുന്നതാണ്. അവൻ പറയും: എന്റെ രക്ഷിതാവേ, നീ എന്തിനാണെന്നെ അന്ധനായ നിലയിൽ എഴുന്നേൽപ്പിച്ചുകൊണ്ടുവന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ. അല്ലാഹു പറയും: അങ്ങനെ തന്നെയാകുന്നു. നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. എന്നിട്ട് നീ അതു മറന്നുകളഞ്ഞു. അതുപോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു'.[1]

'ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ മുഖം നിലത്തുകുത്തിയവരായിക്കൊണ്ടും അന്ധരും ഊമകളും ബധിരരുമായിക്കൊണ്ടും നാം അവരെ ഒരുമിച്ച് കൂട്ടുന്നതാണ്. അവരുടെ സങ്കേതം നരകമത്രെ. അത് അണഞ്ഞുപോകുമ്പോഴെല്ലാം നാം അവർക്ക് ജ്വാല കൂട്ടിക്കൊടുക്കുന്നതാണ്'[2].

ദൈവസന്നിധിയിൽ വെച്ചുള്ള മനുഷ്യരുടെ വിചാരണയാണ് പിന്നീട് നടക്കുക. രഹസ്യങ്ങളും പരസ്യങ്ങളും ഒരേപോലെ അറിയുന്ന പടച്ചതമ്പുരാനാണ് പ്രസ്തുത വിചാരണയുടെ മേലധികാരിയെന്നതിനാൽ അവന്നു മുമ്പിൽ ഒന്നും തന്നെ മറച്ചുവെക്കപ്പെടുകയില്ല. മനുഷ്യർ അതിരഹസ്യമായി ചെറിയ കുറ്റകൃത്യങ്ങളെല്ലാം ലോകജനതയുടെ സാന്നിധ്യത്തിൽ വിചാരണ ചെയ്യപ്പെടുന്ന അവസ്ഥയൊന്ന് ചിന്തിച്ചു നോക്കുക! 'തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. പിന്നീട് തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ'.[3]

'നിങ്ങളുടെ മനസ്സുകളിലുള്ളത് നിങ്ങൾ വെളിപ്പെടുത്തിയാലും മറച്ചുവെച്ചാലും അല്ലാഹു അതിന്റെ പേരിൽ നിങ്ങളോട് കണക്ക് ചോദിക്കുക തന്നെ ചെയ്യും.'[4]

മനുഷ്യർ ചെയ്തുകൂട്ടിയ കർമങ്ങൾക്ക് അവൻ ഏതവയവം

1. ഖുർആൻ 20: 124-126
2. ഖുർആൻ 17: 97
3. ഖുർആൻ 88: 25, 26
4. ഖുർആൻ 2: 284



കൊണ്ടാണോ പ്രസ്തുത കർമം ചെയ്തത് ആ അവയവം സാക്ഷി നിൽക്കുന്നതാണ്. ഭൂമിയിൽ വെച്ച് തന്റെ ദുഷ്കർമങ്ങളെ ന്യായീകരിക്കുകയും പൂഴ്ത്തിവെക്കുകയും ചെയ്യുവാനായി ഉപയോഗിച്ചിരുന്ന നാവ് മുദ്രവെക്കപ്പെടുകയും തങ്ങൾ ചെയ്ത പ്രവൃത്തികളെക്കുറിച്ച് കണ്ണും കാതും കൈകാലുകളും മറ്റവയവങ്ങളും സംസാരിക്കാനാരംഭിക്കുകയും ചെയ്താലുള്ള അവസ്ഥയൊന്ന് ചിന്തിച്ച് നോക്കുക! ഭൂമിയിൽ ജീവിച്ചുപോയ ജനകോടികളുടെ മുന്നിൽവെച്ച് ഇങ്ങനെ വിചാരണ ചെയ്യപ്പെടുമ്പോൾ പകൽമാന്യന്മാരായി ജീവിതം നയിച്ചവരുടെ സ്ഥിതിയെന്തായിരിക്കും? അല്ലാഹു പറയുന്നു: 'അന്ന് നാം അവരുടെ വായകൾക്ക് മുദ്രവെക്കുന്നതും അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്'[1].

തങ്ങൾ ചെയ്ത നന്മകളും തിന്മകളും ഓരോ വ്യക്തികളുടെ മുന്നിലും ഹാജരാക്കപ്പെടും: 'നന്മയായും തിന്മയായും താൻ പ്രവർത്തിച്ച ഓരോ കാര്യവും (തന്റെ മുമ്പിൽ) ഹാജരാക്കപ്പെട്ടതായി ഓരോ വ്യക്തിയും കണ്ടെത്തുന്ന ദിവസം'.[2]

'അന്നേദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്. അവർക്ക് അവരുടെ കർമങ്ങൾ കാണിക്കപ്പെടേണ്ടതിന്നായിട്ട്. അപ്പോൾ ആർ ഒരണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരണുമണിത്തൂക്കം തിന്മ ചെയ്തിരുന്നുവോ അതും അവൻ കാണും'.[3]

നന്മതിന്മകളെക്കുറിച്ച വിചാരണയ്ക്കുശേഷം തിന്മകൊണ്ട് സ്വജീവിതം ദുഷിപ്പിച്ചവരെ നരകത്തിലേക്കും സൽകർമങ്ങൾക്ക് ആത്മാവിനെ പ്രശോഭിതമാക്കിയവരെ സ്വർഗത്തിലേക്കും അയക്കുന്നു. നന്മകൾ കൊണ്ട് ജീവിതം ധന്യമാക്കിയവരുടെ ചെറിയ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കും. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കാത്തവരുടെ സൽകർമങ്ങളെല്ലാം വ്യർഥാവിലാകും. അല്ലാഹുവല്ലാത്തവരെ ആരാധിക്കുക വഴി ദൈവത്തിൽ പങ്കുചേർത്തവരുടെ പാപങ്ങൾ ഒരിക്കലും തന്നെ പൊറുത്തുകൊടുക്കപ്പെടുകയില്ല. ഖുർആൻ പറയുന്നു: 'തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരി

1. ഖുർആൻ 36: 65
2. ഖുർആൻ 3: 30
3. ഖുർആൻ 99: 6-8

ക്കലും തന്നെ പൊറുത്തു കൊടുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്'[1].

ഇഹലോകത്ത്‌വെച്ച് കാര്യസാധ്യത്തിനുവേണ്ടി ഒട്ടനവധി ശുപാർശകന്മാരെ സമീപിക്കുന്നവരാണ് മനുഷ്യർ. അതുപോലെത്തന്നെ, സർവശക്തനായ ദൈവത്തിങ്കലേക്ക് തങ്ങൾക്കുള്ള ശുപാർശകരാണെന്ന് പറഞ്ഞ് അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നതിന് ന്യായീകരണം കണ്ടെത്തിക്കൊണ്ടാണ് ബഹുദൈവവിശ്വാസികളുടെ സമൂഹങ്ങൾ തങ്ങളുടെ ദുർമാർഗത്തിലേക്കുള്ള പ്രഥമപടി ചവിട്ടിയത്. എന്നാൽ, പരലോകത്ത് അവിശ്വാസികളെ നരകത്തിൽ നിന്ന് രക്ഷിക്കുവാൻ യാതൊരു ശുപാർശകരുമുണ്ടാവില്ല. അല്ലാഹുവിൻെറ പരമാധികാരത്തിനു കീഴിൽ നടക്കുന്ന പരലോകവിചാരണയിൽ അവൻെറ അനുവാദത്തോടു കൂടിയല്ലാതെ ആർക്കും ഒരു രൂപത്തിലുള്ള ശുപാർശയും ചെയ്യുവാൻ സാധ്യമല്ല. അല്ലാഹുവിൻെറ അനുവാദത്തോടുകൂടി നടക്കുന്ന ശുപാർശയാകട്ടെ ഈ ലോകത്തിലെ ശുപാർശയിൽ നിന്ന് തികച്ചും വ്യതിരിക്തമായിരിക്കും; ചില പ്രത്യേക വ്യക്തികൾക്ക് അല്ലാഹു നൽകുന്ന ബഹുമാന്യതയുടെ ബഹിർപ്രകടനമായിരിക്കും പ്രസ്തുത ശുപാർശ. അല്ലാഹുവല്ലാത്തവരെ ആരാധിച്ചുകൊണ്ട് ദൈവകോപത്തിന് വിധേയമായവർക്ക് പരലോകത്ത് ആരുടെയും യാതൊരു ശുപാർശയും ലഭിക്കുകയില്ല. ബഹുദൈവവിശ്വാസികളായ സാധാരണക്കാരും അവരുടെ നേതാക്കളും തമ്മിൽ പരലോകത്ത് വെച്ച് നടക്കുന്ന തർക്കത്തിനിടയിൽ അവർ പറയുന്ന വരികൾ ഖുർആൻ ഉദ്ധരിക്കുന്നതിങ്ങനെയാണ്: 'അല്ലാഹുവാണെ സത്യം. നിങ്ങൾക്ക് ഞങ്ങൾ ലോകരക്ഷിതാവിനോട് തുല്യത കൽപിക്കുന്ന സമയത്ത് ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു. ഞങ്ങളെ വഴിപിഴപ്പിച്ചത് ആ കുറ്റവാളികളല്ലാതെ മറ്റാരുമല്ല. ഇപ്പോൾ ഞങ്ങൾക്ക് ശുപാർശകരായി ആരുമില്ല. ഉറ്റസുഹൃത്തുമില്ല'[2].

ഇഹലോകത്തുവെച്ച് ത്യാഗങ്ങൾ സഹിച്ചും പ്രയാസങ്ങളോട് പടവെട്ടിയും കൊണ്ട് സത്യവിശ്വാസികളായി ജീവിച്ചവർക്ക് നൽക

1. ഖുർആൻ 4: 48
2. ഖുർആൻ 26: 97-101



പ്പെടാനിരിക്കുന്ന സ്വർഗത്തിലെ സുഖസൗകര്യങ്ങൾ വിവരിക്കുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിലുണ്ട്. ശരീരത്തിനും ആത്മാവിനും, സംതൃപ്തിയും സന്തോഷവും സമാധാനവും നൽകുവാനുതകുന്ന സംവിധാനങ്ങളാണ് സ്വർഗത്തിലുള്ളത്. ദൈവികമാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് ഭൂമിയിലെ 'നൈമിഷിക സുഖ'ങ്ങളിൽ നിന്ന് അകന്നു നിന്നവർക്ക് പരലോകത്തുവെച്ച് ലഭിക്കുവാനിരിക്കുന്നത് ശാശ്വതമായ സുഖസൗകര്യങ്ങളാണ്. ഭൂമിയിൽ വിലക്കുവാങ്ങുന്ന 'സുഖ'ങ്ങൾ ശാരീരിക സംതൃപ്തി-അതും ഒരളവു വരെ-മാത്രം പ്രദാനം ചെയ്യുന്നവയാണ്. പരലോകത്തിലെ ശാശ്വത സുഖമാകട്ടെ, ശാരീരികവും മാനസികവും ആത്മീയവുമായ ആനന്ദങ്ങൾ നൽകുന്നവയാണ്.

സ്വർഗത്തെ ശാന്തിയുടെ ഭവനമെന്നാണ് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത്. അവിടെയുള്ള മാലാഖമാരുടെ ആശംസ മാത്രം മതി സത്യവിശ്വാസികളുടെ മനസ്സിനെ കുളിരണിയിക്കുവാൻ. അല്ലാഹുവിൻെറ കാരുണ്യത്തിന് കീഴിൽ ജീവിക്കുന്ന സത്യവിശ്വാസികൾക്ക് അവിടെ സമ്പൂർണ സമാധാനമായരിക്കും. ഖുർആൻ പറയുന്നു: 'അവർക്ക് അവരുടെ രക്ഷിതാവിൻെറയടുക്കൽ സമാധാനത്തിൻെറ ഭവനമുണ്ട്. അവൻ അവരുടെ രക്ഷാധികാരിയായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിൻെറ ഫലമത്രെ അത്'.[1]

'സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും അവരുടെ പിതാക്കളിൽ നിന്നും, ഇണകളിൽ നിന്നും സന്തതികളിൽ നിന്നും സദ്‌വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ട് പറയും: 'നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം!' അപ്പോൾ ലോകത്തിൻെറ പര്യവസാനം എത്ര നല്ലത്'[2].

ദൈവിക വിധിവിലക്കുകളനുസരിച്ച് ജീവിച്ച മനുഷ്യർക്കുവേണ്ടി താൻ ഒരുക്കിവെച്ചിരിക്കുന്ന സ്വർഗത്തിലേക്ക് അവരെ സ്വീകരിച്ചുകൊണ്ട് അല്ലാഹു പറയുന്ന പദങ്ങൾ ഏതൊരു സത്യവിശ്വാസിയെയാണ് പുളകം കൊള്ളിക്കാതിരിക്കുക. അല്ലാഹു സത്യവിശ്വാസികളെ സ്വാഗതം ചെയ്യുന്ന വാക്കുകൾ ഖുർആൻ വിവരിക്കുന്നതിങ്ങനെയാണ്: 'ഹേ, സമാധാനമടഞ്ഞ ആത്മാവേ, നീ നിൻെറ രക്ഷിതാ

1. ഖുർആൻ 6: 127
2. ഖുർആൻ 13: 24, 25

വിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക. എൻെറ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.’[1]

സ്രഷ്ടാവിൻെറ ആജ്ഞയനുസരിച്ചുകൊണ്ട് ഭൂമിയിൽ വെച്ച് ഏതെല്ലാം സുഖസൗകര്യങ്ങൾ സത്യവിശ്വാസികൾ വെടിഞ്ഞുവോ ആ സുഖസൗകര്യങ്ങളെല്ലാം ശാശ്വതമായി അനുഭവിക്കുവാൻ അവർക്ക് സ്വർഗത്തിൽ വെച്ച് സാധിക്കും. സ്വർഗത്തിലെ ശാരീരികസുഖങ്ങൾ ഭൗതികമായ വർണനകൾക്കതീതമാണ്. ഭക്ഷണമാകട്ടെ പാനീയമാകട്ടെ ഇണകളാകട്ടെ ഭൂമിയിൽ ലഭിക്കുന്നതൊന്നും നൂറുശതമാനം കുറ്റമറ്റതാണെന്ന് പറയുക സാധ്യമല്ലല്ലോ. എന്നാൽ സ്വർഗത്തിലെ സ്ഥിതി ഇതിൽ നിന്ന് വ്യത്യസ്തമാണ്. അവിടെ ലഭിക്കുന്നതെന്തും പരിശുദ്ധമായിരിക്കും; കുറ്റമറ്റതായിരിക്കും. അതുകൊണ്ടുതന്നെ ഭൂമിയിലെ വിഭവങ്ങളുമായി അവയെ താരതമ്യം ചെയ്യാനാവില്ല. സ്വർഗീയ സുഖങ്ങളെക്കുറിച്ച ഏതാനും ഖുർആൻ സൂക്തങ്ങൾ നോക്കുക:

‘എൻെറ ദാസന്മരേ, ഇന്ന് നിങ്ങൾക്ക് യാതൊരു ഭയവുമില്ല. നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും കീഴ്പപ്പെട്ടു ജീവിക്കുകയും ചെയ്തവരത്രെ (നിങ്ങൾ). നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായിക്കൊണ്ട് സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക. സ്വർണത്തിൻെറ തളികകളും പാനപാത്രങ്ങളും അവർക്ക് ചുറ്റും കൊണ്ടു നടക്കപ്പെട്ടും. മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെയുണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിൻെറ ഫലമായി നിങ്ങൾക്ക് അവകാശപ്പെടുത്തിത്തന്നിട്ടുള്ള സ്വർഗമത്രെ അത്. നിങ്ങൾക്കതിൽ പഴങ്ങൾ ധാരാളമായി ഉണ്ടാകും. അതിൽ നിന്ന് നിങ്ങൾക്ക് ഭക്ഷിക്കാം’.[1]

‘തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അത്തരം സൽപ്രവർത്തനം നടത്തുന്ന യാതൊരാളുടെയും പ്രതിഫലം തീർച്ചയായും പാഴാക്കുന്നതല്ല. അക്കൂട്ടർക്കാകുന്നു സ്ഥിരാവസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നതാണ്. നേരിയതും കട്ടിയുള്ളതുമായ പച്ചപ്പട്ടു വസ്ത്രങ്ങൾ അവർ ധരിക്കുകയും ചെയ്യും. അവിടെ അവർ അലങ്കരിച്ച കട്ടിലുകളിൽ ചാരിയിരുന്നു വിശ്രമിക്കുന്നവരായിരിക്കും. എത്ര വിശിഷ്ടമായ പ്രതിഫലം! എത്ര ഉദാത്തമായ വിശ്രമസ്ഥലം!’[1]

1. ഖുർആൻ 89: 27-30
2. ഖുർആൻ 43: 68-73



‘സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിൻെറ അവസ്ഥ എങ്ങനെയെന്നാൽ  അതിൽ പകർച്ച വരാത്ത വെള്ളത്തിൻെറ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിൻെറ അരുവികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിൻെറ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിൻെറ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവുമുണ്ട്.’[2]

‘അല്ലാഹുവിൻെറ നിഷ്കളങ്കരായ ദാസന്മാർ ഇതിൽ (ശിക്ഷകളിൽ) നിന്നൊഴിവാകുന്നു. അങ്ങനെയുള്ളവർക്കാകുന്നു അറിയപ്പെട്ട ഉപജീവനം. വിവിധതരം പഴവർഗങ്ങൾ. സൗഭാഗ്യത്തിൻെറ സ്വർഗത്തോപ്പുകളിലും അവർ ആദരിക്കപ്പെടുന്നവരായിരിക്കും. അവർ ചില കട്ടിലുകളിൽ പരസ്പരം അഭിമുഖമായി ഇരിക്കുന്നവയായിരിക്കും. ഒരു തരം ഉറവുജലം നിറച്ച കോപ്പകൾ അവരുടെ ചുറ്റും കൊണ്ടു നടക്കപ്പെടും.  വെളുത്തതും കുടിക്കുന്നവർക്ക് ഹൃദ്യവുമായ പാനീയം. അതിൽ യാതൊരു ദോഷവുമില്ല. അത് നിമിത്തം അവർക്ക് ലഹരി ബാധിക്കുകയുമില്ല. ദൃഷ്ടി നിയന്ത്രിക്കുന്നവരും വിശാലനേത്രങ്ങളുള്ളവരുമായ സ്ത്രീകൾ അവരുടെയടുത്ത് ഉണ്ടായിരക്കും. സൂക്ഷിച്ചുവെക്കപ്പെട്ട മുട്ടകൾ പോലെയായിരിക്കും അവർ’.[3]

ദൈവിക വിധിവിലക്കുകളനുസരിച്ച് ജീവിക്കുന്നത് പുരുഷനായാലും സ്ത്രീയായാലും അവർ സ്വർഗത്തിൽ പ്രവേശിക്കപ്പെടുന്നതാണെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. പുരുഷൻ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾക്കു തുല്യമായ സുഖസൗകര്യങ്ങൾ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന സ്ത്രീകളും അനുഭവിക്കുന്നതാണ്. സ്ത്രീയാണെന്ന കാരണത്താൽ മാത്രം അവഗണിക്കപ്പെടുകയോ അവമതിക്കപ്പെടുകയോ ചെയ്യുകയില്ല. ഖുർആൻ പറയുന്നു: “ആണാകട്ടെ, പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽക

1. ഖുർആൻ 18: 30, 31
2. ഖുർആൻ 47: 15
3. ഖുർആൻ 37: 40-49

ർമങ്ങൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല".[1]

സ്വർഗവാസികൾ അനുഭവിക്കുന്ന ശാരീരികസുഖങ്ങൾക്ക് പുറമെയുള്ള ആത്മയീനുഭൂതികളിലൊന്നാണ് അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുകയെന്നത്. സ്വർഗത്തിലെ ശാരീരികസുഖങ്ങളെക്കുറിച്ചു വിവരിച്ച ശേഷം ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: 'എന്നാൽ അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം.'[2]

അല്ലാഹുവിന്റെ പ്രീതിയും സ്നേഹവും കരസ്ഥമാക്കുവാൻ സാധിക്കുന്നതിലും വലിയ ഭൗതിക സുഖങ്ങളൊന്നും തന്നെയില്ല; തീർച്ച.

സത്യവിശ്വാസികൾക്ക് സ്വർഗത്തിൽ വെച്ചുണ്ടാകുന്ന അവാച്യമായ ഒരു അനുഭൂതിയാണ് സർവശക്തനായ അല്ലാഹുവിന്റെ ദർശനം. സ്ഥലകാലബന്ധനത്തിലിരിക്കുന്ന മനുഷ്യന് സ്ഥലകാലാതീതനായ സ്രഷ്ടാവിനെ ഈ ലോകത്തു വെച്ച് കാണുവാൻ സാധിക്കുകയില്ല. എന്നാൽ പരലോകത്തു വെച്ച് സ്വർഗാവകാശികൾക്ക് അല്ലാഹുവിന്റെ വദനം ദർശിക്കുവാൻ കഴിയും. അതിലും നയനാനന്ദകരമായ കാര്യമെന്താണ്? നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്നവനായ സർവകശക്തനെ കാണാൻ കഴിയുന്നതിലും വലിയ സംഗതിയെന്താണ്? നബി തിരുമേനി ഇങ്ങനെ പറഞ്ഞു: 'സ്വർഗക്കാർ സ്വർഗത്തിലും നരകക്കാർ നരകത്തിലും കടന്നാൽ ഇങ്ങനെ അറിയിപ്പുണ്ടാകും. 'സ്വർഗക്കാരേ! നിങ്ങൾക്ക് അല്ലാഹു ഒരു വാക്കുതന്നിട്ടുണ്ട്. അത് നിറവേറ്റാൻ അവൻ കരുതുന്നു'. തൽസമയം അവർ പറയും: 'അതെന്താണ്? ഞങ്ങളുടെ തുലാസുകൾ മുൻതൂക്കം തൂങ്ങുകയും മുഖങ്ങൾ ചൈതന്യവത്താവുകയും ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും നരകം ഒഴിവാക്കിക്കിട്ടുകയും ചെയ്തില്ലേ?' ആ സമയം അവർക്ക് മറ നീക്കപ്പെടും. അവർ അവനെ നോക്കും. അല്ലാഹുവിനെ ദർശിക്കുകയെന്നതുപോലെ പഥ്യവും നയനാനന്ദകരവുമായ മറ്റൊരു കാര്യവും അവർക്ക് അവൻ കൊടുത്തിട്ടില്ലതന്നെ.'[3]

പടച്ചതമ്പുരാന്റെ ആജ്ഞകൾ അതിലംഘിക്കുക വഴി സ്വന്തം

1. ഖുർആൻ 4: 124
2. ഖുർആൻ 8: 72
3. മുസ്‌ലിം



ആത്മാവിനെ മലിനപ്പെടുത്തിയവർക്ക് പരലോകത്തുവെച്ച് കഠിനമായ ശിക്ഷ നൽകപ്പെടും. പ്രവാചകന്മാരെ നിഷേധിക്കുകയും അല്ലാഹുവിന് പുറമെ മറ്റു പലരെയും വിളിച്ചുപ്രാർഥിക്കുകയും പാപങ്ങളാൽ തങ്ങളുടെ ഇഹലോകജീവിതത്തെ മ്ലേച്ഛമാക്കുകയും ചെയ്തവർക്ക് നൽകുന്ന പ്രതിഫലമത്രെ കത്തിക്കരിയുന്ന നരകം. നരകത്തിലെറിയപ്പെടുന്നവർ ദൈവികവിധിവിലക്കുകൾ കാറ്റിൽ പറത്തി തന്നിഷ്ടം പ്രവർത്തിച്ചവരാണ്; മരണാനന്തര ജീവിതത്തെയും സ്വർഗത്തെയും നരകത്തെയും കുറിച്ച് മുന്നറിയിപ്പ് നൽകിയപ്പോൾ ദൈവദൂതന്മാരെയും അനുയായികളെയും പരിഹസിച്ചവരാണ്; മരണാനന്തരമുള്ള ശാശ്വതസ്വർഗത്തിനു പകരം ഇഹലോകത്തിലെ നൈമിഷികസുഖങ്ങളെ വിലക്കുവാങ്ങിയവരാണ്. അവർ കഠിനമായ ശിക്ഷ അർഹിക്കുന്നു. അവർക്ക് നൽകപ്പെടാനിരിക്കുന്ന നരകത്തിന്റെ ഭീകരത വ്യക്തമാക്കുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിക്കുക:

'തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോവുമ്പോഴെല്ലാം അവർക്ക് വേറെ തൊലികൾ നാം മാറ്റിക്കൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചുകൊണ്ടിരിക്കുവാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു'[1]

'സത്യവിശ്വാസികളേ, സ്വദേഹങ്ങളേയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷ സ്വഭാവമുള്ളവരും അതിശക്തരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപ്പിക്കപ്പെടുന്നതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.'[2]

'അവന്റെ പിന്നാലെ തന്നെയുണ്ട് നരകം. ചോരയും ചലവും കലർന്ന നീരിൽ നിന്നായിരിക്കും അവന്ന് കുടിക്കാൻ നൽകപ്പെടുന്നത്. അതവൻ കീഴ്പോട്ടിറക്കാൻ ശ്രമിക്കും. അത് തൊണ്ടയിൽ നിന്നിറക്കാൻ അവന്ന് കഴിഞ്ഞേക്കുകയില്ല. എല്ലായിടത്തു നിന്നും മരണം അവന്റെ നേർക്ക് വരും. എന്നാൽ അവൻ മരണപ്പെടുകയില്ല

1. ഖുർആൻ 4: 56
2. ഖുർആൻ 66: 6

താനും. അതിൻെറ പിന്നാലെതന്നെയുണ്ട് കഠോരമായ വേറെയും ശിക്ഷ'[1]

'എന്നാൽ അവിശ്വസിച്ചവരാരോ അവർക്ക് അഗ്നി കൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ചു കൊടുക്കപ്പെടുന്നതാണ്. അവരുടെ തലയ്ക്കു മീതെ തിളയ്ക്കുന്ന വെള്ളം ചൊരിയപ്പെടുന്നതാണ്. അതുനിമിത്തം അവരുടെ വയറുകളിലുള്ളതും ചർമങ്ങളും ഉരുക്കപ്പെടും. അവർക്ക് ഇരുമ്പിൻെറ ദണ്ഡുകളുമുണ്ടായിരിക്കും. അതിൽ നിന്ന് കഠിന ക്ലേശം നിമിത്തം പുറത്തുപോകാൻ അവർ ഉദ്ദേശിക്കുമ്പോഴെല്ലാം അതിലേക്ക് തന്നെ അവർ മടക്കപ്പെടുന്നതാണ്. 'എരിച്ചു കളയുന്ന ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക'(എന്ന് അവരോട് പറയപ്പെടുകയും ചെയ്യും).'[2]

'തീർച്ചയായും 'സഖ്‌ഖൂം' വൃക്ഷമാകുന്നു (നരകത്തിൽ) പാപിയുടെ ആഹാരം. ഉരുകിയ ലോഹം പോലിരിക്കും (അതിൻെറ കനി). ചൂടുവെള്ളം തിളയ്ക്കുന്നതുപോലെ അത് വയറുകളിൽ തിളയ്ക്കും. നിങ്ങൾ അവനെ പിടിക്കൂ. എന്നിട്ട് നരകത്തിൻെറ മധ്യത്തിലേക്ക് വലിച്ചിഴക്കൂ. അനന്തരം ചൂടുവെള്ളം കൊണ്ടുള്ള ശിക്ഷ അവൻെറ തലയ്ക്കുമീതെ നിങ്ങൾ ചൊരിഞ്ഞേക്കൂ (എന്ന് നിർദേശിക്കപ്പെടും)."[3]

"എന്നാൽ നിർഭാഗ്യമടഞ്ഞവരാകട്ടെ, അവർ നരകത്തിലായിരിക്കും. അവർക്കവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണുണ്ടായിരിക്കുക. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നേടത്തോളം അവരതിൽ നിത്യവാസികളായിരിക്കും."[4]

"ആ ദിവസം കുറ്റവാളികളെ ചങ്ങലകളിൽ അന്യോന്യം ചേർത്ത് ബന്ധിക്കപ്പെട്ടതായിട്ട് നിനക്ക് കാണാം. അവരുടെ കുപ്പായങ്ങൾ കറുത്ത ടാറുകൊണ്ടുള്ളതായിരിക്കും. അവരുടെ മുഖങ്ങളെ തീ പൊതിയുന്നതാണ്."[5]

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങൾ അതേപോലെ വിശ്വസിക്കുക മാത്രമെ പരലോകത്തിൻെറ

1. ഖുർആൻ 14: 16, 17
2. ഖുർആൻ 22: 19-22
3. ഖുർആൻ 44: 43-48
4. ഖുർആൻ 11: 106, 107
5. ഖുർആൻ 14: 49, 50



കാര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയൂ. ഈ വിവരണങ്ങളിൽ നിന്ന് ഒരു കാര്യം വ്യക്തമാവുന്നു. മനുഷ്യജീവിതത്തിൻെറ പരമമായ ലക്ഷ്യം പരലോകമോക്ഷമാകണമെന്ന കാര്യമാണത്. ഇഹലോകത്തിലെ സുഖവും ദുഃഖവുമെല്ലാം നശ്വരമാണ്. ഇവിടുത്തെ സുഖസൗകര്യങ്ങൾക്കു വേണ്ടി ശാശ്വതമായ സ്വർഗത്തെ നഷ്ടപ്പെടുത്തുന്നവർ മഹാനഷ്ടക്കാരാണ്. നരകത്തിൽ നിന്നു രക്ഷപ്പെട്ടു സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ് ഏറ്റവും മഹത്തായ ഭാഗ്യം. ഖുർആൻ പറഞ്ഞതെത്ര ശരി! 'ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ മാത്രമെ നിങ്ങൾക്കു പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല.'[1]

5. ഖുർആൻ 3: 185

# പതിനെന്ന്

## വിധിവിശ്വാസം

ഈ പ്രപഞ്ചത്തിലെ ചെറുതും വലുതുമായ വസ്തുക്കൾക്കെല്ലാം അവയുടേതായ ചില സ്വഭാവ സവിശേഷതകളും വ്യവസ്ഥകളും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ഈ ദൈവികനിശ്ചയത്തിൽ നിന്ന് തെന്നിമാറിക്കൊണ്ട് സചേതനമോ അചേതനമോ ആയ യാതൊരു വസ്തുവിനും നിലനിൽക്കാനാവില്ല. മനുഷ്യരും മറ്റു ജീവജാലങ്ങളുമടക്കം സൂക്ഷ്മസ്ഥൂല പ്രപഞ്ചങ്ങളിലെ മുഴുവൻ പ്രതിഭാസങ്ങളും ദൈവവിധി പ്രകാരം വ്യവസ്ഥാപിതമായാണ് നിലനിൽക്കുന്നതെന്ന വിശ്വാസമാണ് ഇസ്ലാമിക വിധിവിശ്വാസത്തിന്റെ കാതൽ.

പ്രാപഞ്ചികപ്രതിഭാസങ്ങളെല്ലാം വ്യവസ്ഥാപിതമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. ഈ വ്യവസ്ഥയ്ക്ക് പിന്നിൽ കേവല യാദൃച്ഛികതായണുള്ളതെന്ന ഭൗതികവാദവീക്ഷണം ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതാണ്. പ്രാപഞ്ചിക വ്യവസ്ഥക്കുനിമിത്തമായ നിയമങ്ങൾ കണ്ടുപിടിക്കുവാൻ മനുഷ്യന് സാധിക്കുന്നുവെന്ന വസ്തുതയൊരിക്കലും നിയമദാതാവിൻെറ അസ്തിത്വത്തെ നിഷേധിക്കുന്നില്ല. അത്യാധുനിക ഗണിതസങ്കേതങ്ങളുപയോഗിച്ച് നിർദ്ധാരണം ചെയ്തെടുക്കുന്ന പ്രാപഞ്ചികവ്യവസ്ഥയ്ക്കു പിന്നിലെ നിയമങ്ങളുടെ സൂത്രവാക്യങ്ങൾ നിയമദാതാവിൻെറ അജയ്യതയാണ് വെളിപ്പെടുത്തുന്നത്. ഓരോ വസ്തുവിൻെറയും സൃഷ്ടിപ്പിനു മുമ്പ് അതിനൊരു വ്യവസ്ഥ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഭൗതികവാദികൾ പ്രകൃതി നിയമം എന്നു വിളിക്കുന്നത് ഈ വ്യവസ്ഥയെയാണ്. മാറ്റമില്ലാതെ നിലനിൽക്കുന്ന പ്രകൃതിനിയമം തന്നെയാണ് ദൈവികവിധി. പ്രകൃ



തിനിയമങ്ങളെ മാറ്റിമറിക്കുവാൻ സൃഷ്ടികൾക്കൊന്നും സാധ്യമല്ലെന്ന് ഭൗതികവാദികൾ സമ്മതിക്കുമ്പോൾ ദൈവിക വിധിയുടെ അജയ്യത അംഗീകരിക്കുകയാണ് അവർ ചെയ്യുന്നത്.

ദൈവികവിധിയിൽ നിന്ന് തെന്നിമാറുവാൻ സൃഷ്ടികൾക്കൊന്നും സാധ്യമല്ല. സൂര്യചന്ദ്രന്മാരുടെ ചലനം തന്നെ ഉദാഹരണമായെടുക്കാം. അവയുടെ പരിമാണത്തിൽ അൽപമെങ്കിലും മാറ്റം വരുത്താൻ ആർക്കാണ് കഴിയുക? സൂര്യൻ, അതുൾക്കൊള്ളുന്ന ക്ഷീരപഥ താരാസമൂഹത്തിൻെറ കേന്ദ്രത്തെ വൃത്താകാരമായ പഥത്തിലൂടെ സെക്കൻറിൽ 250 കിലോമീറ്റർ വേഗതയിൽ ചുറ്റിക്കൊണ്ടിരിക്കുന്നു. 'സൂര്യൻ, അതിന്ന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണിത്.'[1] ഭൂമിക്കു ചുറ്റും ഒരു പ്രാവശ്യം ഭ്രമണം ചെയ്യുവാൻ ചന്ദ്രനെടുക്കുന്ന സമയം 27 ദിവസം 7 മണിക്കൂർ 43 മിനിറ്റ് 11.47 സെക്കൻറാണ്. 'സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാകുന്നു (സഞ്ചരിക്കുന്നത്).'[2] ദൈവികമായ ഈ വ്യവസ്ഥ നിർണയിക്കുന്നതിൽ ഒരു സൃഷ്ടിക്കും യാതൊരു പങ്കുമില്ല. സൂര്യചന്ദ്രനക്ഷത്രാദികളുടെ സ്രഷ്ടാവുതന്നെ അവയുടെ വ്യവസ്ഥയും നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത ദൈവികവിധി അന്യൂനവും പ്രമാദമുക്തവുമത്രെ.

അറിയപ്പെട്ടിടത്തോളം പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്ന ഏകസ്ഥലമാണ് ഭൂമി. അനേക കോടി താരാസമൂഹങ്ങളിലൊന്നായ ആകാശ ഗംഗയിലെ അനേകലക്ഷം നക്ഷത്രങ്ങളിലൊന്നായ സൂര്യൻെറ ഒമ്പത് ഗ്രഹങ്ങളിലൊന്നാണിത്. പ്രപഞ്ചത്തിന് പൊതുവെയുള്ള വ്യവസ്ഥ ഭൂമിക്കും ബാധകമാണ്. ദൈവികവിധി പ്രകാരം തന്നെയാണ് ഭൂമിയിലെ ഓരോ പ്രതിഭാസങ്ങളും നിലനിൽക്കുന്നത്. ഭൂമിയുടെ സ്വയം ഭ്രമണത്തിലൂടെയുള്ള രാപ്പകലുകളുടെ മാറ്റം മുതൽ വ്യത്യസ്തങ്ങളായ തന്മാത്രകളുടെ ഘടന വരെ ദൈവിക വിധി പ്രകാരമാണ് സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഭൂമി സ്വയം ഭ്രമണത്തിനെടുക്കുന്ന സമയമായ 23 മണിക്കൂർ 56 മിനുട്ട് 4.09 സെക്കൻറിൽ അൽപമെങ്കിലും മാറ്റംവരുത്താൻ സൃഷ്ടികൾക്ക് കഴിയുമോ? രണ്ട് ഹൈഡ്രജൻ ആറ്റങ്ങളും ഒരു ഓക്സിജൻ ആറ്റവും കൂടിച്ചേർന്നാണ് ഒരു ജലതന്മാത്രയുണ്ടാവുന്നതെന്ന ദൈവികവിധിയെ

1. ഖുർആൻ 36: 38
2. ഖുർആൻ 55: 5

ആർക്കും മാറ്റിമറിക്കാനാവില്ല. ദൈവികവിധിയുടെ അടിസ്ഥാനതത്ത്വം മനസ്സിലാക്കാനുതകുന്ന ഖുർആൻ വാക്യം ഇങ്ങനെയാണ്. 'തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ (ഖദ്റ്) പ്രകാരമാകുന്നു'.[1]

ജീവനുള്ള വസ്തുക്കളും ഈ ദൈവിക വിധിക്കതീതമല്ല. ജൈവവസ്തുവിനെ നിർമിക്കാനുപയോഗിച്ചിരിക്കുന്ന ഇഷ്ടികകളെന്നു വിശേഷിപ്പിക്കപ്പെടുന്ന ജീവകോശങ്ങൾ മുതൽ ഏറ്റവും സങ്കീർണമായ അവയവമായ മസ്തിഷ്കം വരെ ദൈവിക വ്യവസ്ഥക്കനുസൃതമായാണ് നിലനിൽക്കുന്നത്. ആർക്കും മാറ്റുവാൻ കഴിയാത്തതാണീ വ്യവസ്ഥയെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. ജീവകോശങ്ങളിലെ വ്യവസ്ഥ ശാസ്ത്രജ്ഞന്മാരെ അത്ഭുതസ്തബ്ധരാക്കുകയാണ് ചെയ്തിരിക്കുന്നത്. കോശങ്ങൾക്കുള്ളിലെ ക്രോമസോമുകളിലെ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ട ജനിതകകോഡുകളാണ് ജീവികളുടെ സ്വഭാവം നിർണയിക്കുന്നത്. കശുവണ്ടി കുഴിച്ചിട്ടാൽ മാവുണ്ടാകാതിരിക്കുന്നത് അതിലെ ജനിതകകോഡുകൾ അങ്ങനെ അനുശാസിക്കുന്നതിനാലാണ്. ജന്മനാ ലഭിക്കുന്ന സ്വഭാവ സവിശേഷതകൾ ജനിതകകോഡിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവയാണ്. പൂവൻകോഴി കൂവുന്നതു മുതൽ പുലിയുടെ ശൗര്യം വരെയുള്ള സ്വഭാവങ്ങളെല്ലാം ജീനുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നർഥം.

ചില ജീവികളുടെ ജന്മവാസനകൾ നാഗരിക മനുഷ്യനെപ്പോലും അത്ഭുതപ്പെടുത്തുന്നു. ശൈത്യകാലത്ത് ആർട്ടിക്കിൽ നിന്നു പുറപ്പെട്ട് പതിനേഴായിരം കിലോമീറ്റർ പറന്ന് വേനലാകുമ്പോഴേക്കും അന്റാർട്ടിക്കിലെത്തിച്ചേരുകയും അവിടെ അൽപ ദിവസം തങ്ങിയ ശേഷം താൻ വന്ന അതേ വഴിയിലൂടെ പുറപ്പെട്ട കൃത്യസ്ഥലത്ത് തന്നെ തിരിച്ചെത്തുകയും ചെയ്യുന്ന ആർട്ടിക്ടേൺ. സർഗാസോയുടെ അഗാധതകളിൽ വെച്ച് മുട്ടവിരിഞ്ഞ് പുറത്തുവന്ന് നാലായിരത്തോളം കിലോമീറ്റർ ദൂരം ആരും വഴികാണിക്കാനില്ലാതെ സഞ്ചരിച്ച് തങ്ങളുടെ 'മാതാവ്' പുറപ്പെട്ട അതേ സ്ഥലത്ത് എത്തിച്ചേരുന്ന ആരൽ മൽസ്യങ്ങൾ. വണ്ണമുള്ള മരങ്ങൾ മുറിച്ചെടുത്ത് തനിക്കാവശ്യമുള്ള രീതിയിലുള്ള പണിത്തരമാക്കി മാറ്റി നദിക്കരയിൽ 'എയർ കണ്ടീഷൻ' ചെയ്ത വീടുനിർമിക്കുന്ന കാട്ടിലെ എഞ്ചിനീയറെന്നു വിളിക്കപ്പെടുന്ന ബീവർ. ചില പ്രത്യേക തരം നൃത്തങ്ങളിലൂ

1. ഖുർആൻ 54: 49



ടെ തങ്ങളുടെ കൂട്ടാളികൾക്ക് പൂക്കളുള്ള സ്ഥലത്തെക്കുറിച്ച് വ്യക്തമായ വിവരം നൽകുന്ന തേനീച്ചകൾ. സ്വശരീരത്തിൽ നിന്നു അറുന്നൂറ് വാൾട്ട് വരെ ശക്തിയുള്ള വൈദ്യുതിയുൽപാദിപ്പിക്കുന്ന ടോർപിഡോ, നാർസിൽ തുടങ്ങിയ മൽസ്യവർഗങ്ങൾ. തന്റെ പിന്നിൽ വരുന്നവർക്കു വഴി കാണിക്കുവാനായി ഫെറോമോണുകൾ എന്ന രാസസന്ദേശമയക്കുന്ന ഉറുമ്പുകൾ. മരുഭൂമിയിൽ ജീവിക്കുവാനാവശ്യമായ എല്ലാ അനുകൂലനങ്ങളുമുള്ള ഒട്ടകങ്ങൾ. സ്വശരീരത്തിൽ നടക്കുന്ന രാസപ്രവർത്തനങ്ങളിലൂടെ പ്രകാശം നിർമിക്കുവാൻ കഴിയുന്ന മിന്നാമിനുങ്ങുകൾ. സൂര്യനെ ആസ്പദമാക്കി ശരിയായ ദിശ മനസ്സിലാക്കുന്ന രാജഞണ്ടുകൾ. ഇവയുടെ ഈ സ്വഭാവ വൈശിഷ്ട്യങ്ങളെല്ലാം ജീനുകളിൽ രേഖപ്പെട്ടിട്ടുണ്ടെന്നാണ് ജനിതകശാസ്ത്രം വ്യക്തമാക്കുന്നത്. ഈ സ്വഭാവങ്ങളിൽ നിന്ന് അണുഅളവ് വ്യതിചലിക്കുവാൻ പ്രസ്തുത ജീവികൾക്ക് സാധ്യമല്ല. തേനീച്ചക്ക് ഷഡ്ഭുജാകൃതിയിൽ മാത്രമേ കൂടുണ്ടാക്കാനാവൂ. ത്രികോണകൃതിയിലോ ചതുർഭുജാകൃതിയിലോ കൂടുണ്ടാക്കാനാവില്ല. ദൈവികവ്യവസ്ഥയിൽ നിന്ന് അണുഅളവ് വ്യതിചലിക്കുവാൻ ജീവികൾക്കൊന്നുമാവില്ലെന്നർഥം.

അല്ലാഹുവിന്റെ അത്യുൽകൃഷ്ടസൃഷ്ടിയായ മനുഷ്യനും ദൈവവിധിയിൽ നിന്നു മുക്തനല്ല. സ്വയം നിയന്ത്രിക്കാൻ കഴിയുന്ന ഏതാനും അവയവങ്ങൾ മാത്രമേ മനുഷ്യനുള്ളൂ. അവ തന്നെ അവന്റെ പൂർണമായ നിയന്ത്രണത്തിനു കീഴിലാണെന്നു പറയാനാവില്ല. കൈവിരലുകൾ ഇളക്കുവാനുള്ള നമ്മുടെ കഴിവ് അവയ്ക്കുള്ളിലെ അസ്ഥികളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ടണിരിക്കുന്നത്. മനുഷ്യ ശരീരത്തിലെ വ്യവസ്ഥകളിലൊന്നുപോലും നമ്മുടെ പൂർണമായ നിയന്ത്രണത്തിനു കീഴിലല്ല. നമ്മുടെ ആകാരം മുതൽ വികാരങ്ങൾ വരെ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നാണ് ആധുനിക ജനിതകം വ്യക്തമാക്കുന്നത്. മനുഷ്യശരീരത്തിൽ ദിനേന നടക്കേണ്ട പ്രവർത്തനങ്ങൾ മുഴുവൻ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടത്രെ. ഇങ്ങനെ മനുഷ്യന്റെ ഒരു ദിവസത്തെ പ്രവർത്തനങ്ങളെക്കുറിക്കുന്ന ജനിതക ആലേഖനങ്ങൾ മാത്രം ലിഖിത ഭാഷയിൽ നാം രചിക്കാനിരിക്കുകയാണെങ്കിൽ ആയിരക്കണക്കിന് വാല്യങ്ങൾ വേണ്ടിവരുമെന്നാണ് ശാസ്ത്രജ്ഞന്മാരുടെ പക്ഷം. മനുഷ്യന്റെ ഇന്ദ്രിയങ്ങളും അവയവങ്ങളും വ്യവസ്ഥകളുമെല്ലാം പ്രവർത്തിക്കു

ന്നത് ഈ ജനിതക നിർദേശങ്ങൾക്കനുസരിച്ചാണ്. ദൈവികവിധിയിൽ നിന്ന് മനുഷ്യൻ സ്വതന്ത്രനാണെന്ന വാദം കഴമ്പില്ലാത്തതാണ്. പ്രപഞ്ചമാസകലം ദൈവവ്യവസ്ഥക്കനുസൃതമായി ചലിച്ചുകൊണ്ടിരിക്കുമ്പോൾ മനുഷ്യന് മാത്രം പ്രസ്തുത വ്യവസ്ഥയിൽ നിന്ന് മുക്തമാകാനാവില്ല. അവനും ദൈവവിധി പ്രകാരം തന്നെയാണ് ജീവിച്ചു കൊണ്ടിരിക്കുന്നത്. 'ഒരു ബീജത്തിൽ നിന്ന് അവനെ (അല്ലാഹു) സൃഷ്ടിക്കുകയും എന്നിട്ട് അവനെ (അവൻെറ കാര്യം) വ്യവസ്ഥപ്പെടുത്തുകയും ചെയ്തു'.[1]

മനുഷ്യൻെറ ജനനം മുതൽ മരണംവരെയുള്ള കാര്യങ്ങളെല്ലാം ദൈവവിധിക്കനുസൃതമായാണ് നടക്കുന്നത്. പിതാവ് സ്രവിച്ച ലക്ഷക്കണക്കിന് ബീജങ്ങളിൽ ലക്ഷണമൊത്ത ഒന്ന് മാതാവിൻെറ ഗർഭാശയത്തിലെ അണ്ഡവുമായി സയോജിച്ചപ്പോഴാണ് നമ്മളുണ്ടായത്. മറ്റൊരു ബീജമായിരുന്നു അണ്ഡവുമായി സംയോജിച്ചതെങ്കിൽ ഉണ്ടാവുക മറ്റൊരു വ്യക്തിയായിരിക്കും. ഇവിടെ ദൈവവിധിയല്ലാതെ മറ്റൊന്നുമല്ല നമ്മെ ഭൂമിയിലേക്ക് പറഞ്ഞയച്ചതെന്ന വസ്തുത നമുക്ക് ബോധ്യമാവുന്നു. എത്രയെത്ര പ്രസവങ്ങളാണ് ചാപ്പിള്ളകളാവുന്നത്! അതിലൊന്നും പെടുത്താതെ ജീവനുള്ള പൂർണ മനുഷ്യരാക്കി നമ്മെ മാറ്റിയതും വളർത്തിക്കൊണ്ടിരിക്കുന്നതും അല്ലാഹുവിൻെറ വിധിയാണ്. അവൻെറ നിർണയമാണ്. 'ഗർഭാശയങ്ങൾ കമ്മി വരുത്തുന്നതും വർധനവുണ്ടാക്കുന്നതും അവനറിയുന്നു. ഏതൊരു കാര്യവും അവൻെറ അടുക്കൽ ഒരു നിശ്ചിത തോതനുസരിച്ചാകുന്നു'.[2]

ജനനം എപ്രകാരമാണോ ദൈവികവിധിയിൽ അധിഷ്ഠിതമായിരിക്കുന്നത്, അപ്രകാരം തന്നെ മരണവും സംഭവിക്കുന്നത് അല്ലാഹുവിൻെറ വിധി പ്രകാരമാണ്. മരണത്തിൽ നിന്ന് ഒളിച്ചോടാനുള്ള മനുഷ്യരുടെ ശ്രമങ്ങൾ മുഴുവൻ വ്യർഥമായിക്കൊണ്ടിരിക്കുകയാണ്. മരണത്തിൽ നിന്ന് പൂർണമായ രക്ഷനേടുന്നത് പോയിട്ട് മരണസമയത്തിൽ മാറ്റം വരുത്താൻപോലും ഇന്നും മാനവരാശിക്ക് കഴിഞ്ഞിട്ടില്ല. അനാരോഗ്യവും വാർദ്ധക്യവും പലപ്പോഴും മരണത്തിന് കാരണമാകാറുണ്ടെങ്കിലും അവ മാത്രമല്ല മരണഹേതുവായിഭവിക്കുന്നതെന്ന വസ്തുത നമുക്കറിയാവുന്നതാണ്. അരോഗദൃഢ

1. ഖുർആൻ 80: 19
2. ഖുർആൻ 13: 8



ഗാത്രരെന്ന് നാം കരുതുന്ന പലരും പെട്ടെന്ന് മരിച്ചു പോയതായും കുട്ടികളുടെ ശവമഞ്ചം വൃദ്ധന്മാർ പേറിയതായുമുള്ള അനുഭവങ്ങൾ നമുക്കെല്ലാം വേണ്ടുവോളമുണ്ട്. മരണം ദൈവവിധിയാണ്. ജനിച്ചവർ മരിക്കുമെന്നതും പ്രപഞ്ചത്തിൻെറ വ്യവസ്ഥയാണ്. പ്രസ്തുത വ്യവസ്ഥയിൽ മാറ്റംവരുത്തുവാൻ ആർക്കും കഴിയില്ല. 'നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടിയുയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും"[1].

'ഒരു ദീർഘായുസ്സ് നൽകപ്പെട്ടയാൾക്കും ആയുസ്സ് നിട്ടിക്കൊടുക്കപ്പെടുന്നതോ ആയാളുടെ ആയുസ്സിൽ കുറവ് വരുത്തപ്പെടുന്നതോ ഒരു രേഖയിൽ ഉള്ളതനുസരിച്ചല്ലാതെ നടക്കുന്നില്ല. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു'[2]

മനുഷ്യനൊഴിച്ചുള്ള ജീവജാലങ്ങളെല്ലാം ജന്മവാസനയനുസരിച്ചു മാത്രമാണ് ജീവിക്കുന്നത്. മനുഷ്യനാകട്ടെ ഇതിൽ നിന്ന് വ്യത്യസ്തനാണ്. മറ്റു ജീവികളുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യന് ലഭിച്ചിരിക്കുന്ന നൈസർഗിക കഴിവുകൾ തുലോം പരിമിതമാണ്. തണുപ്പിൽ നിന്ന് രക്ഷ നേടാൻ കരടിയെപ്പോലെയുള്ള രോമക്കുപ്പായമോ വീടു നിർമിക്കാൻ ബീവറിനെപ്പോലെയുള്ള സാങ്കേതിക വൈദഗ്ധ്യമോ ടോർപ്പിഡോവിനെപ്പോലെ വൈദ്യുതി നിർമിക്കുവാനുള്ള കഴിവോ മനുഷ്യന് ജന്മനാ ലഭിക്കുന്നില്ല. ഈ കഴിവുകൾക്കെല്ലാം പകരമായി മനുഷ്യന് ജന്മനാ നൽകപ്പെട്ടിരിക്കുന്നത് വിശേഷബുദ്ധിയാണ്. ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനും പുരോഗമിക്കുവാനും മനുഷ്യന് സാധിക്കുന്നത് ഈ വിശേഷബുദ്ധിയുള്ളതു കൊണ്ടാണ്. കരടിത്തോലിനേക്കാൾ കട്ടിയുള്ള രോമക്കുപ്പായങ്ങളുണ്ടാക്കുവാനും ബീവർ കൂടുകളേക്കാർ സുന്ദരവും സുരക്ഷിതവുമായ വീടുകൾ നിർമിക്കുവാനും ടോർപിഡോ നിർമിക്കുന്നതിനേക്കാൾ ശക്തമായ വൈദ്യുതിയുൽപാദിപ്പിക്കുവാനും മനുഷ്യന് സാധിക്കുന്നത് വിശേഷബുദ്ധി ഉപയോഗിക്കുന്നത്കൊണ്ടാണ്. മൃഗങ്ങളുടെ മുഴുവൻ നൈസർഗിക കഴിവുകളെയും തോൽപിക്കുവാൻ മനുഷ്യൻെറ വിശേഷബുദ്ധിക്ക് സാധിക്കും. കണ്ണ്, കാത് തുടങ്ങിയ ഇന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന അറിവുക

1. ഖുർആൻ 4: 73
2. ഖുർആൻ 35: 11

ളെ അപഗ്രഥിച്ച് മനസ്സിലാക്കി കാര്യങ്ങൾ തീരുമാനിക്കാനുള്ള കഴിവാണ് വിശേഷബുദ്ധി. കണ്ണും കാതും ശരീരത്തിലെ മറ്റവയവങ്ങളുമെല്ലാം പ്രവർത്തിക്കുന്നത് ദൈവികവിധിക്കനുസൃതമായിട്ടാണ്. അതുകൊണ്ടുതന്നെ വിശേഷബുദ്ധിയും ദൈവികവിധി പ്രകാരമായിരിക്കണം പ്രവർത്തിക്കേണ്ടത്. ബുദ്ധിയുടെ വ്യവഹാരമേഖലയിൽ കർശനമായും പാലിക്കപ്പെടുന്ന ദൈവികവ്യവസ്ഥയുണ്ടെന്നു തന്നെയാണ് ആധുനികപഠനങ്ങൾ വ്യക്തമാക്കുന്നത്.

എന്നാൽ, മൃഗങ്ങളുടെ കർമങ്ങളും മനുഷ്യകർമങ്ങളും തമ്മിൽ സാരമായ അന്തരമുണ്ട്. സഹജമായ വാസനകൾക്കനുസരിച്ചാണ് മൃഗങ്ങൾ കർമം ചെയ്യുന്നത്. പ്രസ്തുത കർമങ്ങൾക്ക് ജനിതമായ ചില നിയന്ത്രണങ്ങളുമുണ്ട്. ആ നിയന്ത്രണങ്ങളെ അതിലംഘിക്കുവാൻ മൃഗങ്ങൾക്ക് സാധ്യമല്ല. ഭക്ഷണം, പാനീയം, വികാരശമനം തുടങ്ങിയ മൃഗീയമായ ആവശ്യങ്ങളിലെല്ലാം തന്നെ ജീവികൾ പാലിക്കുന്ന ചിട്ടകളും നിയമങ്ങളും അവയുടെ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ട ലിഖിതങ്ങൾ പ്രകാരമുള്ളവയാണ്. ലൈംഗികബന്ധത്തിൻെറ കാര്യത്തിൽ ജീവലോകത്ത് പൊതുവായി നിലനിൽക്കുന്ന ഒരു നിയമമാണ്. സ്വന്തം ജീവിവർഗ(species)ത്തിൽ പെട്ടവരുമായി മാത്രമെ പ്രസ്തുത ബന്ധം പാടുള്ളുവെന്നുള്ളത് ഈ നിയമം ലംഘിക്കുവാൻ സാധാരണഗതിയിൽ ജീവികൾക്ക് സാധിക്കുകയില്ല.[1] ശുദ്ധസസ്യഭുക്കുകൾ മാംസാഹാരവും ശുദ്ധമാംസഭുക്കുകൾ സസ്യാഹാരവും കഴിക്കാതിരിക്കുന്നത് അവയുടെ ജീനുകളിൽ ഇക്കാര്യം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതിനാലാണ്. ഇങ്ങനെ ജീവികളുടെ പ്രവർത്തനങ്ങളെല്ലാം പൂർണമായും ദൈവികവിധിക്കനുസൃതമായിട്ടാണുള്ളത്.

മനുഷ്യരും മറ്റു ജീവികളും തമ്മിലുള്ള പ്രധാനപ്പെട്ട അന്തരം തന്നെ ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. കർമങ്ങളുടെ കാര്യത്തിൽ മൃഗങ്ങളുടേതിൽനിന്ന് വ്യത്യസ്തമായ ചില സ്വാതന്ത്ര്യങ്ങൾ അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യം പോലും ദൈവികവിധിയുടെ പരിധിക്കുള്ളിലാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. കൈകൾ കൊണ്ട് പലതും ചെയ്യുവാൻ മനുഷ്യന് കഴിയും. പക്ഷേ കൈകൾക്കുള്ള സ്വാതന്ത്ര്യം മനുഷ്യൻെറ ഇച്ഛാ

1. ഇതിന് ചില അപവാദങ്ങളുണ്ട്. പ്രസ്തുത അപവാദങ്ങൾക്ക് പിന്നിലും വ്യക്തമായ ദൈവിക വ്യവസ്ഥയാണ് ചിന്തിക്കുന്നവർക്ക് കാണാൻ കഴിയുക



ശക്തിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതാകട്ടെ, അല്ലാഹു അവന്ന് നൽകിയ അനുഗ്രഹവുമാണ്. പേനയുപയോഗിക്കുവാൻ മനുഷ്യന് സാധിക്കുന്നത് അല്ലാഹുവിൻെറ വിധിപ്രകാരമാണ്. പേന കൊണ്ട് എന്തെഴുതണമെന്ന് തീരുമാനിക്കുന്നത് മനുഷ്യൻെറ ഇഛ്ചാശക്തിയാണ്. ഈ ഇച്ഛാശക്തിയാകട്ടെ ഒരു പരിധിവരെ–ദൈവിക വിധിയുടെ വരുതിക്കുള്ളിൽ–സ്വതന്ത്രമാണ്. ഈ സ്വാതന്ത്ര്യം എങ്ങനെ ഉപയോഗിക്കുന്നുവെന്നതാണ് മനുഷ്യനെ ഉദാത്തനും അധമനുമാക്കുന്നത്. തൂലിക കൊണ്ട് മനുഷ്യരെ സംസ്കരിച്ച് അതുപയോഗിക്കുന്നവന് ഉത്തമനാകുവാനും മനുഷ്യരെ വഴിതെറ്റിച്ച് അധമനാകുവാനും കഴിയും. അത് എങ്ങനെയുപയോഗിക്കണമെന്ന് തീരുമാനിക്കുന്നത് മനുഷ്യൻെറ ഇച്ഛാശക്തിയാണ്. ഇച്ഛാശക്തിയാവട്ടെ സ്വതന്ത്രമാണുതാനും. 'തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു.'[1]

'എന്നിട്ട് അതിന്ന് അതിൻെറ ദുഷ്ടതയും അതിൻെറ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം (ധർമാധർമങ്ങളെക്കുറിച്ച സഹജാവബോധം) നൽകുകയും ചെയ്തിരിക്കുന്നു.'[2]

'തെളിഞ്ഞു നിൽക്കുന്ന രണ്ടു പാതകൾ അവന്ന് നാം കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.'[3]

ഏതൊരു പ്രവർത്തനത്തിലും ഈ രണ്ടു പാതകൾ കാണാൻ കഴിയും. സത്യത്തിൻെറയും അസത്യത്തിൻെറയും പാതകൾ. ധർമത്തിൻെറയും അധർമത്തിൻെറയും മാർഗങ്ങൾ. ഭക്ഷണം ജന്തുസഹചമായ ഒരു ആവശ്യമാണ്. പക്ഷേ, എന്തു കഴിക്കണമെന്നതിനെക്കുറിച്ച് ജനിതകമായി അറിവ് മനുഷ്യനില്ല. അതു തെരഞ്ഞെടുക്കുവാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. തിന്മയുടെ മാർഗത്തിലൂടെ ഭക്ഷണ സമ്പാദനമാകാം, നന്മയുടെ മാർഗത്തിലൂടെയുമാകാം. തിരഞ്ഞെടുപ്പ് മനുഷ്യസ്വാതന്ത്ര്യത്തിൽ പെട്ടതാണ്. നന്മയുടെ പാതയാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അവൻ പൈശാചികമായ അധഃസ്ഥിതിയിലെത്തിച്ചേരും. തിന്മയുടെ പാതയാണ് സ്വീകരിക്കുന്നതെങ്കിലോ അവൻ മനുഷ്യാസ്തിത്വത്തിൻെറ ഉജ്ജ്വല ഭാവം കൈ

1. ഖുർആൻ 76: 3
2. ഖുർആൻ 91: 8
3. ഖുർആൻ 90: 10

വരിക്കും. ഇതു പറഞ്ഞുകൊടുക്കുവാനാണ് പ്രവാചകന്മാർ നിയുക്തരായത്. ദൈവികവിധിവിലക്കുകളനുസരിച്ചുകൊണ്ട് ജീവിക്കുന്നവർ മനുഷ്യാത്മാവിനെ പ്രകാശമാനമാക്കുകയും അവസാനം ദൈവാനുഗ്രഹത്തിന് പാത്രീഭൂതരായി സ്വർഗപ്രവേശത്തിന് അർഹരാവുകയും ചെയ്യുമെന്നും പൈശാചികമായ പാത സ്വീകരിക്കുന്നവൻ അധഃപതനതിലെത്തിച്ചേരുകയും ദൈവകോപത്തിന് പാത്രമായി അവസാനം നരകത്തിലേക്ക് എറിയപ്പെടുകയും ചെയ്യുമെന്നും മനുഷ്യർക്ക് ഉൽബോധനം നൽകുവാനാണ് പ്രവാചകന്മാർ നിയുക്തരായത്. 'വല്ലവനും നേർമാർഗം സ്വീകരിക്കുന്നുവെങ്കിൽ സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ നേർമാർഗം സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ചുപോകുന്ന പക്ഷം തനിക്ക് ദോഷത്തിനായി തന്നെയാണ് അവൻ വഴിപിഴച്ചുപോകുന്നത്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല. ഒരു ദൂതനെ അയക്കുന്നതുവരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല.'[1]

'തീർച്ചയായും ഇത് ഒരു ഉൽബോധനമാകുന്നു. ആകയാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം തൻെറ രക്ഷിതാവിങ്കലേക്കുള്ള മാർഗം സ്വീകരിച്ചുകൊള്ളട്ടെ.'[2]

'പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ.'[3]

വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയിലും നിക്ഷിപ്തമാണ്. വിശ്വസിക്കുകയും സൽകർമങ്ങളിലേർപ്പെടുകയും ചെയ്യുന്നവന് ലഭിക്കുന്ന പ്രതിഫലം സ്വർഗജീവിതവും അവിശ്വസിക്കുകയും ദുഷ്കൃത്യങ്ങളിലേർപ്പെടുകയും ചെയ്യുന്നവന് പ്രതിഫലം നരക ജീവിതവുമാണെന്ന് മുമ്പു വ്യക്തമാക്കിയല്ലോ. ഇതും അല്ലാഹുവിൻെറ ഒരു വ്യവസ്ഥയാണ്. അവൻെറ വിധിക്കനുസരിച്ചാണ് സ്വർഗപ്രവേശനത്തിനുള്ള മാനദണ്ഡവും ദുർവൃത്തത നരകപ്രവേശനത്തിനുള്ള മാനദണ്ഡവുമാണ്.

ഈ പ്രപഞ്ചവ്യവസ്ഥക്കു പിന്നിലെ ദൈവവിധിയും കർമം ചെയ്യുവാൻ മനുഷ്യന് നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യവും പരസ്

1. ഖുർആൻ 17: 15
2. ഖുർആൻ 76: 29
3. ഖുർആൻ 18: 29



പരം പൂരകങ്ങളാണെന്ന് മനസ്സിലാക്കാത്തതാണ് ഇവ്വിഷയകമായി ഉയർന്നുവരുന്ന സംശയങ്ങളുടെയെല്ലാം മൂലകാരണം. കർമം ചെയ്യുവാൻ മാത്രമാണ് മനുഷ്യന് സ്വാതന്ത്ര്യമുള്ളത്. അതിൻെറ ഫലമെന്തായിരിക്കണമെന്ന് നിശ്ചയിക്കുവാനുള്ള അവകാശം അവനിൽ നിക്ഷിപത്മല്ല. അതു തീരുമാനിക്കുന്നത് അല്ലാഹുവാണ്. കർമങ്ങൾക്ക് ഫലം നൽകുന്നത്-ഇഹലോകത്തും പരലോകത്തും- അല്ലാഹുവാണ്. ഓരോ കർമത്തിൻെറയും ഫലം എന്തായിരിക്കണമെന്ന് അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് മാത്രമാണ് കർമഫലങ്ങളുണ്ടാവുന്നത്. ദൈവം നിശ്ചയിച്ച കർമഫലങ്ങളെന്തൊക്കെയാണെന്ന് മനസ്സിലാക്കി അതു നേടിയെടുക്കുവാനാവശ്യമായ കർമങ്ങൾ ചെയ്യുവാൻ മാത്രമെ മനുഷ്യർക്ക് സാധിക്കുകയുള്ളൂ. ഈ കർമങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യർക്കാണ് താനും.

നന്മയുടെ ഫലം നന്മയും തിന്മയുടെ ഫലം തിന്മയുമായിരിക്കുമെന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. ഈ വ്യവസ്ഥ നിശ്ചയിച്ചിരിക്കുന്നത് അല്ലാഹുവാണ്. നല്ല ഭക്ഷണങ്ങളുപയോഗിക്കുകയും സദ്വൃത്തരായി ജീവിക്കുകയും ചെയ്യുന്നവർ പൊതുവെ അരോഗദൃഢഗാത്രരായിരിക്കും. മദ്യപാനവും അധാർമികവൃത്തികളും ജീവിതചര്യയാക്കിയവരുടെ അന്ത്യം ദുഃഖങ്ങളിലും ദുരിതങ്ങളിലുമായിരിക്കും. ഇതു കർമഫലങ്ങളെക്കുറിച്ച ദൈവവിധിയാണ്. ഈ വിധിക്കനുസൃതമായാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഒരാൾ അരോഗ ദൃഢഗാത്രനാകുന്നത് ദൈവവിധി പ്രകാരമാണ്. പക്ഷേ ഈ ദൈവവിധികൾക്ക് നിമിത്തമാകുന്നത് മനുഷ്യരുടെ പ്രവർത്തനങ്ങളാണ്. ഒരാൾ ഭക്ഷണം കഴിക്കാതെ 'ആരോഗ്യം' എന്ന ദൈവവിധി കാത്തിരിക്കുന്നതിലർഥമില്ല. അതുപോലെത്തന്നെയാണ് ഒരു മദ്യപാനി തൻെറ ദുഃഖത്തിനും ദുരിതത്തിനും ദൈവവിധിയെ കുറ്റപ്പെടുത്തുന്നതും. അല്ലാഹുവിൻെറ വിധിയും മാനുഷികകർമങ്ങളും തമ്മിലുള്ള ബന്ധം ഇതിൽ നിന്നു മനസ്സിലാക്കാം.

നന്മയുടെയും തിന്മയുടെയും ഉറവിടം അല്ലാഹുവാണ്. ഇവ മനുഷ്യർക്ക് നേടാനാകുന്നത് അവരുടെ കർമങ്ങൾക്കനുസൃതമായാണെന്ന് മാത്രം. നന്മയും തിന്മയും അടിസ്ഥാനപരമായി അല്ലാഹുവിൽ നിന്നുള്ളതാണെന്ന് സൂചിപ്പിക്കുന്ന ഖുർആനിക സൂക്തങ്ങൾ ശ്രദ്ധിക്കുക: 'അവർക്ക് വല്ല നേട്ടവും വന്നു കിട്ടിയാൽ അവർ പറ

യും; ഇത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണ് എന്ന്. അവർക്ക് വല്ല ദോഷവും ബാധിച്ചാൽ അവർ പറയും: ഇത് നീ കാരണം ഉണ്ടായതാണെന്ന്. പറയുക എല്ലാം അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണ്. അപ്പോൾ ഈ ആളുകൾക്കെന്തുപറ്റി? അവർ ഒരു വിഷയവും മനസ്സിലാക്കാൻ ഭാവമില്ല.’[1]

‘നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിലും കഴിവുള്ളവനുമത്രെ.’[2]

നന്മതിന്മകൾ പൊതുവായി അല്ലാഹുവിൽ നിന്നുള്ളതാണെങ്കിലും വ്യക്തികൾക്ക് തിന്മ വന്നുഭവിക്കുന്നതിന്നുള്ള കാരണക്കാരൻ അതിന്നു നിമിത്തമാകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നയാളു തന്നെയാകുന്നു. ധൂർത്ത് മനുഷ്യരെ പാപ്പരാക്കുന്നു. ഇതു ദൈവവിധിയാണ്. ധൂർത്തനായ ഒരാൾ പാപ്പരായാൽ അതു ദൈവവിധിയാണെന്ന് പറയുന്നതിൽ അപാകതയൊന്നുമില്ല. എന്നാൽ അയാൾ പാപ്പരാകാനുള്ള കാരണക്കാരൻ അയാൾ തന്നെയാണ്. വിവാഹേതര ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ മാരകമായ ലൈംഗിക രോഗത്തിന് വിധേയരാകുന്നു. ഒരാൾക്ക് എയിഡ്സ് വരുന്നത് ദൈവ വിധി മൂലമാണെന്നു പറയാം. എന്നാൽ, അയാൾക്ക് എയിഡ്സ് വരാനുള്ള കാരണക്കാരൻ അയാൾ തന്നെയാണ്. ഈ വസ്തുതയിലേക്ക് ഖുർആൻ വിരൽചൂണ്ടുന്നത് നോക്കുക: ‘നന്മയായിട്ട് നിക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിൻെറ പക്കൽ നിന്നു തന്നെ ഉണ്ടാവുന്നതാണ്’.[3]

കർമം ചെയ്യുകയാണ് മനുഷ്യകർത്തവ്യമെന്നും അതിന്ന് ഫലം നൽകുന്നത് അല്ലാഹുവാണെന്നുമുള്ള ഇസ്‌ലാമിക വിശ്വാസത്തിന് അതിബലിഷ്ഠമായ ഒരു ദാർശനിക അടിത്തറയുണ്ട്. ഒന്നാമതായി മനുഷ്യരെ അതു കർമനിരതനാക്കുന്നു. കർമങ്ങൾക്കനുസരിച്ചാണ് അല്ലാഹു പ്രതിഫലം നൽകുകയെന്ന വിശ്വാസമാണ് ഈ കർമനിരതയ്ക്കാധാരം. തങ്ങളുടെ കർമങ്ങൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കു

1. ഖുർആൻ 4: 78
2. ഖുർആൻ 6: 17
3. ഖുർആൻ 4: 79



മ്പോൾ അവർ അഹങ്കാരികളാകുന്നില്ല. കാരണം ഫലം നൽകിയത് അല്ലാഹുവാണെന്നാണ് അവരുടെ വിശ്വാസം. ഉദ്ദിഷ്ട ഫലം സിദ്ധിക്കാതിരിക്കുമ്പോൾ അവർ നിരാശരാകുന്നുമില്ല; അത് ദൈവവിധിയാണെന്ന് സമാധാനമടയുകയാണവർ ചെയ്യുന്നത്. തങ്ങളുടെ കർമങ്ങൾക്ക് ഫലം നൽകുന്നത് പടച്ചതമ്പുരാനാണെന്നും അവൻെറ വിധിക്കനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നതെന്നുമുള്ള വിശ്വാസം ഈ മനുഷ്യരെ ധീരരും അതേസമയം സൗമ്യശീലരുമാക്കി മാറ്റുന്നു. അതാണ് ഇസ്‌ലാമികചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. അല്ലാഹുവിൻെറ വിധിക്കനുസൃതമായാണ് തങ്ങളുടെ ജീവിതവും മരണവും സംഭവിക്കുന്നതെന്ന ബോധം മുസ്‌ലിംകളെ ശൂരന്മാരാക്കി. തങ്ങളുടെ ദിഗ്വിജയങ്ങൾ അല്ലാഹുവിൻെറ ദാനമാണെന്ന വിശ്വാസം അവരെ സൗമ്യന്മാരാക്കി. വിധിവിശ്വാസം ഇത്രത്തോളം സൃഷ്ടിപരമായി പ്രയോഗിക്കപ്പെട്ട മറ്റൊരു സമൂഹത്തെ ചരിത്രത്തിലൊരിടത്തും കാണുക സാധ്യമല്ല; ഇസ്‌ലാമിക ചരിത്രത്തിലല്ലാതെ.

വിധിവിശ്വാസത്തിൻെറ മറവിൽ തങ്ങളുടെ ദുഷ്കൃത്യങ്ങളെല്ലാം അല്ലാഹുവിൻെറ വിധിപ്രകാരമാണുണ്ടാകുന്നതെന്ന് വാദിച്ചിരുന്ന മക്കാമുശ്‌രിക്കുകളെ ശക്തമായ ഭാഷയിൽ ഖുർആൻ വിമർശിക്കുന്നുണ്ട്. തങ്ങളുടെ ബഹുദൈവാരാധനയ്ക്കും മ്ലേഛവൃത്തികൾക്കും കാരണം അല്ലാഹുവിൻെറ വിധിയാണെന്നായിരുന്നു അവരുടെ വാദം. ഈ വാദത്തെ ഖുർആൻ വിമർശിക്കുന്നത് നോക്കുക: ‘പരമകാരുണികൻ ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങൾ അവരെ ആരാധിക്കുമായിരുന്നില്ല എന്നവർ പറയുകയും ചെയ്യും. അവർക്ക് അതിനെപ്പറ്റി യാതൊരു അറവുമില്ല. അവർ ഊഹിച്ചു പറയുക മാത്രമാകുന്നു’.[1]

‘(അല്ലാഹുവോട്) പങ്കാളികളെ ചേർത്തവർ പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കന്മാരോ അവന്ന് പുറമെ യാതൊന്നിനെയും ആരാധിക്കുമായിരുന്നില്ല. അവൻെറ കൽപന കൂടാതെ ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയും ഇല്ലായിരുന്നു. അതുപോലെത്തന്നെ അവർക്ക് മുമ്പുള്ളവരും ചെയ്തിട്ടുണ്ട്. എന്നാൽ ദൈവദൂതന്മാരുടെമേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ?’[2]

‘അവർ വല്ല നീചവൃത്തിയും ചെയ്താൽ ഞങ്ങളുടെ പിതാക്കൾ

1. ഖുർആൻ 43: 20
2. ഖുർആൻ 16: 35

അതിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടെന്നും അല്ലാഹു ഞങ്ങളോട് കൽപ്പിച്ചതാണത് എന്നുമാണ് അവർ പറയുക. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് പറഞ്ഞുണ്ടാക്കുകയാണോ?'[1]

ഓരോരുത്തരുടെയും നന്മതിന്മകൾക്ക് അവർ തന്നെയാണ് ഉത്തരവാദികളെന്ന് സൂചിപ്പിക്കുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിലുണ്ട്. അവനവൻ ചെയ്ത നന്മകൾക്ക് പരലോകത്തുവെച്ച് തക്കതായ പ്രതിഫലവും തിന്മകൾക്ക് ശിക്ഷയും ലഭിക്കുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നന്മ തിന്മകൾ തിരഞ്ഞെടുക്കാനുള്ള മനുഷ്യന്റെ സ്വാതന്ത്ര്യത്തെയാണ് ഇവ സൂചിപ്പിക്കുന്നത്. ഈ സ്വാതന്ത്ര്യം ദൈവികശാസനകൾക്കനുസൃതമായി വിനിയോഗിക്കുമ്പോഴാണ് ഒരാൾ സ്വർഗാവകാശിയാവുന്നത്. മറിച്ചാകുമ്പോൾ നരകാവകാശിയും.

'എന്നാൽ, വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവരർഹിക്കുന്ന പ്രതിഫലം അല്ലാഹു പൂർണമായി നൽകുന്നതാണ്. അക്രമികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല'.[2]

'അവിശ്വസിക്കുയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.'[3]

'അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽപ്പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തരും പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കു തന്നെ. ഓരോരുത്തരും പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെമേൽ തന്നെ.'[4]

'തീർച്ചയായും ഇതൊരു ഉൽബോധനമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം അവൻ തന്റെ രക്ഷിതാവിങ്കലേക്ക് ഒരു മാർഗം സ്വീകരിച്ചുകൊള്ളട്ടെ.'[5]

സന്മാർഗം ഒരു ദൈവികദാനമാണ്. അതു ലഭിക്കുന്നത് മനുഷ്യപ്രയത്നം കൊണ്ടാണെന്നു മാത്രം. തുറന്ന മനസ്സും സത്യം കണ്ടെത്തണമെന്ന ആഗ്രഹവും വെച്ചുകൊണ്ട് സന്മാർഗത്തിലെത്തുവാൻ

1. ഖുർആൻ 7: 28
2. ഖുർആൻ 3: 57
3. ഖുർആൻ 2: 39
4. ഖുർആൻ 2: 286
5. ഖുർആൻ 73: 19



കഠിനാധ്വാനം ചെയ്യുന്നവർക്ക് അല്ലാഹു നൽകുന്ന ദാനമാണ് സന്മാർഗപ്രാപ്തി എന്നർഥം. അതു നൽകുവാൻ മനുഷ്യർക്കാർക്കും സാധ്യമല്ല. ഒരാളെ സന്മാർഗത്തിലാക്കുവാൻ മറ്റൊരാൾക്ക് സാധിക്കുകയില്ല. സൽപാന്ഥാവിനെക്കുറിച്ച് ഉപദേശിച്ചു കൊടുക്കുക മാത്രമാണ് ഇവ്വിഷയകമായി മനുഷ്യർക്ക് പരസ്പരം ചെയ്യാൻ സാധിക്കുന്ന കാര്യം.

'തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ, അവരുടെ വിശ്വാസത്തിന്റെ ഫലമായി അവരുടെ രക്ഷിതാവ് അവരെ നേർവഴിയിലാക്കുന്നതാണ്'[1]

'പശ്ചാത്തപിച്ചു മടങ്ങിയവരെ തന്റെ മാർഗത്തിലേക്ക് അവൻ നയിക്കുന്നു. അതായത് വിശ്വസിക്കുകയും അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക: അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്.'[2]

'സന്മാർഗം സ്വീകരിച്ചവരാകട്ടെ അല്ലാഹു അവർക്ക് കൂടുതൽ മാർഗ്ഗദർശനം നൽകുകയും അവർക്കു വേണ്ടതായ സൂക്ഷ്മത അവർക്ക് നൽകുകയും ചെയ്യുന്നതാണ്.'[3]

സത്യനിഷേധത്തിന്റെ കാര്യവും ഇതേപോലെത്തന്നെയാണ്. അഹങ്കാരം മൂലം ദൈവശാസനകൾ ലംഘിച്ചു ജീവിക്കുകയും തനിക്ക് ദൈവം നൽകിയ ഇന്ദ്രിയങ്ങൾ സത്യാന്വേഷണത്തിന് ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നവരെ ദുർമാർഗത്തിലാക്കുന്നതും അല്ലാഹു തന്നെയാണ്. മനുഷ്യരുടെ കർമങ്ങൾ ദുഷിക്കുകയും വിശ്വാസം പിഴക്കുകയും ചെയ്യുമ്പോൾ ദൈവവിധി പ്രകാരം അവർ ദുർമാർഗത്തിൽ ചെന്നു ചാടുന്നു. ദുർമാർഗത്തിൽ നിന്ന് ഒരാളെ രക്ഷിക്കുവാൻ മറ്റൊരാൾക്ക് കഴിയില്ല. സന്മാർഗത്തിലേക്ക് ക്ഷണിക്കുക മാത്രമാണ് ഇക്കാര്യത്തിൽ വ്യക്തികൾക്ക് പരസ്പരം ചെയ്യാൻ കഴിയുന്ന കാര്യം. ഓരോരുത്തരുടെയും കർമങ്ങൾക്കനുസരിച്ച് സന്മാർഗവും ദുർമാർഗവും നൽകുന്നത് അല്ലാഹുവാണെന്ന് സാരം.

'സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം നീ അവർക്ക് താക്കീത് നൽകിയാലും ഇല്ലെങ്കിലും സമമാകുന്നു. അവർ വിശ്വസിക്കു

1. ഖുർആൻ 10: 9
2. ഖുർആൻ 13: 27, 28
3. ഖുർആൻ 47: 17

ന്നതല്ല. അവരുടെ മനസ്സുകൾക്കും കാതിനും അല്ലാഹു മുദ്രവെച്ചിരിക്കുകയാണ്. അവരുടെ ദൃഷ്ടികളിന്മേലും ഒരു മൂടിയുണ്ട്. അവർക്കാകുന്നു കനത്ത ശിക്ഷയുള്ളത്.'[1]

'അവിശ്വസിക്കുകയും അന്യായം പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തു കൊടുക്കുന്നതല്ല. നരകത്തിൻെറ മാർഗത്തിലേക്കല്ലാതെ മറ്റൊരു മാർഗത്തിലേക്കും അവൻ അവരെ നയിക്കുന്നതുമല്ല. എന്നെന്നേക്കുമായി അവരതിൽ സ്ഥിരവാസികളായിരിക്കും. അല്ലാഹുവിന് അത് എളുപ്പമുള്ള കാര്യമാകുന്നു.'

താൻ വഴിതെറ്റുവാനാണ് ദൈവവിധിയെങ്കിൽ ഞാൻ എത്ര സൽക്കർമങ്ങൾ ചെയ്തിട്ട് എന്താണൊരു കാര്യം? ഞാർ സ്വർഗാവകാശിയാകുവാനാണ് ദൈവവിധിയെങ്കിൽ എത്ര പാപങ്ങൾ ചെയ്താലും എന്താണ് കുഴപ്പം? തുടങ്ങിയ ചോദ്യങ്ങൾ ഇസ്ലാമിലെ വിധിവിശ്വാസത്തിനു മുന്നിൽ അപ്രസക്തമാണ്. ഒരാൾ സ്വർഗാവകാശിയോ നരകാവകാശിയോ എന്ന് നിശ്ചയിക്കുന്നത് അല്ലാഹുവാണെന്ന് ഖുർആൻ പഠിപ്പിക്കുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ സ്വർഗത്തിനും നരകത്തിനും മനുഷ്യനെ അവകാശിയാക്കുവാൻ തക്കതായ കർമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം അവനുതന്നെയാണ്. പ്രസ്തുത കർമങ്ങളുടെ ഫലമായിക്കൊണ്ടാണ് അവന്ന് സ്വർഗമോ നരകമോ നൽകപ്പെടുന്നത്. എന്നാൽ, മനുഷ്യൻ ആഭിമുഖ്യം കാണിക്കുന്ന ദിശയിലേക്ക് അവന്ന് വഴി എളുപ്പമാക്കിക്കൊടുക്കുമെന്ന് പടച്ചതമ്പുരാൻ പറയുന്നുണ്ട്. ഈ വഴി എളുപ്പമാക്കിക്കൊടുക്കൽ പോലും മനുഷ്യൻ പ്രകടിപ്പിക്കുന്ന ആഭിമുഖ്യത്തിനും അവൻ സ്വയം തെരഞ്ഞെടുക്കുന്ന കർമസരണിക്കും അനുസൃതമായിട്ടാണെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. 'എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകും ചെയ്തുവോ അവന്ന് നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്ക് കാണിക്കുകയും സ്വയംപര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചുതള്ളുകയും ചെയ്യുന്നുവോ അവന്ന് നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കിക്കൊടുക്കുന്നതാണ്.'[2]

1. ഖുർആൻ 2: 6, 7
2. ഖുർആൻ 92: 5–10



അല്ലാഹു ആരെയും നിർബന്ധിച്ചു സന്മാർഗത്തിലോ ദുർമാർഗത്തിലോ ആക്കുകയില്ലെന്നും ഓരോരുത്തരും ആഭിമുഖ്യം കാണിക്കുന്ന മാർഗത്തിലേക്ക് അവരെ നയിക്കുകയാണ് ചെയ്യുന്നതെന്നും ഈ സൂക്തം വ്യക്തമാക്കുന്നു. സ്വതന്ത്രമായ വിവേചനശക്തി നൽകപ്പെട്ട മനുഷ്യരുടെ പ്രവർത്തനങ്ങൾക്കനുസരിച്ചാണ് അവർ നരകാവകാശിയോ സ്വർഗാവകാശിയോ എന്ന ദൈവവിധി നിർണയിക്കപ്പെടുന്നതെന്നർഥം.

നന്മയും തിന്മയും പ്രവർത്തിക്കുവാൻ മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകപ്പെട്ടതിനാലാണ്, സന്മാർഗത്തിനും ദുർമാർഗത്തിനും നിമിത്തമായിത്തീരുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ അവർക്ക് സാധിക്കുന്നത്. മറ്റു ജീവികളെപ്പോലെ നന്മതിന്മകളെ വിവേചിച്ചറിയുവാനുള്ള കഴിവ് മനുഷ്യർക്ക് നൽകപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ സന്മാർഗത്തിൻെറയും ദുർമാർഗത്തിൻെറയും പ്രശ്നം തന്നെ ഉൽഭവിക്കുകയില്ലായിരുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെയും മറ്റു ജീവികളെപ്പോലെ ജന്മവാസനകൾക്കനുസരിച്ചു മാത്രം ജീവിക്കുന്നവരാക്കി മാറ്റാമായിരുന്നു; അവരെയെല്ലാവരും വിശ്വാസികളാക്കാമായിരുന്നു. എന്നാൽ മറ്റു സൃഷ്ടികളിൽ നിന്ന് തികച്ചും വ്യതിരിക്തമായ ഒരു അസ്തിത്വമാണ് മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത്. നന്മയും തിന്മയും സ്വപ്രയത്നം കൊണ്ട് വ്യവച്ഛേദിച്ചു മനസ്സിലാക്കാൻ സാധിക്കുന്ന ഏകജീവിയാണവൻ. പ്രസ്തുത സവിശേഷത എടുത്തുകളഞ്ഞുകൊണ്ട് ജന്മനാ തന്നെ മനുഷ്യരെ വിശ്വാസികളായി സൃഷ്ടിക്കുവാൻ അല്ലാഹുവിന് സാധിക്കുമായിരുന്നു. അപ്പോൾ മനുഷ്യർ തമ്മിൽ വിശ്വാസത്തിൻെറ പേരിൽ നിലനിൽക്കുന്ന സ്പർദ്ധ ഉണ്ടാവുകയുമില്ലായിരുന്നു. എന്നാൽ അല്ലാഹു സ്വതന്ത്രമായ കൈകാര്യകർതൃത്വം നൽകി മനുഷ്യരെ പരീക്ഷിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ പരീക്ഷണമാണ് മനുഷ്യനെ ഉൽകൃഷ്ടനാക്കുന്നത്.

'നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ചു വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, ജനങ്ങൾ സത്യവിശ്വാസികളാവുന്നതിന് നീ അവരെ നിർബന്ധിക്കുകയോ?'[1]

വ്യക്തികളുടെ മാത്രമല്ല സമൂഹത്തിൻെറയും പരിവർത്തനം

1. ഖുർആൻ 4: 168, 169

ദൈവവിധി പ്രകാരമാണ് നടക്കുന്നത്. പക്ഷേ, വ്യക്തികളുടെ കാര്യത്തിലെന്നപോലെ സാമൂഹ്യമാറ്റത്തിനും നിമിത്തമാകുന്നത് സമൂഹത്തിൻെറ ചെയ്തികളാണ്. ഒരു സമൂഹത്തെയും നിർബന്ധിച്ചു പരിവർത്തിപ്പിക്കുക അല്ലാഹുവിൻെറ പതിവല്ല. സമൂഹം സ്വയം തന്നെ മാറ്റത്തിനു തയാറാവുമ്പോഴാണ് 'പരിവർത്തനം' അല്ലാഹുവിൻെറ ദാനമായി വന്നെത്തുന്നത്. 'ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല.'[1]

ഇസ്ലാമിലെ വിധിവിശ്വാസം നൂറുശതമാനം രചനാത്മകമാണ്. അത് ദൈവത്തിൻെറ പരമാധികാരത്തെക്കുറിച്ച് ബോധമുണ്ടാക്കുന്നതിലൂടെ മനുഷ്യരെ വിനയാന്വിതരാക്കി മാറ്റുന്നു. സ്വന്തം നേട്ടങ്ങൾ അല്ലാഹുവിൻെറ ദാനമാണെന്ന വിശ്വാസം വളർത്തിക്കൊണ്ട് അവരെ ഉദാരവാന്മാരാക്കുന്നു. വിജയങ്ങളിൽ അമിതാഹ്ലാദം പ്രകടിപ്പിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നതിൽ നിന്ന് അത് മനുഷ്യരെ മുക്തരാക്കുന്നു. ആപത്വേളകളിൽ മനഃപ്രയാസത്തിലകപ്പെടുന്നതിൽ നിന്നും ദുഃഖ പരവശരാവുന്നതിൽനിന്നും അത് അവരെ തടയുന്നു. മോഹഭംഗങ്ങളിൽ നിന്നുളവാകുന്ന നിരാശാബോധത്തിൻെറ കെടുതികളിൽ നിന്ന് അത് അവരെ രക്ഷിക്കുന്നു. സർവോപരി, അത് ഒരു മുസ്ലിമിനെ ധീരനും ശൂരനും അല്ലാഹുവിൻെറ മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലും മുട്ടുമടക്കാത്തവനാക്കിത്തീർക്കുന്നു. അത്തരം സത്യവിശ്വാസികളുടെ മനസ്സിൽ നിന്നുയരുന്ന പ്രാർത്ഥന ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. അത് മാത്രം മതി അവർ എത്രത്തോളം വിനയശീലരായിരിക്കുമെന്ന് മനസ്സിലാക്കുവാൻ. 'ആധിപത്യത്തിൻെറ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിൻെറ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.'[2]

1. ഖുർആൻ 3: 26
2. ഖുർആൻ 3: 26

# പന്ത്രണ്ട്

## സത്യസാക്ഷ്യം

ദൈവത്തിൻെറ ഏകത്വവും മുഹമ്മദ്(സ)ൻെറ പ്രവാചകത്വവും അംഗീകരിച്ച് മരണാനന്തര ജീവിതത്തിലെ മോക്ഷം കാംക്ഷിച്ച് ഒരാൾ ജീവിക്കുവാനാരംഭിച്ചാൽ അയാൾ മുസ്ലിമായിത്തീരുന്നു. ഇസ്ലാമിലേക്കുള്ള പ്രവേശന പ്രതിജ്ഞ ചൊല്ലുന്നതോടെ അവൻ സത്യവിശ്വാസികളുടെ സമൂഹത്തിലെ അംഗമായിമാറുന്നു. 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്'-അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു-ഇതാണ് ഇസ്ലാമിൻെറ സാക്ഷ്യ വാക്യം. ഇതു ചൊല്ലിക്കൊണ്ടാണ് ഒരാൾ മുസ്ലിമാകുന്നത്.

### ലാഇലാഹ ഇല്ലല്ലാഹു

ഒരാൾ ഇസ്ലാമിലേക്ക പ്രവേശിക്കുമ്പോൾ ആദ്യമായി ചൊല്ലുന്ന പ്രതിജ്ഞ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്നാണ്. യഥാർഥത്തിൽ ഇസ്ലാമിൻെറ അടിസ്ഥാന വാക്യമാണിത്. ഇതു പ്രബോധനം ചെയ്യുവാനാണ് പ്രവാചകന്മാർ കടന്നുവന്നത്. ഇതു പഠിപ്പിക്കുവാനാണ് വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടത്. എന്താണീ വചനം അർഥമാക്കുന്നത്? 'അല്ലാഹുവല്ലാതെ ആരാധ്യനില്ല' എന്നതാണ് ഈ പ്രതിജ്ഞാവാക്യത്തിൻെറ സരളമായ സാരം.

ഇസ്ലാമിൻെറ അടിസ്ഥാനവാക്യമായ ആദ്യത്തെ കലിമയുടെ ഒന്നാമത്തെ പകുതി നിഷേധത്തിൻേറതാണ്. 'ലാഇലാഹ-ഒരു ആ

രാധ്യനുമില്ല'. ഇവിടെ, മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന സചേതനവും അചേതനവുമായ സകല വസ്തുക്കളുടെയും ആരാധ്യത നിഷേധിക്കുകയാണ് ആദ്യം ചെയ്യുന്നത്. വെറും കല്ല് മുതൽ വിഗ്രഹങ്ങൾ വരെയും സ്തൂപങ്ങൾ മുതൽ ശവകുടീരങ്ങൾ വരെയും തുളസിച്ചെടി മുതൽ ആൽമരം വരെയും നാഗം മുതൽ പശു വരെയും കുരിശു മുതൽ പാദുകം വരെയും മാലാഖമാർ മുതൽ പിശാചുക്കൾ വരെയും പുണ്യവാളന്മാർ മുതൽ പ്രവാചകന്മാർ വരെയും മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന ഒന്നും തന്നെ അത് എത്ര ചെറുതായാലും വലുതായാലും ആരാധനകളർഹിക്കുന്നില്ലെന്ന തത്ത്വമാണ് ഈ വചനം വ്യക്തമാക്കുന്നത്. മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സകലവിധ ആരാധ്യന്മാരെയും നിഷ്കാസനം ചെയ്ത് ശുദ്ധമാക്കിയതിനു ശേഷമാണ് കലിമയുടെ രണ്ടാമത്തെ പകുതിയായ 'ഇല്ലല്ലാഹു'വെന്ന തത്വം ഹൃദയത്തിലേക്ക് സന്നിവേശിപ്പിക്കുന്നത്. സമസ്ത പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവശക്തൻ മാത്രമാണ് സകലവിധ ആരാധനാ വഴിപാടുകളുമർഹിക്കുന്നതെന്ന് ഇസ്‌ലാമിൻെറ ആദ്യത്തെ കലിമ വ്യക്തമാക്കുന്നു.

മനുഷ്യനെക്കാൾ ഉന്നതമായ മറ്റൊരു സൃഷ്ടിയും ഭൂമിയിലില്ല. അവനേക്കാൾ ഉന്നതമായ ഒരുവൻ മാത്രമേയുള്ളൂ. അതാണ് സ്രഷ്ടാവ്. മനുഷ്യകഴിവിൽ പെടാത്ത ഒട്ടനവധി കാര്യങ്ങൾ തനിക്കു ചുറ്റും തൻെറ സ്വന്തം ശരീരത്തിലും മനുഷ്യനു കാണാൻ കഴിയുന്നു. സ്വജീവൻ നിലനിർത്തുന്ന ഹൃദയമിടിപ്പോ രക്തചംക്രമണമോ മറ്റു ജീവികളിൽ നിന്ന് വ്യതിരിക്തമാക്കുന്ന ബൗദ്ധിക പ്രവർത്തനങ്ങളോ ഒന്നുംതന്നെ തൻെറ കഴിവിലോ നിയന്ത്രണപരിധിയിലോ അല്ലെന്ന് അവൻ അറിയുന്നു. ഭൂമിയിൽ ജീവൻ നിലനിർത്താൻ പര്യാപ്തമായ രീതിയിലുള്ള സൂര്യൻെറ നിലനിൽപോ ഭൂമിയുടെ പരിക്രമണമോ അന്തരീക്ഷത്തിൻെറ സംവിധാനമോ ഒന്നുംതന്നെ തൻെറ നിയന്ത്രണത്തിൻെറ വരുതിയിലല്ലെന്ന് അവൻ മനസ്സിലാക്കുന്നു. ഈ അറിവ് തന്നെക്കാൾ ശക്തിയുള്ള ഒന്നിനോട് സഹായമഭ്യർത്ഥിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. ഈ സഹായാഭ്യർഥനയാണ് പ്രാർഥന. ഭിഷഗ്വരനോട് രോഗി സഹായമഭ്യർഥിക്കുന്നതോ പണക്കാരനോട് പണിക്കാരൻ സാമ്പത്തിക സഹായം ചോദിക്കുന്നതോ പ്രാർഥനയുടെ പരിധിയിൽ വരുന്നില്ല. അവ ലൗകികമായ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള അർഥ



നയാകുന്നു. കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തി ലുള്ള അർഥനയാകുന്നു. കാര്യകാരണബന്ധങ്ങൾക്കതീതമായ രീതിയിലുള്ള സഹായാഭ്യർത്ഥനയാണ് പ്രാർത്ഥന. ഈ പ്രാർഥന തന്നെയാണ് ആരാധന. പ്രാർഥനയാകുന്നു ആരാധനയുടെ മജ്ജ. പ്രാർഥനയില്ലാത്ത ആരാധനകൾ വെറും ആചാരങ്ങൾ മാത്രമായി അവശേഷിക്കുന്നു. അപ്പോൾ ആരാധന ആരോടാണ് ചെയ്യേണ്ടത്? 'മനുഷ്യനെ സൃഷ്ടിച്ചു പരിപാലിക്കുന്നവനോട്'. അവന്ന് മാത്രമേ കാര്യകാരണബന്ധങ്ങൾക്കതീതമായി മനുഷ്യരെ സഹായിക്കാനാവൂ. പ്രാർഥിക്കുന്നവൻെറ ഹൃദയത്തിനകത്ത് എന്താണെന്നറിഞ്ഞ് അതിന് ഉത്തരം നൽകാൻ, മനസ്സിനുള്ളിലുള്ളത് സൂക്ഷ്മമായറിയാവുന്ന സർവശക്തന് മാത്രമെ സാധിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ ഹൃദയത്തിനുള്ളിലുള്ളത് സൂക്ഷ്മമായി അറിയാവുന്ന അല്ലാഹുവിന് മാത്രമെ ആരാധനാ വഴിപാടുകൾ അർപ്പിക്കുവാൻ പാടുള്ളൂ. ഇതു മനുഷ്യബുദ്ധിയുടെ വിധിയാണ്. ഇസ്‌ലാമിൻെറ ഒന്നാമത്തെ കലിമ വ്യക്തമാക്കുന്നതും ഇതുതന്നെ.

മനുഷ്യരെ ഭിന്നിപ്പിച്ചുനിർത്തുകയും തമ്മിലടിപ്പിക്കുകയും ചെയ്യുന്ന ബഹുദൈവ സങ്കൽപത്തിൻെറ കടയ്ക്കാണ് ഇസ്‌ലാമിൻെറ ഒന്നാമത്തെ കലിമ കത്തിവെച്ചത്. ഏകനും സർവോന്നതനുമായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന അവസ്ഥ സംജാതമാകുമ്പോൾ അവനിലെ അധമബോധവും അഹങ്കാരവും അവസാനിക്കുന്നു. പാശ്ചാത്യ മാനവികാവാദവും (humanism) മാർക്സിസവും മനുഷ്യരാകുന്നു പ്രപഞ്ചത്തിലെ ഏറ്റവും ഉന്നതരെന്നും അവരെ നിയന്ത്രിക്കുന്നതോ അവർക്ക് മുകളിലുള്ളതോ ആയ യാതൊരു ശക്തിയുമില്ലെന്നും വാദിച്ചപ്പോൾ അതിൻെറ ഫലമായി വളർന്നുവന്നത് ഒരുതരം അഹങ്കാരമായിരുന്നു. ആ ജനതയുടെ തകർച്ചയ്ക്കുള്ള കാരണവും ഈ അഹങ്കാരം തന്നെ. അതേസമയം സ്ഥാപനമതങ്ങളുടെ ആരാധ്യന്മാർ കല്ലുകളും ശവകുടീരങ്ങളും സസ്യങ്ങളും ജന്തുക്കളും പുണ്യവാളന്മാരുമാണ്. തങ്ങളെക്കാൾ കഴിവും ശക്തിയും കുറഞ്ഞ പലപ്പോഴും കേൾവിയോ കാഴ്ചയോ ഇല്ലാത്തവരോട് ആരാധനകളർപ്പിക്കുന്നവരുടെ മനസ്സിൽ ഒരുതരം അധമബോധമുണ്ടാവുക സ്വാഭാവകമാണ്. ഒരു 'ദൈവ'ത്തിൽ അഭയം കാണാതാവുമ്പോൾ മറ്റൊരു 'ദൈവ'ത്തിലേക്കോടുന്ന അവസ്ഥയുണ്ടാക്കുന്നത് ഈ അധമബോധമാണ്. ഒരു ആരാധ്യനെയും അംഗീകരിക്കാ

തിരിക്കുന്ന അഹങ്കാരത്തിനും സൃഷ്ടികളെ ആരാധിക്കുന്ന അധമത്വത്തിനും മധ്യെ, സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയെന്ന ഇസ്‌ലാമിൻെറ തത്ത്വം നിലനിൽക്കുന്നു. അത് മനുഷ്യനെ ആത്മാഭിമാനമുള്ളവനും അതേസമയം വിനയാന്വിതനുമാക്കിത്തീർക്കുന്നു.

ഏകദൈവമല്ലാതെ ആരാധിക്കപ്പെടരുതെന്ന ഇസ്‌ലാമിൻെറ അടിസ്ഥാനതത്ത്വത്തിനു മുൻപിൽ തകർന്നുവീണത് വിഗ്രഹങ്ങളും ശവകുടീരങ്ങളും വ്യാജദൈവങ്ങളും മാത്രമായിരുന്നില്ല. ദൈവങ്ങളുടെയും മനുഷ്യരുടെയും ഇടയിലുള്ള ദല്ലാളന്മാരായി ചമഞ്ഞ പൗരോഹിത്യം കൂടിയായിരുന്നു. ഏകനായ സ്രഷ്ടാവിനും മനുഷ്യർക്കുമിടയിൽ മധ്യവർത്തികളൊന്നും ആവശ്യമില്ലെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. ദൈവങ്ങളുടെ പേരിൽ, മനുഷ്യരെ തമ്മിലടിപ്പിച്ചിരുന്ന പൗരോഹിത്യത്തിൻെറ ചൂഷണങ്ങളിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കുകയാണ് പ്രവാചകൻ ചെയ്തത്. യാതൊരു രീതിയിലുമുള്ള പൗരോഹിത്യം ഇസ്‌ലാം അനുവദിക്കുന്നില്ല.

ബഹുദൈവാരാധനയുടെ അധമത്വത്തിൽ നിന്നും ദൈവനിഷേധത്തിൻെറ അഹങ്കാരത്തിൽ നിന്നും മനുഷ്യരെ മുക്തരാക്കി ഏകദൈവാരാധനയുടെ ഔന്നത്യത്തിലേക്ക് അവരെ നയിക്കുവാൻ വേണ്ടിയാണ് മുഴുവൻ പ്രവാചകന്മാരും പരിശ്രമിച്ചത്. പ്രവാചക പ്രബോധനങ്ങളിൽ ഏറ്റവും പ്രമുഖമായത് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന തത്വമായിരുന്നു. പടച്ചതമ്പുരാൻ പറയുന്നത് നോക്കുക: 'ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കുക എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കുമുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.'[1]

'അവരുടെ മുന്നിലൂടെയും പിന്നിലൂടെയും ചെന്ന് അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത് എന്ന് പറഞ്ഞുകൊണ്ട് അവരുടെ അടുത്ത് ദൈവദൂതന്മാർ ചെന്നപ്പോൾ.'[2]

മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരെല്ലാവരും ഒരുപോലെ പ്രബോധനം ചെയ്ത തത്വമാണ് 'ലാഇലാഹ ഇല്ലല്ലാ' എന്ന വസ്തുത ഈ വചനങ്ങളിൽ നിന്ന് വ്യക്തമാവുന്നു. ഒരു പ്രവാചകനും സൃഷ്ടിപൂജ പഠിപ്പിച്ചിട്ടില്ല. വിഗ്രഹങ്ങളെയും ശവകുടീരങ്ങളെയും

1. ഖുർആൻ 21: 25
2. ഖുർആൻ 41: 14



വ്യാജദൈവങ്ങളെയും വിളിച്ചു പ്രാർഥിച്ചിരുന്നവരോട് അത് ശരിയല്ലെന്ന് ഉദ്ബോധിപ്പികുകയാണ് പ്രവാചകന്മാർ ചെയ്തത്. ബൈബിളിലെ പ്രവാചകന്മാരുടെ ചരിത്രത്തിലും ഇക്കാര്യം നമുക്ക് കാണാൻ കഴിയും. ബഹുദൈവാരാധനയെ ശക്തമായ ഭാഷയിൽ തന്നെ പ്രവാചകന്മാർ വിമർശിച്ചിരുന്നതായാണ് ബൈബിൾ കഥനങ്ങളിൽ നിന്നും മനസ്സിലാവുന്നത്.

മോശെ പ്രവാചകന് നൽകപ്പെട്ട കൽപനകളിൽ പ്രധാനപ്പെട്ടത് 'ഏകനായ സ്രഷ്ടാവല്ലാതെ മറ്റാരും ആരാധിക്കപ്പെടരുത്' എന്ന കൽപനയായിരുന്നുവെന്ന് ബൈബിളിലെ പുറപ്പാട്[3] പുസ്തകത്തിലും ആവർത്തന[4] പുസ്തകത്തിലുമുള്ള പരാമർശങ്ങൾ വ്യക്തമാക്കുന്നു. പത്തു കൽപനകളിൽ ഒന്നും രണ്ടും കൽപനകൾ ഇവയാണ്. 'നിൻെറ ദൈവമായ കർത്താവ് ഞാനാകുന്നു. ഈജിപ്തുദേശത്തുനിന്ന്, അടിമഭവനത്തിൽ നിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നവൻ. ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്, മുകളിൽ സ്വർഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിൻെറയും ബിംബം ഉണ്ടാക്കരുത്. നീ അവയ്ക്കു മുന്നിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്.' ഈ കൽപനകൾ ഏകദൈവാരാധനയ്ക്ക് പ്രചോദനം നൽകുക മാത്രമല്ല, അന്നു നിലവിലുണ്ടായിരുന്ന ബഹുദൈവാരാധനാരൂപമായ വിഗ്രഹാരാധനയെ ശക്തിയുക്തം വിമർശിക്കുകയും ചെയ്യുന്നു.

മോശയ്ക്കു ശേഷം വന്ന ഇസ്രായീൽ പ്രവാചകന്മാരെല്ലാം തന്നെ അദ്ദേഹത്തിൻെറ കാലടികളെ പിന്തുടർന്നവരും അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥപ്രകാരം ജീവിതം നയിക്കാൻ തങ്ങളുടെ ജനതയോട് ആഹ്വാനം ചെയ്തവരുമായിരുന്നു. ഇസ്രായീല്യരിലേക്കു വന്ന അവസാനത്തെ പ്രവാചകനായ യേശുവും പ്രധാനമായും പഠിപ്പിച്ചത് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന തത്ത്വം തന്നെയായിരുന്നു. 'കൽപനകളിൽ പരമപ്രധാനമായത് ഏതാണ്?' എന്ന ഒരു വേദജ്ഞൻെറ ചോദ്യത്തിന് യേശു നൽകിയ മറുപടിയിൽ നിന്ന് ഇക്കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു. 'അല്ല

1. പുറപ്പാട് 20: 1–7
2. ആവർത്തനം 5: 6–22

യോ ഇസ്രായീലേ കേൾക്കൂ: നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ്. നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കുക.'[1] ലോകത്തിലെ സകല രാജ്യങ്ങളും പ്രതാപവും കാണിച്ചുകൊടുത്തുകൊണ്ട് 'എന്നെ ആരാധിച്ചാൽ ഇതെല്ലാം ഞാൻ നിരക്ക് തരാം' എന്നു പറഞ്ഞ സാത്താനോട് ക്രിസ്തു പറഞ്ഞ മറുപടിയിലും ഏകദൈവാരാധനയുടെ കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയും പാടില്ലെന്ന വസ്തുത തെളിഞ്ഞു കാണുന്നുണ്ട്. അദ്ദേഹം പിശാചിന് നൽകിയ മറുപടി ഇങ്ങനെയാണ്: 'സാത്താനെ ദൂരെപ്പോവുക, എന്തെന്നാൽ, നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണം, അവിടുത്തെ മാത്രമെ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു'[2].

ഇന്ത്യയിൽ വന്ന പ്രവാചകന്മാരും ഏകദൈവവിശ്വാസം തന്നെയാണ് പ്രധാനപ്പെട്ട തത്ത്വമെന്ന നിലക്ക് പ്രബോധനംചെയ്തിരുന്നത്. ഭാരതത്തിലേക്കു വന്ന പ്രവാചകന്മാരെക്കുറിച്ച് വ്യക്തവും സ്പഷ്ടവുമായ ചരിത്രമോ അവരുടെ പ്രബോധനത്തെക്കുറിച്ച് പ്രമാദമുക്തമായ തെളിവുകളോ ലഭക്കാത്തതിനാൽ അവർ എന്തു പറഞ്ഞുവെന്ന് ഖണ്ഡിതമായി പറയാൻ ഇന്നു നമുക്ക് സാധ്യമല്ല. എങ്കിലും വേദങ്ങളിലും ഉപനിഷത്തുകളിലും കാണപ്പെടുന്ന പ്രസ്താവനകളിൽ ചിലവ ആദ്യകാല പ്രവാചകന്മാരുടെ പ്രബോധനം ഏകദൈവവിശ്വാസമായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. ബഹുദേവ സങ്കൽപം അംഗീകരിക്കുന്ന വേദങ്ങളിൽ തന്നെ ദേവന്മാരുടെ ദേവനും അജയ്യനും സർവശക്തനുമായ ദൈവത്തെക്കുറിച്ച പരാമർശങ്ങളുണ്ട്. ഈ പരാമർശങ്ങളിൽ നിന്ന് ബഹുദൈവാരാധനയുടെ ആവിർഭാവത്തിന് മുമ്പ് ഭാരതത്തിൽ ഏകദൈവവിശ്വാസം നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കുവാനാവും. ഈ ഏകദൈവവിശ്വാസം ഇന്ത്യയിൽ വന്ന പ്രവാചകന്മാർ പ്രബോധനം ചെയ്തതായിരിക്കണം.

മാത്രവുമല്ല, ബഹുദൈവാരാധനയെ ഖണ്ഡിക്കുന്ന ചില സൂക്തങ്ങളും ഉപനിഷത്തുകളിൽ കാണാൻ കഴിയും. ദശോപനിഷത്തുകളിൽ പ്രധാനപ്പെട്ട ഈശാവാസ്യോപനിഷത്തിലെ ഒരു ശ്ലോകം നോക്കുക: 'നശ്വരങ്ങളായ ദേവപിതൃമാനവാദികളെ ഉപാസിക്കുന്നവർ

1. മാർക്കോസ് 12: 29, 30
2. മത്തായി 4: 10



അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു. അവിനാശിയായ പരമാത്മാവിനെക്കുറിച്ച് മിഥ്യാഭിമാനത്തോടുകൂടിയിരിക്കുന്നവരും ഘോരാന്ധകാരത്തിൽ തന്നെ പതിക്കുന്നു.' (അന്ധംതമഃ പ്രവിശന്തിയേ സംഭൂതി മുപാസതേ, തയോഭൂയ ഇവതേതമോ ഉസംഭൂത്യാ രതാഃ).[1] ഈ വചനങ്ങൾ വ്യക്തമായിത്തന്നെ ദേവന്മാർ, മനുഷ്യർ, പിതൃക്കൾ തുടങ്ങി നാശമുള്ള യാതൊന്നിനെയും ആരാധിക്കരുതെന്നും അനശ്വരനായ പരമാത്മാവ് മാത്രമാണ് ആരാധിക്കപ്പെടേണ്ടതെന്നും സൂചിപ്പിക്കുന്നു. ഉപനിഷദ്കാലത്തിനു മുമ്പുതന്നെ ശുദ്ധമായ ഏകദൈവാരാധനയിലധിഷ്ഠിതമായ ഒരു സമൂഹം ഇന്ത്യയിൽ നിലനിന്നിരുന്നുവെന്നും 'ലാഇലാഹ ഇല്ലല്ലാഹു' എന്ന അടിസ്ഥാന തത്ത്വം പ്രബോധനം ചെയ്ത പ്രവാചകന്മാരിൽ ആരുടേയോ അനുയായികളായിരുന്നു അവരെന്നും ഈ വചനങ്ങളിൽ നിന്ന് വ്യക്തമാവുന്നു.

പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്ത ഏകദൈവാരാധനയിൽ നിന്ന് ബഹുദൈവാരാധനയിലേക്ക് മനുഷ്യർ മെല്ലെ മെല്ലെ വഴിതെറ്റി. സർവശക്തനായ സ്രഷ്ടാവിലേക്ക് മനുഷ്യർക്ക് നേരിട്ട് അടുക്കുക സാധ്യമല്ലെന്നും അതിന് ഏതെങ്കിലും ഇടയാളന്മാരുടെ മധ്യവർത്തിത്വമാവശ്യമാണെന്നുമുള്ള ബോധമുണ്ടാക്കിക്കൊണ്ടാണ് പിശാച് മനുഷ്യരെ പിഴപ്പിച്ചുകളഞ്ഞത്. വിഗ്രഹപൂജയും ശവകുടീരാരാധനയും പുണ്യവാളോപാസനയും നടത്തിയിരുന്ന ജനങ്ങൾ ഇവ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണെന്നായിരുന്നു ന്യായം പറഞ്ഞിരുന്നത്. ഇക്കാര്യത്തിൽ വിശുദ്ധ ഖുർആൻ വെളിച്ചംവീശുന്നത് ഇങ്ങനെയാണ്. 'അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.'[2]

'അല്ലാഹുവിന്നു പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിൻെറ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്നു അവർ പറയുകയും ചെയ്യുന്നു.'[3]

1. ഈശാവാസ്യോപനിഷത്ത്: 12-ാം ശ്ലോകം
2. ഖുർആൻ 39: 3
3. ഖുർആൻ 10: 18

ഈ ന്യായങ്ങളെല്ലാം ബാലിശങ്ങളാണെന്ന് പ്രഖ്യാപിക്കുന്ന ഖുർആൻ അല്ലാഹുവിലേക്ക് അടുക്കുവാൻ യാതൊരു ഇടയാളന്റേയോ ശുപാർശക്കാരന്റെയോ ആവശ്യമില്ലെന്ന വസ്തുത അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്. 'നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നുവെന്ന് (പറയുക) പ്രാർഥിക്കുന്നവർ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്'[1]

'പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ.'[2]

'അവന്നു പുറമെ ഇവർ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ശുപാർശ അധീനപ്പെടുത്തുന്നില്ല: അറിഞ്ഞുകൊണ്ടുതന്നെ സത്യത്തിന് സാക്ഷ്യം വഹിച്ചവരൊഴികെ.'[3]

സ്രഷ്ടാവും സംരക്ഷകനുമായവൻ മാത്രമാണ് സകലവിധ ആരാധനകളുമർഹിക്കുന്നതെന്ന് പ്രഖ്യാപിക്കുന്ന ഖുർആൻ സൃഷ്ടിപൂജയുടെ നിരർഥകതയിലേക്ക് മനുഷ്യരുടെ ശ്രദ്ധ ക്ഷണിക്കുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

'അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്തവരെയാകുന്നു? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (അവരുടെ ആരാധ്യർക്ക്) കഴിയില്ല. സ്വദേഹങ്ങൾക്കു തന്നെ അവർ സഹായം ചെയ്യുന്നതുമല്ല'[4]

'അവന്ന് പുറമെ അവർ ആരെയൊക്കെ വിളിച്ചു പ്രാർഥിക്കുന്നുവോ അവർക്കൊന്നും നിങ്ങളെ സഹായിക്കുവാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെയും അവർ സഹായം ചെയ്യുകയില്ല'[5]

'അല്ലാഹുവിന്ന് പുറമെ അവർ ആരെയൊക്കെ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്.'[6]

'(നബിയേ) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ആരാധ്യരെന്ന്) വാദിച്ചുപോന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ. നിങ്ങളിൽ

1. ഖുർആൻ 2: 180
2. ഖുർആൻ 39: 44
3. ഖുർആൻ 43: 86
4. ഖുർആൻ 7: 191, 192
5. ഖുർആൻ 7: 197
6. ഖുർആൻ 16: 20



നിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല.'[1]

'അല്ലാഹുവിന് പുറമെ അവന്ന് ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ച് പ്രാർഥിക്കുന്നു. അതുതന്നെയാണ് വിദൂരമായ വഴികേട്.'[2]

'തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലൻ തന്നെ.'[3]

'അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല.'[4]

'നീ പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന നിങ്ങളുടെ പങ്കാളികളെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്താണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്കു കാണിച്ചുതരിക. അതല്ല, ആകാശത്തിൽ അവർക്ക് വല്ല പങ്കുമുണ്ടോ?'[5]

പ്രവാചകന്മാരെല്ലാവരും ശുദ്ധമായ ഏകദൈവാരാധനയിലേക്കാണ് സ്വസമൂഹത്തെ ക്ഷണിച്ചതെന്നു പറഞ്ഞുവല്ലോ. എന്നാൽ തലമുറകൾ കഴിഞ്ഞപ്പോൾ പ്രസ്തുത പ്രവാചകന്മാരെത്തന്നെ ജനങ്ങൾ ആരാധിക്കുന്ന അവസ്ഥാവിശേഷമുണ്ടായി. ആദരവിൽ നിന്നാരംഭിച്ച് ആരാധനാമനോഭാവം വളർന്നുവന്ന് ഏതേത് പ്രവാചകന്മാരാണോ സ്രഷ്ടാവിനോടല്ലാതെ ആരാധനകളെ ശക്തിയുക്തം എതിർത്തത് അതേ പ്രവാചകന്മാരെത്തന്നെ ശുപാർശകരായിക്കരുതി ആരാധിക്കുന്ന അവസ്ഥയിലെത്തിച്ചേർന്നു. പ്രവാചകന്മാർ

1. ഖുർആൻ 17: 56
2. ഖുർആൻ 22: 12
3. ഖുർആൻ 22: 73
4. ഖുർആൻ 35: 13, 14
5. ഖുർആൻ 35: 40

മാത്രമല്ല മറ്റു പുണ്യവാളന്മാരും ഇതേ രീതിയിൽ ആരാധിക്കപ്പെട്ടു. അവരുടെ വിഗ്രഹങ്ങളുണ്ടാക്കി അത് ദൈവത്തിൻെറ ആലയങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടു. അതുകൊണ്ടുതന്നെ പിന്നീട് വന്ന പ്രവാചകന്മാരിൽ പലർക്കും നേരിടേണ്ടിവന്നത് പൂർവപ്രവാചകന്മാരെയും പുണ്യാത്മക്കളെയും ആരാധിക്കുന്ന ജനങ്ങളെയായിരുന്നു. എന്തിനധികം, അന്തിമപ്രവാചകനായ മുഹമ്മദ് നബി (സ)ക്ക് ആദ്യമായി തകർക്കേണ്ടിവന്നത് വിഗ്രഹാരാധനക്കെതിരെ ആയുഷ്കാലം മുഴുവൻ പോരാടിയ ഇബ്റാഹീം നബി (അ)യുടെ വിഗ്രഹത്തെയായിരുന്നുവല്ലോ. ദൈവത്തിലേക്കുള്ള ഇടയാളന്മാരാക്കി ആരാധിക്കപ്പെട്ടുകൊണ്ടിരുന്ന മഹദ്‌വ്യക്തികൾ തങ്ങളോട് പ്രാർഥിക്കുവാൻ കൽപിച്ചിരുന്നില്ലെന്നും പുനരുത്ഥാന നാളിൽ ബഹുദൈവാരാധകരുടെ പ്രവർത്തനങ്ങളെ അവർ നിഷേധിക്കുമെന്നും ഖുർആൻ വ്യക്തമാക്കുന്നു. 'ഉയിർത്തെഴുന്നേൽപിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതാണ്'.[1]

ഇതു തന്നെയാണ് യേശുവിൻെറ ചരിത്രത്തിലും സംഭവിച്ചത്. തന്നെ ആരാധിക്കുവാൻ യേശു ഒരിക്കൽപോലും ശിക്ഷ്യന്മാരോട് കൽപിച്ചതായി സുവിശേഷങ്ങളിലെവിടെയും കാണുക സാധ്യമല്ല. മറിച്ച്, സന്ദിഗ്ധഘട്ടങ്ങളിൽ അദ്ദേഹം ദൈവത്തോട് വിളിച്ചു പ്രാർഥിച്ചതായാണ് ബൈബിളിലുള്ളത്.[2] മാത്രവുമല്ല, കർത്താവാണ് ഏറ്റവും വലിയവനെന്നും അവൻ മാത്രമാണ് പ്രാർഥിക്കപ്പെടേണ്ടതെന്നും വളരെ വ്യക്തമായി ക്രിസ്തു പഠിപ്പിച്ചതായി സുവിശേഷങ്ങളിൽ കാണാവുന്നതാണ്. 'പിതാവ് എന്നേക്കാൾ വലിയവനാണ്.'[3]

'നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണം. അവനെ മാത്രമേ പൂജിക്കാവൂ'.[4] തന്നെ കർത്താവേ എന്ന് വിളിക്കുകയല്ല വേണ്ടതെന്നും ഏകനായ സ്രഷ്ടാവിൻെറ വിധി വിലക്കുകൾ പ്രകാരം ജീവിക്കുകയാണ് വേണ്ടതെന്നും യേശു വ്യക്തമാക്കുന്നത് നോക്കുക. 'കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്.'[5]

1. ഖുർആൻ 35: 14
2. ലൂക്കാ: 16, 22:4:1
3. യോഹന്നാൻ 14: 28
4. മത്തായി 4: 10
5. മത്തായി 7: 21



ശുദ്ധമായ ഏകദൈവാരാധനയുടെ വക്താവായി നിലകൊള്ളുകയും അതു പ്രബോധനംനടത്തുകയും ചെയ്തുകൊണ്ട് സ്വജീവിതം ദൈവമാർഗത്തിൽ സമർപ്പിച്ച മഹാനായ യേശുവിനെത്തന്നെ ദൈവവും ദൈവപുത്രനുമായി അവരോധിച്ചുകൊണ്ട് ആരാധിക്കുന്ന അവസ്ഥയാണിന്ന് ക്രൈസ്തവസമൂഹത്തിലുള്ളത്. യുക്തിയുടേയോ ബൈബിളിൻേറയോ പിന്തുണയില്ലാത്ത ത്രിയേകദൈവവിശ്വാസം എന്ന ഒരു പ്രഹേളികയും യേശുവിനെ ദൈവമാക്കാൻ വേണ്ടി ക്രൈസ്തവസഭ പടച്ചുണ്ടാക്കിയിരുന്നു. യേശുവോ മുൻപ്രവാചകന്മാരോ, എന്തിനധികം അപ്പോസ്തലന്മാർപോലും ഒരിക്കലും പ്രയോഗിക്കാത്ത ത്രിയേകദൈവം എന്ന ആശയമാണ് ഇന്ന് സഭയുടെ അടിത്തറ. ഈ പദമോ ആശയമോ ബൈബിളിലെ പുസ്തകങ്ങളിലെവിടെയും കാണുന്നില്ലെന്നതാണ് വാസ്തവം.[1] ത്രിത്വവാദമുന്നയിച്ചുകൊണ്ട് യേശുവിനെ ദൈവികവ്യക്തിത്വങ്ങളിൽ ഒരാളും ആരാധ്യനുമായി കാണുന്ന ക്രൈസ്തവനിലപാടിനെ വിശുദ്ധഖുർആൻ വിമർശിക്കുന്നത് കാണുക: 'വേദക്കാരെ, നിങ്ങൾ മതകാര്യത്തിൽ അതിരു കവിയരുത്. മറിയമിൻെറ മകനായ മസീഹ് ഈസാ അല്ലാഹുവിൻെറ ദൂതനും മറിയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽ നന്നുള്ള ഒരു ആത്മാവുമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുക. 'തിത്വം' എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങൾ (അതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അല്ലാഹുവിൻേറതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി'[2]

ഇസ്രായീല്യരിലേക്ക് വന്ന പ്രവാചകന്മാരെല്ലാം പഠിപ്പിച്ച സിദ്ധാന്തമെന്ന നിലക്ക് ഏകദൈവാരാധനയെ താത്വികമായി അംഗീകരിക്കുന്നവരാണ് വേദക്കാർ. എന്നാൽ പ്രസ്തുത തത്വത്തിൽ നിന്ന് അവർ ബഹുദൂരം അകന്നുപോയിരിക്കുന്നു. വേദത്തിൽ വിശ്വസിക്കുന്നവരെ തങ്ങൾ അംഗീകരിക്കുന്നുവെന്ന് സ്വയം അവകാശപ്പെടുന്ന തത്വത്തിലേക്ക് ക്ഷണിക്കുവാനാണ് അന്തിമപ്രവാചകനോട് പടച്ച

1. കൂടുതൽ വിവരത്തിന് ലേഖകൻെറ 'ക്രൈസ്തവ ദൈവ സങ്കൽപം' വായിക്കുക
2. ഖുർആൻ 4: 171

തമ്പുരാൻ കൽപിക്കുന്നത്. '(നബിയേ) പറയുക: വേദക്കാരേ, ഞങ്ങ ൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവീൻ. അതായത്, അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുന്ന (എന്ന തത്വത്തിലേക്ക്)'[1].

ബഹുദൈവാരാധനയാണ് സകലവിധ തിന്മകളുടെയും മാതാവെന്നാണ് ഇസ്‌ലാമിക വീക്ഷണം. അതുകൊണ്ടുതന്നെ അല്ലാഹുവല്ലാത്തവരോടുള്ള ആരാധനയാണ് വിശുദ്ധ ഖുർആനിൽ ഏറ്റവുമധികം വിമർശിക്കപ്പെട്ടിരിക്കുന്നത്. ദൈവേതരന്മാരോട് പ്രാർത്ഥിക്കുന്നതാണ് ഏറ്റവും വലിയ മഹാപാപമെന്നാണ് പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നത്. ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണ് ദൈവത്തിൻെറ സത്തയിലോ ഗുണങ്ങളിലോ പ്രവർത്തനങ്ങളിലോ മറ്റുള്ളവരെ പങ്കുചേർക്കുകയെന്നത്. പ്രസ്തുത പാപം ചെയ്തവർ ഇസ്‌ലാമിൽ നിന്നു പുറത്താണ്. വിശുദ്ധ ഖുർആൻ പറയുന്നതു കാണുക: 'തന്നോട് പങ്ക് ചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ആർ അല്ലാഹുവിനോട് പങ്കു ചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു'[2]

നമ്മെ സൃഷ്ടിച്ച് പരിപാലിച്ച് കൊണ്ടിരിക്കുന്ന അല്ലാഹു നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ഏകകാര്യമാണ് അവന്നു മാത്രമുള്ള ആരാധന. പടച്ചതമ്പുരാൻ പറയുന്നത് നോക്കു. 'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും'[3]

മനുഷ്യർക്ക് ആവശ്യമായതെല്ലാം ഇവിടെ ഒരുക്കി വെച്ചിരിക്കുന്ന അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവർ ആരായിരുന്നാലും അവരെ കൈവെടിയേണ്ടത് മുസ്‌ലിമിൻെറ ബാധ്യതയാണ്. ആരാ

1. ഖുർആൻ 3: 64
2. ഖുർആൻ 4: 116
3. ഖുർആൻ 51: 55-58



ധിക്കപ്പെടുന്നത് പുണ്യവാളനായാലും പിശാചായാലും സമമാണ്; രണ്ടുപേരും അതിന് അർഹരല്ല. പ്രാർത്ഥനകൾ അല്ലാഹുവോട് മാത്രമാണ് നടത്തേണ്ടത്. സൃഷ്ടികളിൽ ശ്രേഷ്ഠനായ മുഹമ്മദ് നബിയോട് പോലും പ്രാർത്ഥനകൾ പാടില്ലെന്നാണ് ഇസ്‌ലാമിൻെറ ഒന്നാമത്തെ കലിമ വ്യക്തമാക്കുന്നത്. ഇബ്റാഹീം നബി (അ) പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്ന വചനങ്ങൾ ഇവിടെ പ്രസക്തമാണ്. 'എന്നാൽ അവർ (ദൈവങ്ങൾ) എൻെറ ശത്രുക്കളാകുന്നു. ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ; എനിക്ക് ആഹാരവും കുടിനീരും നൽകുന്നവൻ; എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്; എന്നെ മരിപ്പിക്കുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവൻ; പ്രതിഫലത്തിൻെറ നാളിൽ ഏതൊരുത്തൻ എൻെറ തെറ്റുകൾ പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ'.[1]

ഒന്നാമത്തെ കലിമയിലൂടെ നാം പ്രതിജ്ഞ ചെയ്യുന്നത് 'അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്നാണ്. അഥവാ കലിമ ചൊല്ലിയ ശേഷമുള്ള ജീവിതം ഏകദൈവാരാധനയിൽ അധിഷ്ഠിതമായിരിക്കുമെന്നും പ്രസ്തുത പ്രതിജ്ഞയുടെ സാക്ഷ്യമായിരിക്കുമെന്നും സാരം. ഈ പ്രതിജ്ഞചെയ്തവൻ പിന്നെ സർവശക്തനായ സ്രഷ്ടാവിനോടു മാത്രമെ പ്രാർത്ഥിക്കുകയുള്ളൂ; വിഗ്രഹങ്ങളും ശവകുടീരങ്ങളും വ്യാജദൈവങ്ങളും മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും പുണ്യവാളന്മാരും പ്രവാചകന്മാരുമൊന്നും ആരാധ്യരല്ലെന്ന് സ്വജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുന്നവനായി അവൻ മാറുന്നു. അവൻ അല്ലാഹുവോട് മാത്രമായി സഹായാഭ്യർത്ഥന നടത്തുന്നവനും അവൻെറ മുമ്പിൽ മാത്രം ശിരസ്സു നമിക്കുന്നവനുമായി മാറുന്നതോടെ ധൈര്യശാലിയും വിനയാന്വിതനുമായിത്തീരുന്നു; മറ്റു സൃഷ്ടികളെ ആരാധിക്കുന്ന അധമത്വത്തിൽ നിന്ന് അവൻ മോചിതനാവുന്നതോടെ സൃഷ്ടികളിൽ ഏറ്റവും ഉദാത്തനായ മനുഷ്യൻെറ ഉജ്ജ്വലമായ ഭാവം കൈവരിക്കുന്നു; അവൻ ഒരു മുസ്‌ലിമായി മാറുന്നു.

1. ഖുർആൻ 26: 77-82

## മുഹമ്മദുൻ റസൂലുല്ലാഹ്

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു മാത്രമാണ് ആരാധനക ളർഹിക്കുന്നതെന്ന സാക്ഷ്യവാചകത്തിനു ശേഷം ഇസ്ലാമിലേക്കു പ്രവേശിക്കുന്ന വ്യക്തി രണ്ടാമതായി ഉരുവിടേണ്ട പ്രതിജ്ഞ 'മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹി ക്കുന്നു'വെന്നാണ്. മുഹമ്മദ് നബി (സ) കഴിഞ്ഞുപോയ പ്രവാചക ന്മാരുടെയെല്ലാം പിൻഗാമിയും അവരുടെ ദൗത്യത്തിൻെറ പൂർത്തീ കരണത്തിനുവേണ്ടി അയക്കപ്പെട്ട അന്തിമപ്രവാചകനുമാണെന്ന് വിശ്വസിക്കുന്നതിലൂടെ മാത്രമെ ഒരാൾക്ക് മുസ്ലിമാകുവാൻ സാധ്യ മാവൂ. മുഹമ്മദ് നബിയും ഒരു പ്രവാചകനാണെന്നോ മഹാനാണെ ന്നോ ഉള്ള കേവലമായ അംഗീകാരത്തിലുപരിയായി അദ്ദേഹം ഒരു ദൈവദൂതനാണെന്ന് ഞാൻ എൻെറ ജീവിതം കൊണ്ട് സാക്ഷ്യം വഹിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയാണ് രണ്ടാമത്തെ കലിമ ഉച്ചരി ക്കുന്ന വ്യക്തി ചെയ്യുന്നത്.

'മുഹമ്മദ് നബി (സ) ദൈവദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്ന് പ്രതിജ്ഞ ചെയ്ത വ്യക്തി അദ്ദേഹത്തിൻെറ ജീവിതരീതി പിന്തുടരാൻ നിർബന്ധിതനാണ്. മുഹമ്മദ്(സ) ദൈവി ക ബോധനങ്ങൾക്കനുസൃതമായി സംസാരിക്കുകയും മാതൃകാപര മായി ജീവിക്കുകയും ചെയ്തയാളാണെന്ന് അംഗീകരിക്കുകയാണ് അദ്ദേഹം ദൈവദൂതനാണെന്ന് വിശ്വസിക്കുന്നയാൾ ചെയ്യുന്നത്. അങ്ങനെയുള്ള ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം നന്മയും തിന്മയും തമ്മിലുള്ള വേർതിരിവ് അത് പ്രവാചകൻ അനുവദിച്ചുവോ ഇല്ലയോ എന്നുള്ളതാണ്. ദൈവദൂതൻ ദൈവികബോധനപ്രകാര മാണ് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്നതി നാൽ തന്നെ അദ്ദേഹത്തിൻെറ ജീവിതം ദൈവികമാർഗനിർദേശങ്ങൾ ക്കനുസൃതമായി മാതൃകാപരമായിരിക്കും. അദ്ദേഹമാണ് നന്മയും തിന്മയുമെന്താണെന്ന് നമുക്ക് വേർതിരിച്ചു തരേണ്ടത്. ദൈവദൂതൻ നന്മയെന്ന് പഠിപ്പിച്ചതെല്ലാം നന്മയും തിന്മയാണെന്ന് പറഞ്ഞുതന്ന തെല്ലാം തിന്മയുമാണെന്ന് ഒരു മുസ്ലിം വിശ്വസിക്കുന്നു. അതുകൊ ണ്ടുതന്നെ മുസ്ലിമിൻെറ ജീവിതം പ്രവാചകൻെറ മാതൃകയുൾ ക്കൊണ്ടുകൊണ്ടായിരിക്കും. അല്ലാഹുവിൻെറ ഗ്രന്ഥവും പ്രവാചക ൻെറ ജീവിതവും മൊഴികളുമാണ് ഇസ്ലാമികജീവിത വ്യവസ്ഥയു ടെ അടിസ്ഥാനം. വ്യക്തിയും കുടുംബവും സമൂഹവും രാഷ്ട്രവു



മെല്ലാം ഇസ്ലാമികമായി മാറുമ്പോൾ എങ്ങനെയായിരിക്കണമെന്ന് അല്ലാഹുവും റസൂലും(സ) പഠിപ്പിച്ചിട്ടുണ്ട്. ഇതിന്നാണ് ഇസ്ലാമിക ജീവിതരീതി അഥവാ 'ശരീഅത്ത്' എന്നു പറയുന്നത്.

മുഹമ്മദ് (സ) ദൈവദൂതനാണെന്ന് അംഗീകരിക്കുന്ന ഒരാളുടെ ജീവിതത്തിൽ നിന്ന് പ്രവാചകൻ നിർബന്ധമായി കൽപിച്ച കാര്യങ്ങളൊന്നും ഒഴിഞ്ഞു പോകുന്നില്ല. അദ്ദേഹം നിരോധിച്ച കാര്യങ്ങളിൽ നിന്നെല്ലാം അവൻ ഒഴിഞ്ഞു നിൽക്കുന്നു. ഒരു മുസ് ലിം മദ്യം ഒഴിവാക്കുന്നതും ഒരു ഗാന്ധിയൻ അങ്ങനെ ചെയ്യുന്നതും തമ്മിൽ അടിസ്ഥാനപരമായിത്തന്നെ അന്തരമുണ്ട്. അല്ലാഹുവും റസൂലും നിരോധിച്ചുവെന്നതാണ് ഒരു മുസ്ലിം മദ്യം കഴിക്കാതിരി ക്കുന്നതിന് കാരണം. ശരീരത്തിനും മനസ്സിനും ഹാനികരമാണെന്ന തിനാലാണ് ഒരു ഗാന്ധിയൻ അതിൽ നിന്ന് വിട്ടുനിൽക്കുന്നത്. ധർമ ത്തെയും അധർമത്തെയും കുറിച്ച് വ്യക്തമായ ഒരു അതിർവരമ്പു ണ്ടാവുന്നത് ഇസ്ലാമിൽ മാത്രമാണ്. അല്ലാഹുവും റസൂലും (സ) അനുവദിച്ച കാര്യങ്ങളെല്ലാം നന്മയും നിരോധിച്ച കാര്യങ്ങളെല്ലാം തിന്മയുമാണെന്ന തത്വമാണ് ഇസ്ലാമിക ശരീഅത്തിൻെറ അടിസ് ഥാനം. അല്ലാഹുവും റസൂലും (സ) അനുവദിച്ച കാര്യങ്ങളിലാണ് ആത്യന്തികമായ നന്മ സ്ഥിതിചെയ്യുന്നതെന്നും നിരോധിച്ച കാര്യ ങ്ങളിലാണ് തിന്മയുടെ വേരുകളെന്നും ഇന്ന് ഒരു വിധമെല്ലാവരും അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രവാചക നിയോഗത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്ന വചനങ്ങൾ ഇവിടെ സ്മരണീയമാണ്: 'അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരു ടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവ രുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവത രിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ അവർ തന്നെയാണ് വിജയികൾ.'[1]

നന്മതിന്മകളെ പ്രവാചകജീവിതവുമായി ബന്ധപ്പെടുത്താത്ത ഏതൊരു രീതിശാസ്ത്രവും പരാജയപ്പെടുമെന്നുറപ്പാണ്. ദേശീയത

1. ഖുർആൻ 7: 157

ക്കോ വംശീയതക്കോ ഭാഷക്കോ ഒന്നും സ്ഥായിയായ നന്മയെക്കുറിച്ച് പറയാനാവില്ല. യുക്തിയും തഥൈവ. ഇംഗ്ലണ്ടിലെ യുക്തിവാദിക്ക് വിവാഹേതര ലൈംഗികബന്ധങ്ങളും സ്വവർഗരതിയുമൊന്നും എതിർക്കപ്പെടേണ്ട കുറ്റമല്ല (Barbara Smoker: Humanism: Page 82-84). എന്നാൽ ഇന്ത്യയിലെ ഏറ്റവും 'പുരോഗമന'പരമായി ചിന്തിക്കുന്ന വ്യക്തിയായ ഇടമറുകിനു പോലും ഈ 'മൂല്യം' അംഗീകരിക്കുവാൻ കഴിയുന്നില്ല. അദ്ദേഹത്തിൻെറ മരുമകനായ യൂറോപ്യൻ സഞ്ചാരി യോരൻ സ്കാർണർ എഴുതുന്നു. 'വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്യുന്നതുവരെ എൻെറ കൂടെ പുറത്തെവിടെയെങ്കിലും പോരാൻ അവർ (ഇടമറുകും ഭാര്യയും) ഗീതയെ അനുവദിച്ചില്ല. ഇന്ത്യൻ സൊസൈറ്റി വിവാഹപൂർവബന്ധങ്ങളെ ഒരിക്കലും അംഗീകരിക്കുകയില്ല. പാശ്ചാത്യരാജ്യങ്ങളിൽ നിലവിലുള്ള ഡേറ്റിംഗ് സമ്പ്രദായത്തെ എത്ര പുരോഗമനവാദിയായ ഇന്ത്യക്കാരനും സ്വീകരിക്കുവാൻ കഴിയുകയില്ല'[1] നന്മയും തിന്മയും വേർതിരിക്കാനായി യുക്തിയെ ഏൽപിച്ചാൽ ഇംഗ്ലണ്ടിലെ ധർമം ഇന്ത്യയിൽ അധർമമായി മാറുമെന്നർഥം.

ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം പ്രവാചകൻെറ ചെയ്തികളും മൊഴികളുമെല്ലാം നമുക്ക് മുന്നിൽ തുറന്നു കിടക്കുന്നുണ്ട്. ഓരോ വിഷയങ്ങളിലും എന്താണ് നന്മയെന്ന് നമുക്ക് അവയിലേക്ക് നോക്കിയാൽ മതി. ദൈവികബോധനത്തിൻെറ അടിസ്ഥാനത്തിലല്ലാതെ നന്മതിന്മകളെ നിഷ്കൃഷ്ടമായി വ്യവഛേദിക്കുവാൻ നമുക്കാവില്ല. അതിന്നൊരുങ്ങിയാൽ ദിവസങ്ങൾ കഴിയുംതോറും നന്മതിന്മകളെ മാറ്റി നിർവചിക്കേണ്ടിവരും. അഹിംസാവാദത്തിനു മുതൽ യുക്തിവാദത്തിനു വരെ സംഭവിച്ചത് അതാണ്.

നന്മതിന്മകളെക്കുറിച്ച വ്യക്തവും ദൃഢവുമായ കാഴ്ചപ്പാട് മനുഷ്യരെ നന്മക്കുവേണ്ടി നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും തിന്മയിൽ നിന്ന് മുക്തമാകുവാൻ സഹായിക്കുകയും ചെയ്യും. അതാണ് ഇസ്‌ലാമിൻെറ ചരിത്രത്തിൽ സംഭവിച്ചത്. മുസ്‌ലിംകളുടെ ചെയ്തികൾക്ക് അവർ പ്രതിഫലം കാംക്ഷിച്ചത് പരലോകത്തുനിന്ന് കൂടിയായപ്പോൾ അവരുടെ പ്രവർത്തങ്ങളിൽ ആത്മാർഥതയും അർപണസന്നദ്ധതയും വളരുകയും പ്രകടനപരത തീരെയില്ലാതാവുകയും ചെയ്തു.

1. യോരാൻ സ്കാർണർ: ഇന്ത്യയുടെ ആയിരം മുഖങ്ങൾ പുറം: 29



മുൻ കഴിഞ്ഞ പ്രവാചകന്മാരെല്ലാം ഏതെങ്കിലുമൊരു പ്രത്യേക സമൂഹത്തിലേക്കോ പ്രദേശത്തിലേക്കോ വേണ്ടി നിയോഗിക്കപ്പെട്ടവരായിരുന്നു. മുഹമ്മദ് നബി (സ)യാകട്ടെ ലോകത്താകമാനമുള്ള മനുഷ്യരിലേക്ക് മുഴുവനുമായി നിയോഗിക്കപ്പെട്ട പ്രവാചകനാണ്. മറ്റു പ്രവാചകന്മാരുടെയെല്ലാം ശിക്ഷണ നിർദേശങ്ങൾ അവരുടെ കാലത്തിനുശേഷം കുറച്ചു കഴിഞ്ഞപ്പോൾ വികലമാക്കപ്പെടുകയുണ്ടായി. എന്നാൽ, മുഹമ്മദ് നബി (സ)യുടെ ജീവിതവും പ്രബോധനങ്ങളുമെല്ലാം അന്ത്യനാൾ വരെയുള്ളവർക്കെല്ലാം മനസ്സിലാക്കാവുന്ന രീതിയിൽ രേഖപ്പെട്ടു കിടക്കുന്നു. പ്രവാചകൻ പറഞ്ഞുവെന്ന് പ്രചരിപ്പിച്ചുകൊണ്ട് കളവ് സത്യമാക്കാൻ ശ്രമിച്ചാൽ അതു കണ്ടുപിടിക്കാൻ സാധിക്കുന്ന രീതിയിലാണ് അദ്ദേഹത്തിൻെറ ജീവിതവും മൊഴികളും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. അവസാനനാളുവരെ യാതൊരു ഭേദഗതിയുമാവശ്യമില്ലാത്ത സന്മാർഗ സംഹിതയാണ് മുഹമ്മദ് നബി (സ)യിലൂടെ അല്ലാഹു ലോകത്തിന് നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇനി ഒരു പ്രവാചകൻെറ ആവശ്യമില്ല. മുഹമ്മദ് (സ) അന്തിമപ്രവാചകനാകുന്നു. അദ്ദേഹത്തിനു ശേഷം ഇനി പ്രവാചകന്മാർ വരാനില്ല. അദ്ദേഹം പറഞ്ഞു: 'എൻെറയും മുൻപ്രവാചകന്മാരുടെയും ഉപമ ഇതാണ്: ഒരാൾ ഒരു മന്ദിരം നിർമിച്ചു. അതിനെ സുന്ദരവും സുഭഗവുമാക്കി. പക്ഷെ, ഒരു മൂലക്കല്ലിൻെറ സ്ഥാനം ഒഴിവാക്കിവെച്ചു. ജനങ്ങൾ അതിനെ പ്രദക്ഷിണം വെക്കുകയും അതിൻെറ ഭംഗിയിൽ വിസ്മരിക്കുകയുംചെയ്തു. "എന്തുകൊണ്ട് ഒരു കല്ലുകൂടി വെച്ചില്ല" എന്ന് അവർ പറയുകയുണ്ടായി. ഞാനത്രെ ആ കല്ല്. ഞാനത്രെ അന്ത്യപ്രവാചകൻ.'[1]

വിശുദ്ധഖുർആൻ പറയുന്നത് കാണുക: 'മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു'.[2]

അന്തിമപ്രവാചകനായ മുഹമ്മദ് നബി (സ)യെ ദൈവദൂതനായി അംഗീകരിക്കുകവഴി അദ്ദേഹത്തിൻെറ ജീവിതത്തെ അനുധാവനം ചെയ്യാൻ പരമാവധി പരിശ്രമിക്കുമെന്നാണ് ഒരാൾ പ്രതിജ്ഞ ചെയ്യുന്നത്. 'ചരിത്രകാലത്ത് ജീവിച്ചിരുന്നവരിൽ വെച്ച് ഏറ്റവും മഹാനായ

1. ബുഖാരി മുസ്‌ലിം
2. ഖുർആൻ 33: 40

മനുഷ്യൻ' മുഹമ്മദ് നബി(സ)യാണെന്നാണ് നിഷ്പക്ഷമായി അദ്ദേഹത്തിൻെറ ചരിത്രം പഠിപ്പിച്ചവരെല്ലാം പറഞ്ഞിട്ടുള്ളത്. പ്രസ്തുത ജീവിതമാണ് ഒരു മുസ്‌ലിം പിന്തുടരുന്നത്. അതുവഴി അവൻെറ ജീവിതം വിമലീകരിക്കപ്പെടുകയും ഇഹപരവിജയത്തിന് അത് നിമിത്തമാവുകയും ചെയ്യുന്നു.

# പതിമൂന്ന്

## നമസ്കാരം

ഒരു മുസ്‌ലിം നിർബന്ധമായും അനുഷ്ഠിക്കേണ്ട ചില കർമങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നമസ്കാരം അഥവാ സ്വലാത്ത്. അഞ്ചുനേരം നമസ്കരിക്കേണ്ടത് ഒരു മുസ്‌ലിമിൻെറ നിർബന്ധമായ ബാധ്യതയാണ്. നമസ്കാരത്തെക്കുറിച്ച് വിശുദ്ധഖുർആൻ സൂചിപ്പിച്ച സ്ഥലങ്ങളിലെല്ലാം അത് 'നിലനിർത്തുക' എന്നാണ് സത്യവിശ്വാസികളോട് ആഹ്വാനം ചെയ്തിരിക്കുന്നത്. സത്യവിശ്വാസികളുടെ ജീവിതത്തിൽ നിന്ന് ഒരിക്കലും ഒഴിഞ്ഞുപോകാൻ പാടില്ലാത്ത ഒരു നിർബന്ധ കർമമാണ് അഞ്ചു നേരത്തെ നമസ്കാരമെന്നർത്ഥം.

ഏകനായ ദൈവത്തിന് മാത്രം ആരാധനകളർപ്പിക്കുന്നുവെന്നും അന്തിമപ്രവാചകനായ മുഹമ്മദി(സ)നെ ദൈവദൂതനായി അംഗീകരിക്കുന്നുവെന്നും പ്രതിജ്ഞ ചെയ്ത് മുസ്‌ലിമാകുന്ന ഒരാൾ തൻെറ ജീവിതം ദൈവശാസനക്കനുസൃതമായി ക്രമീകരിക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ മനുഷ്യൻ ജീവിച്ചുവരുന്ന ചുറ്റുപാടുകൾ അവരെ ദൈവസ്മരണയിൽനിന്ന് അകറ്റുകയും മ്ലേച്ഛതകൾ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യാൻ സാധ്യതയുണ്ട്. ഇത് ഇല്ലാതിരിക്കുവാനും ദിവസം മുഴുവൻ ദൈവസ്മരണ നിലനിർത്തിക്കൊണ്ട് അവനെ വിമലീകരിക്കുവാനും വേണ്ടി പടച്ചതമ്പുരാൻ തന്നെ കൽപിച്ച കർമാനുഷ്ഠാനമാണ് നമസ്കാരം.

ഒരു ദിവസത്തെ മുസ്‌ലിമിൻെറ ജീവിതമാരംഭിക്കുന്നതുതന്നെ നമസ്കാരം കൊണ്ടാണ്. അരുണോദയത്തിന് മുമ്പ് നിർവഹിക്ക

പ്പെടുന്ന പ്രഭാതനമസ്കാര (സുബ്ഹ്)ത്തിലൂടെ സർവശക്തനായ സ്രഷ്ടാവിന് മുമ്പിൽ നിന്ന് അവൻെറ സ്തുതികീർത്തനങ്ങളാലപിക്കുകയും തിന്മകളിൽനിന്ന് മുക്തമായ ജീവിതം നയിക്കുവാൻ അവൻെറ അനുഗ്രഹങ്ങളാവശ്യപ്പെടുകയും ചെയ്തുകൊണ്ട് ജീവിതവൃത്തികളാരംഭിക്കുന്ന ഒരാൾക്ക് പിന്നെ ദൈവകോപത്തിന് പാത്രമാകാവുന്ന പാതയിലൂടെ സഞ്ചരിക്കുവാൻ സാധിക്കുമോ? പ്രഭാതനമസ്കാരത്തിലൂടെ കൈവരിച്ച ആത്മവിശുദ്ധിയുടെ ഒളിമങ്ങുന്നതിന് മുമ്പ് മധ്യാഹ്നനമസ്കാരം (ദ്വുഹ്ർ) വന്നെത്തുന്നു. അപ്പോഴും പാപമോചനത്തിനുവേണ്ടിയും മാർഗഭ്രംശം സംഭവിക്കാതിരിക്കുവാനും പടച്ചതമ്പുരാൻെറ മുമ്പിൽ കൈ കെട്ടിനിന്നും സാഷ്ടാംഗം നമിച്ചും പ്രാർഥിക്കുന്ന സത്യവിശ്വാസിയുടെ ജീവിതത്തിൽ പാപം കടന്നുവരാൻ പഴുതുകളെവിടെ? മധ്യാഹ്നനമസ്കാരത്തിൻെറ സ്മരണയിൽ നിന്ന് മുക്തമാവുന്നതിനു മുമ്പ് സായാഹ്നനമസ്കാര (അസർ)ത്തിന് സമയമാകുന്നു. വീണ്ടും ദൈവികശാസനകളനുസരിച്ച് ജീവിക്കാമെന്നും പാപങ്ങളിൽ നിന്നും അകന്നുനിൽക്കാമെന്നും മുസ്‌ലിം പ്രതിജ്ഞചെയ്യുന്നു. അസർ നമസ്കാരത്തിലൂടെ നേടിയെടുത്ത സംശുദ്ധിയിൽ നിന്ന് വ്യതിചലിച്ച് ദൂഷിതവൃത്തികളിലേക്ക് ശ്രദ്ധ തിരിയാൻ സാധ്യതയുള്ള സമയമാകുമ്പോഴേക്കും സന്ധ്യാനമസ്കാര(മഗ്‌രിബ്)ത്തിലേക്ക് മുസ്‌ലിം പ്രവേശിക്കുന്നു. അതു കഴിഞ്ഞാൽ രാത്രിയിൽ തെറ്റുകുറ്റങ്ങൾക്ക് സാധ്യതയേറെയുള്ള സമയമടുക്കുമ്പോൾ വീണ്ടും സത്യവിശ്വാസി നിശാനമസ്കാര (ഇശാ)ത്തിലൂടെ സ്രഷ്ടാവിനു മുമ്പിൽ നമ്രശിരസ്കനായിക്കൊണ്ട് പാപമോചനത്തിനായി പ്രാർഥിക്കുകയും ദൈവശാസനകൾക്കനുസൃതമായി ജീവിക്കാമെന്ന് പ്രതിജ്ഞ നടത്തുകയും ചെയ്യുന്നു. പിന്നെ ഒരു മുസ്‌ലിമിന് തെറ്റുചെയ്യാൻ സമയമെവിടെ? രഹസ്യങ്ങളും പരസ്യങ്ങളും വ്യക്തമായറിയാവുന്ന പടച്ചതമ്പുരാനു മുമ്പിൽ നിന്ന് അഞ്ചുനേരം കൃത്യമായി നമസ്കരിക്കുന്ന ഒരു മുസ്‌ലിമിന് പിന്നെ പാപം ചെയ്യാൻ കഴിയുകയില്ല. വിശുദ്ധഖുർആൻ പറഞ്ഞതെത്ര ശരി! '(നബിയേ) വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപ്പിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു.



നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു'[1]

മറ്റു മതങ്ങളിലേതുപോലെ മണിയടിച്ചു കൊണ്ടോ ശംഖുനാദം മുഴക്കിക്കൊണ്ടോ അല്ല ഇസ്‌ലാമിൽ പ്രാർഥനാ സമയം അറിയിക്കുന്നത്. പ്രസ്തുത അറിയിപ്പുപോലും ദൈവികമഹത്വത്തിൻെറ പ്രഘോഷണവും അവനെ മാത്രമെ ആരാധിക്കുയുള്ളൂവെന്ന പ്രഖ്യാപനവും മുഹമ്മദ് ദൈവദൂതനാണെന്ന സാക്ഷ്യവും ഉൾക്കൊള്ളുന്നു. ദിനേന അഞ്ചുനേരം പള്ളിയിൽ മുഴങ്ങുന്ന ബാങ്കൊലികൾ വിശ്വാസികളെ നമസ്കാരത്തിലേക്കും അങ്ങനെ വിജയത്തിലേക്കും ക്ഷണിക്കുന്നു. ബാങ്ക് കേൾക്കുന്ന മുസ്‌ലിംകൾ പള്ളിയിലേക്കു പോകുന്നു. പള്ളിയിൽവെച്ച് നടക്കുന്ന സംഘനമസ്കാരത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് വീട്ടിൽവെച്ചോ ഭൂമിയിൽ ശുദ്ധമായ മറ്റെവിടെയെങ്കിലുംവെച്ചോ നമസ്കരിക്കാവുന്നതാണ്. എന്നാൽ സംഘംചേർന്നുള്ള നമസ്കാരം ഒറ്റയ്ക്ക് നമസ്കരിക്കുന്നതിനേക്കാൾ 27 ഇരട്ടി പ്രതിഫലദായകമാണെന്ന് പ്രവാചകൻ (സ) പറഞ്ഞിരിക്കുന്നു.

നമസ്കാരം ആത്മാവിൻെറ വിമലീകരണത്തിനുവേണ്ടി സ്രഷ്ടാവ് മനുഷ്യർക്ക് നിശ്ചയിച്ചുകൊടുത്ത കർമമാണ്. നമസ്കാരത്തിനു മുമ്പ് ശരീരശുദ്ധി ഉറപ്പുവരുത്തേണ്ടതുണ്ട്. മലം, മൂത്രം, രക്തം തുടങ്ങിയ മലിനവസ്തുക്കൾ ശരീരത്തിലെവിടെയെങ്കിലും ഉണ്ടെങ്കിൽ അവ കഴുകിവൃത്തിയാക്കിയശേഷം മാത്രമേ നമസ്കരിക്കാൻ പാടുള്ളൂ. സ്ഖലനം സംഭവിക്കുകയോ സംയോഗത്തിലേർപ്പെടുകയോ ചെയ്ത വ്യക്തി നമസ്കാരത്തിനുമുമ്പ് നിർബന്ധമായും കുളിച്ച് ശുദ്ധിയാവേണ്ടതുണ്ട്. ഋതുമതികളും പ്രസവിച്ചുകിടക്കുന്നവരും ശുദ്ധിയാകുന്നതുവരെ നമസ്കരിക്കാൻ പാടുള്ളതല്ല. ഇങ്ങനെ ആത്മശുദ്ധി വരുത്തുവാനായി ആദ്യം ശരീരശുദ്ധി നിർബന്ധമാക്കുന്ന ഇസ്‌ലാം വൃത്തിക്കും ശുചിത്വത്തിനും നൽകുന്ന പ്രാധാന്യം വളരെ വലുതാണെന്ന് കാണാനാവും.

ശരീരം മൊത്തമായി മാലിന്യങ്ങളിൽനിന്ന് മുക്തമാക്കിയശേഷം നമസ്കാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി പ്രത്യേകമായ ശുദ്ധീകരണകർമം (വുളു) നിർവഹിക്കേണ്ടതുണ്ട്. താൻ നമസ്കാരത്തിനാവശ്യമായ നിർബന്ധശുചീകരണം നടത്തുന്നുവെന്ന വിചാരത്തോടുകൂടി മുഖം കഴുകുക, കൈകൾ മുട്ടുവരെ കഴുകുക, തല

1. ഖുർആൻ 29: 45

തടവുക, പാദങ്ങൾ ഞെരിയാണിയുൾപ്പെടെ കഴുകുക എന്നീ കാര്യങ്ങൾ ക്രമമായി ചെയ്യുന്നതാണ് വുളുവിലെ നിർബന്ധ കർമങ്ങൾ. ഇവകൂടാതെ ശുചീകരണത്തിനുവേണ്ടിയുള്ള ചില ഐച്ഛിക കർമങ്ങളും വുളുവിൽ ഉൾപ്പെടുന്നു. ശുചീകരണത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം വ്യക്തമാക്കാനുതകുന്നതാണ് വുളുവിലെ ഓരോ കർമങ്ങളും.

ഈ നിർബന്ധ ശുചീകരണത്തിനുശേഷം താൻ നമസ്കാരത്തിലേക്ക് പ്രവേശിക്കുന്നുവെന്ന വിചാരത്തോടെ ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് നടത്തുന്ന ആരാധന സർവശക്തനായ തമ്പുരാന് സകലവും സമർപ്പിച്ച മുസ്‌ലിമാണ് താനെന്ന് വ്യക്തമാക്കുന്ന വിധത്തിലുള്ളതാണ്. നീണ്ടു നിവർന്നുനിന്നുകൊണ്ട് നെഞ്ചിൽ കൈവെച്ച് സർവലോകരക്ഷിതാവും പരമകാരുണികനും കരുണാനിധിയും പ്രതിഫലനാളിൻെറ ഉടമസ്ഥനുമായവന് സകലവിധ സ്തുതികളും അർപ്പിക്കുകയും അവനു മുന്നിൽനിന്ന് 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം ഞങ്ങൾ സഹായാഭ്യർഥന നടത്തുകയും ചെയ്യുന്നു'വെന്ന് പ്രതിജ്ഞയെടുക്കുകയും 'ദൈവകോപത്തിന് പാത്രമായവരുടെയും വഴിപിഴച്ചവരുടെയും പാതയിൽനിന്ന് അകന്ന് ദൈവാനുഗ്രഹത്തിന് പാത്രമായവരുടെ മാർഗത്തിലാക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ'യെന്നു പ്രാർഥിക്കുകയുമാണ് നമസ്കാരത്തിൽ ആദ്യമായി ചെയ്യുന്നത്. പിന്നീട് കുമ്പിട്ടുകൊണ്ടും നിവർന്നുനിന്നുകൊണ്ടും സാഷ്ടാംഗംനമിച്ചുകൊണ്ടും ഇരുന്നുകൊണ്ടും അല്ലാഹുവിന് സ്തുതികളർപ്പിക്കുകയും അവനെ പ്രകീർത്തിക്കുകയും അവനോട് പാപമോചനത്തിനപേക്ഷിക്കുകയും സത്യമതസന്ദേശമെത്തിച്ചുതന്ന ദൈവദൂതനും കുടുംബത്തിനും അനുയായികൾക്കും ദൈവകാരുണ്യത്തിനുവേണ്ടി പ്രാർഥിക്കുകയും ഇഹജീവിതത്തിലെ വിജയത്തിനാവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി അർത്ഥിക്കുകയും ചെയ്യുന്നു. 'അല്ലാഹുവാണ് ഏറ്റവു വലിയവൻ' എന്നു പ്രഖ്യാപിച്ചുകൊണ്ട് ആരംഭിക്കുന്ന നമസ്കാരം ഇരുന്ന് ഇരുവശത്തേക്കും തിരിഞ്ഞുകൊണ്ട് 'നിങ്ങളിലെല്ലാം ദൈവികസമാധാനവും കാരുണ്യവും ഉണ്ടാവട്ടെ'യെന്ന് മുഴുവൻ ആളുകളോടും ആശംസിച്ചുകൊണ്ടാണ് അവസാനിപ്പിക്കുന്നത്. ഇതിനിടക്കു നടത്തുന്ന കർമങ്ങളും പ്രാർഥനകളുമെല്ലാം മനുഷ്യരെ തിന്മയിൽനിന്ന് മുക്തമാക്കി നന്മയിലെത്തിക്കാൻ സഹായിക്കുന്നവയാണ്.



നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്ന ഒരാളുടെ ജീവിതത്തിൽ തിന്മകൾ കടന്നുവരാനുള്ള സാധ്യത തീരെ വിരളമാണ്. കാരണം അയാൾക്ക് ദൈവസ്മരണയിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ സമയം കിട്ടുന്നില്ല. സർവശക്തനും സർവകാലജ്ഞാനിയും പരമകാരുണികനും രഹസ്യവും പരസ്യവും ഒരേപോലെ അറിയുന്നവനും പ്രതിഫല നാളിൻെറ ഉടമസ്ഥനുമായ അല്ലാഹുവിനെക്കുറിച്ച സ്മരണ നിലനിൽക്കുമ്പോൾ ഒരാൾക്ക് തെറ്റുചെയ്യാൻ സാധിക്കുന്നതെങ്ങനെ? പ്രവാചകൻ (സ) ചോദിച്ചു: 'നിങ്ങളിൽ ആരുടെയെങ്കിലും വീട്ടിന്നരികിലൂടെ ഒരു നദി ഒഴുക്കിക്കൊണ്ടിരിക്കുകയും അയാൾ ദിവസവും അഞ്ചുനേരം അതിൽ കുളിക്കുകയും ചെയ്യുന്നുവെങ്കിൽ അയാളുടെ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ? അനുയായികൾ പറഞ്ഞു: 'ഇല്ല. ഒട്ടും അവശേഷിക്കുകയില്ല'. തിരുമേനി(സ) പറഞ്ഞു: 'അതുപോലെയാണ് അഞ്ചുനേരത്തെ നമസ്കാരങ്ങൾ. അവ വഴി അല്ലാഹു പാപങ്ങളെ മായ്ച്ചുകളയുന്നു'.[1]

ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ പ്രാർഥനകൾ നിലനിൽക്കാത്ത ഒരു മതസമൂഹവുമില്ല. വ്യവസ്ഥാപിതമായ പ്രാർഥനാരൂപങ്ങളിൽ പലതും ബഹുദൈവാരാധനയുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. എന്നാൽ ഇസ്‌ലാമിലെ വ്യവസ്ഥാപിത പ്രാർഥന-സ്വലാത്ത്-അതിൻെറ അടിസ്ഥാനാദർശത്തെ പ്രതിഫലിപ്പിക്കുന്നു. ഏകനായ സ്രഷ്ടാവിനോടുള്ള പ്രാർഥനകൾ ഉൾക്കൊള്ളുന്ന നമസ്കാരം തന്നെയാണ് പൂർവപ്രവാചകന്മാരും നിർവഹിച്ചിരുന്നതെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. ശുഐബ് നബിയും[2] ഇബ്രാഹീം നബിയും സന്തതികളും[3] മൂസാനബിയും[4] ഈസാനബിയുമെല്ലാം[5] നമസ്കാരം നിർവഹിച്ചിരുന്നവരാണെന്ന പ്രസ്താവനകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്. ഏകദൈവാരാധനയിൽനിന്ന് അവരുടെ സമൂഹങ്ങൾ വ്യതിചലിച്ചപ്പോൾ വ്യവസ്ഥാപിതമായ പ്രാർഥനാരൂപങ്ങളിലും മാറ്റങ്ങളുണ്ടായി ബഹുദൈവാരാധനയിൽ അധിഷ്ഠിതമായതായിരിക്കണമെന്ന് കരുതാവുന്നതാണ്.

---

1. ബുഖാരി, മുസ്‌ലിം
2. ഖുർആൻ 11: 87
3. ഖുർആൻ 14: 37
4. ഖുർആൻ 20: 14
5. ഖുർആൻ 19: 31

പൂർവപ്രവാചകന്മാർ സ്വീകരിച്ചിരുന്ന പ്രാർഥനാ രീതി മുഹമ്മദ് നബി സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്ത രീതിയോട് സമമായിരുന്നുവെന്ന് തന്നെയാണ് ബൈബിൾ വായിച്ചാലും നമുക്ക് മനസിസലാവുക. 'മുട്ടുകുത്തി തല നെറ്റി നിലത്ത് പതിപ്പിച്ചുകൊണ്ട് തന്നെയാണ് അബ്രഹാമും[1] ഏലിയാവും[2] മോശയും അഹരോനും[2] ദാനിയേലും[4] യേശുവുമെല്ലാം[5] പ്രാർഥിച്ചത് എന്നാണ് ബൈബിളിൽ നമുക്ക് കാണാൻ കഴിയുന്നത്. മുട്ടുകുത്തി നെറ്റി നിലത്ത് കുത്തിക്കൊണ്ട് വ്യവസ്ഥാപിതമായ പ്രാർഥന നിർവഹിക്കുന്ന ഇന്ന് നിലനിൽക്കുന്ന ജനസൂമഹം ഇസ്‌ലാമിക സമൂഹമാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ.

നമസ്കാരം കേവലമായ ഒരാചാരമെന്നതിലുപരിയായി, സർവശക്തനായ സ്രഷ്ടാവുമായുള്ള അഭിമുഖസംഭാഷണമാണ്. ഈയൊരു ബോധമുണ്ടാകുമ്പോൾ മാത്രമാണ് നമസ്കാരം പാപങ്ങളെ മായ്ച്ചുകളയുന്നത്. അല്ലാതെ ചുണ്ടു മാത്രമറിയുന്ന കുറേ മന്ത്രങ്ങളുരുവിട്ടതുകൊണ്ട് പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെടുകയില്ല. ഹൃദയത്തിൽ നിന്നുയർന്നുവരുന്ന ഭക്തിയും പ്രാർഥനകളുമാണ് നമസ്കാരത്തിന്റെ മജ്ജ. അവ ഇല്ലാത്ത നമ്സകാരം പാപവിമുക്തി നൽകുന്നില്ല. അതുകൊണ്ടാണ് അത്തരം നമസ്കാരക്കാരിൽ നിന്ന് ഇസ്‌ലാം നിരോധിച്ച രീതിയിലുള്ള സ്വഭാവങ്ങളും പ്രവർത്തനങ്ങളുമുണ്ടാകുന്നത്. അത്തരം നമസ്കാരക്കാരെക്കുറിച്ച് വിശുദ്ധഖുർആൻ പറയുന്നത് നോക്കുക: 'എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം.'[6]

സംഘം ചേർന്നുള്ള നമസ്കാരമാണ് കൂടുതൽ പുണ്യകരമെന്ന് പറഞ്ഞുവല്ലോ. ഒരു നേതാവിന്റെ കീഴിൽ സമൂഹത്തിലെ സകലരും തോളുരുമ്മി നിന്നുള്ള നമസ്കാരം ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമൂഹത്തിന്റെ നിദർശനമത്രെ. മനുഷ്യർ സൃഷ്ടിച്ചുവെച്ചിട്ടുള്ള ഉച്ചനീചത്വങ്ങൾക്കതീതമായി സർവശക്തനായ സ്രഷ്ടാവിന്റെ

1. ഉൽപ്പത്തി 17: 3
2. രാജാ 18: 42
3. സംഖ്യ 20: 6
4. ദാനിയേൽ 6: 10
5. മത്തായി 26: 39
6. ഖുർആൻ 107: 4-7



സന്നിധിയിൽ മനുഷ്യരെല്ലാം തുല്യരാണെന്ന് വ്യക്തമാക്കുന്ന സംഘ നമസ്കാരം ചിട്ടയുള്ളൊരു സമൂഹത്തെ വളർത്തിയെടുക്കുന്നു. സാമൂഹ്യബോധവും അച്ചടക്കവുമുണ്ടാക്കിയെടുക്കുന്നതിനും സംഘനമസ്കാരത്തിന് കഴിയുന്നു. സംഘനമസ്കാരത്തിൽ സ്ത്രീകളുടെ വരികൾ പുരുഷന്മാരുടെ വരികളുടെ പിന്നിലായിരിക്കണമെന്ന് പ്രവാചകൻ(സ) നിഷ്കർഷിച്ചിട്ടുണ്ട്.[1]

എല്ലാ വെള്ളിയാഴ്ചയും മധ്യാഹ്നസമയത്ത് നടക്കുന്ന ജുമുഅയിൽ സ്ഥലത്തുള്ള എല്ലാ മുസ്‌ലിമും പങ്കെടുക്കൽ നിർബന്ധമാണ്. രോഗികൾ, കുട്ടികൾ, യാത്രക്കാർ, സ്ത്രീകൾ എന്നിവർ ഈ നിർബന്ധത്തിൽ നിന്നൊഴിവാണെങ്കിലും അവർക്കും സാധിക്കുമെങ്കിൽ പങ്കെടുക്കാവുന്നതാണ്. ഇമാമിന്റെ പ്രസംഗവും രണ്ടു റക്അത്ത് സംഘനമസ്കാരവുമാണ് ജുമുഅ ദിവസം പള്ളിയിൽ വെച്ചു നടക്കുന്നത്. ഒരു പ്രദേശത്തെ മുസ്‌ലിംകൾ മുഴുവൻ പള്ളിയിൽ ഒരുമിച്ച് കൂട്ടുന്ന ദിവസത്തിൽ അവരുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള ഉപദേശങ്ങൾ നൽകുകയും അവരെ ബോധവാന്മാരാക്കുകയും ചെയ്യേണ്ടത് ഇമാമിന്റെ കടമയാണ്. പ്രസ്തുത ഉപദേശങ്ങൾ സമൂഹത്തെ നന്മയിലേക്ക് നയിക്കുകയും തിന്മയിൽ നിന്ന് തടയുകയും ചെയ്യുന്ന രൂപത്തിലുള്ളതായിരിക്കും. ആഴ്ചതോറും ഈ ഉപദേശങ്ങൾ ശ്രവിക്കുന്ന ഒരു മുസ്‌ലിമിന് വഴി തെറ്റുവാനുള്ള സാധ്യത തീരെ വിരളമാണ്.

അഞ്ചുനേരത്തെ നിർബന്ധനമസ്കാരം കൂടാതെ ചില ഐച്ഛിക നമസ്കാരങ്ങളും പ്രവാചകൻ നിർദേശിച്ചിട്ടുണ്ട്. നിർബന്ധനമസ്കാരങ്ങൾക്ക് മുമ്പോ പിമ്പോ നിർവഹിക്കപ്പെടുന്ന നമസ്കാരങ്ങൾ, നിശാനമസ്കാരം, ഈദ് നമസ്കാരങ്ങൾ, മഴക്കുവേണ്ടിയുള്ള നമസ്കാരം, ഗ്രഹണനമസ്കാരം, അഭിവാദന നമസ്കാരം തുടങ്ങിയവയാണത്. ഇവയിൽ ചിലത് ദിനേന നിർവഹിക്കേണ്ടതും മറ്റു ചിലവ പ്രത്യേകമായ അവസരങ്ങളിൽ നിർവഹിക്കേണ്ടതുമാണ്.

ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ നിന്ന് ഒരിക്കലും ഒഴിഞ്ഞുപോവാൻ പാടില്ലാത്ത ഒരു ആരാധനയാണ് നമസ്കാരം. നിന്നുകൊണ്ട് നമസ്കരിക്കാൻ സാധിക്കാത്തവർ ഇരുന്നും അതിന്ന് സാധിക്കാത്തവർ കിടന്നും അതിന്നും സാധിക്കാത്തവർ മനസ്സിൽ കരുതിക്കൊ

1. മുസ്‌ലിം

ണ്ടും നമസ്കരിക്കണമെന്നാണ് പ്രവാചകന്റെ കൽപന. രോഗികൾക്കും യാത്രക്കാർക്കും രണ്ടു നമസ്കാരങ്ങൾ ഒരു നമസ്കാരത്തിന്റെ സമയത്തും യാത്രക്കാർക്ക് നാലു റക്അത്തുള്ള നമസ്കാരം ചുരുക്കി രണ്ടു റക്അത്തായും നമസ്കരിക്കാനുള്ള അനുവാദം പ്രവാചകൻ (സ) നൽകിയിട്ടുണ്ട്. ഈ ഇളവുകളെല്ലാം ഒരാൾക്ക് ഉപയോഗിക്കാം. പക്ഷേ, ഒരു മുസ്ലിം ഒരിക്കലും നമസ്കരിക്കാതിരിക്കുന്ന അവസ്ഥയുണ്ടായിക്കൂടാ. പ്രവാചകൻ പറഞ്ഞു. 'നമുക്കും അവർക്കും (വിശ്വാസിക്കും അവിശ്വാസിക്കും) ഇടയിലുള്ള ഉടമ്പടി നമസ്കാരമാകുന്നു. അതിനാൽ ആർ നമസ്കാരം ഉപേക്ഷിക്കുന്നുവോ അവൻ സത്യനിഷേധി ആയി.'[1]

നമസ്കരിക്കാത്തവർക്കും നമസ്കരിക്കുന്നവർക്കും പരലോകത്ത് ലഭിക്കാനിരിക്കുന്ന രക്ഷാശിക്ഷകളെക്കുറിച്ച് വിവരിക്കവെ ഖുർആൻ പറയുന്നത് നോക്കുക 'കുറ്റവാളികളെപ്പറ്റി അവർ (സ്വർഗവാസികൾ) അന്വേഷിക്കും; നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്തിന്നാണെന്ന്. അവർ (കുറ്റവാളികൾ) മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല. ഞങ്ങൾ അഗതികൾക്ക് ആഹാരം നൽകുമായിരുന്നില്ല. തോന്നിവാസത്തിൽ മുഴുകുന്നവരോട് കൂടെ ഞങ്ങളും മുഴുകുമായിരുന്നു. പ്രതിഫലത്തിന്റെ നാളിനെ ഞങ്ങൾ നിഷേധിച്ചു കളയുമായിരുന്നു.[2]

1. അഹ്മദ്
2. ഖുർആൻ 74: 41-46

# പതിനാല്

## നിർബന്ധ ദാനം

നമസ്കാരം കഴിഞ്ഞാൽ പിന്നെ ഇസ്ലാമിൽ ഏറ്റവും പ്രധാനപ്പെട്ട കർമമാണ് സകാത്ത് അഥവാ നിർബന്ധദാനം. വിശുദ്ധ ഖുർആനിൽ നമസ്കാരത്തോടൊപ്പം തന്നെ പരാമർശിക്കപ്പെട്ട ഒരു കർമമാണ് സകാത്ത്. നമസ്കാരം നിലനിർത്തുവാൻ കൽപിക്കുന്ന മിക്ക ഖുർആനിക സൂക്തങ്ങളിലും സകാത്ത് കൊടുക്കുവാൻ കൽപിച്ചതായി കാണാൻ കഴിയും. 'ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെ മുറുകെ പിടിക്കുകയും ചെയ്യുക.'[1]

ഭൂമിയിലെ വിഭവങ്ങൾ മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടിക്കൊണ്ട് ഭൂമിയിൽ വ്യാപരിക്കുവാൻ ഖുർആൻ മനുഷ്യരോട് ആവശ്യപ്പെടുന്നു.[2] പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കുവാനും ദൈവികാനുഗ്രഹങ്ങളെ തേടുവാനുമുള്ള അവകാശം എല്ലാ മനുഷ്യരുടേതുമാണ്. ഏതെങ്കിലും ഒരു വിഭാഗത്തിനു മാത്രം പ്രപഞ്ചത്തിലെ വസ്തുക്കൾ ആസ്വദിക്കുവാനുള്ള അവകാശം ഇസ്ലാം നൽകുന്നില്ല. പ്രകൃതിയെ ഉപയോഗിക്കുവാനുള്ള ഓരോ മനുഷ്യന്റെയും അവകാശത്തെ നിഷേധിക്കുവാനുള്ള അധികാരവും ആർക്കുമില്ല. അധ്വാനിക്കുവാനും ധനം സമ്പാദിക്കുവാനുമുള്ള അവകാശം എല്ലാവർക്കും തുല്യമാണ്.

പരമാവധി ഉൽപാദിപ്പിക്കണമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്ന

1. ഖുർആൻ 22: 78
2. ഖുർആൻ 62: 10

ത്. ഉൽപാദിപ്പിക്കുവാനും സമ്പാദിക്കുവാനുമുള്ള അവകാശം വ്യക്തിക്കുണ്ട്. ധാർമിക നിയമങ്ങൾ പാലിച്ചുകൊണ്ട് വ്യക്തി നടത്തുന്ന സമ്പാദ്യം അവന്റേതുതന്നെയാണ്, രാഷ്ട്രത്തിന്റെയോ സമൂഹത്തിന്റെയോ അല്ല. പക്ഷേ, ഈ സമ്പാദ്യത്തിൽ നിന്ന് രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ആവശ്യത്തിനുവേണ്ടി ചെലവഴിക്കാൻ അവൻ തയാറാവണം. അതു വ്യക്തിയുടെ ബാധ്യതയാണ്. താൻ സമ്പാദിക്കുന്നതൊന്നും തനിക്കുള്ളതല്ലെന്ന ബോധമാണ് കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ ഉൽപാദനത്തോത് കുറയാനുണ്ടായ കാരണം. തന്റെ സമ്പാദ്യം തനിക്ക് ഇഷ്ടമുള്ളതുപോലെ ചെലവഴിക്കാമെന്ന വിചാരമാണ് മുതലാളിത്ത ലോകത്തിന്റെ പാളിച്ച. ഈ രണ്ട് ആത്യന്തികതകളെയും നിഷേധിക്കുന്ന ഇസ്‌ലാം സമ്പാദിക്കുവാനുള്ള വ്യക്തിയുടെ അവകാശം അംഗീകരിച്ചുകൊടുക്കുകയും അതിൽനിന്ന് നിർദിഷ്ട രീതിയിൽ ചെലവഴിക്കേണ്ടത് അവന്റെ ബാധ്യതയാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

ശാരീരികമോ മറ്റോ ആയ കഴിവുകേടുകളാൽ സാമ്പത്തിക രംഗത്ത് വിഷമമനുഭവിക്കുന്ന വ്യക്തികളെ സംരക്ഷിക്കേണ്ട ബാധ്യത സമൂഹത്തിനാണുള്ളത്. അതിന്നായാണ് ഇസ്‌ലാം സക്കാത്ത് വ്യവസ്ഥ നടപ്പിലാക്കിയിരിക്കുന്നത്. മുതലാളി തന്റെ സമ്പാദ്യത്തിന്റെ രണ്ടര ശതമാനം നിർബന്ധമായും ചെലവഴിക്കണമെന്നാണ് ഇസ്‌ലാമിന്റെ ശാസന. കാർഷിക വിളകൾക്കാണെങ്കിൽ നനച്ചുണ്ടാക്കിയതിന് അഞ്ചു ശതമാനവും നനക്കാതെ ഉണ്ടായതിന് പത്തു ശതമാനവും സക്കാത്ത് നൽകണം. കന്നുകാലിസമ്പത്തിനും ആഭരണങ്ങൾക്കുമെല്ലാം അവയുടെ തോതനുസരിച്ച് സക്കാത്ത് നൽകണമെന്നാണ് പ്രവാചകന്റെ ശാസന. ഇത് ധനികൻ ഐച്ഛികമായി ചെയ്യേണ്ട കാര്യമല്ല. സകാത്ത് നിർബന്ധദാനമാണ്. അത് നൽകേണ്ടത് ധനികന്റെ ബാധ്യതയാണ്.

സകാത്ത് ധനികന്റെ ഔദാര്യമല്ല. ദരിദ്രന്റെ അവകാശമത്രെ. മുസ്‌ലിമിന്റെ സ്വഭാവങ്ങളെക്കുറിച്ച് പറയുന്നിടത്ത് വിശുദ്ധഖുർആൻ ഇക്കാര്യം സൂചിപ്പിക്കുന്നത് കാണുക. 'തങ്ങളുടെ സ്വത്തുക്കളിൽ ചോദിച്ചുവരുന്നവനും ഉപജീവനമാർഗം തടയപ്പെട്ടവനും നിർണിതമായ അവകാശം നൽകുന്നവർ.'[1] വ്യത്യസ്ത തരം കായ്കനികളെക്കുറിച്ചു വിവരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ 'അതിന്റെ വിളവെടുപ്പ് ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക'[1] എന്ന് നിഷ്കർഷിച്ചതിൽ നിന്ന് കാർഷികവിളകൾ പറിച്ചെടുക്കുന്നവരുടെ ബാധ്യതയാണ് അവയുടെ നിശ്ചിതമായ സകാത്ത് നൽകുകയെന്ന കാര്യം വ്യക്തമാകുന്നു.

1. ഖുർആൻ 70: 25, 26



മുതലാളി പാവപ്പെട്ടവന്നു നൽകുന്ന നാണയത്തുട്ടുകളല്ല സകാത്ത്. സമ്പന്നന്റെ അടുത്തുനിന്ന് രാഷ്ട്രമോ സമൂഹം ഉത്തരവാദപ്പെടുത്തിയ സ്ഥാപനങ്ങളോ പിരിച്ചെടുക്കുകയും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയുമാണ് സകാത്തിന്റെ രൂപം.

നിർബന്ധമായും ചിലവഴിക്കേണ്ടത് ഏഴു വകുപ്പുകളിലായിക്കൊണ്ടാകണമെന്നാണ് ഖുർആനിന്റെ ശാസന. 'ദാനധർമങ്ങൾ ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്നു നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.'[1]

അലസമായ ജീവിതം ഇസ്‌ലാം നിരുൽസാഹപ്പെടുത്തുന്നു. അനന്തരസ്വത്ത് ധൂർത്തടിച്ച് ജീവിക്കുന്നവർ കൊള്ളരുതാത്തവരാണ്. ഇസ്‌ലാമിലെ സകാത്ത് വ്യവസ്ഥ ഇത്തരമാളുകളുടെ അലസത അകറ്റുന്നു. എത്ര വലിയ സമ്പത്തായിരുന്നാലും വർഷം തോറും രണ്ടര ശതമാനം ചെലവഴിക്കുകയാണെങ്കിൽ നാൽപതു വർഷത്തിനുള്ളിൽ ആ സമ്പത്ത് തീർന്നുപോകുമെന്ന ചിന്ത അലസത അകറ്റുകയും സമ്പത്തിനെ ഉൽപാദനരംഗത്തിറക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

'സകാത്ത്' എന്ന പദത്തിന് വളർച്ചയെന്നും സംസ്കരണമെന്നും അർഥമുണ്ട്. സമ്പത്തിന്റെ സംസ്കരണമാണ് സക്കാത്ത്. ഈ സംസ്കരണമാകട്ടെ സാമ്പത്തികസന്തുലിതത്വത്തിനും സാമൂഹ്യ പുരോഗതിക്കും നിമിത്തമാകുന്നതുവഴി വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചക്ക് കാരണമാവുകയും ചെയ്യുന്നു. സാമ്പത്തികമായ അത്യാർത്തിയാണ് പലപ്പോഴും മനുഷ്യരെ മഹാപാപങ്ങളിലേക്ക് നയിക്കുന്നത്. സകാത്ത് സാമ്പത്തികമായ ത്യാഗമാണല്ലോ. അതുകൊണ്ടുതന്നെ സകാത്ത് വ്യവസ്ഥ ധനപൂജയെയും സ്വാർ

1. ഖുർആൻ 9: 60

ഥതയെയും ദൂരീകരിച്ചു കളയുകയും ത്യാഗസന്നദ്ധതയും പരോപ കാരേച്ഛയും വളർത്തുകയും ചെയ്യുന്നു. മനുഷ്യരെ ശുചീകരിക്കു കയും സംസ്കരിക്കുകയും ചെയ്യുന്ന കർമമായി സക്കാത്തിനെ പരിചയപ്പെടുത്തുന്ന ഒരു ഖുർആൻ സൂക്തം കാണുക. 'അവരെ ശുചീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽ നിന്ന് നീ വാങ്ങുകയും അവർക്ക് (അനുഗ്രഹത്തിന്) വേണ്ടി പ്രാർഥിക്കുകയും ചെയ്യുക'[1]

സകാത്ത് ദൈവികമായ ശാസനകളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വിതരണം ചെയ്യാൻ സമൂഹം സന്നദ്ധമായാൽ ലോക ത്തുനിന്ന് ദാരിദ്ര്യമെന്ന പ്രശ്നം ഏതാണ്ട് പൂർണമായിത്തന്നെ ഒഴിവാക്കാൻ ഒഴിവാക്കാൻ കഴിയും. ഇസ്‌ലാമിക രാഷ്ട്രത്തിൽ സക ാത്ത് വാങ്ങുവാൻ ആരുമില്ലാതിരുന്ന അവസ്ഥയുണ്ടായിട്ട് അടുത്ത രാഷ്ട്രത്തിലേക്ക് അവ വിതരണം ചെയ്ത സംഭവം ചരിത്രത്തിലു ണ്ടായിട്ടുണ്ട്.

സകാത്ത് പോലെത്തന്നെയുള്ള മറ്റൊരു നിർബന്ധ ദാനമാണ് ഫിത്വ്ർ സകാത്ത്. റമദാൻ മാസത്തിലെ വ്രതാനുഷ്ടാനത്തിൻെറ സമാപ്തികുറിച്ചുകൊണ്ട് ആഘോഷിക്കപ്പെടുന്ന ഈദുൽ ഫിത്വ്റി നോടനുബന്ധിച്ച് വിതരണം ചെയ്യപ്പെടുന്ന ദാനമത്രെ ഇത്. ഈദു ൽ ഫിത്വ്ർ സുദിനത്തിൽ ആരും പട്ടിണികിടക്കാതിരിക്കുന്നതിനു വേണ്ടി സംവിധാനിക്കപ്പെട്ട ദാനമാണിത്. പെരുന്നാൾ ദിവസത്തെ ഭക്ഷണാവശ്യങ്ങൾക്കുള്ള സമ്പത്തൊഴിച്ച് മിച്ചമുള്ളവരെല്ലാം ഈ ദാനം നൽകാൻ നിർബന്ധിതരാണ്.

നമസ്കാരത്തോടൊപ്പം സകാത്തു നൽകുവാനും ഒരാൾ സന്ന ദ്ധനാവുന്നതോടെ അയാൾ ഇസ്‌ലാമിക സമൂഹത്തിൽ അംഗമാ കുന്നു; മുസ്‌ലിംകളുടെ സഹോദരനായി മാറുന്നു. ഖുർആൻ പറയു ന്നു: 'എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോ ലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു.'[2]

1. ഖുർആൻ 9: 103
2. ഖുർആൻ 9: 11

# പതിനഞ്ച്

## വ്രതാനുഷ്ഠാനം

ഇസ്‌ലാമിലെ നിർബന്ധമായ കർമാനുഷ്ഠാനങ്ങളിൽ പെട്ടതാ ണ് ഒരുമാസത്തെ വ്രതാനുഷ്ഠാനം. പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങളിൽ നിന്നും വികാരപൂർത്തീകരണത്തിൽ നിന്നും വിട്ടുനിൽക്കുകയാണ് ഇസ്‌ലാം വ്രതാനുഷ്ഠാനം കൊണ്ട് വിവക്ഷിക്കുന്നത്. ദൈവമാർഗത്തിൽ പ്രവർത്തിക്കുവാനുള്ള സഹ നവും ത്യാഗസന്നദ്ധതയും വളർത്തിയെടുക്കുന്ന വ്രതാനുഷ്ഠാനം വിവിധ രൂപങ്ങളിൽ എല്ലാ മതസമൂഹങ്ങളിലും നിലനിന്നിരുന്നതാ യി കാണാൻ കഴിയും. പൗരാണിക ഗ്രീസിലും ഈജിപ്തിലും ചൈനയിലുമെല്ലാം വിവിധ രീതികളിലുള്ള വ്രതാനുഷ്ഠാനങ്ങൾ നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹിന്ദുസമൂ ഹത്തിൽ ചില പ്രത്യേക രീതികളിലുള്ള ഉപവാസങ്ങൾ ഇന്നും നില നിൽക്കുന്നു. യഹൂദന്മാർക്കിടയിൽ വ്രതാനുഷ്ഠാനം നിലനിന്നിരു ന്നുവെന്ന് ബൈബിൾ പഴയ നിയമം വ്യക്തമാക്കുന്നു. യഹൂദരിലേ ക്കു വന്ന പ്രവാചകനായ യേശുവും ഉപവസിച്ചിരുന്നതായി സുവി ശേഷങ്ങളിൽ നിന്ന് മനസ്സിലാക്കാം. പൂർവ സമുദായങ്ങളിൽ നിലനി ന്നിരുന്നപോലെ മുസ്‌ലിംകൾക്ക് വ്രതാനുഷ്ഠാനം നിർബന്ധമാ ക്കിക്കൊണ്ടുള്ള ദൈവകൽപന ഇങ്ങനെയാണ്: 'സത്യവിശ്വാ സികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നതുപോലെത്ത ന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്'.[1]

1. ഖുർആൻ 12: 183

പൂർവസമുദായങ്ങൾക്ക് വ്രതാനുഷ്ഠാനത്തിന് നിർദേശിക്കപ്പെട്ടിരുന്ന കാലം കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇസ്രായേൽ സമുദായത്തിൽ സംഭവിച്ച വ്യത്യസ്തങ്ങളായ സംഭവങ്ങളുടെ സ്മരണയായിക്കൊണ്ടായിരുന്നു യൂഹദന്മാരുടെ ഉപവാസങ്ങളിലധികവുമെന്നാണ് പഴയ നിയമ ബൈബിളിൽ നിന്ന് മനസ്സിലാവുന്നത്. യേശു പിശാചിൻെറ പ്രലോഭനത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി 40 ദിവസം ഉപവസിച്ചതായി മത്തായിയുടെ സുവിശേഷത്തിൽ[1] കാണാം. മുൻസമുദായങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായി ക്ലിപ്തമായി ഒരു കാലയളവിലാണ് ഇസ്‌ലാമിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. അന്ത്യനാൾ വരെയുള്ള മനുഷ്യർക്കെല്ലാമായുള്ള മാർഗദർശനവുമായി അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനിൻെറ അവതരണം മൂലം ധന്യമായ റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുവാനാണ് മുസ്‌ലിം കൽപ്പിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക. 'ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാണിക്കുന്നതും സത്യവും അസത്യവും വേർതിരിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്.'[2]

വ്രതാനുഷ്ഠാനം ദോഷബാധയെ സൂക്ഷിക്കുന്നതിന്ന് വിശ്വാസികളെ സജ്ജമാക്കുന്നു. ദൈവഹിതത്തെ മാത്രം മാനിച്ചുകൊണ്ട് ആഹാരപാനീയങ്ങൾ വെടിയുകയും വികാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സദാസമയവും താൻ ദൈവത്താൽ നിരീക്ഷിക്കപ്പെടുന്നുണ്ടെന്ന ബോധം മാത്രമാണല്ലോ രഹസ്യവും പരസ്യവുമായി ഭക്ഷണ പാനീയങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും ലൈംഗികബന്ധത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ അവനെ പ്രേരിപ്പിക്കുന്നത്. പരലോകബോധമില്ലായിരുന്നുവെങ്കിൽ രഹസ്യമായെങ്കിലും അവൻ തിന്നുകയും കുടിക്കുകയും വികാരപൂർത്തീകരണം സാധിക്കുകയും ചെയ്യുമായിരുന്നു. ഇതു ചെയ്യാതെ ഒരു മാസക്കാലം തുടർച്ചയായി ഉപവസിക്കുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്

1. മത്തായി 4: 2
2. ഖുർആൻ 2: 185



മതയും വളർന്നുവരികയും ജീവിതത്തിൽ ഉടനീളം ദോഷബാധയെ സൂക്ഷിക്കുവാൻ അയാൾ സന്നദ്ധനാവുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് വ്രതാനുഷ്ഠാനം നിർബന്ധമാക്കിക്കൊണ്ടുള്ള കൽപനയിൽ 'നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്' എന്ന് വിശുദ്ധ ഖുർആൻ പറഞ്ഞിരിക്കുന്നത്.

വ്യക്തിപരമായ ത്യാഗമനോഭാവവും സേവനസന്നദ്ധതയും അർപണബോധവും നോമ്പുകാരനിൽ വളർന്നുവരുന്നു. അതോടൊപ്പം തന്നെ അവനിൽ സാമൂഹ്യബോധവും സമസൃഷ്ടിസ്നേഹവും വളർത്താനും വ്രതാനുഷ്ഠാനത്തിന് സാധിക്കും. വിശപ്പിൻെറ വേദന അനുഭവിച്ചറിയുന്ന നോമ്പുകാരന് പട്ടിണിപ്പാവങ്ങളോട് സ്വാഭാവികമായും ദീനാനുകമ്പ വളർന്നു വരുന്നു. ഏതു പിശുക്കനെയും വ്രതം ഉദാരനാക്കുകയും പാവപ്പെട്ടവരെ പരിഗണിക്കുന്നവരാക്കി മാറ്റുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ റമദാനിലെ വ്രതം ദരിദ്രനെയും ധനികനെയും ഐക്യപ്പെടുത്തുന്നു. പകലിൽ അനുഭവിക്കുന്ന വിശപ്പും ദാഹവും ഇരുവർക്കും ഒരേപോലെയാണല്ലോ. ഇത് വൈകാരികസമത്വത്തിന് നിമിത്തമാവുകയും ഇസ്‌ലാമിക സമൂഹത്തിൻെറ സുസജ്ജമായ കെട്ടുറപ്പിനത് കാരണമാവുകയും ചെയ്യുന്നു.

വ്യക്തിയെ സ്വയംനിയന്ത്രണത്തിന് പാത്രമാക്കുകയും മ്ലേച്ഛമായ സ്വഭാവങ്ങളിൽ നിന്ന് മുക്തമാക്കുകയും ചെയ്യുകയാണ് വ്രതാനുഷ്ഠാനത്തിൻെറ ലക്ഷ്യമെന്ന് പറഞ്ഞുവല്ലോ. ഈ ലക്ഷ്യത്തിനുതകുന്ന രീതിയിലായിരിക്കണം ഒരാൾ വ്രതമനുഷ്ഠിക്കേണ്ടത്. അവൻ ചീത്ത വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും പൂർണമായി മുക്തനായിരിക്കണം. അതില്ലാത്ത നോമ്പ് വ്യർഥമാണ്. പ്രവാചകൻ(സ) പറഞ്ഞു: 'ചീത്ത വാക്കും പ്രവൃത്തിയും വെടിയാത്തവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കേണ്ട ആവശ്യം അല്ലാഹുവിന്നില്ല.'[1]

'നോമ്പ് ഒരു പരിചയാകുന്നു. നിങ്ങളിൽ ആരെങ്കിലും വ്രതമനുഷ്ഠിക്കുന്ന പക്ഷം അവൻ ചീത്ത വാക്കുകൾ പറയരുത്. ഉച്ചത്തിൽ സംസാരിക്കരുത്. അവനെ വല്ലവരും ശകാരിക്കുകയോ അവല്ലവരും അവനോട് ശണ്ഠക്ക് വരികയോ ചെയ്താൽ 'ഞാൻ നോമ്പുകാര

1. ബുഖാരി

നാണ്' എന്ന് അവൻ പറഞ്ഞുകൊള്ളട്ടെ.'[1]

ദൈവപ്രീതി മാത്രം ലക്ഷ്യമാക്കി വ്രതമനുഷ്ഠിക്കുന്നവൻ താൻ മുമ്പുചെയ്തുപോയ പാപങ്ങളിൽ നിന്ന് സ്വാഭാവികമായും പശ്ചാത്തപിച്ചു മടങ്ങുന്നു. അതുകൊണ്ടുതന്നെ അവന്ന് പാപമുക്തി ലഭിക്കുകയും വിശുദ്ധജീവിതം നയിക്കാൻ വ്രതം പ്രചോദനമേകുകയും ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു: 'വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി ആരെങ്കിലും റമദാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്.'[2]

റമദാനിൽ രോഗം കൊണ്ടോ മറ്റോ നോമ്പനുഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ എത്രദിവസത്തെ വ്രതമാണോ വിട്ടുപോയത് അത്രയും ദിവസം അടുത്ത റമദാനിന് മുമ്പ് അനുഷ്ഠിച്ചു വീട്ടേണ്ടതാണ്. അതിന്നു സാധിക്കാത്തവർ ഒരു വ്രതത്തിന് പകരം ഒരു അഗതിക്ക് ആഹാരം നൽകേണ്ടതാണെന്നാണ് ഖുർആനിക കൽപന.

ഒരുമാസം നീണ്ടുനിൽക്കുന്ന തുടർച്ചയായ റമദാൻ വ്രതത്തിനു പുറമെ ഐച്ഛികമായ മറ്റു ചില വ്രതാനുഷ്ഠാനങ്ങൾ കൂടിയുണ്ട്. ഇവ അനുഷ്ഠിക്കുന്നത് നിർബന്ധമല്ലെങ്കിലും വളരെയേറെ പുണ്യകരമാണെന്നാണ് പ്രവാചകവചനങ്ങൾ വ്യക്തമാക്കുന്നത്.

ചുരുക്കത്തിൽ, മുസ്‌ലിമിൽ ആത്മസമർപ്പണത്തിനുള സന്നദ്ധത വളർത്തുകയും ത്യാഗമനസ്ഥിതിയുണ്ടാക്കുകയും ദൈവചിന്തയിലേക്ക് അവനെ നയിക്കുകയും ചെയ്യുന്ന അതിമഹത്തായ ഒരു കർമമത്രെ വ്രതാനുഷ്ഠാനം. പ്രസ്തുത കർമത്തിലൂടെ ദൈവാനുഗ്രഹത്തിനും അങ്ങനെ സ്വർഗപ്രവേശനത്തിനും വിശ്വാസി അർഹനാവുന്നു. പ്രവാചകൻ(സ) പറഞ്ഞു: 'സ്വർഗത്തിൽ റയ്യാൻ എന്ന പേരിൽ ഒരു കവാടമുണ്ട്. അന്ത്യദിനത്തിൽ നോമ്പുകാരനാണ് അതിലൂടെ പ്രവേശിക്കുക. മറ്റാരും അതിലൂടെ പ്രവേശിക്കുകയില്ല'.[3]

1. ബുഖാരി, മുസ്‌ലിം
2. ബുഖാരി
3. ബുഖാരി

# പതിനാറ്

## ഹജ്ജ്

ഇസ്‌ലാമിക കർമാനുഷ്ഠാനങ്ങളിൽ അവസാനത്തേതാണ് ഹജ്ജ്. 'തീർഥയാത്ര' എന്നർഥം വരുന്ന ഹജ്ജുകൊണ്ട് മക്കയിലെ ദൈവ മന്ദിരമായ കഅ്ബയിലേക്കുള്ള തീർഥാടനവും അതോടനുബന്ധിച്ച കർമങ്ങളുമാണ് സാങ്കേതികമായി വിവക്ഷിക്കുന്നത്. സാമ്പത്തികവും ശാരീരികവുമായ കഴിവും പ്രാപ്തിയുമുള്ളവർക്ക് ജീവിതത്തിലൊരിക്കൽ ഹജ്ജുചെയ്യൽ നിർബന്ധമാണ്. ഇക്കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിക്കുക: 'തീർച്ചയായും മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാമന്ദിരം ബക്ക'[1]യിൽ ഉള്ളതത്രെ; അനുഗ്രഹീതമായും ലോകർക്ക് മാർഗദർശനമായും. അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങളുണ്ട്; ഇബ്റാഹീം നിന്ന സ്ഥലം. ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരുടെ ആശ്രയമില്ലാത്തവനാകുന്നു.'[2]

മറ്റു മതങ്ങളുടെ തീർഥയാത്രകളിൽ നിന്ന് തികച്ചും ഭിന്നമാണ് ഇസ്‌ലാമിലെ ഹജ്ജ്. മഹാന്മാരുടെ ശവകുടീരങ്ങളിലേക്കോ അവർ ആരാധിക്കപ്പെടുന്ന സ്ഥലങ്ങളിലേക്കോ ഉള്ള യാത്രയെയാണ് പല മതങ്ങളും തീർഥയാത്രയായി കാണുന്നത്. ഇസ്‌ലാം കഠിനമായി

1. 'മക്ക'യുടെ മറ്റൊരു പേരാണ് 'ബക്ക'
2. ഖുർആൻ 3: 96, 97

നിരോധിച്ചിട്ടുള്ള ബഹുദൈവാരാധനയുമായി ബന്ധപ്പെട്ട കർമങ്ങളാണ് പ്രസ്തുത തീർഥയാത്രകളിൽ പലതിലുമുൾക്കൊള്ളുന്നത്. ഹജ്ജാകട്ടെ ഏകദൈവാരാധനക്ക് വേണ്ടി ആദ്യമായി നിർമിക്കപ്പെട്ട മന്ദിരത്തിലേക്കുള്ള യാത്രയാണ്. അവിടെ നിർവഹിക്കപ്പെടുന്നത് ഏകനായ സ്രഷ്ടാവിന് മാത്രമുള്ള ആരാധനയാണ്. അവിടത്തെ കർമങ്ങൾ ഏകദൈവാരാധനക്ക് വേണ്ടി നിലകൊണ്ടതിനാൽ ത്യാഗങ്ങൾ സഹിക്കേണ്ടിവന്ന മഹത്തുക്കളുടെ സ്മരണ പുതുക്കുക വഴി പ്രസ്തുത മാർഗത്തിൽ സ്വയം സമർപ്പിക്കാൻ മുസ്‌ലിംകൾക്ക് പ്രചോദനമാകുന്നു.

ഏകദൈവാരാധനയുടെ പ്രചാരകനായി ജീവിക്കുകയും പ്രസ്തുത മാർഗത്തിൽ ഏറെ ത്യാഗം സഹിക്കുകയും ദൈവത്തിൻെറ പരീക്ഷണങ്ങളിലെല്ലാം വിജയിക്കുകയും ചെയ്ത് 'ദൈവതോഴൻ' എന്ന അപരനാമത്തിന് അർഹനായ ഇബ്‌റാഹീം നബി(അ)യുടെ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങളുമായി ബന്ധപ്പെട്ടതാണ് ഹജ്ജിലെ പ്രധാന കർമങ്ങളെല്ലാം. വിഗ്രഹവിൽപനക്കാരൻെറ മകനായി ജനിച്ച അദ്ദേഹം വിഗ്രഹാരാധനയുടെ അർഥമില്ലായ്മയെക്കുറിച്ച് സ്വന്തം പിതാവിനോട് സംസാരിക്കുക വഴി സ്വഗൃഹത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. നാട്ടിൽ നടമാടിയിരുന്ന വിഗ്രഹപൂജക്കെതിരെയും സ്വയം ദൈവമായി ചമഞ്ഞിരുന്ന നംറൂദ് രാജാവിൻെറ ദിവ്യത്വനാട്യത്തിനെതിരെയും ശക്തമായ പ്രതികരിക്കുക വഴി സ്വന്തം നാട്ടിൽ അദ്ദേഹം അനഭിമതനായി. വിഗ്രഹപൂജയെ എതിർത്തുവെന്ന കാരണത്താൽ സ്വന്തം സമൂഹമൊരുക്കിയ അഗ്നികുണ്ഠത്തിൽ അദ്ദേഹം എറിയപ്പെട്ടു. ബഹുദൈവവിശ്വാസികളൊരുക്കിയ ചിതയിൽ നിന്ന് അത്യത്ഭുതകരമായി അദ്ദേഹത്തെ അല്ലാഹു രക്ഷപ്പെടുത്തി. വാർദ്ധക്യത്തിൽ തനിക്കുണ്ടായ കുഞ്ഞിനെയും ഭാര്യയെയും ആൾതാമസമില്ലാത്ത മക്കാമരുഭൂമിയിൽ ഉപേക്ഷിച്ചുപോരണമെന്ന ദൈവത്തിൻെറ ആജ്ഞ അനുസരിക്കുക വഴി ഏതു വിധത്തിലുള്ള ത്യാഗത്തിനും താൻ തയാറാണെന്ന് അദ്ദേഹം തെളിയിച്ചു. തന്നോടൊപ്പം സഹായിക്കാൻ പ്രായമായ ഏകമകനായിരുന്ന ഇസ്മാഈലിനെ ദൈവമാർഗത്തിൽ ബലിയറുക്കണമെന്ന കൽപനയുണ്ടായപ്പോൾ ഒട്ടും വൈമനസ്യമില്ലാതെ അത് അനുസരിക്കാനദ്ദേഹം തയാറായി. പ്രസ്തുത പരീക്ഷണത്തിലും വിജയിച്ച അദ്ദേഹത്തോട് മകനെ ബലിയറുക്കേണ്ടതില്ലെന്നും പകരം ഒരു ആടിനെ അറുത്താൽ മതി



യെന്നും ദൈവം കൽപിച്ചു. ഇങ്ങനെ തൻെറ ജീവിതത്തെയും കുടുംബത്തെയുമെല്ലാം സ്രഷ്ടാവിന് സമർപ്പിക്കുക വഴി ദൈവസാമീപ്യത്തിന് അർഹനായ മഹാനായ ഇബ്രാഹീമി(അ)ൻെറ മാതൃക പിന്തുടരാനാണ് വിശുദ്ധ ഖുർആൻ മനുഷ്യരോട് ആഹ്വാനം ചെയ്യുന്നത്. 'സദ്‌വൃത്തനായിക്കൊണ്ട് തൻെറ മുഖത്തെ അല്ലാഹുവിന് കീഴ്പ്പെടുത്തുകയും നേർമാർഗത്തിലുറച്ചു നിന്നുകൊണ്ട് ഇബ്‌റാഹീമിൻെറ മാർഗത്തെ പിന്തുടരുകയും ചെയതവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്? അല്ലാഹു ഇബ്‌റാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു.'[1]

ഇങ്ങനെയുള്ള ഇബ്‌റാഹീം നബി(അ)യുടെ സ്മരണയുണ്ടാക്കുക വഴി ത്യാഗത്തിനും അർപ്പണത്തിനും ജനങ്ങളെ സന്നദ്ധമാക്കുകയാണ് ഹജ്ജിലെ കർമങ്ങൾ ചെയ്യുന്നത്. ഹജ്ജിൻെറ കേന്ദ്രമായ മക്കയിലെ കഅ്ബാ ദേവാലയം ഏകദൈവാരാധനക്കുവേണ്ടി ആദ്യമായി സ്ഥാപിക്കപ്പെട്ട ഗേഹമാണെന്നു പറഞ്ഞുവല്ലോ. ഈ ഗേഹത്തെ ചുറ്റിയായിരുന്നു മനുഷ്യചരിത്രമാരംഭിച്ചത് എന്ന് അഭിപ്രായമുള്ള ചരിത്രപണ്ഡിതന്മാരുണ്ട്. സെമിറ്റിക് സംസ്കാരത്തിൻെറ പ്രാരംഭകേന്ദ്രം മക്കയായിരുന്നുവെന്ന് ഭാഷാപണ്ഡിതന്മാരിൽ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായിരുന്നാലും വിശുദ്ധ ഖുർആൻ മക്കാ പട്ടണത്തെ 'പട്ടണങ്ങളുടെ മാതാവ്' (ഉമ്മുൽ ഖുറാ) എന്നാണ് വിളിച്ചിരിക്കുന്നത്. ഇതിൽ നിന്ന് നാഗരികതകളുടെ ആവിർഭാവം മക്കാപട്ടണവുമായി ബന്ധപ്പെട്ടാണ് ഉണ്ടായിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടു തന്നെയാവണം ഏകദൈവാരാധനക്കുവേണ്ടി നിർമിക്കപ്പെട്ട ആദ്യത്തെ ഗേഹം മക്കയിലായത്. ഈ ഗേഹത്തിന് പറ്റിയ കേടുപാടുകൾ തീർക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുകയാണ് ഇബ്‌റാഹീം (അ) ചെയ്തത്.

ഹജ്ജിലെ കർമങ്ങളെല്ലാം മനുഷ്യസാഹോദര്യത്തെയും സമത്വത്തെയും പ്രതിനിധീകരിക്കുകയും ദൈവബോധവും ത്യാഗസന്നദ്ധതയും വളർത്തുകയും ചെയ്യുന്നു. ദുൽഹജ്ജ് മാസം എട്ടാം തീയതി മുതൽക്കാരംഭിക്കുന്ന ഹജ്ജുകർമങ്ങൾ പതിമൂന്നോടുകൂടി അവസാനിക്കുന്നു. ഒരു തീർഥാടകൻ ഹജ്ജിൽ പ്രവേശിക്കുന്നത് ഇഹ്റാമിൽ പ്രവേശിക്കുന്നതോടുകൂടിയാണ്. വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നെത്തുന്നവർക്ക് വിവിധ സ്ഥലങ്ങൾ ഇഹ്റാമിനു വേണ്ടി

1. ഖുർആൻ 4: 125

നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇഹ്റാമിൽ പ്രവേശിച്ച പുരുഷൻ ഒരു മുണ്ട് ഉടുക്കുകയും മറ്റൊന്ന് പുതക്കുകയും ചെയ്യുവാൻ മാത്രമേ പാടുള്ളൂ. മറ്റു വസ്ത്രങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. സ്ത്രീയാകട്ടെ മുഖവും മുൻകൈയുമൊഴിച്ച ഭാഗങ്ങളെല്ലാം മറച്ചിരിക്കണം. ഹജ്ജിൽ പ്രവേശിച്ചു കഴിഞ്ഞവർ ‘നാഥാ, ഞാനിതാ നിന്റെ സന്നിധാനത്തിൽ. നിനക്ക് പങ്കുകാരില്ല. എല്ലാ സ്തുതിയും അനുഗ്രഹങ്ങളും രാജത്വവും നിനക്കുള്ളതാണ്’ എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇഹ്റാം, അറഫയിലെ ഒത്തുചേരൽ, കഅ്ബാ പ്രദക്ഷിണം, സഫാ മർവാ കുന്നുകൾക്കിടയിലെ ഓട്ടം, മുടിയെടുക്കൽ, മുസ്ദലിഫയിലെ രാപാർക്കൽ, മിനായിലെ കല്ലേറ്, മിനായിലെ രാപാർക്കൽ, വിടവാങ്ങൽ പ്രദക്ഷിണം തുടങ്ങിയ കർമങ്ങളിലെല്ലാം ദൈവത്തിന് സകലതും സമർപ്പിക്കുന്നതിനുള്ള സന്നദ്ധതയുടെ പ്രകടനങ്ങളാണുള്ളത്. അതുകൊണ്ടു തന്നെ ഹജ്ജ്കർമം കഴിയുന്നതോടുകൂടി ഏതൊരാളും പശ്ചാത്താപബോധമുള്ളവനും പാപവിരക്തനുമായി മാറുന്നു. ഹ്ജ്ജ് കഴിയുന്നതോടുകൂടി അയാൾ മുൻകാലപാപങ്ങളിൽ നിന്ന് മുക്തി നേടുന്നു. പ്രസവിക്കപ്പെട്ട കുഞ്ഞിനെപ്പോലെ നിഷ്കളങ്കനായി മാറുന്നു. പ്രവാചകൻ (സ) പറഞ്ഞു: ‘വാക്കിലോ പ്രവൃത്തിയിലോ അശ്ലീലം വരാതെയും തെമ്മാടിത്തം പ്രവർത്തിക്കാതെയും ആരെങ്കിലും അല്ലാഹുവിന് ഹജ്ജ് ചെയ്താൽ അവൻ മാതാവിന്റെ വയറ്റിൽനിന്നു പിറന്നു വീണ ദിവസത്തിലെന്ന പോലെയായിരിക്കും’.[1]

ഹജ്ജ് നടക്കുന്ന ദുൽഹജ്ജ് മാസമായാൽ ലോകമുസ്‌ലിംകളുടെയെല്ലാം ശ്രദ്ധാകേന്ദ്രമായി മക്കാപട്ടണം മാറുന്നു. ദൈവനാമം ഉച്ചരിക്കുന്ന ലക്ഷക്കണക്കായ മുസ്‌ലിംകൾ മക്കയിൽ ഒത്തുചേരുന്നു. ഒരേ വേഷം, ഒരേ സ്വരം. മനസ്സിൽ ദൈവബോധം മാത്രം. ചുണ്ടിൽ ദൈവസ്തോത്രങ്ങൾ. ഇവിടെ ഉച്ചനീചത്വങ്ങളില്ല. ദേശീയതയുടെയും പ്രാദേശികതയുടെയും അതിർവരമ്പുകളില്ല. കറുത്തവനും വെളുത്തവനും തമ്മിൽ അന്തരങ്ങളൊന്നുമില്ല. മുതലാളിയും തൊഴിലാളിയും തഥൈവ. എല്ലാവരും ഒരേ വേഷത്തിൽ സർവശക്തന്റെ സ്തുതികീർത്തനങ്ങളാലപിച്ചുകൊണ്ട് ഒരേ കർമങ്ങൾ ചെയ്യുന്നു. ഇവിടെ ഇസ്‌ലാം പഠിപ്പിക്കുന്ന സാഹോദര്യത്തിന്റെ പ്രകടിതരൂപം നമുക്ക് ദൃശ്യമാകുന്നു. അതോടൊപ്പം എല്ലാ മനുഷ്യരും ഒരുമിച്ചുകൂടുന്ന പരലോകത്തെ വിചാരണനാളിനെക്കുറിച്ച് ബോധം എല്ലാവരിലുമുണ്ടാക്കുവാനും ഈ ഒത്തുചേരൽ ഉതകുന്നു.



ഹജ്ജുപോലത്തന്നെയുള്ള ഒരു പുണ്യകർമമാണ് ഉംറ. ഏകദേശം ഹജ്ജിലെ കർമങ്ങൾ തന്നെയാണ് ഉംറയിലുമുള്ളത്. ഇത് സമയബന്ധിതമല്ല. എപ്പോൾ വേണമെങ്കിലും നിർവഹിക്കാവുന്നതാണ്.

ഹജ്ജിലൂടെ നേടിയെടുക്കുന്ന ആത്മവിശുദ്ധി അതിമഹത്തരമാണ്. ഖുർആൻ പറയുന്നു: ‘ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീപുരുഷസംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിന്നിടയിൽ പാടുള്ളതല്ല. നിങ്ങൾ ഏതൊരു സൽപ്രവൃത്തി ചെയ്തിരുന്നാലും അല്ലാഹു അതറിയുന്നവനാണ്. (ഹജ്ജിന് പോവുമ്പോൾ) നിങ്ങൾ യാത്രക്കുള്ള വിഭവങ്ങൾ ഒരുക്കിപ്പോവുക. എന്നാൽ യാത്രക്കുവേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മതയാകുന്നു. ബുദ്ധിശാലികളെ, നിങ്ങളെന്നെ സൂക്ഷിച്ചു ജീവിക്കുക.’[1]

1. ഖുർആൻ 2: 197

# പതിനേഴ്

## ഇസ്‌ലാമിക ജീവിതം

പ്രപഞ്ചത്തിലെ രാസപദാർഥങ്ങളുടെ പരിണാമപ്രവർത്തനങ്ങൾക്കിടയിൽ എവിടെയോ വെച്ച് രൂപം കൊണ്ട ഒരു സങ്കീർണ സംയുക്തം മാത്രമാണ് ഭൗതികവാദത്തിൻെറ വീക്ഷണത്തിലെ മനുഷ്യൻ. ഈ സങ്കൽപത്തിന് മനുഷ്യനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ബാധ്യതകളെയോ മറ്റു ജൈവികവും അജൈവികവുമായ വസ്തുക്കളിൽ നിന്ന് വ്യത്യസ്തമായി അവൻെറ അസ്തിത്വത്തിൻെറ അപാരമായ സാധ്യതകളെയോ കുറിച്ച ബോധം വളർത്താൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഭൗതികവാദം പ്രായോഗികതലത്തിൽ ജനങ്ങളെ തന്നിഷ്ടം പ്രവർത്തിക്കുന്നവരാക്കി മാറ്റുന്നു. സ്വാഭാവികമായ മൂല്യനിരാസത്തിന്ന് അതു നിമിത്തമാകുന്നു. അതുമൂലം മനുഷ്യൻ അവൻെറ ഉദാത്തഭാവം കൈവെടിഞ്ഞ് പൈശാചികഭാവം പ്രാപിക്കുന്നു. മനുഷ്യനിൽ വളർന്നുവരുന്ന പൈശാചികഗുണങ്ങളെക്കുറിച്ച് പലപ്പോഴും 'മൃഗീയത'യെന്ന് പ്രയോഗിക്കാറുണ്ട്. ഈ പ്രയോഗം ശരിയല്ല. അഹങ്കാരവും അസൂയയും അത്യാഗ്രഹവും കാപട്യവും വഞ്ചനുയുമൊന്നും ജന്തുസഹചമായ ഗുണങ്ങളല്ല. അവ പൈശാചിക ഗുണങ്ങളാണ്. പിശാചിൽ നിന്നുണ്ടാവുന്ന ഗുണങ്ങൾ!

മനുഷ്യൻ ഉദാത്തനായി മലക്കുകൾക്ക് സമാനനാവുകയാണ് വേണ്ടതെന്ന് പറയപ്പെടാറുണ്ട്. ഇതും ശരിയായ ഒരു പ്രയോഗമല്ല. മനുഷ്യന് ഒരിക്കലും മലക്കുകൾക്ക് സമാനമാകാൻ കഴിയില്ല. മനുഷ്യനെ മാലാഖയാക്കുന്നുവെന്നവകാശപ്പെടുന്ന പുരോഹിതമത



ങ്ങൾ യഥാർഥത്തിൽ മനുഷ്യനെന്ന നിലയ്ക്ക് നിർവഹിക്കപ്പെടേണ്ടുന്ന ഭാഗധേയം നിർവഹിക്കുന്നതിൽ നിന്ന് വ്യക്തികളെ തടഞ്ഞുനിർത്തുക മാത്രമാണ് ചെയ്യുന്നത്. ഇത് മനുഷ്യനിലെ മാനവികതയെ തകർക്കുന്നതിന്ന് നിമിത്തമാകുന്നു.

രണ്ടുതരം അസ്തിത്വങ്ങളുടെ സമന്വയമാണ് മനുഷ്യൻ. ഒന്ന് ഒരു മൃഗത്തിൻെറ അസ്തിത്വവും മറ്റേത് ദൈവത്തിൽ നിന്ന് മനുഷ്യന് മാത്രം ലഭിച്ച ദാനമായ ആത്മാവിൻെറ അസ്തിത്വവുമാണ്. ഈ രണ്ടു അസ്തിത്വങ്ങളും പരസ്പരവിരുദ്ധമാണെന്ന ചിന്താഗതി ഇത്തരം രണ്ട് അസ്തിത്വങ്ങൾ തന്നെയില്ലെന്ന വാദത്തെ പോലെ ത്തന്നെ അബദ്ധമാണ്. ഈ അബദ്ധമാണ് പുരോഹിത മതങ്ങളുടെ അടിസ്ഥാനമായി വർത്തിക്കുന്നത്. മനുഷ്യൻെറ ആത്മീയദാഹം ഭൗതികചോദനകളുടെ സമ്പൂർണ നിരാസത്തിലൂടെ മാത്രമെ ശമിപ്പിക്കപ്പെടുകയുള്ളൂവെന്നു പറഞ്ഞ മതങ്ങളുടെ പരാജയത്തിനുള്ള കാരണവും മറ്റൊന്നുമല്ല. ജന്തുസഹജമായ വികാരങ്ങളും ചോദനകളും ആത്മീയമായ അവൻെറ ആവശ്യങ്ങളും സമന്വയിപ്പിക്കപ്പെടുമ്പോൾ മാത്രമെ ഒരു പൂർണനായ മനുഷ്യൻ ഉരുത്തിരിയുകയുള്ളൂ.

വ്യതിരിക്തവും സവിശേഷവുമായ അസ്തിത്വമുള്ള ജീവിയാണ് മനുഷ്യനെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. സചേതനവും അചേതനവുമായ മറ്റെല്ലാ വസ്തുക്കളിൽ നിന്നും തികച്ചും വ്യത്യസ്തമായ അസ്തിത്വമാണ് മനുഷ്യനുള്ളത്. മനുഷ്യസൃഷ്ടിക്കു പിന്നിൽ അതിമഹത്തായൊരു ലക്ഷ്യമുണ്ട്. ഭൂമിയിലെ ഖലീഫയാണ് മനുഷ്യൻ. സ്വതന്ത്രമായ കൈകാര്യ കർതൃത്വവും അധീശാധികാരങ്ങളുമുള്ള ഏക ജീവി. പ്രപഞ്ചത്തെ ഉപയോഗിക്കുവാനും പ്രകൃതിയെ സ്വാധീനിക്കുവാനും കഴിയുന്ന ഒരേയൊരു സൃഷ്ടി. പ്രകൃതിക്കനുസരിച്ച് മാത്രം നിലനിൽക്കാൻ കഴിയുന്ന മനുഷ്യേതര സൃഷ്ടികിൽ നിന്ന് വ്യത്യസ്തമായ, സ്വതന്ത്രമായ കൈകാര്യകർതൃത്വമെന്ന ഉത്തരവാദിത്തം (അമാനത്ത്) നൽകപ്പെട്ട ഏക സൃഷ്ടിയത്രെ മനുഷ്യൻ. ആകാശങ്ങളും ഭൂമിയും പർവതങ്ങളുമെല്ലാം തന്നെ ഏറ്റെടുക്കാൻ വിസമ്മതിച്ച മഹത്തായ വിശ്വസ്തദൗത്യം ഏറ്റെടുത്തവനായാണ് ഖുർആൻ മനുഷ്യനെ പരിചയപ്പെടുത്തുന്നത്.[1] പ്രകൃതിയി

1. ഖുർആൻ 33: 72

ലെ മറ്റെല്ലാ വസ്തുക്കളും ദൈവികമായ കൽപനകളെ സ്വാഭാവികമായി പൂർത്തീകരിക്കുമ്പോൾ, തൻെറ ഇഷ്ടത്തിനനുസരിച്ച് ദൈവികകൽപനകൾ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ട ഏക ജീവിയാണ് മനുഷ്യൻ. 'അമാനത്ത്' നൽകപ്പെട്ടിരിക്കുന്ന 'ഭൂമിയിലെ ഖലീഫ'യെന്ന് ഇസ്‌ലാം അവനെ പരിചയപ്പെടുത്തുമ്പോൾ ഇതാണുദ്ദേശിക്കുന്നത്. സ്വതന്ത്രമായ കഴിവുകളിലൂടെ സ്വന്തം ഭാഗധേയം നിർണയിക്കുവാൻ അവസരം നൽകപ്പെട്ടിരിക്കുന്ന ഏകജീവിയായ മനുഷ്യന് ആ കഴിവുകളെ സൃഷ്ടിപരമായി ഉപയോഗിച്ച് ജീവിത വിജയം നേടുകയോ നാശകരമായി ഉപയോഗിച്ച് നഷ്ടം പറ്റിയവനായി മാറുകയോ ചെയ്യാം.

മനുഷ്യൻ ദൈവികമാർഗദർശന പ്രകാരം ജീവിക്കുമ്പോഴാണ് മനുഷ്യത്വത്തിൻെറ പൂർണമായ പ്രകാശനം സാധ്യമാവുകയെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മനുഷ്യൻെറ ജൈവികമായ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതോടൊപ്പം ആത്മാവിൻെറ ഉദാത്തീകരണം എങ്ങനെ സാധിക്കാമെന്നാണ് പ്രവാചകൻ തൻെറ ജീവിത്തിലൂടെ പഠിപ്പിച്ചുതന്നത്. ജന്തുസഹജമായ വികാരങ്ങളെയൊന്നും അവഗണിക്കാതെ തന്നെ അവയെ എങ്ങനെ മാനവീകരിക്കാമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മനുഷ്യ പ്രകൃതിയുമായി നൂറു ശതമാനം യോജിച്ചു പോവുന്ന മതമാണ് ഇസ്‌ലാം എന്നു പറയുമ്പോൾ ഇതാണ് അർഥമാക്കുന്നത്.

ഭക്ഷണം കഴിക്കുകയെന്നത് മനുഷ്യൻെറ ജന്തുസഹജമായ ഒരു ആവശ്യമാണ്. ഈ ആശ്യത്തിൻെറ പൂർത്തീകരണം അവൻെറ ജീവൻ നിലനിർത്താൻ അനിവാര്യവുമാണ്. എന്നാൽ വിശപ്പിൻെറ ശമനത്തിനു വേണ്ടി ഏതു ഭക്ഷണവും കഴിക്കുവാൻ മനുഷ്യന് പറ്റുമോ? ഇല്ലെന്നാണുത്തരം. ഭക്ഷണസമ്പാദനത്തിലും ഉപയോഗത്തിലും ഉപഭോഗത്തിലുമെല്ലാം ജന്തുക്കളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യൻ ചില നിയമങ്ങൾ അനുസരിക്കേണ്ടതുണ്ടെന്ന് അവൻെറ ആന്തരാത്മാവ് അവനോട് പറയുന്നു. അന്യരുടെ സമ്പത്ത് കൊള്ളയടിക്കരുത് എന്ന ബോധം മനുഷ്യൻെറ മാത്രം പ്രത്യേകതയാണ്. മറ്റൊരു ജീവിയും താൻ ഭക്ഷിക്കുന്നത് അന്യൻേറതാണോയെന്ന് പരിശോധിക്കാറില്ല. ഭക്ഷിക്കുകയെന്ന ജന്തുസഹജമായ ആവശ്യവും അന്യൻേറതാവാൻ പാടില്ലെന്ന ആത്മാവിൻെറ ആഗ്രഹവും സമന്വയിക്കുമ്പോൾ അധ്വാനിച്ച് ഭക്ഷണം സമ്പാദിക്കുകയെന്ന



ആശയം നിർദ്ധരിക്കപ്പെടുന്നു. ഇതാണ് തദ്‌വിഷയകമായ മാനവികത. മനുഷ്യൻെറ ജീവിതവ്യവഹാരങ്ങളിൽ മുഴുവൻ ഈ മാനവിക നിലപാട് സ്വീകരിക്കുവാനാണ് ഇസ്‌ലാമിൻെറ അനുശാസന.

ഒരാൾക്ക് അടിസ്ഥാനപരമായി മൂന്നുതരം ബാധ്യതകളാണുള്ളത്. സ്രഷ്ടാവിനോടും ഇതര സൃഷ്ടികളോടും തന്നോടു തന്നെയും ഉള്ള ബാധ്യതകളാണിവ. ഈ ബാധ്യതകൾ നിറവേറ്റുന്നതിലൂടെ ഒരാൾ മനുഷ്യത്വത്തിൻെറ ഉദാത്തമായ ഭാവം പ്രാപിക്കുന്നു. അഥവാ പൂർണനായ ഒരു മുസ്‌ലിം ആയിത്തീരുന്നു.

നമ്മെ പടക്കുകയും പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പടച്ചതമ്പുരാനോടാണ് ആദ്യമായി മനുഷ്യർക്ക് ബാധ്യതകളുള്ളത്. അല്ലാഹുവിൻെറ സത്തയിലോ ഗുണങ്ങളിലോ പ്രവർത്തനങ്ങളിലോ മറ്റാരെയും പങ്കുചേർക്കാതിരിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്തുകൊണ്ട് അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത പ്രകടിപ്പിക്കുന്നതിലൂടെയാണ് ഈ ബാധ്യത നിറവേറ്റപ്പെടേണ്ടത്. ദൈവശാസനകൾ അനുസരിച്ചുകൊണ്ട് ജീവിക്കുന്നതിലൂടെ ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുവാനും അതോടൊപ്പം തന്നെ സ്വന്തം ജീവിതത്തെ വിമലീകരിക്കുക വഴി ധന്യമാക്കുവാനും മനുഷ്യർക്ക് കഴിയുന്നു. ഇസ്‌ലാമിലെ ആരാധനകൾ ഇക്കാര്യം പ്രകടമാക്കുന്നു. അഞ്ചുനേരത്തെ നമസ്കാരം അവനെ തെറ്റുകളിൽ നിന്ന് മുക്തമാക്കുന്നു. സകാത്ത് അവനെ വിനയാന്വിതനും അധ്വാനശീലനുമാക്കുന്നു. വ്രതാനുഷ്ഠാനം അവനിൽ ആത്മസമർപ്പണത്തിനുള്ള സന്നദ്ധത വളർത്തുന്നു. ഹജ്ജ് അവനിൽ ദൈവമാർഗത്തിൽ പ്രവർത്തിക്കുവാനുള്ള ആവേശമുണ്ടാക്കുന്നു. പ്രപഞ്ചസ്രഷ്ടാവിന്നുള്ള സമ്പൂർണമായ സമർപ്പണവും അവൻെറ ദൂതന്നുള്ള നിരുപാധികമായ അനുസരണവുമാണ് ഇസ്‌ലാം. അതാണ് വക്രതയില്ലാത്ത മതം.[1]

വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക: 'കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനുമല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല'.

പ്രവാചകൻ (സ) പറഞ്ഞു: 'ഞാൻ കൊണ്ടുവരുന്നതിന്നെല്ലാം

1. ഖുർആൻ 98: 5

നിങ്ങളുടെ ഇച്ഛ വഴങ്ങുന്നതുവരെ നിങ്ങളാരും തന്നെ വിശ്വാസികളാവുകയില്ല.'[1]

മനുഷ്യർ തമ്മിൽ എങ്ങനെ വർത്തിക്കണമെന്നും സ്വന്തത്തോട് നീതിപാലിച്ചുകൊണ്ട് എങ്ങനെ ജീവിക്കണമെന്നുമെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. വ്യക്തിയിൽ വളർന്നുവരേണ്ട ഗുണങ്ങളായി വിശുദ്ധ ഖുർആനും നബിചര്യയും പഠിപ്പിച്ച കാര്യങ്ങളെല്ലാം അവന്റെ മാനവികതയെ പ്രശോഭിപ്പിക്കാനുതകുന്നതാണ്. പൈശാചികഗുണങ്ങളായി ഖുർആനും നബിചര്യയും എണ്ണിയ കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നത് വ്യക്തിയുടെയും സമൂഹത്തിന്റെയുമെല്ലാം നന്മക്ക് അത്യന്താപേക്ഷിതമാണ്.

ഒരു മുസ്‌ലിമിന്റെ ജീവിതത്തെ വിമലീകരിക്കുന്നത് 'സൂക്ഷ്മത' (തഖ്‌വ)യാണ്. ദൈവഭയത്തിൽ നിന്നാണ് സൂക്ഷ്മത ഉടലെടുക്കുന്നത്. പ്രപഞ്ചമാസകലം സൃഷ്ടിച്ചു പരിപാലിച്ചു കൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളെ അനുഭവിച്ചുകൊണ്ട് ജീവിക്കുന്നവരുടെ ബാധ്യതയാണ് അവന്റെ നിയമനിർദേശങ്ങൾ അനുസരിച്ചു ജീവിക്കുകയെന്നത്. ഇങ്ങനെ അനുസരിച്ചു ജീവിക്കുക വഴി അല്ലാഹുവിന്റെ ഐഹികവും പാരത്രികവുമായ ശിക്ഷയ്ക്കും കോപത്തിനും പാത്രമാവാതെ സ്വശരീരത്തെ കാത്തുസൂക്ഷിക്കുവാൻ മനുഷ്യർക്ക് സാധിക്കുന്നു. ഈ സൂക്ഷ്മതയാണ് മനുഷ്യരെ വിമലീകരിക്കുന്നത്. 'സൂക്ഷ്മത'(തഖ്‌വ)യിലൂടെ മുഴു ജീവിതവും തെറ്റുകുറ്റങ്ങളിൽ നിന്നു മുക്തമാക്കുവാനും അങ്ങനെ ദൈവപ്രീതിക്ക് പാത്രമായിക്കൊണ്ട് സ്വർഗപ്രവേശത്തിന് അർഹരാകുവാനുമാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. വിശ്വാസങ്ങളും കർമങ്ങളും ദൈവപ്രീതിക്കനുസൃതമായി പരിവർത്തിപ്പിക്കുകയും അഗതികളെ സഹായിക്കുകയും കരാർ പാലിക്കുകയും ക്ഷമിക്കുകയും നീതിപാലിക്കുകയും സത്യസന്ധത പുലർത്തുകയും പരോപകാരം ചെയ്യുകയും ധാർമികമായി ജീവിക്കുകയും സമൂഹത്തിന്റെ നന്മക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നതെല്ലാം തഖ്‌വയിൽ ഉൾപ്പെടുന്നു.

ഇവ്വിഷയകമായ ഏതാനും ഖുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളും ശ്രദ്ധിക്കുക:

2. ബുഖാരി, മുസ്‌ലിം



'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്'.[1]

'അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ചുവരുന്നവർക്കും അടിമമോചനത്തിനും നൽകുകയും പ്രാർഥന മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും കരാറിലേർപ്പെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമകൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാളന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു സൂക്ഷ്മതയുള്ളവർ'[2]

'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കു ചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസികളോടും വഴിപോക്കനോടും നിങ്ങളുടെ വലതു കൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ല നിലയിൽ വർത്തിക്കുക.'[3]

'നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.'[4]

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക.'[5]

'നിങ്ങൾ സത്യം പറയണം. എന്തുകൊണ്ടെന്നാൽ സത്യം പുണ്യത്തിലേക്കും പുണ്യം സ്വർഗത്തിലേക്കും എത്തിക്കുന്നു. മനുഷ്യൻ സത്യം പറയുകയും സത്യം ശീലിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ അടുക്കൽ സത്യവാൻ എന്ന് എഴുതപ്പെടും.'[6]

'തങ്ങളുടെ അനാമത്തുകളും കരാറുകളും പാലിക്കുന്നവരും

1. ഖുർആൻ 3: 102
2. ഖുർആൻ 2: 177
3. ഖുർആൻ 4: 36
4. ഖുർആൻ 5: 8
5. ഖുർആൻ 9: 119
6. മുസ്‌ലിം

തങ്ങളുടെ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നവരുമത്രെ (ആ വിശ്വാസികൾ).'[1]

'ക്ഷമ കൈക്കൊള്ളുന്നവരും സത്യം പാലിക്കുന്നവരും ഭയഭക്തിയുള്ളവരും ചെലവഴിക്കുന്നവരും രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ (സത്യവിശ്വാസികൾ).'[2]

'സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പു നൽകുകയും ചെയ്യുന്നവർക്കു വേണ്ടി(യുള്ളതാകുന്നു സ്വർഗം). സൽക്കർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു.'[3]

'ക്ഷമ കൈക്കൊണ്ടവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം നാം നൽകുക തന്നെ ചെയ്യും.'[4]

'നിങ്ങൾ ശിക്ഷാനടപടി സ്വീകരിക്കുകയാണെങ്കിൽ (എതിരാളിയിൽ നിന്ന്) നിങ്ങളുടെ നേരെയുണ്ടായ ശിക്ഷാനടപടിക്ക് തുല്യമായ നടപടി നിങ്ങൾ സ്വീകരിച്ചുകൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ അതു തന്നെയാണ് ക്ഷമാശീലർക്ക് കൂടുതൽ ഉത്തമം.'[5]

'അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്നു വിലക്കുകയും നല്ല കാര്യങ്ങളിൽ അത്യുൽസാഹം കാണിക്കുകയും ചെയ്യും. അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു.'[6]

'പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹകരിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.'[7]

'സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.'[8]

1. ഖുർആൻ 23: 8, 9
2. ഖുർആൻ 3: 17
3. ഖുർആൻ 3: 134
4. ഖുർആൻ 16: 96
5. ഖുർആൻ 16: 126
6. ഖുർആൻ 3: 114
7. ഖുർആൻ 5: 2
8. ഖുർആൻ 49: 10



'തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽപോലും സ്വദേഹങ്ങളേക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തൻെറ മനസ്സിൻെറ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെട്ടുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചത്.'[1]

മുഹമ്മദ് നബി (സ) പറഞ്ഞു: 'സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.'[2]

'കാരുണ്യം എടുത്തുമാറ്റപ്പെടുക ഹതഭാഗ്യനിൽ നിന്നു മാത്രമാണ്.'[3]

'ഒരാൾ തന്റെ സഹോദരൻെറ അസാന്നിധ്യത്തിൽ അയാളുടെ അഭിമാന സംരക്ഷണത്തിനു വേണ്ടി പ്രയത്നിച്ചാൽ അയാളെ നരക വിമുക്തനാക്കൽ അല്ലാഹുവിൻെറ ബാധ്യതയായി.'[4]

'സൃഷ്ടികൾ അല്ലാഹുവിൻെറ ആശ്രിതരാണ്. തൻെറ ആശ്രിതർക്ക് ഉപകാരം ചെയ്തുകൊടുക്കുന്നവരാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവർ.'[5]

ദൈവദൂതൻ അശ്ലീലം പറയുകയോ നീചവൃത്തിയിലേർപ്പെടുകയോ അങ്ങാടികളിൽ കോലാഹലമുണ്ടാക്കുകയോ ചെയ്തിരുന്നില്ല. തിന്മയെ തിന്മകൊണ്ട് നേരിട്ടിരുന്നതുമില്ല. മറിച്ച് മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയുമാണ് ചെയ്തിരുന്നത്.'[6]

'നബി(സ) രോഗികളെ സന്ദർശിക്കുകയും മയ്യിത്തിനെ സംസ്കരിക്കുവാൻ കൊണ്ടുപോവുമ്പോൾ അനുഗമിക്കുകയും അടിമകളുടെ ക്ഷണം സ്വീകരിക്കുകയും കഴുതപ്പുറത്ത് യാത്ര ചെയ്യുകയും ചെയ്തിരുന്നു.'[7]

'അബ്ദുല്ലാഹിബ്നു ഹാരിസ് (റ) പറയുന്നു: 'ദൈവദൂതനേക്കാൾ (സ) അധികമായി പുഞ്ചിരി തൂകുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല.'[8]

'ലജ്ജ ഗുണമല്ലാതെ വരുത്തുകയില്ല.'[9]

1. ഖുർആൻ 59: 9
2. മാലിക്, അഹ്മദ്
3. അഹ്മദ്, തുർമുദി
4. ബൈഹഖി
5. ബൈഹഖി
6. തുർമുദി
7. ബൈഹഖി, ഇബ്നുമാജ
8. തുർമുദി
9. ബുഖാരി, മുസ്ലിം

'പുണ്യം സൽസ്വഭാവമാണ്; പാപം നിൻെറ ഹൃദയത്തിൽ സംശയം തോന്നുകയും ജനങ്ങൾ കാണുന്നത് നീ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന കാരമേതോ അതാണ്.'[1]

'സത്യവിശ്വാസി സാത്വികനും മാന്യനുമായിരിക്കും. ദൈവധിക്കാരി വഞ്ചകനും മാന്യതയില്ലാത്തവനുമായിരിക്കും.'[2]

'മൽപിടുത്തത്തിൽ അപരനെ തള്ളിയിടുന്നതിലൂടെയല്ല ശക്തനെ തീരുമാനിക്കേണ്ടത്. ദേഷ്യം വരുമ്പോൾ സ്വന്തം മനസ്സിനെ കീഴ്പ്പെടുത്തുന്നവനാണ് ശക്തൻ.'[3]

'വിൽക്കുമ്പോഴും വാങ്ങുമ്പോഴും കടം കൊടുത്തത് തിരിച്ചു ചോദിക്കുമ്പോഴും വിട്ടുവീഴ്ചാ മനസ്ഥിതി കാണിക്കുന്ന മനുഷ്യനോട് അല്ലാഹു കരുണ ചെയ്യട്ടെ.'[4]

'നിങ്ങളാരും അവനവന് ഇഷ്ടപ്പെടുന്നത് സ്വസഹോദരന്നും ഇഷ്ടപ്പെടുന്നതുവരെ യഥാർഥ വിശ്വാസിയാവുകയില്ല.'[5]

'ഏറ്റവും ശ്രേഷ്ഠമായ സമരം അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ നീതിയുടെ വാക്കു പറയലാണ്.'[6]

'നീ കറി പാകം ചെയ്യുമ്പോൾ കുറച്ചധികം വെള്ളം നീട്ടി അയൽക്കാരനെയും പരിഗണിക്കുക.'[7]

'നമ്മിൽ ചെറിയവനോട് കരുണ കാണിക്കാത്തവനും വലിയവനെ ആദരിക്കാത്തവനും നമ്മുടെ കൂട്ടത്തിലല്ല ഉൾപ്പെടുക.'[8]

'അനുവദനീയമായ സമ്പാദന മാർഗം അന്വേഷിക്കേണ്ടത് ബാധ്യതക്ക് ശേഷമുള്ള ബാധ്യതയാണ്.'[9]

'ക്ഷമയേക്കാൾ ഉത്തമവും വിശാലവുമായ ഒരു ദാനം ഒരാൾക്കും നൽകപ്പെട്ടിട്ടില്ല.'[10]

'അല്ലാഹു നിങ്ങളുടെ രൂപത്തിലേക്കോ സമ്പത്തിലേക്കോ അല്ല

1. മുസ്‌ലിം
2. അഹ്മദ്, തുർമുദി, അബൂദാവൂദ്
3. ബുഖാരി, മുസ്‌ലിം
4. ബുഖാരി
5. ബുഖാരി, മുസ്‌ലിം
6. അബൂദാവൂദ്, തുർമുദി
7. മുസ്‌ലിം
8. അബൂദാവൂദ്, തുർമുദി
9. ബൈഹഖി
10. ബുഖാരി, മുസ്‌ലിം



നോക്കുന്നത്. അവൻ നോക്കുന്നത് നിങ്ങളുടെ മനസ്സിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ്.'[1]

'നിനക്ക് ആരോഗ്യമുണ്ടായിരിക്കുകയും നിന്നെ പിശുക്ക് ബാധിക്കുകയും നീ ദാരിദ്ര്യത്തെ ഭയപ്പെടുകയും സമ്പന്നതയെ കാംക്ഷിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ നീ ചെയ്യുന്ന ദാനമാണ് ഏറ്റവുമധികം പ്രതിഫലം ലഭിക്കുന്ന ദാനം.'[2]

'ജീവിച്ചിരിക്കുന്ന കാലത്ത് ഒരു ദിർഹം ദാനം ചെയ്യുന്നത് മരിക്കാൻ നേരത്ത് നൂറു ദിർഹം ദാനം ചെയ്യുന്നതിനേക്കാൾ എത്രയോ ഉത്തമാണ്.'[3]

'രണ്ടു കാര്യങ്ങൾ സത്യവിശ്വാസിയിൽ ഒരുമിച്ചുകൂടുകയില്ല: പിശുക്കും ദുഃസ്വഭാവവും.'[4]

'ചതിയനും പിശുക്കനും ചെയ്ത ഉപകാരങ്ങൾ എടുത്തുപറയുന്നവനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.'[5]

സ്വഭാവങ്ങളിലും പെരുമാറ്റത്തിലും വിശുദ്ധനും സംസ്കൃതനുമായിരിക്കുന്നതോടൊപ്പം തന്നെ സ്വന്തം ശരീരത്തോടുള്ള ബാധ്യതകൾ നിർവഹിക്കുന്നവനായിരിക്കണം മുസ്‌ലിം എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിട്ടുള്ളത്. സ്വശരീരത്തെ അവഗണിക്കുകയും പീഡിപ്പിക്കുകയും ചെയ്തുകൊണ്ട് മോക്ഷം നേടുക എന്ന സങ്കൽപം ഇസ്‌ലാമിന് തീർത്തും അന്യമാണ്. ആരാധനാകാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന അംറുബ്നുൽ ആസി(റ)നോട് പ്രവാചകൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. 'നീ പകൽ നോമ്പെടുക്കുകയും നോമ്പെടുക്കാതിരിക്കുകയും ചെയ്യുക. രാത്രി ഉറങ്ങുകയും നമസ്കരിക്കുകയും ചെയ്യുക. കാരണം നിൻെറ ശരീരത്തോട് നിനക്ക് ബാധ്യതയുണ്ട്. നിൻെറ കണ്ണുകളോട് നിനക്ക് ബാധ്യതയുണ്ട്. നിൻെറ ഭാര്യയോട് നിനക്ക് ബാധ്യതയുണ്ട്. നിൻെറ സന്ദർശകരോടും നിനക്ക് ബാധ്യതയുണ്ട്.'[6]

ഭക്ഷണത്തിൻെറയും വസ്ത്രത്തിൻെറയും വിനോദങ്ങളുടെയുമെല്ലാം കാര്യത്തിൽ മിതത്വം പാലിക്കുവാനാണ് പ്രവാചകൻ (സ)

1. മുസ്‌ലിം
2. ബുഖാരി, മുസ്‌ലിം
3. അബൂദാവൂദ്
4. തുർമുദി
5. തുർമുദി
6. ബുഖാരി, മുസ്‌ലിം

പഠിപ്പിച്ചിരിക്കുന്നത്. അവ തീർത്തും ഉപേക്ഷിച്ചുകൊണ്ട് മാത്രമെ ദൈവപ്രീതി കരസ്ഥമാക്കുവാൻ സാധിക്കുകയുള്ളൂവെന്ന വിശ്വാസത്തിനും ഭൗതികവിഭവങ്ങളിൽ അത്യാർത്തി കാണിക്കുന്ന അമിതത്വത്തിനും മധ്യെ ഇസ്‌ലാമിൻെറ മിതത്വം സ്ഥിതിചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു. 'മധ്യമമായതാണ് കാര്യങ്ങളിൽ ഉത്തമം.'[1]

ഭക്ഷണപാനീയങ്ങളിൽ അല്ലാഹു നിരോധിച്ച ചിലതുണ്ട്. മദ്യം, ശവം, പന്നിമാംസം, രക്തം, ദൈവനാമത്തിലല്ലാതെ അറുക്കപ്പെട്ടത് തുടങ്ങിയവയാണ് നിഷിദ്ധമായ ഭക്ഷണപാനീയങ്ങൾ. ഇവ ഉപയോഗിക്കാൻ മുസ്‌ലിംകൾക്ക് പാടില്ലാത്തതാകുന്നു. അതല്ലാത്ത ഭക്ഷ്യവസ്തുക്കളിൽ നിന്ന് ഉത്തമമായത് ഭക്ഷിക്കുവാനാണ് ഖുർആനിൻെറ കൽപ്പന. 'മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക.'[2]

'സത്യവിശ്വാസികളേ നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക'.[3]

ഭക്ഷണ പാനീയങ്ങളിൽ വിശിഷ്ടമായത് ഉപയോഗിക്കുവാൻ കൽപിക്കുന്ന ഖുർആൻ അവയുടെ ഉപയോഗത്തിലുള്ള അമിതത്വത്തെ വിമർശിക്കുകയകും ചെയ്യുന്നുണ്ട്. 'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'[4]

മനുഷ്യർ മാന്യമായി വസ്ത്രം ധരിക്കണമെന്നാണ് ഇസ്‌ലാമിൻെറ കൽപ്പന. വസ്ത്രം നഗ്നത മറയ്ക്കുവാനും അലങ്കാരത്തിനുമുള്ളതാണല്ലോ. വ്യത്യസ്ത രീതികളിൽ അണിയാവുന്ന വസ്ത്രങ്ങൾ അല്ലാഹുവിൻെറ അനുഗ്രഹമാണെന്നാണ് ഖുർആനിൻെറ അധ്യാപനം. 'ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ നഗ്നനത മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു. ധർമനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണ് ഏറ്റവും ഉത്തമം'[5].

'നിങ്ങളെ ചൂടിൽ നിന്നു കാത്തുരക്ഷിക്കുന്ന ഉടുപ്പുകളും നിങ്ങൾ

1. ബൈഹഖി
2. ഖുർആൻ 2: 168
3. ഖുർആൻ 2: 172
4. ഖുർആൻ 7: 31
5. ഖുർആൻ 7: 26



അന്യോന്യം നടത്തുന്ന ആക്രമണങ്ങളിൽ നിന്ന് നിങ്ങളെ കാത്തുരക്ഷിക്കുന്ന കവചങ്ങളും അവൻ നിങ്ങൾക്കു നൽകിയിരിക്കുന്നു. അപ്രകാരം അവൻെറ അനുഗ്രഹം അവൻ നിങ്ങൾക്ക് നിറവേറ്റിത്തരുന്നു. നിങ്ങൾ (അവന്ന്) കീഴ്പ്പെടുന്നതിന് വേണ്ടി.'[1]

വസ്ത്രധാരണത്തിലെ അമിതത്വത്തെയും അഹങ്കാരത്തെയും ഇസ്‌ലാം വിമർശിക്കുന്നുണ്ട്. പ്രവാചകൻ (സ) പറഞ്ഞു. 'നിങ്ങൾ തിന്നുകയും കുടിക്കുകയും ധർമം ചെയ്യുകയും വസ്ത്രം ധരിക്കുകയും ചെയ്തുകൊള്ളുക; അതിര് കവിയലോ അഹങ്കാരമോ തീണ്ടാത്തേടത്തോളം.'[2]

വസ്ത്രധാരണത്തിൻെറ പരമ പ്രധാനമായ ലക്ഷ്യം നഗ്നത മറക്കുകയാണ്. സ്ത്രീകളുടെ നഗ്നതാ പ്രദർശനമാണ് സമൂഹത്തിലെ ലൈംഗികകുറ്റകൃത്യങ്ങളുടെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്നെന്ന് സാമൂഹ്യ ശാസ്ത്രജ്ഞന്മാൻ വിധിയെഴുതിയിരിക്കുന്ന ഇന്ന് ഇസ്‌ലാമിൻെറ വസ്ത്രധാരണ സമ്പ്രദായത്തിൻെറ പ്രസക്തി വർധിച്ചുവരികയാണ്. മുഖവും മുൻകൈയുമൊഴിച്ച് ബാക്കി ശരീരഭാഗങ്ങളൊന്നും തന്നെ സ്ത്രീ അന്യപുരുഷന്മാരുടെ മുമ്പിൽ പ്രദർശിപ്പിക്കരുതെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് കാണുക. 'സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്കു മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ'[3]

പ്രവാചകൻ (സ) പറഞ്ഞു: 'പ്രായപൂർത്തിയായ സ്ത്രീയുടെ മുഖവും മുൻകൈയുമൊഴിച്ചുള്ള ശരീരഭാഗങ്ങളൊന്നും പുറത്തുകാണുന്നത് ശരിയല്ല.'[4]

മാനസികവും ശാരീരികവുമായ ഉല്ലാസത്തിനുതകുന്ന വിനോദങ്ങൾ ഇസ്‌ലാം അനുവദിക്കുകയും അവ ഒരിക്കലും അതിരുകവിയരുതെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. ദൈവബോധത്തിൽ നിന്ന് മനുഷ്യരെ അകറ്റുകയും ധാർമികമായി അവരെ അധഃപതിപ്പി

1. ഖുർആൻ 16: 81
2. അഹ്മദ്, നസാഈ, ഇബ്നുമാജ
3. ഖുർആൻ 24: 31
4. അബൂദാവൂദ്

ക്കുകയും ചെയ്യുന്ന വിനോദങ്ങളോ തമാശകളോ ഇസ്‌ലാം അനുവദിക്കുന്നില്ല. എന്നാൽ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനുതകുന്ന വിനോദങ്ങളെ പ്രവാചകൻ (സ) നിരോധിച്ചിരുന്നില്ലെന്ന് കാണാനാവും. ഐഹികജീവിതത്തിൻെറ ഒരു പ്രത്യേകതയായിക്കൊണ്ടാണ് ഖുർആൻ വിനോദങ്ങളെ കാണുന്നത്. വിശുദ്ധഖുർആൻ പറയുന്നത് കാണുക. 'ഈ ഐഹിക ജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോകം തന്നെയാണ് യഥാർഥ ജീവിതം. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!'[1]

പ്രവാചകൻ പഠിപ്പിച്ചു: 'നിങ്ങൾ കളിക്കുകയും വിനോദിക്കുകയും ചെയ്യുക. നിങ്ങളുടെ മതത്തിൽ കാർക്കശ്യമനുഭവപ്പെടുന്നത് ഞാൻ വെറുക്കുന്നു.'[2]

പ്രവാചകൻ (സ) കായികാഭ്യാസങ്ങളെ പ്രോൽസാഹിപ്പിക്കുകയും അഭ്യാസപ്രകടനങ്ങൾക്ക് മദീനയിലെ പ്രവാചകൻ പള്ളിയിൽ സൗകര്യമേർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു.[3] വിവാഹാവസരങ്ങളിലും പെരുന്നാൾ ദിവസങ്ങളിലും പ്രത്യേകമായ വിനോദങ്ങളെയും തമാശകളെയും പ്രവാചകൻ(സ) പ്രോൽസാഹിപ്പിച്ചിരുന്നു. ഇസ്‌ലാം രണ്ട് ആഘോഷദിവസങ്ങൾ അനുവദിച്ചിരിക്കുന്നത് വിനോദിക്കുവാനും സന്തോഷിക്കുവാനുമാണല്ലോ. പെരുന്നാൾ ദിവസം പ്രവാചകസന്നിധിയിലിരുന്ന് കൈകൊട്ടി പാട്ടുപാടുകയായിരുന്ന പെൺകുട്ടികളെ തടയാൻ ശ്രമിച്ച അബൂബക്കറി(റ)നോട് പ്രവാചൻ പറഞ്ഞത് 'അവരെ വിട്ടേക്കൂ അബൂബക്കർ, ഇത് ആഘോഷദിവസമല്ലേ'[4] എന്നായിരുന്നു. വിവാഹത്തിന് പാട്ടുപാടാൻ പെൺകുട്ടികളെ വിട്ടുകൊടുക്കാനായി സ്വപത്നി ആയിശ(റ)യോട് പ്രവാചകൻ പറഞ്ഞതായി ഉദ്ധരിക്കപെടുന്ന ഹദീസിൽ[5] നിന്ന് കളിയും വിനോദവുമെല്ലാം ഇസ്‌ലാം അനുവദിക്കുന്നുവെന്ന് വ്യക്തമാവുന്നു.

എന്നാൽ ദൈവമാർഗത്തിൽ നിന്ന് മനുഷ്യരെ തെറ്റിച്ചുകളയുന്ന വിനോദങ്ങളെ ശക്തമായ ഭാഷയിൽ തന്നെ വിശുദ്ധഖുർആൻ വിമർശിക്കുന്നുണ്ട്. 'യാതൊരു അറിവുമില്ലാതെ ദൈവമാർഗത്തിൽ

1. ഖുർആൻ 29: 64
2. ബൈഹഖി
3. ബുഖാരി
4. ബുഖാരി, മുസ്‌ലിം
5. ഇബ്നുമാജ



നിന്ന് ജനങ്ങളെ തെറ്റിച്ചുകളയുവാനും അതിനെ പരിഹാസ്യമാക്കിത്തീർക്കുന്നതിന്നും വേണ്ടി വിനോദവാർത്തകൾ വിലക്കുവാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്ക് അപമാനകരമായ ശിക്ഷയാണുള്ളത്.[1]

സദ്ഗുണങ്ങളും സൽസ്വഭാവവും എങ്ങനെ മാനവികതയെ ദീപ്തമാക്കുന്നുവോ അതിന്ന് നേരെ വിപരീതമായ ദുർഗുണങ്ങളും ദുഃസ്വഭാവവും മാനവികതയെ തളർത്തുകയും പൈശാചിക ഭാവം വളർത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ദുർഗുണങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നത് 'തഖ്‌വ'യുടെ ഭാഗം തന്നെയാണ്. അഹങ്കാരം, അസൂയ, കള്ളംപറയൽ, പരദൂഷണം, സ്വാർഥത, മദ്യപാനം, വ്യഭിചാരം തുടങ്ങിയവയെല്ലാം പിശാചിൻെറ പ്രേരണയിൽ നിന്നുണ്ടാവുന്ന ദുർഗുണങ്ങളാണ്. ഇവയിൽ നിന്ന് സംശുദ്ധമാവേണ്ടത് ഒരു വിശ്വാസിയുടെ കടമയാണ്. അപ്പോൾ മാത്രമാണ് ഒരാൾ യഥാർഥ മുസ്‌ലിം ആയിത്തീരുന്നത്.

ഏതാനും ഖുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളും കാണുക:

'നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാവില്ല. തീർച്ച.'[2]

'നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിൻെറ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും ചെയ്യരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ ഒരാളേയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.'[3]

'നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള വാസസ്ഥലം.'[4]

'ഒരു അണുമണിത്തൂക്കം അഹംഭാവം ഹൃദയത്തിലുള്ള യാതൊരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.'[5]

'സത്യവിശ്വാസികളേ, ഒരു ജനിവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരേക്കാൾ നല്ലവരായിരുന്നേക്കാം.'[6]

1. ഖുർആൻ 31: 6
2. ഖുർആൻ 17: 37
3. ഖുർആൻ 31: 18
4. ഖുർആൻ 39: 60
5. മുസ്‌ലിം
6. ഖുർആൻ 49: 11

‘നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്തപക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ.’[1]

‘സത്യവിശ്വാസികളേ, ഊഹത്തിൽ നിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ച് പറയുകയും അരുത്. തൻെറ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.’[2]

‘നിങ്ങളുടെ പൂർവസമുദായങ്ങളുടെ രോഗം നിങ്ങളിലേക്കും നുഴഞ്ഞെത്തിയിരിക്കുന്നു. അസൂയയും വിദ്വേഷവുമാണത്. അത് മുണ്ഡനം ചെയ്തുകളയും; മുടി മുണ്ഡനം ചെയ്തുകളയുമെന്നല്ല പറയുന്നത്. മതത്തെ മുണ്ഡനം ചെയ്തുകളയുമെന്ന്.’[3]

‘കോപം പൈശാചികമാണ്.’[4]

‘മുസ്ലിമിനെ പഴിക്കൽ ദുർവൃത്തിയും അവനോട് യുദ്ധം ചെയ്യൽ അവിശ്വാസവുമാണ്.’[5]

‘ഏഷണിക്കാരൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.’[6]

‘നാലു കാര്യങ്ങൾ ആരിലെങ്കിലുമുണ്ടായാൽ അയാൾ തനി കപടവിശ്വാസിയായി. അവയിൽ ഒരു കാര്യമാണ് ഒരാളിലുണ്ടായതെങ്കിൽ അതൊഴിവാക്കുന്നതുവരെ കാപട്യത്തിൻെറ ഒരു അടയാളം അയാളിലുണ്ടായിരിക്കും. വിശ്വസിച്ചാൽ ചതിക്കുക. സംസാരിച്ചാൽ കള്ളം പറയുക, കരാർ ചെയ്താൽ വഞ്ചിക്കുക, പിണങ്ങിയാൽ തെറി വിളിച്ചുപറയുക-ഇവയാണാ കാര്യങ്ങൾ.’[7]

1. ഖുർആൻ 49: 11
2. ഖുർആൻ 49: 12
3. അഹ്മദ്, തിർമുദി,
4. അബൂദാവൂദ്
5. ബുഖാരി, മുസ്ലിം
6. ബുഖാരി, മുസ്ലിം
7. ബുഖാരി, മുസ്ലിം



‘നിൻെറ സഹോദരൻ നിന്നെ വിശ്വസിക്കുന്ന ഒരു കാര്യത്തിൽ നീ അവനോട് കളവു പറയുകയെന്നത് കൊടുംവഞ്ചനയാണ്.’[1]

‘ആരെങ്കിലും ഒരു ചാൺ ഭൂമി അക്രമിച്ചുകൈവശപ്പെടുത്തിയാൽ (പരലോകത്ത്) അത് ഏഴു ഭൂമിയിൽ നിന്നുമെടുത്ത് അവൻെറ കഴുത്തിലിടും.’[2]

‘കൊടുത്ത ദാനം തിരിച്ചു വാങ്ങുന്നവൻ ഛർദിച്ചതു തിന്നുന്ന നായയെപ്പോലെയാകുന്നു.’[3]

‘ധനികന്മാരെ മാത്രം ക്ഷണിക്കുകയും ദരിദ്രന്മാർ അവഗണിക്കപ്പെടുകയും ചെയ്യുന്ന സദ്യയുടെ ഭക്ഷണം വളരെ മോശപ്പെട്ട ഭക്ഷണമാണ്.’[4]

‘ആരെങ്കിലും സമ്പാദിക്കുവാൻ വേണ്ടി യാചന നടത്തുകയാണെങ്കിൽ തീക്കട്ടയാണ് അയാൾ യാചിച്ചു വാങ്ങുന്നത്.’[5]

‘വല്ലവനും കീർത്തി ലാക്കാക്കിയാൽ അല്ലാഹു അവനെ അപകീർത്തിപ്പെടുത്തും. വല്ലവനും പുറമെ കാണിക്കാൻ കർമം ചെയ്താൽ അവനാഗ്രഹിക്കാത്ത വിധത്തിൽ അല്ലാഹു അവനെ കാണിക്കും.’[6]

‘വിനാശകരമായ ഏഴു പാപങ്ങൾ നിങ്ങൾ വർജ്ജിക്കുക. അല്ലാഹുവോട് പങ്കു ചേർക്കുക, മാരണം ചെയ്യുക, അല്ലാഹു ആദരിച്ച ജീവനെ അന്യായമായി കൊലപ്പെടുത്തുക, പലിശ തിന്നുക, അനാഥയുടെ ധനം തിന്നുക, ഘോരയുദ്ധം നടക്കുമ്പോൾ പിന്തിരിഞ്ഞോടുക, പതിവ്രതകളും സത്യവിശ്വാസിനികളും ദുർന്നടപ്പെന്തെന്നറിയാത്തവരുമായ സ്തീകളെപ്പറ്റി കുറ്റാരോപണം ഉന്നയിക്കുക, ഇവയാണവ.’[7]

‘അല്ലാഹു തൻെറ അനുഗ്രത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്കു കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അതവർക്ക് ദോഷകരമാണ്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്.’[8]

1. അബൂദാവൂദ്
2. ബുഖാരി, മുസ്ലിം
3. ബുഖാരി, മുസ്ലിം
4. ബുഖാരി, മുസ്ലിം
5. മുസ്ലിം
6. ബുഖാരി, മുസ്ലിം
7. ബുഖാരി, മുസ്ലിം
8. ഖുർആൻ 3: 180

'പിശുക്ക് കാണിക്കുകയും പിശുക്ക് കാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും തങ്ങൾക്ക് അല്ലാഹു അവൻെറ ഔദാര്യം കൊണ്ട് നൽകിയ അനുഗ്രഹം മറച്ചുവെക്കുകയും ചെയ്യുന്നവരാണവർ. ആ നന്ദികെട്ടവർക്ക് അപമാനകരമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിരിക്കുന്നത്.'[1]

'ജനങ്ങളെ കാണിക്കാൻ വേണ്ടി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവരും അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വാസമില്ലാത്തവരുമാണവർ. പിശാചാണ് ഒരാളുടെ കൂട്ടുകാരനാവുന്നതെങ്കിൽ അവൻ എത്ര ദുഷിച്ച കൂട്ടുകാരൻ.'[2]

'അസൂയാലു അസൂയപ്പെടുമ്പോൾ അവൻെറ കെടുതിയിൽ നിന്നും (ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു).'[3]

'അക്രമം സൂക്ഷിക്കുക, അക്രമം അന്ത്യദിനത്തിൽ ഇരുളുകളായിരിക്കും. പിശുക്കിനെയും സൂക്ഷിക്കുക. കാരണം പിശുക്ക് മുമ്പുള്ളവരെ നശിപ്പിച്ചിട്ടുണ്ട്. പരസ്പരം രക്തം ചിന്തുവാനും നിഷിദ്ധമായത് അനുവദനീയമാക്കുവാനും അതവരെ പ്രേരിപ്പിക്കുകയുണ്ടായി.'[4]

'അല്ലാഹുവിൻെറ പേരിൽ ചോദിച്ചിട്ടും കൊടുക്കാൻ കൂട്ടാക്കാത്തവനാണ് ജനങ്ങളിൽ ഏറ്റവും തരംതാണവൻ.'[5]

വിശുദ്ധഖുർആനിലും പ്രവാചകചര്യയിലും നിഷ്കർഷിച്ചിരിക്കുന്ന വിധിവിലക്കുകൾ പാലിച്ചുകൊണ്ട് ജീവിക്കുമ്പോൾ വ്യക്തിയിൽ മനുഷ്യത്വത്തിൻെറ പൂർണമായ പ്രകാശനം സാധ്യമാവുന്നു. അങ്ങനെ അയാൾ മുസ്‌ലിമാകുന്നു. ദൈവത്തിന് സ്വയംസമർപ്പിക്കുക വഴി വിമലീകരിക്കപ്പെട്ട വ്യക്തിയാണ് മുസ്‌ലിം. ഇസ്‌ലാമിക ജീവിതം നയിക്കുന്ന വ്യക്തി കുടുംബത്തിലെത്തുമ്പോൾ കുടുംബവും സമൂഹത്തിലെത്തുമ്പോൾ സമൂഹവും രാഷ്ട്രത്തിലെത്തുമ്പോൾ രാഷ്ട്രവും പരിവർത്തിതമാവുന്നു. അവ യഥാർഥമായ മാനവികതയിലെത്തിച്ചേരുന്നു. അതാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്ന വിപ്ലവം.'

1. ഖുർആൻ 4: 37
2. ഖുർആൻ 4: 38
3. ഖുർആൻ 113: 5
4. മുസ്‌ലിം
5. അഹ്മദ്

# പതിനെട്ട്

## കുടുംബ ജീവിതം

സമൂഹത്തിൻെറ കൊച്ചുരൂപമാണ് കുടുംബം. സാമൂഹ്യജീവിതത്തിൻെറ ബാലപാഠങ്ങൾ ഒരാൾ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. കുടുംബബന്ധത്തിൻെറ അടിസ്ഥാനം ദാമ്പത്യജീവിതമാണ്. മനുഷ്യസമൂഹത്തിൻെറ നിലനിൽപ്പിൻെറ അടിസ്ഥാനമായ ദാമ്പത്യജീവിതത്തെ ഒരു ദൈവാനുഗ്രഹമായിട്ടാണ് വിശുദ്ധഖുർആൻ പരിചയപ്പെടുത്തുന്നത്. 'അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും, അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. നിൻെറ രക്ഷിതാവ് കഴിവുള്ളവനാകുന്നു.'[1]

'അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെ ഇണകളെ ഉണ്ടാക്കുകയും നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രന്മാരെയും പൗത്രന്മാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അവർ അസത്യത്തിൽ വിശ്വസിക്കുകയും അല്ലാഹുവിൻെറ അനുഗ്രഹങ്ങളെ നിഷേധിക്കുകയുമാണോ ചെയ്യുന്നത്.'[2]

വിവാഹമാണ് കുടുംബബന്ധത്തിൻെറ അടിത്തറ. വിവാഹേതരമായ യാതൊരു ലൈംഗികബന്ധങ്ങളും ഇസ്‌ലാം അനുവദിക്കുന്നില്ല. സദാചാരത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം വളരെ വലു

1. ഖുർആൻ 25: 54
2. ഖുർആൻ 16: 72

താണ്. വിവാഹേതരബന്ധങ്ങൾ നിഷിദ്ധമാണെന്ന കേവലമായ നിയമമുണ്ടാക്കിവെക്കുക മാത്രമല്ല, പ്രത്യുത അത്തരം മ്ലേച്ഛതകൾക്ക് പ്രേരിപ്പിക്കുന്ന സകലവിധ സാഹചര്യങ്ങളും ഉന്മൂലനം ചെയ്യാനാവശ്യമായ സാമൂഹ്യനിയമങ്ങൾ നിർമിക്കുക കൂടി ഇസ്ലാം ചെയ്തിട്ടുണ്ട്. സ്ത്രീകൾ തങ്ങളുടെ സൗന്ദര്യം പ്രദർശനവസ്തുവാക്കരുതെന്ന ഇസ്ലാമിൻെറ കൽപന അവയിലൊന്നാണ്. മുഖവും മുൻകൈയുമൊഴിച്ച ശരീരഭാഗങ്ങളൊന്നും തന്നെ അന്യപുരുഷന്മാർക്കു മുന്നിൽ പ്രദർശിപ്പിക്കുവാൻ പാടില്ലെന്നാണ് ഇസ്ലാമിൻെറ അനുശാസന. 'പഴയ അജ്ഞാതകാലത്തെ സൗന്ദര്യപ്രകടനം പോലെയുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്'[1] എന്ന ഖുർആനികകൽപനയെ വിശദീകരിച്ചുകൊണ്ട് പ്രവാചകൻ (സ) പഠിപ്പിച്ചു: സ്ത്രീയുടെ മുഖവും മുൻകൈയുമല്ലാത്തെ പുറത്തുകാണുന്നത് ശരിയല്ല.'[2] അശ്ലീല പ്രസിദ്ധീകരണങ്ങളും പോസ്റ്ററുകളും ചലച്ചിത്രങ്ങളും പെണ്ണിനെ വിറ്റ് കാശാക്കുന്ന മീഡിയകളുമാണ് യുവാക്കളുടെ ധർമച്യുതിക്ക് കാരണമെന്ന് സാമൂഹ്യശാസ്ത്രജ്ഞന്മാർ വിധിയെഴുതിയിരിക്കുന്ന ഇന്ന് ഇസ്ലാമിൻെറ ഈ നിർദേശത്തിൻെറ പ്രസക്തി കൂടുതൽ വ്യക്തമാവുകയാണ് ചെയ്യുന്നത്.

ലൈംഗികവികാരം മനുഷ്യസഹജമത്രെ. പ്രസ്തുത വികാരത്തിൻെറ പരിപൂർത്തി പ്രായപൂർത്തിയായ ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്നതാണ്. ഈ മാനവചോദനയെ അംഗീകരിക്കുക മാത്രമല്ല, വിവാഹം ചെയ്യുന്നത് ഒരു പുണ്യകർമമായി പരിചയപ്പെടുത്തുക കൂടി ചെയ്യുന്നുണ്ട് ഇസ്ലാം. ബ്രഹ്മചര്യത്തെ വിമർശിക്കുകയും വിവാഹത്തെ ശക്തമായി പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന ഇസ്ലാം ഇക്കാര്യത്തിൽ സംഘടിതമതങ്ങളിൽ നിന്നെല്ലാം വ്യതിരിക്തത പുലർത്തുന്നു. പ്രവാചകാനുയായിയായ അനസ് (റ) പറയുന്നത് കാണുക: 'നബി (സ) ഞങ്ങളോട് വിവാഹം കഴിക്കുവാൻ കൽപിക്കുകയും ബ്രഹ്മചര്യമനുഷ്ഠിക്കുന്നത് ശക്തിയായി നിരോധിക്കുകയും ചെയ്തിരിക്കുന്നു.'[3] 'വിവാഹം കഴിക്കുന്നതോടെ ഒരാളുടെ മതത്തിൻെറ പകുതി പൂർത്തിയായി-ബാക്കി പകുതിയിൽ അയാൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ.'[4]

1. ഖുർആൻ 33: 33
2. അബൂദാവൂദ്
3. അഹ്മദ്
4. ബൈഹഖി



വിവാഹബന്ധത്തിന് സൗന്ദര്യത്തെക്കാളും സമ്പത്തിനെക്കാളും തറവാടിത്തത്തെക്കാളുമെല്ലാം പരിഗണിക്കപ്പെടേണ്ടത് സദാചാരബോധമാണെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. 'സ്ത്രീയെ സാധാരണയായി നാലുകാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് വിവാഹം ചെയ്യാറുള്ളത്. അവളുടെ സ്വത്ത്, സൗന്ദര്യം, തറവാടിത്തം, മതനിഷ്ഠ എന്നിവയാണവ. എന്നാൽ മതനിഷ്ഠയുള്ളവരെ തെരഞ്ഞെടുത്തുകൊള്ളുക.'[1]

സദാചാരബോധമുള്ള ഇണകൾക്ക് മാത്രമെ കെട്ടുറപ്പുള്ള ഒരു കുടുംബത്തിന് രൂപം നൽകാൻ സാധിക്കൂ. സന്തോഷത്തിലും സമാധാനത്തിലുമധിഷ്ഠിതമായ കുടുംബബന്ധത്തിന് സദാചാരബോധം അനിവാര്യമാണെന്ന വസ്തുത ഇന്നെല്ലാവരും സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യസംസ്കാരം വിഭാവനം ചെയ്ത സദാചാരരഹിതമായ ലൈംഗികബന്ധങ്ങൾ ഇന്ന് ആ സമൂഹത്തിൻെറ നാശത്തിലാണ് എത്തിച്ചിരിക്കുന്നത്. വൻനഗരങ്ങളിൽ ഇന്ന് പിറന്നുവീഴുന്ന കുഞ്ഞുങ്ങളിൽ പകുതിയിലധികവും ജാരസന്തതികളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുടുംബ വ്യവസ്ഥ മരണ ശയ്യയിൽ കിടക്കുകയാണവിടെ[2]. കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ അവസ്ഥയും തെല്ലും ഭേദമല്ല. കുടുംബവും സദാചാരവുമെല്ലാം ബൂർഷ്വാ മുൻവിധികൾ മാത്രമാണെന്ന 'മാനിഫെസ്റ്റോ'യുടെ തത്ത്വത്തിനുമേൽ സ്ഥാപിതമായ രാഷ്ട്രത്തിൽ സദാചാരബോധം എത്രത്തോളമുണ്ടാകുമെന്ന് നമുക്ക് ചിന്തിച്ചാൽ മതി. സോവിയറ്റ് യൂനിയനിലെ യുവാക്കളിലധികവും വിവാഹേതര ലൈംഗികബന്ധങ്ങളിലേർപ്പെടുന്നവരാണെന്നും അതിനാൽ തന്നെ അവിടെ കുടുംബം തകർന്നുകൊണ്ടിരിക്കുകയാണെന്നും ഗ്ലാസ്നോസ്റ്റിനുമുമ്പുതന്നെ ലോകത്തിന് അറിവായിരുന്നു. കുടുംബത്തിൻെറ ആദരണീയത അതിൻെറ സമ്പൂർണമായ അർഥത്തിൽ നിലനിൽക്കുന്നത് ഇസ്ലാമിക ലോകത്ത് മാത്രമാണ്. അതിന്നുള്ള കാരണം ഇസ്ലാമിൻെറ ഖണ്ഡിതമായ സദാചാരനിയമങ്ങളത്രെ.

സ്ത്രീയുടെ പിതാവ് പുരുഷന് തൻെറ മകളെ ഏൽപ്പിച്ചുകൊടുക്കുകയും പുരുഷൻ അത് ഏറ്റെടുക്കുകയും ചെയ്യുന്ന ലളിതമായൊരു ചടങ്ങാണ് ഇസ്ലാമിലെ വിവാഹം. വിവാഹാവസരത്തിൽ പുരു

1. ബുഖാരി, മുസ്ലിം
2. (William-F-Kenkle: The Family Perspective Capter 5)

ഷൻ സ്ത്രീക്ക് വിവാഹമൂല്യം (മഹ്റ്) നൽകേണ്ടതുണ്ടെന്ന് ഇസ്‌ലാം കൽപിക്കുന്നു. സ്ത്രീയുടെ പിതാവ് പുരുഷന് ധനമോ മറ്റോ നൽകുന്ന സ്ത്രീധനസമ്പ്രദായവുമായി ഇസ്‌ലാമിന് യാതൊരു ബന്ധവുമില്ല. സ്ത്രീധനസമ്പ്രദായം അനിസ്‌ലാമികമത്രെ.

വിവാഹത്തോടുകൂടി നിലവിൽ വരുന്ന കുടുംബബന്ധത്തെ പരിപാവനവും പരിശുദ്ധവുമായ ദൈവികദൃഷ്ടാന്തമായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. 'നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിന്നായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.'[1]

ഭാര്യാ-ഭർതൃബന്ധത്തെ വളരെ സുന്ദരമായ ഒരു ഉപമയിലൂടെ വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത് കാണുക: 'അവർ നിങ്ങൾക്കും നിങ്ങൾ അവർക്കുമുള്ള വസ്ത്രങ്ങളാകുന്നു.'[2] ഇണകൾ പരസ്പരം വസ്ത്രങ്ങളാണെന്ന ഉപമ ഭാര്യാ-ഭർതൃബന്ധത്തിൻെറ അപാരമായ സാധ്യതകളെയും ബാധ്യതകളെയും ഒരേസമയം ദ്യോതിപ്പിക്കുന്നതാണ്. വസ്ത്രം നഗ്നത മറയ്ക്കുവാനുള്ളതാണ്; സൗന്ദര്യത്തിൻെറ പ്രകടനമാണ്; വ്യക്തിത്വത്തിൻെറ പ്രകാശനമാണ്; ശാരിരിക സംരക്ഷണത്തിനാവശ്യമായ കവചമാണ്. ഇതേപോലെ ഇണകൾ ഓരോരുത്തരും മറ്റെയാളുടെ രഹസ്യം സൂക്ഷിക്കുന്നവരായിരിക്കണം. ഒരാളുടെ വ്യക്തിത്വത്തിന് അപകീർത്തിയുണ്ടാക്കുന്ന പ്രവർത്തനം മറ്റെയാളുടെ ജീവിതത്തിൽ ഉണ്ടായിക്കൂടാ. ഒരാളുടെ ജീവിതത്തിലെ പോരായ്മകൾ മറച്ചുവെക്കാനും നികത്തുവാനും മറ്റെയാൾക്ക് കഴിയണം. അവർ എല്ലാ കാര്യങ്ങളിലും പരസ്പരം സംരക്ഷിക്കുന്നവരായിരിക്കണം.

ദാമ്പത്യ ജീവിത്തിലേക്ക് വെളിച്ചമേകുന്ന ഏതാനും പ്രവാചക നിർദേശങ്ങൾ കാണുക.

'മനുഷ്യന് നിക്ഷേപിച്ചു വെക്കാവുന്നതിൽ ഏറ്റവും നല്ലത് എന്താണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞു തരട്ടെയോ? നല്ല ഒരു ഭാര്യ-നോക്കിയാൽ സന്തോഷം നൽകുന്ന, കൽപിച്ചാൽ അനുസ

1. ഖുർആൻ 30: 21
2. ഖുർആൻ 2: 187



രിക്കുന്ന, ഭർത്താവിൻെറ അഭാവത്തിൽ അയാൾക്ക് അവകാശപ്പെട്ടതെല്ലാം സൂക്ഷിക്കുന്ന ഭാര്യ'[1].

'വാരിയെല്ലുകൊണ്ട്-ഏറ്റവും വളഞ്ഞ മീതെയുള്ള വാരിയെല്ലുകൊണ്ട്-ആണ് സ്ത്രീയെ സൃഷ്ടിച്ചിരിക്കുന്നത്. ആകയാൽ അത് നിവർത്താൻ പോയാൽ പൊട്ടിക്കേണ്ടിവരികയെന്നതാവും ഫലം. ഉള്ളതുപോലെത്തന്നെ വിടുകയാണെങ്കിൽ വളഞ്ഞുകൊണ്ടേയിരിക്കുകയും ചെയ്യും. അതിനാൽ സ്ത്രീകളോട് നല്ലനിലയിൽ പെരുമാറുകയെന്ന എൻെറ ഉപദേശം നിങ്ങൾ സ്വീകരിച്ചുകൊള്ളുക.'[2]

'ഭാര്യക്ക് ഭർത്താവിൽ നിന്നു ലഭിക്കേണ്ടവ-നീ ഭക്ഷിക്കുന്നുവെങ്കിൽ അവളെയും ഭക്ഷിപ്പിക്കുക. നീ വസ്ത്രം ധരിക്കുന്നുവെങ്കിൽ അവളെയും വസ്ത്രം ധരിപ്പിക്കുക. മുഖത്തടിക്കുകയോ വൈരൂപ്യം വരുത്തുകയോ ചെയ്യരുത്. വീട്ടിൽ വെച്ചല്ലാതെ പിണങ്ങി നിൽക്കുകയുമരുത്.'[3]

'ഇഹലോകം മുഴുവൻ അനുഭവിക്കാനുള്ളതാണ്. ഇഹത്തിലെ ഏറ്റവും നല്ല അനുഭവം നല്ല സ്ത്രീയത്രെ.'[4]

'നിങ്ങളിൽ ഭാര്യമാർക്ക് നല്ലവർ ആരോ അവരാണ് കൂടുതൽ നല്ലവർ.'[5]

'സ്ത്രീകളുമായി ഏറ്റവും ഉത്തമമായ നിലയിലേ വർത്തിക്കാവൂ എന്ന എൻെറ ഉപദേശം നിങ്ങൾ സ്വീകരിക്കണം. നിങ്ങളുമായുള്ള കരാറിൻെറ അടിസ്ഥാനത്തിൽ നിങ്ങളോട് ബന്ധപ്പെട്ടു നിൽക്കുന്നവരാണവർ. മറ്റൊരധികാരവും അവരുടെ മേൽ നിങ്ങൾക്കില്ല. അവർ വ്യക്തമായ വല്ല നീചവൃത്തികളിലും ഏർപ്പെട്ടെങ്കിലല്ലാതെ. അങ്ങനെ വല്ലതും ചെയ്താൽ നിങ്ങളവരിൽ നിന്ന് വിട്ടുമാറി കിടക്കുക. മുറിവുണ്ടാക്കാത്ത വിധം അവരെ അടിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളെ അവർ അനുസരിച്ചു കഴിഞ്ഞാൽ യാതൊരു അക്രമമാർഗവും അവർക്കെതിരിൽ നിങ്ങൾ അന്വേഷിച്ചുപോകരുത്.'[6]

'ഭാര്യമാരെ അടിക്കുന്നവർ മാന്യന്മാരല്ല.'[7]

1. അബൂദാവൂദ്
2. ബുഖാരി, മുസ്‌ലിം
3. അബൂദാവൂദ്
4. മുസ്‌ലിം
5. തിർമുദി
6. തിർമുദി
7. അബൂദാവൂദ്, ഇബ്നുമാജ,

'നാണമില്ലേ നിങ്ങൾക്ക്? അടിമയെ അടിക്കുന്നതുപോലെ സ്വന്തം ഭാര്യയെ അടിക്കാൻ? പിന്നെ, അവളോടു ചേർന്നു കിടക്കാനും.'[1]

'ഭർത്താവ് തന്നിൽ സംതൃപ്തനായിരിക്കുന്ന അവസ്ഥയിൽ മരണപ്പെടുന്ന ഏത് സ്ത്രീയും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.'[2]

'ഒരു സ്ത്രീയെ ഭർത്താവ് തൻെറ മെത്തയിലേക്ക് ക്ഷണിച്ചിട്ട് ചെല്ലാൻ വിസമ്മതിക്കുകയും അക്കാരണത്താൽ അയാൾ ആ രാത്രി അരിശത്തോടെ കഴിയാനിടവരികയുമാണെങ്കിൽ പുലരുവോളം മലക്കുകൾ അവളെ ശപിച്ചുകൊണ്ടിരിക്കും.'[3]

'നിങ്ങളാരും തന്നെ കന്നുകാലിയെപ്പോലെ തൻെറ പ്രിയതമയെ പ്രാപിക്കരുത്. അവർക്കിടയിൽ ഒരു ദൂതൻ ഉണ്ടായിരിക്കട്ടെ. ചുംബനവും സംസാരവുമാണീ ദൂതൻ.'[4]

'സ്ത്രീകളുടെ ഗുദത്തിലൂടെ നിങ്ങളവരുമായി ബന്ധപ്പെടരുത്.'[5]

'പരസ്പരം അടുത്തിടപഴകിയ ശേഷം ഭാര്യയുടെ രഹസ്യങ്ങൾ പ്രചരിപ്പിക്കുന്ന പുരുഷനത്രെ പുനരുത്ഥാനനാളിൽ അല്ലാഹുവിൻെറ അടുത്ത് ഏറ്റവും മോശമായ അവസ്ഥയുള്ളവൻ.'[6]

ദാമ്പത്യജീവിതത്തിൽ പുരുഷൻെറയും സ്ത്രീയുടെയും ബാധ്യതകളും അവകാശങ്ങളും വ്യത്യസ്തവും അതോടൊപ്പം പരസ്പര പൂരകവുമാണ്. 'സ്ത്രീകൾക്ക് ബാധ്യതകളുള്ളതുപോലെ അവകാശങ്ങളുമുണ്ട്'[7] എന്നാണ് വിശുദ്ധഖുർആൻ പറയുന്നത്. പ്രവാചകൻ പറഞ്ഞു: 'നിങ്ങൾക്ക് സ്ത്രീകളിൽ ചില അവകാശങ്ങളുണ്ട്. നിങ്ങളുടെ ഭാര്യമാർക്ക് നിങ്ങളിലും ചില അകവാശങ്ങളുണ്ട്'[8]. 'ഭർത്താവിൻെറ വിരിപ്പിൽ നിന്ന് മാറിനിൽക്കാതിരിക്കുക, അദ്ദേഹത്തിൻെറ സത്യം പാലിക്കുക, കൽപനകൾ അനുസരിക്കുക, അനുവാദമില്ലാതെ വീട്ടിൽ നിന്ന് പുറത്തുപോകാതിരിക്കുക, അദ്ദേഹം വെറുക്കുന്നവരെ വീട്ടിൽ പ്രവേശിപ്പിക്കാതിരിക്കുക; ഇതെല്ലാമാണ് ഭർത്താവിനോടുള്ള ബാധ്യതകൾ.'[9]

1. മുസ്‌ലിം, അഹ്മദ്
2. തിർമുദി
3. ബുഖാരി, മുസ്‌ലിം
4. ദയ്‌ലമി
5. അഹ്മദ്, തിർമുദി, ഇബ്നുമാജ
6. മുസ്‌ലിം, അബൂദാവൂദ്
7. ഖുർആൻ 2: 228
8. തിർമുദി
9. ത്വബ്റാനി



കുടുംബജീവിതത്തിലെ ബാധ്യതയുടെ സ്ഥിതിയും ഇതുതന്നെ. ഗൃഹപരിപാലനവും സന്താനസംരക്ഷണവും സ്ത്രീയുടെ ചുമതലയും ഗൃഹസംരക്ഷണവും ജീവിതായോധനവും പുരുഷൻെറ കടമയുമായിട്ടാണ് ഇസ്‌ലാം കാണുന്നത്. സ്ത്രീയിലെ മാതൃത്വത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഇസ്‌ലാം അവളെ പോറ്റേണ്ട പൂർണമായ ഉത്തരവാദിത്തം പുരുഷനിലാണ് ഭരമേൽപിച്ചിരിക്കുന്നത്. 'പ്രവാചകൻ (സ) പറഞ്ഞു. 'നിങ്ങളെല്ലാവരും ഭരണാധികാരികളും അവരവരുടെ ഭരണീയരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. അമീർ ഭരണാധികാരിയാണ്. ഓരോ പുരുഷനും അയാളുടെ വീട്ടുകാരിൽ ഭരണം നടത്തേണ്ടവനാണ്. സ്ത്രീ ഭർത്തൃഗൃഹത്തിൻെറയും സന്തതികളുടെയും ഭരണാധികാരിയാണ്. അപ്പോൾ നിങ്ങൾ ഓരോരുത്തരും ഭരണാധികാരികളും അവരവരുടെ പ്രജകളെ സംബന്ധിച്ച ഉത്തരവാദിത്തമുള്ളവരുമാണ്.'[1]

വൈവാഹികജീവിതത്തിൽ കളിയ്ക്കും തമാശയ്ക്കുമെല്ലാം പ്രവാചകൻ(സ) അനുമതി നൽകിയിട്ടുണ്ട്. പ്രവാചകപത്നിയായ ആയിശ (റ)യുമായി അദ്ദേഹം ഓട്ടമൽസരം നടത്തിയതായും[2] ഒരു പ്രാവശ്യം പ്രവാചകനും മറ്റൊരിക്കൽ പത്നിയും വിജയിച്ചതായും ഹദീസുകളിൽ കാണാം. എത്യോപ്യയിൽ നിന്നുവന്ന അഭ്യാസികളുടെ പ്രകടനങ്ങൾ പ്രവാചക പത്നിയായ ആയിശ(റ)യെ വിളിച്ച് കാണിച്ചുകൊടുത്തതായും[3] ഭാര്യമാരോട് തമാശ പറഞ്ഞതായുമുള്ള ഹദീസുകളിൽ നിന്ന് ദാമ്പത്യ ജീവിതത്തിൽ കളിയും തമാശയുമെല്ലാം ആവശ്യമാണെന്ന വസ്തുത പ്രവാചകൻ (സ) സ്വജീവിതത്തിലൂടെ കാണിച്ചു തന്നിട്ടുണ്ടെന്നാണ് നാം മനസ്സിലാക്കേണ്ടത്. ഗൗരവപൂർണമായ ഉത്തരവാദിത്തമായ വൈവാഹിക ജീവിതത്തിലെ മനഃസ്സംഘർഷങ്ങളിൽ നിന്ന് മുക്തമാകുവാൻ അനിവാര്യമായ കളിതമാശകൾ ഇസ്‌ലാം അനുവദിക്കുന്നുണ്ടെന്ന് സാരം.

വിവാഹേതരമായ ലൈംഗികബന്ധങ്ങളിലേർപ്പെടുന്നത് ഇസ്‌ലാം ശക്തമായി വെറുക്കുന്ന ഒരു കാപട്യമാണ്. വ്യഭിചാരം മ്ലേഛവൃത്തിയും പാപവുമാണ്. ഖുർആൻ പറയുന്നു: 'നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചു പോകരുത്, തീർച്ചയായും അതൊരു നീചവൃത്തി

1. ബുഖാരി, മുസ്‌ലിം
2. അഹ്മദ്
3. ബുഖാരി, മുസ്‌ലിം

യും ദുഷിച്ചമാർഗവുമാകുന്നു.'[1] ഒരു കാരണവശാലും പരസ്ത്രീഗമനം പാടില്ലെന്ന് നിഷ്കർഷിക്കുന്ന ഇസ്‌ലാം ഏകപത്നീവ്രതംകൊണ്ട് ലൈംഗികദാഹം ശമിപ്പിക്കാനാവാത്ത പുരുഷന്മാർക്ക് ബഹുഭാര്യത്വം അനുവദിക്കുന്നുണ്ട്. നാലുവരെ ഭാര്യമാരെ വേൾക്കുന്നത് കുറ്റകരമല്ലെന്ന് പഠിപ്പിക്കുന്ന ഖുർആൻ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നവർ അവരോടെല്ലാം നീതിയോടെ വർത്തിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. 'അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക: എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം വിവാഹം കഴിക്കുക.'[2]

ഭാര്യമാർക്കിടയിൽ നീതിയോടെ വർത്തിക്കണമെന്ന് വളരെ ശക്തമായ ഭാഷയിൽ തന്നെ പ്രവാചകൻ (സ) നിഷ്കർഷിക്കുന്നുണ്ട്. 'ഒരു പുരുഷന്റെ അധീനതയിൽ രണ്ടു സ്ത്രീകളുണ്ടാവുകയും എന്നിട്ട് അയാൾ രണ്ടു പേർക്കുമിടയിൽ നീതി പുലർത്താതിരിക്കുകയും ചെയ്താൽ ഒരുഭാഗത്തേക്ക് ചെരിഞ്ഞുകൊണ്ടായിരിക്കും പുനരുത്ഥാനനാളിൽ അയാൾ വരുന്നത്'[3] എന്നാണ് പ്രവാചകൻ (സ) പഠിപ്പിക്കുന്നത്.

ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചവർക്ക് ഏതെങ്കിലുമൊരു ഇണയോട് മാനസികമായി താൽപര്യം തോന്നുക സ്വാഭാവികമാണ്. എന്നാൽ ഈ താൽപര്യം പുറത്തേക്ക് പ്രകടമാകരുതെന്നും അവർ തമ്മിൽ നീതിയോടെ വർത്തിക്കുന്നതിന് ഇത് തടസ്സമാകരുതെന്നും വ്യക്തമാക്കുന്ന ഖുർആൻ വചനം ശ്രദ്ധിക്കുക: 'നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണമായി തിരിഞ്ഞുകൊണ്ട് മറ്റവളെ കെട്ടിയിട്ടതുപോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'[4]

1. ഖുർആൻ 17: 32
2. ഖുർആൻ 4: 3
3. തിർമുദി, അബൂദാവൂദ്, നസാഈ
4. ഖുർആൻ 4: 129



ബഹുഭാര്യത്വത്തിന് ഇസ്‌ലാം അനുവാദം നൽകിയത് ഇസ്‌ലാം വിമർശകരുടെ കൈയിലുള്ള കാര്യപ്പെട്ട ഒരു വടിയാണ്. ബഹുഭാര്യത്വം കാടത്തമാണെന്നാണ് അവരുടെ വാദം. പുരുഷന്റെ ലൈംഗിക ദാഹം ശമിപ്പിക്കുവാൻ അവർ നിർദേശിക്കുന്ന മാർഗം പരസ്ത്രീഗമനമാണ്. 'ഔദ്യോഗികമായി ഒരു ഭാര്യയും ആവശ്യത്തിന് കാൾ ഗേളുകളും' എന്ന സമ്പ്രദായത്തെയാണ് അവർ 'പുരോഗമനം' എന്നു വിളിക്കുന്നത്. മ്ലേഛമായ ഈ സമ്പ്രദായം സ്ത്രീയുടെ മാനം കെടുത്തുകയും വിലയിടിക്കുകയും ചെയ്യുന്നുവെന്നുമാത്രമല്ല, ഒട്ടനവധി സാമൂഹ്യപ്രശ്നങ്ങൾക്കും ലൈംഗികരോഗങ്ങൾക്കും നിമിത്തമാവുകയും ചെയ്യുന്നു. ഒന്നിലധികം സ്ത്രീകളെ അധികൃതമായി ഭാര്യമാരാക്കിവെച്ച് അവരെ സംരക്ഷിക്കുകയും അവരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്യുന്ന പരിശുദ്ധമായ സംവിധാനത്തെ വിമർശിക്കുന്നവർ പകരം വെക്കുന്നത് ഒന്നിലധികം സ്ത്രീകളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയും അവരോടുള്ള 'ബാധ്യത' അപ്പോൾ തന്നെ തീർക്കുകയും ചെയ്യുന്ന നികൃഷ്ടമായ സമ്പ്രദായമാണെന്ന വസ്തുത എന്തുമാത്രം വലിയ പാതകമല്ല!

ബഹുഭാര്യത്വം വ്യക്തിപരമായ ഒരു ആവശ്യമെന്നതിലുപരയായി സാമൂഹ്യമായ ഒരു അനിവാര്യതയായി മാറുന്ന സന്ദർഭങ്ങളുമുണ്ട്. യുദ്ധകാലമാണ് അത്തരം സന്ദർഭങ്ങളിലൊന്ന്. യുദ്ധത്തിൽ ഒട്ടേറെ പുരുഷന്മാർ കൊല്ലപ്പെടുകയും സ്ത്രീ-പുരുഷ അനുപാതത്തിൽ ഗണ്യമായ വ്യത്യാസമുണ്ടാവുകയുമാണെങ്കിൽ ബഹുഭാര്യത്വം സാമൂഹികമായ ഒരു അനിവാര്യതയായി മാറുന്നു. പൊതുവെ സ്ത്രീ പുരുഷ അനുപാതം സന്തുലിതമല്ല. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലോകത്തിലെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ പതിനേഴര കോടി അധികമുണ്ടാവുമെന്നാണ് ഐക്യരാഷ്ട്ര സഭയുടെ കണക്കുകകൾ കാണിക്കുന്നത്. ബഹുഭാര്യത്വം തീരെ അനുവദിക്കപ്പെടാതിരുന്നാൽ അടുത്ത നൂറ്റാണ്ടിൽ ലോകത്ത് പതിനേഴര കോടി സ്ത്രീകൾക്ക് ഭർത്താക്കന്മാരുണ്ടാവുകയില്ലെന്ന് സാരം.

കുടുംബബന്ധം സുദൃഢമാവുന്നതിന്നാവശ്യമായ നിയമനിർദേശങ്ങൾ ഇസ്‌ലാം നൽകിയിട്ടുണ്ടെന്ന് നാം മനസ്സിലാക്കി. ഈ നിർദേശങ്ങൾ പാലിച്ചുകൊണ്ടുള്ള ജീവിതം കുടുംബത്തിന്റെ കെട്ടുറ

പ്പിനും പ്രശ്നരഹിതമായ ദാമ്പത്യത്തിനും വഴിയൊരുക്കുന്നു. എങ്കിലും വ്യത്യസ്തമായ പ്രകൃതിയും അഭിരുചികളുമുള്ള വ്യക്തികൾ പരസ്പരം കൂടിച്ചേരുമ്പോൾ, എത്ര തന്നെ കരുതലും സൂക്ഷ്മതയുണ്ടായാലും, അസ്വാരസ്യങ്ങളും പിണക്കവും സ്വാഭാവികമാണ്. ഇത്തരം സന്ദർഭങ്ങളിൽ ദാമ്പത്യ ബന്ധം മുറിഞ്ഞുപോകാതിരിക്കുവാൻ ഖുർആൻ മനഃശാസ്ത്രപരമായ മൂന്ന് മാർഗ്ഗങ്ങൾ നിർദേശിക്കുന്നു. 'അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. അവരെ അടിക്കുകയും ചെയ്തുകൊള്ളുക.'[1]

വാരിയെല്ലിൻെറ സ്വഭാവമാണുള്ളതെന്ന് വിശേഷിപ്പിക്കപ്പെട്ട സ്ത്രീകളുടെ സ്വഭാവദൂഷ്യങ്ങൾക്കുള്ള മനഃശാസ്ത്ര ചികിൽസയാണ് ഇവിടെ ഖുർആൻ വിശദീകരിക്കുന്നത്. സാധാരണഗതിയിൽ ഭർത്താവിൻെറ ആത്മാർഥമായ ഉപദേശം കൊണ്ടുതന്നെ സ്ത്രീകൾ ദുഃസ്വഭാവങ്ങളിൽ നിന്ന് മുക്തമാവേണ്ടതാണ്. എന്നാൽ ഉപദേശങ്ങൾ ഫലം ചെയ്യാത്ത അവസരങ്ങളിൽ വളരെയേറെ ഫലപ്രാപ്തിക്കു സാധ്യതയുള്ള രണ്ടാമത്തെ മാർഗം പ്രയോഗിക്കുവാനാണ് ഖുർആനിൻെറ അനുശാസന. സ്വന്തം ഭർത്താവ് തൻെറ കിടപ്പറ ബഹിഷ്കരിക്കുന്നത് ഏതൊരു സ്ത്രീയെയും മാറ്റിച്ചിന്തിപ്പിക്കും. അവൾക്ക് ഒരിക്കലും സഹിക്കാനാവത്ത ഒരു കാര്യമാണത്. കിടപ്പറ ബഹിഷ്കരണമെന്ന തീവ്രമായ മാനസിക ചികിൽസക്കുശേഷം അനുസരണക്കേട് തുടരുന്നു സ്ത്രീകളെ സംബന്ധിച്ചിടത്തോളം ചെറിയ രീതിയിലുള്ള താഡനം അത്യാവശ്യമാണ്. ഭാര്യമാരെ അടിക്കുന്നത് വളരെ മോശമായ ഏർപ്പാടാണെന്ന് പഠിപ്പിച്ച പ്രവാചകൻ, പക്ഷേ, അനിവാര്യമായ അവസരത്തിൽ സുന്ദരാവയവങ്ങളെ സൂക്ഷിച്ചുകൊണ്ട് എളിയ രീതിയിൽ ശിക്ഷിക്കുന്നത് നിഷിദ്ധമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അടിയെ ഒരു ശാരീരിക ശിക്ഷന്നെതിലുപരിയായി മാനസികചികിൽസയായിട്ടാണ് ഗണിക്കേണ്ടതെന്നാണ് പ്രവാചക വചനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ഉപദേശം കൊണ്ടോ കിടപ്പറബഹിഷ്കരണം കൊണ്ടോ എളിയ ശിക്ഷകൾകൊണ്ടോ ഒന്നും മാറ്റം വരാത്ത പ്രകൃതിയാണ് ഭാര്യക്കുള്ളതെങ്കിൽ, ഇണകളിൽ ഇരുവരുടെയും വീട്ടുകാർ തമ്മിൽ ഒരു

1. ഖുർആൻ 4: 34



അനുരഞ്ജനശ്രമത്തിന് മുതിരേണ്ടതുണ്ടെന്നാണ് ഖുർആനിൻെറ കൽപന: 'ഇനി അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ചുപോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവൻെറ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണുദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.'[1]

ഇങ്ങനെ ഏതുരീതിയിലെങ്കിലും ദാമ്പത്യജീവിതത്തെ മുറിച്ചുകളയാതെ മുന്നോട്ടു കൊണ്ടുപോകുവാൻ പരമാവധി പരിശ്രമിക്കണമെന്നാണ് ഇസ്ലാമിൻെറ അനുശാസന. എന്നാൽ യാതൊരു കാരണവശാലും വിവാഹബന്ധം മുറിച്ചുകളയാൻ പാടില്ലെന്ന അപ്രായോഗികമായ നിയമം ഇസ്ലാമിലില്ല. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം ഒരു നിലയ്ക്കും തുടർന്നു കൊണ്ടുപോകാൻ സാധ്യമല്ലാത്ത അവസരങ്ങളിൽ പ്രസ്തുത ബന്ധം മുറിക്കുന്നത് ഇസ്ലാം നിരോധിക്കുന്നില്ല. വളരെ അനിവാര്യമായ അവസ്ഥയിൽ മാത്രം അനുവദിച്ച വിവാഹമോചനത്തെ സംബന്ധിച്ച് പ്രവാചകൻ (സ) പറഞ്ഞതിപ്രകാരമാണ്: 'അനുവദനീയമായതിൽ അല്ലാഹുവിന് ഏറ്റവുമധികം വെറുപ്പുള്ളതാകുന്നു വിവാഹമോചനം.'[2]

വിവാഹമോചനത്തിന് പുരുഷുന് അവകാശമുണ്ടെങ്കിൽ അത് ആവശ്യപ്പെടാൻ സ്ത്രീക്കും അവകാശമുണ്ടെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. മോചനം ചെയ്യപ്പെട്ട സ്ത്രീയെ തിരിച്ചെടുക്കുവാൻ ഇസ്ലാം അനുവദിക്കുന്നു. ഈ അനുവാദം രണ്ടു പ്രാവശ്യത്തേക്കു മാത്രമാണ്. ഒരേ സ്ത്രീയെ തന്നെ രണ്ടുപ്രാവശ്യം വിവാഹമോചനം ചെയ്തശേഷം തിരിച്ചെടുത്ത് മൂന്നാം തവണയും വിവാഹമോചനം ചെയ്താൽ പിന്നെ തിരിച്ചെടുക്കാൻ പാടില്ലെന്നാണ് ഇസ്ലാമിക നിയമം. വിവാഹത്തെയും മോചനത്തെയും കേവലം കളിതമാശകളാക്കി കാണാതെ ഗൗരവപൂർവം സമീപിക്കുന്നതിന്നുവേണ്ടിയാണ് ഇസ്ലാം ഈ നിയമമുണ്ടാക്കിയിരിക്കുന്നത്. ഖുർആൻ പറയുന്നു: '(മടക്കിയെടുക്കാൻ അനുമതിയുള്ള)വിവാഹമോചനം രണ്ടുപ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ

1. ഖുർആൻ 4: 35
2. അബൂദാവൂദ്

നിർത്തുകയോ അല്ലെങ്കിൽ നല്ല നിലയിൽ അവളെ പിരിച്ചയക്കുകയോ ആണ് വേണ്ടത്.'[1] കുടുംബ ജീവിതത്തിന്റെ അനുഗ്രഹങ്ങളായ സന്താനങ്ങൾ ഇഹലോകത്തിലെ അലങ്കാരങ്ങളാണെന്നാണ് ഖുർആൻ പറയുന്നത്. 'സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു'[2]വെന്ന് പഠിപ്പിക്കുന്ന ഖുർആൻ സൽസ്വഭാവികളും സദ്‌വൃത്തരുമായ സന്താനങ്ങൾ ഐഹികജീവിതത്തിനു മാത്രമല്ല പരലോകജീവിതവിജയത്തിനുകൂടി ഉപയുക്തരായി മാറുമെന്ന യാഥാർഥ്യം ഉൽബോധിപ്പിക്കുന്നുണ്ട്. സദ്‌വൃത്തരായ സന്താനങ്ങൾക്കുവേണ്ടി പ്രാർഥിച്ചവരായിരുന്നു എല്ലാ പ്രവാചകന്മാരും. വിശ്വാസികളുടെ നേതാവായി ഖുർആൻ പരിചയപ്പെടുത്തുന്ന ഇബ്‌റാഹീം (അ) 'എനിക്കൊരു സദ്‌വൃത്തനായ പുത്രനെ പ്രദാനം ചെയ്യണമേ, നാഥാ'[3] എന്ന് പ്രാർഥിച്ചതായി കാണാം. സൽസ്വഭാവികളും സദ്‌വൃത്തരുമല്ല മക്കളെങ്കിൽ മറ്റൊരു ഭൗതികവിഭവവുമുണ്ടായിരുന്നിട്ടും യാതൊരു കാര്യവുമില്ല. മാതാപിതാക്കളെ സ്നേഹിക്കുവാനും പരിചരിക്കുവാനും സദ്‌വൃത്തരായ മക്കൾക്കു മത്രമേ കഴിയൂ. സമ്പന്ന ദമ്പതികളുടെ ദുർവൃത്തരായ മക്കൾ പലപ്പോഴും മാതാപിതാക്കൾക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം തലവേദനയായിത്തീരാറുണ്ട്. 'സദ്‌വൃത്തനായ സന്താനത്തെ നൽകേണമേ' എന്ന ഇബ്‌റാഹീം നബിയുടെ പ്രാർഥന ഓരോ സത്യവിശ്വാസിയുടെയും മനസ്സിൽ നിന്ന് ആവർത്തിക്കപ്പെടുന്നതിന്നുള്ള കാരണം ഈ തിരിച്ചറിവാണ്.

സന്താനങ്ങളുടെ ഭൗതികവും ആത്മീയവുമായ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. മക്കൾക്ക് മുലയൂട്ടേണ്ടത് മാതാവിന്റെ ബാധ്യതയാണ്. ഖുർആൻ പറയുന്നത് കാണുക: 'മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായി രണ്ടു കൊല്ലം മുലകൊടുക്കേണ്ടതാണ്'[5] അതേപോലെത്തന്നെ കുഞ്ഞുങ്ങൾക്കും മാതാക്കൾക്കും ഭക്ഷണവും വസ്ത്രവും മറ്റും നൽകേണ്ടത് പിതാവിന്റെ ബാധ്യതയാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

മക്കളോട് നല്ലനിലയിൽ പെരുമാറണമെന്നാണ് പ്രവാചകൻ (സ) സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ചിരിക്കുന്നത്. കുട്ടികളോട് കളിയും

1. ഖുർആൻ 2: 229
2. ഖുർആൻ 18: 46
3. ഖുർആൻ 37: 100
4. ഖുർആൻ 2: 233



തമാശയുമായിട്ടായിരുന്നു അദ്ദേഹം പെരുമാറിയിരുന്നത്. തന്റെ പേരമക്കളായ ഹസനെയും ഹുസനെയും മുതുകത്ത് കയറ്റിയിരുത്തി ഒട്ടകവും ഇടയന്മാരുമായി കളിച്ചിരുന്നുവെന്ന് ജാബിർ (റ) റിപ്പോർട്ടുചെയ്യുന്ന ഒരു ഹദീസിൽ കാണാം.'[1] കുട്ടികളെ വരിയായി നിർത്തി പ്രവാചകൻ ഓട്ടമൽസരം നടത്തിയതായും ഓടിയെത്തിയ കുഞ്ഞുങ്ങളെ അദ്ദേഹം തന്റെ ചുമലിലേറ്റിയതായും ചുംബിച്ചതായുമെല്ലാം[2] റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പഠിപ്പിച്ചത് ഇങ്ങനെയായിരുന്നു. 'ചെറിയവരോട് കരുണ കാണിക്കാത്തവരും വലിയവരോട് ആദരവ് കാണിക്കാത്തവരും നമ്മിൽ പെട്ടവരല്ല.'[3]

സന്താനങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് അവരുടെ വ്യക്തിത്വവികാസത്തിനും അവരിൽ ഉന്നതമായ മൂല്യങ്ങൾ വളർന്നുവരുന്നതിന്നും കാരണമാകുന്നു. പ്രവാചകൻ (സ) തന്റെ പുത്രി ഫാത്വിമ(റ) കടന്നുവരുമ്പോൾ എഴുന്നേറ്റ് നിന്ന് സ്വീകരിക്കുകയും കൂടെയിരുത്തി സ്നേഹപ്രകടനം നടത്തുകയും ചെയ്തിരുന്നതായി ഹദീസുകളിൽ കാണാം. മരണശയ്യയിലായിരുന്ന സമയത്ത് പോലും അദ്ദേഹം പുത്രിയെ അരികിലിരുത്തി സ്നേഹപ്രകടനങ്ങൾ നടത്തിയതായി ഹദീസുകൾ വ്യക്തമാക്കുന്നു.[4]

സന്താനങ്ങളെ സ്നേഹിക്കുന്നതോടൊപ്പം തന്നെ തിന്മകളിൽ നിന്ന് അവരെ തടഞ്ഞുനിർത്തേണ്ടതുണ്ടെന്നും പ്രവാചകചര്യ നമ്മെ പഠിപ്പിക്കുന്നു. ചെറുപ്പത്തിൽ പ്രവാചകനോടൊപ്പം ഭക്ഷണം കഴിച്ചിരുന്ന തന്നോട് 'വലതുകൈകൊണ്ട് തന്റെ ഭാഗത്തുനിന്ന് ഭക്ഷിക്കുക'യെന്ന് സ്നേഹത്തോടുകൂടി പ്രവാചകൻ (സ) ഗുണദോഷിച്ചിരുന്നതായുള്ള പ്രവാചകാനുചരന്മാരിലൊരാളായ അംറുബ്ൻ അബീസലമയുടെ[5] റിപ്പോർട്ടിൽ നിന്ന് എത്ര ലളിതവും ആർദ്രവുമായിട്ടായിരുന്നു അവിടുന്ന് കുഞ്ഞുങ്ങളെ തിന്മകളിൽ നിന്ന് തടഞ്ഞുനിർത്തിയിരുന്നതെന്ന് മനസ്സിലാക്കാൻ കഴിയും.

പ്രവാചക പൗത്രനായ ഹസൻ(റ) കുട്ടിയായിരിക്കുമ്പോൾ സകാത്തിന്റെ കാരക്കയിൽ നിന്ന് ഒരെണ്ണമെടുത്ത് വായിലിട്ടയുടനെ അവന്റെ വായിൽ നിന്ന് അതെടുത്ത് മാറ്റി 'ഛെ, അത് എറിഞ്ഞുക

1. ത്വബ്റാനി
2. അഹ്മദ്
3. അഹ്മദ്
4. ബുഖാരി, മുസ്‌ലിം
5. ബുഖാരി, മുസ്‌ലിം

ളയൂ. നമുക്ക് സകാത്ത് മുതൽ തിന്നാൻ പാടില്ലെന്ന് നിനക്കറിയില്ലേ.'[1] യെന്ന് ഗുണദോഷിച്ചതിൽ നിന്ന് കുഞ്ഞുങ്ങൾ തെറ്റുചെയ്താൽ ഉടനെത്തന്നെ അതു തിരുത്തേണ്ടതുണ്ടെന്ന വസ്തുത വ്യക്തമാവുന്നു. പ്രവാചകൻ(സ) പറഞ്ഞു: 'ഒരു പിതാവിനു തൻെറ സന്തതിക്ക്, നല്ല ശിക്ഷണത്തേക്കാൾ മഹത്തായ ഒരു സമ്മാനം നൽകാൻ കഴിയുകയില്ല.'[2]

കുട്ടികളുടെ തെറ്റുകൾക്ക് ചെറിയ ശിക്ഷ നൽകുന്നത് പ്രവാചകൻ (സ) നിരോധിച്ചിട്ടില്ല. പക്ഷേ, പ്രസ്തുത ശിക്ഷകൾ അവരുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്നതോ മുറിവുണ്ടാക്കുന്നതോ ആയിക്കൂടാ 'ഏഴുവയസ്സായാൽ നിങ്ങൾ കുട്ടികൾക്ക് നമസ്കാരം പഠിപ്പിക്കുക. പത്തുവയസ്സായാൽ അതുപേക്ഷിച്ചതിനു അവരെ അടിക്കുകയും ചെയ്യുക'[3] എന്ന പ്രവാചക വചനത്തിൽ നിന്ന് തിന്മകളിൽ നിന്ന് കുട്ടികളെ മുക്തമാക്കുന്നതിന്നായി ചെറിയ ശിക്ഷകൾ നൽകുന്നതിൻെറ പ്രസക്തി മനസ്സിലാക്കാം.

സന്താനങ്ങളോട് തുല്യ നിലയിൽ പെരുമാറണമെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. ആൺകുട്ടികളോട് വാൽസല്യം പ്രകടിപ്പിക്കുകയും പെൺകുഞ്ഞുങ്ങളെ അവഗണിക്കുകയും ചെയ്യുന്നതിനെ പ്രവാചകൻ വിമർശിച്ചിട്ടുണ്ട്: പ്രവാചകൻ പറഞ്ഞു: 'ഒരാൾക്ക് ഒരു പെൺകുട്ടിയുണ്ടായിട്ട് അവരെ (ഇസ്‌ലാം പൂർവ യുഗത്തിലേതുപോലെ) കുഴിച്ചുമൂടാതെ, നിന്ദിക്കാതെ, ആൺകുട്ടികൾക്ക് അവളേക്കാൾ മുൻഗണന നൽകാതെ, വളർത്തിയാൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം തീർച്ചയായി.'[4]

ഇഷ്ടദാനമായി മക്കൾക്ക് വല്ലതും നൽകുന്നതിൽ പോലും തുല്യത പാലിക്കണമെന്നാണ് പ്രവാചകൻെറ അധ്യാപനം. തൻെറ മകനു മാത്രം ഒരു അടിമയെ ദാനമായി നൽകിയ അനുചരനോട് അത് തിരിച്ചു വാങ്ങാൻ കൽപിച്ച പ്രവാചകൻ (സ) പഠിപ്പിച്ചത് ഇങ്ങനെയാണ്.: 'അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങളുടെ മക്കൾക്കിടയിൽ നീതി പുലർത്തുകയും ചെയ്യുക.'[5]

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന് വളരെയേറെ

1. ബുഖാരി, മുസ്‌ലി
2. തിർമുദി, ബൈഹഖി
3. അബൂദാവൂദ്
4. അബൂദാവൂദ്
5. ബുഖാരി, മുസ്‌ലിം



പ്രാധാന്യം നൽകിയിട്ടുള്ള മതമാണ് ഇസ്‌ലാം. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കാനുള്ള ഖുർആനിൻെറ കൽപനകളിലധികവും സ്രഷ്ടാവിനെ മാത്രമെ ആരാധിക്കുവാൻ പാടുള്ളൂവെന്ന കൽപനയോടു ചേർത്താണ് പറഞ്ഞിരിക്കുന്നത്. ഒരു ഖുർആനികോപദേശം നോക്കുക: 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യുക.'[1]

ഇതിൽ നിന്ന് ഒരു വിശ്വാസി, ദൈവത്തോടുള്ള കടപ്പാടു കഴിഞ്ഞാൽ, പിന്നെ ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നത് മാതാപിതാക്കളോടാണെന്ന് മനസ്സിലാക്കാം. ഇക്കാര്യം തന്നെ വളരെ വ്യക്തമായി പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്. 'അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടതെന്താണ്' എന്ന ചോദ്യത്തിന് പ്രവാചകൻ നൽകിയ ഉത്തരം 'നമസ്കാരം, പിന്നെ മാതാപിതാക്കൾക്ക് നന്മചെയ്യൽ, പിന്നെ അല്ലാഹുവിൻെറ മാർഗത്തിലുള്ള ധർമ സമരം'[2] എന്നായിരുന്നു.

മാതാപിതാക്കളെ ധിക്കരിക്കുകയും അവഗണിക്കുകയും അവരോട് അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നത് മഹാപാപമാണെന്നാണ് പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നത്. 'വൻപാപങ്ങളിൽ ഏറ്റവും വലുത് അല്ലാഹുവിൽ പങ്കുചേർക്കലും മാതാപിതാക്കളെ ധിക്കരിക്കലുമാണ്.'[3]

'പിതാക്കളെ വെറുക്കുന്നത് നന്ദികേടാണ്.'[4]

അല്ലാഹുവിനോടുള്ള ബാധ്യതയ്ക്കുശേഷമാണ് മാതാപിതാക്കളോടുള്ള ബാധ്യത പരിഗണിക്കപ്പെടുന്നതെന്ന് സൂചിപ്പിച്ചുവല്ലോ. മാതാപിതാക്കൾ ദൈവവിരോധം പ്രവർത്തിക്കുവാൻ മക്കളോട് ആവശ്യപ്പെട്ടാൽ അത് അനുസരിക്കേണ്ടതില്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നു. എന്നാൽ അവിശ്വാസികളായ മാതാപിതാക്കളോടുപോലും ഭൗതികവിഷയങ്ങളിൽ നല്ലനിലയിൽ വർത്തിക്കേണ്ടതുണ്ടെന്ന കാര്യം അതോടൊപ്പം തന്നെ ഖുർആൻ ഉൽബോധിപ്പിക്കുന്നുണ്ട്. 'മനുഷ്യന് തൻെറ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു-ക്ഷീണത്തിനു മേൽ ക്ഷീണവുമായിട്ടാണ്

1. ഖുർആൻ 4: 36
2. ബുഖാരി, മുസ്‌ലിം
3. ബുഖാരി, മുസ്‌ലിം
4. ബുഖാരി, മുസ്‌ലിം

മാതാവ് അവനെ ഗർഭം ചുമന്നു നടന്നനത്. അവൻെറ മുലകുടി മാറ്റുന്നതാകട്ടെ രണ്ടു വർഷം കൊണ്ടുമാണ്-എന്നോടും നിൻെറ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എൻെറ അടുത്തേക്കാണ് (നിൻെറ) മടക്കം. നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ ഇവർ ഇരുവരും നിൻെറ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് അവരോട് നീ നല്ല നിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക.'[1]

മാതാപിതാക്കൾ വാർധക്യാവസ്ഥയിലെത്തിയാൽ അവരുടെ സംരക്ഷണത്തിൻെറ പൂർണമായ ഉത്തരവാദിത്തം മക്കൾക്കാണുള്ളത്. വാർദ്ധക്യാവസ്ഥ, ഒരർഥത്തിൽ ശൈശവാവസ്ഥയിലേക്കുള്ള തിരിച്ചുപോക്കാണ്. കുട്ടിപ്രായത്തിലെ വാശിയും കുശുമ്പുമെല്ലാം വാർധക്യത്തിലുമുണ്ടാകും. ശൈശവത്തിൽ തന്നെ താലോലിച്ച് വളർത്തിയ മാതാപിതാക്കളെ വാർധക്യാവസ്ഥയിൽ സംരക്ഷിച്ചുകൊണ്ട് കടമ നിർവഹിക്കണമെന്നാണ് ഇസ്ലാം അനുശാസിക്കുന്നത്. വൃദ്ധരായ മാതാപിതാക്കളോട് കയർക്കുന്നതും ചീത്ത വിളിക്കുന്നതുമെല്ലാം പാപമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. സത്യവിശ്വാസികൾ വൃദ്ധരായ മാതാപിതാക്കളോട് എങ്ങനെയാണ് പെരുമാറേണ്ടതെന്ന് പഠിപ്പിക്കുന്ന ഖുർആൻ സൂക്തം ശ്രദ്ധിക്കുക: 'തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിൻെറ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്നു പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എൻെറ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക.'[2]

കുടുംബബന്ധത്തിന് ഇസ്ലാം നൽകുന്ന പ്രാധാന്യം വളരെ

1. ഖുർആൻ 31: 14, 15
2. ഖുർആൻ 17: 23, 24



വലുതാണ്. 'കുടുംബബന്ധം മുറിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല'[1] എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. ചെറിയ ചെറിയ പ്രശ്നങ്ങളുടെ പേരിൽ സാഹോദര്യ ബന്ധം മുറിക്കാൻ സന്നദ്ധരാവുന്ന സ്വഭാവം വിശ്വാസികളിൽ ഉണ്ടാകുവാൻ പാടില്ലെന്ന വസ്തുതയാണ് ഇവിടെ പ്രവാചകൻ (സ) വ്യക്തമാക്കിയിരിക്കുന്നത്. 'ഏത് ആദർശവുമായാണ് താങ്കൾ നിയോഗിക്കപ്പെട്ടിട്ടുള്ളത്? എന്ന ഒരാളുടെ ചോദ്യത്തിന് പ്രവാചകൻ നൽകിയ ദീർഘമായ മറുപടിയിൽ 'കുടുംബബന്ധം ചേർക്കുവാനും'[2] എന്ന് കൂടിയുള്ളതിൽ നിന്ന് ഇക്കാര്യത്തിൻെറ പ്രാധാന്യം എന്തുമാത്രമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

ദാനധർമങ്ങൾ നൽകുമ്പോൾ പരിഗണിക്കപ്പെടേണ്ടത് കുടുംബബന്ധത്തിൽപ്പെട്ട അഗതികളാണെന്നാണ് മുഹമ്മദ് നബി (സ) പഠിപ്പിച്ചിരിക്കുന്നത്. കുടുംബബന്ധത്തിൽ പെട്ടവരുടെ പട്ടിണി കാണാതെ അന്യരെ കാണിക്കുവാൻ വേണ്ടി വലിയ സംഭാവനകൾ നൽകുന്ന സമ്പ്രദായം മുസ്ലിംകൾക്ക് സ്വീകരിക്കുവാൻ നിർവാഹമില്ല. കാരണം പ്രവാചകൻ(സ) പഠിപ്പിച്ചത് ഇപ്രകാരമാണ്:'ദരിദ്രന് ദാനം ചെയ്യുമ്പോൾ അതൊരു ദാനമാണ്. എന്നാൽ രക്തബന്ധമുള്ള ആർക്കെങ്കിലുമാണ് അത് നൽകുന്നതെങ്കിലോ, അത് ദാനവും കുടുംബബന്ധം പുലർത്തലും-രണ്ടും കൂടിയായിരിക്കും.'[3]

ഇങ്ങനെ സന്തുഷ്ടമായ ഒരു കുടുംബജീവിതത്തിന് ആവശ്യമായ എല്ലാ നിയമനിർദേശങ്ങളും പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശുദ്ധ ഖുർആനും തിരുസുന്നത്തും നൽകുന്ന മാർഗനിർദേശങ്ങൾ അനുസരിച്ചു മുന്നോട്ടു പോകുന്ന കുടുംബത്തിൻെറ അന്തരീക്ഷം സമാധാനത്തോടു കൂടിയുള്ളതായിരിക്കും. സംസ്കാരത്തിൻെറ അടിസ്ഥാനത്തിൽ നടക്കുന്ന വിവാഹത്തിലൂടെ നിലവിൽ വരുന്ന ദാമ്പത്യജീവിതം അഹ്ലാദഭരിതമായിരിക്കും. കുഞ്ഞുങ്ങളെ താലോലിച്ചും സത്യമാർഗത്തിലേക്ക് ആനയിച്ചും കൊണ്ട് കരുത്തുറ്റൊരു തലമുറയെ വാർത്തെടുക്കുകയാണ് അവർ ചെയ്യുന്നത്. മാതാവിൻെറ മടിയിൽ നിന്ന് സംസ്കാരവും പിതാവിൻെറ ജീവിതത്തിൽ നിന്ന് മൂല്യങ്ങളും പഠിച്ചുകൊണ്ട് വളരുന്നവർ

1. ബുഖാരി, മുസ്ലിം
2. മുസ്ലിം
3. അഹ്മദ്, തിർമുദി, ഇബ്നുമാജ

കുടുംബത്തിനും സമൂഹത്തിനും വേണ്ടപ്പെട്ടവരായിത്തീരുന്നു. അവർ വാർധക്യാവസ്ഥയിൽ മാതാപിതാക്കളെ പരിചരിക്കുകയും അവരോട് സ്നേഹത്തോടു കൂടി വർത്തിക്കുകയും ചെയ്യുന്നു. അവർ സഹോദരങ്ങളെ ആദരിക്കുകയും അവരുമായി സ്നേഹത്തിൽ ജീവിക്കുകയും ചെയ്യുന്നു; അവർ കുടുംബബന്ധം പുലർത്തുകയും കുടുംബക്കാരെ സഹായിക്കുകയും ചെയ്യുന്നു. അതാണ് ഇസ്ലാമിക കുടുംബത്തിൻെറ ചിത്രം.

# പത്തൊമ്പത്

## മുസ്ലിം സമൂഹം

വ്യക്തികളുടെ കൂട്ടായ്മയാണ് സമൂഹം. ഏതെങ്കിലും പൊതുവായ പ്രത്യേകതകളാണ് സമൂഹത്തിൻെറ നിലനിൽപ്പിൻെറ അടിസ്ഥാനപരമായ ആധാരം. ഇത് ദേശമോ ഭാഷയോ വർഗമോ വർണമോ ആകാം. ഈ ആധാരങ്ങളാണ് അവയുടെ പേരിൽ നിലനിൽക്കുന്ന സമൂഹത്തിലെ വ്യക്തികളെ കൂട്ടിയിണക്കുന്നത്. ഇസ്ലാമികസമൂഹത്തിലാകട്ടെ, വ്യക്തികളെ ഉദ്ഗ്രഥിപ്പിക്കുന്നത് ബാഹ്യമായ എന്തെങ്കിലും സവിശേഷതകളല്ല. പ്രത്യുത ആദർശമത്രെ. ഏകനായ സ്രഷ്ടാവിലുള്ള വിശ്വാസമാണ് അവരുടെ ഐക്യത്തിൻെറ ആധാരം. സ്രഷ്ടാവിനു മാത്രം സമർപ്പിക്കുന്ന ആരാധനയാണ് അവരുടെ ഹൃദയങ്ങളെ കൂട്ടിയിണക്കുന്നത്. അന്ത്യപ്രവാചകൻെറ ജീവിതചര്യയെ അനുധാവനം ചെയ്യുന്നതിലൂടെയാണ് അവരുടെ കർമങ്ങൾക്കും സ്വഭാവങ്ങൾക്കും ഐകരുപ്യം കൈവരുന്നത്. അവരിൽ കറുത്തവനും വെളുത്തവനുമുണ്ടാകാം; മുതലാളിയും തൊഴിലാളിയുമുണ്ടാവാം. അവർണനും സവർണനുമുണ്ടാകാം; വ്യത്യസ്ത ദേശക്കാരും ഭാഷക്കാരുമുണ്ടാകാം. പക്ഷേ, അവരുടെ ആദർശം ഒന്നാണ്, അവരുടെ സാഷ്ടാംഗം ഒരേയൊരു ശക്തിക്കുമുമ്പിലാണ്, അവരുടെ കർമങ്ങൾ ഒരേയൊരു ലക്ഷ്യത്തിനു വേണ്ടിയുള്ളതാണ്. ആദർശമാണ് അവരെ ഐക്യപ്പെടുത്തുന്ന ശക്തിയെന്നർഥം.

മനുഷ്യരുടെ മോചനത്തിനു വേണ്ടി പ്രപഞ്ചസ്രഷ്ടാവ് അവതരിപ്പിച്ച ദർശനമാണ് ഇസ്ലാം. കുറേ വിശ്വാസങ്ങളും കർമങ്ങളും നിയമങ്ങളും വിധിവിലക്കുകളുമാണതിൻെറ ഉള്ളടക്കം. ഇവ സ്വീക

രിച്ച വ്യക്തിയാണ് മുസ്ലിം, അഥവാ ഇസ്ലാമികസമൂഹത്തിലെ അംഗം. മുസ്ലിം മാതാപിതാക്കന്മാരുടെ സന്തതിയായി പിറന്നുവെന്നതുകൊണ്ടുമാത്രം ഒരാൾ ഇസ്ലാമിക സമൂഹത്തിലെ അംഗമാവുന്നില്ല. ദൈവിക വിധിവിലക്കുകൾ പാലിച്ചു ജീവിക്കുവാൻ അവൻ തയാറായാൽ ഇസ്ലാമിക സമൂഹത്തിലും തയാറല്ലെങ്കിൽ സമൂഹത്തിനു പുറത്തുമാണ് അവന്റെ സ്ഥാനം. അതുപോലെത്തന്നെ അമുസ്ലിം മാതാപിതാക്കളുടെ സന്തതിയായി പിറന്നയാൾ ദൈവികവിധിവിലക്കുകൾ പാലിച്ചു ജീവിക്കുവാൻ തയാറായാൽ ഇസ്ലാമികസമൂഹത്തിലെ അംഗമായി മാറുന്നു. ജന്മം കൊണ്ടുമാത്രം മോക്ഷത്തിനു അയിത്തം കൽപ്പിക്കുന്ന സമ്പ്രദായം ഇസ്ലാമിന് തീർത്തും അപരിചിതമാണ്.

അടിസ്ഥാനപരമായി സാഹോദര്യത്തിൽ അധിഷ്ഠിതമാണ് ഇസ്ലാമിക സമൂഹം. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളും അതുകൊണ്ടുതന്നെ വിശാലമായ അർഥത്തിൽ എല്ലാവരും സഹോദരങ്ങളുമാണെന്നാണ് ഖുർആനിന്റെ അധ്യാപനം. അല്ലാഹു പറയുന്നത് നോക്കുക: 'ഹേ, മനുഷ്യരേ... തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന്ന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു'[1].

പ്രവാചകൻ (സ) പറഞ്ഞു: 'നിശ്ചയമായും നിങ്ങളുടെ ദൈവം ഒന്ന്. നിങ്ങളുടെയെല്ലാം പിതാവും ഒരാൾ തന്നെ. എല്ലാവരും ആദമിൽ നിന്നുള്ളതാണ്. ആദമോ മണ്ണിൽ നിന്നും'[2].

മനുഷ്യർ ആത്യന്തികമായി സഹോദരങ്ങളാണെങ്കിലും അനുഭവതലത്തിൽ അവർ വ്യത്യസ്ത വിഭാഗങ്ങളായി പരസ്പരം കലഹിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ദേശീയതയുടെയും വംശീയതയുടെയും വർഗീയതയുടെയും ജാതീയതയുടെയും വർണവെറിയുടെയും വികാരങ്ങൾ മനുഷ്യരെ ഭിന്നിപ്പിക്കുകയും മാനസികവും കായികവുമായ കലാപങ്ങൾക്ക് ഹേതുവാകുകയും ചെയ്യുന്നു. ജന്മത്തിന്റെ പേരിൽ മനുഷ്യർ നിർമിച്ചെടുത്ത കുറെ സങ്കുചിതത്വങ്ങ

1. ഖുർആൻ 49: 13
2. മുസ്ലിം, അബൂദാവൂദ്



ളാണ് ഈ ഭിന്നിപ്പിന്റെ അടിത്തറ. പ്രസ്തുത സങ്കുചിതത്വങ്ങൾക്ക് സൈദ്ധാന്തികമായ അടിസ്ഥാനം നൽകുന്നതിന്ന് മനുഷ്യൻ പടച്ച ദൈവങ്ങൾ കൂട്ടുനിൽക്കുകയും ചെയ്യുന്നു. ഭാരതത്തിന്റെ ശാപം എന്നു വിശേഷിപ്പിക്കപ്പെടുന്ന വർണാശ്രമവ്യവസ്ഥയുടെ അടിത്തറ സ്ഥിതിചെയ്യുന്നത് വേദത്തിൽ കാണുന്ന ദൈവസങ്കൽപത്തിലാണല്ലോ. ബ്രഹ്മാവിന്റെ ശിരസ്സിൽ നിന്നു ജനിച്ചവൻ ഉത്തമനും പാദത്തിൽ നിന്നു പിറന്നവൻ അധമനുമായി മാറിയത് സ്വാഭാവികമായിരുന്നു. ഈ സ്വാഭാവികതയുടെ കാരണം വൈദിക ദൈവസങ്കൽപത്തിലെ അബദ്ധങ്ങളായിരുന്നുവെന്ന് കാണാനാവും.

മനുഷ്യരെ സങ്കുചിതത്വങ്ങളിൽ നിന്ന് മുക്തരാക്കുവാൻ ഏകദൈവവിശ്വാസത്തിന്നാകുമെന്ന വസ്തുത ഭൗതികവാദികൾ പോലും സമ്മതിക്കുന്നതാണ്. കലഹിച്ചു കഴിഞ്ഞിരുന്ന പ്രാകൃത മനുഷ്യരെ ഐക്യപ്പെടുത്തിയത് ഏകദൈവവിശ്വാസമാണെന്ന വസ്തുത ഭൗതികവാദവീക്ഷണത്തിലൂടെ ചരിത്ര വ്യാഖ്യാനം നിർവഹിച്ച ഗോർഡൻ ചൈൽഡ് സമ്മതിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നത് കാണുക: 'അവസാനമായി ഏകദൈവം ഇപ്പോൾ എല്ലാവരുടെയും സ്രഷ്ടാവായതിനാൽ മാനവരാശി സ്ഥിതികമായ ഒരൊറ്റ സമുദായമാണ്. തന്റെ സ്വന്തം ഗോത്ര സഹോദരനോടോ സഹപൗരന്മാരോടോ മാത്രമല്ല, എല്ലാ മനുഷ്യരോടുമല്ലെങ്കിൽ ചുരുങ്ങിയത് വിശ്വാസികളുടേതായ സമുദായത്തിൽപ്പെടുന്ന എല്ലാവരോടും വംശമോ രാഷ്ട്രീയ കൂറോ നോക്കാതെ നീതിയോടും സത്യസന്ധതയോടും ദയയോടും കൂടി പെരുമാറുവാൻ ദൈവഭയമുള്ള സന്മാർഗനിരതമായ ഏതൊരാൾക്കും ഇപ്പോൾ ബാധ്യതയുണ്ട്'.[1]

മനുഷ്യരെല്ലാം ഏകനായ ദൈവത്തിന്റെ സൃഷ്ടികളും അവന്റെ സംരക്ഷണത്തിൽ കഴിയുന്നവരുമാണെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഉന്നതനെന്നും അധമനെന്നും സമൂഹം വിധിക്കുന്നവർ മുഴുവൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ഒരൊറ്റ പദാർത്ഥത്തിൽ നിന്നാണ്- കളിമണ്ണിന്റെ സത്തയിൽ നിന്ന്. മാനവരാശിയുടെ മുഴുവൻ ഉൽപ്പത്തി ഒരൊറ്റ മാതാപിതാക്കളിൽ നിന്നാണ്-ആദമിൽ നിന്നും ഹവ്വയിൽ നിന്നും. അവരുടെ മക്കളാണ്- സഹോദരങ്ങളാണ് -മനുഷ്യരെല്ലാം. മനുഷ്യൻ സൃഷ്ടിച്ച ഉച്ചനീചത്വങ്ങൾക്ക് മനുഷ്യരെ സൃഷ്ടിച്ച ഏകദൈവത്തിങ്കൽ യാതൊരു സ്ഥാനവുമില്ല.

1. Gorden Child: What Happened In History Page 248

ഇതാണ് ഇസ്‌ലാമിന്റെ സാഹോദര്യവിഭാവന. ഈ വിഭാവന മനുഷ്യരെ ഒന്നിപ്പിക്കുന്നു. വെളുത്ത, സുന്ദരന്മാരായ, ആറടിയോളം പൊക്കവും നീണ്ട മൂക്കും നെറ്റിത്തടവുമുള്ള ആര്യന്മാരാണ് യഥാർഥ മനുഷ്യരെന്നും, കറുത്ത വിരൂപികളായ ഏഷ്യക്കാർ പരിണാമഘട്ടത്തിലെ ഏതോ പൂർവതലമുറയോ അതല്ലെങ്കിൽ യഥാർഥ മനുഷ്യരും കുരങ്ങുകളും തമ്മിൽ ഇണ ചേർന്നുണ്ടായവരോ ആണെന്നും ഹിറ്റ്ലറുടെ ആസ്ഥാന ശാസ്ത്രജ്ഞന്മാരെക്കൊണ്ട് പറയിപ്പിച്ച പരിണാമവാദമാണ് മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്ന ഇസ്‌ലാമിക സൃഷ്ടിസിദ്ധാന്തത്തിന്റെ പകരം വെക്കുവാനായി ഭൗതികവാദികളുടെ കൈവശമുള്ളത്.

ചരാചരങ്ങളെ മുഴുവൻ പടക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു ദൈവമുണ്ടെന്ന കേവല വിശ്വാസത്തിന് മനുഷ്യമനസ്സുകളിൽ കാര്യമായ സ്വാധീനമൊന്നും ചെലുത്താൻ കഴിയില്ല. സ്രഷ്ടാവിന്നു മുന്നിൽ മാത്രമേ താൻ തല കുനിക്കുകയുള്ളൂവെന്ന ദൃഢമായ പ്രതിജ്ഞയിലൂടെയാണ് പ്രായോഗികമായ തലത്തിൽ സാഹോദര്യം യാഥാർഥ്യമാവുന്നത്. പ്രസ്തുത പ്രതിജ്ഞക്കു മുന്നിൽ മനുഷ്യരെ ഭിന്നിപ്പിക്കുകയും ആത്മീയമായി അടിമകളാക്കിവെക്കുകയും ചെയ്യുന്ന സകല കള്ളദൈവങ്ങളും ശവകുടീരങ്ങളും പൗരോഹിത്യവുമെല്ലാം തകർന്നുവീഴുന്നു. ഏകദൈവത്തിനു മാത്രം ചെയ്യുന്ന ആരാധന മനുഷ്യരെ ഒന്നിപ്പിക്കുന്നു. ഏകദൈവത്തിനുള്ള സാഷ്ടാംഗത്തിനു മുന്നിൽ മനുഷ്യനിർമിത സങ്കുചിതത്വങ്ങളെല്ലാം പൊട്ടിത്തകരുന്നു. വിശ്വാസത്തിലൂന്നിയ കർമങ്ങളാണ് മനുഷ്യരെ ഉത്തമരാക്കുന്നതെന്ന ധാരണ വളരുമ്പോൾ ജന്മാവകാശമായിക്കിട്ടിയ 'തലക്കന'ങ്ങളെല്ലാം തരിപ്പണമാവുന്നു. ഒരേയൊരു ദൈവം മാത്രം- അവന്റെ സൃഷ്ടികളായ ഒരൊറ്റ ജനതയും. അവിടെ പണക്കാരനും പണിക്കാരനുമില്ല; സ്വദേശിയും വിദേശിയുമില്ല; സവർണനും അവർണനുമില്ല; തറവാട്ടുകാരനും താഴ്ന്നവനുമില്ല; മുതലാളിയും തൊഴിലാളിയുമില്ല. എല്ലാവരും ഏകദൈവത്തിന്റെ ദാസന്മാർ; അവന്നു മുമ്പിൽ മാത്രം നമിക്കുന്നവർ.

താത്വികമായി മനുഷ്യരെല്ലാം സഹോദരങ്ങളാണെങ്കിലും ഈ സാഹോദര്യം പ്രായോഗിക തലത്തിലേക്കു വരുന്നത് ഏകദൈവാരാധനയിലൂടെയാണ്. ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിലൂടെ സത്യവിശ്വാസികളുടെ ഗണത്തിലെ അംഗമായി മാറുന്നയാൾ സ്വാഭാവികമായും മറ്റു മുസ്‌ലിംകളുടെ സഹോദരനായി മാറുന്നു. വിശ്വാസത്തിലും കർമങ്ങളിലും സ്വഭാവങ്ങളിലുമെല്ലാം ഈ സാഹോദര്യം പ്രകടമാവുന്നു. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: 'സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു'[1].



ഈ സാഹോദര്യമായിരുന്നു പ്രവാചകന്റെ സമൂഹത്തിൽ നിലനിന്നിരുന്നത്. ആ സമൂഹത്തിൽ അറബിയായ അബൂബക്കറും അനറബിയായ സൽമാനുമുണ്ടായിരുന്നു; ഉടമയായ ഉമറും അടിമയായ ബിലാലുമുണ്ടായിരുന്നു; പണക്കാരനായ ഉസ്മാനും പണിക്കാരനായ യാസിറുമുണ്ടായിരുന്നു; വെളുത്തവനായ അലിയും കറുത്തവനായ സൈദുമുണ്ടായിരുന്നു. എല്ലാവരും സമന്മാർ. അവർ പരസ്പരം മൽസരിച്ചത് തങ്ങളുടെ ഊക്ക് കാണിക്കുവാനോ ഔന്നത്യം പ്രകടമാക്കുവാനോ വേണ്ടിയായിരുന്നില്ല. പ്രത്യുത, കൂടുതൽ കൂടുതൽ ധർമനിഷ്ഠരാകുവാനും അങ്ങനെ ദൈവത്താൽ ആദരിക്കപ്പെടുന്നവരിൽ പ്രമുഖസ്ഥാനം ലഭിക്കുന്നതിന്നും വേണ്ടിയായിരുന്നു.

സത്യവിശ്വാസികൾ തമ്മിൽ നിലനിൽക്കുന്ന സാഹോദര്യത്തെക്കുറിച്ച് പ്രവാചകൻ പഠിപ്പിക്കുന്നതു കാണുക: 'മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനെ അക്രമിക്കുകയില്ല; നിസ്സഹായാവസ്ഥയിൽ വിടുകയില്ല; നിന്ദിക്കയില്ല'[2].

'ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ പരസ്പരം ബലം കൊടുക്കുന്നതുപോലെയാണ് ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക്'[3].

'ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ കണ്ണാടിയാണ്; ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ സഹോദരനാണ്. സഹോദരന് നാശനഷ്ടങ്ങൾ വരുന്നത് അവൻ തടഞ്ഞു നിർത്തും. പിന്നിൽ കൂടി അവനെ സംരക്ഷിക്കുകയും ചെയ്യും'[4].

'സത്യവിശ്വാസികൾ ഒരൊറ്റ മനുഷ്യനെപ്പോലെയാകുന്നു. കണ്ണിന്റെ ആവലാതി അയാളുടെ മുഴുവൻ ആവലാതിയാണ്. ശിരസ്സിന്റെ ആവലാതി അയാളുടെ മുഴുവൻ ആവലാതിയാണ്'.[5]

1. ഖുർആൻ 49: 10
2. മുസ്‌ലിം
3. ബുഖാരി, മുസ്‌ലിം
4. അബൂദാവൂദ്
5. മുസ്‌ലിം

ഇസ്‌ലാമികസമൂഹമാകുന്ന ശരീരത്തിൻെറ ഓരോ അവയവങ്ങ ളാകുന്നു ഓരോ സത്യവിശ്വാസിയുമെന്നാണ് പ്രവാചകൻ (സ) പഠിപ്പിക്കുന്നത്. ശരീരത്തിൻെറ ഒരു അവയവത്തിനുണ്ടാവുന്ന പ്രയാസങ്ങൾ എന്തുമാത്രം ശരീരത്തെയാകമാനം ക്ഷീണിപ്പിക്കുമോ അതുപോലെ ഒരു സത്യവിശ്വാസിയുടെ പ്രയാസങ്ങൾ മറ്റുള്ളവർക്ക് കൂടിയുള്ള പ്രയാസമായി അനുഭവപ്പെടുകയും അതു ദൂരീകരിക്കു വാൻ ഒന്നായി പരിശ്രമിക്കുകയും വേണമെന്ന ഉദാത്തമായ ആശയ മാണ് പ്രവാചകൻ ഇവിടെ പ്രകടിപ്പിക്കുന്നത്. സത്യവിശ്വാസികൾ തമ്മിൽ ഉണ്ടായിരിക്കേണ്ട സഹകരണത്തിൻെറ ആഴം മനസ്സിലാക്കു വാനുതകുന്ന പ്രവാചക വചനം ശ്രദ്ധിക്കുക: 'എൻെറ ജീവൻ ആരു ടെ കയ്യിലാണോ അവനാണ് സത്യം, തനിക്കിഷ്ടപ്പെടുന്നത് തൻെറ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ ഒരാളും സത്യവിശ്വാസിയാവു കയില്ല.'[1]

ഒരു സത്യവിശ്വാസിയെ അന്യരുടെ അക്രമത്തിൽ നിന്ന് രക്ഷിക്കു ക മാത്രമല്ല, അവൻ അക്രമിയാകുന്നതു തടയുക കൂടി ചെയ്യേണ്ടത് മറ്റു വിശ്വാസികളുടെ കടമയാണ്. മുഹമ്മദ് നബി (സ) പറഞ്ഞു: 'നിൻെറ സഹോദരൻ അക്രമിയായാലും അക്രമത്തിന്നിരയായാലും നീ അവനെ സഹായിക്കുക'. ഇതുകേട്ട ഒരാൾ ചോദിച്ചു: 'ദൈവദൂ തരെ, അക്രമത്തിനിരയാകുമ്പോൾ അവനെ സഹായിക്കാൻ എനി ക്കറിയാം. എന്നാൽ അക്രമിയായാൽ എങ്ങനെയാണ് ഞാനവനെ സഹായിക്കുക? നബി (സ) പ്രതിവചിച്ചു: 'അക്രമത്തിൽ നിന്ന് നീ അവനെ തടയണം. അങ്ങനെയാണ് നീ അവനെ സഹായി ക്കേണ്ടത്'.[2]

വിശ്വാസികൾ തമ്മിൽ നിലനിൽക്കേണ്ട പരസ്പരസ്നേഹത്തെ ക്കുറിച്ചും പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്. ഈ സ്നേഹം ദൈവ പ്രീതി കാംക്ഷിച്ചുകൊണ്ടാണെങ്കിൽ അതു സ്വർഗപ്രവേശത്തിനു നിമിത്തമാകുമെന്നും പ്രവാചകൻ പഠിപ്പിക്കുന്നു. 'ആരെങ്കിലും അല്ലാഹുവിന്നു വേണ്ടി സ്നേഹിക്കുകയും അല്ലാഹുവിന്നു വേണ്ടി വെറുക്കുകയും അല്ലാഹുവിന്നുവേണ്ടി നൽകുകയും അല്ലാഹുവിന്നുവേണ്ടി തടയുകയും ചെയ്താൽ അവൻ വിശ്വാസം പൂർത്തിയാക്കി'[3].

1. ബുഖാരി, മുസ്‌ലിം
2. ബുഖാരി, മുസ്‌ലിം
3. അബൂദാവൂദ്



'മൂന്ന് കാര്യങ്ങൾ ഒരാളിലുണ്ടായാൽ അവൻ വിശ്വാസത്തിൻെറ മാധുര്യമനുഭവിച്ചു. മറ്റെല്ലാറ്റിലുമുപരി അല്ലാഹുവും അവൻെറ ദൂത നും അവന്ന് പ്രിയപ്പെട്ടവരാവുക; ഒരാളെ അല്ലാഹുവിന്ന് വേണ്ടിമാ ത്രം സ്നേഹിക്കുക; അവിശ്വാസത്തിൽ നിന്ന് അല്ലാഹു മോചിതനാ ക്കിയ ശേഷം വീണ്ടും അതിലേക്കു മടങ്ങുന്നത് നരകത്തിലെറിയ പ്പെടുന്നതു പോലെ വെറുക്കുക'.[1]

'അല്ലാഹു പറഞ്ഞിരിക്കുന്നു: എൻെറ പേരിൽ പരസ്പരം സ്നേ ഹിക്കുന്നവർക്ക് പ്രകാശത്തിൻെറ പീഠങ്ങളുണ്ടായിരിക്കും. പ്രവാച കന്മാരും രക്തസാക്ഷികളും അവരെ പൊതിയുന്നതാണ്'.[2]

ആദർശത്തിൻെറ അടിസ്ഥാനത്തിൽ പരസ്പരം സ്നേഹിക്കുന്ന വിശ്വാസികളുടെ മനസ്സുകളിൽ ഐക്യത്തിൻെറയും സാഹോദര്യ ത്തിൻെറയും വികാരങ്ങളെ ദീപ്തമാക്കുന്നതാണ് അവർ പരസ്പരം ചെയ്യുന്ന അഭിവാദനം. സത്യവിശ്വാസികൾ ചെയ്യുന്ന അഭിവാദ്യം ഒരു ചടങ്ങെന്നതിലുപരിയായി ഒരു പ്രാർഥനയാണ്. തൻെറ സഹോദരനുവേണ്ടി ദൈവത്തോടു ചെയ്യുന്ന ആത്മാർഥമായ പ്രാർ ഥന. 'അല്ലാഹുവിൻെറ കാരുണ്യവും സമാധാനവും താങ്കൾക്കു മേൽ ഉണ്ടാകട്ടെ'യെന്ന അഭിവാദ്യ പ്രത്യഭിവാദ്യങ്ങൾ ദൈവമാർഗ ത്തിൽ പരസ്പരം സ്നേഹിക്കുന്നതിന്നുള്ള അഭിവാഞ്ഛ വളർത്തു കയും പ്രസ്തുത സ്നേഹം രൂഢമൂലമാക്കുകയും ചെയ്യുന്നു. പ്രവാ ചകൻ (സ) പറഞ്ഞു: 'എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! നിങ്ങൾ വിശ്വാസികളാകുവോളം സ്വർഗത്തിൽ പ്രവേശിക്കുകയില്ല; പരസ്പരം സ്നേഹിക്കുവോളം നിങ്ങൾ വിശ്വാസികളാവുകയില്ല: നിങ്ങൾക്ക് അന്യോന്യം സ്നേ ഹിക്കാൻ പറ്റുന്ന ഒരു കാര്യം ഞാൻ അറിയിക്കട്ടെ? നിങ്ങൾ നിങ്ങൾക്കിടയിൽ 'സലാം' പ്രചരിപ്പിക്കുക'.[3]

മുസ്‌ലിം സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള ബാധ്യതകളെ പ്പോലെത്തന്നെ വളരെ പ്രധാനപ്പെട്ടതായി പ്രവാചകൻ(സ) പഠിപ്പിച്ച ബാധ്യതയാണ് അയൽവാസികൾ തമ്മിലുള്ള ബാധ്യത. 'നിങ്ങളുടെ അയൽവാസികളോട് നിങ്ങൾ നല്ല നിലയിൽ വർത്തിക്കുക'[4]യെന്ന ഖുർആനിക കൽപന അനുസരിക്കുന്ന വിശ്വാസി എങ്ങനെയാണ്

1. ബുഖാരി, മുസ്‌ലിം
2. തിർമുദി
3. മുസ്‌ലിം
4. ഖുർആൻ 4: 36

അയൽക്കാരനോട് പെരുമാറേണ്ടതെന്ന് പ്രവാചകൻ സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതരുന്നുണ്ട്. അയൽക്കാർ തമ്മിലുള്ള അസ്വാരസ്യങ്ങൾ സാമൂഹ്യ പ്രശ്നങ്ങളായിത്തീരുമ്പോൾ പ്രവാചകൻെറ ഉപദേശ നിർദേശങ്ങൾ എന്തുമാത്രം അമൂല്യങ്ങളാണെന്ന് നമുക്ക് ബോധ്യമാവും.

പ്രവാചകൻ(സ) പറഞ്ഞു: 'അയൽവാസിയുടെ കാര്യത്തിൽ ജിബ്‌രീൽ എന്നെ ഉപദേശിച്ചുകൊണ്ടേയിരുന്നു. അവസാനം അയൽവാസിക്ക് സ്വത്തിൽ അനന്തരാവകാശം നിശ്ചയിക്കുമോ എന്നുപോലും എനിക്ക് തോന്നിപ്പോയി'.[1]

'ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവർ തങ്ങളുടെ അയൽക്കാരോട് നല്ല നിലയിൽ വർത്തിക്കട്ടെ'[2]

'ആരുടെ ശല്യത്തിൽ നിന്നാണോ തൻെറ അയൽവാസി സുരക്ഷിതനാകാത്തത് അവൻ വിശ്വാസിയാവുകയില്ല.'[3]

'അയൽവാസി പട്ടിണികിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവനല്ല സത്യവിശ്വാസി'.[4]

'നീ കറി പാകം ചെയ്താൽ അൽപം വെള്ളം ചേർത്ത് അധികരിപ്പിച്ചിട്ടെങ്കിലും നീ അയൽവാസിയെ പരിഗണിക്കുക'[5].

'നീ നല്ല വ്യക്തിയാണെന്ന് നിൻെറ അയൽവാസികൾ പറയുന്നത് കേട്ടാൽ നീ നല്ലയാളാണെന്ന് മനസ്സിലാക്കിക്കൊള്ളുക. നീ ചീത്തയാളാണെന്ന് നിൻെറ അയൽവാസികൾ പറയുന്നത് കേട്ടാൽ നീ ചീത്തയാളാണെന്ന് മനസ്സിലാക്കിക്കൊള്ളുക'.[6]

മുസ്‌ലിംകൾ പരസ്പരം സഹോദരങ്ങളാണെന്ന് പറഞ്ഞുവല്ലോ. പക്ഷെ, യാതൊരു രീതിയിലുമുള്ള വർഗ്ഗീയത ഇസ്‌ലാം അംഗീകരിക്കുന്നില്ല. സ്വസഹോദരനെ ന്യായമായ മാർഗത്തിൽ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നത് വർഗ്ഗീയതയല്ലെന്നാണ് ഇസ്‌ലാമിൻെറ കാഴ്ചപ്പാട്. സ്വന്തക്കാരനായി എന്ന കാരണത്താൽ അവൻ ചെയ്യുന്ന അനീതികൾക്കും അന്യായങ്ങൾക്കും കൂട്ടു നിൽക്കുന്നതാണ് ഇസ്‌ലാമിക വീക്ഷണത്തിൽ വർഗ്ഗീയത. 'ദൈവദൂതരേ എന്താണ് വർഗ്ഗീയത?' എന്ന അനുചരൻെറ ചോദ്യത്തിന് പ്രവാചകൻ (സ) നൽകിയ മറുപടി 'സ്വന്തം ആളുകളെ അന്യായത്തിൽ പിന്തുണക്കൽ'[1] എന്നായിരുന്നു. വർഗ്ഗീയവാദികൾക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ലെന്ന വസ്തുത പ്രവാചകൻ (സ) പഠിപ്പിക്കുന്നത് കാണുക: 'വിഭാഗീയതയിലേക്ക് ക്ഷണിച്ചവൻ നമ്മിൽ പെട്ടവനല്ല; വിഭാഗീയതയുടെ പേരിൽ യുദ്ധത്തിലേർപ്പെട്ടവൻ നമ്മിൽ പെട്ടവനല്ല; വിഭാഗീയതയുടെ പേരിൽ മരിച്ചവനും നമ്മിൽ പെട്ടവനല്ല'.[2]

1. ബുഖാരി, മുസ്‌ലിം
2. മുസ്‌ലിം
3. ബുഖാരി, മുസ്‌ലിം
4. ത്വബ്റാനി
5. മുസ്‌ലിം
6. ഇബ്നുമാജ



ഇസ്‌ലാമികസമൂഹത്തിൽ മുതലാളിയും തൊഴിലാളിയുമുണ്ടാവുക സ്വാഭാവികമാണ്. സമ്പൂർണ്ണമായ സാമ്പത്തികസമത്വമെന്ന ഉട്ടോപ്യൻ ചിന്താഗതിയൊന്നും ഇസ്‌ലാം വിഭാവനം ചെയ്യുന്നില്ല. അതേസമയം വ്യക്തിയുടെ സാമ്പത്തികനേട്ടമായിരിക്കണം മൗലികമായ ലക്ഷ്യമെന്ന വാദത്തെയും ഇസ്‌ലാം നിരാകരിക്കുന്നു. അഥവാ സോഷ്യലിസവും ക്യാപ്പിറ്റലിസവും ഇസ്‌ലാമിക വൃത്തത്തിനു പുറത്താണ്. ഇവ രണ്ടും പ്രായോഗികമായി പരാജയത്തിൽ കലാശിച്ചിരിക്കുന്ന ഇന്ന് ഇസ്‌ലാമിക സാമ്പത്തികവ്യവസ്ഥയുടെ പ്രസക്തി കൂടുതൽ വ്യക്തമാവുകയാണ് ചെയ്തിരിക്കുന്നത്.

ഭൂമിയിലെ അനുഗ്രഹങ്ങൾ മനുഷ്യനു വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ തേടിക്കൊണ്ട് ഭൂമിയിൽ വ്യാപരിക്കുവാൻ ഖുർആൻ മനുഷ്യരോടാവശ്യപ്പെടുന്നു. പ്രകൃതി വിഭവങ്ങളെ ഉപയോഗിക്കുവാനും ദൈവികാനുഗ്രഹങ്ങളെ തേടുവാനുമുള്ള അവകാശം എല്ലാ മനുഷ്യരുടേതുമാണ്. ഏതെങ്കിലും ഒരു വിഭാഗത്തിനു മാത്രം പ്രപഞ്ചത്തിലെ വസ്തുക്കൾ ആസ്വദിക്കുവാനുമുള്ള അവകാശം ഇസ്‌ലാം നൽകുന്നില്ല. പ്രകൃതിയെ ഉപയോഗിക്കുവാനുള്ള ഓരോ മനുഷ്യരുടെയും അവകാശത്തെ നിഷേധിക്കുവാനുള്ള അധികാരവും ആർക്കുമില്ല. അധ്വാനിക്കുവാനും ധനം സമ്പാദിക്കുവാനുമുള്ള അവകാശം എല്ലാവർക്കും തുല്യമാണ്. സമ്പാദിക്കുവാനുള്ള അവകാശം മറ്റു വ്യക്തികളേയോ സമൂഹത്തേയോ ചൂഷണം ചെയ്യുവാനുള്ള അധികാരം ആർക്കും നൽകുന്നില്ല. അതുപോലെത്തന്നെ പ്രകൃതി വിഭവങ്ങളെ ഉപയോഗിച്ചു കൊണ്ട് ഉൽപ്പാദനം നടത്തുമ്പോൾ ഇവ ദൈവത്തിൻെറ ദാനമാണെ

1. അബൂദാവൂദ്
2. അബൂദാവൂദ്

ന്നും തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിലെല്ലാം ചൂഷണം ചെയ്യാമെന്ന വിചാരം തെറ്റാണെന്നുമുള്ള ബോധം മനുഷ്യനുണ്ടാവണം. അതില്ലാത്തതു കൊണ്ടാണ് 'പുരോഗതി'യുടെ ലഹരിയുമായി വ്യവസായവത്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, വ്യവസായികാവശിഷ്ടങ്ങൾ പുറംതള്ളാനായി ഏറ്റവും ലാഭകരമായ രീതി സ്വീകരിക്കുന്നതും അതിനാൽ സസ്യങ്ങളുടെയും ജന്തുക്കളുടെയും മനുഷ്യന്റെ തന്നെയും നിലനിൽപ്പിനെ മാരകമായി ബാധിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങളുണ്ടാവുന്നതും.

പരമാവധി ഉൽപാദിപ്പിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. ഉൽപാദിപ്പിക്കുവാനും സമ്പാദിക്കുവാനുമുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ട്. എങ്ങനെയും സമ്പാദിക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ധാർമികനിയമങ്ങൾ പാലിച്ചു കൊണ്ടായിരിക്കണം വ്യക്തികൾ സമ്പാദിക്കേണ്ടതെന്ന് നിഷ്കർഷിക്കുന്ന ഇസ്‌ലാം ഈ രംഗത്ത് പാലിക്കേണ്ട നിയമങ്ങൾ എന്തൊക്കെയാണെന്ന് പഠിപ്പിച്ചിട്ടുണ്ട്. കച്ചവടത്തിലൂടെയും കൃഷിയിലൂടെയും അധ്വാനത്തിലൂടെയും സമ്പാദിക്കുവാൻ അവകാശം നൽകുന്ന ഇസ്‌ലാം ഈ രംഗങ്ങളിലൊന്നും തന്നെ കളവും വഞ്ചനയും ചൂഷണവുമുണ്ടാവരുതെന്നു വ്യക്തമായി നിഷ്കർഷിക്കുന്നു. ഈ ധാർമിക നിയമങ്ങൾ പാലിച്ചുകൊണ്ട് വ്യക്തി നേടുന്ന സമ്പാദ്യം അവന്റേതു തന്നെയാണ്. രാഷ്ട്രത്തിന്റേതോ സമൂഹത്തിന്റേതോ അല്ല. പക്ഷേ, ഈ സമ്പാദ്യത്തിൽ നിന്ന് രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ആവശ്യത്തിനുവേണ്ടി ചിലവഴിക്കാൻ അവൻ തയാറാവണം. അതു വ്യക്തിയുടെ ബാധ്യതയാണ്. താൻ സമ്പാദിക്കുന്നതൊന്നും തനിക്കുള്ളതല്ലെന്ന ബോധമാണ് കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ ഉൽപ്പാദനത്തോത് കുറയാനും അങ്ങനെ പ്രസ്തുത രാഷ്ട്രങ്ങളുടെ തകർച്ചയ്ക്കുമുള്ള കാരണം. തന്റെ സമ്പാദ്യം തനിക്ക് ഇഷ്ടമുള്ളത് പോലെ ചിലവഴിക്കാമെന്ന വിചാരമാണ് മുതലാളിത്തലോകത്തിന്റെ പാളിച്ച. ഈ രണ്ട് ആത്യന്തികതകളെയും നിഷേധിക്കുന്ന ഇസ്‌ലാം സമ്പാദിക്കുവാനുള്ള വ്യക്തിയുടെ അവകാശം അംഗീകരിക്കുകയും അതിൽ നിന്ന് ഇതരർക്കുവേണ്ടി ചിലവഴിക്കേണ്ടത് അവന്റെ ബാധ്യതയാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

കച്ചവടം ഇസ്‌ലാം അനുവദിക്കുന്നു. പലിശ നിരോധിക്കുകയും ചെയ്യുന്നു. ലാഭം അംഗീകരിക്കുകയും പൂഴ്ത്തിവെപ്പും കൊള്ളലാഭവും നിരോധിക്കുകയും ചെയ്യുന്നു. കച്ചവടത്തിൽ കൃത്രിമത്വങ്ങളുണ്ടാവാൻ പാടില്ലെന്നാണ് ഇസ്‌ലാമിന്റെ കൽപന. ഉൽപാദനരംഗം ചൂഷണമുക്തമാവണം. അത് എല്ലാവർക്കു മുമ്പിലും തുറന്നിടണം. ഉൽപ്പന്നത്തിന്റെ ന്യൂനതകൾ മറച്ചുവെച്ചു കൊണ്ട് അതിന്ന് മാർക്കറ്റുണ്ടാക്കുന്നത് ഇസ്‌ലാമിനു വിരുദ്ധമാണ്.



അലസമായ ജീവിതം ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു. അനന്തരസ്വത്ത് ധൂർത്തടിച്ച് ജീവിക്കുന്നവൻ കൊള്ളരുതാത്തവനാണ്. ഇസ്‌ലാമിക സമൂഹത്തിൽ നിലനിൽക്കുന്ന സക്കാത്ത് വ്യവസ്ഥ ഇത്തരമാളുകളുടെ അലസത അകറ്റുന്നു. എത്ര വലിയ സമ്പന്നനായിരുന്നാലും വർഷം തോറും രണ്ടര ശതമാനം ചിലവഴിക്കുകയാണെങ്കിൽ നാൽപതുവർഷങ്ങൾക്കുള്ളിൽ ആ സമ്പത്ത് തീർന്നുപോകുമെന്ന ചിന്ത അലസത അകറ്റുകയും സമ്പത്തിനെ ഉൽപാദനരംഗത്തിറക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ധനത്തിന്റെ സമ്പാദനത്തിലെന്നപോലെ ഉപഭോഗരംഗത്തും പാലിക്കപ്പെടേണ്ട വ്യക്തമായ നിയമങ്ങൾ ഇസ്‌ലാമിലുണ്ട്. പിശുക്കും ധൂർത്തും ഇസ്‌ലാം അംഗീകരിക്കുന്നില്ല. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങൾക്ക് സമ്പത്ത് ചിലവഴിക്കേണ്ടത് അത് കൈവശമുള്ളവന്റെ കർത്തവ്യമാണ്. എന്നാൽ സുഖഭോഗങ്ങൾക്ക് അമിതമായി പണം ചിലവഴിക്കുന്നതിനെ ഇസ്‌ലാം നിരോധിക്കുന്നു.

സാമ്പത്തികമായ വിഷമതകളനുഭവിക്കുന്നവരെ സഹായിക്കേണ്ട ബാധ്യത സമൂഹത്തിനാണുള്ളത്. ഇതിന്നായിട്ടാണ് ഇസ്‌ലാം സകാത്ത് വ്യവസ്ഥ നടപ്പാക്കിയിരിക്കുന്നത്. സമ്പന്നന്റെ അടുത്തു നിന്ന് വർഷാവസാനത്തിലെ സമ്പാദ്യത്തിന്റെ രണ്ടര ശതമാനം രാഷ്ട്രമോ സമൂഹം ഉത്തരവാദപ്പെടുത്തിയ സ്ഥാപനങ്ങളോ പിരിച്ചെടുക്കുകയും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയുമാണ് സകാത്തിന്റെ രൂപം. സകാത്ത് നിർബന്ധദാനവും ധനികന്റെ സമ്പാദ്യത്തിന്റെ ശുദ്ധീകരണവുമാണ്. ഇതു കൂടാതെത്തന്നെ ദരിദ്രരെ സഹായിക്കേണ്ടത് ധനികന്റെ ബാധ്യതയായിട്ടാണ് ഇസ്‌ലാം കാണുന്നത്. ഇതിന്നു വേണ്ടിയാണ് ദാനം നൽകുവാൻ പ്രവാചകൻ (സ) ആജ്ഞാപിച്ചിരിക്കുന്നത്. ഇത്തരം ഐഛിക ദാനങ്ങളാണ് 'സദഖ'യെന്ന് അറിയപ്പെടുന്നത്.

ഉൽപാദനത്തെയും ഉപഭോഗത്തെയും കുറിച്ച ചില ഖുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളും ശ്രദ്ധിക്കുക.

'അവനാണ് ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചു തന്നത്'.[1]

'സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിൻെറ അലങ്കാരങ്ങളാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിൻെറ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും'.[2]

'കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു'[3].

'സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടു കൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങളന്യോന്യം എടുത്തു തിന്നരുത്'.[4]

'അളവിലും തൂക്കത്തിലും നിങ്ങൾ കുറവ് വരുത്തരുത്'[5].

'നിങ്ങൾ അളന്നു കൊടുക്കുകയാണെങ്കിൽ അളവ് നിങ്ങൾ തികച്ചു കൊടുക്കുക. ശരിയായ തുലാസ്സുകൊണ്ട് നിങ്ങൾ തൂക്കിക്കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യ ഫലത്തിൽ ഏറ്റവും മെച്ചമായിട്ടുള്ളതും.'[6]

'എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്ന് നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്ക് കാണിക്കുകയും സ്വയംപര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കിക്കൊടുക്കുന്നതാണ്'.[7]

'ചോദിച്ചു വരുന്നവനെ നീ വിരട്ടി വിടുകയും ചെയ്യരുത്'[8]

1. ഖുർആൻ 2: 29
2. ഖുർആൻ 18: 16
3. ഖുർആൻ 2: 275
4. ഖുർആൻ 4: 29
5. ഖുർആൻ 11: 84
6. ഖുർആൻ 17: 35
7. ഖുർആൻ 92: 5-10
8. ഖുർആൻ 93: 10



'കുടുംബബന്ധമുള്ളവന്ന് അവൻെറ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു.'[1]

'അല്ലാഹു നിനക്ക് സമ്പത്ത് നൽകിയിട്ടുണ്ടെങ്കിൽ അനുഗ്രഹത്തിൻെറ ഛായയും മഹത്വവും അവൻ നിന്നിൽ കാണുമാറാകട്ടെ'[2].

'ഇഷ്ടമുള്ളത് ഭക്ഷിച്ചു കൊള്ളുക, ഇഷ്ടമുള്ളത് ധരിച്ചു കൊള്ളുക; രണ്ടു കാര്യങ്ങൾ-ധൂർത്തും അഹങ്കാരവും നിന്നെ തീണ്ടാത്ത പക്ഷം'.[3]

'ആഡംബരത്തിൽ മുഴുകാതിരിക്കുക. ആഡംബര ജീവിതം ദൈവദാസന്മാർക്ക് അനുയോജ്യമല്ല'.[4]

'സത്യസന്ധനും കണിശത പാലിക്കുന്നവനുമായ വ്യാപാരി അന്ത്യനാളിൽ പ്രവാചകന്മാർ, സത്യപാലകന്മാർ, രക്തസാക്ഷികൾ, സദ്വൃത്തർ എന്നിവരോട് കൂടെയായിരിക്കും'.[5]

'വല്ലതും വിൽക്കുകയാണെങ്കിൽ ശരിക്കും അളന്നു കൊടുക്കുക, വാങ്ങിക്കുമ്പോൾ ശരിക്കും അളന്ന് വാങ്ങിക്കുകയും ചെയ്യുക'.[6]

'വിൽപനച്ചരക്കുകളുടെ ന്യൂനതകൾ വിൽപനക്കാരൻ വാങ്ങുന്നവന്ന് വിവരിച്ചു കൊടുക്കേണ്ടതാണ്. എങ്കിൽ ആ ഇടപാട് സ്വീകാര്യം തന്നെ. അല്ലാത്തപക്ഷം അത് മ്ലേച്ഛവുമാണ്.'[7]

'വഞ്ചനാ സ്വഭാവമുള്ള എല്ലാ കച്ചവടങ്ങളും നിരോധിച്ചിരിക്കുന്നു'.[8]

'വേഗം വിറ്റഴിയാനായി സാധനങ്ങളുടെ ഗുണം പെരുപ്പിച്ച് പറയുന്നത് ശുദ്ധമായ ഏർപ്പാടല്ല'[9]

'ഉള്ളതു പോലെ പറയുകയും വിശദീകരിക്കുകയും ചെയ്താൽ ഇടപാടിൽ അവർ അനുഗ്രഹീതരാവും. കള്ളം പറയുകയും മറച്ചു

1. ഖുർആൻ 17: 26, 27
2. അബൂദാവൂദ്, നസാഈ
3. ബുഖാരി
4. അഹ്മദ്
5. തിർമുദി
6. ബുഖാരി
7. ബുഖാരി
8. മുസ്‌ലിം
9. ബുഖാരി, മുസ്‌ലിം

വെക്കുകയും ചെയ്താൽ ഇടപാടിലെ അനുഗ്രഹം മായ്ക്കപ്പെടും.[1]'

'പൂഴ്ത്തിവെച്ചവൻ പാപിയാണ്'.[2]

'വലിയ വിലക്ക് വിൽക്കാനായി ധാന്യം പൂഴ്ത്തിവെയ്ക്കുന്നവൻ കുറ്റവാളിയാണ്'[3].

'ക്രയിവിക്രയ വേളയിലും കടം മടക്കി ചോദിക്കുമ്പോഴും സൗമ്യ മായി പെരുമാറുന്നവൻെറ മേൽ അല്ലാഹു കരുണ ചെയ്യട്ടെ'.[4]

'ഏറ്റവും നല്ല നിലയിൽ കടം വീടുന്നവനാണ് നിങ്ങളിൽ ഉത്തമൻ'[5].

'പലിശക്ക് പണം കടം കൊടുക്കുന്നവൻെറ മേലും പലിശക്ക് പ ണം മേടിക്കുന്നവൻെറ മേലും പലിശക്ക് സാക്ഷ്യം വഹിക്കുന്നവ ൻെറ മേലും പലിശക്കണക്ക് എഴുതുന്നവൻെറ മേലും അല്ലാഹുവി ൻെറ ശാപമുണ്ടാവുന്നതാണ്'.[6]

'സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നംവെച്ചു നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛ വൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജി ക്കുക, നിങ്ങൾ വിജയം പ്രാപിച്ചേക്കാം.'[7]

'മദ്യം, ശവം, പന്നി, ബിംബങ്ങൾ ഇവയുടെ വ്യാപാരം അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു.'[8]

ഉൽപാദനവും വ്യവസായവും കൃഷിയുമെല്ലാമുണ്ടാകുമ്പോൾ മുതലാളിയും തൊഴിലാളിയുമുണ്ടാവുക സ്വാഭാവികമാണ്. ഈ സ്വാഭാവികതയെ ഇസ്ലാം അംഗീകരിക്കുന്നു. പക്ഷേ, തൊഴിലാളി-മുതലാളിബന്ധം സംഘട്ടനത്തിൻേറതാവണമെന്ന് അത് പഠിപ്പിക്കു ന്നില്ല. തൊഴിലെടുക്കുന്നതിൻെറ മാഹാത്മ്യം പ്രവാചകൻ (സ) ഊ ന്നിപ്പറഞ്ഞിട്ടുണ്ട്.

'തൊഴിലാളിയുടെ കൈകൾ കൊണ്ടുള്ള സമ്പാദ്യമാണ് ഏറ്റവും നല്ല വിഭവം'[9].

1. ബുഖാരി, മുസ്ലിം
2. മുസ്ലിം, അബൂദാവൂദ്, തിർമുദി
3. ഇബ്നുമാജ
4. ബുഖാരി
5. ബുഖാരി
6. മുസ്ലിം, തിർമുദി, അബൂദാവൂദ്
7. ഖുർആൻ 5: 90
8. ബുഖാരി
9. അഹ്മദ്



'ഏറ്റവും ശുദ്ധമായ ഭക്ഷണം സ്വന്തം കരങ്ങൾ കൊണ്ട് സമ്പാദി ച്ചതാണ്'[1].

'തൊഴിലാളിയെ അല്ലാഹു സ്നേഹിതനെപ്പോലെ കണക്കാക്കു ന്നു'.[2]

'അല്ലാഹു തൻെറ തൊഴിലാളിയായ ദാസനെ ഇഷ്ടപ്പെടുന്നു. തൻെറ കുടുംബത്തിനുവേണ്ടി ജോലിയെടുത്ത് ക്ഷീണിച്ചവൻ പ്രതാ പവാനും മഹാനുമായ അല്ലാഹുവിൻെറ മാർഗത്തിൽ പടപൊരു തുന്നവനെപ്പോലെയാണ്.'[3]

തൊഴിലാളിക്ക് അർഹമായ കൂലി നൽകണമെന്നാണ് ഇസ്ലാമി ൻെറ ശാസന. ജോലി തുടങ്ങുന്നതിന്നു മുമ്പുതന്നെ കൂലിയെപ്പറ്റി തൊഴിലാളിയും മുതലാളിയും ഒരു ധാരണയിലെത്തണം. ഇങ്ങനെ ധാരണയിലെത്തിയ കൂലിയിൽ അൽപം പോലും കുറയ്ക്കാതെ തൊഴിലാളിയുടെ വിയർപ്പ് വറ്റുന്നതിന്നു മുമ്പുതന്നെ കൊടുക്ക ണമെന്നാണ് പ്രവാചകൻ കൽപ്പിച്ചിരിക്കുന്നത്. തൊഴിലാളിയെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുവാനുള്ള മുതലാളിയുടെ അഭിവാഞ്ഛക്ക് കടിഞ്ഞാണിട്ട ഇസ്ലാം തൊഴിലാളിക്ക് തൻെറ ജോലിയിൽ ആത്മാർഥതയുണ്ടാവണമെന്നും പഠിപ്പിക്കുന്നു. പ്രവാചകൻ പറഞ്ഞു: 'തൊഴിലാളിയെക്കൊണ്ട് വേല ചെയ്യിച്ച് വേത നം നൽകാത്തവൻ അന്ത്യനാളിൽ അല്ലാഹുവിൻെറ ശത്രുവായി രിക്കും'[4].

വിശ്വാസികളുടെ കൂട്ടായ്മയിൽ നിന്നാണല്ലോ ഇസലാമിക സമൂ ഹമുണ്ടാവുന്നത്. മുസ്ലിം സമൂഹം മറ്റു ജനവിഭാഗങ്ങളുമായി പൂർ ണമായും സഹിഷ്ണുതയിലാണ് കഴിയേണ്ടതെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. മറ്റു മതസമൂഹങ്ങളുമായി മുസ്ലിംസമൂഹം വർത്തി ക്കേണ്ട സഹിഷ്ണുതയുടെ അതിർവരമ്പ് എന്തായിരിക്കണമെന്ന കാര്യം വളരെ വ്യക്തമായി വിശുദ്ധ ഖുർആൻ വരച്ചുകാണിക്കുന്നു ണ്ട്. 'മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങ ളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യു ന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മചെയ്യുന്നതും

1. ബുഖാരി
2. ബൈഹഖി
3. അഹ്മദ്
4. ബുഖാരി

നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്രമാണ്-അവരോട് മൈത്രി കാണിക്കുന്നത്- അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്നപക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ.'[1]

ഇസ്‌ലാമികേതരസമൂഹങ്ങൾ മുസ്‌ലിം സമൂഹത്തിൻെറ നിലനിൽപ് ചോദ്യംചെയ്യാത്തിടത്തോളം അവരുമായി സഹിഷ്ണുതയിലും സ്നേഹത്തിലും കഴിയണമെന്ന ഖുർആനിലെ ഉപര്യുക്ത നിർദേശത്തിൻെറ നിദർശനമായിരുന്നു പ്രവാചകൻെറയും അനുചരന്മാരുടെയും ജീവിതമെന്നതിന് ഒട്ടേറെ ചരിത്ര വസ്തുതകൾ സാക്ഷ്യം വഹിക്കുന്നു.

ഇസ്‌ലാമികസമൂഹത്തിൻെറ പൊതുവായ ഉത്തരവാദിത്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സത്യമതസാക്ഷ്യമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. മുസ്‌ലിംസമൂഹത്തിൻെറ ഏറ്റവും വലിയ സവിശേഷതയായി ഖുർആൻ പ്രസ്താവിക്കുന്നത് നന്മയിലേക്കു ക്ഷണിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്ന സ്വഭാവത്തെയാണ്. ഈ സ്വഭാവമാണ് ഇതര ജനസമൂഹങ്ങളിൽ നിന്ന് ഇസ്‌ലാമിക സമൂഹത്തെ വ്യതിരിക്തമാക്കുന്നത്. യഥാർഥത്തിൽ മുസ്‌ലിം സമുദായത്തിൻെറ നിലനിൽപ്പിൻെറ ലക്ഷ്യം തന്നെ നന്മയിലേക്ക് ജനങ്ങളെ ക്ഷണിക്കുയും തിന്മയിൽ നിന്ന് അവരെ തടയുകയും ചെയ്യുകയെന്നതാണ്. ഇതാണ് ഇസ്‌ലാമിക സമൂഹത്തെ ഉത്തമ സമുദായമാക്കി മാറ്റുന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: 'മനുഷ്യ വംശത്തിനുവേണ്ടി രംഗത്തു കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.'[2]

'നന്മയിലേക്കു ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം

1. ഖുർആൻ 60: 8, 9
2. ഖുർആൻ 3: 110



നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരെത്ര വിജയികൾ'.[1]

ഏകദൈവാരാധനയും പ്രവാചകചര്യയ്ക്കനുസൃതമായ പ്രവർത്തനങ്ങളുമാകുന്നു ഇസ്‌ലാമിൻെറ വീക്ഷണത്തിൽ ഏറ്റവും വലിയ നന്മ. ബഹുദൈവാരാധനയും പ്രവാചകചര്യയ്ക്കു വിരുദ്ധമായ പ്രവർത്തനങ്ങളുമാണ് ഏറ്റവും വലിയ തിന്മ. അപ്പോൾ നന്മ ഇസ്‌ലാമും തിന്മ സത്യനിഷേധവുമാകുന്നു. ഇസ്‌ലാമിക സമൂഹത്തെ ഉദാത്തമാക്കുന്നത് നന്മയിലേക്കുള്ള ക്ഷണവും തിന്മയിൽ നിന്നുള്ള തടയലുമാണെന്ന വിശുദ്ധ ഖുർആനിൻെറ പ്രസ്താവനയിൽ നിന്ന് ഇസ്‌ലാമിക പ്രബോധനം മുസ്‌ലിം സമുദായത്തിൻെറ പൊതുവായ ഉത്തരവാദിത്തവും മറ്റു സമുദായങ്ങളിൽ നിന്ന് അതിനെ വ്യതിരിക്തമാക്കുന്ന സവിശേഷതയുമാണെന്ന് മനസ്സിലാക്കാം. ഈ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ നിന്ന് വിമുഖതകാണിക്കുന്ന മുസ്‌ലിംകളുടെ കൂട്ടായ്മയ്ക്ക് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ച ഉത്തമ സമുദായം എന്ന വിശേഷണത്തിന് അർഹതയില്ലെന്ന് സാരം.

കേവലമായ മതപ്രചാരണമെന്നതിലുപരിയായി ഇസ്‌ലാമിക സമൂഹം നിർവഹിക്കേണ്ടത് സത്യമതസാക്ഷ്യമാണെന്നാണ് വിശുദ്ധ ഖുർആൻെറ അനുശാസന. 'അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി'.[2]

അന്തിമപ്രവാചകൻ സ്വസമുദായത്തിൽ എങ്ങനെ സത്യസാക്ഷ്യം നിർവഹിച്ചുവോ അപ്രകാരം സത്യവിശ്വാസികളുടെ സമൂഹം തങ്ങളുടെ സമൂഹത്തിൽ സാക്ഷ്യം വഹിക്കണമെന്നാണല്ലോ ഈ ദൈവകൽപനയിൽ നിന്നു മനസ്സിലാകുന്നത്. സുദൃഢമായ വിശ്വാസവും മാതൃകാപരമായ കർമരീതികളും പുലർത്തുന്ന സത്യവിശ്വാസികളുടേതായ സംഘത്തെ കെട്ടിപ്പടുക്കുകയും പ്രസ്തുത സംഘം പ്രവാചകൻെറ ജീവിത മാതൃക പിൻപറ്റി ഇസ്‌ലാമിന്നു സാക്ഷ്യം വഹിക്കുകയും സ്വജീവിതത്തിലൂടെ മറ്റുള്ളവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യണമെന്നാണ് ഈ കൽപനയുടെ സാരം. സാക്ഷ്യത്തിൻെറ അർഥം മനസ്സിലാക്കാനുതകുന്ന മറ്റൊരു ഖുർആൻ സൂക്തം കാണുക: 'അല്ലാഹുവിൻെറ മാർഗത്തിൽ സമരം

1. ഖുർആൻ 3: 104
2. ഖുർആൻ 2: 143

ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിൻെറ മാർഗമത്രെ അത്. മുമ്പും ഇതിലും അവർ നിങ്ങൾക്ക് മുസ്ലിംകളെന്ന പേര് നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി. ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെ മുറുകെപ്പിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!'[1]

സ്വന്തം ജീവിതത്തെ സത്യമതത്തിൻെറ സാക്ഷ്യമാക്കിക്കൊണ്ടും ജ്ഞാനവുംയുക്തിയും സദുപദേശവുമുപയോഗിച്ച് സംവദിച്ചു കൊണ്ടും സത്യമതത്തിൻെറ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കണമെന്നാണ് വിശുദ്ധ ഖുർആൻ കൽപ്പിക്കുന്നത്. പടച്ചതമ്പുരാൻ പ്രവാചകനോടായി കൽപിച്ച കാര്യങ്ങൾ പ്രവാചകനിൽ നിന്ന് സാക്ഷ്യം ഏറ്റുവാങ്ങിയ ഉത്തമ സമുദായത്തിലെ അംഗങ്ങൾക്കെല്ലാം ബാധകമാണ്. 'യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിൻെറ രക്ഷിതാവ് തൻെറ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ'.[2]

സദുപദേശത്തിലൂടെ ഇസ്ലാമിൻെറ പ്രസക്തി ബോധ്യമാക്കിക്കൊടുത്തുകൊണ്ടും സ്വജീവിതത്തിലൂടെ അതിൻെറ പ്രായോഗികത തെളിയിച്ചുകൊണ്ടും സത്യമതത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയെന്ന ഉത്തരവാദിത്തമേറ്റെടുത്തിരിക്കുന്നവർക്ക് ഒരിക്കലും ആരെയും നിർബന്ധിച്ച് സ്വന്തം മതത്തിലേക്ക് കൊണ്ടുവരാൻ കഴിയില്ല. മതകാര്യത്തിൽ യാതൊരു നിർബന്ധവും പാടില്ലെന്നും ഒരാൾ സ്വമനസ്സാലെയാണ് വിശ്വാസം സ്വീകരിക്കേണ്ടതെന്നും ഖുർആൻ വ്യക്തമാക്കുന്നു. 'മതത്തിൻെറ കാര്യത്തിൽ ബലപ്രയോഗമില്ല. സന്മാർഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞു

1. ഖുർആൻ 22: 78
2. ഖുർആൻ 16: 125



കഴിഞ്ഞിരിക്കുന്നു'[1].

ബഹുമതസമൂഹമെന്ന ആശയം ഇസ്ലാം അംഗീകരിക്കുന്നു. മനുഷ്യനെ ദൈവം സൃഷ്ടിച്ചതു തന്നെ അവന്ന് ഇഷ്ടമുള്ളതു തെരഞ്ഞെടുക്കുവാനുള്ള കഴിവു നൽകിക്കൊണ്ടാണ് എന്നതിനാൽ തന്നെ അഭിപ്രായ വ്യത്യാസങ്ങളും വ്യത്യസ്ത വിഭാഗങ്ങളും സ്വാഭാവികമാണ്. സ്വതന്ത്രമായ തെരഞ്ഞെടുപ്പിന് കഴിവ് നൽകിയ അല്ലാഹുവിന്നല്ലാതെ മനുഷ്യരെയെല്ലാം ഒന്നിച്ച് വിശ്വാസികളാക്കി മാറ്റുവാൻ കഴിയുകയില്ല. അങ്ങനെ അല്ലാഹു മാറ്റുന്ന പക്ഷം സ്വതന്ത്രനായ സൃഷ്ടിയെന്ന നിലയ്ക്കുള്ള മനുഷ്യൻെറ സവിശേഷമായ അസ്തിത്വം നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ടുതന്നെ ലോകത്തുള്ള മനുഷ്യരെല്ലാം ഒരുപോലെ വിശ്വാസികളാവുകയെന്നത് അപ്രായോഗികമാണ്. അത് ഒരിക്കലും ഉണ്ടാവുകയില്ല. സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുക മാത്രമാണ് ചെയ്യേണ്ടതെന്നും അതു സ്വീകരിക്കുവാൻ വേണ്ടി നിർബ്ബന്ധിക്കേണ്ടതില്ലെന്നും പ്രവാചകനെ ഉദ്ബോധിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിക്കുക: 'നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വാസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബന്ധിക്കുകയോ?'[2]

'അതിനാൽ നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെമേൽ അധികാരം ചെലുത്തേണ്ടവനല്ല'[3].

ബലപ്രയോഗത്തിലൂടെ അരെയെങ്കിലും സന്മാർഗത്തിലാക്കാൻ കഴിയുമെന്ന് വിചാരിക്കുന്നത് വെറുതെയാണ്. അതുകൊണ്ടുതന്നെ ഇസ്ലാം ബലപ്രയോഗത്തിൽ വിശ്വസിക്കുന്നില്ല. എന്നാൽ ഇസ്ലാമിക പ്രബോധനം എന്ന മുസ്ലിം സമൂഹത്തിൻെറ ബാധ്യത നിർവഹിക്കുന്നതിന് വിഘ്നം സൃഷ്ടിക്കുന്ന ശക്തികളെ ബലമുപയോഗിച്ച് നീക്കിക്കളയേണ്ടത് ആവശ്യമായിവരുമ്പോൾ അത് ഇസ്ലാം അനുവദിക്കുന്നുണ്ട്. ഇസ്ലാമിൽ യുദ്ധം അനുവദനീയമാകുന്നത് ഇവിടെയാണ്. സമാധാനത്തിൻെറ മതമായ ഇസ്ലാം അക്രമത്തിനരയാകുന്നവരുടെ സംരക്ഷണത്തിനും സത്യമതമനുസരിച്ച് ജീവിക്കുവാനും അത് പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യത്തിനും വേണ്ടി

1. ഖുർആൻ 2: 256
2. ഖുർആൻ 10: 99
3. ഖുർആൻ 88: 21, 22

അടരാടുവാൻ മുസ്ലിംകളോട് കൽപ്പിച്ചിരിക്കുന്നു. അക്രമം അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുവാനാണ് ഇസ്ലാം യുദ്ധം അനുവദിക്കുന്നത്. യുദ്ധത്തിൽ പോലും മാനൃത കൈവെടിയാൻ പാടില്ലെന്നും പരിധി ലംഘിക്കരുതെന്നുമാണ് ഖുർആനിൻെറ ശാസന: 'നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങളും യുദ്ധംചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക്തന്നെയില്ല'.[1]

'യുദ്ധത്തിനിരയാകുന്നവർക്ക് അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവൻ തന്നെയാകുന്നു. യാതൊരു ന്യായവും കൂടാതെ 'ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ്' എന്നു പറയുന്നതിൻെറ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ പല സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും യഹൂദദേവാലയങ്ങളും അല്ലാഹുവിൻെറ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്ലിംപള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവരെ അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു'.[2]

'അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങൾക്കെന്തുകൊണ്ടു യുദ്ധം ചെയ്തുകൂടാ? 'ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും നിൻെറ വകയായി ഒരു രക്ഷാധികാരിയെയും നിൻെറ വകയായി ഒരു സഹായിയെയും ഞങ്ങൾക്ക് നീ നിശ്ചയിച്ചു തരികയും ചെയ്യേണമേ' എന്ന് പ്രാർഥിച്ചു കൊണ്ടിരിക്കുന്ന മർദിച്ചൊതുക്കപ്പെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയും (നിങ്ങൾക്കെന്തു കൊണ്ട് യുദ്ധംചെയ്തുകൂടാ?). വിശ്വാസികൾ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ പിശാചിൻെറ മിത്രങ്ങളുമായി നിങ്ങൾ യുദ്ധത്തിലേർപ്പെട്ടു കൊള്ളുക. തീർച്ചയായും പിശാചിൻെറ കുതന്ത്രം ദുർബലമാകുന്നു'[2].

1. ഖുർആൻ 2: 190
2. ഖുർആൻ 23: 39, 40
3. ഖുർആൻ 4: 75, 76



'ഇനി അവർ സമാധാനത്തിലേക്ക് ചായ്‌വ് കാണിക്കുന്ന പക്ഷം നീയും അതിലേക്ക് ചായ്‌വ് കാണിക്കുകയും അല്ലാഹുവിൻെറ മേൽ ഭരമേൽപ്പിക്കുകയും ചെയ്യുക'[1].

മുസ്ലിം സമൂഹം യുദ്ധം ചെയ്യുവാൻ നിർബന്ധിതരാവുകയാണെങ്കിൽ സമൂഹത്തിലെ കഴിവും ആരോഗ്യമുള്ളവരെല്ലാം യുദ്ധത്തിന് സന്നദ്ധരാവേണ്ടതാണ്. ഇഹലോകത്തുണ്ടാവുന്ന നേട്ടങ്ങളേക്കാൾ പരലോകത്തെ പ്രതിഫലം കാംക്ഷിക്കുന്ന വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസ സംരക്ഷണത്തിനുവേണ്ടി കൊല്ലപ്പെടുന്നതിൽ യാതൊരു വൈമനസ്യവുമുണ്ടാവുകയില്ല. ഖുർആൻ പറയുന്നത് കാണുക: 'ഇഹലോക ജീവിതത്തെ പരലോകത്തിന് പകരം വിൽക്കാൻ തയാറുള്ളവർ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധംചെയ്യട്ടെ. അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധംചെയ്തിട്ട് അവൻ കൊല്ലപ്പെട്ടാലും വിജയം നേടിയാലും നാം അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.'[2]

സത്യമതത്തിൻെറ സംരക്ഷണത്തിനുവേണ്ടി നടത്തുന്ന സമരങ്ങളെല്ലാം ജിഹാദ് തന്നെയാകുന്നു. സായുധ സമരം മാത്രമല്ല ജിഹാദ്. 'സ്വന്തം ശരീരത്തോട് സമയം ചെയ്യുന്നവനാണ് യഥാർത്ഥ മുജാഹിദ്'[3] എന്ന പ്രവാചകവചനം തിന്മകളിൽ നിന്നും പൈശാചിക പ്രവണതകളിൽ നിന്നും അകന്നുനിൽക്കുകയെന്ന പരമപ്രധാനമായ ധർമസമത്തെയാണ് സൂചിപ്പിക്കുന്നത്. ബൗദ്ധികവും കായികവുമായ കഴിവുകളുപയോഗിച്ച് ഇസ്ലാമിനെ പ്രതിരോധിക്കുന്നത് ജിഹാദ് തന്നെയാണ്. 'തങ്ങളുടെ ധനം കൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുന്നവരെ ഒഴിഞ്ഞിരിക്കുന്നവരേക്കാൾ അല്ലാഹു പദവിയിൽ ഉയർത്തിയിരിക്കുന്നു.'[4] തൻെറ സകലമാന കഴിവുകളുമുപയോഗിച്ച് ഒരു മുസ്ലിം നടത്തുന്ന സർവതോന്മുഖമായ സമരമാണ് ജിഹാദ് എന്ന് ഇസ്ലാമിക പണ്ഡിതനായ ഇബ്നു റുഷ്ദിൻെറ നിർവ്വചനം ശ്രദ്ധേയമാണ്. 'അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ നീതിയുടെ വാക്കുച്ചരിക്കലാണ് ഏറ്റവും ശ്രേഷ്ഠമായ ജിഹാദ്'[5] എന്ന പ്രവാചക വചനം ജിഹാദിൻെറ വിവിധ

1. ഖുർആൻ 8: 61
2. ഖുർആൻ 4: 74
3 തിർമുദി
4. ഖുർആൻ 4: 95
5. അബൂദാവൂദ്, തിർമുദി

മാനങ്ങളിലേക്ക് വെളച്ചംവീശുന്നു. യുദ്ധം ജിഹാദിൻെറ ഭാഗമാണ്; പക്ഷെ ഇവ രണ്ടും പര്യായപദങ്ങളല്ല. ജിഹാദ് സ്വന്തം ശരീരത്തോടും ശത്രുസമൂഹത്തോടും പിശാചിനോടും ചെയ്യുന്ന സമരങ്ങളുടെ ആകെത്തുകയാണ്.

ഇസ്ലാമിൻെറ സാഹോദര്യസങ്കൽപം പ്രായോഗികമാക്കുകയും സാമ്പത്തികസിദ്ധാന്തങ്ങൾ നടപ്പിൽ വരുത്തുകയും നന്മയിലേക്കുള്ള ക്ഷണവും തിന്മയിൽ നിന്നുള്ള തടയലും സവിശേഷതയായി സ്വീകരിക്കുകയും ദൈവമാർഗത്തിൽ സമരം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്ന സമൂഹമാണ് യഥാർഥത്തിൽ ഇസ്ലാമിക സമൂഹം എന്നു വിളിക്കപ്പെടുവാൻ അർഹമായിരിക്കുന്നത്; ഈ സമൂഹമാണ് 'ഉത്തമ സമുദായം' എന്ന ഖുർആനിൻെറ വിശേഷണത്തിന് അർഹമായിരിക്കുന്നത്.

# ഇരുപത്

## ഇസ്ലാമിക രാഷ്ട്രം

സാമൂഹ്യജീവിയായ മനുഷ്യന് നിലനിൽക്കുവാൻ ചില നിയമങ്ങൾ ആവശ്യമാണെന്ന് നമുക്കറിയാം. ഈ നിയമങ്ങൾ പൊതുവെ രണ്ടു തരമാണുള്ളത്. വ്യക്തി പാലിക്കേണ്ട നിയമങ്ങളും സമൂഹം നടപ്പിലാക്കേണ്ട നിയമങ്ങളുമാണവ. ഇതിൽ രണ്ടാമത്തെ തരത്തിൽപെട്ട നിയമങ്ങൾ നടപ്പാക്കേണ്ടതിന് ഉത്തരവാദിത്തമുള്ള സ്ഥാപനമാണ് ഭരണസംവിധാനം. നാഗരികതയോളം തന്നെ പഴക്കമുള്ളതാണ് ഭരണസംവിധാനമെന്നാണ് ഉൽഖനനഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ഭരണവ്യവസ്ഥകൾ എല്ലാ പൗരാണികനാഗരികതകളിലും നിലനിന്നിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഒര പ്രത്യേക ഭരണസംവിധാനത്തിനു കീഴിൽ വരുന്ന ജനപദവും ഭൂവിഭാഗവുമടങ്ങിയതാണ് രാഷ്ട്രം. ഓരോ സമൂഹത്തിൻെറയും രാഷ്ട്രീയ നിയമങ്ങളാണ് ആ സമൂഹത്തിൻെറ നിലനിൽപ്പ് എന്തുമാത്രം ഭദ്രവും ബലിഷ്ഠവുമായിരുന്നുവെന്ന് വ്യക്തമാക്കുന്നത്.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒന്നിലധികം വീക്ഷണങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരു സാമൂഹ്യജീവിയെന്ന നിലയ്ക്ക് മനുഷ്യൻെറ വ്യക്തിത്വം സമൂഹത്തിൻെറ സൃഷ്ടിയാണെന്നും അതുകൊണ്ടുതന്നെ വ്യക്തിത്വവളർച്ചയ്ക്കും സാമൂഹ്യമാറ്റത്തിനും വേണ്ടി സമൂഹം നിലനിൽക്കുന്ന നിയമങ്ങളിലാണ് ആദ്യമായി മാറ്റംവരുത്തേണ്ടതെന്നാണ് ഒരു വീക്ഷണം. ഫാഷിസം മുതൽ കമ്യൂണിസം വരെയുള്ള തത്വശാസ്ത്രങ്ങളുടെ വീക്ഷണമി

താണ്. വ്യവസ്ഥിതിയുടെ മാറ്റം മുഖേന മാത്രമെ മനുഷ്യരിൽ എന്തെങ്കിലും രൂപത്തിലുള്ള പരിവർത്തനമുണ്ടാവൂ എന്ന പ്രത്യയ ശാസ്ത്രങ്ങളുടെ കാഴ്ചപ്പാട് മനുഷ്യൻ ചരിത്രത്തിൻെറ സൃഷ്ടി യാണ് എന്ന അവയുടെ അടിസ്ഥാനതത്ത്വത്തിൻെറ അനിവാര്യമാ യ താൽപര്യമാണ്. ചരിത്രത്തിലുടനീളം കാണാവുന്നത് വ്യത്യസ്ത രംഗങ്ങളിൽ പ്രശോഭിച്ച വ്യക്തികളെയാണെന്നും അതുകൊ ണ്ടുതന്നെ വ്യക്തികളാണ് ചരിത്രം സൃഷ്ടിക്കുന്നതെന്നുമുള്ള വീക്ഷണമാണ് മറ്റൊന്ന്. ഈ വീക്ഷണ പ്രകാരം സമൂഹമോ സാമൂ ഹ്യനിയമങ്ങളോ ഒന്നുംതന്നെ ഒരാളുടെ വ്യക്തിത്വത്തിൻെറ രൂപീകരണത്തിൽ യാതൊരു പങ്കും വഹിക്കുന്നില്ല. വ്യക്തികളാണ് ചരിത്രത്തിൻെറ കേന്ദ്രബിന്ദുവെന്ന ഈ വീക്ഷണപ്രകാരം സാമൂഹ്യ മാറ്റത്തിനോ പരിവർത്തനത്തിനോ കാര്യമായ പ്രസക്തിയില്ല.

ഈ രണ്ടു വീക്ഷണങ്ങളും ഇസ്ലാമിന്ന് അന്യമാണ്. കേവലമായ ഒരു സാമൂഹ്യവിപ്ലവത്തിലൂടെ മനുഷ്യരെയെല്ലാം അങ്ങു സംസ്ക രിച്ചുകളയാമെന്ന ഉട്ടോപ്യൻ ധാരണയൊന്നും ഇസ്ലാം വളർത്തു ന്നില്ല. പരിവർത്തനം തുടങ്ങേണ്ടത് വ്യക്തിയുടെ മനഃസ്ഥിതിയിൽ നിന്ന് തന്നെയാണ്. ഏകദൈവാരാധനയും പരലോക ബോധവു മാണ് വ്യക്തിയെ വിമലീകരിക്കുവാൻ പോന്ന ഉപകരണങ്ങളെന്നാ ണ് ഇസ്ലാം പഠിപ്പിക്കുന്നത്. സ്രഷ്ടാവും സംരക്ഷകനുമായ സർവ ശക്തനു മുന്നിൽ മാത്രം സാഷ്ടാംഗം നമിക്കുന്നവരും മരണാനന്തര ജീവിതത്തിനുവേണ്ടി പണിയെടുക്കുന്നവരും പ്രവാചകചര്യ പിന്തുട രുന്നവരുമായ കുറേ വ്യക്തികളെ സൃഷ്ടിക്കുകയാണ് സാമൂഹ്യ പരിവർത്തനത്തിന് ആദ്യമായി വേണ്ടത്. പ്രസ്തുത വ്യക്തികൾ കടന്നുചെല്ലുന്ന മേഖലകളെല്ലാം അപ്പോൾ സ്വാഭാവികമായും വിമലീകൃതമാവും. അങ്ങനെ സംസ്കരിക്കപ്പെട്ട ഒരു സമൂഹത്തിന് വമ്പിച്ച സാമൂഹ്യമാറ്റങ്ങളുണ്ടാക്കുവാൻ കഴിയും. വ്യവസ്ഥിതിയുടെ മാറ്റത്തിനു മുമ്പായി വ്യക്തികളുടെ മനഃസ്ഥിതിയിലാണ് മാറ്റം വരേണ്ടതെന്നാണ് ഇസ്ലാമികവീക്ഷണം. 'ജനം ജനാധിപത്യപരമാ വാതെ ജനാധിപത്യത്തിന് നിലനിൽക്കാനാവില്ല' എന്ന ആധുനി കരാഷ്ട്രമീമാംസകരുടെ അഭിപ്രായം ഇവ്വിഷയകമായി ഇസ്ലാമിനു ള്ള അംഗീകാരമാണെന്ന കാര്യത്തിൽ സംശയമില്ല.

രാഷ്ട്രത്തീയത്തെക്കുറിച്ച് ഇസ്ലാമിൻെറ വീക്ഷണം അതിൻെറ സമൂഹസങ്കൽപത്തിൻെറ ഭാഗമാണ്. രാഷ്ട്രമില്ലെങ്കിൽ ഇസ്ലാമിന്ന്



തന്നെ നിലനിൽപ്പില്ലെന്ന വാദം അടിസ്ഥാനരഹിതമാണ്. അതേ പോലെത്തന്നെയാണ് രാഷ്ട്രീയത്തിൽ ഇസ്ലാമിക നിയമങ്ങൾ ക്കൊന്നും പ്രസക്തിയില്ലെന്ന വാദവും. ഇതു രണ്ടും രണ്ട് ആത്യന്തി കതകളാണ്. ഇവ്വിഷയകമായ ഇസ്ലാമിക വീക്ഷണമാകട്ടെ ഈ ആത്യന്തതകൾക്ക് മധ്യെയാണ് താനും.

ഒരു ഇസ്ലാമികേതര രാഷ്ട്രത്തിൽ ജീവിക്കുന്ന മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവന്ന് പാലിക്കുവാൻ കഴിയുന്ന രാഷ്ട്രീയ നിയമങ്ങൾ ഇസ്ലാം പഠിപ്പിക്കുന്നുണ്ട്. രാഷ്ട്രം ഇസ്ലാമിനു വിരു ദ്ധമാകാത്തിടത്തോളം തൻെറ രാജ്യത്തിൻെറ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതോ രാജ്യകാര്യങ്ങളിൽ പങ്കുവഹിക്കുന്നതോ മുസ് ലിമിന് നിഷിദ്ധമല്ല. മഹാനായ യൂസുഫ് നബി (അ)യുടെ ചരിത്രം വിവരിക്കുന്നിടത്ത് ഖുർആൻ ഇക്കാര്യത്തിലേക്കാണ് വെളിച്ചം വീശു ന്നത്. ഇസ്ലാംമതം സ്വീകരിച്ചിട്ടില്ലാതിരുന്ന ഒരു രാജാവിനു കീഴിൽ മന്ത്രിപദം വഹിച്ച ആ മഹാനായ പ്രവാചകൻ നീതിപാലിക്കുകയും രാഷ്ട്രസേവനം നിർവഹിക്കുകയും ചെയ്തുവെന്ന് ഖുർആനിലെ ചരിത്രകഥനം വ്യക്തമാക്കുന്നു. ഇസ്ലാമിനു വിരുദ്ധമല്ലാത്ത അടിസ്ഥാനാദർശങ്ങളിൽമേൽ സ്ഥാപിതമായ ഒരു രാഷ്ട്രത്തിൻെറ കുഞ്ചികസ്ഥാനങ്ങൾ വഹിക്കുമ്പോൾ മുസ്ലിംകൾ എങ്ങനെയാ യിരിക്കണമെന്ന് പ്രസ്തുത കഥനത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയും.

മത-ധാർമികമൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ, ഒരു ഇസ്ലാ മികേതര രാഷ്ട്രത്തിലെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളിയാ വുന്നതിൽ നിന്ന് സത്യവിശ്വാസികളെ തടയുന്നതിന്ന് വിശുദ്ധ ഖുർ ആനിൻെറയോ തിരുനബിചര്യയുടേയോ യാതൊരു പിൻബലവു മില്ല. ഒരു മുസ്ലിം ജീവിത്തിൽ എല്ലാ രംഗങ്ങളിലും ഇസ്ലാമികമായ വിധിവിലക്കുകൾ പാലിക്കാൻ ബാധ്യസ്ഥനായതുപോലെ രാഷ് ട്രീയത്തിലും പ്രസ്തുത വിധിവിലക്കുകൾ പാലിക്കുവാൻ ബാധ്യസ് ഥനാണ്. രാഷ്ട്രീയത്തിൽ മതധാർമികമൂല്യങ്ങൾക്ക് യാതൊരു വിലയുമില്ലെന്ന വീക്ഷണം ഇസ്ലാമിന്ന് അന്യമാണ്. 'ദൈവത്തിനു ള്ളത് ദൈവത്തിനും സീസർക്കുള്ളത് സീസർക്കും' എന്ന ചർച്ചി ൻെറ വിഭജനരീതിയും ഇസ്ലാം അംഗീകരിക്കുന്നില്ല. ഭരണരംഗ ത്തുള്ളവർ ദൈവികമായ വിധിവിലക്കുകൾ പാലിക്കണമെന്ന് ശക്തമായി നിഷ്കർഷിക്കുന്ന മതമാണ് ഇസ്ലാം. അഴിമതിയും

സ്വജനപക്ഷപാതിത്വവും വഞ്ചനയും ചൂഷണവുമൊന്നും രാഷ്ട്രീയ പ്രവർത്തനത്തിൻെറ ഭാഗമായി ഒരു മുസ്‌ലിം സ്വീകരിക്കുവാൻ പാടില്ലാത്തതാണ്.

ഒരു രാഷ്ട്രം ഇസ്‌ലാമികമാവുന്നത് അട്ടിമറിയിലൂടെയോ തീവ്രവാദപ്രവർത്തനങ്ങളിലൂടെയോ അല്ല; പ്രത്യുത, ഭരണീയരിലുണ്ടാവുന്ന മനഃപരിവർത്തനങ്ങളിലൂടെയത്രെ. അട്ടിമറിയിലൂടെ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കണമെന്ന് പ്രവാചകന് (സ) വിചാരമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ പ്രവാചക ജീവിതത്തിൻെറ ആദ്യഘട്ടത്തിൽ തന്നെ അത് സാധ്യമാകുമായിരുന്നു. അദ്ദേഹത്തിനടുത്ത് ഖുറൈശീ പ്രതിനിധിയായ ഉത്ബത്തുബ്നു റബീഅ വന്ന് തൻെറ പ്രബോധനപ്രവർത്തനങ്ങൾ നിറുത്തിച്ചാൽ പണമോ പ്രതാപമോ തരുണികളോ അധികാരമോ എന്താണ് ആവശ്യമെന്ന്വെച്ചാൽ അത് നൽകാമെന്ന് പറഞ്ഞപ്പോൾ ഒരു ചെറിയ അട്ടിമറി നടത്തിയാൽ മതിയായിരുന്നു. പ്രവാചകനിയോഗത്തിൻെറ ലക്ഷ്യം പക്ഷേ, അട്ടിമറിയിലൂടെ ഇസ്‌ലാമികരാഷ്ട്രം നിർമിക്കുകയായിരുന്നില്ല. പ്രത്യുത, ജനങ്ങളെ സംസ്കരിക്കുകയും സംസ്കൃതമായ ഒരു സമൂഹത്തെ സൃഷ്ടിച്ച് ലോകത്തിന് മാതൃകയാവുകയുമായിരുന്നു. ഒരു ഇസ്‌ലാമികരാഷ്ട്രം നിർമിച്ച് അതിൻെറ സാരഥിയാവുകയല്ല പ്രവാചകൻ ചെയ്തത്; മറിച്ച് ഒരു രാഷ്ട്രത്തിലെത്തിച്ചേരുവാനാവശ്യമായ സാമൂഹ്യവിപ്ലവത്തിന് പാതയൊരുക്കുകയായിരുന്നു.

ഇസ്‌ലാമികരാഷ്ട്രം എന്ന് പറയുമ്പോൾ ഇസ്‌ലാം ഥിയോക്രസി അംഗീകരിക്കുന്നുവെന്ന് തെറ്റിദ്ധരിക്കുവാനിടയുണ്ട്. ഇസ്‌ലാം എല്ലാ അർഥത്തിലും ഥിയോക്രസിക്ക് എതിരാണ്. ദൈവത്തിൻെറ പേരിൽ ഒരു പ്രത്യേക മതപുരോഹിത വർഗം അധികാരം കൈയാളുന്ന വ്യവസ്ഥിതിയാണ് ഥിയോക്രസി. പുരോഹിതന്മാരിൽ പരിശുദ്ധാത്മാവിൻെറ സാന്നിധ്യമുണ്ടെന്നതിനാൽ അവർ തെറ്റു പറ്റാത്തവരാണെന്ന ധാരണയാണ് ഈ വ്യവസ്ഥിതിയുടെ അടിത്തറ. അതുകൊണ്ടു തന്നെ ദൈവത്തിൻെറ പേരിൽ പുരോഹിതസമൂഹം പറയുന്ന നിയമങ്ങൾ ഒരു ഥിയോക്രാറ്റിക് സ്റ്റെയിറ്റിൽ ചോദ്യം ചെയ്യപ്പെടാതെ അംഗീകരിക്കപ്പെടുന്നു. പുരോഹിതൻ ദൈവത്തിൻെറ പ്രതിനിധിയാണെന്നും ദൈവത്തിൻെറ ഭൂമിയിൽ ഭരണം നടത്താനും നിയമനിർമാണത്തിന്നും ദൈവപ്രതിനിധിക്കാണ് അധികാരമെന്നുമാണ് ഥിയോക്രസിയുടെ അടിസ്ഥാന തത്ത്വം. ഇസ്‌ലാം ഭരണാധികാരിക്ക് അപ്രമാദിത്വമുണ്ടെന്നോ അയാൾ ദൈവത്തിൻെറ പ്രതിനിധിയാണെന്നോ പഠിപ്പിക്കുന്നില്ല. ദൈവികനിയമങ്ങൾക്കനുസരിച്ച് വിധി നടത്തുവാൻ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരാൾ മാത്രമാണ് ഖലീഫ. അതുകൊണ്ടാണല്ലോ ഖലീഫാ ഉമർ ഒരു പൊതുപ്രസംഗത്തിൽ താൻ തെറ്റായ വഴിക്കു നീങ്ങുകയാണെങ്കിൽ തന്നെ തിരുത്തണമെന്ന് ജനങ്ങളോട് അഭ്യർഥിച്ചപ്പോൾ വാൾ ഉയർത്തിപ്പിടിച്ചു കൊണ്ട് 'ഇതു കൊണ്ട് ഞങ്ങൾ താങ്കളെ തിരുത്തും' എന്ന് നിസ്സങ്കോചം പറയാൻ ഒരു സാധാരണ പൗരൻ ധൈര്യം കാണിച്ചത്.



ഒരു ഥിയോക്രാറ്റിക്സ്റ്റേറ്റിൽ പുരോഹിതൻ ദൈവപ്രതിനിധിയായിട്ടാണ് പരിഗണിക്കപ്പെടുന്നതെന്നതിനാൽ തന്നെ അയാൾ പറയുന്നത് ചോദ്യംചെയ്യാതെ അംഗീകരിക്കപ്പെടുന്നു. ഇസ്‌ലാമിക രാഷ്ട്രത്തിലാവട്ടെ, ദൈവികവിധിവിലക്കുകൾ പ്രകാരം ഭരിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട ഒരു സാധാരണക്കാരനാണ് ഖലീഫയെന്നതിനാൽ അയാളുടെ പ്രവർത്തനങ്ങളെയും വിജ്ഞാപനങ്ങളെയും മതത്തിൻെറ മൂലപ്രമാണങ്ങളുപയോഗിച്ച് വിമർശിക്കുവാൻ ഓരോ പൗരനും അവകാശമുണ്ട്. വരൻ വധുവിന് നൽകേണ്ട വിവാഹമൂല്യം (മഹ്ർ) വർധിച്ചു വരുന്നത് കണ്ട ഖലീഫ അതിന് പരിധി നിശ്ചയിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് ഒരു പൊതുപ്രസംഗത്തിൽ വ്യക്തമാക്കി. സദസ്സിൽ നിന്ന് ഒരു സ്ത്രീ എഴുന്നേറ്റ് നിന്ന് പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള ന്യായങ്ങളുദ്ധരിച്ച് അതിനെ എതിർത്തു. ന്യായങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ട ഖലീഫാ ഉമർ മഹ്ർ നിയന്ത്രിക്കുവാനുള്ള തൻെറ തീരുമാനം പിൻവലിച്ചു. ഖലീഫയുടെ തീരുമാനങ്ങളെയും വിജ്ഞാപനങ്ങളെയും ഏതൊരു സാധാരണ പൗരനും വിമർശിക്കാൻ കഴിയുന്ന ഇസ്‌ലാമിക ഭരണ സംവിധാനം ഥിയോക്രസിക്ക് വിപരീതമാണെന്നതാണ് വാസ്തവം.

ഖലീഫയുടെ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് പോലും ചോദ്യംചെയ്യുവാനുള്ള അവകാശം ഇസ്‌ലാമികരാഷ്ട്രത്തിലെ പൗരന്മാർക്കുണ്ട്. ഒരിക്കൽ ഖലീഫാ ഉമർ ഒരു പൊതുപ്രസംഗം നടത്തിക്കൊണ്ടിരിക്കെ സദസ്സിൽ നിന്നൊരാൾ എഴുന്നേറ്റ് നിന്ന് 'താങ്കൾ അണിഞ്ഞ മേലങ്കിയുടെ തുണി എവിടെ നിന്ന് ലഭിച്ചുവെന്ന് അറിയുന്നതുവരെ താങ്കൾ പറയുന്നത് കേൾക്കാൻ ഞങ്ങൾ

തയാറല്ല' എന്ന് പറഞ്ഞു. ജനങ്ങൾക്ക് പൊതുഖജനാവിൽ നിന്ന് വസ്ത്രം വിതരണംചെയ്ത സന്ദർഭമായിരുന്നു അത്. എല്ലാവരെയും പോലെ ഭരണാധികാരിക്കും ലഭിക്കേണ്ടത് തുല്യ ഓഹരിയാണെന്നും പ്രസ്തുത ഓഹരി ഉപയോഗിച്ച് ഉമറി(റ)ന് ഉടുപ്പ് തയ്ക്കുവാനാവില്ലെന്നും മനസ്സിലാക്കിയ ആളായിരുന്നു ചോദ്യകർത്താവ്. അയാളുടെ വിമർശനത്തിൻെറ ഉന്നം മനസ്സിലാക്കിയ ഉമർ (റ) തൻെറ പുത്രനായ അബ്ദുല്ലയെ(റ)യെ വിളിച്ച് ആ ചോദ്യത്തിന് ഉത്തരം നൽകാനാവശ്യപ്പെട്ടു. തനിക്ക് ലഭിച്ച ഓഹരികൂടി താൻ പിതാവിന് നൽകിയെന്നും പ്രസ്തുത രണ്ട് ഓഹരികൾ കൂട്ടിച്ചേർത്താണ് തൻെറ പിതാവ് വസ്ത്രം തയ്ച്ചതെന്നും അബ്ദുല്ല(റ) വിശദീകരിച്ച ശേഷമാണ് ചോദ്യകർത്താവ് അടങ്ങിയിരുന്ന് ഖലീഫയുടെ പ്രസംഗം തുടരുവാനനുവദിച്ചത്. വിയോജിക്കുവാനും വിമർശിക്കുവാനുമുള്ള സ്വാതന്ത്ര്യം ഇസ്‌ലാമിക രാഷ്ട്രത്തിലെ പൗരന്മാരുടെ മൗലികാവകാശമാണെന്ന് മനസ്സിലാക്കാൻ ഇയൊരു സംഭവം തന്നെ ധാരാളമാണ്. ഇത്തരം സംഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലുടനീളം കാണാം.

എന്നാൽ ദൈവിക നിയമങ്ങളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഭരണനിർവഹണം നടത്തുന്ന ഖലീഫയെ അനുസരിക്കാൻ രാഷ്ട്രത്തിലെ പൗരന്മാരെല്ലാം ബാധ്യസ്ഥരാണ്. കൈകാര്യകർത്താക്കൾ (ഉലുൽ അംറ്) എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത് ഇത്തരം ഭരണകർത്താക്കളെയാണ്. ഖുർആൻ പറയുന്നത് കാണുക: 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും (ഉലുൽ അംറ്) നിങ്ങൾ അനുസരിക്കുക'.[1]

അല്ലാഹുവിൻെറയും ദൂതൻെറയും നിയമനിർദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുമ്പോൾ മാത്രമേ ഈ അനുസരണം ബാധ്യസ്ഥമാവുന്നുള്ളൂന്ന് പ്രവാചകൻ (സ) പഠിപ്പിച്ചിട്ടുണ്ട്. 'വിരൂപനായ ഒരു അടിമയാണ് നിങ്ങളുടെ നേതാവെന്നിരിക്കിലും ദൈവത്തിൻെറ ഗ്രന്ഥമനുസരിച്ച് നിങ്ങളെ നയിക്കുന്നിടത്തോളം അയളെ നിങ്ങൾ അനുസരിക്കണ'[2]മെന്ന് നിഷ്കർഷിച്ച പ്രവാചകൻ തന്നെ 'നന്മയിൽ

1. ഖുർആൻ 4: 59
2. മുസ്‌ലിം
3. ബുഖാരി, മുസ്‌ലിം



പഠിപ്പിച്ചിട്ടുണ്ട്. ഇവയിൽ നിന്ന് ഇസ്‌ലാമികരാഷ്ട്രത്തിൻെറ ഖലീഫ ദൈവത്തിൻെറ പ്രതിനിധിയായി അവരോധിതനായി തന്നിഷ്ടം പ്രവർത്തിക്കേണ്ടവനല്ലെന്നും അങ്ങനെ ചെയ്യുന്നുവെങ്കിൽ അയാളെ അനുസരിക്കേണ്ട ബാധ്യത വിശ്വാസികൾക്കില്ലെന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നു.

ഇസ്‌ലാമികരാഷ്ട്രം ഥിയോക്രാറ്റിക് അല്ലെങ്കിൽ ഡമോക്രാറ്റിക് ആണോയെന്ന ചോദ്യം പ്രസക്തമാണ്. ജനങ്ങൾക്ക് അഭിപ്രായം പറയുവാനും നീതിനേടിയെടുക്കുവാനുമുള്ള സംവിധാനങ്ങൾ നിലനിൽക്കുന്ന രാജ്യത്തിന്നാണ് ഡെമോക്രാറ്റിക് എന്നു പറയുന്നതെങ്കിൽ ഇസ്‌ലാമികരാഷ്ട്രം നൂറുശതമാനവും ഡമോക്രാറ്റിക് ആണെന്ന് പറയാവുന്നതാണ്. എന്നാൽ ജനഹിതത്തിൻെറ പേരിൽ അധാർമികതകളും അനാശാസ്യപ്രവർത്തനങ്ങളും അനുവദിക്കപ്പെടുകയെന്നാണ് ഡമോക്രസി അർഥമാക്കുന്നതെങ്കിൽ അതിന്ന് ഇസ്‌ലാം നൂറു ശതമാനം എതിരാണ്. ഇസ്‌ലാമിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ രാഷ്ട്രത്തിൽ ജനഹിതം നടപ്പാക്കപ്പെടുകയുള്ളൂവെന്ന് സാരം. ഭൂരിപക്ഷം ജനങ്ങൾ വ്യഭിചാരം സാർവ്വത്രികമാക്കണമെന്ന് അഭിപ്രായം പറഞ്ഞാലും ഇസ്‌ലാമികരാഷ്ട്രത്തിൽ വ്യഭിചാരം അനുവദിക്കപ്പെടുകയില്ല. കാരണം, അത് വിശുദ്ധ ഖുർആൻ പ്രദാനം ചെയ്യുന്ന മൂല്യസങ്കൽപ്പത്തിന് വിരുദ്ധമാണ്. ഭൂരിപക്ഷത്തിൻെറ പിന്തുണ നേടിയെടുക്കാൻ വേണ്ടി അവർക്കാവശ്യമുള്ളതെല്ലാം ചെയ്തുകൊടുക്കുകയെന്ന ജനായത്തരാഷ്ട്രീയത്തിൻെറ കറുത്ത മുഖം ഇസ്‌ലാമിക രാഷ്ട്രത്തിനുണ്ടാവില്ല. അവിടെ ജനഹിതം പരിശോധിക്കപ്പെടുന്നത് വ്യക്തമായ ധാർമിക നിയമങ്ങളുടെ വെളിച്ചത്തിലായിരിക്കും. അതുകൊണ്ടുതന്നെ ഭൂരിപക്ഷത്തിനു വേണ്ടി എന്തു തോന്നിവാസവും ചെയ്യുവാൻ ഇസ്‌ലാമികരാഷ്ട്രത്തിലെ ഭരണാധികാരികൾക്ക് കഴിയില്ല. ഈ അർഥത്തിൽ, ഇസ്‌ലാമിക രാഷ്ട്രം ഥിയോക്രസിക്കും ഡമോക്രസിക്കും മധ്യെയാണെന്നു പറയാം. ഈ രണ്ടു മീമാംസകളിലെയും നല്ല വശങ്ങൾ ഇസ്‌ലാമികരാഷ്ട്രം ഉൾക്കൊള്ളുന്നുണ്ടെന്നു സാരം.

ഒരു രാഷ്ട്രത്തിലെ നിയമങ്ങളും അവിടുത്തെ പൗരന്മാരും തമ്മിലുള്ള ബന്ധം രാഷ്ട്രമീമാംസയിലെ പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ്. ജനാധിപത്യ രാഷ്ട്രത്തിൽ നിയമനിർമാണം നടത്തുന്നത് ജനപ്രതിനിധി സഭയാണെങ്കിലും പൗരന് തന്നിൽ അടിച്ചേൽപ്പിക്ക

പ്പെടുന്നവയായിട്ടാണ് നിയമങ്ങൾ അനുഭവപ്പെടുന്നതെന്നാണ് സാമൂഹി ശാസ്ത്രജ്ഞന്മാരുടെ പക്ഷം. ഉപഭോഗസംസ്കാരം നില നിൽകുന്ന സമൂഹത്തിൽ ഈ വികാരം അൽപം തീഷ്ണമായിരിക്കും. തൻെറ സുഖിക്കുവാനുള്ള അവകാശത്തിന്മേൽ രാഷ്ട്രം അടിച്ചേൽപ്പിക്കുന്ന വിലക്കുകളായിട്ടാണ് നിയമങ്ങൾ അത്തരം സമൂഹങ്ങളിലെ പൗരന്ന് അനുഭവപ്പെടുക. അതുകൊണ്ടുതന്നെ നിയമത്തിൻെറ കുരുക്കുകളിൽ നിന്ന് രക്ഷപ്പെടാൻ അവൻ പരമാവധി ശ്രമിക്കും. അഴിമതിയും വഞ്ചനയും ജനാധിപത്യത്തിൻെറ ഉപോൽ പന്നമായി മാറുന്നത് അതുകൊണ്ടാണ്. ഇസ്ലാമികരാഷ്ട്രത്തിലാകട്ടെ, താൻ അനുസരിക്കുന്നത് ദൈവികനിയമങ്ങളാണെന്ന ധാരണയുള്ളതിനാൽ നിയമലംഘനങ്ങൾ കുറവായിരിക്കും. തൻെറ ഭൗതികവും പാരത്രികവുമായ മോക്ഷത്തിന് അനിവാര്യമായ നിയമങ്ങളാണ് താൻ അനുസരിക്കുന്നതെന്ന ധാരണ പൗരനെ രാഷ്ട്രത്തോടു കൂറുള്ളവനാക്കിത്തീർക്കും. സർവോപരിയായി നിയമപാലകരുടെ കണ്ണുവെട്ടിച്ചാലും നിയമദാതാവായ പടച്ചതമ്പുരാൻെറ കണ്ണു വെട്ടിക്കാൻ സാധ്യമല്ലെന്ന വിശ്വാസം അവനെ ഇസ്ലാമിക രാഷ്ട്രത്തിലെ നിയമങ്ങൾ പരസ്യമായും രഹസ്യമായും അനുസരിക്കുന്നവനാക്കിത്തീർക്കും. അതാണ് ഒരു ദുർബല നിമിഷത്തിൽ വ്യഭിചരിച്ചുപോയ ഇസ്ലാമിക രാഷ്ട്രത്തിലെ പൗരനെ ഗവൺമെൻറിനു മുമ്പിൽ പ്രത്യക്ഷപ്പെട്ട് താൻ ചെയ്ത തെറ്റ് ഏറ്റുപറഞ്ഞ് ശിക്ഷ ശിരസാവഹിക്കുന്നവനാക്കിത്തീർത്തത്. രഹസ്യമായുള്ള നിയമലംഘനത്തിൽ നിന്നുപോലും രാഷ്ട്രത്തിലെ പൗരന്മാരെ തടയുവാൻ തക്കവണ്ണമുള്ള രാഷ്ട്രസംവിധാനം സൃഷ്ടിക്കുവാൻ ഇസ്ലാമിന്നല്ലാതെ മറ്റേത് തത്ത്വശാസ്ത്രത്തിനാണ് കഴഞ്ഞിട്ടുള്ളത്?

ഇസ്ലാമികരാഷ്ട്രത്തിലെ നിയമനിർമാണത്തിൻെറ അടിസ്ഥാന സ്രോതസ്സുകൾ വിശുദ്ധ ഖുർആനും തിരുസുന്നത്തുമാണ്. ഇവയുടെ അടിസ്ഥാനത്തിലാണ് ഖലീഫ നീതി നിർവഹിക്കേണ്ടത്. നീതി സ്ഥാപിക്കുവാൻ ഭരണതലത്തിൽ സ്വീകരിക്കേണ്ട സ്ഥായിയായ അടിസ്ഥാനമൂല്യങ്ങൾ മാത്രമാണ് ഖുർആൻ അനുശാസിച്ചിരിക്കുന്നത്. നീതിന്യായത്തിൻെറ വിശദാംശങ്ങൾ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടില്ല. കാലത്തിനും പരിതഃസ്ഥിതികൾക്കുമനുസരിച്ച് ജനങ്ങളുടെ ആവശ്യങ്ങൾക്ക് മാറ്റമുണ്ടാകുമെന്നതിനാൽ വിശദമായ നിയമങ്ങൾ ഓരോ സമൂഹത്തിൻെറയും താൽപര്യങ്ങൾക്കനു



സൃതമായി നിർമിക്കുവാൻ ഇസ്ലാം സ്വാതന്ത്ര്യം നൽകുന്നതിനാലാണിത്. സ്ഥലകാലങ്ങൾക്കനുസരിച്ച് മാറ്റംവരാത്ത പൊതു നിയമങ്ങൾ നിർദേശിക്കുകയും വിശദാംശങ്ങൾ ഓരോ സമൂഹത്തിൻെറയും താൽപര്യത്തിനു യോജിച്ചവിധം തയാറാക്കാൻ വിടുകയുമാണ് ഇസ്ലാം ചെയ്തിരിക്കുന്നത്. പക്ഷേ, ഈ വിശദാംശങ്ങൾ ഖുർആനിൻെറയും സുന്നത്തിൻെറയും താൽപര്യങ്ങൾക്ക് വിരുദ്ധമാവരുത്. ഇക്കാര്യം ശ്രദ്ധിക്കേണ്ടത് ഖലീഫമാരുടെ ചുമതലയാണ്.

ഇതേപോലെത്തന്നെയാണ് ഇസ്ലാമിലെ തെരഞ്ഞെടുപ്പ് രീതിയും. പ്രവാചകൻ (സ) തൻെറ പിൻഗാമിയെ നിശ്ചയിക്കാതെയാണ് ദേഹവിയോഗം ചെയ്തത്. ഒരു ഗവൺമെൻറ് രൂപീകരണത്തിൻെറ നിശ്ചിതരൂപം പ്രവാചകൻ (സ) കാണിച്ചു തന്നിട്ടില്ല. എന്നാൽ, രാഷ്ട്രത്തിൻെറ മൗലികസ്വഭാവങ്ങളും സവിശേഷതകളുമെന്തെല്ലാമാണെന്ന് കർമപഥത്തിലൂടെ അദ്ദേഹം കാണിച്ചു തന്നിട്ടുണ്ട്. പ്രസ്തുത സവിശേഷതകളിലൂന്നി നിന്നുകൊണ്ട് സന്ദർഭത്തിനൊത്ത ഗവൺമെൻറ് രൂപീകരണരീതി സ്വീകരിക്കുവാനുള്ള വിപുലമായ സാധ്യതക്ക് അംഗീകാരം നൽകുകയാണ് പ്രവാചകൻ ചെയ്തത്. രൂപീകരണത്തിൻെറ രീതിയേക്കാളധികം പ്രധാനം ഗവൺമെൻറ് എങ്ങനെ നീതിനിർവഹിക്കണമെന്നതും പൗരന്മാരും ഗവൺമെൻറും തമ്മിൽ നിലനിൽക്കേണ്ട ബന്ധമെന്തായിരിക്കണമെന്നതുമാണ്. ഇക്കാര്യങ്ങളിലേക്കാണ് പ്രവാചകൻ തൻെറ ജീവിതത്തിലൂടെ വെളിച്ചം പകർന്നിരിക്കുന്നത്.

തൻെറ പിൻഗാമിയെ നിശ്ചയിക്കാതെയാണ് പ്രവാചകൻ(സ) ദേഹവിയോഗം ചെയ്തതെന്നു പറഞ്ഞുവല്ലോ. വംശവാഴ്ചക്ക് യാതൊരു പഴുതും നൽകാതെയാണ് അദ്ദേഹം മരണമടഞ്ഞത്. ഇസ്ലാമികഭരണം തൻെറ കുടുംബത്തിൻെറ അവകാശമായി മാറ്റണമെന്ന് അദ്ദേഹത്തിന് ഉദ്ദേശമുണ്ടായിരുന്നെങ്കിൽ നിഷ്പ്രയാസം സാധിക്കുമായിരുന്നു. ഹാശിമീവംശവാഴ്ചക്കുവേണ്ടി ശ്രമിക്കാതെ അക്കാര്യം ജനങ്ങളുടെ തീരുമാനത്തിന് വിട്ടുകൊടുക്കുകയാണ് തിരുനബി(സ) ചെയ്തത്. പ്രവാചക വിയോഗത്തിനുശേഷം ഗവൺമെൻറ് രൂപീകരണത്തിൻെറ പ്രശ്നം അനുചരന്മാർ കൈകാര്യം ചെയ്തത് അദ്ദേഹം പഠിപ്പിച്ച മൗലികതത്വങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടായിരുന്നു. മുഹമ്മദ് നബി(സ)യുടെ മരണശേഷം മൃതദേഹം സംസ്കരിക്കുന്നതിന് മുമ്പുതന്നെ അനു

ചരന്മാർ സഖീഫത്തു ബനീ സഈദിൽ ഒത്തുകൂടി. ചർച്ചകൾക്കു ശേഷം പ്രവാചകാനുചരന്മാരിൽ പ്രമുഖനായ അബൂബക്കർ (റ) എഴുന്നേറ്റുനിന്ന് ഉമർ, അബൂ ഉബൈദത്തുൽ ജർറാഹ് എന്നിവരുടെ പേരു നിർദേശിച്ചുകൊണ്ട് അവരിലൊരാളെ തെരഞ്ഞെടുക്കുവാനാവശ്യപ്പെട്ടു. ഉടനെ ഉമർ(റ) 'താങ്കളേക്കാൾ അതിന്നർഹനായി മറ്റാരുമില്ല' എന്നു പറഞ്ഞ് അബൂബക്കറിനോട് കൈനീട്ടുവാൻ ആവശ്യപ്പെടുകയും അപ്പോൾ തന്നെ അദ്ദേഹത്തിൻെറ കരം ഗ്രഹിച്ചുകൊണ്ട് അനുസരണ പ്രതിജ്ഞ (ബൈഅത്ത്) ചെയ്യുകയും ചെയ്തു. അതിന്നുശേഷം എല്ലാവരും അതിന്ന് അംഗീകാരം നൽകുകയും അബൂബക്കറിന് ബൈഅത്ത് ചെയ്യുകയും ചെയ്തു.

രണ്ടാം ഖലീഫയായ ഉമറി(റ)നെ നിയമിച്ചത് അബൂബക്കർ (റ) ആയിരുന്നു. അദ്ദേഹം തൻെറ പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കുവാൻ ജനങ്ങളോട് ആവശ്യപ്പെട്ടു. അപ്പോൾ പ്രസ്തുത തെരഞ്ഞെടുപ്പിനുള്ള മുഴുവൻ അധികാരവും ജനങ്ങൾ അദ്ദേഹത്തിന് തന്നെ നൽകി. ഒന്നാം ഖലീഫ അബൂബക്കർ(റ) തൻെറ പിൻഗാമി ആരാകണമെന്ന വിഷയത്തെക്കുറിച്ച് അബ്ദുറഹ്മാനുബ്നു ഔഫ്, ഉസ്മാനുബ്നു അഫ്ഫാൻ, സഈദുബ്നുസൈദ്, ഉസൈദുബ്നു ഹുസൈർ തുടങ്ങിയ പ്രഗൽഭരുമായി ആലോചിച്ച ശേഷം പ്രസ്തുത സ്ഥാനത്തിന് അർഹൻ ഉമർ(റ) തന്നെയാണെന്ന് തീരുമാനത്തിലെത്തി. ഖലീഫയായി നിയമിക്കപ്പെടയുടൻ ഉമർ(റ) ചെയ്ത പൊതു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ മേലുള്ള ഈ അധികാരസ്ഥാനം ഞാനൊരിക്കലും ആഗ്രഹിച്ചിരുന്നതല്ല. പരേതൻെറ മനസ്സിൽ അല്ലാഹു തോന്നിച്ച ഒരു കാര്യമാണത്. എന്നിൽ ഭരമേൽപ്പിക്കപ്പെട്ട ഈ 'അനാമത്ത്' അനർഹരായ ആരെയെങ്കിലും ഏൽപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ, മുസ്ലിംകളുടെ അന്തസ്സ് ഉയർത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ആർക്കും ഈ സ്ഥാനം ഏൽപിക്കുവാൻ ഞാനൊരുക്കമാണ്. അവരാണ് അതിന്ന് കൂടുതൽ അർഹർ.' ഇത് കേട്ട ജനങ്ങൾ ഒന്നടങ്കം തങ്ങളിഷ്ടപ്പെടുന്നത് ഉമറിനെത്തന്നെയാണെന്ന് പ്രഖ്യാപിക്കുകയാണുണ്ടായത്.

ഒരു ഘാതകൻെറ കുത്തേറ്റ് മരണശയ്യയിൽ കിടക്കുന്ന ഉമറി(റ)നോട് തൻെറ പിൻഗാമിയെ നിശ്ചയിക്കുവാൻ വേണ്ടി മുസ്ലിംകൾ ആവശ്യപ്പെട്ടു. അദ്ദേഹം ഉസ്മാനുബ്നു അഫ്ഫാൻ, അലിയ്യുബ്നു



അബീത്വാലിബ്, അബ്ദുർറഹ്മാനുബ്നു ഔഫ്, സുബൈറുബ്നു അവാം, ത്വൽഹത്തുബ്നു ഉബൈദില്ലാഹ്, സഅ്ദുബ്നു അബീവഖാസ് എന്നിവരുൾക്കൊള്ളുന്ന ഒരു ആറംഗ സമിതി രൂപീകരിച്ച് അവരിൽ നിന്ന് ഒരാളെ ഖലീഫയായി തെരഞ്ഞെടുക്കുവാൻ പ്രസ്തുത സമിതിയെത്തന്നെ ചുമതലപ്പെടുത്തി. തൻെറ മകനായ അബ്ദുല്ലാഹ്ബ്നു ഉമറിനെ കൂടിയാലോചനയിൽ സഹായിക്കുവാനായി സമിതിയിലേക്ക് ക്ഷണിക്കണമെന്ന് നിർദേശിച്ചതോടൊപ്പം തന്നെ അദ്ദേഹത്തെ തെരഞ്ഞെടുക്കരുതെന്നും ഉമർ(റ) നിഷ്കർഷിച്ചിരുന്നു. സമിതി സമ്മേളിച്ചപ്പോൾ തന്നെ അബ്ദുറഹ്മാനുബ്നു ഔഫ് സ്ഥാനാർഥിത്വത്തിൽ നിന്ന് പിൻവാങ്ങി. അപ്പോൾ ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ട് അവർ ആഗ്രഹിക്കുന്ന വ്യക്തിയുടെ പേര് നിർദേശിക്കനായി സമിതി അദ്ദേഹത്തെ ചുമതലപ്പെടുത്തി. ജനങ്ങളുമായുള്ള സമ്പർക്കത്തിൽ നിന്ന് അവർ ഇഷ്ടപ്പെടുന്നത് ഉസ്മാനെയും അലിയെയുമാണെന്നും ഭൂരിപക്ഷം ഉസ്മാനോടൊപ്പമാണെന്നും അദ്ദേഹം മനസ്സിലാക്കി. മുസ്ലിംകളെ മുഴുവൻ അതിന്നുശേഷം അദ്ദേഹം മദീനയിലെ മസ്ജിദുന്നബവിയിൽ വിളിച്ചുകൂട്ടി. 'താങ്കളെ അധികാരമേൽപ്പിച്ചാൽ അല്ലാഹുവിൻെറ ഗ്രന്ഥവും തിരുനബിയുടെ ചര്യയും പൂർവികരായ രണ്ടു ഖലീഫമാരുടെ ചര്യയും അനുസരിച്ച് ഭരണം നടത്തുമോ?' അലിയെ അഭിസംബോധന ചെയ്തുകൊണ്ട് അബറുഹ്മാനിബ്നു ഔഫ് ചോദിച്ചു. 'കഴിവനുസരിച്ച് നടത്തും' എന്നാണ് അലി(റ) മറുപടി നൽകിയത്. ഇതേ ചോദ്യം ഉസ്മാനോട് ചോദിച്ചപ്പോൾ 'അതെ'യെന്ന് അനുബന്ധമൊന്നും കൂടാതെ അദ്ദേഹം മറുപടി നൽകി. ഉടനെത്തന്നെ അബ്ദുറഹ്മാനുബ്നു ഔഫ് ഉസ്മാൻെറ കരം ഗ്രഹിച്ചുകൊണ്ട് അനുസരണ പ്രതിജ്ഞ ചെയ്തു. തുടർന്ന് മറ്റു മുസ്ലിംകളെല്ലാം അദ്ദേഹത്തിന് ബൈഅത്ത് ചെയ്തു.

ഉസ്മാൻ(റ) വധിക്കപ്പെട്ടപ്പോൾ സൈന്യത്തലവന്മാർ വന്ന് അലി(റ) യോട് അധികാരമേറ്റെടുക്കാനാവശ്യപ്പെട്ടു. അലി(റ) അധികാരമേറ്റെടുക്കുവാൻ വിസമ്മതിക്കുകയാണുണ്ടായത്. മദീനയിലെ തലമുതിർന്ന നേതാക്കൾ ചെന്ന് കണ്ട് അധികാരമേറ്റെടുക്കാൻ ആവശ്യപ്പെട്ടപ്പോൾ പള്ളിയിൽവെച്ച് പൊതുബൈഅത്ത് നടക്കുകയാണെങ്കിൽ താൻ അധികാരമേറ്റെടുക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. അങ്ങനെ മദീനയിലെ മസ്ജിദുന്നബവിയിൽ മുസ്ലിം

ബഹുജനങ്ങൾ സമ്മേളിച്ചു ബൈഅത്ത് ചെയ്ത ശേഷമാണ് അലി (റ) അധികാരമേറ്റെടുത്തത്.

സച്ചരിതരായിരുന്ന നാലു ഖലീഫമാരുടെ തെരഞ്ഞെടുപ്പ് രീതികൾ വ്യത്യസ്തമായിരുന്നുവെങ്കിലും അവയിലെല്ലാം പൊതുജനാഭിപ്രായത്തിന് അർഹമായ സ്ഥാനം നൽകപ്പെട്ടിരുന്നുവെന്ന് മുകളിൽ വിവരിച്ച ചരിത്രത്തിൽ നിന്ന് വ്യക്തമാണ്. ഇസ്‌ലാമിൻെറ അടിസ്ഥാനതത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതെ സമയാനുസൃതമായ തെരഞ്ഞെടുപ്പുരീതി സ്വീകരിക്കുവാൻ ഇസ്‌ലാം സ്വാതന്ത്ര്യം നൽകിയിരിക്കുന്നുവെന്ന് സാരം.

മറ്റു രാഷ്ട്രസംവിധാനങ്ങളിലേതു പോലെ ഇസ്‌ലാമികരാഷ്ട്രത്തിലും നിയമനിർമാണസഭ (legislature), നിർവഹണ വിഭാഗം (executive), നീതിന്യായവിഭാഗം (judiciary) തുടങ്ങിയവ നിലനിൽക്കുന്നു. പ്രവാചകൻെറയും സച്ചരിതരായ ഖലീഫമാരുടെയും ചരിത്രത്തിൽ നിന്ന് ഇവയുടെ ഘടനയേയും സ്വഭാവത്തെയും കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

ഇസ്‌ലാമിക രാഷ്ട്രത്തിൻെറ നായകൻ ഖലീഫയാണെന്ന് പറഞ്ഞുവല്ലോ. വിശുദ്ധ ഖുർആനിലും പ്രവാചകചര്യയിലും വ്യക്തമാക്കപ്പെട്ട അടിസ്ഥാനതത്വങ്ങൾക്കനുസൃതമായി രാഷ്ട്രത്തെ നയിക്കുകയാണ് ഖലീഫയുടെ ഉത്തരവാദിത്തം. ഖുർആനിലും സുന്നത്തിലും വ്യക്തമായി വിവരിക്കപ്പെടാത്ത ഒട്ടനവധി പ്രശ്നങ്ങൾ ഒരു രാഷ്ട്രത്തിന് കൈകാര്യം ചെയ്യേണ്ടതായി വരുമല്ലോ. രാഷ്ട്രീയപ്രശ്നങ്ങളിൽ ഖണ്ഡിതമായ നിയമങ്ങളേക്കാളധികം പാലിക്കപ്പെടേണ്ട തത്വങ്ങളാണ് വിശുദ്ധഖുർആൻ പരാമർശിക്കുന്നത്. ഈ തത്ത്വങ്ങളുടെ വെളിച്ചത്തിൽ, ഇസ്‌ലാമിൻെറ ആത്മാവിനിണങ്ങുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തേണ്ടത് ഖലീഫയുടെ ബാധ്യതയാണ്. ഈ നിയമങ്ങൾ നിർമിക്കേണ്ടത് ഖലീഫയുടെ തന്നിഷ്ടപ്രകാരമല്ല; പ്രത്യുത കൂടിയാലോചനയിലൂടെയാണ്. കൂടിയാലോചനാസമിതിയെയാണ് ഇസ്‌ലാമികരാഷ്ട്രത്തിൽ 'ശൂറാ' എന്നു വിളിക്കുന്നത്. പ്രവാചകൻപോലും രാഷ്ട്രീയമായ പ്രശ്നങ്ങൾ കൂടിയാലോചനയിലൂടെയായിരുന്നു തീരുമാനിച്ചിരുന്നതെന്ന് കാണാൻ കഴിയും. 'കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക'[1] എന്നാണ് പ്രവാചകനോടുള്ള ദൈവികകൽപന. അബൂ

1. ഖുർആൻ 3: 159



ഹുറയ്റ(റ) പറയുന്നു: 'പ്രവാചകനെപ്പോലെ സ്വന്തം അനുയായികളുമായി ഇത്രയേറെ കൂടിയാലോചന ചെയ്യുന്ന മറ്റൊരു വ്യക്തിയെയും ഞാൻ കണ്ടിട്ടില്ല'.[1]

അനുയായികളുമായി കൂടിയാലോചിക്കുകയും അവരുടെ അഭിപ്രായങ്ങൾ മാനിക്കുകയും ചെയ്ത ആളായിരുന്നു പ്രവാചകൻ(സ). ബദ്ർ യുദ്ധവേളയിൽ ആദ്യം തെരഞ്ഞെടുത്ത താവളം മാറ്റിയതും ഉഹ്ദ്‌യുദ്ധത്തിന് പുറപ്പെട്ടതും ഖൻദഖ് യുദ്ധസമയത്ത് ഗത്ഫാൻ ഗോത്രവുമായി സന്ധിചെയ്യാനുള്ള തൻെറ തീരുമാനം മാറ്റിയതുമെല്ലാം അനുയായികളുമായി കൂടിയാലോചിച്ചശേഷമായിരുന്നു. പ്രവാചകന്നു ശേഷം ഖലീഫമാരും നിയമനിർമാണത്തിൻെറയും നിർവഹണത്തിൻെറയും വിഷയത്തിൽ സമൂഹവുമായി കൂടിയാലോചിച്ചിരുന്നുവെന്ന് കാണാനാവും. ഇസ്‌ലാം അനുശാസിക്കുന്ന കൂടിയാലോചന സമൂഹത്തിലെ മൊത്തം അംഗങ്ങളോടോ ഭൂരിപക്ഷത്തോടോ അല്ല; മറിച്ച് സമൂഹത്തിൽ നിന്ന് തെരഞ്ഞെടുത്തിരിക്കുന്ന കാര്യബോധമുള്ള ജനപ്രതിനിധികളുമായിട്ടാണ്. ഈ ജനപ്രതിനിധിസഭ (ശൂറ)യാണ് ഖുർആനിലും സുന്നത്തിലും വ്യക്തമായ മാർഗ്ഗനിർദേശം ലഭിക്കാത്ത വിഷയങ്ങളിൽ നിയമനിർമാണം നടത്തേണ്ടത്. കൂടിയാലോചനാസമിതിയുടെ തെരഞ്ഞെടുപ്പും ഖലീഫയുടെ തെരഞ്ഞെടുപ്പുപോലെത്തന്നെ വ്യക്തമായ നിർദ്ദേശങ്ങളില്ലാത്ത കാര്യമാണ്. അതുകൊണ്ടുതന്നെ പരിതസ്ഥിതിക്കനുസരിച്ച് ഏതു തെരഞ്ഞെടുപ്പ് രീതിയും സ്വീകരിക്കുവാൻ ഇസ്‌ലാമികസമൂഹത്തിന് സ്വാതന്ത്ര്യമുണ്ട്.

ഇസ്‌ലാമികരാഷ്ട്രത്തിൻെറ താൽപര്യങ്ങൾക്കൊത്ത് സമൂഹത്തെ നയിക്കുകയാണ് നിർവഹണ വിഭാഗത്തിൻെറ ചുമതല. ഈ വിഭാഗത്തിൻെറ മേൽനോട്ടം ഖലീഫക്കായിരിക്കും. നിയമനിർവഹണത്തിന് എന്തെല്ലാം മാർഗങ്ങൾ അവലംബിക്കണമെന്ന് തീരുമാനിക്കുന്നത് ശൂറയോട് കൂടിയാലോചിച്ചിട്ടായിരിക്കണം. നിയമം നടപ്പാക്കുന്നതിനാശവ്യമായ രീതിയിൽ അധികാരവികേന്ദ്രീകരണം നടത്താനും ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുമെല്ലാമുള്ള ബാധ്യത ഖലീഫക്കാണ്. ഖലീഫ ഇതു ചെയ്യേണ്ടത് കൂടിയാലോചനയിലൂടെയായിരിക്കണമെന്നു മാത്രം. വിശുദ്ധ ഖുർആനും പ്രവാചകചര്യയുമനുസരിച്ച് നിർവ്വഹണ വിഭാഗം പ്രവർത്തിക്കുന്നിടത്തോളം

1. ബുഖാരി

അവരെ അനുസരിക്കേണ്ടത് ഇസ്ലാമിക രാഷ്ട്രത്തിലെ പൗരൻെറ ബാധ്യതയാണ്. പ്രവാചകൻ(സ) പറഞ്ഞു: 'നന്മയിൽ മാത്രമെ അനുസരണമുള്ളൂ; തെറ്റിൽ അനുസരണമില്ല'.[1]

തർക്കപ്രശ്നങ്ങളിൽ വിശുദ്ധഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ വിധി നൽകുകയാണ് ഇസ്ലാമികരാഷ്ട്രത്തിലെ നീതിന്യായവിഭാഗത്തിൻെറ ധർമം. പ്രവാചകൻെറ കാലത്ത് ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിൻെറയും അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നു. മുസ്ലിം സമൂഹത്തിൻെറ ശിക്ഷകനെന്ന നിലയ്ക്ക് അതൊരു അനിവാര്യതയായിരുന്നു. എന്നാൽ പ്രവാചകനുശേഷം ഈ അനിവാര്യത അവശേഷിക്കുന്നില്ല. മാത്രവുമല്ല, സച്ചരിതരായ ഖലീഫമാരുടെ കാലത്ത് നീതിന്യായ വിഭാഗം നിർവഹണ വിഭാഗത്തിൽ നിന്ന് തികച്ചും സ്വതന്ത്രമായിരുന്നുവെന്ന് കാണാൻ കഴിയും. ജഡ്ജിമാരെ നിയമിച്ചിരുന്നത് ഖലീഫയായിരുന്നുവെങ്കിലും പിന്നീട് അവരുടെ തീരുമാനങ്ങളെ സ്വാധീനിക്കുവാനോ അവരെ ഉദ്യോഗത്തിൽ നിന്ന് പിരിച്ചയക്കുവാനോ ഖലീഫക്ക് അധികാരമുണ്ടായിരുന്നില്ല. ഖലീഫക്കെതിരെയുള്ള കേസുകളിൽ മറ്റേതൊരു പൗരനെയും പോലെ മാത്രമെ ഖലീഫയും പരിഗണിക്കപ്പെടാൻ പാടുള്ളൂവെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഖലീഫാ ഉമറിൻെറ ഭരണകാലത്ത് ഖലീഫയുൾപ്പെടുന്ന ഒരു കേസിനുവേണ്ടി അദ്ദേഹം കോടതിയിലെത്തിയപ്പോൾ തിനക്ക് പ്രത്യേക ഇരിപ്പിടം നൽകി ബഹുമാനിക്കുവാൻ തുനിഞ്ഞ ന്യായാധിപനായ സൈദ്ബ്നു സാബിത്തിനോട് ഉമർ(റ) പറഞ്ഞ വരികൾ ശ്രദ്ധേയമാണ്: 'ഉമറിനെയും ഒരു സാധാരണ മുസ്ലിമിനെയും തുല്യമായി കാണാത്തിടത്തോളം സൈദ് ന്യായധിപസ്ഥാനത്തിനർഹനല്ല'.

ഇസ്ലാമികരാഷ്ട്രത്തിലെ പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ട ചുമതല രാഷ്ട്രത്തിനാണുള്ളത്. ഒരാളുടെ മൗലികാവകാശങ്ങളിൽ പെട്ടതാണ് ജീവിക്കാനുള്ള അവകാശവും സ്വത്തു സമ്പാദിക്കുവാനുള്ള അവകാശവും. ജീവൻെറ സംരക്ഷണത്തിന് ഇസ്ലാം നൽകുന്ന പ്രാധാന്യം വളരെ വലുതാണ്. ഖുർആൻ പറയുന്നത് കാണുക: 'അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ നിങ്ങൾ ഹനിക്കരുത്'[2]

1. ബുഖാരി, മുസ്ലിം
2. ഖുർആൻ 17: 23



പൗരന്മാരുടെ ജീവൻ സംരക്ഷിക്കുന്നത് ഒരു ബാധ്യതയായി കണക്കാക്കുന്ന ഇസ്ലാമിക രാഷ്ട്രത്തിന് അന്യായമായ കൊലപാതകങ്ങൾ തടയുവാൻ കർശനമായ നിയമങ്ങളാവശ്യമായിവരുന്നു. ഇപ്രകാരമുള്ള നിയമങ്ങളിലൊന്നാണ് കൊലപാതകിക്ക് കൊല തന്നെ ശിക്ഷയായി നൽകുകയെന്നത്. പവിത്രമായ ഒരു ജീവനെ ഹനിച്ച കുറ്റവാളി വധശിക്ഷയിൽ കുറഞ്ഞ യാതൊന്നും അർഹിക്കുന്നില്ലെന്നതാണ് വാസ്തവം. 'കൊലക്കു കൊല'യെന്ന നിയമം പ്രായോഗികമായി പ്രാവർത്തികമാക്കുന്നതിലൂടെ മാത്രമേ ആധുനിക ലോകത്തിലെ കൊലപാതക സംസ്കാരത്തിന് അറുതി വരികയുള്ളൂ. വിശുദ്ധഖുർആൻ പറഞ്ഞതെത്ര ശരി! 'സത്യവിശ്വാസികളെ, കൊലചെയ്യപ്പെടുന്നവരുടെ കാര്യത്തിൽ തുല്യ ശിക്ഷ നടപ്പാക്കുക എന്നത് നിങ്ങൾക്ക് നിയമമാക്കപ്പെട്ടിരിക്കുന്നു'.[1]

'ബുദ്ധിമാൻമാരേ, (അങ്ങനെ) തുല്യശിക്ഷ നൽകുന്നതിലാണ് ജീവിതത്തിൻെറ നിലനിൽപ്പ്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനു വേണ്ടിയത്രെ ഇത്.'[2]

അനുവദനീയമായ മാർഗങ്ങളിലൂടെ സ്വത്ത് സമ്പാദിക്കുവാൻ ഇസ്ലാമിക രാഷ്ട്രത്തിലെ ഓരോ പൗരന്നും അവകാശമുണ്ട്. വഞ്ചന, പൂഴ്ത്തിവെപ്പ്, കൊള്ളലാഭം, പലിശ, കൈക്കൂലി തുടങ്ങിയവയാണ് അനനുവദനീയമായ സമ്പാദ്യമാർഗങ്ങൾ. ഓരോരുത്തരും സമ്പാദിച്ച സ്വത്തിൻെറ ഉടമാവകാശം വ്യക്തികൾക്കു തന്നെയാണ്. അതിൽ നിന്ന് സക്കാത്ത്, മറ്റു നികുതികൾ എന്നിവ നൽകുവാൻ പൗരൻ നിർബന്ധിതനാണ്. അതുകഴിഞ്ഞുള്ള പൗരൻെറ സ്വത്ത് സംരക്ഷിക്കേണ്ട ചുമതല രാഷ്ട്രത്തിനുള്ളതാണ്. അതിനാൽ പ്രസ്തുത ആവശ്യാർഥവും ശക്തമായ നിയമങ്ങൾ ആവിഷ്കരിക്കുവാൻ രാഷ്ട്രം നിർബന്ധിതമാണ്. സമ്പത്ത് കൊള്ളചെയ്യുന്നത് ഗൗരവമേറിയ ഒരു കുറ്റകൃത്യമായിത്തന്നെയയാണ് ഇസ്ലാം കാണുന്നത്. തനിക്ക് ഒരു നിലയ്ക്കും അവകാശമില്ലാത്ത വസ്തുക്കൾ മോഷ്ടിക്കുന്നയാളുടെ കൈ മുറിക്കുവാനാണ് ഖുർആൻ അനുശാസിക്കുന്നത്. 'മോഷ്ടിക്കുന്നവൻെറയും മോഷ്ടിക്കുന്നവളുടെയും കൈകൾ മുറിച്ചുകളയുക. അവർ സമ്പാദിച്ചതിന്നുള്ള പ്രതിഫലവും അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്. അല്ലാ

1. ഖുർആൻ 2: 178
2. ഖുർആൻ 2: 179

ഹു പ്രതാപിയും യുക്തിമാനുമാകുന്നു'[1].

അഭിമാനസംരക്ഷണത്തിന് ഇസ്‌ലാം നൽകുന്ന സ്ഥാനം വളരെ മഹത്തായതാണ്. പ്രവാചകൻ (സ) പറഞ്ഞു: 'വല്ലവനും അപരൻെറ അഭിമാനത്തിന് ക്ഷതമേൽപ്പിക്കുകയോ അതിക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ധനവും സമ്പത്തും ഉപകാരപ്പെടാത്ത ആ ദിനം വന്നെത്തുന്നതിനു മുമ്പ് ഇവിടെ വെച്ചു തന്നെ അത് മാപ്പാക്കിക്കൊള്ളട്ടെ. അല്ലാത്തപക്ഷം അന്ത്യദിനത്തിൽ അവൻെറ സൽകർമങ്ങൾ ആക്രമിക്കപ്പെട്ടവന്ന് പകരം നൽകുന്നതായിരിക്കും. അവൻെറ പക്കൽ സൽക്കർമങ്ങളൊന്നുമില്ലെന്ന് വരികയാണെങ്കിൽ ആക്രമിക്കപ്പെട്ടവൻെറ ദുഷ്കൃത്യങ്ങൾ അവൻെറ മേൽ ചുമത്തപ്പെടുന്നതായിരിക്കും.'[2]

ഇസ്‌ലാമികരാഷ്ട്രത്തിലെ പൗരന്മാരുടെ അഭിമാനം സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിൻെറ ഉത്തരവാദിത്തമാണ്. അപാവാദപ്രചാരകന്മാർ പ്രധാനമായും വ്യഭിചാരാരോപണമാണ് അഭിമാനക്ഷതം വരുത്തുവാനായി ഉപയോഗിക്കാറുള്ളത്. ഇത്തരം അപവാദ പ്രചാരണങ്ങൾ അഭിമാനക്ഷതം വരുത്തുക മാത്രമല്ല, വലിയ സാമൂഹ്യ പ്രശ്നങ്ങൾക്കു കാരണമാവുക കൂടി ചെയ്യുന്നു. പലപ്പോഴും കുടുംബബന്ധങ്ങളെ തകർക്കുന്നതിനും സമൂഹത്തെ ഛിദ്രമാക്കുന്നതിന്നും ഇത്തരം പ്രചാരണങ്ങൾ നിമിത്തമാകുന്നു. അതുകൊണ്ടുതന്നെ അപവാദപ്രചാരണത്തിന് ശക്തമായ ശിക്ഷ തന്നെയാണ് ഇസ്‌ലാം അനുശാസിക്കുന്നത്. ഖുർആൻ പറയുന്നത് കാണുക: 'ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ 80 അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമ്മകാരികൾ'.[3]

ഇസ്‌ലാം സദാചാരത്തിന് നൽകുന്ന പ്രാധാന്യം വളരെ വലുതാണ്. സദാചാരരഹിതമായ സാമൂഹ്യജീവിതം കുടുംബപ്രശ്നങ്ങൾക്കും മറാവ്യാധികൾക്കും കാരണമാകുന്നു. സദാചാരനിഷ്ഠയുള്ള ഒരു സമൂഹത്തിൻെറ സൃഷ്ടിയാണ് ഇസ്‌ലാമിൻെറ ലക്ഷ്യം. അതി

1. ഖുർആൻ 5: 38
2. ബുഖാരി
3. ഖുർആൻ 24:4



ന്നാവശ്യമായ നിയമങ്ങൾ ഇസ്‌ലാം ആവിഷ്കരിക്കുന്നുണ്ട്. വ്യഭിചാരത്തിനുള്ള ശിക്ഷാവിധികൾ ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. വ്യഭിചാരത്തിന് വിവാഹിതർക്കും അവിവാഹിതർക്കും വെവ്വേറെ ശിക്ഷാവിധികളാണ് ഇസ്‌ലാം ഏർപ്പെടുത്തിയിരിക്കുന്നത്. അവിവാഹിതർ വ്യഭിചരിച്ചാൽ നൂറ് അടി അടിക്കണമെന്നാണ് ദൈവകൽപന. ഖുർആൻ പറയുന്നത് കാണുക: 'വ്യഭിചരിക്കുന്ന സ്ത്രീ പുരുഷന്മാരിൽ ഓരോരുത്തരെയും നിങ്ങൾ നൂറ് അടി അടിക്കുക'[1].

വിവാഹിതർ വ്യഭിചരിച്ചാൽ അവരെ എറിഞ്ഞുകൊല്ലണമെന്നാണ് പ്രവാചകചര്യയിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഈ ശിക്ഷകൾ നടപ്പാക്കണമെങ്കിൽ ഒന്നുകിൽ വ്യഭിചരിച്ചവർ സ്വയം കുറ്റസമ്മതം നടത്തുകയോ അതല്ലെങ്കിൽ സത്യസന്ധരായ നാലു സാക്ഷികൾ നേരിട്ട് കണ്ട് സംഭവം സത്യമാണെന്ന് ബോധ്യപ്പെടുത്തുകയോ വേണം. പ്രവാചകൻെറ കാലത്ത് വ്യഭിചാരക്കുറ്റത്തിന് കല്ലെറിഞ്ഞു കൊല്ലുകയെന്ന ശിക്ഷാവിധി നടപ്പാക്കിയ സംഭവങ്ങളിൽ പ്രതികൾ കുറ്റസമ്മതം നടത്തിയതിൻെറ അടിസ്ഥാനത്തിലായിരുന്നു അവ നടപ്പാക്കിയിരുന്നതെന്ന് കാണാനാവും. വ്യഭിചാരക്കുറ്റം നാലു സാക്ഷികളുടെ സത്യസന്ധമായ മൊഴിയുടെ അടിസ്ഥാനത്തിൽ തെളിയുകയെന്നത് എളുപ്പമല്ല. നാലു സാക്ഷികളിൽ ഒരാളുടെ മൊഴി കളവാണെന്നു വന്നാൽ നാലുപേരും വ്യഭിചാരാരോപണത്തിന് ശിക്ഷിക്കപ്പെടുമെന്നോർക്കുക. വ്യഭിചാരാരോപണത്തിന് യാതൊരു പഴുതുമില്ലാതിരിക്കുവാനാണ് തെളിവിൻെറ കാര്യം ഇസ്‌ലാം ഇത്രയധികം കർശനമാക്കിയിരിക്കുന്നത്. നാലു സാക്ഷികളുണ്ടാകുമാറ് വ്യഭിചാരക്കുറ്റം ചെയ്തവർക്ക് ശക്തമായ ശിക്ഷ നൽകാതിരിക്കുന്നത് ഗുരുതരമായ സാമൂഹ്യരോഗങ്ങൾക്ക് കാരണമാവുമെന്നാണ് ഇസ്‌ലാമിൻെറ കാഴ്ചപ്പാട്.

ഇസ്‌ലാമിക രാഷ്ട്രത്തിൽ നടപ്പാക്കേണ്ട ശിക്ഷാവിധികളെക്കുറിച്ച് പരാമർശിക്കുമ്പോൾ ഒരുകാര്യം വ്യക്തമാക്കേണ്ടതുണ്ടെന്ന് തോന്നുന്നു. കുറ്റവാളികളെ ശിക്ഷിക്കുകയല്ല, പ്രത്യുത, കുറ്റകൃത്യങ്ങളില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് ഇസ്‌ലാമിൻെറ ലക്ഷ്യമെന്ന വസ്തുതയാണത്. കൊലപാതകിയെ കൊല്ലുകയോ മോഷ്ടാവിൻെറ കൈ വെട്ടുകയോ വ്യഭിചാരികളെ അടിക്കുകയോ

1. ഖുർആൻ 24:2

ഒന്നുമല്ല, കൊലയും കൊള്ളയും അധാർമികവൃത്തികളുമില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് ഇസ്‌ലാമിൻെറ ലക്ഷ്യം. ഇതിന് കർശനമായ ശിക്ഷാനിയമങ്ങൾ ആവശ്യമാണെന്നാണ് ഇസ്‌ലാമിൻെറ പക്ഷം. വ്യക്തിസ്വാതന്ത്ര്യത്തിൻെറയും പരിഷ്കാരത്തിൻെറയും പേരിൽ കുത്തഴിഞ്ഞ ജീവിതം അനുവദിക്കുന്ന 'പരിഷ്കൃത'നാടുകളിൽ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതിൻെറ കാരണം അവിടത്തെ സമൂഹത്തിൻെറ ധാർമികാടിത്തറയുടെ പിഴവും ശക്തമായ ശിക്ഷാനിയമങ്ങളുടെ അഭാവവുമാണെന്നാണ് സാമൂഹ്യശാസ്ത്രജ്ഞരുടെ പക്ഷം. കുറ്റകൃത്യങ്ങളിൽ നിന്ന് മുക്തമായ ഒരു സമൂഹത്തിൻെറ സൃഷ്ടിക്ക് ശക്തമായ ശിക്ഷാനിയമങ്ങൾ ആവശ്യമാണെന്ന ഇസ്‌ലാമിൻെറ കാഴ്ചപ്പാട് നൂറ് ശതമാനവും മാനവികമാണെന്ന് സാരം.

ഇസ്‌ലാം ശിക്ഷാവിധികൾ നടപ്പാക്കാൻ ആഹ്വാനം ചെയ്യുന്നത് അവയ്ക്ക് യാതൊരു പഴുതുമില്ലാത്ത ഒരു സമൂഹതിൻെറ സൃഷ്ടി സാധിച്ച ശേഷമാണെന്ന വസ്തുത പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. കുറ്റകൃത്യങ്ങൾക്ക് പ്രേരണ നൽകുന്ന പരിതഃസ്ഥിതികൾ ഇല്ലാതാക്കിയതിന്നു ശേഷവും കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കാണ് കഠിനമായ ശിക്ഷ വിധിക്കുവാൻ ഇസ്‌ലാം കൽപിക്കുന്നത്. ഇസ്‌ലാം അനുശാസിക്കുന്ന രൂപത്തിലുള്ള സകാത്ത് സമ്പ്രദായം നടപ്പാക്കുക വഴി സാധാരണക്കാരനിൽ നിന്ന് പട്ടിണിയും ദാരിദ്ര്യവും തുടച്ചുമാറ്റിയ ശേഷവും ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയുയർത്തുന്ന മോഷ്ടാക്കൾ നിലനിൽക്കുന്നുവെങ്കിൽ അവരുടെ കരം ഛേദിച്ചുകൊണ്ട് സമൂഹത്തിന് മാതൃക കാണിച്ചുകൊടുക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ശക്തമായ ശിക്ഷാസമ്പ്രദായത്തിൻെറ അഭാവത്തിൽ പ്രസ്തുത കുറ്റകൃത്യം പെരുകുമെന്ന ഇസ്‌ലാമിൻെർ കാഴ്ചപ്പാട് നൂറു ശതമാനവും ശരിയാണെന്ന് സമകാലീനസംഭവങ്ങൾ വ്യക്തമാക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്രവും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ, കുറ്റവാളികളെ വളർത്താനാവശ്യമായ എല്ലാ സാഹചര്യങ്ങളുമുള്ളപ്പോൾ, മോഷ്ടാവിൻെറ കൈ ഛേദിച്ചുകളയാൻ ഇസ്‌ലാം വിധിക്കുന്നില്ല. രാജ്യത്ത് ക്ഷാമം പടർന്നുപിടിച്ചിരുന്ന സമയത്ത് ഒരു മോഷ്ടാവിനെ ഖലീഫാ ഉമറിൻെറ സന്നിധിയിൽ ഹാജരാക്കിയപ്പോൾ അയാൾ പട്ടിണിമൂലം മോഷണത്തിന് നിർബന്ധിതനായിരിക്കാമെന്ന കാരണത്താൽ



അയാളെ വെറുതെ വിട്ടതായുള്ള ചരിത്രത്തിൽ നിന്ന് ഇക്കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ഇതു തന്നെയാണ് എല്ലാ ശിക്ഷാവിധികളിലുമുള്ള ഇസ്‌ലാമിൻെറ നിലപാട്. വ്യഭിചാരത്തിന് വശംവദമാകത്തക്ക രീതിയിലുള്ള ലൈംഗികാഭാസങ്ങളെല്ലാം ഉന്മൂലനം ചെയ്ത ശേഷമാണ് വ്യഭിചാരത്തിനുള്ള ശിക്ഷ നടപ്പാക്കാൻ ഇസ്‌ലാം കൽപ്പിക്കുന്നത്. മോഡലുകളും കാൾഗേളുകളും സെക്സ് ബോംബുകളുമില്ലാത്ത, കാബറെ മുതൽ മോഹിനിയാട്ടം വരെയുള്ള നൃത്തങ്ങളിലൂടെ ലൈംഗികാഭാസങ്ങൾക്ക് പ്രേരണയുണ്ടാക്കാത്ത, സ്വന്തം ശരീരവും സൗന്ദര്യവും വിൽപനച്ചരക്കല്ലെന്ന് വിശ്വസിക്കുന്ന കുടുംബിനികൾ മാത്രമുള്ള, ഒരു വിവാഹം കൊണ്ട് ലൈംഗികദാഹം ശമിപ്പിക്കാൻ കഴിയാതെ വരുന്ന പുരുഷന്ന് നാലുവരെ ഇണകളെ സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു സമൂഹത്തിൽ നാലുപേർ കാൺകെ വ്യഭിചാരത്തിലേർപ്പെടുന്നവർ ശക്തമായ ശിക്ഷാനടപടികൾ അർഹിക്കുന്നുവെന്നാണ് ഇസ്‌ലാമിൻെറ വിധി.

ശിക്ഷാസമ്പ്രദായങ്ങളിലും അതല്ലാത്ത നിയമങ്ങളിലുമെല്ലാം ഇസ്‌ലാമിക രാഷ്ട്രത്തിലെ എല്ലാ പൗരന്മാരും തുല്യരായാണ് പരിഗണിക്കപ്പെടുന്നത്. സമ്പന്നനും ദരിദ്രനുമിടയിലോ ഭരണാധികാരിക്കും സാധാരണ പൗരനുമിടയിലോ യാതൊരു രീതിയിലുള്ള വിവേചനവും നീതിനിർവഹണത്തിൻെറ കാര്യത്തിൽ ഉണ്ടാവാൻ പാടില്ലെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി'[1] എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

ഒരിക്കൽ കുലീന കുടുംബത്തിൽപ്പെട്ട ഒരു സ്ത്രീ മോഷണക്കുറ്റത്തിന് പിടിക്കപ്പെട്ടു. പ്രവാചകൻെറ അടുത്ത അനുയായികളിലൊരാളായ ഉസാമഃ അവരുടെ കാര്യത്തിൽ ശുപാർശ ചെയ്യുവാനായി പ്രവാചകനെ സമീപിച്ചു. അപ്പോൾ പ്രവാചകൻ(സ) പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: 'നിങ്ങൾക്ക് മുമ്പുള്ള സമുദായങ്ങൾ നശിപ്പിക്കപ്പെട്ടത് ഇത്തരം പ്രവർത്തനങ്ങൾ മൂലമാണ്. സമ്പന്നർ കുറ്റംചെയ്താൽ വെറുതെ വിടുകയും ദരിദ്രർ കുറ്റംചെയ്താൽ ശിക്ഷിക്കുകയു

1. ഖുർആൻ 4: 135

മായിരുന്നു അവരുടെ സമ്പ്രദായം. അല്ലാഹുവാണെ സത്യം. ഈ പ്രവൃത്തി ചെയ്തത് മുഹമ്മദിൻെറ മകൾ ഫാത്തിമ തന്നെയായാലും അവളുടെ കരം ഞാൻ ഛേദിച്ചു കളയുന്നതാണ്'.

നീതിയുടെ മുമ്പിൽ ഭരണാധിപനും ഭരണീയനും സമമാണ് എന്നതാണ് ഇസ്ലാമിക രാഷ്ട്ര സങ്കൽപത്തിൻെറ അടിസ്ഥാന സ്തംഭങ്ങളിലൊന്ന്. ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്ന ഒട്ടനവധി സംഭവങ്ങൾ ഇസ്ലാമിക ചരിത്രത്തിൽ കാണാനാവും. ഒരു സംഭവമിതാ: ഉമറി(റ)ൻെറ ഭരണകാലത്ത് ഈജിപ്തിലെ ഗവർണറായിരുന്ന അംറുബ്നുൽ ആസിൻെറ പുത്രൻ മുഹമ്മദുബ്നു അംറ് കോപ്റ്റിക് വിഭാഗത്തിൽപ്പെട്ട ഒരു സാധാരണക്കാരനെ തൻെറ കുതിരയുടെ മുമ്പിൽ സ്വന്തം കുതിരയെ ഓടിച്ചതിൻെറ പേരിൽ അടിച്ചു. 'ഞാൻ മാന്യന്മാരുടെ പുത്രനാണ്' എന്നു പറഞ്ഞുകൊണ്ടായിരുന്നു പ്രഹരം. ഈ പ്രശ്നം ഖലീഫയുടെ അടുക്കലെത്തി. ഗവർണറെയും പുത്രനെയും മദീനയിലേക്ക് വിളിപ്പിച്ചു കൊണ്ട് ഉമർ(റ) ചോദിച്ചു: 'എന്നു മുതൽക്കാണ് നിങ്ങൾ ജനങ്ങളെ അടിമകളാക്കിത്തുടങ്ങിയത്? അവരുടെ മാതാക്കൾ അവരെ പ്രസവിച്ചത് സ്വതന്ത്രരായിട്ടല്ലേ'. തുടർന്ന് മർദിതനായ ആ കോപ്റ്റിക് വംശജൻെറ കയ്യിൽ ചാട്ടവാറു നൽകിക്കൊണ്ട് പ്രതികാരം ചെയ്യുവാൻ ഉമർ(റ) കൽപ്പിച്ചു. നിയമത്തിനു മുൻപിൽ എല്ലാവരും സമന്മാരാണെന്ന തത്വം ഇത്രത്തോളം പ്രായോഗികമാക്കിയ ഇസ്ലാമിക സമൂഹമല്ലാത്ത മറ്റൊരു സമൂഹത്തെ ലോകചരിത്രത്തിൽ കാണുക സാധ്യമല്ല.

ഇസ്ലാമികരാഷ്ട്രത്തിൽ ജീവിക്കുന്ന അമുസ്ലിം പൗരന്മാരോടും നീതിനിർവ്വഹണത്തിൻെറ കാര്യത്തിൽ വിവേചനമൊന്നും കാണിക്കാൻ പാടില്ലെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. വിശുദ്ധഖുർആൻ നിഷ്കർഷിക്കുന്നത് കാണുക: 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്'[1] ഈ ഖുർആനിക കൽപനയെ പൂർണമായി ഉൾക്കൊണ്ടുകൊണ്ടായിരുന്നു പ്രവാചകനും സച്ചരിതരായ ഖലീഫമാരും ഭരണം നടത്തിയത്.

1. ഖുർആൻ 5: 8



ക്രൈസ്തവനായ കോപ്റ്റിക് വംശജനും മുസ്ലിമായ ഗവർണറുടെ പുത്രനും തമ്മിലുണ്ടായ പ്രശ്നത്തിൽ മുസ്ലിം അനീതിചെയ്തുവെന്ന് മനസ്സിലാക്കിയ ഖലീഫാ ഉമറി(റ)ൻെറ കാലത്തുതന്നെ നടന്ന മറ്റൊരു സംഭവമിതാ. ഗവർണറായിരുന്ന അംറുബ്നുൽ ആസ് ഒരു ക്രൈസ്തവസ്ത്രീയുടെ വീട് നിർബന്ധപൂർവം പള്ളിയോട് ചേർക്കുകയുണ്ടായി. സ്ത്രീ ഇതേക്കുറിച്ച് ഖലീഫയോട് പരാതി പറഞ്ഞു: ഖലീഫാ ഉമർ ഗവർണറെ വിളിച്ച് വിശദീകരണമാവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'മുസ്ലിംകളുടെ അംഗസംഖ്യ വർദ്ധിച്ചതു കാരണം പള്ളിയിൽ സ്ഥലമില്ലാതെ വിഷമം നേരിട്ടു. പള്ളി വിശാലമാക്കേണ്ടതിന്നായി അതിൻെറ അടുത്തുള്ള ക്രൈസ്തവസ്ത്രീയുടെ ഭവനം ആവശ്യപ്പെടുകയും അതിന്ന് ന്യായമായ വില നൽകാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. അവർ വിസമ്മതിച്ചതുകാരണം വീടു പൊളിച്ച് പള്ളിയോട് ചേർക്കാൻ നിർബന്ധിതമാവുകയാണുണ്ടായത്. അതിൻെറ വില ആ സ്ത്രീക്ക് ആവശ്യമുള്ള ഏതു സമയത്തും സ്വീകരിക്കുവാൻ സാധിക്കുമാറ് പൊതുഖജനാവിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.' സാധാരണഗതിയിൽ ന്യായമെന്നു പറയാവുന്ന ഗവർണറുടെ നടപടിയെ ശരിവെക്കാൻ ഉമർ (റ) തയാറായില്ല. പള്ളിയുടെ പ്രസ്തുത ഭാഗം പൊളിച്ചുമാറ്റി പകരം ആ ക്രൈസ്തവ സ്ത്രീയുടെ വീട് യഥാസ്ഥാനത്ത് നിർമിച്ചു കൊടുക്കുവാൻ കൽപിക്കുകയാണ് നീതിമാനായ ആ ഭരണാധികാരി ചെയ്തത്.

നാലാം ഖലീഫയായിരുന്ന അലി(റ)യുടെ കാലത്ത് നടന്ന ഒരു സംഭവം നോക്കുക: ഖലീഫ തൻെറ പടയങ്കി ഒരു ജൂതൻ മോഷ്ടിച്ചുവെന്ന് പറഞ്ഞ് കോടതിയെ സമീപിച്ചു. ന്യായാധിപനായ ശുറൈഹ് ജൂതൻെൻെറയും ഖലീഫയുടെയും അവകാശവാദങ്ങൾ പരിശോധിച്ചു. തൻെറ കൈവശമുള്ള പടയങ്കി തൻേറതു തന്നെയാണെന്നു ജൂതൻ വാദിച്ചപ്പോൾ അതു തൻേറതാണെന്നും ജൂതൻ മോഷ്ടിച്ചതാണെന്നും ഖലീഫ അലി മൊഴി നൽകി. തൻെറ വാദം തെളിയിക്കനായി ഖലീഫ ഹാജരാക്കിയ സാക്ഷികൾ മകൻ ഹസനും ഭൃത്യൻ ഖമറുമായിരുന്നു. ഇവർ രണ്ടുപേരും ഖലീഫയുടെ സ്വന്തക്കാരായതിനാൽ സാക്ഷ്യം സ്വീകാര്യമല്ലെന്നും മറ്റു തെളിവുകൾ ഇല്ലാത്തതിനാൽ പടയങ്കി ജൂതനിൽ നിന്നു വാങ്ങുവാൻ നിയമം

അനുവദിക്കുന്നില്ലെന്നും ന്യായാധിപൻ വിധിച്ചു. ന്യായധിപൻെറയടുത്തു നിന്ന് പടയങ്കി വാങ്ങി നടന്നു നീങ്ങിയ ജൂതൻ അൽപദൂരം മുന്നോട്ടുപോയി തിരിഞ്ഞു വന്നുകൊണ്ട് പറഞ്ഞു. 'നിശ്ചയമായും ഇത് പ്രവാചകന്മാരുടെ നിയമം തന്നെയെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മതിയായ തെളിവില്ലാത്തതിനാൽ കോടതി അദ്ദേഹത്തിനെതിരെ വിധി പ്രസ്താവിക്കുന്നു. ഇതു വളരെ മഹത്തരം തന്നെ. അതിനാൽ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു'. തുടർന്ന് ഖലീഫയുടെ നേരെ തിരിഞ്ഞ് അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ഈ പടയങ്കി താങ്കളുടേത് തന്നെയാണ്. നിങ്ങൾ സ്വിഫ്ഫീനിലേക്ക് പോകുമ്പോൾ പിന്നിലുണ്ടായിരുന്ന ഞാൻ താങ്കളുടെ ചാരനിറത്തിലുള്ള ഒട്ടകത്തിൻെറ പുറത്തുനിന്ന് അത് തട്ടിയെടുത്തതാണ്'. ഖലീഫ ചിരിച്ചുകൊണ്ട് പ്രതിവചിച്ചു. 'ഞാനത് താങ്കൾക്ക് തന്നെ ദാനമായി തന്നിരിക്കുന്നു'.

ഇസ്ലാമിക രാഷ്ട്രത്തിൽ ജീവിക്കുന്ന അമുസ്ലിം പൗരന്മാരുടെ വിശ്വാസസ്വാതന്ത്ര്യമോ ആരാധനാസ്വാതന്ത്ര്യമോ ഹനിക്കുവാൻ ഖലീഫമാർക്കവകാശമില്ല. അമുസ്ലിം പൗരന്മാരോട് അനീതി കാണിക്കുന്നത് അക്ഷന്തവ്യമായ അപരാധമാണെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. അദ്ദേഹം പറഞ്ഞു: 'സൂക്ഷിച്ചു കൊള്ളുക. അമുസ്ലിം പൗരന്മാരെ ആരെങ്കിലും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിന്നതീതമായി നികുതി ഭാരം കെട്ടിയേൽപ്പിക്കുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവന്നെതിരിൽ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുന്നതാണ്'[1].

ചരിത്രപണ്ഡിതനായ സർ തോമസ് ആർനോൾഡ് എഴുതുന്നത് കാണുക: 'മുഹമ്മദ് തന്നെ പല അറബ് ക്രൈസ്തവ ഗോത്രങ്ങളുമായും സന്ധിയിലേർപ്പെട്ടിരുന്നു. അവർക്ക് അദ്ദേഹം സംരക്ഷണവും സ്വന്തം മതമനുസരിച്ച് ജീവിക്കുവാനുള്ള സ്വാതന്ത്ര്യവും ഉറപ്പുവരുത്തി. അവരുടെ പുരോഹിതർക്കുണ്ടായിരുന്ന സവിശേഷാധികാരങ്ങൾ പഴയതുപോലെ നിലനിർത്തി'[2].

1. അബൂദാവൂദ്
2. സർ തോമസ് അർണോൾഡ് : ഇസ്ലാം പ്രബോധനവും പ്രചാരവും പുറം 60



പ്രവാചകൻെറ പാത പിൻതുടർന്ന അദ്ദേഹത്തിൻെറ ഖലീഫമാരും അമുസ്ലിം പൗരന്മാരുടെ വിശ്വാസങ്ങളും ആരാധനാസമ്പ്രദായങ്ങളും തുടരാൻ അനുവദിച്ചിരുന്നതായും അവരുടെ ജീവനും സ്വത്തിനും പരിപൂർണ സംരക്ഷണം ഉറപ്പുവരുത്തിയിരുന്നതായും കാണാൻ കഴിയും.

ഖലീഫ ഉമർ ഈലിയാ നിവാസികൾക്ക് നൽകിയ രക്ഷാകരാറിലെ വ്യവസ്ഥകൾ കാണുക: 'ദൈവദാസനും വിശ്വാസികളുടെ നേതാവുമായ ഉമർ ഈലിയാവാസികൾക്ക് നൽകുന്ന സംരക്ഷണം എല്ലാവരുടെയും ജീവന്നും സ്വത്തിനും ആരാധനാലയങ്ങൾക്കും കുരിശുകൾക്കും മതസംബന്ധിയായ എല്ലാറ്റിനും സംരക്ഷണം ഉറപ്പുനൽകുന്നു. ആരുടെയും ചർച്ചുകൾ വാസസ്ഥലമാക്കുകയോ നശിപ്പിക്കുകയോ ചെയ്യരുത്. അവയോട് ചേർന്നു നിൽക്കുന്ന വസ്തുവഹകളോ കുരിശുകളോ പിടിച്ചെടുക്കരുത്. ആരെയും ഉപദ്രവിക്കരുത്'.

ഇങ്ങനെ, അമുസ്ലിം പൗരന്മാരുടെ ജീവനും സ്വത്തും വിശ്വാസസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവുമെല്ലാം സംരക്ഷിക്കേണ്ടുന്ന ചുമതലയേറ്റെടുക്കുന്ന ഇസ്ലാമിക രാഷ്ട്രത്തിന് അവൻ നൽകേണ്ടുന്ന നികുതിയാണ് ജിസ്യ. ഇസ്ലാമികരാഷ്ട്രങ്ങളിലും അല്ലാത്തിടത്തുമെല്ലാമുള്ള മുസ്ലിംകൾ നിർബന്ധമായും സക്കാത്ത് നൽകേണ്ടതുണ്ടെന്ന വസ്തുതയുടെ അടിസ്ഥാനത്തിലാണ് ഈ നികുതിയുടെ ന്യായാന്യായങ്ങൾ പരിശോധിക്കേണ്ടത്. തങ്ങളുടെ വാർഷികവരുമാനത്തിൻെറ രണ്ടര ശതമാനവും പൊതുഖജനാവിൽ അടക്കുവാൻ ഇസ്ലാമിക രാഷ്ട്രത്തിൽ ജീവിക്കുന്ന മുസ്ലിം ബാധ്യസ്ഥനാണ്. സകാത്ത് മതപരമായ ഒരു ആരാധനാകർമമായതിനാൽ അമുസ്ലിംകളിൽ നിന്ന് ഈടാക്കുവാൻ നിർവാഹമില്ല. അതവരുടെ മതസ്വാതന്ത്ര്യത്തിൻെറ നിഷേധമായിരിക്കും. അതിനാൽ അമുസ്ലിം പൗരന്മാർക്ക് രാഷ്ട്രം നൽകുന്ന സംരക്ഷണത്തിൻെറ ചെലവിലേക്കായി മറ്റൊരു നികുതി ഈടാക്കുവാനാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. ജിസ്യ ഒരു മതനികുതിയല്ല; പ്രത്യുത സംരക്ഷണ നികുതിയത്രെ. ഇസ്ലാമിക രാഷ്ട്രത്തിൽ ജീവിക്കുന്ന അമുസ്ലിം പൗരന്മാരുടെ ജീവൻെറ സംരക്ഷണം ഉറപ്പു നൽകുവാൻ തങ്ങൾക്ക് കഴിയില്ലെന്ന അവസ്ഥ നിലനിന്നിരുന്ന യുദ്ധകാല സാഹചര്യങ്ങളിൽ പിരിച്ചെടുത്ത 'ജിസ്യ' തിരിച്ചുവിതരണം ചെയ്യ

പ്പെട്ടിരുന്നതായി ചരിത്രത്തിൽ കാണാനാവും. തങ്ങളുൾക്കൊള്ളുന്ന രാജ്യത്തിൻെറ നിലനിൽപ്പിനുവേണ്ടി പൊരുതുകയും തങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഇസ്ലാമിക ഗവൺമെൻറിന് അമുസ്ലിം പൗരന്മാർ നൽകുന്ന സംരക്ഷണ നികുതിയാണ് ജിസ്യയെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. രാഷ്ട്രത്തിൻെറ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്ന അമുസ്ലിം പൗരന്മാരിൽ നിന്ന് പ്രവാചകൻ ജിസ്യ ഈടാക്കിയിരുന്നില്ലെന്ന വസ്തുതയും ഇക്കാര്യം വ്യക്തമാക്കുന്നു.

ഇസ്ലാമികരാഷ്ട്രത്തിലെ ഭരണാധികാരികളും ഭരണീയരുമെല്ലാം അല്ലാഹുവിൻെറ പരമാധികാരത്തിലും പരലോകത്തിലും വിശ്വസിക്കുന്നവരാണ്. ഈ ഭൂമിയിലെ ചെയ്തികളെല്ലാം പരലോകത്ത് വെച്ച് വിചാരണചെയ്യപ്പെടുമെന്ന വിശ്വാസമാണ് ഇരുകൂട്ടരുടെയും ജീവിതത്തെ നിയന്ത്രിക്കുന്നത്. അവിടെ കുറ്റകൃത്യങ്ങളുണ്ടാവാനുള്ള സാധ്യത നന്നേ വിരളമാണ്. രഹസ്യവും പരസ്യവുമറിയാവുന്ന അല്ലാഹുവിലുള്ള വിശ്വാസമാണ് അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് എന്നതിനാൽ തന്നെ നീതി നിർവഹണത്തിലും രാഷ്ട്രസേവനത്തിലും ആത്മാർഥതയുണ്ടാവും. ഈ വിശ്വാസത്താൽ നയിക്കപ്പെടുന്നവരിൽ കാപട്യമുണ്ടാവുകയില്ലെന്നതിനാൽ രാഷ്ട്രീയരംഗത്തെ മൂല്യനിഷേധത്തിനുള്ള സാധ്യത തീരെ വിരളമായിരിക്കും. ദൈവത്തിൻെറ ഉത്തമദാസന്മാരായിക്കൊണ്ട് ദൈവാനുഗ്രഹത്തിന് പാത്രമാകുവാനാണ് ഭരണാധികാരികളും പ്രജകളും ശ്രമിച്ചുകൊണ്ടിരിക്കുക. അതുകൊണ്ടുതന്നെ നീതിപുലരുന്ന ഒരു രാഷ്ട്രമായിരിക്കും അത്.

ഒരു രാഷ്ട്രത്തിൻെറ നിർമിതിക്കാവശ്യമായ അടിസ്ഥാന നിയമങ്ങൾ മാത്രമാണ് ഇസ്ലാം നൽകുന്നത്. ഭരണം, നീതിന്യായം, ക്രയവിക്രയം, സാമ്പത്തികം, വിദേശനയം തുടങ്ങിയ രംഗങ്ങളിലേക്ക് ആവശ്യമായ നിയമങ്ങൾ സമൂഹത്തിനും ചുറ്റുപാടുകൾക്കുമനുസരിച്ച് മാറ്റേണ്ടതായി വന്നേക്കും. അതുകൊണ്ടുതന്നെ ഇത്തരം വിഷയങ്ങളിലെ വിശദാംശങ്ങൾ കൂടിയാലോചനയിലൂടെ തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം അതാത് സമൂഹങ്ങൾക്ക് നൽകുകയാണ് ഇസ്ലാം ചെയ്തിരിക്കുന്നത്. അതാത് കാലഘട്ടങ്ങൾക്കാവശ്യമായ നിയമങ്ങൾ ഇസ്ലാമികപ്രമാണങ്ങൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയാണ് കൂടിയാലോചനാ



സമിതി (ശൂറ)കൾ ചെയ്യേണ്ടത്.

ധാർമ്മികനിലവാരമുള്ള വ്യക്തികളെയും സദാചാരനിഷ്ഠമായ കുടുംബത്തെയും സമത്വാധിഷ്ഠിതമായ സമൂഹത്തെയും നീതിനിഷ്ഠമായ രാഷ്ട്രത്തെയും നിർമ്മിക്കുവാനാവശ്യമായ അടിസ്ഥാന നിയങ്ങൾ ഇസ്ലാം പഠിപ്പിക്കുന്നു. ഇസ്ലാമികനിയമങ്ങൾ കുറ്റമറ്റതും പ്രായോഗികവുമാണെന്നതാണ് അതിൻെറ സവിശേഷത. നീതിനിഷ്ഠമായ ഒരു രാഷ്ട്രത്തിൻെറ നിർമ്മിതിക്കാവശ്യമായ അടിസ്ഥാന നിയമങ്ങൾ ആവിഷ്കരിക്കുക മാത്രമല്ല ഇസ്ലാം ചെയ്തിരിക്കുന്നത്. അത്തരമൊരു മാതൃകായോഗ്യമായ രാഷ്ട്രം നിർമ്മിച്ചു കാണിച്ചു കൊടുത്തുകൊണ്ട് ഇസ്ലാമികനിയമങ്ങൾ പ്രായോഗികമാണെന്ന് തെളിയിക്കുക കൂടി അത് ചെയ്തിട്ടുണ്ട്. ഇത് ഇസ്ലാമിന്നു മാത്രം അവകാശപ്പെടാവുന്ന സവിശേഷതയാണ്. ഉട്ടോപ്യൻ സിദ്ധാന്തങ്ങൾ പടയ്ക്കുകയല്ല ഇസ്ലാം ചെയ്തിട്ടുള്ളത്. പ്രായോഗികമായ തത്ത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു മാതൃകാരാഷ്ട്രം നിർമിച്ച് രാഷ്ട്രീയ രംഗത്ത് നീതിനിർവഹണം എങ്ങനെ സാധിക്കുമെന്ന് ലോകത്തിന് കാണിച്ചു കൊടുത്ത ഏകദർശനമാണ് ഇസ്ലാം. അതുകൊണ്ടു തന്നെ ഒരു സത്യാന്വേഷിക്ക് അവസാനമായി പറയേണ്ടി വരുന്നു. 'ഇസ്ലാമാകുന്നു സത്യമാർഗം; അതിന്ന് മാത്രമേ മാനവരാശിയെ നേരായ പാതയിലൂടെ നയിക്കുവാൻ കഴിയൂ" എന്ന്. അതാണ് ശരിയും.

**കൂടുതലറിയാൻ:**


**ഡയറക്ടർ**
**നിച്ച് ഓഫ് ട്രൂത്ത്**
**കലാഭവൻ റോഡ്**
**കൊച്ചിൻ - 682 018**
**ഫോൺ: 0484 - 2367810, 2352421**
**ഫാക്സ്: 0484 - 380746**
**Website: www.nicheoftruth.org**
**E-mail: islam@nicheoftruth.org**